**ധനകാര്യം**

2022-23 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ശുദ്ധജലവിതരണവും ശുചീകരണവുമെന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജലസേചനം എന്ന XXXVIII-ാം ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ

പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥന യുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2022-23 | | | | |
|---|---|---|---|---|---|---|
| | | 18.03.2022-ന് സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| XX | ശുദ്ധജലവിതരണവും ശുചീകരണവും | 146,69,62,000 | 621,02,00,000 | 293,39,25,000 | 1242,04,00,000 | 1535,43,25,000 |
| XXIX | കൃഷി | 1069,02,08,000 | 97,44,90,000 | 2138,04,17,000 | 194,89,79,000 | 2332,93,96,000 |
| XXXVII | ജലസേചനം | 145,21,89,000 | 127,33,34,000 | 290,43,78,000 | 254,66,67,000 | 545,10,45,000 |

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ

ധനാഭ്യർത്ഥനയെയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയെയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇനി പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

ധനാഭ്യർത്ഥന നമ്പർ XX- ശുദ്ധജലവിതരണവും ശുചീകരണവും

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. എ. പി. അനിൽ കുമാർ: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജലജീവൻ മിഷൻ പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിൽ കാലതാമസം നേരിടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള

1535,43,25,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജലജീവൻ മിഷൻ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജലജീവൻ മിഷൻ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡ് പുനരുദ്ധാരണത്തിന് ഫണ്ട്

വകയിരുത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജലജീവൻ മിഷൻ പദ്ധതിയുടെ പ്രവർത്തനം വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ്: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജലനിധി പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് കൈമാറിയ കുടിവെള്ള പദ്ധതികളിൽ ഭൂരിഭാഗവും പ്രവർത്തനരഹിതമായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (അമൃത് പദ്ധതി നടപ്പിലാക്കുന്നതിൽ വീഴ്ചയുണ്ടായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (തീരദേശ മേഖലയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കി മലയോര ഗ്രാമങ്ങളിൽ ഉൾപ്പെടെ കുടിവെള്ളം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടത്

സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി ഉമ തോമസ്: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വാട്ടർ അതോറിറ്റിയുടെ സേവനങ്ങൾ ഓൺലൈനാക്കേണ്ടതും നഗരങ്ങളിലെ കുടിവെള്ളവിതരണം കാര്യക്ഷമമാക്കേണ്ടതും സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കുടിവെള്ള പൈപ്പ് പൊട്ടി ജലം പാഴാകുന്നത് തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജലസ്രോതസ്സുകളുടെ മലിനീകരണം തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വൻകിടസ്ഥാപനങ്ങളിൽനിന്നും വാട്ടർ ചാർജ്ജ് ഇനത്തിൽ ലഭിക്കാനുള്ള

കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വാട്ടർ അതോറിറ്റിക്ക് ലഭിക്കേണ്ട കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കോവിഡ് പ്രതിസന്ധിമൂലം ജനങ്ങൾ ബുദ്ധിമുട്ടനുഭവിക്കുന്ന സാഹചര്യത്തിൽ വാട്ടർ ചാർജ്ജ് വർദ്ധിപ്പിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വാട്ടർ ചാർജ്ജ് വർദ്ധിപ്പിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭൂഗർഭജലനിരപ്പ് ഉയർത്തുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വാട്ടർ മീറ്റർ തകരാർമൂലം അമിത ചാർജജ് ഈടാക്കുന്നത്

തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നദിമലിനീകരണം തടയുന്നതിനും എൻ.ജി.ടി നിർദ്ദേശം പാലിക്കുന്നതിനുമുള്ള അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കാലാവസ്ഥാ വ്യതിയാനംമൂലം ജലവിഭവത്തിൽ ഉണ്ടാകുന്ന കുറവ് പരിഹരിക്കാൻ ഭൂജല സംപോഷണത്തിന് കർമ്മപദ്ധതി ആവിഷ്കരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ സംബന്ധിച്ച് ആശങ്കകൾ നിലനില്ക്കുന്ന സാഹചര്യത്തിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മുല്ലപ്പെരിയാർ ഡാമിന്റെ താഴ്വാരത്തുള്ള ജനങ്ങളുടെ സുരക്ഷയെ മുൻനിർത്തി ഡാമിന്റെ ജലനിരപ്പ് സുരക്ഷിതമായ അളവിൽ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

<u>ശ്രീമതി കെ. കെ. രമ</u>: സർ, ശുദ്ധജലവിതരണം എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ധനാഭ്യർത്ഥന നമ്പർ XXIX- കൃഷി</u>

<u>നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ</u>

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2332,93,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കാർഷികവൃത്തി പ്രോത്സാഹിപ്പിക്കുന്നതിനും യുവാക്കളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2332,93,96,000 രൂപ ഒരു

രൂപയായി കുറവു ചെയ്യേണ്ടതാണ് (കർഷകർക്ക് മാന്യമായ വരുമാനം ഉറപ്പാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2332,93,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കാർഷിക ഉല്പന്നങ്ങൾക്ക് വിപണിയും വിലസ്ഥിരതയും ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2332,93,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ റബ്ബർ കർഷകർ നേരിടുന്നതായി പറയപ്പെടുന്ന പ്രതിസന്ധി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2332,93,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (റബ്ബർ കർഷകരും പൈനാപ്പിൾ

കർഷകരും നേരിടുന്നതായി പറയപ്പെടുന്ന പ്രതിസന്ധി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2332,93,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (നാളികേരത്തിന്റെ വിലയിടിവ് തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2332,93,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (നാളികേരത്തിന്റെ വിലയിടിവ് മൂലം കർഷകർ അനുഭവിക്കുന്നതായി പറയപ്പെടുന്ന പ്രതിസന്ധി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2332,93,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വിള ഇൻഷുറൻസ് പദ്ധതി പ്രകാരം നഷ്ടപരിഹാരതുക ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി

പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2332,93,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കൃഷിനാശം സംഭവിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2332,93,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് കൃഷിനാശം നേരിടുന്ന കർഷകർക്ക് നഷ്ടപരിഹാരം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിയ്ക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2332,93,96,000 രൂപ ഒരു

രൂപയായി കുറവു ചെയ്യേണ്ടതാണ് (പ്രകൃതിക്ഷോഭത്താലും കാലാവസ്ഥാ വ്യതിയാന കാരണവും കൃഷിനാശം സംഭവിക്കുന്ന കർഷകർക്കുള്ള നഷ്ടപരിഹാര തുക കൃത്യമായി നൽകാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2332,93,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പ്രകൃതി ദുരന്തം, വന്യമൃഗ ആക്രമണം എന്നിവമൂലമുണ്ടാകുന്ന കൃഷിനാശത്തിന് വിള ഇൻഷുറൻസ് പദ്ധതി പ്രകാരം നൽകിവരുന്ന നഷ്ടപരിഹാരതുക അപര്യാപ്തമാണെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2332,93,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വന്യമൃഗങ്ങൾ കൃഷിയിടങ്ങളിലിറങ്ങി കൃഷി നശിപ്പിക്കുന്നതു നിമിത്തം കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2332,93,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വിലയിടിവുമൂലം സാമ്പത്തിക പ്രയാസം നേരിടുന്ന കേര കർഷകരെ സഹായിക്കാൻ പരിധിവെയ്ക്കാതെ മുഴുവൻ നാളികേരവും മികച്ച താങ്ങ് വില നൽകി സംഭരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2332,93,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പഴം, പച്ചക്കറി വർഗ്ഗങ്ങളുടെ വിലക്കയറ്റം തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2332,93,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കാർഷികരംഗത്തേയ്ക്ക് വിദ്യാർത്ഥികളേയും യുവാക്കളെയും ആകർഷിക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2332,93,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കാർഷിക ഉൽപന്നങ്ങളിൽനിന്ന് മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് സഹായകരമായ പദ്ധതികൾ നടപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2332,93,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കാർഷിക മേഖലയിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണി ഉറപ്പാക്കുന്നതിനും പദ്ധതികൾ

ആവിഷ്കരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2332,93,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (രാസവളങ്ങളുടെയും കീടനാശിനികളുടെയും ഗുണ നിയന്ത്രണം സംബന്ധിച്ച് നിലവിലുള്ള പരീക്ഷണശാലകൾക്ക് അധികമായി സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2332,93,96,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിക്കുന്നു.

1. ശ്രീമതി ഉമ തോമസ്

2. ശ്രീ. അൻവർ സാദത്ത്

3. ശ്രീ. എം. വിൻസെന്റ്

4. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

5. ശ്രീമതി കെ. കെ. രമ

ധനാഭ്യർത്ഥന നമ്പർ XXXVIII- ജലസേചനം

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 545,10,45,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കാലവർഷവും വെള്ളപ്പൊക്കവും കാരണം ചാലിയാർ നദി കരകവിഞ്ഞ് ഒഴുകി തീരങ്ങളിലെ ജനങ്ങളുടെ ജീവനും സ്വത്തിനും നാശനഷ്ടമുണ്ടാകുന്നത് തടയാൻ നദീതീരങ്ങളിൽ സംരക്ഷണഭിത്തി കെട്ടി സംരക്ഷിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 545,10,45,000

രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ തീരദേശവാസികൾക്ക് ഉപയോഗപ്രദമാകുംവിധം കടൽസുരക്ഷാ ഭിത്തി നിർമ്മാണത്തിന് ആവശ്യമായ തുക വകയിരുത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 545,10,45,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കാലാവസ്ഥ വ്യതിയാനമനുസരിച്ച് മാറുന്ന കാർഷിക രീതികൾക്ക് അനുയോജ്യമായ രീതിയിൽ ജലസേചന സംവിധാനങ്ങൾ ആവിഷ്ക്കരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 545,10,45,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മലയോര മേഖലയിലെ കാർഷികവൃത്തിക്ക് അനുഗുണമാകുന്ന രീതിയിൽ കൂടുതൽ ചെറുകിട

ജലസേചന പദ്ധതികൾ നടപ്പാക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 545,10,45,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മലയോര കർഷകർക്ക് കാർഷികാവശ്യത്തിനായുള്ള ജലസേചനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ട വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 545,10,45,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഫലപ്രദമായ രീതിയിൽ ജലസേചന സംവിധാനങ്ങൾ ആവിഷ്കരിച്ച് കർഷകരെ സഹായിക്കാനും കാർഷിക മേഖലയ്ക്ക് കരുത്തേകാനും കഴിയാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 545,10,45,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ജലസേചന സൗകര്യം കൂടുതൽ കൃഷി സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 545,10,45,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ജലസേചന കനാലുകളുടെ അറ്റകുറ്റപണികൾ യഥാസമയം നടത്താൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 545,10,45,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (അന്തർ നദീജല കരാറുകൾ കാലോചിതമായി പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കാത്തതായി

പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 545,10,45,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് കടലാക്രമണ ഭീഷണി നേരിടുമ്പോഴും തീരസംരക്ഷണത്തിനായി ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 545,10,45,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കടൽത്തീര ശോഷണം തടയാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 545,10,45,000 രൂപ ഒരു

രൂപയായി കുറവു ചെയ്യേണ്ടതാണ് (ജലസേചനവകുപ്പിന്റെ കീഴിലുള്ള അണക്കെട്ടുകളുടെ സംഭരണശേഷി ഉയർത്താൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 545,10,45,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ജലസേചന വകുപ്പിന്റെ കീഴിലുള്ള ഡാമുകളിൽ കെട്ടിക്കിടക്കുന്ന ചെളിയും മണലും നീക്കം ചെയ്യാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 545,10,45,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (2018-ലെ പ്രളയത്തെ തുടർന്ന് നദികളിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളിയും എക്കലും മറ്റ് പാഴ്വസ്തുക്കളും നീക്കം ചെയ്തുകൊണ്ട് നദികളുടെ സ്വാഭാവിക ഒഴുക്ക് പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന

വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 545,10,45,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മഴക്കാലത്തിനുമുമ്പ് വെള്ളപ്പൊക്ക നിയന്ത്രണ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 545,10,45,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഇറിഗേഷൻ ഡിസൈൻ ആന്റ് റിസർച്ച് ബോർഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 545,10,45,000

രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (നദികളിൽ അപകടകരമായ അളവിൽ കോളിഫോം ബാക്ടീരിയ ഉള്ളതായി കണ്ടെത്തിയതിനെ തുടർന്ന് തുടർനടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 545,10,45,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (നദീതടത്തിലെ ജലവിഭവത്തിന്റെ ലഭ്യതയും ആവശ്യകതയും മനസ്സിലാക്കി കാര്യക്ഷമമായ ഉപയോഗവും വികസന പ്രവർത്തനങ്ങളുടെ സംയോജിത ആസൂത്രണവും സാധ്യമാക്കുന്നതിനായി നദീതട മാസ്റ്റർപ്ലാനുകൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 545,10,45,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന

ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിക്കുന്നു.

1. ശ്രീമതി ഉമ തോമസ്
2. ശ്രീ. അൻവർ സാദത്ത്
3. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
4. ശ്രീ. സനീഷ്കുമാർ ജോസഫ്
5. ശ്രീ. സി. ആർ. മഹേഷ്
6. ശ്രീമതി കെ. കെ. രമ

**ചർച്ച**

ശ്രീ. മുരളി പെരുനെല്ലി: സർ, 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ശുദ്ധജലവിതരണവും ശുചീകരണവും, കൃഷി, ജലസേചനം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു.

കൃഷി മാനവരാശിയുടെ നിലനിൽപ്പിന് അവശ്യമായ ഘടകമാണ്. പണ്ഡിതനെന്നോ പാമരനെന്നോ സമ്പന്നനെന്നോ ദരിദ്രനെന്നോ വ്യത്യാസമില്ലാതെ ലോകജനതയ്ക്കും പക്ഷിമൃഗാദികൾക്കും ജീവൻ നിലനിർത്തണമെങ്കിൽ വായുവും വെള്ളവും കഴിഞ്ഞാൽ ഭക്ഷണം

അനിവാര്യമായ ഒരു ഘടകമാണ്. ഈ ഭക്ഷണത്തിലെ വിഭവങ്ങളെല്ലാം ഉൽപ്പാദിപ്പിക്കുന്നത് കർഷകരാണ്. മനുഷ്യനാവശ്യമായ നിത്യോപയോഗ വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതും വ്യവസായങ്ങൾക്കുള്ള അസംസ്കൃത പദാർത്ഥങ്ങൾ ഉൽപ്പാദിപ്പിക്കുന്നതും ഈ കർഷകരാണെന്നുള്ളത് നമ്മൾ കാണേണ്ടതാണ്. ഇതെല്ലാം നോക്കുമ്പോൾ, കർഷരില്ലെങ്കിൽ ഭൂമുഖത്ത് ജനജീവിതമില്ല എന്നതാണ് വസ്തുത. അപ്പോൾ കർഷകരോടുള്ള നമ്മുടെ സമീപനം എന്താകണം? വിശക്കുന്നവന്റെ മുന്നിൽ അപ്പത്തിന്റെ രൂപത്തിൽ ദൈവം പ്രത്യക്ഷപ്പെടുമെന്നാണ് ചൊല്ല്. അതുകൊണ്ട് ദൈവതുല്യരായി ഈ കൃഷിക്കാരെ കാണാനും ആദരിക്കാനും നമുക്ക് കഴിയേണ്ടതല്ലേ; നമ്മുടെ രാജ്യത്തെ അവസ്ഥ വളരെ പരിതാപകരമാണ്. 1991-ൽ ആഗോളവൽക്കരണ നയം തുടങ്ങിയ നാൾ മുതൽ രാജ്യംഭരിച്ച കോൺഗ്രസ്സും ഇപ്പോൾ ഭരിച്ചുകൊണ്ടിരിക്കുന്ന ബി.ജെ.പി-യുമെടുക്കുന്ന കർഷകദ്രോഹ നയംമൂലം ലക്ഷക്കണക്കിന് കൃഷിക്കാർ രാജ്യത്ത് ആത്മഹത്യയിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുന്നൊരു നാടായി നമ്മുടെ നാട് മാറുകയാണ്. ഇതിൽനിന്നും വ്യത്യസ്തമായി ഒരു പച്ചത്തുരുത്തുപോലെ നിലനിൽക്കുന്ന, ഇടതുപക്ഷം ഭരിക്കുന്ന ഈ കൊച്ചുകേരളത്തിലെ കൃഷിക്കാരുടെ സ്ഥിതി

ഇന്ത്യയ്ക്കാകെ മാതൃകയാണ്. കേരളത്തിലെ ഒരു കർഷകനും ആത്മഹത്യയെക്കുറിച്ച് ചിന്തിക്കേണ്ട അവസ്ഥയില്ല. സഖാവ് പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കർഷകപക്ഷ സമീപനവുമായി സംസ്ഥാനത്തിന്റെ പരിധികളുള്ളിൽനിന്നുകൊണ്ട് പരമാവധി കൃഷിക്കാരെ സഹായിക്കുന്നതിനാവശ്യമായ നടപടികളുമായി മുന്നോട്ട് പോകുകയാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഇ. കെ.വിജയൻ)

നമുക്ക് അന്നം തരുന്നവർ നെൽ കർഷകരാണ്. നമുക്ക് പാകം ചെയ്യാനാവശ്യമായ അരിയുടെ അളവിൽ പകുതിയിൽ താഴെ മാത്രമാണ് കേരളത്തിലെ നെൽവയലുകളിൽനിന്നും ഉൽപ്പാദിപ്പിക്കുന്നത്. ബാക്കി അന്യസംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്യേണ്ടതുണ്ട്. ഇല്ലെങ്കിൽ നമ്മൾ പട്ടിണി കിടന്നുപോകും. അരി ഉൽപ്പാദനത്തിൽ പുറകിൽ കിടക്കുന്ന കേരളത്തിലെ നെൽകൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഒരു കിലോ നെല്ലിന് 28.20 രൂപ അവരുടെ അക്കൗണ്ടിലേയ്ക്ക് എത്തിച്ചുകൊടുക്കുന്നൊരു സർക്കാരാണ് കേരളത്തിലെ ഇടതുപക്ഷ സർക്കാർ. എന്നാൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ 15 രൂപ മുതൽ 18 രൂപ വരെയാണ് ഏറിയാൽ ഒരു

കിലോ നെല്ലിന് ലഭിക്കുന്ന വില. അത് സംഭരിക്കാൻപോലും സംവിധാനങ്ങൾ അത്തരം സംസ്ഥാനങ്ങളില്ല എന്നുള്ളതാണ് പ്രശ്നം. നെൽകൃഷിയുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഏകദേശം ഒരു ലക്ഷം ഹെക്ടർ വരുന്ന പാടശേഖരങ്ങൾക്ക് ഈ സർക്കാർ നെൽവിത്ത്, വളം, ജൈവിക കീടരോഗ നിയന്ത്രണം എന്നിവയ്ക്ക് ധനസഹായം നൽകിയത് വളരെയധികം ആശ്വാസകരമായൊരു നടപടിയാണ്. 107.10 കോടി രൂപ നെൽകൃഷി വികസന പദ്ധതികൾക്കായി ഈ സർക്കാർ ചെലവഴിച്ചിട്ടുണ്ട്. നെല്ലിന്റെ ഉൽപ്പാദനക്ഷമത ഹെക്ടറിന് 4.566 ടൺ എന്ന നേട്ടം കൈവരിച്ചത് വളരെ ശ്രദ്ധേയമായൊരു കാര്യമാണ്. ഈ സർക്കാരിന്റെ കീഴിലാണ് അത് സംഭവിച്ചത്. നാളികേര ഉൽപ്പാദനത്തിന് കേരഗ്രാമം പദ്ധതി വളരെയേറെ പ്രയോജനകരമാണ്. 84 കേരഗ്രാമങ്ങൾ ഇപ്പോൾ നിലവിൽ വന്നിട്ടുണ്ട്. ഇനിയുള്ള നാളികേരപ്രധാനമായ പഞ്ചായത്തുകളിലും ഈ കേരഗ്രാമം പദ്ധതി വ്യാപിപ്പിക്കാനാവശ്യമായ നടപടിയെടുക്കണം.

2024-ഓടെ മുഴുവൻ വീടുകളിലും ശുദ്ധജലമെത്തിക്കാനുള്ള പദ്ധതി വളരെയേറെ സ്വാഗതാർഹമായ ഒന്നാണ്. മണലൂർ

നിയോജകമണ്ഡലത്തിലെ മുല്ലശ്ശേരി, പാവറട്ടി പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതിക്കായി 5 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള രണ്ട് ടാങ്കുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. കുറേയേറെ പൈപ്പ്ലൈനുകളും പൂർത്തീകരിച്ച് കഴിഞ്ഞിട്ടുണ്ട്. അടിയന്തരമായി പദ്ധതികൾ പൂർത്തീകരിച്ച് ഈ പഞ്ചായത്തുകളിൽ വെള്ളമെത്തിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ 'അമൃത്' പദ്ധതിമൂലം കാഞ്ഞാണി മുതൽ ചാവക്കാട് വരെയുള്ള പൊതുമരാമത്ത് വകുപ്പിന്റെ പ്രധാന റോഡുകൾ തകർന്നത് കാരണം നാളെ മുതൽ ബസ് സർവ്വീസ് നിർത്താൻ പോകുകയാണ്. വാട്ടർ അതോറിറ്റി അടിയന്തരമായി റോഡുകളുടെ റെസ്റ്റോറേഷൻ വർക്കുകൾ പൂർത്തീകരിച്ച് പൊതുമരാമത്ത് വകുപ്പിന് കൈമാറുകയും പൊതുമരാമത്ത് വകുപ്പ് പ്രസ്തുത റോഡ് നന്നാക്കാനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതുമുണ്ട്.

ജില്ലയിലെ കോൾ നിലങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയാനും പ്രളയജലം പുറത്തേയ്ക്ക് ഒഴുക്കുന്നതിനുംവേണ്ടി നിർമ്മിക്കപ്പെട്ട പ്രധാനപ്പെട്ട രണ്ട് റെഗുലേറ്ററുകളാണ് 1957-ലെ ഇ.എസ്.എസ്. സർക്കാരിന്റെ കാലത്ത്

പണിത ഏനാമാക്കൽ റെഗുലേറ്ററും നയനാർ സർക്കാരിന്റെ കാലഘട്ടത്ത് പണിത ഇടിയഞ്ചിറ റെഗുലേറ്ററും. വർഷങ്ങൾക്ക് മുമ്പ് നിർമ്മിച്ച ഈ റെഗുലേറ്ററുകളാകമാനം തുരുമ്പിച്ച് ദ്രവിച്ചതുകാരണം പലഘട്ടങ്ങളിലും ഉപ്പുവെള്ളം കയറുന്നതും അതുപോലെ പ്രളയജലം പുറത്തേയ്ക്ക് ഒഴുകാതെ വെള്ളക്കെട്ടുമൂലമുണ്ടാകുന്ന പ്രശ്നങ്ങളും വളരെയേറെയാണ്. ഇത് മണ്ഡലത്തിലെ മാത്രം പ്രശ്നമല്ല. ഈ രണ്ട് റെഗുലേറ്ററുകളും തൃശ്ശൂർ ജില്ലയിലെ പൊതുവായ പ്രശ്നമാണ്. അവ പുതുക്കി പണിയുന്നതിനായി 11 കോടി രൂപയുടെ ഭരണാനുമതിയും മറ്റ് കാര്യങ്ങളുമൊക്കെ ലഭിച്ചിട്ടുണ്ട്. പക്ഷേ ഇതുവരെപണി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. അത് വളരെയേറെ പ്രശ്നമുണ്ടാക്കുന്നുണ്ട്. അടിയന്തരമായി ഈ പ്രവൃത്തികൾ ആരംഭിക്കാനും പൂർത്തീകരിക്കാനും നടപടിയെടുക്കണമെന്നാണ് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്.

കേരളത്തിന്റെ സമഗ്രവികസനം ലക്ഷ്യംവച്ച് മുന്നോട്ടുപോകുന്ന പ്രകടനപത്രികയിലെ 600 ഇന പരിപാടികൾ നടപ്പാക്കിയും അതിനുപുറമെ നിരവധി ദുരന്തമുഖങ്ങളിൽ ജനങ്ങളെ സംരക്ഷിച്ചും മുന്നോട്ടുപോയതിൽ പൂർണ്ണ സംതൃപ്തി പ്രകടിപ്പിച്ച കേരള ജനത രണ്ടാംതവണയും ഇടതുപക്ഷ

സർക്കാരിനെ അധികാരത്തിലേറ്റുകയുണ്ടായി. അങ്ങനെ രണ്ടാംതവണയും അധികാരത്തിൽ വന്ന ഈ സർക്കാരിനെതിരെ കേരളത്തിലെ പ്രതിപക്ഷം, ബി.ജെ.പി., ആർ.എസ്.എസ്., എസ്.ഡി.പി.ഐ. തുടങ്ങിയ തീവ്രവാദ വർഗ്ഗീയ സംഘടനകളെ കൂട്ടുപിടിച്ചും ചില മാധ്യമങ്ങളുടെ കുട ചൂടിക്കൊണ്ടും ഇവിടെ ക്രമസമാധാനം തകർക്കാനുള്ള നടപടികളും സമരനീക്കങ്ങളും വ്യാപകമാക്കുകയാണ്. ഒരിക്കലും അത് വിജയിക്കാൻ പോകുന്നില്ല. കാരണം മതനിരപേക്ഷ കേരളം നിങ്ങളുടെ ഈ നെറികെട്ട നീക്കങ്ങളെ ചെറുത്തുതോല്പിക്കുമെന്നത് തർക്കരഹിതമായിട്ടുള്ള കാര്യമാണ്. കേരളത്തിന്റെ ഭദ്രമായ ക്രമസമാധാനനില തകർക്കാൻ എത്രയെത്ര സമരാഭാസങ്ങളാണ് പ്രതിപക്ഷം നടത്തിയത്. ക്രമസമാധാനം തകർന്നശേഷം തകർന്നേ... തകർന്നേ... എന്ന് മുറവിളികൂട്ടിക്കൊണ്ട് ബി.ജെ.പി. ഗവൺമെന്റിനോട് ഇടംപിടിച്ച് ഈ ഗവൺമെന്റിനെ പിരിച്ചുവിടാനാണോ; ഭരണഘടനയുടെ 356-ാം വകുപ്പുപ്രകാരം 1959-ൽ ജവഹർലാൽ നെഹ്റു ഇടപെട്ടുകൊണ്ട് കേരള ഗവൺമെന്റിനെ പിരിച്ചുവിട്ട അനുഭവങ്ങളുണ്ട്. അങ്ങനെയുള്ള സമരാഭാസങ്ങൾ ഇവിടെ നടന്നുവരികയാണ്. ക്രമസമാധാനം തകർക്കാൻ ശ്രമിക്കുന്ന വർഗ്ഗീയ

തീവ്രവാദ ശക്തികൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിച്ച് മുന്നോട്ടുപോകുന്ന കേരളത്തിലെ പ്രിയപ്പെട്ട മുഖ്യമന്ത്രി സഖാവ് പിണറായി വിജയനെയും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളെയും അപകീർത്തിപ്പെടുത്തുന്ന നിലപാടിലേയ്ക്കല്ലേ നിങ്ങൾ പോകുന്നത്; എന്ത് നെറികെട്ട അപവാദപ്രചരണങ്ങളും നുണപ്രചരണങ്ങളുമാണ് നിങ്ങൾ നടത്തുന്നത്. അപസർപ്പക കഥകളെ വെല്ലുന്നരീതിയിലുള്ള നുണക്കഥകളല്ലേ നിങ്ങൾ കെട്ടിപ്പൊക്കുന്നത്. ആ കോട്ടകളും കഥകളും ഓരോന്നോരോന്നായി കാറ്റുപോയ ബലൂൺപോലെ തകർന്നടിയുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെതിരായി കൊണ്ടുവരുന്ന ഓരോ നുണപ്രചരണവും അപവാദപ്രചരണവും ചീറ്റിപ്പോകുന്ന കാഴ്ച കേരളജനത കാണുന്നുണ്ട്. ശാരീരികമായി മുഖ്യമന്ത്രിയെ അപകടപ്പെടുത്തുകയെന്ന നിലയിലേയ്ക്കല്ലേ അവസാനം നിങ്ങൾ പോയത്. കള്ള പ്രചാരകർ ഒരുപാടുണ്ട്. ഗാന്ധി ചിത്രം എസ്.എഫ്.ഐ.-ക്കാർ തകർത്തുവെന്ന കള്ളപ്രചാരകവേല നടന്നു. ഗാന്ധിജിയുടെ പ്രതിമ ചുമരിൽനിന്നും ഇളകി നിലത്തുവീണപ്പോൾ അകത്തുണ്ടായിരുന്നത് കോൺഗ്രസ് നേതാക്കന്മാരാണ്. ആ ഫോട്ടോ പുറത്തുവന്നതോടുകൂടി അതിന്റെ കാറ്റും പോകുന്ന അവസ്ഥയാണ് നമ്മൾ

കണ്ടത്. അവസാനം ശാരീരികമായി ആക്രമിക്കാനുള്ള ശ്രമമാണ് നടന്നത്. ഇപ്പോൾ കേരളത്തിൽ ഇടതുപക്ഷ ഗവൺമെന്റിനെതിരായി പ്രതിപക്ഷം നടത്തുന്നത് കരയുദ്ധമാണ്. അത് ഭൂമിയിലാണ്. കരയുദ്ധം നടത്തുന്നതിൽ പൂർണ്ണമായും കേരളത്തിലെ പ്രതിപക്ഷം പരാജയപ്പെട്ടുകയാണ്. ആയുധങ്ങളുടെയെല്ലാം മൂർച്ചപോയി. കരയുദ്ധം തകർന്നടിയുമ്പോൾ പിന്നെ വ്യോമയുദ്ധത്തിനുള്ള ആഹ്വാനമാണ്. കര-വ്യോമ-നാവിക യുദ്ധങ്ങളാണ് നമ്മുടെ രാജ്യത്ത് നടക്കുന്നത്. പുതിയ വ്യോമസേനാ മേധാവിയുടെ ആഹ്വാനം ഇപ്പോൾ പുറത്തുവന്നിരിക്കുകയാണ്! ആ വ്യോമസേനാ മേധാവി ആരാണ്; അരുവിക്കര നിയോജകമണ്ഡലത്തിലെ മുൻ എം.എൽ.എ. ശ്രീ. കെ. എസ്. ശബരീനാഥൻ. അയാൾ ഒരു വ്യോമയാന യുദ്ധത്തിന് ഉത്തരവിറക്കുകയാണ്. മാധ്യമങ്ങളിലെ ചർച്ചാവിഷയമാണല്ലോ; ചീഫ് മിനിസ്റ്റർ കണ്ണൂരിൽനിന്നും വരുമ്പോൾ രണ്ടുപേർ വിമാനത്തിൽ കയറി കരിങ്കൊടി കാണിക്കണമെന്ന് ആ മേധാവി ആഹ്വാനം ചെയ്യുന്നു. യൂത്ത് കോൺഗ്രസിന്റെ സംസ്ഥാന നേതാവാണ് ഇങ്ങനെ പറയുന്നത്. അങ്ങനെവന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് വിമാനത്തിൽനിന്നും പുറത്തിറങ്ങാൻ കഴിയില്ല. വിമാനത്തിനുള്ളിലെ അക്രമം കളർഫുള്ളും

അടിപൊളിയുമാകുമെന്നൊക്കെയല്ലേ യൂത്ത് കോൺഗ്രസിന്റെ വാട്സ്ആപ്പ് ഗ്രൂപ്പിൽ സന്ദേശങ്ങൾ കിടന്ന് കളിക്കുന്നത്. എത്ര രൂപയായാലും വേണ്ടില്ല ടിക്കറ്റെടുക്കണം. ഡി.സി.സി. ഓഫീസിൽനിന്നാണ് ടിക്കറ്റെടുത്തുകൊടുത്തതെന്ന് പിന്നീട് പുറത്തുവന്നല്ലോ; ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ആക്രമിക്കാൻ ഒരുക്കിയ നിഗൂഢപദ്ധതി ഇപ്പോൾ പുറത്തുവന്നിരിക്കുകയാണ്. രണ്ട് യൂത്ത് കോൺഗ്രസുകാർ വിമാനത്തിൽ പോയത് ആർ.സി.സി.-യിലെ ഏതോ രോഗിയെകാണാൻ...., അവരെ അറസ്റ്റ് ചെയ്തപ്പോൾ എന്ത് വേവലാതിയായിരുന്നു ഇവിടെ പ്രതിപക്ഷം പ്രകടിപ്പിച്ചത്? ഇപ്പോൾ സത്യം പുറത്തുവരികയാണ്. അവർക്കെതിരെ കേസ്സെടുത്തതിൽ നുണപ്രചരണം നടക്കുകയാണ്. "സത്യം കുളിച്ച് കുറിതൊട്ട് പുറത്തിറങ്ങി വരുമ്പോഴേയ്ക്കും നുണ നൂറുവട്ടം ലോകം ചുറ്റിവരുന്നു" എന്ന പഴഞ്ചൊല്ലിനെ അർത്ഥപൂർണ്ണമാക്കുന്ന വിധത്തിലുള്ള കാര്യങ്ങളാണിവിടെ നടക്കുന്നത്. ഓരോ സംഭവവും അതാണ് കൃത്യമായി കാണിക്കുന്നത്. ഒരു കവിതയുടെ രണ്ടുവരി ഇപ്പോൾ ഓർമ്മവരികയാണ്. രണ്ടായിരത്തഞ്ഞൂറിലേറെ വർഷങ്ങൾക്കുമുമ്പ് ഭക്തമഹാകവി തിരുവള്ളുവർ തിരുക്കുറലിൽ എഴുതിയ രണ്ട് വരികളാണത്.

"ഇടുമ്പൈക്ക ഇടുമ്പൈ പടുപ്പർ

ഇടുമ്പൈക്ക ഇടുമ്പൈ പടാതവർ"

വിജയികളായ നേതാക്കളെ പ്രശ്നങ്ങൾക്കൊരിക്കലും തോൽപ്പിക്കാനാകില്ല; വിജയികളായ നേതാക്കളെ ആര് എതിർത്താലും ഒരു കാരണവശാലും തോൽപ്പിക്കാൻ കഴിയില്ല; അവർ സ്ഥിതിവിശേഷങ്ങളുടെമേൽ ആധിപത്യം സ്ഥാപിക്കുകയും പ്രശ്നങ്ങളെ പരാജയപ്പെടുത്തുകയും ചെയ്യുമെന്നതാണ് ഈ വരികളിലെ രത്നച്ചുരുക്കം. ഇവിടെ തുടർവിജയമെന്ന വിജയകിരീടം ചൂടിനിൽക്കുകയാണ് സഖാവ് പിണറായി വിജയൻ. കേരളചരിത്രം തിരുത്തിയെഴുതിയും കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ തുടർവിജയകിരീടം തലയിൽ അണിഞ്ഞും നട്ടെല്ല് നിവർത്തിനിന്ന് ജനങ്ങൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ പരാജയപ്പെടുത്തിയും എതിരായി വരുന്ന എല്ലാ അപവാദപ്രചരണങ്ങളെയും ആക്രമണങ്ങളെയും ചെറുത്ത് തോൽപ്പിച്ചും മുന്നോട്ടുപോകുകയാണ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ്. നിങ്ങളുടെ ആയുധപ്പുരയിലെ ഒരായുധങ്ങൾക്കും ഇടതുപക്ഷ ജനാധിപത്യമുന്നണിയെ തകർക്കാൻ കഴിയില്ലെന്ന് മനസ്സിലാക്കുന്നതാണ് നിങ്ങൾക്ക് നല്ലത്. നിരവധി

പ്രശ്നങ്ങളെ പരിഹരിച്ചുകൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. അടുത്ത 25 വർഷംകൊണ്ട് കേരളത്തെ മദ്ധ്യവരുമാനരാഷ്ട്രങ്ങളുടെ പട്ടികയിലേയ്ക്ക് കൊണ്ടുപോകാനാണ് സർക്കാർ ലക്ഷ്യംവയ്ക്കുന്നത്. മദ്ധ്യവരുമാനരാഷ്ട്രങ്ങളുടെ പട്ടികയിലേയ്ക്ക് ഇന്ത്യാരാഷ്ട്രത്തെ കൊണ്ടുപോകുകയല്ല; ഇന്ത്യ എന്ന രാഷ്ട്രത്തിലെ 28 സംസ്ഥാനങ്ങളിലൊന്നായ കൊച്ചുകേരളത്തെ ആ നിലയിലേയ്ക്ക് കൊണ്ടുപോകാനാണ് ഈ ഗവൺമെന്റ് പരിശ്രമിക്കുന്നത്. അത് ജനങ്ങൾക്കുവേണ്ടിയല്ലേ; അതിനാവശ്യമായ നിരവധി പദ്ധതികൾ; കാർഷികരംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ, തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണുക, പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നുതുടങ്ങി കിഫ്ബിയെ പ്രയോജനപ്പെടുത്തിക്കൊണ്ട് നിരവധി പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നുണ്ട്. സ്വന്തം മണ്ഡലത്തിലടക്കം കിഫ്ബിയുടെ നിർമ്മാണ പ്രവർത്തനങ്ങളെ പ്രതിപക്ഷ എം.എൽ.എ.-മാർ എതിർക്കുകയാണ്.

കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നാനാമേഖലകളിൽ ജനങ്ങൾക്ക് ഉപകാരപ്രദമായതും അവരുടെ ജീവൻ

സംരക്ഷിക്കാനുംവേണ്ടി...., ഓരോ വർഷവും ഓരോ ദുരന്തമുണ്ടായില്ലേ; ആ ദുരന്തമുഖങ്ങളിൽ പകച്ചുനിൽക്കുകയല്ല ശ്രീ. പിണറായി വിജയന്റെ ഗവൺമെന്റ് ചെയ്തത്. ആ ഗവൺമെന്റിനുപകരം മറ്റൊരു ഗവൺമെന്റാണ് കേരളത്തിലുണ്ടായിരുന്നതെങ്കിൽ എത്രയോപേർ പ്രളയജലത്തിൽ മുങ്ങിത്താഴുമായിരുന്നു; അതുണ്ടായില്ല. പ്രളയം, നിപാ വൈറസ്, ഓഖി ദുരന്തം, ലോകമാകെ പടർന്ന് പന്തലിക്കുന്ന കോവിഡ് മഹാമാരി എന്നിവയുടെ കാലഘട്ടത്തിൽ ജനങ്ങൾക്ക് അവരുടെ ജീവൻ നിലനിർത്താനാവശ്യമായ എല്ലാ സഹായപദ്ധതികളും പ്രഖ്യാപിക്കുക മാത്രമല്ല ആ സഹായപദ്ധതികളെ അവരുടെ വീടുകളിലെത്തിച്ചുകൊടുക്കുകയും നെഞ്ചോട് ചേർത്തുപിടിച്ച് അവരുടെ ജീവിതം മുന്നോട്ടുകൊണ്ടുപോകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തൊരു ഗവൺമെന്റാണിത്. ഭരണപക്ഷക്കാരെ മാത്രമാണോ ശ്രീ. പിണറായി വിജയൻ നെഞ്ചോട് ചേർത്തുപിടിച്ചത്? പ്രതിപക്ഷത്തെയും അവരുടെ പിന്നിലുള്ള ജനവിഭാഗങ്ങളെയും ചേർത്തുപിടിച്ചില്ലേ അദ്ദേഹം? കേരളത്തിലെ മൂന്നരക്കോടി മലയാളികളെ നെഞ്ചോട് ചേർത്തുപിടിച്ചുകൊണ്ട് അവരുടെ പ്രയാസങ്ങളിൽ

അവർക്കുവേണ്ടി പ്രവർത്തിക്കുന്ന ഇടതുപക്ഷ സർക്കാരിനെ ഇത്തരം മൂർച്ചപോയ ആയുധങ്ങൾ കൊണ്ടൊന്നും തകർക്കാൻ കഴിയില്ല. ഞങ്ങൾ സ്വപ്നലോകത്താണ്. സ്വപ്നലോകത്തെ ബാലഭാസ്കരന്മാരെപ്പോലെ ഞങ്ങൾ പെരുമാറും. ഈ ധനാഭ്യർത്ഥനകളെ പരിപൂർണ്ണമായി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീമതി ഉമ തോമസ്: സർ, സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട് മുൾമുനയിൽ നിൽക്കുന്ന മുഖ്യമന്ത്രി നയിക്കുന്ന സർക്കാരിന്റെ ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ജനങ്ങൾക്ക് ഉപകാരപ്രദമായ ശിപാർശയൊന്നും ഈ ബഡ്ജറ്റിലില്ല. സംസ്ഥാനത്തെ കർഷകർ നേരിടുന്ന പ്രശ്നങ്ങളും കുടിവെള്ളക്ഷാമവും പരിഹരിക്കുന്നതിനും ജലസംരക്ഷണത്തിനും യാതൊരു നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നില്ല. പ്രകൃതിക്ഷോഭവും കാലാവസ്ഥാ വ്യതിയാനവുംമൂലം കൃഷി നശിച്ച കർഷകർക്ക് കൃഷിക്കായി എടുത്ത വായ്പ തിരിച്ചടയ്ക്കാൻ സാധിക്കാത്ത സാഹചര്യമാണ്. നിലവിൽ സർക്കാരിന്റെ സഹായധനം സാധാരണക്കാരായ കർഷകർക്ക് ലഭിക്കുന്നില്ല. സിൽവർലൈൻ പദ്ധതിക്കുവേണ്ടിയുള്ള സർക്കാരിന്റെ താല്പര്യത്തിന്റെ

പകുതിയെങ്കിലും താല്പര്യം കൃഷിക്കാരുടെ പ്രശ്നങ്ങൾക്കുവേണ്ടി മാറ്റിവയ്ക്കണം. കർഷകരിൽനിന്നും വാങ്ങിവിറ്റ പച്ചക്കറികൾക്ക് ഹോർട്ടികോർപ്പ് ഇതുവരെയും വില നൽകിയിട്ടില്ല. ഹോർട്ടികോർപ്പിൽ വൻ അഴിമതിയാണ് നടക്കുന്നത്. കർഷകരിൽനിന്നും നേരിട്ട് പച്ചക്കറി വാങ്ങുന്നതിനുപകരം കമ്മീഷൻ സ്വീകരിച്ചുകൊണ്ട് മറ്റ് ഏജൻസികളിൽനിന്നും പച്ചക്കറി വാങ്ങിയത് സംബന്ധിച്ച വാർത്തകൾ പുറത്തുവരികയാണ്. പാവപ്പെട്ട കർഷകരുടെ ദുരിതം മാറ്റുന്നതിനുവേണ്ടി സർക്കാർ പ്രത്യേക ശ്രദ്ധനൽകണം.

'വെള്ളം വെള്ളം സർവ്വത്ര; തുള്ളികുടിപ്പാനില്ലത്രേ', തൃക്കാക്കരക്കാരുടെ സ്ഥിതി ഇന്ന് ഇതാണ്. ഒരു മഴ പെയ്താൽ വെള്ളക്കെട്ടാണ്. അതുപോലെ നാലഞ്ച് ദിവസം കൂടുമ്പോഴാണ് പൈപ്പിലൂടെ ശുദ്ധജലം ലഭിക്കുന്നത്. ഇതിന് ഒരറുതി വരുത്തണ്ടേ. കേരളത്തിൽ ഏറ്റവും കൂടുതൽ ഫ്ലാറ്റുകളുള്ളതും പൂർണ്ണമായും നഗരപ്രദേശവുമായ നിയോജകമണ്ഡലമാണ് തൃക്കാക്കര. കൊച്ചിൻ കോർപ്പറേഷനിലെ 22 പൂർണ്ണ ഡിവിഷനുകളും 2 ഭാഗിക ഡിവിഷനുകളും തൃക്കാക്കര നഗരസഭയിലെ 43 വാർഡുകളും ചേർന്നതാണ് തൃക്കാക്കര നിയോജകമണ്ഡലം. എന്നാൽ ആവശ്യകതയുടെ നാൽപ്പത്

ശതമാനംപോലും കുടിവെള്ളം വിതരണം ചെയ്യാൻ ഇപ്പോൾ സാധിക്കുന്നില്ല. കൊച്ചിൻ കോർപ്പറേഷനിലെ കടവന്ത്ര, ഗിരിനഗർ, പനമ്പിള്ളി നഗർ, ചിലവന്നൂർ, വൈറ്റില, വെണ്ണല, അർക്കക്കടവ് തുടങ്ങിയ പ്രദേശങ്ങളിലും തൃക്കാക്കര മുനിസിപ്പാലിറ്റിയിലെ പകുതിയിലധികം പ്രദേശങ്ങളിലും രൂക്ഷമായ കുടിവെള്ളക്ഷാമമാണ്. ഇത്രയും ജനസാന്ദ്രതയുള്ള പ്രദേശമായിട്ടുപോലും നാല് ദിവസത്തിലൊരിക്കലാണ് തൃക്കാക്കരയിലേയ്ക്ക് വെള്ളം പമ്പ് ചെയ്യുന്നത്. തൃക്കാക്കര മുനിസിപ്പാലിറ്റിയിലെ കുടിവെള്ള ക്ഷാമത്തിന് ഏക പരിഹാരം ആലുവയിലെ 190 എം.എൽ.ഡി. ജലശുദ്ധീകരണ പ്ലാന്റ് പ്രാവർത്തികമാക്കുകയെന്നതാണ്. വർഷങ്ങൾ കഴിഞ്ഞിട്ടും അതിന്റെ ഭരണാനുമതി ഇറക്കുന്ന ഘട്ടത്തിലാണ് ഇപ്പോഴും നിലവിലുള്ളത്. ഈ ജലശുദ്ധീകരണശാല പൂർത്തിയാകുന്നതോടുകൂടി തൃക്കാക്കര മുനിസിപ്പാലിറ്റിക്ക് 43 എം.എൽ.ഡി. വെള്ളം ലഭിക്കുകയും തൃക്കാക്കര മുനിസിപ്പാലിറ്റിയിലെ വെള്ളക്ഷാമത്തിന് ഏകദേശം പരിഹാരമാകുകയും ചെയ്യും. ഇതിന് ബഹുമാനപ്പെട്ട മന്ത്രിയുടെ അടിയന്തരസഹായം ആവശ്യമുണ്ട്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രിയും മുൻ എം.എൽ.എ.യും നിരവധി തവണ മീറ്റിംഗുകൾ

നടത്തിയിട്ടുണ്ട്. അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന തെങ്ങോട് ഭാഗത്ത് പ്രത്യേക പദ്ധതി വിഭാവന ചെയ്യണം. നിലവിൽ ഓലിമുകളിലുള്ള ടാങ്കിനുസമീപം ഒരു പുതിയ ടാങ്ക് കൂടി നിർമ്മിക്കണം, അതിന് സർക്കാരിന്റെ തരിശുഭൂമി ആവശ്യമുണ്ട്. ഇതോടൊപ്പം കൊച്ചിൻ കോർപ്പറേഷന്റെ പരിധിയിൽ 20 വർഷത്തിനുമുകളിൽ പഴക്കം വരുന്ന വിതരണ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിച്ചാൽ അവിടത്തേയും ജലക്ഷാമം ഇല്ലാതാക്കാൻ കഴിയും.

എന്തിനും ഏതിനും പ്രതികരിക്കുന്ന ഒരു വിഭാഗം സാംസ്കാരിക നായകന്മാരുടെ പ്രതികരണങ്ങളൊന്നും ഇക്കഴിഞ്ഞ ദിവസങ്ങളിൽ സഭയിലുണ്ടായ അപമാനകരമായ സംഭവങ്ങളിൽ കണ്ടില്ല. 'മഹതി' എന്നോ 'വിധവ' എന്നോ 'വിധി' എന്നോ പറയുന്ന വാക്കുകൾ ഒരിക്കലും അൺപാർലമെന്ററിയല്ല. എന്നാൽ ഈ വാക്കുകളെല്ലാം കോർത്തിണക്കി ഒരു മഹാൻ ഇവിടെ പ്രത്യേക ശരീരഭാഷയോടെ ഈ സഭയിൽ കഴിഞ്ഞദിവസം പറഞ്ഞ വാചകങ്ങൾ തെറ്റാണ്. XXXXXX+

---

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫ.നം.12895/ഇ.ബി./2022/നി.സെ. തീയതി 19-07-2022) രേഖയിൽനിന്നും നീക്കം ചെയ്തു.

<u>ശ്രീ. വി. ജോയി</u>: സർ, പോയിന്റ് ഓഫ് ഓർഡർ.....ഈ സഭയിൽ എന്തും പറയാവുന്ന സ്ഥിതിയല്ല, എന്ത് വൃത്തികേടും പറയാമെന്നാണോ വിചാരിച്ച് വച്ചിരിക്കുന്നത്; എന്താണ് പറയുന്നത്; ആവശ്യമില്ലാത്ത കാര്യമാണ് പറയുന്നത്?

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ചട്ടം 303 പ്രകാരം ക്രമപ്രശ്നം ഉന്നയിക്കുകയാണ്. ടി. പി. ചന്ദ്രശേഖരൻ കൊലചെയ്യപ്പെട്ടത് യു.ഡി.എഫ്.ന്റെ ഭരണകാലത്താണ്, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനാണ് ആഭ്യന്തര വകുപ്പുമന്ത്രി, മാറി മാറി അന്വേഷിച്ചു, ഇവിടെ പരാമർശിക്കപ്പെട്ട XXXXXXX+ പ്രസംഗിക്കുമ്പോൾ ആവേശംമൂത്ത് എന്തും പ്രസംഗിക്കേണ്ട വേദിയല്ല നിയമസഭ. അതുകൊണ്ട് രേഖയിൽ നിന്ന് അത് മാറ്റണം.

<u>മി. ചെയർമാൻ</u>: പരിശോധിച്ച് വേണ്ടത് ചെയ്യാം.

<u>ശ്രീമതി ഉമ തോമസ്</u>: സർ, തെറ്റ് തിരുത്താൻ തയ്യാറാകാത്ത മഹാനും അത് ശരിയാണെന്ന് ഊട്ടിയുറപ്പിച്ച മഹാനുഭാവനും കൂടിയായപ്പോൾ എല്ലാം പൂർണ്ണമായി. ഈ സഭയിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്ന ഒരു സമൂഹം പുറത്തുണ്ടെന്നുള്ളത് മറക്കരുത്. എന്റെ ഭർത്താവിന്റെ

---

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫ.നം.12895/ഇ.ബി./2022/നി.സെ. തീയതി 19-07-2022) രേഖയിൽനിന്നും നീക്കം ചെയ്തു.

വിയോഗത്തിനുശേഷവും സഭയ്ക്കുപുറത്ത് ഈ മഹാൻ പറഞ്ഞ വാചകങ്ങൾ ജനം മറന്നിരിക്കില്ലെന്ന് എനിക്കറിയാം. മുഖ്യമന്ത്രിക്കെതിരെ വിമർശനം ഉന്നയിച്ചാൽ കേരളത്തിന്റെ ജനാധിപത്യത്തിന്റെ ശ്രീകോവിൽ എന്നറിയപ്പെടുന്ന നിയമനിർമ്മാണ സഭയിൽ വനിതാപ്രതിനിധികളെപോലും അപമാനിക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയ ഈ ഭരണസംവിധാനത്തെ എന്തുപേര് പറഞ്ഞു വിളിക്കും? സീസർ മാത്രമല്ല, സീസറുടെ ഭാര്യയും സംശയത്തിന് അതീതർ തന്നെയാകണമെന്ന ശൈലിപോലെ, മുഖ്യമന്ത്രിയെക്കുറിച്ച് ഒരു വ്യക്തി ഗുരുതരമായ ആരോപണങ്ങൾ ഉന്നയിക്കുമ്പോൾ കൈകൾ ശുദ്ധമാണെന്ന് പൊതുജനങ്ങളെ ബോധ്യപ്പെടുത്താനുള്ള ബാധ്യത മുഖ്യമന്ത്രിക്കുണ്ട്.

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്.... സമയം കഴിഞ്ഞു.

<u>ശ്രീമതി ഉമ തോമസ്</u>: സർ, എന്നാൽ ഗുരുതരമായ ആരോപണങ്ങളിൽ മുങ്ങിനിൽക്കുന്ന മുഖ്യമന്ത്രിയും മന്ത്രിസഭാംഗങ്ങളും മുഖ്യമന്ത്രിയുടെ ഓഫീസും ഓഫീസിലെ സെക്രട്ടറിയുമൊക്കെ വിഷയത്തെ ഗൗരവകരമായി കണക്കാക്കാതെ ആരോപണങ്ങൾ നിസാരവൽക്കരിച്ച് അതിനെക്കുറിച്ച് കമായെന്ന് ഒരക്ഷരം മിണ്ടാതെ വിഷയത്തെ വഴിമാറ്റിവിടുകയാണ്.

പാർട്ടിയോഗങ്ങളിലും കവലപ്രസംഗങ്ങളിലും ചെന്ന് മുഖ്യമന്ത്രി 'എന്റെ മടിയിൽ കനമില്ല, അതുകൊണ്ട് വഴിയിൽ പേടിയില്ല' എന്ന് പറഞ്ഞിട്ട് കാര്യമില്ല. ......(മൈക്ക് ഓഫ്)..........

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി പിൻതുണയ്ക്കുകയാണ്. ജലവിഭവ വകുപ്പിൽ കാര്യക്ഷമമായ ഇടപെടലാണ് ഈ സർക്കാരിന്റെ കാലത്തുണ്ടായികൊണ്ടിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്ന് ഒരു വർഷക്കാലം പിന്നിടുമ്പോൾ പന്ത്രണ്ടര ലക്ഷം കുടിവെള്ള കണക്ഷനുകളാണ് നൽകിയിട്ടുള്ളത്. ഇന്ത്യയിൽ ഏറ്റവും മികച്ച നിലയിൽ ജലജീവൻ പദ്ധതി നടപ്പിലാക്കുന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. സംസ്ഥാനത്തെ കുടിവെള്ള വിതരണത്തിനുവേണ്ടി 39000 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയത്. ഈ സർക്കാരിന്റെ കാലത്തുതന്നെ എല്ലാ വീടുകളിലും കണക്ഷൻ നൽകുന്നതിനാവശ്യമായ നടപടികൾ പൂർത്തീകരിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഭിന്നശേഷി കുട്ടികളുള്ള വീട്ടിൽ സൗജന്യ കണക്ഷൻ നൽകാനുള്ള നടപടി അങ്ങേയറ്റം സ്വാഗതാർഹമായ കാര്യമാണ്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ അതിന്റെ പേരിൽ

അഭിനന്ദിക്കുന്നു. അമ്പത് വർഷക്കാലം പിന്നിട്ട പഴയ പദ്ധതിയാണ് പുനലൂർ കുടിവെള്ള പദ്ധതി. ഈ പദ്ധതി വഴി പകുതി വാർഡുകളിൽ കുടിവെള്ളം എത്തുന്നില്ല. എന്നാൽ വെള്ളം ലഭിക്കുന്ന പകുതിവാർഡുകളിൽ ആഴ്ചയിൽ ഒരിക്കലാണ് കുടിവെള്ളമെത്തുന്നത്. അവിടെ കപ്പാസിറ്റി കുറവാണെന്ന കാര്യം അങ്ങേയ്ക്ക് നല്ലതുപോലെ അറിയാം. ഒരു കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിനാവശ്യമായ സ്ഥലമെല്ലാം അവിടെ ക്രമീകരിച്ചിട്ടുണ്ട്. ആയതിനാൽ അടിയന്തരമായി ഇത് നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. രാജ്യത്തിന്റെ കാർഷിക മേഖലയും കർഷകരും വലിയ പ്രതിസന്ധിയാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. ഒരു ഭാഗത്ത് കേന്ദ്രസർക്കാരിന്റെ കർഷകവിരുദ്ധ നയങ്ങളും മുതലാളിത്ത സമീപനവും. മറുഭാഗത്ത് ആഗോളതാപനവും കാലാവസ്ഥാവ്യതിയാനവും കൃഷി തീർത്തും അസാദ്ധ്യമാക്കിക്കൊണ്ടിരിക്കുന്നു. കർഷകരുടെ വരുമാനം ഇരട്ടിയാക്കുമെന്നും സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുമെന്നൊക്കെയാണ് ബി.ജെ.പി. സർക്കാർ അവകാശപ്പെട്ടത്. അവരൊന്നും ചെയ്തില്ലെന്ന് നമുക്കറിയാം. കേന്ദ്ര ഗവൺമെന്റിന്റെ കർഷകവിരുദ്ധ നിയമങ്ങൾ പാർലമെന്റിൽ കൊണ്ടുവന്ന്

പാസ്സാക്കിയെങ്കിലും രാജ്യത്ത് കർഷകസമൂഹം ഒന്നടങ്കം സമരം നടത്തിയതിന്റെയടിസ്ഥാനത്തിൽ അവർക്ക് ആ നിയമം പിൻവലിക്കേണ്ടി വന്നു. രാജ്യത്തെ കോർപ്പറേറ്റുകൾക്കുവേണ്ടി ബി.ജെ.പി. ഗവൺമെന്റ് എത്ര കോടി രൂപയാണ് എഴുതിത്തള്ളിയത്? 11 ലക്ഷം കോടി രൂപയാണ് കോർപ്പറേറ്റുകൾക്കുവേണ്ടി എഴുതിത്തള്ളിയത്. 3200 കോടി രൂപ എഴുതിത്തള്ളിയാൽ കർഷക സമൂഹത്തിന് വലിയ ആശ്വാസകരമായ സാഹചര്യമുണ്ടാകും. പക്ഷെ കർഷകവിരുദ്ധരായ ബി.ജെ.പി. ഗവൺമെന്റ് അത്തരം സമീപനം സ്വീകരിക്കുന്നില്ല. ഈ രാജ്യത്ത് കർഷകവിരുദ്ധ നിലപാടുകൾ ആദ്യം സ്വീകരിച്ചത് കോൺഗ്രസ്സായിരുന്നു. കർഷകവിരുദ്ധ ആഗോളീകരണ നയങ്ങൾ നടപ്പിലാക്കി രാജ്യത്തെ കർഷകരെ ബുദ്ധിമുട്ടിച്ചത് അവരാണ്. രാജ്യത്ത് കോൺഗ്രസ്സ് ഭരണകാലത്ത് നിരവധി കർഷക ആത്മഹത്യകൾ നടന്നിട്ടുണ്ടെന്നുള്ളത് നമുക്കറിയാം. ബി.ജെ.പി. ഭരണത്തിന് യഥാർത്ഥത്തിൽ വഴിയൊരുക്കിയത് കോൺഗ്രസ്സിന്റെ കർഷകവിരുദ്ധ നിലപാടുകളായിരുന്നു. പഞ്ചാബിൽ ഇപ്പോൾ തെരഞ്ഞെടുപ്പ് കഴിഞ്ഞു. കർഷകവിരുദ്ധ നിലപാട് സ്വീകരിച്ച കോൺഗ്രസ്സിനേയും ബി.ജെ.പി.-യേയും പഞ്ചാബിലെ ജനങ്ങൾ ദയനീയമായി

പരാജയപ്പെടുത്തുന്ന കാഴ്ചയാണ് നമ്മൾ കണ്ടത്. കർഷകർക്കുവേണ്ടി ഒരു ബദൽ സമീപനമാണ് കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചത്. രാജ്യത്ത് ആദ്യമായി കർഷകക്ഷേമനിധി ബോർഡ് രൂപീകരിച്ചതും പഴം, പച്ചക്കറിയടക്കമുള്ളവയ്ക്ക് താങ്ങുവില ഏർപ്പെടുത്തിയതും കാർഷിക കടാശ്വാസ കമ്മീഷൻ ശക്തിപ്പെടുത്തിയതും റബ്ബർ കർഷകർക്ക് ധനസഹായം നൽകിയതും നെൽകർഷകർക്ക് സഹായം ഉറപ്പാക്കിയതും കേരളത്തിലാണ്. അതുമാത്രമല്ല നെൽ സംഭരണത്തിന് ഈ രാജ്യത്ത് ഏറ്റവും കൂടുതൽ പണം നൽകുന്ന സംസ്ഥാനവും കേരളമാണ്. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് പ്രാധാന്യം നൽകുന്ന നിലപാടുകളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കർഷകരെ സഹായിക്കുന്നതിനുവേണ്ടി ഇവിടെയൊരു ഗവൺമെന്റുണ്ട്. കർഷകരുൾപ്പെടെയുള്ള ജനവിഭാഗങ്ങൾ ഈ ഗവൺമെന്റിന്റെ പ്രവർത്തനത്തിൽ മതിപ്പുരേഖപ്പെടുത്തിയതുകൊണ്ടാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ വീണ്ടും ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് കേരളത്തിൽ അധികാരത്തിൽ വരാൻ കഴിഞ്ഞത്. ഈ ഗവൺമെന്റും കേരളത്തിലെ കാർഷികമേഖലയ്ക്ക് വലിയ പ്രാധാന്യമാണ് നൽകുന്നത്. കൃഷി വകുപ്പിന് 881.96 കോടി രൂപയാണ്

ഇപ്പോൾ നീക്കിവച്ചിരിക്കുന്നത്. ഇത് കഴിഞ്ഞ തവണത്തേതിനേക്കാൾ കൂടുതലാണ്. 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതിയിലൂടെ നമ്മുടെ സംസ്ഥാനത്തെ കാർഷിക മേഖലയിൽ ഒരു വലിയ ജനകീയമുന്നേറ്റത്തിന് വഴിയൊരുക്കുന്നതിനുവേണ്ടിയുള്ള സംഘടിതമായ പ്രവർത്തനങ്ങൾക്കാണ് കൃഷിവകുപ്പ് നേതൃത്വം നൽകിക്കൊണ്ടിരിക്കുന്നത്. രാജ്യത്ത് ആദ്യമായി കാർബൺ തുലിത കൃഷി നടപ്പിലാക്കുന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. 2021-22 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം പൂർണ്ണമായും ചെലവഴിക്കുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. നമ്മുടെ കൃഷി ഭവനുകൾ സ്മാർട്ട് കൃഷിഭവനുകളാക്കുന്ന നിലപാടുമായി ഗവൺമെന്റ് മുന്നോട്ട് പോകുകയാണ്. കർഷകർക്ക് നഷ്ടപരിഹാരം നൽകുന്ന കാര്യത്തിൽ അങ്ങേയറ്റം ആത്മാർത്ഥമായ സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചത്. പ്രകൃതിക്ഷോഭത്തെത്തുടർന്ന് 84.19 കോടി രൂപയാണ് ഇതിനോടകം നൽകി കഴിഞ്ഞിരിക്കുന്നത്. കാലാവസ്ഥാ വ്യതിയാനത്തെത്തുടർന്ന് കാർഷിക മേഖലയിൽ വലിയ പ്രതിസന്ധി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഉരുൾപൊട്ടൽ, വെള്ളത്തിന്റെ കുത്തൊഴുക്ക് ഇതിന്റെയെല്ലാം ഫലമായി ഭൂമിയുടെ ഘടനയിൽ

മാറ്റമുണ്ടായിക്കൊണ്ടിരിക്കുന്നു. അത് പുന:സ്ഥാപിക്കാൻ നമ്മുടെ കർഷകർക്ക് കഴിയുന്നില്ല. അതുകൊണ്ട് അടിക്കടിയുണ്ടാകുന്ന മഴ, കാലവർഷക്കെടുതി എന്നിവമൂലം വലിയ കൃഷിനാശം സംഭവിച്ചുകൊണ്ടിരിക്കുന്നു. അടിക്കടിയുണ്ടാകുന്ന മഴമൂലം കാലവർഷക്കെടുതിയിൽപ്പെട്ട് വലിയതോതിൽ കൃഷിനാശം സംഭവിച്ചുകൊണ്ടിരിക്കുന്നതിനാൽ കർഷകർക്ക് യഥാസമയം നഷ്ടപരിഹാരം ഉറപ്പാക്കുന്നതിനായി ഒരു റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുന്ന കാര്യം ഗൗരവത്തോടെ പരിഗണിക്കണം. വിവിധ മേഖലകളുമായി ബന്ധപ്പെട്ട് ലോട്ടറി സംവിധാനം നടപ്പിലാക്കിയതുപോലെ കാർഷിക മേഖലയുടെ നവീകരണത്തിനും കർഷകരെ സഹായിക്കുന്നതിനുമായി ഒരു ലോട്ടറി സംവിധാനം ആരംഭിക്കുന്നത് ഗുണപ്രദമായിരിക്കുമെന്ന് സൂചിപ്പിക്കുകയാണ്. ഹോർട്ടികൾച്ചർ മേഖലയിൽ അനന്തമായ സാധ്യതകൾ നമ്മുടെ സംസ്ഥാനത്ത് ഇന്നുണ്ട്. ഉത്പന്ന സംസ്കരണം, മൂല്യവർദ്ധനവ്, വിതരണശൃംഖലാവികസനം, വിപണനം തുടങ്ങിയ മേഖലകളിൽ വി.എഫ്.പി.സി.കെ. (Vegetable and Fruit Promotion Council Kerala), ഹോർട്ടികോർപ്പ്, എസ്.എഫ്.എ.സി.(Small

Farmers Agri business Consortium) തുടങ്ങിയ കൃഷിവകുപ്പ് സ്ഥാപനങ്ങളെയും സഹകരണ സ്ഥാപനങ്ങളെയും ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്കായി ഹോർട്ടികൾച്ചർ മിഷൻ മുൻകയ്യേടുക്കേണ്ടതുണ്ട്. രാജ്യത്തെമ്പാടും ഹോർട്ടികൾച്ചർ മേഖലയിൽ ക്ലസ്റ്റർ അടിസ്ഥാനമാക്കി വാണിജ്യകൃഷി വൻതോതിൽ മുന്നേറുകയാണ്. പാലക്കാട് ജില്ലയിലെ മുതലമട മാങ്കോ ക്ലസ്റ്റർ, വട്ടവട ശീതകാല പച്ചക്കറി ക്ലസ്റ്റർ തുടങ്ങിയവ മാതൃകയാണ്...

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ ഇന്ത്യാ-പസഫിക് കരാറിന്റെ പ്രാഥമിക നടപടിക്രമങ്ങൾ രണ്ടാഴ്ചമുമ്പ് പൂർത്തിയാക്കിക്കഴിഞ്ഞു. ഇതിന്റെ ഫലമായി ഇന്തോനേഷ്യ, വിയറ്റ്നാം, ആസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിൽനിന്നെല്ലാം യാതൊരു നിയന്ത്രണവുമില്ലാതെ കാർഷികോത്പന്നങ്ങൾ ഇറക്കുമതി ചെയ്യുമെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. എസ് സുപാൽ: സർ, അങ്ങ് പറഞ്ഞത് വളരെ ശരിയാണ്, അക്കാര്യം ഞാൻ ആദ്യമേതന്നെ സൂചിപ്പിച്ചിരുന്നു. പാലക്കാട് ജില്ലയിലെ മാങ്കോ ക്ലസ്റ്ററും വട്ടവടയിലെ പച്ചക്കറി ക്ലസ്റ്ററുമെല്ലാം മാതൃകാ

പദ്ധതികളാണ്. എം.ഐ.ഡി.എച്ച്. (Mission for Integrated Devlopment of Horticulture), ആർ.കെ.വി.വൈ (Rashtriya Krishi Vikas Yojana) തുടങ്ങിയ പദ്ധതികളുടെ സഹായത്തോടെ കൂടുതൽ പൈലറ്റ് പദ്ധതികൾ നടപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. നമ്മുടെ സംസ്ഥാനത്തിന്റെ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയിൽ തേനീച്ച വളർത്തലുമായി ബന്ധപ്പെട്ടുകൊണ്ട് വലിയ സാധ്യതകളാണുള്ളത്. ഈ രംഗത്തെ കേന്ദ്ര ഏജൻസിയായ നാഷണൽ ഹണി മിഷൻ നോഡൽ ഏജൻസിയായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷനെ തെരഞ്ഞെടുത്തിട്ടുണ്ട്. Horticorp, VFPCK, FAO (Food and Agriculture Organization), KAU (Kerala Agriculture University) തുടങ്ങിയ ഏജൻസികളുമായി സഹകരിച്ച് ഹോർട്ടികൾച്ചർ മിഷന് നിരവധി പ്രവർത്തനങ്ങൾ നടത്താൻ സാധിക്കും. നമ്മുടെ സംസ്ഥാനത്തെ ഉദ്യാനകർഷകർ ഇന്ന് അസംഘടിതരാണ്. വയനാട് അമ്പലവയലിൽ ഹോൾട്ടികൾച്ചർ മിഷൻ സ്ഥാപിക്കുന്ന മികവിന്റെ കേന്ദ്രവുമായി ബന്ധപ്പെടുത്തി സംസ്ഥാനതലത്തിൽ ഉദ്യാന കർഷകരുടെ ഒരു കൺസോർഷ്യം രൂപീകരിച്ചുകൊണ്ട് പ്രസ്തുത മേഖലയിൽ സമഗ്രമായ പദ്ധതിക്ക് രൂപംനൽകേണ്ടതുണ്ട്. സംസ്ഥാന ഹോർട്ടികൾച്ചർ

മിഷന്റെ ശാക്തികരണവുമായി ബന്ധപ്പെട്ടുകൊണ്ട് ചില കാര്യങ്ങൾ ചെയ്യാനുണ്ട്, കാലാനുസൃതമായ പരിഷ്കരണം ഇവിടെയും അനിവാര്യമാണ്. എം.ഐ.ഡി.എച്ച്.-നുപുറമേ ആർ.കെ.വി.വൈ, പി.ആർ.കെ.വി.വൈ (Paramparagat Krishi Vikas Yojana) ഉൾപ്പെടെയുള്ള കേന്ദ്രപദ്ധതികൾ, ആർ.ഐ.ഡി.എഫ് (Rural Infrastructure Development Fund), ആർ.കെ.ഐ (Rebuild Kerala Initiative), കൃഷി വകുപ്പ് നേരിട്ടുനടത്തുന്ന പദ്ധതികൾ തുടങ്ങിയവയെല്ലാം എസ്.എച്ച്.എം (State Horticutlure Mission) വഴി നടപ്പിലാക്കുകയാണ്. ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഭരണപരമായ ചെലവുകൾക്കായി കാര്യമായ ഒരു സഹായവും ബന്ധപ്പെട്ട ഏജൻസികളിൽനിന്നും ലഭിക്കുന്നില്ല. ശരാശരി 5 കോടി രൂപയാണ് നോൺപ്ലാൻ ഇനത്തിൽ ഇപ്പോൾ ലഭ്യമാകുന്നത്. സംസ്ഥാന കൃഷി വകുപ്പിന്റെ പ്രധാന പദ്ധതികൾ നടപ്പിലാക്കുന്ന ഒരു ഏജൻസിയെന്ന നിലയിൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷന് ഒരു നോൺപ്ലാൻ വിഹിതം ബഡ്ജറ്റിൽത്തന്നെ അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കൃഷി വകുപ്പിന്റെ പ്ലാൻ വിഹിതത്തിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കാവുന്നതാണ്, ഈ നടപടികൊണ്ട് സംസ്ഥാനത്തെ

ഹോർട്ടികൾച്ചർ മേഖലയിൽ ഒരു വലിയ മുന്നേറ്റമുണ്ടാക്കിയെടുക്കാൻ സാധിക്കും. ഹോർട്ടികൾച്ചർ മിഷനുമായി ബന്ധപ്പെട്ടുകൊണ്ട് ശമ്പള പരിഷ്കരണം നടപ്പാക്കുന്നതിൽ ആത്മാർത്ഥമായ സമീപനം സ്വീകരിച്ചതിൽ അങ്ങയെ അഭിനന്ദിക്കുകയാണ്. അതോടൊപ്പംതന്നെ ഇതുസംബന്ധിച്ച കുടിശ്ശിക നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൃത്യമായി ശമ്പളം കൊടുക്കാനുള്ള പണമുണ്ടെങ്കിലും മാസത്തിന്റെ ആദ്യവാരം ശമ്പളം കൊടുക്കുന്നതിന് തടസ്സമുണ്ടാകുന്ന അവസ്ഥയുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കുകയും കൃത്യമായി ശമ്പളം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട്, ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുകയാണ്.

ശ്രീ. കെ. പി. എ. മജീദ്: സർ, ശുദ്ധജലവിതരണം, ജലസേചനം തുടങ്ങിയ ധനാഭ്യർത്ഥനകളെ സംബന്ധിച്ചുള്ള കാര്യങ്ങൾ സംസാരിക്കാനാണ് ഞാൻ ഉദ്ദേശിക്കുന്നത്, രാഷ്ട്രീയമായ ആരോപണ-പ്രത്യാരോപണങ്ങളൊന്നും ഇതിൽ പ്രസക്തമല്ലാത്തതുകൊണ്ട് വിഷയത്തിലൂന്നിക്കൊണ്ട് ചില കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ

ആഗ്രഹിക്കുകയാണ്. നമ്മുടേത് കുടിവെള്ളക്ഷാമം നേരിടുന്ന ഒരു സംസ്ഥാനമാണ്. ധാരാളം നദികളുള്ള ഒരു സംസ്ഥാനമാണെങ്കിലും ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്ന കാര്യത്തിൽ നാം ഇപ്പോഴും പിറകിലാണ്. നമ്മുടെ നദികളിലെല്ലാം മാലിന്യം അടിഞ്ഞുകൂടിക്കിടക്കുന്ന സാഹചര്യമുണ്ട്, കിണറുകളിലും മാലിന്യത്തിന്റെ അളവ് കൂടിക്കൊണ്ടിരിക്കുകയാണ്. കുടിക്കാൻ യോഗ്യമല്ലാത്ത രീതിയിൽ കിണറുകളിലെ മാലിന്യത്തിന്റെ തോത് പലയിടങ്ങളിലും വർദ്ധിച്ചുവരുന്നതായി റിപ്പോർട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ സംസ്ഥാനത്തെ ശുദ്ധജലവിതരണ പദ്ധതികൾ ഫലപ്രദമാക്കി ജനങ്ങൾക്ക് ശുദ്ധജലം വിതരണംചെയ്യുന്നതിനുള്ള ശ്രമങ്ങൾ എത്രമാത്രം ഫലപ്രദമായി നടത്താൻ കഴിയുന്നുവെന്ന് നാം പരിശോധിക്കേണ്ടതാണ്. സംസ്ഥാനത്തിന്റേതായി കുറെയേറെ ശുദ്ധജല പദ്ധതികളുണ്ടെങ്കിലും അവയുടെ നിലവിലെ സ്ഥിതി അവലോകനംചെയ്യുമ്പോൾ ഇവയിൽപലതിന്റെയും പൈപ്പുകൾ പഴക്കംകൊണ്ട് ചോർച്ചനേരിടുന്നുണ്ട്, അവ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കാൻ നമുക്ക് സാധിക്കുന്നില്ല, ഇത്തരം പ്രവർത്തനങ്ങൾക്ക് ഭീമമായ ഫണ്ട് കണ്ടെത്തേണ്ടതുണ്ട്.

അതുപോലെതന്നെ കുടിവെള്ള കണക്ഷനുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കുടിവെള്ള പദ്ധതിയുടെ ജലസ്രോതസ്സുകളിലെ ജലത്തിന്റെ അളവ് കുറഞ്ഞുവരുന്നുണ്ട്. മഴക്കാലത്തും അതല്ലാത്ത കാലാവസ്ഥയിലും കുടിവെള്ളത്തിന്റെ പ്രശ്നം രൂക്ഷമായി വന്നുകൊണ്ടിരിക്കുകയാണ്. അതുപോലതന്നെ പൊതുമരാമത്ത് വകുപ്പിന്റെ റോഡ് കുഴിച്ചുകൊണ്ട് കുടിവെള്ള പൈപ്പ്ലൈൻ കൊണ്ടുവരുന്നതിനായി ധാരാളം ബുദ്ധിമുട്ടുകളുമുണ്ട്. ആവശ്യമായ പണം കെട്ടിവച്ചാൽപ്പോലും റോഡ് മുറിച്ച് പൈപ്പിടാൻ കഴിയാത്ത സാഹചര്യം വരികയാണ്, അഥവാ അങ്ങനെ ചെയ്യാൻ കഴിഞ്ഞാൽത്തന്നെ പ്രസ്തുത റോഡുകൾ പുനഃസ്ഥാപിക്കുന്നതിൽ കാലതാമസം നേരിടുന്നതും ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നുണ്ട്. സംസ്ഥാനത്തെ ജലജീവൻ പദ്ധതിയുടെയും അമൃത് പദ്ധതിയുടെയുമൊക്കെ ജലസ്രോതസ്സ് നമ്മുടെ നദികൾ തന്നെയാണ്. പക്ഷേ നദികളിലെ ജലത്തെമാത്രം ആശ്രയിച്ചുകൊണ്ട് ഈ പദ്ധതികൾ എത്രകാലം മുമ്പോട്ടുകൊണ്ടുപോകാൻ കഴിയും? മാത്രമല്ല, കുടിവെള്ള കണക്ഷനുകളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയുമാണ്. ഗാർഹിക കണക്ഷനുകൾ വർദ്ധിക്കുകയും ജല ഉപഭോഗം വർദ്ധിക്കുകയും ചെയ്യുന്നതിന്റെ ഫലമായി സ്രോതസ്സുകളിലെ

ജലനിരപ്പ് കുറയുകയാണ്. പദ്ധതി രൂപകൽപ്പന ചെയ്യുമ്പോഴുണ്ടായിരുന്ന പ്രതീക്ഷയ്ക്കനുസരിച്ച് പദ്ധതിപ്രവർത്തനം തുടങ്ങുമ്പോൾ നദികളിൽ ജലമുണ്ടാകുന്നില്ലെന്നതും യാഥാർത്ഥ്യമാണ്. അങ്ങനെ വരുമ്പോൾ ഏത് പദ്ധതി വന്നാലും അത് ഫലപ്രദമല്ലാതെ ഉപയോഗശൂന്യമാകുന്ന അവസ്ഥയുണ്ടാകും. കഴിഞ്ഞ ദിവസത്തെ ചോദ്യോത്തരവേളയിലും ഇതെല്ലാം ചർച്ച ചെയ്തിരുന്നു. എനിക്ക് പറയാനുള്ളത്, നമ്മുടെ പരമ്പരാഗത നിലപാടുകൾക്കപ്പുറത്തേയ്ക്ക് ചിന്തിച്ചുകൊണ്ട് കടൽവെള്ളം ശുദ്ധീകരിച്ച് കുടിവെള്ള വിതരണത്തിന് ഉപയോഗപ്പെടുത്താൻ സാധിക്കണം. ഒരു നദിയെ കേന്ദ്രീകരിച്ച് ഒരു വലിയ പദ്ധതി ആവിഷ്ക്കരിക്കുമ്പോൾ കിലോമീറ്ററുകളോളം പൈപ്പ്ലൈനുകൾ സ്ഥാപിച്ചാണ് പഞ്ചായത്തുകളിലും നഗരപ്രദേശങ്ങളിലും വെള്ളമെത്തിക്കുന്നത്, ഇതാണെങ്കിൽ ഭാരിച്ച ചെലവ് വരുന്നതുമാണ്. കടൽവെള്ളം ശുദ്ധീകരിച്ച് കുടിവെള്ളമാക്കുന്ന പ്രക്രിയ എത്രയോ രാജ്യങ്ങളിൽ ചെയ്യുന്നുണ്ട്. ഒരുപക്ഷേ ആദ്യഘട്ടത്തിൽ കുറച്ചധികം തുക ചെലവഴിക്കേണ്ടതായി വന്നേക്കാം. കേരളം പോലെയുള്ള ഒരു സംസ്ഥാനത്ത് ഇതുപോലെ നദികളെമാത്രം ആശ്രയിച്ചുകൊണ്ട് കുടിവെള്ള വിതരണം നടത്താൻ എത്രകാലം കഴിയുമെന്ന കാര്യം

ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ? അതുകൊണ്ട് ഇന്നത്തെ നിലപാടിൽനിന്നും വ്യത്യസ്തമായി കടൽവെള്ളം ശുദ്ധീകരിച്ച് ശുദ്ധജല വിതരണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതിനെ സംബന്ധിച്ച് ഗൗരവമായി ആലോചിക്കണമെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. മറ്റൊരുകാര്യം സൂചിപ്പിക്കാനുള്ളത് കുടിവെള്ള പദ്ധതികൾക്കായി സ്ഥലം കണ്ടെത്തുന്നതിനെക്കുറിച്ചാണ്. ജലജീവൻ, അമൃത് തുടങ്ങിയ പദ്ധതികൾക്ക് അനുയോജ്യമായ സ്ഥലമേറ്റെടുത്ത് നൽകേണ്ടതുണ്ട്. കേരളത്തെ സംബന്ധിച്ച് ഭൂമി ലഭ്യമാക്കുകയെന്നത് വളരെ പ്രയാസമുള്ള കാര്യമാണ്. എന്നാൽ ഭൂമി ലഭ്യമാകാതെ പദ്ധതിയുമായി മുമ്പോട്ടുപോകാനും സാധിക്കില്ല. ടാങ്ക് നിർമ്മാണത്തിനടക്കം ആവശ്യമായ സ്ഥലം കണ്ടെത്തേണ്ടതുണ്ട്. റവന്യൂ വകുപ്പിന്റെ ഭൂമി ലഭ്യമാണെങ്കിൽ കളക്ടർക്ക് പ്രസ്തുത ഭൂമി ഏറ്റെടുത്ത് നൽകാമെന്ന് ഗവൺമെന്റ് അടുത്തകാലത്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. റനന്യൂ ഭൂമിയല്ലാതെതന്നെ, ജലസേചന വകുപ്പിന്റെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും കൈവശമുള്ളതും നിലവിൽ അവർ ഉപയോഗിക്കാത്തതുമായ ഭൂമിയും ഇത്തരം കുടിവെള്ള പദ്ധതികൾക്കായി പഞ്ചായത്തുകൾക്കോ

നഗരസഭകൾക്കോ കുടിവെള്ള പദ്ധതി ആവശ്യാർത്ഥം വിട്ടുനൽകുന്നതിനെ സംബന്ധിച്ച് ഒരു നിലപാടെടുത്തെങ്കിൽ മാത്രമേ ഇത്തരം പദ്ധതികൾ ഫലവത്താക്കുന്നതിനും കൂടുതൽ വിപുലപ്പെടുത്തുന്നതിനും കഴിയുകയുള്ളൂ. അതായത്, റവന്യൂ ഭൂമിയോടൊപ്പം മറ്റുവകുപ്പുകളുടെ കൈവശമുള്ളതും നിലവിൽ അവർക്ക് ഉപയോഗപ്പെടാത്തതുമായ ഭൂമികൂടി കുടിവെള്ള പദ്ധതികൾക്ക് വിട്ടുകിട്ടുന്നതിനുള്ള ശ്രമങ്ങൾ നടത്തേണ്ടതാണ്. എന്റെ നിയോജകമണ്ഡലത്തിലെ നന്നമ്പ്ര, എടരിക്കോട് തുടങ്ങിയ പഞ്ചായത്തുകളിൽ ജലജീവൻ മിഷൻ പദ്ധതിയുടെ പ്രാരംഭഘട്ട പ്രവർത്തനങ്ങൾ നടക്കുകയാണ്. ഇവിടെയെല്ലാമുള്ള പ്രധാന പ്രശ്നം പഞ്ചായത്തുകളുടെ വിഹിതം വേണമെന്നതാണ്. പഞ്ചായത്തുകളുടെ പദ്ധതി വിഹിതംതന്നെ വെട്ടിക്കുറച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ആവശ്യമായ തനത് ഫണ്ടില്ലാത്ത പല പഞ്ചായത്തുകൾക്കും ഇത്രയും ഭീമമായ തുക കുടിവെള്ള പദ്ധതികൾക്കായി നീക്കിവയ്ക്കുകയെന്നത് പ്രയാസകരമാണെന്ന് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അതുകൊണ്ട് സാമ്പത്തികമായി ബുദ്ധിമുട്ടുന്ന പഞ്ചായത്തുകൾക്ക് ആവശ്യമായ സഹായം ചെയ്തുകൊടുക്കേണ്ടതാണ്. കടലാക്രമണത്തെ

നേരിടാൻ ജലസേചന വകുപ്പിന് ആവശ്യമായ ഫണ്ടില്ല. ഇപ്പോൾ വ്യാപകമായ കടലാക്രമണഭീഷണിയുള്ള സമയമാണ്. കടലോര തീരത്ത് വലിയ പ്രയാസമുണ്ടാകുകയാണ്. പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലെ പ്രധാനപ്പെട്ട പ്രദേശങ്ങളിലൊക്കെ കടകലാക്രമണമുണ്ടായി വലിയ പ്രയാസമനുഭവിക്കുകയാണ്. ഒരു ബറിയൽ ഗ്രൗണ്ട് മുഴുവൻ ഒലിച്ചുപോയ സാഹചര്യമുണ്ടായി. ഇത്തവണയും അത് ആവർത്തിക്കാൻ പോകുകയാണ്. ഇതുസംബന്ധിച്ചുള്ള എസ്റ്റിമേറ്റ് വകുപ്പിൽ ഉണ്ടെങ്കിലും ഫണ്ടില്ലെന്നുള്ള മറുപടിയാണ് നൽകുന്നത്. പരപ്പനങ്ങാടിയിൽ ഇപ്പോൾ ഒട്ടുമ്മൽ ബീച്ച്, ചാപ്പപടി, പള്ളി ശ്മശാനം ബീച്ച്, ആലുങ്കൽ ബീച്ച് തുടങ്ങി മൂന്നുനാല് സ്ഥലങ്ങളിലെ സ്ഥിതി വളരെ ഗൗരവമേറിയതാണ്. കടലാക്രമണം തുടങ്ങിയാൽ അവിടത്തെ ജനപ്രതിനിധിയെന്ന നിലയ്ക്ക് എം.എൽ.എ.-മാർക്ക് ഇവിടെ നിൽക്കാൻപോലും ബുദ്ധിമുട്ടായിരിക്കും. അത്രയ്ക്കും അവിടത്തെ ജനങ്ങൾ പ്രയാസപ്പെടുകയാണ്. അതുകൊണ്ട് കടലാക്രമണത്തിന്റെ കാര്യത്തിൽ ഒരു പദ്ധതി രൂപീകരിച്ച് ഫണ്ട് നീക്കിവച്ച് സമയബന്ധിതമായി അത് നടപ്പാക്കാൻവേണ്ടിയുള്ള പരിശ്രമം ഉണ്ടാകണമെന്നാണ് എനിക്ക് അങ്ങയോട് പറയാനുള്ളത്.

അതുപോലെതന്നെ കൃഷിയെ സംബന്ധിച്ച് പറയുകയാണെങ്കിൽ, കാർഷിക രംഗം ഇപ്പോൾ മഴയെ ആശ്രയിച്ചുപോകുകയാണ്. എന്റെ മണ്ഡലത്തിൽത്തന്നെ നന്നപ്ര തുടങ്ങിയ പഞ്ചായത്തുകളിലൊക്കെ നല്ല നെൽപ്പാടങ്ങളാണുള്ളത്. പക്ഷെ അവർക്ക് വെള്ളം ലഭ്യമാക്കാൻ ഇറിഗേഷൻ സ്കീമില്ല. നിലവിലുള്ള കുടിവെള്ള പദ്ധതിയിൽനിന്നാണ് അവർക്ക് വെള്ളം കൊടുക്കുന്നത്. ഇത്തവണ കുടിവെള്ളത്തിന് ക്ഷാമം വന്നപ്പോൾ വെള്ളമെടുക്കാനും അനുവദിച്ചില്ല. അതുകൊണ്ടുതന്നെ നെൽകൃഷിക്ക് ആവശ്യമായ വെള്ളം കൊടുക്കാനും സാധിച്ചില്ല. അതിനിടയിൽ അതിവൃഷ്ടിവരികയും ഉണ്ടായിരുന്ന നെൽമുഴുവൻ നാശമാകുകയും ചെയ്തു. അതുകൊണ്ട് കൃഷിനടത്തുന്ന സ്ഥലങ്ങളിൽ അവർക്കാവശ്യമായ വെള്ളം നൽകുന്നതിനുവേണ്ടി ജലസേചന വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കണം. അതുസംബന്ധിച്ചുള്ള പ്രൊപ്പോസൽ ഞങ്ങൾ ജലസേചന വകുപ്പിന് സമർപ്പിച്ചെങ്കിലും ഫണ്ടില്ലെന്നാണ് പറയുന്നത്. ജലസേചന വകുപ്പിന് മതിയായ രീതിയിൽ ഫണ്ടില്ലാതാത്തതുകൊണ്ട് കടകലാക്രമണ ഭീക്ഷണിയെ

നേരിടാനാണെങ്കിലും ഇതുപോലുള്ള ചെറുകിട ജലസേചന പദ്ധതിക്കാണെങ്കിലും.....

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിയുന്നു...

ശ്രീ. കെ. പി. എ. മജീദ്: സർ, ഞാൻ രാഷ്ട്രീയമല്ല പറയുന്നത്, ആവശ്യങ്ങൾ നേടിയെടുക്കാൻ വേണ്ടിയുള്ള കാര്യങ്ങളാണ് പറയുന്നത്. അതുകൊണ്ട് ഇക്കാര്യങ്ങളിൽ കൃഷിവകുപ്പുമന്ത്രിയുടെ സഹായം വേണം. ഈ പദ്ധതികൾക്കാവശ്യമായ ഫണ്ട് കണ്ടെത്തണം. അങ്ങ് കുറെ കാര്യങ്ങൾ ചെയ്യുന്നുവെന്ന് എനിക്കറിയാം, ഇല്ലെന്ന് ഞാൻ പറയുന്നില്ല. പക്ഷെ ഇറിഗേഷൻ ആവശ്യങ്ങൾക്കുവേണ്ടി ഫണ്ട് കൊടുക്കാൻ കഴിഞ്ഞില്ലെങ്കിൽ ഈ പദ്ധതികളുമായി മുന്നോട്ടുപോകാൻ കഴിയില്ല. അതുകൊണ്ട് ഇക്കാര്യങ്ങളെ സംബന്ധിച്ചെല്ലാം അങ്ങ് ആലോചിച്ച് ആവശ്യമായ ഫണ്ട് ധനകാര്യ വകുപ്പിൽനിന്ന് വാങ്ങി ചെയ്യാൻ വേണ്ടിയുള്ള ശ്രമമുണ്ടാകണമെന്ന് പറയുന്നതോടൊപ്പം ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ശ്രീ. ലിന്റോ ജോസഫ്: സർ, 2022-23-ലെ സാമ്പത്തിക വർഷത്തിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. എനിക്കുമുമ്പ്

സംസാരിച്ച പ്രിയപ്പെട്ട തൃക്കാക്കര അംഗം മുൾമുനയിൽ നിൽക്കുന്നത് സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചിരുന്നു. മുൾമുനയിൽ ഇപ്പോൾ നിൽക്കുന്നത് നിങ്ങളുടെ യൂത്ത് കോൺഗ്രസ് നേതാവും മുൻ എം.എൽ.എ.-യുമായ ശ്രീ. കെ. എസ്. ശബരിനാഥനാണെന്നുള്ള കാര്യം ഞാൻ ഈ സഭയെ അറിയിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഫ്ലൈറ്റിൽ ആക്രമിച്ചത് യാദൃശ്ചികമായി ആർ.സി.സി.-യിലേയ്ക്ക് പോകുന്ന രണ്ട് യാത്രക്കാർ നടത്തിയിട്ടുള്ള ഒരു പ്രതികരണമാണെന്നുള്ള നിലയിലാണ് ഇവിടെ പറഞ്ഞത്. പക്ഷെ ഇപ്പോൾ പുറത്തുവരുന്നത്, യൂത്ത് കോൺഗ്രസ്സിന്റെ സംസ്ഥാന നേതാക്കളുടെ നേതൃത്വത്തിൽ നടന്ന ഗൂഢാലോചനയെത്തുടർന്നാണ് മുഖ്യമന്ത്രിക്കുനേരെ ആക്രമണമുണ്ടായതെന്നാണ്. അതിനെതുടർന്ന് യൂത്ത് കോൺഗ്രസ്സിന്റെ നേതാവും മുൻ എം.എൽ.എ.-യുമായ ശ്രീ. കെ. എസ്. ശബരിനാഥനോട് അന്വേഷണ സംഘത്തിന് മുന്നിൽ ഹാജരാകാൻ നിർദ്ദേശം നൽകിയിരിക്കുകയാണ്. അതുപോലെ ഒരു വിധിയെക്കുറിച്ച് അദ്ദേഹം ഇവിടെ സൂചിപ്പിച്ചു. ഞങ്ങളുടെ പ്രിയപ്പെട്ട ഒരു വിദ്യാർത്ഥി നേതാവ്, ഇടുക്കി എഞ്ചിനീയറിംഗ് കോളേജിലെ ധീരജ് എന്ന ചെറുപ്പക്കാരന്റെ

ഇടനെഞ്ചിലേയ്ക്ക് കഠാരകുത്തിയിറക്കിയത് ഏത് വിധിയുടെ അടിസ്ഥാനത്തിലായിരുന്നുവെന്നുള്ളത് ഞങ്ങൾക്ക് ഈ സഭയിൽ അറിയണമെന്നുള്ള ആഗ്രഹമുണ്ട്. ഇവിടെയുള്ള കോൺഗ്രസ് നേതാക്കന്മാരുടെയും പ്രതിപക്ഷ നേതാവിന്റെയും മരിച്ചുപോയ പ്രിയപ്പെട്ട തൃക്കാക്കര മുൻഅംഗത്തിന്റെയൊക്കെ അറിവോടുകൂടിയായിരുന്നോ ആ വിധി എഴുത്ത് നടത്തിയത് എന്നുള്ളത് ഞങ്ങൾക്കറിയാൻ ആഗ്രഹമുണ്ടെന്നുള്ളത് ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. മറ്റ് രാഷ്ട്രീയ കാര്യങ്ങളിലേയ്ക്ക് കടക്കാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നില്ല.

2024-25-ഓടുകൂടി കേരളത്തിലെ മുഴുവൻ കുടുംബങ്ങൾക്കും കുടിവെള്ളമെത്തിക്കുകയെന്നുള്ള പദ്ധതിയുടെ ഭാഗമായാണ് ജലജീവൻ മിഷൻ പദ്ധതി നമ്മുടെ കേരളത്തിൽ നടപ്പിലാക്കുന്നത്. ഏറ്റവും മാതൃകാപരമായിത്തന്നെ ആ പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ ബന്ധപ്പെട്ട വകുപ്പിന് കഴിയുന്നുണ്ടെന്നത് അഭിമാനകരമായ നേട്ടമാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചിട്ടുള്ള വിഷയമാണ്. പഞ്ചായത്ത് തലത്തിൽ ഈ പദ്ധതി നടപ്പിലാക്കുമ്പോഴുണ്ടാകുന്ന ചെറിയ പ്രയാസങ്ങൾ പഞ്ചായത്ത് വിഹിതമെന്നനിലയിൽ കൊടുക്കേണ്ടതായ തുക കൊടുക്കാൻ കഴിയാത്ത

സാമ്പത്തികമായി പ്രയാസമനുഭവിക്കുന്ന പഞ്ചായത്തുകളെ സഹായിക്കാൻ പ്രത്യേക കരുതൽ ഇതിന്റെ ഭാഗമായിയുണ്ടാകണമെന്ന് സൂചിപ്പിക്കുകയാണ്. കഴിഞ്ഞ ദിവസം ഒരു ചോദ്യത്തിന്റെ ഭാഗമായി ഉന്നയിച്ചൊരു വിഷയമാണിത്. ഉദ്യോഗസ്ഥതലത്തിൽ ഇതിന് കാലതാമസം വരുന്നൊരു സാഹചര്യമുണ്ട്. അവജ്ഞകൊണ്ടോ മറ്റോ പലപ്പോഴും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഈ പ്രവർത്തനത്തിന് തടസ്സം നിൽക്കുന്നൊരു സാഹചര്യമുണ്ട്. ഈ പദ്ധതിക്ക് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള സാങ്കേതിക പ്രശ്നങ്ങൾ നിലനിൽക്കുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമെന്നാണ് കരുതുന്നത്. ഉയരംകൂടിയ പ്രദേശങ്ങളിൽ ശുദ്ധജലമെത്തിക്കുന്നതിനുവേണ്ടി മൈക്രോ സ്കീമുകളാണ് നടപ്പാക്കുന്നത്. അത് നടപ്പാക്കുന്നതിന് ചെറിയ പ്രയാസങ്ങൾ ഇന്ന് നേരിടുന്നുണ്ട്. അത് ശാശ്വതമായി പരിഹരിക്കാൻ സമയബന്ധിതമായി ഇടപെട്ട് ഈ പദ്ധതി പൂർത്തീകരിക്കണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. 2018-ലെയും 2019-ലെയും പ്രളയത്തെ തുടർന്ന് നമ്മുടെ പുഴകളിലെല്ലാം ധാരാളം ചെളിവന്നടിഞ്ഞ് മൺതിട്ടകൾ രൂപപ്പെട്ടിരുന്നു. അതുമൂലംതന്നെ പുഴയുടെ ദിശമാറി ഒഴുകുന്ന സാഹചര്യവുമുണ്ടായിരുന്നു. അതെല്ലാം

സമയബന്ധിതമായി ഈ വർഷാരംഭത്തിനുമുമ്പുതന്നെ നീക്കംചെയ്യാൻ വകുപ്പ് എടുത്തിട്ടുള്ള ഏറ്റവും പ്രത്യേകമായിട്ടുള്ള പ്രവർത്തനത്തെ ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ്. കാർഷിക മേഖലയിൽ ഒന്നാം പിണറായി സർക്കാർ ആരംഭിച്ചുവച്ചിട്ടുള്ള നടപടികൾ ഏറ്റവും മികച്ച നിലയിൽ തുടർന്നുകൊണ്ടുപോകാൻ രണ്ടാം പിണറായി സർക്കാരിനും ബന്ധപ്പെട്ട വകുപ്പിനും മന്ത്രിക്കും സാധിക്കുന്നുണ്ട് എന്നുള്ളത് അഭിമാനകരമായ കാര്യമാണ്. ഇന്ന് ഈ ലോകത്ത് നെൽകൃഷിചെയ്യുന്ന നെൽവയൽ ഉടമകൾക്ക് റോയൽറ്റിയുള്ള ഏകസംസ്ഥാനം ഈ കേരളമാണെന്നുള്ളത് അഭിമാനകരമായുള്ള കാര്യമാണ്. 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്നുള്ള ക്യാമ്പയിൻ ഇന്ന് കേരളത്തിലെ ജനങ്ങൾ വലിയ സ്നേഹത്തോടുകൂടി ഏറ്റെടുക്കുന്ന കാഴ്ച നമുക്ക് കാണാൻ കഴിയും. ഇന്ന് രാജ്യത്ത് ഏറ്റവും കൂടുതൽ വിലകൊടുത്ത് നെല്ല് സംഭരിക്കുന്നത്, അതായത് 28 രൂപ 20 പൈസയ്ക്ക് നെല്ല് സംഭരിക്കുന്നത് നമ്മുടെ കൊച്ചുകേരളത്തിലാണ്. സപ്ലൈകോ മുഖാന്തരം 7.65 ലക്ഷം ടൺ നെല്ലാണ് ഈ വർഷം നമുക്ക് സംഭരിക്കാൻ കഴിഞ്ഞത്. 22515 ഹെക്ടർ തരിശ് നിലങ്ങളെ കൃഷിയോഗ്യമാക്കുന്നതിനുവേണ്ടി നമുക്ക് കഴിഞ്ഞിട്ടുണ്ടെന്നത്

അഭിമാനകരമാണ്. 'വിത്തുമുതൽ വിപണിവരെ' എന്നുള്ളത് വെറും ഒരു തലവാചകമല്ല, അത് പ്രാവർത്തികമാക്കേണ്ടതാണെന്ന് കൃഷിവകുപ്പ് അക്ഷരാർത്ഥത്തിൽ കാണിച്ചുകൊടുക്കുന്ന നടപടികളാണ് സ്വീകരിക്കുന്നത്. പതിനാറ് ഇനം പഴം-പച്ചക്കറികൾക്കാണ് താങ്ങുവില ഈ സർക്കാരിന്റെ കാലഘട്ടത്തിൽ നിശ്ചയിച്ചിട്ടുള്ളത്. എന്റെ മലയോര മേഖലയിൽ ധാരാളമായുണ്ടാകുന്ന വെള്ളരിക്കും, ഞാലിപ്പൂവൻതുടങ്ങിയ വാഴയ്ക്കും അതുപോലെ കിഴങ്ങുവർഗ്ഗങ്ങൾക്കുംകൂടി അടിസ്ഥാനവില നിർണ്ണയിക്കണമെന്ന് പ്രിയപ്പെട്ട കൃഷിവകുപ്പുമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു. പച്ചക്കറി ഉല്പാദനത്തിൽ 2015-16 കാലഘട്ടത്തിൽ 6.28 ലക്ഷം മെട്രിക് ടൺ ഉല്പാദനമാണ് ഉണ്ടായിരുന്നതെങ്കിൽ ഇപ്പോഴത് 16 ലക്ഷം മെട്രിക് ടൺ ഉല്പാദനത്തിലേയ്ക്ക് നീങ്ങി നമുക്ക് സ്വയംപര്യാപ്തതയുണ്ടാകുന്ന നിലയിലേയ്ക്ക് മാറുകയാണ്. 'കേരഗ്രാമം' പദ്ധതി - നമ്മുടെ കേരളം അറിയപ്പെടുന്നതുതന്നെ കേര നാട് എന്നാണ്. ആ 'കേരഗ്രാമം' പദ്ധതി, കേരളത്തിലെ കേര കർഷകരെ ഏറ്റവും മികച്ച നിലയിലേയ്ക്ക്, മുൻപന്തിയിലേയ്ക്ക് കൊണ്ടുവരാനാണ് നടപ്പാക്കിയത്. ഏറ്റവും മാതൃകാപരമായിത്തന്നെ ആ പദ്ധതി നടപ്പാക്കുകയാണ്. ഇത്തവണ 84

കേരഗ്രാമങ്ങളാണ് സംസ്ഥാനത്ത് നടപ്പാക്കുന്നത്. അതിലൊന്ന് തിരുവമ്പാടി നിയോജകമണ്ഡലത്തിലാണെന്നുള്ളത് അഭിമാനത്തോടുകൂടി ഈ അവസരത്തിൽ ഓർമ്മിപ്പിക്കുകയാണ്. നാളികേര കൃഷിക്കാരെ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് 32 രൂപ കൊടുത്ത് തേങ്ങ സംഭരിക്കാനുള്ള തീരുമാനം നമ്മുടെ സർക്കാർ സ്വീകരിച്ചത്. അതിൽ ഏറ്റവും മാതൃകാപരമായ പ്രവർത്തനം ഏറ്റെടുത്ത് നന്നായിത്തന്നെ പദ്ധതി നടപ്പാക്കാൻ കഴിയുന്നുണ്ട്. പക്ഷെ അതിലുള്ള ഒരു പോരായ്മ, ഒരു തെങ്ങിൽനിന്നും 50 തേങ്ങയെന്ന നിലയിലാണ് ഇപ്പോൾ സംഭരിക്കുന്നത്. അത് മതിയാകില്ല. മലയോര മേഖലപോലെയുള്ള മേഖലകളിൽ ഒരു തെങ്ങിൽനിന്ന് നൂറുമുതൽ ഇരുനൂറ് തേങ്ങവരെ ലഭിക്കുന്ന സാഹചര്യമുണ്ട്. ആ രൂപത്തിലേയ്ക്ക് ഈ പദ്ധതിയെ മാറ്റണം. അതുപോലെ വാഴക്കുല സംഭരിക്കുമ്പോഴും സമാനമായ സാഹചര്യമാണുള്ളത്. ഒരു വാഴയിൽനിന്ന് 12 കിലോ എന്ന നിലയിലാണ് സംഭരിക്കുന്നത്. പക്ഷെ മലയോര മേഖലയിലൊക്കെ പതിനെട്ടും ഇരുപത്തിയഞ്ചും കിലോ തൂക്കമുള്ള വാഴക്കുലയുണ്ടാകുന്നുണ്ട്. അതുകൊണ്ട് അതിന്റെ തൂക്കത്തിൽ വർദ്ധനവ് വരുത്തണമെന്നതാണ് അതുമായി ബന്ധപ്പെട്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഇൻഷ്വറൻസ് പദ്ധതി ഏറ്റവും മാതൃകാപരമായാണ് നടപ്പിലാക്കുന്നത്. പക്ഷെ ആ പദ്ധതിക്കും ചില പ്രയാസങ്ങൾ അതുമായി ബന്ധപ്പെട്ടുകൊണ്ട് നേരിടുന്ന സാഹചര്യമുണ്ട്. മലയോര മേഖലകളിലൊക്കെ ജിയോടാഗ് ചെയ്യുന്ന സമയത്ത് റെയിഞ്ചില്ലാത്ത പ്രശ്നമുണ്ടാകുന്നുണ്ട്. സമയബന്ധിതമായി ഇതിന്റെ വെരിഫിക്കേഷൻ നടത്താൻ കഴിയാത്ത പ്രശ്നങ്ങളുണ്ട്. അഞ്ച് ദിവസംകൊണ്ട് ഫീൽഡ് വെരിഫിക്കേഷൻ പൂർത്തീകരിക്കണമെന്നാണ് നമ്മൾ പറഞ്ഞിട്ടുള്ളത്. പക്ഷെ പ്രകൃതി ക്ഷോഭമുണ്ടാകുമ്പോൾ കൂടുതൽ അപേക്ഷകൾ വരുന്ന സാഹചര്യത്തിൽ അഞ്ച് ദിവസംകൊണ്ട് വെരിഫിക്കേഷൻ പൂർത്തീകരിക്കാൻ കഴിയില്ല. പ്രത്യേകിച്ച് നാണ്യവിളകൾക്കൊക്കെ കുറച്ചുദിവസംകൂടി നീട്ടികൊടുക്കാനുള്ള ഒരു നടപടി സ്വീകരിക്കണമെന്നുള്ളതാണ് അതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. മറ്റൊരുകാര്യം, ഇൻഷ്വറൻസ് തുകയുടെ പോരായ്മയാണ്. തെങ്ങിന് 200 രൂപ, കമുകിന് 300 രൂപ, ജാതിക്കയ്ക്ക് 800 രൂപ, കുരുമുളകിന് 150 രൂപ, വാഴയ്ക്ക് 100 രൂപ, റബ്ബറിന് 300 രൂപ എന്നനിലയിലാണ് നമ്മളിപ്പോൾ സഹായം കൊടുത്തുകൊണ്ടിരിക്കുന്നത്. സമയബന്ധിതമായി സഹായം കൊടുക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലുണ്ടാകുന്ന

വലിയ ദുരിതം ഒന്ന് ആലോചിച്ച് നോക്കേണ്ടതാണ്. നമ്മുടെയൊക്കെ മേഖലയിലൊരു തെങ്ങ് കായ്ക്കണമെങ്കിൽ അതിനെ എട്ട് വർഷം പരിപാലിക്കണം, ഒരു മനുഷ്യന്റെ കഠിനാദ്ധ്വാനം മുഴുവൻ ആ ഭൂമിയിൽ ചെലവഴിക്കണം. പ്രകൃതിക്ഷോഭങ്ങളുടെ ഭാഗമായിട്ടോ വന്യമൃഗങ്ങളുടെ ആക്രമണത്തിന്റെ ഭാഗമായോ കൃഷിനാശം സംഭവിച്ചാൽ തക്കതായ നഷ്ടപരിഹാരം കൊടുക്കാൻ കഴിയുന്നില്ല. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും പ്രത്യേകശ്രദ്ധ അതിൽ കൊടുത്ത് ആവശ്യമായ രീതിയിൽ വില വർദ്ധിപ്പിക്കാൻ തീരുമാനമെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മലയോര മേഖലയിലെ കർഷകരുടെ സ്ഥിതി അതീവ ദയനീയമായാണ് മുന്നോട്ടുപോകുന്നത്. കഴിഞ്ഞ ദിവസം എന്റെ നാട്ടിൽ കാട്ടാനയുടെ ആക്രമണമുണ്ടായതിനെത്തുടർന്ന് കൃഷിയിടങ്ങൾ സന്ദർശിക്കാൻവേണ്ടി പോകുന്ന സാഹചര്യമുണ്ടായി. വനത്തോട് ചേർന്നുകിടക്കുന്ന അഞ്ചും പത്തും ഏക്കർ സ്ഥലം കാടുപിടിച്ചികിടക്കുന്ന കാഴ്ചയാണ് കണ്ടത്. കാട്ടാനയെ ഓടിക്കാൻ കഴിയുന്നില്ല, ഈ കാട്ടിൽതന്നെ മാറിനിൽക്കുകയാണെന്നാണ് ഫോറസ്റ്റുകാർ പറയുന്നത്. എന്തുകൊണ്ടാണ്

കാട് വെട്ടിക്കാത്തതെന്ന് കൃഷിയുടമകളെ വിളിച്ച് ചോദിക്കുമ്പോൾ അഞ്ചും പത്തും ഏക്കറുകളുള്ള മലയോര മേഖലയിലെ കർഷകൻ പറയുന്നത് എനിക്ക് കാട് വെട്ടാൻ കഴിയുന്നൊരു വരുമാന സ്ഥിതിയില്ലെന്നും ഇപ്പോൾ ഞാൻ കൂലിപ്പണിക്ക് പോകുകയുമാണെന്നാണ് പറയുന്നത്. അത്തരത്തിൽ കർഷകന്റെ ദയനീയ സ്ഥിതിയാണ് നമുക്ക് അവിടെ കാണാൻ കഴിയുന്നത്. സ്വാഭാവികമായും ഇത്തരം വനമേഖലകളിൽ കൃഷിയിടങ്ങൾ കാട് പിടിച്ചുകിടക്കുന്നത് വെട്ടി തെളിക്കുന്നതിനുവേണ്ടി നേരത്തെ തൊഴിലുറപ്പ് പദ്ധതിയുണ്ടായിരുന്നു; പക്ഷേ ഇപ്പോൾ അതില്ല. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, കൃഷി, വനം എന്നീ വകുപ്പുമന്ത്രിമാരുടെ നേതൃത്വത്തിൽ ഇത്തരം മേഖലകളിൽ കാടുവെട്ടി തെളിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് ഈ അവസരത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്.

മറ്റൊന്ന്, ഇന്ന് കേരളത്തിൽ വലിയ വിഷയമായി വരാൻ പോകുന്ന കേന്ദ്ര സർക്കാരിന്റെ തെറ്റായ നിലപാടാണ് അരി, ഗോതമ്പ്, പയറുവർഗ്ഗങ്ങൾ തുടങ്ങിയവയ്ക്ക് 5 ശതമാനം നികുതി വർദ്ധിപ്പിക്കാൻ പോകുന്നത്. സ്വാഭാവികമായും കേരളത്തിൽ വീണ്ടും വില വർദ്ധനവ്

വരികയാണ്. നമ്മുടെ സംസ്ഥാനത്ത് വില പിടിച്ചുനിർത്താനുള്ള കഠിനമായ പരിശ്രമം സംസ്ഥാന സർക്കാർ നടത്തുമ്പോഴും കേന്ദ്രസർക്കാരിന്റെ തെറ്റായ നയങ്ങളുടെ ഭാഗമായി വില വർദ്ധനവ് അനുദിനം വർദ്ധിച്ചുവരുന്നത് നമുക്ക് വലിയ പ്രതിസന്ധിയുണ്ടാക്കുകയാണ്. കേരളത്തിലെ ജനങ്ങൾക്കൊപ്പം ഏത് പ്രതിസന്ധിഘട്ടത്തിലും നിൽക്കുന്ന കേരള സർക്കാരിനെ ഇകഴ്ത്തികാട്ടാൻവേണ്ടിയിട്ടുള്ള ബോധപൂർവ്വമായ പരിശ്രമം ചില മാധ്യമങ്ങൾ നടത്തുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കേന്ദ്ര മന്ത്രിയായിട്ടുള്ള ശ്രീ. അനുരാഗ് സിംഗ് ഠാക്കൂർ മാധ്യമ മേധാവികളുമായൊരു യോഗം കോഴിക്കോട് ചേരുകയുണ്ടായി. വരാൻ പോകുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ വിവിധങ്ങളായ സീറ്റുകൾ നേടുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ കൊടുത്തുവെന്നാണ് മനസ്സിലാകുന്നത്. അതിന്റെ ഭാഗമായി കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റിനെ അസ്ഥിരപ്പെടുത്തുന്ന വാർത്തകൾ ദൈനംദിനം കൊടുക്കുകയാണ്. വിശപ്പടക്കാൻ കഴിയാതെ മഞ്ഞത്തോട് ആദിവാസി കോളനിയിലെ ഓമന എന്ന സഹോദരി ചക്ക തിന്നുന്നുവെന്ന വാർത്ത കൊടുത്ത് കേരളത്തിലൊരു നുണ പ്രചരിപ്പിക്കുകയാണ്. അന്വേഷണത്തിന്റെ റിപ്പോർട്ട് പുറത്തുവന്നപ്പോൾ അവിടെ ധാരാളം

ധാന്യങ്ങളുണ്ടെന്ന് നമുക്ക് കാണാൻ കഴിഞ്ഞിരുന്നു. പക്ഷെ ഒരു നുണ പുറത്തേയ്ക്ക് കൊണ്ടുവരികയാണ് ചെയ്തത്.

പഞ്ചായത്ത് ജീവനക്കാരന് ശമ്പളമില്ല, അദ്ദേഹം കൂലിപ്പണിക്ക് പോകുന്നുവെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുതന്നെ തെറ്റായ വാർത്ത ഉയർത്തിപിടിച്ചുകൊണ്ട് ഈ സഭയിൽ പ്രസംഗിക്കുകയാണ്. ഇത്തരത്തിൽ അടിസ്ഥാനരഹിതമായ വാർത്ത കൊടുക്കുകയാണ്. കേരളത്തിലെ ഗവൺമെന്റിനെ അസ്ഥിരപ്പെടുത്തുകയെന്നതാണ് മാധ്യങ്ങളുടെ ലക്ഷ്യം.

കേരളത്തിലെ ഏറ്റവും മാതൃകാപരമായ പദ്ധതിയാണ് കെ-ഫോൺ. ആ പദ്ധതിക്ക് ഐ.എസ്.പി. ലൈസൻസ് കിട്ടിയപ്പോൾ വാർത്ത കൊടുക്കാൻ കേരളത്തിലെ മാധ്യമങ്ങൾ തയ്യാറാകുന്നില്ല. ലോകത്തിൽ കണ്ടിരിക്കേണ്ട 50 സ്ഥലങ്ങളിലൊന്നായി കേരളത്തെ അടയാളപ്പെടുത്തുമ്പോൾ അത് കാണാനും മാധ്യമങ്ങൾ തയ്യാറായില്ല. മറിച്ച് ആദിവാസികളുടെ ഭൂമി കയ്യേറി അവിടെയുണ്ടായിരുന്ന കുടിലുകൾ കത്തിച്ച പ്രതിയെ പോലീസ് അറസ്റ്റ് ചെയ്യുമ്പോൾ മുഖ്യമന്ത്രിയുടെ ഗൂഢാലോചനയാണോയെന്ന് ചോദിക്കുന്ന നിലയിലേയ്ക്ക് മാധ്യമങ്ങൾ തരം താഴ്ന്നുപോകുന്ന അവസ്ഥയാണ് ഇവിടെയുണ്ടാകുന്നത്. ആ വാർത്തകൾ

പൊക്കിപിടിച്ചുകൊണ്ടുവന്ന് സഭയിൽ വലിയ പ്രക്ഷോഭം നടത്താൻവേണ്ടിയാണ് പ്രതിപക്ഷം തയ്യാറാകുന്നത്. ഞാൻ നേരത്തെ സൂചിപ്പിച്ച, ആർ.എസ്.എസ്.-ന്റെ അജണ്ട നടപ്പിലാക്കാൻ മാധ്യമങ്ങളെ കൂട്ടുപിടിക്കുമ്പോൾ...

മി. ചെയർമാൻ: യെസ്.... അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. ലിന്റോ ജോസഫ്: സർ, ആ മാധ്യമങ്ങളെ കൂട്ടുപിടിച്ചുകൊണ്ട് ആർ.എസ്.എസ്.-ന്റെ അജണ്ട സഭയിൽ നടപ്പിലാക്കാനാണ് പ്രതിപക്ഷം തയ്യാറാകുന്നതെന്നുള്ളതാണ് മനസ്സിലാക്കാൻ കഴിയുന്നത്. അതിന്റെ ഭാഗമായി ദൂരവ്യാപകമല്ലാത്ത പ്രത്യാഘാതമുണ്ടാകുമെന്നുമാത്രം പ്രതിപക്ഷത്തോട് സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ ജീവൻ നിലനിർത്താൻ ഏറ്റവും അത്യന്താപേക്ഷിതമായ മൂന്നുകാര്യങ്ങൾ വായുവും വെള്ളവും ഭക്ഷണവുമാണ്. ഇതിൽ വായുവിന് പ്രത്യേകിച്ച് വകുപ്പും മന്ത്രിയും നിലവിലെ സാഹചര്യത്തിൽ ആവശ്യമില്ല. വെള്ളവും ഭക്ഷണവുമായി

ബന്ധപ്പെട്ട രണ്ട് വകുപ്പുകളുടെ ധനാഭ്യർത്ഥനകളാണ് ഇന്നിവിടെ ചർച്ച ചെയ്യപ്പെടുന്നത്. ഈ സന്ദർഭത്തിൽ ഈ രണ്ടുകാര്യങ്ങളിലും നാളിതുവരെ കൈവരിച്ച നേട്ടങ്ങളെല്ലാം ബഹുദൂരം മുന്നോട്ടുനയിക്കാൻ പര്യാപ്തമായ നിലയിൽ സമ്പൂർണ്ണതയും സമഗ്രതയും മുന്നിൽവച്ചുകൊണ്ടുള്ള പ്രവർത്തനം ഈ രണ്ടു വകുപ്പുകളും ആവിഷ്കരിക്കുന്നുവെന്ന് ചൂണ്ടികാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ജലജീവൻ മിഷന്റെ പ്രവർത്തനങ്ങളിലൂടെ ജലവിഭവ വകുപ്പ് കേരളത്തിലെ എഴുപത് ലക്ഷം കുടുംബങ്ങളിലും കുടിവെള്ളമെത്തിക്കാനുള്ള ചരിത്രപരമായ നേട്ടത്തിലേയ്ക്കുള്ള യാത്രയിലാണ്. കൃഷി വകുപ്പിന്റെ 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്നുള്ള ഏറ്റവും അത്യുജ്ജ്വലമായൊരു പ്രവർത്തന കർമ്മപരിപാടിയിലൂടെ ഈ നാടിനെയാകെ ഭക്ഷ്യസുരക്ഷയിലേയ്ക്കും സുരക്ഷിതമായ ഭക്ഷ്യസംസ്കാരത്തിലേയ്ക്കും കർഷകന് വരുമാനത്തിലേയ്ക്കും എത്തിച്ചേർക്കാനുള്ള ദിശാബോധമുള്ള സമ്പൂർണ്ണവും സമഗ്രവുമായ പദ്ധതികൾ ഇവിടെ ആവിഷ്കരിക്കപ്പെട്ട്, വിജയകരമായി തുടക്കംക്കുറിച്ച് നല്ല നിലയിൽ മുന്നോട്ടുപോകുകയാണ്. ഈ രണ്ടുവകുപ്പുകളുടെയും പ്രവർത്തനത്തെ അങ്ങേയറ്റം അഭിനന്ദിക്കാൻ ഈ സന്ദർഭം ഞാൻ

വിനിയോഗിക്കുകയാണ്. ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങളൊക്കെ എത്രയോ ശ്രദ്ധേയമാണെന്ന് എല്ലാവരും അംഗീകരിക്കുന്നതാണ്.

സംസ്ഥാനത്തിന്റെ തീരദേശത്ത് കാലങ്ങളായി കടലാക്രമണത്താൽ ദുരിതം പേറിയിരുന്ന ചെല്ലാനംപോലുള്ള ഏകദേശം 60-65 കിലോമീറ്റർ പ്രദേശങ്ങളിൽ സംരക്ഷണത്തിന്റെ കവചമൊരുക്കാൻ ഈ ഗവൺമെന്റിനും ജലവിഭവ വകുപ്പിനും ചുരുങ്ങിയ സമയംകൊണ്ട് കഴിഞ്ഞിരിക്കുന്നു. കേരളം ഇന്നൊരു സുരക്ഷിതതീരമായി മാറുന്നു. അതാണ് തീരദേശ സംരക്ഷണവുമായി ബന്ധപ്പെട്ടുവരുന്നതെങ്കിൽ ജലജീവൻ മിഷന്റെ കാര്യമിവിടെ സൂചിപ്പിച്ചു. ഞാൻ മനസ്സിലാക്കുന്നത് ഈ ഗവൺമെന്റ് വന്നതിനുശേഷം മുമ്പുണ്ടായിരുന്ന പത്തുലക്ഷം കണക്ഷൻ കൂടാതെ ഒരു വർഷംകൊണ്ട് പതിനേഴ് ലക്ഷം ഗാർഹിക കണക്ഷനുകൾ നൽകാൻ കഴിഞ്ഞു. അതിവേഗം സമ്പൂർണ്ണതയിലേയ്ക്ക് അതായത് എഴുപത് ലക്ഷം കുടുംബങ്ങളിലേയ്ക്ക് കുടിവെള്ളമെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ശ്രദ്ധേയമായി നടന്നുകൊണ്ടിരിക്കുന്നു. അതുമായി ബന്ധപ്പെട്ട് മുൻപ്രാസംഗികർ ചൂണ്ടിക്കാണിച്ചതുപോലെതന്നെ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾക്ക് വകയിരുത്തേണ്ട ശതമാനത്തിന്റെ കാര്യത്തിൽ വകുപ്പിന്റെ സഹായമുണ്ടാകണം. പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അവർക്ക് നീക്കി വച്ചിരിക്കുന്ന പതിനഞ്ച് ശതമാനം വകയിരുത്താൻ കഴിയാത്തൊരു സാഹചര്യമുണ്ട്.

സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് ഫെയർവാല്യുവിന്റെ കൂടെ അധികമായി മുപ്പതുശതമാനം പരമാവധി നൽകാമെന്നാണ് ഇപ്പോൾ വച്ചിരിക്കുന്ന നിബന്ധന. പക്ഷേ ഫെയർ വാല്യൂ പലയിടത്തും മുൻകാലത്ത് നിശ്ചയിച്ചതും മാർക്കറ്റ് വാല്യൂവുമായി പൊരുത്തപ്പെടാത്തതുമായതുകൊണ്ട് 30 ശതമാനമെന്നത് 50 ശതമാനമാക്കിയെങ്കിലും വർദ്ധിപ്പിച്ചാൽ മാത്രമേ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ജലജീവൻ മിഷന്റെ പ്രവർത്തനത്തിനാവശ്യമായ പമ്പ് ഹൗസും ടാങ്കും ട്രീറ്റ്മെന്റ് പ്ലാന്റുമൊക്കെ സ്ഥാപിക്കാൻ സ്ഥലമേറ്റെടുപ്പ് നടത്താൻ കഴിയുകയുള്ളൂ.

അതുപോലെ വാട്ടർ അതോറിറ്റി ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന അദാലത്ത് ഏറ്റവും അഭിനന്ദനാർഹമാണ്. അത് ഏറ്റവും കാര്യക്ഷമമായി നടത്തിയാൽ കുടിശ്ശികകളാകെ പരിഹരിക്കാൻ കഴിയും. അതുപോലെ ശുദ്ധജലത്തിലെ കോളിഫോം ബാക്ടീരിയയുടെ അളവടക്കം

പരിശോധിക്കുന്നതിനുള്ള ലാബുകൾ കൂടുതൽ വ്യാപിപ്പിക്കണം. ജലം മലിനീകരിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ശുദ്ധജലമുറപ്പാക്കാൻ പരിശോധനാ ലാബുകൾ കൂടുതൽ വ്യാപകമാക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. ജലവിഭവ വകുപ്പ് നടത്തുന്ന നദിശുചീകരണമടക്കമുള്ള പ്രവർത്തനങ്ങളെ ശ്ലാഘിക്കുന്നു. കൃഷിവകുപ്പ് കാർഷിക മേഖലയിലെ യന്ത്രവത്ക്കരണത്തിന് കൂടുതൽ ഊന്നൽ നൽകണം. കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ കൃഷി വലിയൊരളവിൽ പ്രതിസന്ധിയിലാകുമ്പോൾ മാറുന്ന കാലാവസ്ഥയുടെ സ്ഥിതിഗതികൾ വിലയിരുത്തി അതിനനുസൃതമായി ആവശ്യമായ ആധുനിക സാങ്കേതിക സഹായത്തോടും പിന്തുണയോടുംകൂടിയുള്ള കാർഷിക രീതികളും സമീപനങ്ങളും അവലംബിക്കാൻ കർഷകരെ പ്രാപ്തരാക്കുന്ന വിധത്തിൽ കൃഷി വകുപ്പ് ഇടപെടണമെന്ന് അഭ്യർത്ഥിക്കുകയാണ്. 'സുഭിക്ഷ കേരളം' അടക്കമുള്ള പദ്ധതികൾ ഏറ്റവും മാതൃകാപരമായി നടത്തുന്നതിന് പ്രത്യേകം അഭിനന്ദിക്കുന്നു. ഒരു കാര്യംകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്, കേന്ദ്ര ഗവൺമെന്റ് കുറെയേറെ വാക്കുകൾ നിരോധിച്ചൊരു സംഭവം നമ്മൾ അറിയുകയുണ്ടായി. തീർച്ചയായും ഫാസിസം അതിന്റെ വിശ്വരൂപം

കാണിക്കുന്നതിന്റെ ലക്ഷണങ്ങളിലെ ഏറ്റവും അപലപനീയമായൊരു കാര്യത്തിലേയ്ക്ക് എതിർക്കുന്നതും വിമർശിക്കുന്നതും ഒട്ടും ഉൾക്കൊള്ളാതെ അസഹിഷ്ണുതയുടെ.....

<u>മി. ചെയർമാൻ</u>: യെസ്...... അങ്ങ് അവസാനിപ്പിക്കണം.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: ഏറ്റവും വലിയൊരു മൂർദ്ധന്യരൂപമായി മാറുന്നു. ഇന്ന് രാഷ്ട്രപതി തെരഞ്ഞെടുപ്പ് നടക്കുകയാണ്. നമ്മളിൽ പലരും വോട്ട് ചെയ്തിട്ടുണ്ട്. ഇനി വോട്ട് ചെയ്യാനുള്ളവരുമുണ്ട്. ഇത്തരം ഫാസിസ്റ്റ് നയങ്ങൾക്കെതിരായിട്ടുള്ള ഈ രാജ്യത്തിന്റെ പ്രതിഷേധം അവിടെ പ്രകടിതമാകുമെന്ന് പ്രത്യാശിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ജലവിഭവ വകുപ്പിന്റെയും കൃഷി വകുപ്പിന്റെയും എല്ലാ പ്രവർത്തനങ്ങളെയും വളരെ സമഗ്രതയിലേയ്ക്കും ഭക്ഷ്യസുരക്ഷിതത്വത്തിലേയ്ക്കും ജലത്തിന്റെ സമ്പൂർണ്ണ കുടിവെള്ളമെത്തിക്കലിലേയ്ക്കും നടത്തുന്ന ശ്ലാഘനീയവും മാതൃകാപരവുമായ പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയും ആത്മാർത്ഥമായി പിന്തുണയ്ക്കുകയും ചെയ്തുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ സർവ്വാത്മനാ പിന്തുണയ്ക്കുന്നതായി അറിയിച്ച് എന്റെ വാക്കുകൾ ഞാൻ ഉപസംഹരിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഇവിടെ ഭരണ പ്രതിപക്ഷ എം.എൽ.എ.-മാർ ഈ ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്തപ്പോൾ പറഞ്ഞ പ്രധാനപ്പെട്ട വിഷയങ്ങളിലൊന്ന് ജലജീവൻ മിഷനുമായി ബന്ധപ്പെട്ട് ഏറ്റെടുക്കേണ്ട സ്ഥലങ്ങളെ സംബന്ധിച്ചുള്ള പ്രശ്നങ്ങളാണ്. ഈ സ്ഥലങ്ങൾ പൂർണ്ണമായും പഞ്ചായത്ത് ഏറ്റെടുത്ത് കൊടുക്കണമെന്നുള്ളതാണ്. അതിന്റെ പ്രായോഗിക ബുദ്ധിമുട്ട് എന്താണെന്ന് അങ്ങേയ്ക്കുതന്നെ അറിയാവുന്നതാണ്. കഴിഞ്ഞ നിയമസഭാ ചോദ്യോത്തരവേളയിൽ സാമൂഹികമായ ഇടപെടലുകളിലൂടെ സ്ഥലം കണ്ടെത്തണമെന്ന നിർദ്ദേശമാണ് അങ്ങ് മുന്നോട്ടുവച്ചത്. പല പഞ്ചായത്തുകൾക്കും സ്ഥലം കണ്ടെത്താനുള്ള ഒട്ടനവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട്. പതിവായി റിവ്യൂ മീറ്റിംഗുകൾ നടത്തുന്നുണ്ട്. വ്യവസായ വകുപ്പുമന്ത്രി എറണാകുളം ജില്ലയിൽ ജലജീവൻ മിഷനുകളുടെ റിവ്യൂ മീറ്റിംഗ് നടത്തി. അന്നെടുത്ത പ്രധാനപ്പെട്ട തീരുമാനം, ഭൂമി ലഭ്യമായ വർക്കുകൾ ടെണ്ടർ ചെയ്യണമെന്നാണ്. അദ്ദേഹം തീരുമാനമെടുത്ത് പത്ത് ദിവസം പിന്നിട്ടിട്ടും അതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അതായത് ഭൂമി ലഭ്യമായ സ്ഥലങ്ങളിൽപോലും ടെണ്ടർ നടപടികളിലേയ്ക്ക് നീങ്ങാൻ

ഡിപ്പാർട്ടുമെന്റിന് സാധ്യമായിട്ടില്ലെന്നുള്ളതാണ്. ഭൂമി ഏറ്റെടുക്കുന്ന കാര്യത്തിലും സർക്കാരിന്റെ ഇടപെടലുണ്ടാകണം. അതിന് കളക്ടർമാർക്ക് കർശന നിർദ്ദേശം നൽകണം. കളക്ടർമാരോട് സംസാരിക്കുമ്പോൾ വ്യക്തമായ മറുപടിയോ തീരുമാനമോ അവർക്ക് എടുക്കാൻ സാധിക്കുന്നില്ലെന്നതാണ്. ജലജീവൻ മിഷൻവഴി ഗ്രാമീണമേഖലയിലെ എല്ലാ പ്രദേശങ്ങളിലും വെള്ളമെത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചുവെന്ന് നിങ്ങൾ സംസാരിക്കുമ്പോഴും അവകാശപ്പെടുമ്പോഴും അതിന്റെ തുടർനടപടികൾ കൃത്യതയോടെ ഉണ്ടാകണമെന്നാണ് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്.

എന്റെ നിയോജകമണ്ഡലത്തിലെ, ഡിപ്പാർട്ടുമെന്റിന്റെ കെടുകാര്യസ്ഥതയെക്കുറിച്ചൊരു പ്രധാനപ്പെട്ട വിഷയം അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. അഞ്ചൽപ്പെട്ടി-പാമ്പാക്കട റോഡ് സ്ഥിരമായി പൈപ്പ് പൊട്ടുന്ന പ്രദേശമാണ്. ആ പ്രദേശത്തെ പൈപ്പ് ലൈൻ മാറ്റുന്നതിനുവേണ്ടി ഞാൻ ഇടപെട്ട് ഒരു വർഷംമുൻപ് തുക അനുവദിച്ചു. പക്ഷേ ടെണ്ടർ ചെയ്യുന്നതിനുവേണ്ടി വാട്ടർ അതോറിറ്റി എം.ഡി. ഓഫീസിൽ ചെന്നപ്പോൾ അതിന് അനുമതി നിഷേധിക്കുന്ന

സാഹചര്യമാണുണ്ടായത്. അതിന് കാരണം പറഞ്ഞത്, ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊള്ളാനാണ്. ഈ പൈപ്പ് സ്ഥിരമായി പൊട്ടുന്നതുകൊണ്ടാണ് ഞാൻ ഇടപെട്ട് കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് തുക അനുവദിപ്പിച്ചത്. പക്ഷേ ടെണ്ടർ ചെയ്യാൻ അനുവദിക്കുന്നില്ല. ആ പൈപ്പ് പൊട്ടി വീണ്ടും വലിയ ഗർത്തമുണ്ടായി. അവിടെ അഞ്ച് കോടി രൂപ ചെലവഴിച്ചുകൊണ്ട് റീ-ടാറ് ചെയ്ത റോഡ് മുഴുവൻ തകർന്നിരിക്കുകയാണ്. ഡിപ്പാർട്ടുമെന്റിന്റെ കെട്ടുകാര്യസ്ഥത കാരണമുണ്ടായ ദുരനുഭവം അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതാണ്. ആ തുക അവിടെ ലഭ്യമായിരുന്നെങ്കിൽ ഒരുപക്ഷെ ആ പൈപ്പ് ലൈൻ മാറ്റി, പ്രശ്നമുണ്ടാകുമായിരുന്നില്ല. കോ-ഓർഡിനേഷന്റെ വലിയൊരു അഭാവം അവിടെയുണ്ടെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

2018-ലെ പ്രളയത്തിനുശേഷം മൂവാറ്റുപുഴ ആറിന്റെ തീരം സംരക്ഷിക്കുമെന്നത്, ഞാൻ നിയമസഭയിൽ ഉന്നയിച്ചതിന് നൽകിയ മറുപടികളിൽ ഒന്നാണ്. പക്ഷേ 50 ശതമാനം തീരംപോലും ഇപ്പോഴും സംരക്ഷിക്കപ്പെട്ടിട്ടില്ല. മേജർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന് ഫണ്ടിന്റെ

അപര്യാപ്തതയാണെന്നാണ് അക്കാര്യത്തിൽ സൂചിപ്പിക്കുന്നത്. അതിലൊരു ഒരിടപെടൽ വേണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

കൃഷിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രധാനമായി വരുന്നത് കൃഷിനാശം സംബന്ധിച്ച പ്രശ്നങ്ങളാണ്. കൃഷിനാശമുണ്ടാകുമ്പോൾ മതിയായ തുക കൃത്യമായി നൽകാൻ സർക്കാരിന് സാധിക്കുന്നില്ല. കൂടുതൽ തുക ബഡ്ജറ്റിൽ ആവശ്യപ്പെടുന്നുവെന്നാണ് അങ്ങ് മറുപടിയായി നൽകിയിട്ടുള്ളത്. ആവശ്യമായ തുക ലഭ്യമാകുന്നില്ലായെന്നത് ഒരു വസ്തുത തന്നെയാണ്. നിങ്ങൾ നൽകുന്ന ദുരിതാശ്വാസ ധനസഹായ നിരക്കുകളിൽ, കാറ്റത്തും മറ്റും നശിച്ചുപോയ കുലച്ച ഒരു വാഴയ്ക്ക് 100 രൂപയും കുലയ്ക്കാത്ത ഒരു വാഴയ്ക്ക് 75 രൂപയുമാണ് നഷ്ടപരിഹാരമായി നൽകുന്നത്. കുലയ്ക്കാത്ത വാഴ എന്നുപറയുമ്പോൾ ചിലപ്പോൾ അത് കുലയ്ക്കാൻ നിൽക്കുന്നതായിരിക്കും, പക്ഷേ അത് വീണുകഴിഞ്ഞാൽ 75 രൂപയേ നൽകുകയുള്ളൂ. ഇതുസംബന്ധിച്ച കാര്യങ്ങൾ അങ്ങ് മറുപടിയിൽ പറയുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനകത്ത് അശാസ്ത്രീയമായ പല നടപടികളുമുണ്ട്. ജാതിക്കായെ സംബന്ധിച്ചും ഇതേ അവസ്ഥയാണുള്ളത്. ഇവിടെ മഴയെ ആശ്രയിച്ച് കൃഷി ചെയ്യുന്നതും ജലസേചനത്തെ ആശ്രയിച്ച് കൃഷി

ചെയ്യുന്നതിനുമുള്ള നഷ്ടപരിഹാരത്തുക വ്യത്യസ്ത നിരക്കുകളിലാണ് കൊടുക്കുന്നത്. ഇത് പലപ്പോഴും അവ്യക്തതയും അശാസ്ത്രീയവുമാണ്. അതിന് കാലോചിതമായി മാറ്റം കൊണ്ടുവരണം. അതോടൊപ്പം ഇതിന്റെ നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കാനുള്ള നടപടിയുണ്ടാകണം. അങ്ങ് പറയുമ്പോൾ, രാജ്യത്ത് ഏറ്റവും ഉയർന്ന വില ഇവിടെയാണ് കൊടുക്കുന്നതെന്ന് പ്രഖ്യാപിക്കാം. ഇന്നത്തെ ഉല്പാദചെലവ് കണക്കാക്കിക്കൊണ്ട് കാലോചിതമായി വർദ്ധനവുണ്ടാകണമെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. നഷ്ടപരിഹാരത്തുക നാമം മാത്രമാണെന്ന് അങ്ങേയ്ക്ക് അറിയാം. കഴിഞ്ഞ ദിവസങ്ങളിൽ കുത്താട്ടുകുളം, മൂവാറ്റുപുഴ താലൂക്കുകളിലെ വിവിധ പ്രദേശങ്ങളിൽ വലിയ രീതിയിലുള്ള കൃഷിനാശമാണുണ്ടായിരിക്കുന്നത്. അതിന്റെ റിപ്പോർട്ടിംഗ് കൃത്യമായ രീതിയിൽ നൽകാനും ആ റിപ്പോർട്ടിംഗിന്റെ അടിസ്ഥാനത്തിൽ യഥാസമയം നഷ്ടപരിഹാരം കൊടുക്കാനുമുള്ള നടപടികളുണ്ടാകണം. ഹോർട്ടികോർപ്പിനെ സംബന്ധിച്ചുള്ള ആക്ഷേപം തുടരെത്തുടരെ വന്നുകൊണ്ടിരിക്കുന്നു. അനവധി സാമാജികർ ഇതിനുമുമ്പും ഇക്കാര്യം നിരവധി തവണ സൂചിപ്പിച്ച കാര്യമാണ്. ഹോർട്ടികോർപ്പിന്

തമിഴ്നാട്ടിൽനിന്നും പച്ചക്കറി സംഭരിക്കാനുള്ള അനുമതി സർക്കാർ നൽകിയിട്ടുണ്ടോ; അങ്ങ് വ്യക്തമാക്കേണ്ട വിഷയമാണിത്. ഹോർട്ടികോർപ്പ് സംഭരിച്ച പച്ചക്കറികൾക്കുള്ള തുക നൽകാൻ കാലതാമസമുണ്ടാകുന്നുവെന്നത് തുടരെ വരുന്ന ആക്ഷേപങ്ങളിലൊന്നാണ്. സംഭരിക്കുന്നില്ലായെന്നതും തമിഴ്നാട്ടിൽനിന്ന് ഇത് സംഭരിച്ചുകൊണ്ടുവരുന്നുവെന്നുള്ളതും മറ്റൊരു വിഷയമായി നമ്മുടെ മുന്നിൽ നിൽക്കുകയാണ്. നെൽക്കൃഷി അടക്കമുള്ള കാര്യങ്ങൾക്ക് കൂടുതൽ ഇടപെടൽ ആവശ്യമാണെന്ന അഭിപ്രായം തന്നെയാണ് എനിക്കുള്ളത്. നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കേണ്ട സന്ദർഭമുണ്ട്. നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതോടൊപ്പം നെല്ലിന്റെ സംഭരണ വിലയും വർദ്ധിപ്പിക്കേണ്ടതുണ്ട്. ഒരു പ്രായോഗികമായ സമീപനം ഗവൺമെന്റ് ഇക്കാര്യങ്ങളിൽ സ്വീകരിക്കണമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. വിവിധ പാടശേഖരങ്ങളുടെ നവീകരണത്തിന് കൂടുതൽ പരിഗണന ഗവൺമെന്റ് നൽകണം. നെൽക്കൃഷി കൂടുതൽ വ്യാപിപ്പിക്കാനും കർഷകരെ ചേർത്തുനിർത്തുവാനുമുള്ള സാഹചര്യങ്ങളുണ്ടാകണമെന്നും ഈ

ധനാഭ്യർത്ഥനകളിലൂടെ സൂചിപ്പിക്കുന്നു. ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, കൃഷി, ജലസേചനം, ശുദ്ധജലവിതരണം എന്നീ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണയ്ക്കുന്നു. രാജ്യത്തെ ജനസംഖ്യയിൽ 50 ശതമാനം പേരും കാർഷികവൃത്തി ആശ്രയിക്കുന്നവരാണ്. 1991 മുതൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ നരസിംഹ റാവുവും ശ്രീ. മൻമോഹൻസിംഗും നടപ്പിലാക്കിയ ഉദാരവൽക്കരണ നയങ്ങളുടെ ഫലമായി കർഷക ജീവിതം ദുരിതകയത്തിലായി. കഴിഞ്ഞ മൂന്ന് ദശകങ്ങൾക്കിടയിൽ ഏകദേശം നാലുലക്ഷം കർഷകർ ആത്മഹത്യചെയ്തിട്ടുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 1991-നുശേഷം കേന്ദ്ര ബഡ്ജറ്റിൽ കാർഷിക മേഖലയ്ക്കുള്ള വിഹിതം പടിപടിയായി കുറച്ചുവരികയാണ്. നമ്മുടെ രാജ്യത്തെ കാർഷികോല്പാദനത്തിൽ ഭക്രാനങ്കൽ പോലുള്ള വൻകിട ജലസേചന പദ്ധതികൾ വലിയ പങ്കുവഹിച്ചിട്ടുണ്ട്. 1991-നുശേഷം ഇതുപോലുള്ള വൻകിട പദ്ധതികളൊന്നും രാജ്യത്ത് നടപ്പിലാക്കിയിട്ടില്ലെന്ന് കാണാം. വളം, വിത്ത്, കീടനാശിനികൾ, വെള്ളം, വൈദ്യുതി എന്നീ രംഗങ്ങളിൽ

കൃഷിക്കാർക്ക് നൽകിയിരുന്ന സബ്സിഡി മുഴുവനും പടിപടിയായി വെട്ടിക്കുറച്ച് മുന്നോട്ടുപോകുന്ന സാഹചര്യമാണുള്ളത്. ഉല്പാദനചെലവുകൾ വലിയ തോതിൽ കൂടിവരികയാണ്. വിളവെടുപ്പ് കാലത്ത് ഉല്പന്നങ്ങളുടെ വിലയിടിവ് എല്ലാവർഷവും അനുഭവപ്പെടുകയാണ്. ഇതിന്റെയെല്ലാം ഫലമായി കാർഷികമേഖല സമ്പൂർണ്ണമായി തകർന്നിരിക്കുന്നു. ആഗോളവത്ക്കരണത്തിന്റെ ഭാഗമായി നിരവധി സ്വതന്ത്ര വ്യാപാര കരാറുകളിൽ സർക്കാർ ഒപ്പിട്ടു. ആസിയാൻ കരാർ ഒപ്പിടുന്ന ഘട്ടത്തിൽ, കേരളീയർ മുഴുവനും ഒറ്റക്കെട്ടായി ഒപ്പിട്ടുകഴിഞ്ഞാൽ കേരളത്തിന്റെ സമ്പദ്ഘടന മുഴുവനും തകരുമെന്ന് പറഞ്ഞപ്പോൾ ബഹുമാന്യരായ പ്രതിപക്ഷനേതാക്കന്മാർ (അന്നത്തെ ഭരണകക്ഷി നേതാക്കൻമാർ) പറഞ്ഞത് കേരളത്തിലെ കൃഷിക്കാരുടെ കൈകളിൽ നേരിട്ട് ഡോളറുകൾ എത്താൻ പോകുകയാണെന്നാണ്. അനാവശ്യ സമരമാണെന്നാണ് അവർ ഇതിനെ വിശേഷിപ്പിച്ചത്. അന്ന് കേരളത്തിലെ കർഷകർ ഉയർത്തിയിരുന്ന മുദ്രാവാക്യങ്ങൾ ശരിയാണെന്ന അനുഭവമാണ് ഇന്ന് കേരളത്തെ സംബന്ധിച്ചുള്ളത്. റബ്ബർ, കൊപ്ര, വെളിച്ചെണ്ണ, പാമോയിൽ, ഇതെല്ലാം പുതിയ കരാറിന്റെ ഭാഗമായി നമ്മുടെ കമ്പോളങ്ങളിലേയ്ക്ക് ഒഴുകിയെത്തി.

ശ്രീലങ്കൻ പിണ്ണാക്കുപോലും നമ്മുടെ കടകളിൽ കിട്ടുന്ന സാഹചര്യമാണ് ഇപ്പോഴുള്ളതെന്നറിയാം. റബ്ബർ, നാളികേരം, കുരുമുളക് എന്നിവയ്ക്ക് തുടർച്ചയായി വിലത്തകർച്ചയുണ്ടായി. കോൺഗ്രസ്സ് ആവിഷ്കരിച്ച നവഉദാരവത്കരണ നയത്തിന്റെ ഭാഗമായി നമ്മുടെ കർഷകർ പാപ്പരായി. ഇതെല്ലാം കേന്ദ്രത്തിലെ കോൺഗ്രസ്സ് സർക്കാർ കർഷകർക്ക് നൽകിയ ഏറ്റവും വലിയ സംഭാവനയാണ്. കോൺഗ്രസ്സ് നടപ്പിലാക്കിയ കർഷക വിരുദ്ധനയങ്ങൾ കുറെക്കൂടി ശക്തമായ രീതിയിൽ നടപ്പിലാക്കി മുന്നോട്ടുപോകുകയാണ് ബി.ജെ.പി. സർക്കാർ. രാജ്യത്തെ കാർഷികമേഖല മുഴുവൻ കോർപ്പറേറ്റ്വൽക്കരിക്കുകയാണ്. കർഷകവിരുദ്ധമായ മൂന്ന് നിയമങ്ങൾ പാർലമെന്റിന്റെ തലയ്ക്ക് മുകളിൽക്കൂടി അടിച്ചേൽപ്പിക്കുന്ന കാര്യം നാം കണ്ടു. ഐതിഹാസികമായ സമരത്തിനുമുമ്പിൽ ശ്രീ. നരേന്ദ്ര മോദിക്ക് മുട്ടുമടക്കേണ്ടിവന്നു. എന്നാൽ ഒത്തുതീർപ്പ് വ്യവസ്ഥകൾ കാറ്റിൽപ്പറത്തി പ്രതികാരനടപടികളുമായി മുന്നോട്ടുപോകുകയാണ്. കർഷകർക്കും കർഷകത്തൊഴിലാളികൾക്കും ആശ്വാസമാകുന്നൊരു പദ്ധതിപോലും കേന്ദ്ര കാർഷിക ബഡ്ജറ്റിൽ നമുക്ക് കാണാൻ സാധിക്കില്ല. ലാഭകരമായ വില ഉറപ്പുവരുത്തുന്ന സംഭരണം, വായ്പ എഴുതിത്തള്ളൽ തുടങ്ങിയ കർഷകരുടെ

ആവശ്യങ്ങൾ പൂർണ്ണമായും അവഗണിച്ചു. എന്നാൽ കർഷക വിരുദ്ധമായ കേന്ദ്ര നയങ്ങൾക്ക് ബദലായി കർഷകക്ഷേമ പദ്ധതികൾ കേരളം നടപ്പിലാക്കി. ഇടതുപക്ഷ സർക്കാർ എന്നെല്ലാം അധികാരത്തിൽ വന്നിട്ടുണ്ടോ, അന്നെല്ലാം കർഷകക്ഷേമ പദ്ധതികൾ നടപ്പിലാക്കി മുന്നോട്ടുപോയിട്ടുണ്ട്. 1957-67-ലെ കാലഘട്ടത്തിൽ സമഗ്ര ഭൂപരിഷ്കരണ നിയമം നടപ്പിലാക്കി. ലക്ഷക്കണക്കിന് കുടിയാന്മാർക്ക് സ്ഥിരാവകാശം ലഭിച്ചു. കുടികിടപ്പുകാർക്ക് 10 സെന്റ് സ്ഥലം അവകാശം ലഭ്യമാക്കി. 1980-ൽ കർഷകത്തൊഴിലാളികൾക്ക് പെൻഷൻ ഏർപ്പെടുത്തി. പ്രത്യുല്പാദനപരമല്ലാത്ത കാര്യത്തിനുവേണ്ടി പണം ചെലവഴിക്കുന്നുവെന്ന് പറഞ്ഞ് അപ്പുറത്തിരിക്കുന്നവർ പരിഹസിച്ച പദ്ധതിയാണെന്നുകൂടി നാം ഓർക്കണം. കർഷക ആത്മഹത്യകൾ യു.ഡി.എഫ്. ഭരണത്തിൽ വ്യാപകമായി നടന്നത് നമുക്കെല്ലാം ഓർമ്മയുണ്ട്. തുടർന്നുവന്ന എൽ.ഡി.എഫ്. സർക്കാർ കർഷക കടാശ്വാസ നിയമം നടപ്പിലാക്കി. രാജ്യത്താകെ മാതൃകാപരമായൊരു നിയമമായി ഇതുമാറി. ഈ സർക്കാരിന്റെ കാലത്ത് 100 കോടിരൂപയാണ് കാർഷിക കടാശ്വാസ നിയമപ്രകാരം കൃഷിക്കാർക്ക് നൽകിയിട്ടുള്ളതെന്നത് അഭിമാനകരമാണ്.

കർഷകന്റെ ചിരകാല ആവശ്യമായിരുന്ന കർഷകക്ഷേമനിധി ബോർഡ് നിലവിൽ വന്നു. 11735 കർഷകർ ഇതിൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. 5000 രൂപവരെ പെൻഷൻ ലഭിക്കാനുള്ള സാധ്യതയാണ് ഇതുവഴി ഉയർന്നുവന്നിട്ടുള്ളത്. പ്രകൃതിക്ഷോഭങ്ങൾകൊണ്ട് കൃഷി നശിച്ചാൽ ന്യായമായ നഷ്ടപരിഹാരം ലഭിക്കത്തക്ക രൂപത്തിലുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി. കാട്ടുമൃഗ ആക്രമണത്തിൽ കൃഷി നാശമുണ്ടായാൽ നഷ്ടപരിഹാരം ലഭിക്കുന്നതിന് പ്രത്യേകമായി ഇൻഷ്വറൻസ് പദ്ധതികൾ ഏർപ്പെടുത്തി. കാട്ടുപന്നികളെ വെടിവച്ചുകൊല്ലാനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയത് കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വലിയ ആശ്വാസമായി മാറി. കാട്ടുപന്നിയെപ്പോലെതന്നെ വ്യാപകമായി കൃഷിനാശം വരുത്തുന്ന മറ്റൊരു കാട്ടുമൃഗമാണ് മുള്ളൻപന്നി. മുള്ളൻപന്നിയെ വെടിവച്ചും കെണിവച്ചും കുഴിവച്ചും നശിപ്പിക്കാനുള്ള സൗകര്യം കൃഷിക്കാർക്കുണ്ടാകണം. ദയവുചെയ്ത് മാംസം കുഴിച്ചുമൂടാൻ പറയരുത്. മുള്ളൻപന്നിയുടേത് വളരെ സ്വാദിഷ്ടമായ മാംസമാണ് എന്നാണ് മനസ്സിലാക്കുന്നത്. ഒരു പരിഷ്കൃത സമൂഹത്തിൽ ഭക്ഷ്യയോഗ്യമായ മാംസം കുഴിച്ചുമൂടാൻ പറയുന്നത് യോജിച്ച നടപടിയല്ല.

അതുകൊണ്ട് ഇക്കാര്യത്തിൽ വ്യക്തമായ തീരുമാനമുണ്ടാകണം. ആവശ്യക്കാർക്ക് കൊടുത്തുകഴിഞ്ഞാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അതൊരു വരുമാനമായി മാറും. ഇക്കാര്യത്തിലുള്ള സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് നിർദ്ദേശമുണ്ടാകണമെന്നാണ് വിനയപൂർവം പറയാനുള്ളത്. കാർഷിക മേഖലയിലെ സ്വയംപര്യാപ്തത ലക്ഷ്യമിട്ട് നിരവധി പദ്ധതികളാണ് എൽ.ഡി.എഫ്. സർക്കാർ നടപ്പിലാക്കിവരുന്നത്. പതിനാറിനം പച്ചക്കറികളുടെ തറവില നേരത്തെ ഇവിടെ സൂചിപ്പിച്ചതാണ്. നെല്ലിന് കേന്ദ്രം 19.20 രൂപ തറവില പ്രഖ്യാപിച്ചപ്പോൾ 28.20 രൂപയാണ് കേരളം പ്രഖ്യാപിച്ചത്. കേരഗ്രാമം പദ്ധതി, സുഭിക്ഷ കേരളം പദ്ധതി എന്നിവ ആവിഷ്കരിച്ചു. തരിശ് കൃഷി വ്യാപകമാക്കി. കാർഷിക മേഖലയ്ക്ക് സർക്കാർ നൽകുന്ന പ്രാധാന്യം മനസ്സിലാക്കാൻ ബഡ്ജറ്റിലൂടെ കണ്ണോടിച്ചാൽ മതി. ഈ വർഷം കൃഷി വകുപ്പിലുള്ള ആകെ അടങ്കൽ 881.96 കോടി രൂപയാണ്. ഇത് മുൻവർഷത്തേക്കാൾ 48 കോടി രൂപ കൂടുതലാണെന്ന് കാണാം. കാർഷിക മേഖല സ്വകാര്യ കമ്പനികൾക്ക് തീറെഴുതി, തുറന്ന് കൊടുക്കുന്ന സമീപനം രാജ്യത്ത് നിലനിൽക്കുമ്പോഴാണ് കേരളത്തിൽ പൊതുമേഖലയിൽ

പൊതുവിഹിതം വർദ്ധിപ്പിച്ചുകൊണ്ട് കാർഷിക വളർച്ചയും കർഷകക്ഷേമവും ഉറപ്പുവരുത്തുന്നത്. ഇതൊരു ഇടതുപക്ഷ ബദലാണ്. ഇതെല്ലാം മറച്ചുപിടിച്ചുകൊണ്ട്, കേരള സർക്കാർ കർഷകരെ അവഗണിക്കുന്നുയെന്ന് വരുത്തിത്തീർക്കാൻവേണ്ടി മുഖ്യധാരാ മാധ്യമങ്ങളുടെ സഹായത്തോടുകൂടി യു.ഡി.എഫ്. സംഘടിതമായ പ്രചരണം നടത്തുന്നുണ്ടെന്ന് നാം കാണേണ്ടതാണ്. കൃഷി ഭവനുകൾ ആധുനികവൽകരിക്കുന്നതിന്റെ ഭാഗമായി സ്മാർട്ട് കൃഷി ഭവൻ ആരംഭിക്കുന്നു. 140 മണ്ഡലങ്ങളിലും ഒന്നുവീതം ആരംഭിക്കുകയാണ്. 140 സ്മാർട്ട് കൃഷി ഭവനുകൾ കേന്ദ്രീകരിച്ച് കാർബൺ ന്യൂട്രൽ കൃഷി അന്തിമഘട്ടത്തിലാണ്. കൃഷി ഭവനിലെ വളരെ വിദഗ്ദ്ധരായ കൃഷി ഓഫീസർമാർക്ക് പലപ്പോഴും കൃഷിയിടങ്ങളിലും കൃഷിക്കാർക്കിടയിലും ഇറങ്ങി പ്രവർത്തിക്കാനുള്ള സന്ദർഭങ്ങൾ ലഭിക്കുന്നില്ലായെന്നുള്ളത് ഈ സന്ദർഭത്തിൽ പറയേണ്ട ഒരു കാര്യമാണ്. സബ്സിഡികൾ കൊടുക്കുന്നതിലും അതുമായി ബന്ധപ്പെട്ട കാര്യങ്ങളിലും കുടുങ്ങി അവർ ക്ലാർക്കിന്റെ ജോലി ചെയ്യാൻ നിർബന്ധിക്കപ്പെടുന്നുണ്ട്. സ്മാർട്ട് കൃഷി ഭവൻ വരുന്നതോടുകൂടി ഇക്കാര്യത്തിലൊരു മാറ്റം വേണം. കൃഷി ഓഫീസർമാർക്കും അസിസ്റ്റന്റുമാരും പൂർണമായി അവരുടെ പ്രവൃത്തി സമയം കൃഷിയിടങ്ങളിലും

കൃഷിക്കാർക്കൊപ്പവും ചെലവഴിക്കാൻ കഴിയേണ്ടതുണ്ട്. നെൽ കർഷകർക്ക് ഉൽപാദന ബോണസ് ഹെക്ടറിന് ആയിരം രൂപ അനുവദിച്ചു. ചരിത്രത്തിലാദ്യമായി നെൽവയൽ ഉടമകൾക്ക് ഹെക്ടറിന് മൂവായിരം രൂപ റോയൽറ്റി ഏർപ്പെടുത്തിയത് അങ്ങേയറ്റം സ്വാഗതാർഹമായ നടപടിയാണ്. 2019-20-ൽ നെൽവയൽ വിസ്തൃതി 191051 ഹെക്ടറായിരുന്നത് 2020-21-ൽ 201865 ഹെക്ടറായി ഉയരുകയുണ്ടായി. നെല്ലുൽപാദന രംഗത്തും ഈ മാറ്റം നമുക്ക് കാണാൻ കഴിയും. നെല്ലുൽപാദന ക്ഷമത 2019-20-ൽ 3073 കിലോഗ്രാമായിരുന്നെങ്കിൽ 2020-21-ൽ 3105 കിലോഗ്രാമായി വർദ്ധിച്ചു. പച്ചക്കറി ഉൽപാദന രംഗത്ത് വൻ മുന്നേറ്റമുണ്ടായി. 15.7 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപാദിപ്പിച്ചു. നാളികേര കൃഷി 2019-20-ൽ 760776 ഹെക്ടറായിരുന്നത് 2020-21-ൽ 768809 ഹെക്ടറായി ഉയർന്നു. എന്നാൽ നാളികേര ഉൽപാദനം 2019-20-ൽ 4814 ദശലക്ഷം ടണ്ണായിരുന്നത് 2020-21-ൽ അൽപം പുറകോട്ട് പോയ കാഴ്ചയാണ് കാണാൻ കഴിയുന്നത്. നാളികേരമേഖല ഗുരുതരമായ പ്രതിസന്ധി നേരിട്ടുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. കീടബാധ, രോഗബാധ, വിലയിടിവ് ഇതെല്ലാംതന്നെ നാളികേര മേഖലയെ വലിയ രൂപത്തിൽ ബാധിച്ചിട്ടുണ്ട്. 32 രൂപയ്ക്ക്

പച്ചത്തേങ്ങ ശേഖരിക്കാനുള്ള തീരുമാനം അങ്ങേയറ്റം സ്വാഗതാർഹവും ആശ്വാസകരവുമാണ്. പക്ഷേ നാളികേരം ഉൽപാദന കേന്ദ്രങ്ങളിൽ വ്യാപകമായി ശേഖരിക്കാനുള്ള സംവിധാനം ഇനിയുമുണ്ടായിട്ടില്ല. സഹകരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി വ്യാപകമായ രൂപത്തിൽ നാളികേരം ശേഖരിക്കാനുള്ള നടപടികളുണ്ടാകേണ്ടതുണ്ട്. ഇന്ന് നാട്ടിൻ പ്രദേശത്തുള്ള കർഷകർ 22 രൂപയ്ക്കാണ് ഒരു കിലോ തേങ്ങ വിൽക്കുന്നത്. അതായത് ഒരു നാളികേരത്തിന് 8-9 രൂപ മാത്രമാണ് ലഭിക്കുന്നത്. 1993-94 കാലത്ത് ഒരു പച്ചത്തേങ്ങ ടൗണിൽ കൊണ്ടുപോയി കൊടുത്താൽ ആറ് രൂപ ലഭിക്കുമായിരുന്നു. അന്ന് ഒരു കിലോ അരിക്ക് മൂന്ന് രൂപയാണ്. ഒരു തേങ്ങ കൊടുത്താൽ രണ്ട് കിലോ അരി ലഭിക്കുന്ന കാലമുണ്ടായിരുന്നു. ഇന്ന് രണ്ട് കിലോ അരി ലഭിക്കണമെങ്കിൽ എത്ര നാളികേരം നൽകേണ്ടിവരും. അരിയുടെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ ഒരു തേങ്ങയ്ക്ക് ഏറ്റവും കുറഞ്ഞത് 80 രൂപയെങ്കിലും ലഭിക്കണം എന്നതാണ് പ്രധാനപ്പെട്ട കാര്യം. എണ്ണയുടെ അംശം ഏറ്റവും കൂടുതലുള്ള നാളികേരമാണ് കുറ്റ്യാടിത്തേങ്ങ. WCT ഇനത്തിൽപ്പെട്ട തെങ്ങിനെ സംരക്ഷിക്കാനുള്ള പ്രത്യേക നടപടികൾക്കായി സ്പെഷ്യൽ പാക്കേജുണ്ടാകണം. ഇല്ലെങ്കിൽ ആ

മേഖല തകർന്ന് പോകുന്ന സാഹചര്യമാണുണ്ടാകുന്നത്. കുറ്റ്യാടിത്തേങ്ങയും തെങ്ങിൽ തൈയും ബ്രാൻഡ് ചെയ്യാൻ കഴിയുമോയെന്നുള്ള കാര്യം കൃഷി വകുപ്പ് പരിശോധിക്കണമെന്നാണ് വിനയപൂർവം പറയാനുള്ളത്. വിത്തുതേങ്ങ ശേഖരിച്ച് ദൂരെ സ്ഥലങ്ങളിലെ നഴ്സറികളിൽ കൊണ്ടുപോയാണ് മുളപ്പിക്കുന്നത്. ആ മേഖലകളിൽത്തന്നെ നഴ്സറികൾ ഉണ്ടാക്കിയാൽ ചെലവ് കുറയുകയും മെച്ചപ്പെട്ട രൂപത്തിൽ മുന്നോട്ടുപോകാൻ കഴിയുന്ന സാഹചര്യവുമുണ്ടാകും. ഈ കാര്യംകൂടി പ്രത്യേകിച്ച് പരിഗണിക്കണമെന്നാണ് വിനയപൂർവം പറയാനുള്ളത്. കുറ്റ്യാടി ജലസേചന പദ്ധതി വലിയ അപകടകരമായ സ്ഥിതിയിലാണെന്ന കാര്യം നേരത്തെ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. വലതുകര കനാൽ പൊട്ടിപ്പൊളിഞ്ഞപ്പോൾ ബഹുമാനപ്പെട്ട മന്ത്രി യുദ്ധകാലാടിസ്ഥാനത്തിൽ ഇടപെടുകയും താൽക്കാലിക പരിഹാരമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. സമഗ്രമായ ഒരു പുനരുദ്ധാരണ പ്രവർത്തനം കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയിൽ ഉണ്ടായിട്ടില്ലെങ്കിൽ അത് ചരിത്രത്തിന്റെ ഭാഗമായി മാറുന്ന സ്ഥിതിയാണുണ്ടാകുന്നത്. അതുകൊണ്ട് അത്തരം കാര്യങ്ങൾ പ്രത്യേകം

പരിഗണിക്കണമെന്ന് വിനയപൂർവം അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ]

ശ്രീമതി യു. പ്രതിഭ: സർ, 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളായ ശുദ്ധജലവിതരണവും ശുചീകരണവും, കൃഷി, ജലസേചനം എന്നിവയെ പിന്തുണയ്ക്കുന്നു. ഇന്ന് പാർലമെന്റിൽ വർഷകാല സമ്മേളനം തുടങ്ങുകയാണ്. വർഷകാല സമ്മേളനത്തിൽ ജനദ്രോഹപരമായിട്ടുള്ള ഒട്ടനവധി ബില്ലുകൾ പാസ്സാക്കിയെടുക്കാൻ കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുകയാണ് എന്നുള്ളതാണ് വളരെ ശ്രദ്ധേയമായ കാര്യം. തീർച്ചയായും കേരളത്തിൽ ജീവിക്കുന്ന നമ്മൾ ഭാഗ്യമുള്ളവരാണ്. കാരണം നമ്മുടെ ഭരണഘടന പറയുന്ന അവകാശങ്ങളൊക്കെ അങ്ങനെതന്നെ ഉയർത്തിപ്പിടിച്ചുകൊണ്ട് മുന്നോട്ടുപോകാൻ നമുക്ക് കഴിയുന്നു എന്നുള്ളതും ജനാധിപത്യത്തെ അട്ടിമറിക്കാതെ ഏറ്റവും ഭംഗിയായി, ജനങ്ങളെ ചേർത്തുപിടിച്ചുകൊണ്ട് വികസനക്ഷേമ പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്ന ഒരു ഭൂമിക ഇന്ന് ഇന്ത്യാ മഹാരാജ്യത്ത് കേരളമാണ് എന്നുള്ളതും ഏറെ അഭിമാനകരമാണ്. അവിടെ തല ഉയർത്തി നിന്നുകൊണ്ട്

ധൈര്യമായി നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇന്ന് ഇന്ത്യയിലെ ഏറ്റവും മികച്ച ഗവൺമെന്റായി കേരളത്തിലെ ഗവൺമെന്റ് മാറിയിരിക്കുന്നുയെന്നുള്ളതും ഏറ്റവും അഭിമാനകരമായ കാര്യമായി ചൂണ്ടിക്കാണിക്കുകയാണ്. ഏറ്റവും ശ്രദ്ധേയമായ മൂന്ന് വിഷയങ്ങളാണ് ഇന്ന് ചർച്ചയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇവ മൂന്നുംകൂടി ചേർന്നാണ് പോകുന്നത്. കൃഷിയും ശുദ്ധജലവിതരണവും ജലസേചനവും ശുചിത്വവുമെല്ലാം മനുഷ്യന്റെ ജീവന്റെ നിലനിൽപിന്റെ ഭാഗമാണ്. ഇതെല്ലാംതന്നെ പരസ്പരപൂരകങ്ങളായ കാര്യങ്ങളാണ്. ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലഘട്ടത്തിൽത്തന്നെ, ജനങ്ങൾക്കിടയിലേയ്ക്ക് കാർഷിക മേഖലയിൽ ഒട്ടനവധി വികസനങ്ങൾ കൊണ്ടുവരാൻ കഴിഞ്ഞിരുന്നുയെന്നുള്ള കാര്യം നമ്മളിവിടെ ഒരുപാട് തവണ ചർച്ച ചെയ്തതാണ്. ആവർത്തന വിരസതയുണ്ടാവുമെങ്കിലും പറയാം. നമ്മുടെ ഗവൺമെന്റ് അധികാരത്തിൽ വന്ന സമയത്ത് ഏകദേശം 1.97 ലക്ഷം ആയിരുന്ന നെൽകൃഷി. ഇവിടെ ഒരു അംഗം പറഞ്ഞ കാര്യങ്ങൾക്ക്, പുതിയ അംഗമായതിനാൽ എല്ലാ കാര്യങ്ങൾക്കും മറുപടി പറയുന്നില്ല. കാരണം, കൂടുതൽ ദിവസങ്ങളിൽ സഭയിലേയ്ക്ക് വരുമ്പോൾ തീർച്ചയായും കാര്യങ്ങൾ

കുറച്ചുകൂടി മനസ്സിലാകും. എന്താണ് മുൻ ഗവൺമെന്റുകളിൽനിന്ന് ഇടതുപക്ഷ ഗവൺമെന്റിനുള്ള വ്യത്യാസമെന്നും അതുപോലെതന്നെ എന്തൊക്കെയാണ് ചെയ്തിരുന്നതെന്നും മനസ്സിലാകും. ഞാൻ പല ആവർത്തി പറഞ്ഞിട്ടുള്ളതാണ്, ജില്ലാ പഞ്ചായത്തിലൊക്കെ കാർഷിക മേഖലയ്ക്ക് യാതൊരു പ്രാധാന്യവും യു.ഡി.എഫ്. ഗവൺമെന്റ് നൽകിയിരുന്നില്ലായെന്നുള്ളത് നമ്മുടെയെല്ലാം അനുഭവ സാക്ഷ്യങ്ങളാണ്. ഇക്കാര്യം ഒരുപക്ഷേ ബഹുമാനപ്പെട്ട ചെയറിനുതന്നെ അറിയാവുന്നതാണ്. അന്നത്തെ മൂന്നുപേർ - ശ്രീമതി കാനത്തിൽ ജമീല, എം.എൽ.എ.-യും ബഹുമാനപ്പെട്ട ചെയറും ഞാനുമൊക്കെ അടങ്ങുന്ന ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ടീമിനെ ഓർക്കുന്നുണ്ടാവുമെന്ന് ഞാൻ കരുതുകയാണ്. അന്ന് നമ്മുടെ പദ്ധതി പ്രവർത്തനങ്ങൾ ഓർക്കുന്നില്ലേ; കൃഷിക്ക് വിഹിതം ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. കൃഷിക്ക് വിഹിതം വച്ചില്ലെങ്കിലും പദ്ധതി നടക്കുമായിരുന്നു. കൃഷിക്ക് പ്രാധാന്യം കൊടുക്കണം, നൂറു രൂപയുണ്ടെങ്കിൽ കൃഷിക്ക് ഇത്ര രൂപ ചെലവഴിച്ചേ പറ്റൂയെന്ന് നിർബന്ധിതമായി വകയിരുത്തുന്ന ഒരു ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. കൃഷിയെപ്പറ്റി ചിന്തിക്കാത്ത ഒരു നാട്ടിൽ കൃഷിയുടെ റിസൾട്ട്

ഉണ്ടാക്കിയെടുക്കാൻ നമുക്ക് കഴിയില്ലല്ലോ; ഒന്നാം പിണറായി വിജയൻ ഗവൺമെന്റ് വന്ന സമയത്ത് 1.97 ലക്ഷം ഹെക്ടറായിരുന്നത് 2.31 ലക്ഷം ഹെക്ടറിലേയ്ക്ക് ഉയർത്തി എന്നുമാത്രമല്ല, അഞ്ച് വർഷത്തിനുള്ളിൽ അൻപതിനായിരം ഏക്കർ തരിശുനിലങ്ങളിൽ കൃഷിയിറക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് വലിയ റിസൾട്ട് തന്നെയാണ്. അതുപോലെതന്നെ ആ കാലത്ത് 6 ലക്ഷം മെട്രിക് ടണ്ണായിരുന്ന പച്ചക്കറി കൃഷിയെങ്കിൽ ഒന്നാം പിണറായി സർക്കാർ 5 വർഷം പൂർത്തിയാക്കിയപ്പോൾ 15 ലക്ഷം ടണ്ണായി പച്ചക്കറി കൃഷി വർദ്ധിപ്പിക്കാൻ സാധിച്ചു. ഇവിടെ പലരും സൂചിപ്പിച്ചതുപോലെ, ഇന്ത്യയിലാദ്യമായി നെൽകർഷകർക്ക് ഹെക്ടർ ഒന്നിന് 2000 രൂപ വീതം റോയൽറ്റി കൊടുക്കാൻ നമ്മുടെ ഗവൺമെന്റിന് കഴിഞ്ഞു. 2022-23 കാലഘട്ടത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കിയ ഏറ്റവും ശ്രദ്ധേയമായ പ്രവർത്തനങ്ങൾ..., 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതി വളരെ ഭംഗിയായി നടപ്പിലാക്കാൻ കഴിഞ്ഞു. ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രി ഓണാട്ടുകരയുടെ പ്രതിനിധികൂടിയാണ്. അതുപോലെതന്നെ 'കൃഷിക്കൂട്ടങ്ങൾ' എന്ന ആശയത്തിലൂടെ അഞ്ച് മുതൽ ഇരുപത്തഞ്ച് വരെ അംഗങ്ങൾ ഉൾക്കൊള്ളുന്ന അഞ്ച് സെന്റ് മുതൽ രണ്ടേക്കർ വരെ കൃഷി

ചെയ്യുന്ന പുതിയൊരു ഇടപെടൽ നടത്താൻ കഴിഞ്ഞിരിക്കുന്നു. കൃഷി അധിഷ്ഠിത പ്ലാൻ കൊണ്ടുവരാനും കഴിഞ്ഞു. ഞാൻ ഓർക്കുകയാണ്, ഞാൻ കുട്ടനാട്ടിൽ ജനിച്ചുവളർന്ന ആളാണ്. ഏഴിലൊന്ന് പതവും പതത്തിന്റെ നാലിലൊന്ന് തീർപ്പുമെന്ന കൊയ്ത്തുസമയത്തെ തൊഴിലാളികളുടെ അവകാശങ്ങൾക്കുവേണ്ടി രക്തസാക്ഷിത്വം വരിച്ച കൈനകരിയിലെ ചെറുകാലി കായലിലെ സഖാവ് സഹദേവന്റെ നാട്ടിൽനിന്നാണ് ഞാൻ വരുന്നത്. അതുപോലെ തൊഴിലാളികളുടെ അവകാശങ്ങൾക്കുവേണ്ടി കണ്ടങ്കരിയിൽ സഖാവ് വേലുക്കുട്ടനടക്കം 599 പേർ രക്തസാക്ഷിത്വം വരിച്ച ഒരു പ്രസ്ഥാനത്തിൽനിന്നും വരുന്ന പ്രതിനിധിയാണ് ഞാൻ. രക്തസാക്ഷിത്വവും പിന്നീട് ആ കുടുംബം അനുഭവിക്കുന്ന വിഷമവുമെല്ലാം തീർച്ചയായും എനിക്കറിയാം. ഞാൻ ഈ അവസരത്തിൽ പറയുകയാണ്, ഒരു മരണത്തെയും ആഘോഷിക്കുന്നവരല്ല ഞങ്ങളാരും, നിങ്ങളെപ്പോലെ ഏതെങ്കിലും മരണത്തിലുള്ള വേദനയല്ല, എല്ലാ മരണത്തിലും വേദനയുള്ളവരാണ് ഞങ്ങൾ. ആ ഒരു രീതിയിൽത്തന്നെ ഇത്തരം കാര്യങ്ങളെ കാണാൻ ശ്രമിക്കും. അല്ലാതെ ഒരു വിവാദത്തിനുവേണ്ടി എന്തെങ്കിലും കൊണ്ടുവന്ന് അതിന്റെ പുറകെ പോകുന്ന രീതിയൊന്നുമില്ല

ഞങ്ങൾക്ക്. ധീരജ് അടക്കം ഞങ്ങളുടെ ഹൃദയത്തിൽ കനലായി കിടക്കുന്ന ഒട്ടനവധി രക്തസാക്ഷികളുണ്ട് എന്നുകൂടി ഈ അവസരത്തിൽ ഓർമ്മിപ്പിക്കുകയാണ്. മറ്റ് ചർച്ചയിലേയ്ക്ക് പോകാൻ ഈ അവസരത്തിൽ ഞാൻ ആഗ്രഹിക്കുന്നില്ല.

തരിശുരഹിത സംസ്ഥാനമായി നമ്മുടെ നാടിനെ കൊണ്ടുപോകാനുള്ള വലിയ പ്രവർത്തനങ്ങൾ കൃഷിവകുപ്പ് നടത്തുന്നുണ്ട്, അതിലൊരു നിർദ്ദേശം പറയാനുള്ളത്, വിള ഇൻഷ്വറൻസുമായി ബന്ധപ്പെട്ട കാര്യമാണ്. വിള ഇൻഷ്വറൻസിന് ചെല്ലുമ്പോൾ മിക്കവരും പാട്ടക്കൃഷിക്കാരായതിനാൽ കരം അടച്ച രസീതുമായി ബന്ധപ്പെട്ട ബുദ്ധിമുട്ട് വരുന്നുണ്ട്, അത്തരം കാര്യത്തിൽ ഒരു ഇടപെടൽ നടത്തിയാൽ നന്നായിരിക്കുമെന്ന് സൂചിപ്പിക്കുകയാണ്. അതുപോലെതന്നെ പുറംബണ്ട് കല്ല് കെട്ടുന്നതിനും ബണ്ട് ഉയർത്തുന്നതിനും ഇറിഗേഷൻ, കൃഷി എന്നീ രണ്ട് വകുപ്പുകളുംകൂടി ചേർന്ന് മേൽനോട്ടം നൽകിക്കഴിഞ്ഞാൽ കാര്യഗൗരവമായി ആ പ്രവർത്തനങ്ങളെ നീക്കാൻ കഴിയുമെന്നതാണ് ഒരു നിർദ്ദേശം. എത്രയൊക്കെ ശ്രമിച്ചാലും സ്വന്തം ഭൂമി തരിശിടുന്ന ഒരുപാട് ആളുകളെ നമുക്ക് കാണാൻ സാധിക്കും. ഇന്നത്തെ പാടം നാളത്തെ പറമ്പാണ്, അത് നല്ല കാശിന് വിൽക്കാമെന്നൊരു

ധാരണയോടുകൂടി ഒരുപാട് പേർ തരിശ് ഭൂമി ആർക്കും കൊടുക്കാതെ ഇടുന്നവരുണ്ട്. അത്തരം ഭൂമിയിൽക്കൂടി കർശനമായി ഇടപെട്ടുകൊണ്ട്, അതിനെ കൺവെർട്ട് ചെയ്യാതിരിക്കാനുള്ള ശക്തമായ നീക്കമുണ്ടാകണം. ഡിജിറ്റൽ സർവ്വേ മാപ്പിംഗ് വരുമ്പോൾ അത്തരം ഭൂമിയെ സംബന്ധിച്ചുള്ള കുറേക്കൂടി വിവരങ്ങൾ നമുക്ക് കിട്ടും. റവന്യൂ വകുപ്പും കൃഷിവകുപ്പുംകൂടി ചേർന്നാൽ അത്തരം ആളുകളെ നമുക്ക് കണ്ടെത്താൻ സാധിക്കും. ആർക്കും കൃഷി ചെയ്യാൻ കൊടുക്കില്ല, അവരും കൃഷി ചെയ്യില്ല എന്നത് അവർക്ക് ഒരു വാശി പോലെയാണ്. അത്തരം ഭൂമികൂടി നമുക്ക് കൃഷിയോഗ്യമാക്കാൻ കഴിയേണ്ടതുണ്ടെന്നുകൂടി പറയുകയാണ്.

നിലവിൽ ബഹുമാനപ്പെട്ട മന്ത്രി റോഷി അഗസ്റ്റിന്റെ നേതൃത്വത്തിൽ ജലജീവൻ മിഷൻ പരിപാടികൾ കൊണ്ടുപോകാൻ കഴിയുന്നുണ്ട്. ഞങ്ങളെ സംബന്ധിച്ച ആശ്വാസം എന്നത്.., എത്രയോ വർഷം മുൻപ് മണ്ണിനടിയിൽപ്പോയ ഒരു പൈപ്പ്.., അന്ന് അതൊരു മന്ത്രിയുടെ പേരിലായിരുന്നു അറിയപ്പെട്ടതുവരെ.., ആ പൈപ്പ് ഇപ്പോൾ മാറ്റാൻ ഒരവസരമാണ്. സ്വാഭാവികമായും എല്ലായിടത്തും വെള്ളം എത്തുന്നുണ്ടോയെന്നൊക്കെ നമുക്ക് പറയാൻ കഴിയില്ല. കാരണം

ജലവിതരണ സംവിധാനത്തിൽ അത്രത്തോളം പ്രശ്നങ്ങളുണ്ടായിരുന്നു. കാരണം ഈ പഴയ പൈപ്പ് ലൈൻ മാറ്റണമെങ്കിൽ കോടിക്കണക്കിന് രൂപ ചെലവഴിക്കണം. ഇപ്പോൾ പകുതി തുക കേന്ദ്ര സർക്കാരും പകുതി തുക സംസ്ഥാന സർക്കാരും ചേർന്നുകൊണ്ട് വളരെ ഭംഗിയായി ജലജീവൻ മിഷന്റെ പ്രവർത്തനങ്ങളെ കൊണ്ടുപോകാൻ കഴിയുന്നുണ്ട്. പഞ്ചായത്തുകളുടെ സഹകരണം അതിൽ ഉറപ്പാക്കേണ്ടതുണ്ട്. ചില പഞ്ചായത്തുകൾ അവർക്ക് ചെലവഴിക്കുന്ന പണത്തെ സംബന്ധിച്ച അവ്യക്തത പറഞ്ഞപ്പോൾ മന്ത്രിയുടെ നേതൃത്വത്തിൽതന്നെ മീറ്റിംഗുകൾ വിളിക്കുകയും കൃത്യമായി ഫോളോഅപ്പ് ചെയ്യാനും കഴിയുന്നുണ്ട്. എനിക്ക് എല്ലാ അംഗങ്ങളോടുംകൂടിയും പറയാനുള്ളത് ആ പൈപ്പ് ലൈൻ ഇടുന്നതോടുകൂടി നമ്മുടെ വലിയൊരു പ്രശ്നമാണ് പരിഹരിക്കുന്നത്. റെയിൽവേയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട തർക്കങ്ങളുണ്ടെങ്കിലും അത്തരം സോഴ്സുകൾ ഏതൊക്കെയാണെന്ന് കൃത്യമായി അറിഞ്ഞ് ആ തർക്കങ്ങൾ പരിഹരിക്കാൻകൂടിയുള്ള ഇടപെടൽ നടത്തണം.

അതുപോലെ കൃഷി, ആരോഗ്യം, ശുചീകരണം, കുടിവെള്ളം ഇതെല്ലാം തമ്മിൽ ബന്ധപ്പെട്ടിരിക്കുകയാണ്. ശുചിത്വമെന്ന് പറയുമ്പോൾ നമുക്ക്

സ്വാഭാവികമായി അറിയാം, നമ്മുടെ നാട്ടിൽ പക്ഷിമൃഗാദികളൊന്നും എവിടെയും മലിനപ്പെടുത്തുന്നില്ല. മനുഷ്യൻതന്നെയാണ് പലപ്പോഴും മാലിന്യങ്ങൾ വലിച്ചെറിയുന്നത്. ഇവിടെതന്നെ ഒരു ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി എം. വി. ഗോവിന്ദൻ മാസ്റ്റർ മറുപടി പറഞ്ഞിട്ടുണ്ട്. ശുചിത്വത്തിനുവേണ്ടി കോടിക്കണക്കിന് രൂപയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ശുചിത്വ മിഷനുമൊക്കെ ചേർന്ന് ചെലവഴിക്കുന്നത്. എന്നാൽ മനുഷ്യന്റെ പൊതുബോധ്യത്തിലുള്ള മാറ്റം.., ജലാശയങ്ങളൊക്കെതന്നെ വൃത്തിയാക്കാറുണ്ട്, പക്ഷെ വൃത്തിയാക്കി ആറുമാസം കഴിയുമ്പോൾ അത് വീണ്ടും മാലിന്യക്കൂമ്പാരമാകുന്ന ഒരവസ്ഥയുണ്ട്. നമ്മുടെ ഗവൺമെന്റ് കോടിക്കണക്കിന് രൂപ ഇതിനുവേണ്ടി ചെലവാക്കിക്കൊണ്ടിരിക്കുകയാണ്. മാലിന്യമെന്ന് പറഞ്ഞാൽ വലിച്ചെറിയേണ്ടതാണെന്നുള്ള ഒരു ധാരണ എത്രയോ കാലമായി മാറ്റാൻ നമ്മൾ പരിശ്രമിക്കുന്നു. പൂർണ്ണമായും ആ ഒരു ബോധത്തിലേയ്ക്ക് നമ്മുടെ സമൂഹം എത്തേണ്ടതായിട്ടുണ്ട്. എന്റെ വീട്ടിൽ ഉണ്ടാകുന്ന മാലിന്യം മറ്റൊരാളുടെ പറമ്പിലേയ്ക്ക് ഇടാവുന്നതാണ് എന്നൊരു ധാരണ നമ്മൾ മാറ്റേണ്ടതായിട്ടുണ്ട്. കോടിക്കണക്കിന് രൂപ ചെലവഴിച്ചുകൊണ്ട് നമ്മൾ

ചെയ്യുമ്പോഴും വീണ്ടും.., 'എമർജിംഗ് കേരള' യു.ഡി.എഫ്.-ന്റെ കാലത്ത് പ്രഹസനമായി നടത്തിയതാണെങ്കിലും അന്നത്തെ ഒരു പ്രസ്താവന ഞാൻ ഓർക്കുന്നുണ്ട്, 'സാം പ്രിട്രോഡ' എന്നൊരു ഇക്കണോമിസ്റ്റ് കേരളത്തിൽ വന്നപ്പോൾ അദ്ദേഹം പറഞ്ഞ ഒരു സ്റ്റേറ്റ്മെന്റ് എന്നാണെന്നാൽ 'കേരളത്തിൽ ഞാൻ കാണുന്നത് ഗാർബേജുകൾക്ക് കാവൽ നിൽക്കുന്ന പോലീസുകാരെയാണ്' എന്നാണ്. ശരിയായിരുന്നു, അക്കാലത്ത് അങ്ങനെയായിരുന്നു, എല്ലായിടത്തും മാലിന്യമായിരുന്നു. എന്നാൽ ആലപ്പുഴ മോഡൽ, 'നിർമ്മല നഗരം' എന്ന ശുചിത്വ പദ്ധതിയിലൂടെ..., കുടിവെള്ളത്തിന് ഇടാനുള്ള പൈപ്പിനകത്തുപോലും മാലിന്യം വച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു, എന്നാൽ അതൊക്കെ മാറിയിരിക്കുന്നു, അത്തരത്തിൽ ഒരുപാട് മാറ്റങ്ങളുണ്ടാക്കാൻ കഴിഞ്ഞുവെങ്കിൽപ്പോലും ശുചീകരണ തൊഴിലാളികളടക്കം വലിയ പ്രയാസങ്ങൾ നേരിടുകയാണ്, അവരെ നമ്മൾ സംരക്ഷിക്കേണ്ടതാണ്. ഇന്ന് തോട്ടിപ്പണിയൊന്നും നമ്മുടെ നാട്ടിലില്ലെങ്കിലും ശുചീകരണ തൊഴിലാളികൾ അനുഭവിക്കുന്ന ചില പ്രയാസങ്ങളുണ്ട്. ഇത്തരം പദ്ധതികൾ നന്നായി കൊണ്ടുപോകാൻ അവർ പരിശ്രമിച്ച് നമ്മുടെ നാട് വൃത്തിയാകുമ്പോൾ അവരെക്കൂടി

ചേർത്തുപിടിച്ചുകൊണ്ട് നല്ല രൂപത്തിൽ സംരക്ഷിക്കുന്നതിനുള്ള ഇടപെടൽ നടത്തേണ്ടതായിട്ടുണ്ടെന്ന് സൂചിപ്പിക്കുകയാണ്. കൂടാതെ ഹരിത കേരളം മിഷന്റെ ഭാഗമായി ബഹുമാനപ്പെട്ട ചെങ്ങന്നൂർ അംഗം സജി ചെറിയാന്റെ നേതൃത്വത്തിൽ കിലോമീറ്റർ കണക്കിനാണ് തോടുകൾ വൃത്തിയാക്കി വരട്ടാർ പുനഃസ്ഥാപിക്കാൻ കഴിഞ്ഞത്. അത്തരം പ്രവർത്തനം ചെയ്യുമ്പോൾ 'ഞങ്ങളുടേതാണിത്, ഞങ്ങൾക്കുകൂടി സംരക്ഷിക്കാൻ വേണ്ടിയുള്ളതാണിത്' എന്ന ബോധ്യത്തിലേയ്ക്ക് ജനങ്ങളെ കൊണ്ടുപോകേണ്ടതുണ്ട്. എങ്കിൽ മാത്രമേ ആ ലക്ഷ്യത്തിലേയ്ക്ക് പൂർണ്ണമായും എത്താൻ കഴിയുകയുള്ളൂ.

ജലവിതരണവുമായി ബന്ധപ്പെട്ട് പറയുമ്പോൾ നമ്മുടെ റോഡുകൾ പൊളിച്ചിട്ടാണ് പൈപ്പിടാൻ കഴിയുന്നത്. ബഹുമാനപ്പെട്ട മന്ത്രിയോട് ഒരു അഭ്യർത്ഥനയുള്ളത്, പി.ഡബ്ല്യൂ.ഡി.-ക്കും എൽ.എസ്.ജി.ഡി.-ക്കും നന്നായി കിടക്കുന്ന റോഡ് ഏതാണ്, ഇനി പൊളിക്കാൻ പോകുന്ന റോഡ് ഏതാണ് എന്നൊക്കെ അറിയാൻ സാധിക്കുമല്ലോ. ആ സാഹചര്യത്തിൽ അവർ തമ്മിൽ ചെറിയൊരു വർക്ക് നടത്തിയാൽ പൊളിക്കാൻ പോകുന്ന റോഡ് ഏതാണെന്നറിഞ്ഞാൽ അവിടെ മുൻകൂട്ടി പൈപ്പ് ലൈൻ ഇടാൻ കഴിയും. ഇത്തരത്തിലുള്ള ദീർഘവീക്ഷണത്തോടുകൂടി പഞ്ചായത്തുകളെ അതിലേയ്ക്ക്

കൊണ്ടുവന്നാൽ വലിയ ബുദ്ധിമുട്ടില്ലാതെ ജൽജീവൻ മിഷന്റെ പ്രവർത്തനങ്ങൾ ഭംഗിയായി കൊണ്ടുപോകാൻ കഴിയും.

കൃഷിയില്ലാതെ നമുക്ക് ജീവിക്കാൻ കഴിയില്ല. മാത്രമല്ല വിപണി നന്നായി കണ്ടെത്തി കൊടുക്കാൻ മന്ത്രിയുടെ നേതൃത്വത്തിൽ കഴിഞ്ഞിട്ടുണ്ട്. എല്ലാവർക്കും വിപണി ഉറപ്പാക്കിക്കൊണ്ട് നമ്മൾ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ ജനങ്ങൾക്കിടയിലേയ്ക്ക് എത്തിക്കണം. അതിൽക്കൂടി ഒരു നിർദ്ദേശം വച്ചുകൊണ്ട് ഞാൻ നിർത്തുകയാണ്. നമ്മുടെ നാട്ടിൽ ഒരുപാട് ഉൽപ്പന്നങ്ങൾ കർഷകർ ഉൽപ്പാദിപ്പിക്കുന്നുണ്ട്. അതിനുവേണ്ടി വിപണി കണ്ടെത്താൻ വേണ്ടിയുള്ള വലിയ പരിശ്രമങ്ങളും അങ്ങയുടെ നേതൃത്വത്തിൽ നടത്തുന്നുണ്ട്. ഓരോ പഞ്ചായത്തിലും നമ്മൾ ചെന്നാൽ മനസ്സിലാകും, അവർ എള്ള് മഞ്ഞൾ, ഇഞ്ചി എന്നിവ കൃഷി ചെയ്യുന്നു, തൊഴിലുറപ്പ് പദ്ധതികൂടി ചേർത്തുകൊണ്ട് ഓണക്കാലത്തേയ്ക്ക് എല്ലായിടത്തും ബന്തിപ്പൂക്കൾ കൃഷി ചെയ്യാൻ പഞ്ചായത്ത് ശ്രമിക്കുകയാണ്. അങ്ങനെ വലിയ തരത്തിൽ ഇടപെടുകയാണ്. നമുക്ക് ഒരുപാട് ഗവേഷണ കേന്ദ്രങ്ങളുണ്ട്, ഉദാഹരണത്തിന് ഓണാട്ടുകര പോലുള്ള സ്ഥലത്ത് മൂന്ന് ഗവേഷണ കേന്ദ്രങ്ങളാണുള്ളത്. നിലവിൽ വൻകിട കോർപ്പറേറ്റുകളുടെ

അരിപ്പൊടിയും മല്ലിപ്പൊടിയുമൊക്കെയാണ് വിപണി കീഴടക്കിയിരിക്കുന്നത്. അതിനാൽ ഈ ഗവേഷണ കേന്ദ്രങ്ങളെക്കൂടി യോജിപ്പിച്ചുകൊണ്ട് വിപണി കണ്ടെത്തിക്കൊടുത്ത് നമ്മൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ.., നിലവിൽ കുടുംബശ്രീ സംവിധാനങ്ങൾവഴി പോകുന്നുണ്ടെങ്കിൽപ്പോലും അത് കുറച്ചുകൂടി സുതാര്യമാക്കിക്കൊണ്ട് ജനങ്ങളുടെ ഇടയിലേയ്ക്കിറക്കാൻ കഴിയുന്ന തരത്തിലേയ്ക്ക് നമ്മുടെ തനത് ബ്രാൻഡ് ഉൽപ്പന്നങ്ങൾ ഓരോ പഞ്ചായത്തും നിർമ്മിക്കാനും പഞ്ചായത്തുകൾ പരസ്പരം അവ കൈമാറുന്ന ഒരവസ്ഥകൂടി വന്നുകഴിഞ്ഞാൽ, ആ വിപണി ഭംഗിയായി നിലനിർത്താൻ കഴിയും. ഇന്നുമുതൽ ജി.എസ്.ടി. വർദ്ധനവ് വന്നിരിക്കുകയാണ്. എന്നാൽ കേരളം അതിന് ബദൽ സൃഷ്ടിക്കുന്ന ഒരു സംസ്ഥാനമാണ്. വിപണിയിലെ അവശ്യസാധനങ്ങളുടെ വില പിടിച്ചുനിർത്താൻ നമ്മൾ ശ്രമിക്കുമ്പോൾതന്നെ ഉൽപ്പന്നങ്ങൾ കൂടുതലായി ഉൽപ്പാദിപ്പിച്ചുകൊണ്ട് അവ സമൂഹത്തിലേയ്ക്ക് വിതരണം ചെയ്യുന്നതിനുകൂടി നിങ്ങളുടെ പ്രവർത്തനങ്ങൾക്ക് കഴിയുന്നുണ്ട്. അത് കൂടുതൽ ഭംഗിയായി നടത്താൻ ഈ വകുപ്പുകൾക്ക് കഴിയട്ടെയെന്ന് ആഗ്രഹിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിമാരെല്ലാം അവരുടെ വകുപ്പിൽ

നടത്തുന്ന ധീരമായ എല്ലാ ഇടപെടലുകൾക്ക് അങ്ങേയറ്റം പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. ടി. ജെ. വിനോദ്: സർ, സ്വർണ്ണക്കള്ളക്കടത്തുമായി ബന്ധപ്പെട്ട് അഴിമതിയിൽ മുങ്ങിനിൽക്കുന്ന ഈ സർക്കാരിന്റെ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. യഥാർത്ഥ പ്രശ്നങ്ങളിൽനിന്നും ജനശ്രദ്ധ തിരിച്ചുവിടുന്നതിനുവേണ്ടി ഭരണപക്ഷം ബുദ്ധിപൂർവ്വമായ അധ്വാനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. തിരക്കില്ലാത്ത ഒരു ബസിൽ കൃത്രിമമായി തിരക്കുണ്ടാക്കി യാത്രക്കാരുടെ ശ്രദ്ധ തിരിച്ചുവിടുന്ന സൂത്രശാലിയായ പോക്കറ്റടിക്കാരനെപ്പോലെയാണ് ഇന്ന് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ. ഭരണപക്ഷം സ്വർണ്ണക്കള്ളക്കടത്ത് വിഷയം സഭയ്ക്കകത്തും പുറത്തും ചർച്ച ചെയ്യപ്പെടാതിരിക്കാൻ ശ്രീ. രാഹുൽ ഗാന്ധിയുടെ ഓഫീസിലേയ്ക്ക് എസ്.എഫ്.ഐ.-ക്കാരെക്കൊണ്ട് അക്രമം നടത്തിക്കുന്നു. എ.കെ.ജി. സെന്ററിലേയ്ക്ക് പടക്കമെറിഞ്ഞുകൊണ്ട് വിവാദമുണ്ടാക്കാനുള്ള ശ്രമം നടത്തുന്നു. ശ്രീ. എം. എം. മണിയെപ്പോലുള്ള സീനിയറായ അംഗത്തെക്കൊണ്ട് വിവാദപരമായ പ്രസംഗങ്ങൾ സഭയിൽ നടത്തിക്കുന്നു.

അതിനെതിരായി സി.പി.ഐ.-യുടെ അഖിലേന്ത്യാ നേതാക്കൾവരെ വിമർശിച്ചിട്ടുപോലും കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനെതിരായി ഒരു വിമർശനാത്മകമായ നിലപാട് സ്വീകരിക്കാൻപോലും തയ്യാറാകുന്നില്ലെന്ന വസ്തുതയും ഈ സഭയിൽ കാണുകയാണ്. സ്വർണ്ണക്കടത്ത് പോലുള്ള വിഷയങ്ങളിൽനിന്നും ഒളിച്ചോടാനുള്ള തന്ത്രമായാണ് ഇതിനെ കണ്ടുകൊണ്ടിരിക്കുന്നത്. പാർലമെന്റിൽ നിരോധിക്കപ്പെട്ട വാക്കുകൾ ഈ അടുത്ത സമയത്ത് പത്രത്തിൽ വായിക്കുകയുണ്ടായി. പല വാക്കുകളും നിരോധിച്ചുകൊണ്ട് പാർലമെന്റിൽ ബഹുമാനപ്പെട്ട സ്പീക്കർ ഉത്തരവിറക്കുകയുണ്ടായി. അതിൽ ചാണകം എന്ന വാക്കും നിരോധിക്കപ്പെട്ടു. ഭരണപക്ഷത്തിനെതിരെ പ്രതിപക്ഷം ഉപയോഗിക്കുന്നതും ഭാവിയിൽ ഉപയോഗിക്കാനിരിക്കുന്നതുമായ വാക്കുകളാണ് നിരോധിച്ചത്. ഈ സഭ പലപ്പോഴും കലുഷിതമാകുന്നത് സ്വർണ്ണത്തിൽതട്ടിയാണ്. അങ്ങനെയാണെങ്കിൽ സ്വർണ്ണം എന്ന വാക്ക് നിരോധിച്ചാൽ ഈ പ്രശ്നം അവസാനിക്കുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. സ്വർണ്ണം എന്ന വാക്ക് മലയാള നിഘണ്ടുവിൽ നിരോധിക്കാത്തിടത്തോളം കാലം സഭയ്ക്കകത്തും പുറത്തും ഞങ്ങൾ ചർച്ച

ചെയ്യുകതന്നെ ചെയ്യുമെന്നാണ് എനിക്ക് ഈ സഭ മുമ്പാകെ സൂചിപ്പിക്കാനുള്ളത്.

2011-ലെ സെൻസസ് പ്രകാരം കൊച്ചി കോർപ്പറേഷനിലെ ജനസംഖ്യ 6.78 കോടിയാണ്. ജനസംഖ്യയിലുണ്ടായിരുന്ന ശരാശരി വർദ്ധനവ് 7.83 ശതമാനമാണ്. 74 ഡിവിഷനുള്ള കൊച്ചി കോർപ്പറേഷൻ 94.88 സ്ക്വയർ കിലോമീറ്ററായി വ്യാപിച്ചുകിടക്കുകയാണ്. 2031-ൽ കൊച്ചി കോർപ്പറേഷനിലെ ജനസംഖ്യ 7.88 ലക്ഷമാകുമെന്നാണ് കണക്കാക്കുന്നത്. കുടിയേറ്റനിരക്ക് 10 ശതമാനവും വന്നുപോകുന്ന ആളുകളുടെ എണ്ണം 20 ശതമാനവുമാകുമ്പോൾ കൊച്ചി കോർപ്പറേഷനിലെ ജനസംഖ്യ ഏകദേശം 1024000 ആകും. 2019-ലെ സി.ഡബ്ല്യു.ആർ.ഡി.എം.-ന്റെ കണക്കുപ്രകാരം ഇതാണ് കൊച്ചിയിലെ ജനസംഖ്യയുടെ സ്ഥിതി. ഇന്ത്യൻ സ്റ്റാൻഡേർഡ് പ്രകാരം കൊച്ചി നഗരസഭ ക്ലാസ് II-ൽപ്പെടും. സെൻട്രൽ പബ്ലിക് ഹെൽത്ത് ആൻഡ് എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് ഓർഗനൈസേഷന്റെ മാനദണ്ഡപ്രകാരം ഒരു വ്യക്തിക്ക് 150 ലിറ്റർ വെള്ളം കൊടുക്കണമെന്നാണ് കണക്ക്. അതുപ്രകാരം ഇന്ന് കൊച്ചിയിൽ 30 MLD വെള്ളത്തിന്റെ കുറവാണുള്ളത്. ആലുവയിലെ ശുദ്ധീകരണശാലയിൽനിന്നും കൊച്ചിക്കും

പ്രാന്തപ്രദേശങ്ങൾക്കുമായി നാല് പദ്ധതികളിലായി ഏകദേശം 225 MLD വെള്ളമാണ് ഇന്ന് ലഭ്യമാകുന്നത്. കൂടാതെ JNNURM (Jawaharlal Nehru National Urban Renewal Mission) പദ്ധതിയിലുൾപ്പെടുത്തി മരട് ശുദ്ധീകരണശാലയിൽനിന്നും 100 MLD വെള്ളവും ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഇവ രണ്ടുംകൂടി എറണാകുളത്തും പരിസരപ്രദേശങ്ങളിലുമായി 325 MLD വെള്ളമാണ് ആകെ ലഭ്യമാക്കുന്നത്. ഇതിന് ആലുവ ശുദ്ധീകരണശാലയിൽനിന്നും 121.5 MLD-യും മരട് ട്രീറ്റ്മെന്റ് പ്ലാന്റിൽനിന്നും 53.5 MLD വെള്ളവുമുൾപ്പെടെ 175 MLD വെള്ളമാണ് കൊച്ചി നഗരത്തിലും ഇന്ന് ലഭ്യമാകുന്നത്. ഇതിൽ വാട്ടർ അതോറിറ്റിയുടെ കണക്കുപ്രകാരം ഏകദേശം 35 ശതമാനം വിതരണനഷ്ടമുണ്ടെന്നാണ് പറയപ്പെടുന്നത്. യഥാർത്ഥത്തിൽ 140 MLD വെള്ളമാണ് ഇന്ന് കൊച്ചി നഗരത്തിൽ ലഭ്യമാകുന്നത്. കൊച്ചി കോർപ്പറേഷനിൽ ആകെയുള്ള ജലവിതരണ കണക്ഷനുകൾ 168000 ആണ്. കൂടാതെ 5445 പൊതുടാപ്പുകളും കോർപ്പറേഷനിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കൊച്ചിൻ പോർട്ട് ട്രസ്റ്റ്, നേവൽ ബേസ്, കൊച്ചിൻ ഷിപ്പ്യാർഡ്, റെയിൽവേ സ്റ്റേഷനുകൾ, ആശുപത്രികൾ, കോളേജുകൾ എന്നിങ്ങനെ ബൾക്കായി

വെള്ളം ഉപയോഗിക്കുന്ന കോമേഴ്സ്യൽ സ്ഥാപനങ്ങളുമുണ്ട്. യഥാർത്ഥത്തിൽ പടിഞ്ഞാറൻ കൊച്ചിയിലും കൊച്ചിയുടെ എറണാകുളം നഗരത്തിലും നഗരത്തിന്റെ പ്രധാനപ്പെട്ട പ്രദേശങ്ങൾ കടവന്ത്ര, പനമ്പിള്ളി നഗർ, വടുതല, ഇളമക്കര, ചിറ്റൂർ തുടങ്ങിയ പ്രദേശങ്ങളിൽ അതിരൂക്ഷമായ കുടിവെള്ളക്ഷാമമാണ് ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്നത്. കൊച്ചി നഗരം പുഴകളാലും കനാലുകളാലും ചുറ്റപ്പെട്ട പ്രദേശമാണെങ്കിലും കുടിവെള്ളത്തിന് അതിരൂക്ഷമായ ക്ഷാമം നേരിടുകയാണ്. 2019-ലെ സി.ഡബ്ല്യൂ.ആർ.ഡി.എം.-ന്റെ റിപ്പോർട്ടുപ്രകാരം 2046-ൽ 405 MLD വെള്ളം കൊച്ചി കോർപ്പറേഷനിൽ ആവശ്യമുണ്ടെന്നാണ് കണക്കാക്കുന്നത്. അതിനുള്ള ഒരു പദ്ധതിയും ഇപ്പോൾ ആവിഷ്കരിച്ച് നടപ്പാക്കുന്നില്ലായെന്നതാണ് കൊച്ചിയും പ്രാന്തപ്രദേശങ്ങളും നേരിടുന്ന ഏറ്റവും വലിയ പ്രശ്നമായി കണക്കാക്കേണ്ടത്. നിലവിൽ രവിപുരം, കടവന്ത്ര, സെമിത്തേരിമുക്ക്, തോപ്പുംപടി, കൂവപ്പാടം, ഫോർട്ട്കൊച്ചി ഉൾപ്പെടെ ആറ് ഓവർഹെഡ് ടാങ്കുകൾ നഗരത്തിലുണ്ട്. പുതുതായി അമൃത് പദ്ധതിയിലുൾപ്പെടുത്തിയ ഈ ആറ് ടാങ്കുകൾ ഉൾപ്പെടെ 12 ഓവർഹെഡ് ടാങ്കുകൾ ഇന്ന് നഗരത്തിൽ പണിയുന്നതും നിലവിലുള്ളതുമായുണ്ട്. ഈ

ടാങ്കുകളിലൊന്നും കൃത്യമായി വെള്ളം കയറ്റാനുള്ള പമ്പിംഗ് മെയിൻ ഇതിലേയ്ക്കില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ഡിസ്ട്രിബ്യൂഷൻ-കം-പമ്പിംഗാണ് ഇന്ന് നഗരത്തിൽ നടക്കുന്നത്. പല ടാങ്കുകളും നിർമ്മാണം പൂർത്തീകരിച്ചിട്ടും വെള്ളമെത്തിക്കാൻ കഴിയാത്തതുമൂലം ഇതിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭിക്കുന്നില്ലെന്ന ദൗർഭാഗ്യകരമായ സ്ഥിതിവിശേഷമാണ് ഇന്ന് നഗരത്തിലുള്ളത്. അമൃത് പദ്ധതിയിലുൾപ്പെടുത്തി ഏകദേശം 98 പദ്ധതികളാണ് ഇന്ന് നഗരത്തിൽ നടപ്പാക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ഏകദേശം 272 കോടി രൂപയുടെ പദ്ധതിയാണ് നടപ്പാക്കുന്നത്. 15-07-2022-ലെ കണക്കുപ്രകാരം 55.18 ശതമാനം തുക മാത്രമാണ് ഇതുവരെ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത്. 2023 മാർച്ച് മാസത്തോടുകൂടി ഈ പദ്ധതിയുടെ കാലാവധി പൂർത്തിയാകുകയാണ്. അടിയന്തരമായി ഈ വിഷയത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് എറണാകുളത്തെ ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും വിളിച്ച് ഈ പദ്ധതിയുടെ വീഴ്ചകൾ എവിടെയാണെന്ന് മനസ്സിലാക്കി നടപടിയെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കൃഷിയുമായി ബന്ധപ്പെട്ട് 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന മുദ്രാവാക്യം സംസ്ഥാന

ഗവൺമെന്റ് നടപ്പാക്കിയിട്ടുണ്ട്. ഇത് പ്രായോഗികമായി വരുമ്പോൾ പണമില്ലെന്ന കാരണത്താൽ വലിയ ബുദ്ധിമുട്ട് നേരിടുകയാണ്. 2011-ലെ സെൻസസ് പ്രകാരം ഏകദേശം 6.78 കോടി ജനങ്ങൾ താമസിക്കുന്ന, 94 സ്ക്വയർ കിലോമീറ്ററുള്ള കോർപ്പറേഷനിൽ ഒരു കൃഷിഭവനാണുള്ളത്. 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന മുദ്രാവാക്യം ഒരു കൃഷിഭവനിൽ എങ്ങനെ പ്രാവർത്തികമാക്കാൻ കഴിയും? അവിടെ ഇതുമായി ബന്ധപ്പെട്ട് ഒരു പദ്ധതിയും നടപ്പാക്കാൻ കഴിയുന്നില്ലെന്ന് മാത്രമല്ല, കൃഷി ഓഫീസിൽ സ്റ്റാഫില്ലാത്തതുമൂലം തരംമാറ്റമുൾപ്പെടെ കെട്ടിക്കിടക്കുന്ന സാഹചര്യത്തിലേയ്ക്ക് എത്തിനിൽക്കുന്നുവെന്ന ദൗർഭാഗ്യകരമായ സ്ഥിതിവിശേഷമാണുള്ളത്. അതുകൊണ്ട് അടിയന്തരമായി ഇത്തരം വിഷയങ്ങളിലിടപെടണം. നമ്മുടെ കനാലുകളിൽ എക്കൽ അടിഞ്ഞ് മത്സ്യത്തൊഴിലാളികൾക്കുപോലും മത്സ്യബന്ധനം നടത്താൻ സാധിക്കാത്ത രീതിയിൽ അതിഗുരുതരമായി നിൽക്കുകയാണ്. വല്ലാർപാടം കണ്ടെയ്നർ ടെർമിനലിലേയ്ക്ക് റെയിൽവേപാലം പണിയുന്നതുമായി ബന്ധപ്പെട്ടുണ്ടായ തടസ്സം ഈ സഭയിൽ ഉന്നയിച്ചിട്ടും ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ടിട്ടുപോലും ഇന്നുവരെ നീക്കം ചെയ്യാൻ സാധിക്കാത്ത ഒരു സാഹചര്യം

നിലനിൽക്കുകയാണ്. അതുകൊണ്ട് ഇത്തരം വിഷയങ്ങളിൽ അഡ്രസ് ചെയ്യാത്ത ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി എതിർക്കുകയാണ്.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ശുദ്ധജലവിതരണവും ശുചീകരണവും കൃഷി, ജലസേചനം എന്നീ മേഖലകൾക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. ജലവിഭവങ്ങളുടെ ശാസ്ത്രീയവും സുസ്ഥിരവുമായ പരിപാലനം വളരെ പ്രസക്തിയുള്ള ഒരു വിഷയമാണ്. ജലസുരക്ഷ ഉറപ്പാക്കുന്നതിനും സാമൂഹിക സാമ്പത്തിക വികസനം കൈവരിക്കുന്നതിനും ഈ മേഖല പ്രധാന പങ്കുവഹിക്കുന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തുണ്ടാകുന്ന ആവർത്തിച്ചുള്ള വരൾച്ചയും വെള്ളപ്പൊക്കവും കണക്കിലെടുക്കുമ്പോൾ ഭാവിയിൽ ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപാലനവും പ്രാധാന്യമർഹിക്കുന്നൊരു വിഷയമാണ്. 44 നദികളാൽ അനുഗൃഹീതമായ കേരളം ജലസമ്പന്നമാണെന്ന് തോന്നാമെങ്കിലും വർഷത്തിൽ പകുതിയും കുടിവെള്ളത്തിനുപോലും കടുത്തക്ഷാമം അനുഭവപ്പെടുന്ന സ്ഥിതിയാണുള്ളത്. ജലവിഭവം മനുഷ്യന്റെ അടിസ്ഥാന ജീവനോപാധിയാണ്. മനുഷ്യാവകാശമെന്ന നിലയിൽ അത്

ആർക്കും നിഷേധിക്കാനാവില്ല. 1972-ലെ സ്റ്റോക്ക്ഹോം കോൺഫറൻസാണ് ജലത്തെ സൂക്ഷ്മതയോടെ പരിരക്ഷിക്കപ്പെടേണ്ട ഒരു പ്രകൃതി വിഭവമായി നിർവ്വചിച്ചത്. 1977-ൽ ജലവിഭവ പ്രശ്നം മാത്രം ചർച്ച ചെയ്യുന്നതിനായി അർജന്റീനയിൽ Mar del Plata Water Conference ഐക്യരാഷ്ട്രസഭയുടെ മുൻകയ്യോട്ടുകൂടി ചേരുകയുണ്ടായി. ആദ്യത്തെ അന്തർദ്ദേശീയ കൂടിച്ചേരലായിരുന്നു ഇത്. അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റാൻ വേണ്ടത്ര അളവിലും ഗുണത്തിലും ജലം ലഭിക്കാൻ ഏതൊരു വികസനഘട്ടത്തിലും ജനങ്ങൾക്ക് അവകാശമുണ്ടെന്ന് ഈ സമ്മേളനം പ്രഖ്യാപിക്കുകയുണ്ടായി. തുടർന്ന് 1981 മുതൽ 1990 വരെയുള്ള പത്ത് വർഷക്കാലം International Drinking Water Supply and Sanitation Decade ആയി ആചരിക്കാൻ ഈ കോൺഗ്രസ് തീരുമാനിക്കുകയുണ്ടായി. 1992 ജനുവരിയിലെ Netherlands-ലെ Dublin Conference, അന്തർദ്ദേശീയ ജലപരിസ്ഥിതി കോൺഫറൻസ് എന്നിവ ലോകത്തിലെ വഴിത്തിരിവാണ്. ജലത്തിന് ഒരു സാമ്പത്തിക മൂല്യമുണ്ടെന്നും അതിനാൽ ജലത്തെ ചരക്കായി അംഗീകരിക്കണമെന്നും Dublin Conference തീരുമാനിക്കുകയുണ്ടായി. ജലത്തിനുള്ള അവകാശം (Right to Water) എന്നത് വിലയില്ലാതെ ജലം

ലഭിക്കാനുള്ള അവകാശമല്ലെന്നും ഈ കോൺഫറൻസ് പ്രഖ്യാപിക്കുകയുണ്ടായി. അത് ആഗോളവൽക്കരണ നയത്തിന്റെ ആരംഭ ദശയാണ്. ഇന്ത്യയിൽ പി. വി. നരസിംഹ റാവു ഉൾപ്പെടെയുള്ള ആളുകൾ ഈ നയം വാരിപ്പുണരുന്ന സന്ദർഭം കൂടിയായിരുന്നു അത്. ലോകത്തെ ജലഭീമന്മാർ കഴുകൻ കണ്ണുമായി കാത്തുനിന്ന സന്ദർഭമായിരുന്നു. നമുക്കറിയാം, ലോകത്ത് ജലകച്ചവടം നിയന്ത്രിക്കുന്നത് മൂന്ന് വിഭാഗങ്ങളിലായി പത്ത് ജലകച്ചവട കോർപ്പറേറ്റുകളാണ്. ഫ്രഞ്ച് ഭീമൻമാരായ Vivendi എന്ന സ്ഥാപനത്തിന് 90 രാജ്യങ്ങളിലാണ് ഈ മേഖലയിൽ കുത്തകാധിപത്യമുള്ളത്. Suez എന്ന സ്ഥാപനത്തിന് 110 രാജ്യങ്ങളിൽ, അങ്ങനെയുള്ള എല്ലാ വിവരങ്ങളും എന്റെ കൈയിൽ ലഭ്യമാണ്. ഞാൻ വിസ്താരഭയത്താൽ അത് ഇവിടെ അവതരിപ്പിക്കുന്നില്ല. ജലവ്യാപാരത്തിന്റെ അനന്തമായ വിപണിയാണ് യഥാർത്ഥത്തിൽ ഈ കോൺഫറൻസ് വഴി കുത്തകകൾക്ക് തുറന്നുകൊടുത്തത്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽവേണം ഇന്ത്യയുടെയും കേരളത്തിന്റെയും ജലവിഭവ പ്രശ്നങ്ങളെ നാം പരിശോധിക്കേണ്ടത്. 1987-ലാണ് ദേശീയ ജലനയം ആവിഷ്കരിക്കുന്നത്. അത് 15 വർഷങ്ങൾക്കുശേഷം ഭേദഗതികളോടെ 2002-

ൽ പരിഷ്കരിച്ചു. ആഗോളവൽക്കരണ നയങ്ങളോട് ഒത്തുപോകുന്ന നയമായിരുന്നു അത്. കേരളത്തിൽ ശുദ്ധജല വിതരണം ചെയ്യാൻ കേരള സർക്കാരിനുകീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമാണ് കേരള വാട്ടർ അതോറിറ്റി. 1984-ലാണ് ഈ സ്ഥാപനം രൂപീകരിക്കപ്പെട്ടത്. 71 നഗര കുടിവെള്ള പദ്ധതികളും 2117 ഗ്രാമീണ കുടിവെള്ള പദ്ധതികളുമടക്കം 2188 പദ്ധതികൾ കേരള വാട്ടർ അതോറിറ്റി നടത്തിവരുന്നു. ആകെ ജനസംഖ്യയുടെ 7.1 ശതമാനം ആളുകൾ കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ളം ഉപയോഗിക്കുന്നുവെന്നാണ് കണക്ക്. കേരളത്തിന്റെ ജലവിഭവ പ്രശ്നങ്ങൾ ആത്മാർത്ഥമായി അഭിസംബോധന ചെയ്യാൻ ശ്രമിക്കുന്ന കേരള സർക്കാരിനെയും ജലസേചന വകുപ്പിനെയും ഞാൻ അഭിനന്ദിക്കുകയാണ്. നിലവിലുള്ള വൻകിട ജലസേചന പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കാനുള്ള സർക്കാരിന്റെ ശ്രമങ്ങൾ, അന്തർസംസ്ഥാന നദീജലവുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് നൽകിയിട്ടുള്ള മുൻഗണന, ജലവിഭവ വകുപ്പിന് നദീതട അടിസ്ഥാനത്തിൽ പുന:സംഘടിപ്പിക്കാനുള്ള സർക്കാരിന്റെ തീരുമാനം, ഭൂഗർഭജലം റീചാർജ്ജിംഗിനുള്ള പദ്ധതികൾ, ജലസ്രോതസ്സുകളുടെ മലിനീകരണത്തിനെതിരെ ശിക്ഷാനടപടികൾ

കർശനമാക്കാനുള്ള സർക്കാരിന്റെ തീരുമാനം എന്നിവയെല്ലാം ഈ ദിശയിലെ പ്രധാനപ്പെട്ട കാര്യങ്ങൾതന്നെയാണ്. മുല്ലപ്പെരിയാർ വിഷയത്തിൽ നിലവിലെ ഡാമിന്റെ കാലപ്പഴക്കവും കാലാവസ്ഥാവ്യതിയാനവും കണക്കിലെടുത്ത് പുതിയ ഡാം പണിയാൻ അനുമതി തേടിയ സർക്കാരിന്റെ നിശ്ചയദാർഢ്യം അഭിനന്ദനാർഹമാണ്. 'തമിഴ്നാടിന് ജലം കേരളത്തിന് സുരക്ഷ' എന്ന ലക്ഷ്യം മുൻനിർത്തിയാണ് ഈ ആവശ്യം ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ മുമ്പാകെ അറിയിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ സഭയിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുള്ളതാണ്. ഈ രംഗത്ത് ഭാവനാസമ്പന്നതയോടെ ആവിഷ്ക്കരിക്കപ്പെട്ട പദ്ധതികൾ സംബന്ധിച്ച് കാലാകാലങ്ങളിൽ ആവശ്യമായ പരിശോധനകൾ നടത്തേണ്ടതുണ്ട്. നദികളിലും പുഴകളിലും അടിഞ്ഞുകൂടിയിട്ടുള്ള മണലും എക്കലും നീക്കം ചെയ്യാനുള്ള പദ്ധതികളുടെ വേഗം വർദ്ധിപ്പിക്കേണ്ടതുണ്ട്. ഹരിത കേരള മിഷന്റെ സംഭാവനകൾ എടുത്തുപറയേണ്ടതാണ്. നമ്മുടെ ഭൂമിയും മണ്ണും ജലവും വായുവും മലിനമാകാതെ വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും ജലസാന്നിധ്യം സ്രോതസ്സുകളിൽ എല്ലാ സമയവും ഉറപ്പാക്കാൻ ആവശ്യമുള്ള

പാരിസ്ഥിതിക പുനഃസ്ഥാപന പ്രവർത്തനങ്ങൾ കണ്ടെത്തി നിർവ്വഹിക്കുന്നതിലും സമൂഹത്തെ പ്രാപ്തമാക്കാനും ലക്ഷ്യംവച്ചാണ് ഹരിത മിഷനും അതിന്റെ ജലസംരക്ഷണ ഉപമിഷനും ആവിഷ്കരിച്ചത്. മഴവെള്ള സംഭരണം വ്യാപകമാക്കുക, ഭൂഗർഭജല പരിപോഷണം ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നുണ്ടെങ്കിലും കുറച്ചുകൂടി കാര്യക്ഷമമായി ഇടപെടേണ്ടതുണ്ട്. കൃഷിക്ക് ആവശ്യമായ ജലം എത്തിക്കുകയെന്നതാണ് ജലവിഭവ വകുപ്പിന്റെ പ്രധാന ലക്ഷ്യം. ഇതിനായി വകുപ്പ് വൻകിട-ഇടത്തര-ചെറുകിട ജലസേചന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും പൂർത്തീകരിച്ച പദ്ധതികളുടെ പരിപാലനം നടത്തുകയും ചെയ്യുന്നത് അഭിനന്ദനാർഹമാണ്. എന്നാൽ വൈപ്പിൻകരയും ആലപ്പുഴ പോലെയുള്ള ദ്വീപസമൂഹങ്ങളുമായി ബന്ധപ്പെട്ട പ്രദേശങ്ങളിൽ കൃഷിക്ക് അയോജ്യമായ നിലപാടുകൾ ആവിഷ്കരിച്ചുവരുന്നത് കൃഷി വകുപ്പാണ്. പൊക്കാളി പാടങ്ങളുടെ സംരക്ഷണത്തിനും ഉൾനാടൻ മത്സ്യസമ്പത്തിന്റെ വർദ്ധനവിനും സഹായകമാകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നത് കൃഷി വകുപ്പാണ്. ജലവിഭവ വകുപ്പും കൃഷി വകുപ്പും തമ്മിൽ ആവശ്യമായ ഘട്ടങ്ങളിൽ ഏകോപനമുണ്ടാകുന്നത് നല്ലതായിരിക്കും. ഇത്തരം

ഏകോപനമില്ലായ്മയും ഉദ്യോഗസ്ഥരുടെ കാര്യക്ഷമയില്ലാതെയുള്ള പ്രവൃത്തികളും നബാർഡ് ധനസഹായത്തോടെയുള്ള 36 കോടി രൂപയുടെ ജൈവ വൈപ്പിൻ പദ്ധതി വൈപ്പിൻകരയ്ക്ക് നഷ്ടപ്പെടാനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടുകയുണ്ടായി. വൈപ്പിൻകരയുടെ സാമൂഹിക, സാമ്പത്തിക ജീവിതത്തെ വലിയതോതിൽ സ്വാധീനിക്കാൻ നബാർഡ് സഹായത്തോടെയുള്ള കെ.എൽ.ഡി.സി. നിർവ്വഹണ ഏജൻസിയുമായുള്ള പദ്ധതി വീണ്ടെടുക്കുകയോ നബാർഡിന്റെ ഈ വർഷത്തെ പദ്ധതിയിലുൾപ്പെടുത്തിയോ ഇതിനൊരു പരിഹാരം കാണണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അതുപോലെതന്നെ, പെരിയാർവാലി ജലസേചന പദ്ധതി, മൂവാറ്റുപുഴവാലി ജലസേചന പദ്ധതി, ഇടമലയാർ ജലസേചന പദ്ധതി എന്നീ പദ്ധതികളുടെ ഭാഗമായ കനാൽ ബണ്ട് റോഡുകൾ ഇന്ന് തകർന്നുകിടക്കുകയാണ്. ഫണ്ടിന്റെ അപര്യാപ്തതമൂലം റോഡ് പുനരുദ്ധാരണം സാധ്യമാകുന്നില്ലെന്ന ഗൗരവതരമായ സ്ഥിതിയുണ്ട്. അതിൽ അടിയന്തരമായ ശ്രദ്ധയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ജലവിഭവ വകുപ്പിന്റെ കഴിഞ്ഞ ഒരു വർഷക്കാലത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ വളരെ കാര്യക്ഷമതയോടെയുള്ള പ്രവർത്തനങ്ങളാണ്

വകുപ്പ് കാഴ്ചവയ്ക്കുന്നത്. സംസ്ഥാനത്തെ ഗ്രാമീണമേഖലകളിൽ 70 ലക്ഷം കുടുംബങ്ങളിൽ കുടിവെള്ളമെത്തിക്കാനുള്ള തീവ്രമായ പ്രവർത്തനങ്ങളിൽ വളരെ ജാഗ്രതയോടെയാണ് നമ്മുടെ വകുപ്പും മന്ത്രിയും പ്രവർത്തിക്കുന്നത്. അതിന് അദ്ദേഹത്തെ ഞാൻ അഭിനന്ദിക്കുകയാണ്. കഴിഞ്ഞ വർഷങ്ങളിലുണ്ടായ ശക്തമായ രണ്ട് വെള്ളപ്പൊക്കങ്ങളും ഉരുൾപൊട്ടലിലൂടെ ശുദ്ധജല വിതരണ ശൃംഖലയിലുണ്ടായ നാശനഷ്ടങ്ങളുമെല്ലാംതന്നെ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടെങ്കിലും അതിനെയെല്ലാം അതിജീവിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് എല്ലാ കുടുംബങ്ങളിലും കുടിവെള്ളമെത്തിക്കാനുള്ള ലക്ഷ്യം മുൻനിർത്തി വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്. ജലജീവൻ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ടെണ്ടർ നടപടികൾ പൂർത്തിയായി അവാർഡ് ചെയ്യുന്ന ഘട്ടത്തിലാണ് പി.വി.സി. പൈപ്പുകളുടെയെല്ലാം വിലവർദ്ധനവ് രൂക്ഷമാകുന്നത്. ടെണ്ടറുകൾ പലതും റീ-ടെണ്ടർ ചെയ്യേണ്ടിവന്നു. റേറ്റ് റിവിഷൻ നടത്തിയതിനുശേഷം മാത്രമാണ് ടെണ്ടർ നടപടികൾ പുരോഗമിച്ചത്. നാഷണൽ ഹൈവേ അതോറിറ്റി, റെയിൽവേ എന്നീ കേന്ദ്ര-സംസ്ഥാനങ്ങളുടെ അധീനതയിലുള്ള പ്രദേശങ്ങളിലൂടെ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി

ലഭിക്കാത്തതുമൂലം ജലജീവൻ പദ്ധതിയുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്നുണ്ട്. തീർച്ചയായും ഈ തടസ്സങ്ങളെല്ലാം മാറ്റിയെടുക്കേണ്ടതാണ്. അതുപോലെ 'ഞങ്ങളും കൃഷിയിലേയ്ക്ക് 'എന്ന വളരെ മനോഹരമായ മുദ്രാവാക്യം കൃഷി വകുപ്പ് മുന്നോട്ടുവച്ചിരിക്കുകയാണ്. പതിനായിരം കൃഷിക്കൂട്ടങ്ങളെന്ന ആവേശകരമായ ലക്ഷ്യം നേടാൻ നാം ആ ലക്ഷ്യത്തിലേയ്ക്ക് അടുത്തുകൊണ്ടിരിക്കുകയാണ്. കുടുംബശ്രീ നടത്തിക്കൊണ്ടിരിക്കുന്ന 'അഗ്രി ന്യൂട്രി ഗാർഡൻ' എന്ന ബൃഹത്തായ പദ്ധതിയുണ്ട്. എന്റെ മണ്ഡലത്തിൽ ഇരുപത്തിയയ്യായിരത്തോളം കുടുംബശ്രീ അംഗങ്ങളെ ഈ പദ്ധതിയുമായി കണ്ണിചേർക്കാൻ ഞങ്ങൾ തീരുമാനിച്ചിരിക്കുകയാണ്. അതുപോലെ സംസ്ഥാനത്തെ 'ഞങ്ങളും കൃഷിയിലേയ്ക്ക് ' എന്ന പദ്ധതിയിലേയ്ക്ക് കണ്ണിചേർക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ കൃഷി വകുപ്പ് ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മണ്ഡലത്തിലെ കുടിവെള്ള പ്രശ്നം കുറച്ചുകൂടി പരിഹരിക്കേണ്ടതുണ്ട്. വലിയ പ്രക്ഷോഭങ്ങൾക്കെല്ലാം സാക്ഷ്യം വഹിച്ച, അതിന് നേതൃത്വം നൽകിയ സമരോത്സുകരായ ഒരു ജനതയാണ് വൈപ്പിൻകരയിലേതെന്ന് അങ്ങേയ്ക്ക് അറിയാമല്ലോ, അതിൽ ചൊവ്വര നവീകരണ പദ്ധതി

ഊർജ്ജിതമാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ പൂർത്തീകരിച്ച കുടിവെള്ള ടാങ്കുകളുടെ ഉദ്ഘാടനം എത്രയും വേഗം നിർവ്വഹിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഭരണഘടനയിൽ കുടിവെള്ളം ഒരു അവകാശമായി പ്രഖ്യാപിച്ചിട്ടുള്ള നാടാണ് നമ്മുടേത്. ഭരണഘടനാ അസംബ്ലിയിൽ അംഗമായിരുന്ന ശ്രീമതി ദാക്ഷായണി വേലായുധന്റെ ജന്മനാടാണ് മുളവുകാട് പഞ്ചായത്ത്. ചെമ്പിലരയന്റെ യുദ്ധതന്ത്രങ്ങളാൽ നാം വീണ്ടെടുത്ത ബോൾഗാട്ടി പാലസ് അവിടെയാണ്. പോഞ്ഞിക്കര റാഫിയെപ്പോലെയുള്ള വലിയ സാഹിത്യകാരന്മാർക്ക് ജന്മം നൽകിയ ഒരു പഞ്ചായത്താണത്. ആ മുളവുകാട് പഞ്ചായത്തിൽ അറുപത് കോടി രൂപയുടെ ഒരു കുടിവെള്ള പദ്ധതി ഡിപ്പാർട്ട്മെന്റ് മുന്നോട്ട് വച്ചിട്ടുണ്ട്. അതിന് അംഗീകാരം നൽകണമെന്നും സംസ്ഥാന ജലനയം പരിഷ്ക്കരിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്. 2008-ലാണ് ജലനയം നിലവിൽ വന്നത്. ജലവിഭവശേഷി ആസൂത്രണത്തിലും വിനിയോഗത്തിലും സംസ്ഥാനത്തുണ്ടായ മാറ്റം കണക്കിലെടുത്ത് 2008-ലെ ജലനയം പരിഷ്ക്കരിക്കാൻ ഗവൺമെന്റ് യഥാർത്ഥത്തിൽ തീരുമാനമെടുക്കുകയും ഒരു കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തതാണ്.

ജലനയം രൂപീകരിക്കാനുള്ള നടപടികൾ പുരോഗമിക്കവേ, 2018-ലെ പ്രളയം എല്ലാ മേഖലകളിലുമെന്ന പോലെ ജലവിഭവ മേഖലയെയും ബാധിച്ചു. സംസ്ഥാനത്തിന്റെ ഈ പ്രശ്നങ്ങൾ പരിഹരിക്കാനും ജലനയം ആവിഷ്കരിക്കാനും നാം മുൻകയ്യെടുക്കണം. ഞാൻ അവസാനിപ്പിക്കുകയാണ്. ഭൂമിയുടെ മൂന്നിൽരണ്ട് ഭാഗവും ജലമാണെങ്കിലും ശുദ്ധജലത്തിന്റെ അളവ് ആകെ ലഭ്യമായ ജലത്തിന്റെ മൂന്ന് ശതമാനം മാത്രമാണ്. ഈ സാഹചര്യത്തിൽ നമ്മുടെ ജലഉപഭോഗ രീതികളിൽ മാറ്റം വരുത്താനും പുതിയ ജലഉപഭോഗ സംസ്കാരം ശീലിക്കാനും നടപ്പാക്കാനും കഴിയണം. 3 R's സിദ്ധാന്തം, 'Reduce, Reuse Recycle' - ഈ മൂന്ന് സിദ്ധാന്തങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് ഒരു ജലഉപഭോഗ സംസ്കാരം വളർത്തിയെടുക്കാൻ മാനവീയംപോലെ സാക്ഷരതാ പ്രസ്ഥാനംപോലെ ജലവിഭവ വകുപ്പ് വലിയൊരു ജനകീയ പ്രസ്ഥാനം, ബോധവൽക്കരണം, വിദ്യാർത്ഥികളെ അതുപോലെതന്നെ ജനകീയ പ്രസ്ഥാനത്തിന്, ക്യാമ്പയിന് നേതൃത്വം നൽകണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. കൃഷി, ജലസേചനം എന്നിവയാണ് ഇന്നത്തെ രണ്ട് ധനാഭ്യർത്ഥനകൾ. നമ്മുടെ നാട് കാർഷിക രംഗത്ത് വലിയ പ്രതിസന്ധികൾ നേരിടുന്ന ഒരു സമയമാണിത്. പന്ത്രണ്ടായിരത്തി എണ്ണൂറ്റി അറുപതിലധികം കോടി രൂപയുടെ ജി.എസ്.ടി. റീഫണ്ട് ഇനി കിട്ടുകയില്ലെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇന്ന് രാവിലെ സഭയിൽ പറയുകയുണ്ടായി. കഴിഞ്ഞ വർഷം അത് കിട്ടിയതാണ്. ഏതാണ്ട് അത്രയുംതന്നെ കിട്ടേണ്ട ഫണ്ട് കിട്ടാത്തതുകൊണ്ട് സാമ്പത്തികമായി വലിയ ബുദ്ധിമുട്ടിലാണ്. സർക്കാരിന്റെ പുതിയ സാമ്പത്തിക സ്രോതസ്സുകളെക്കുറിച്ച് ചർച്ച ചെയ്തപ്പോൾ അത് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിനെ പഠിക്കാൻ ഏൽപ്പിച്ചിരിക്കുകയാണെന്ന് അദ്ദേഹം പറയുകയുണ്ടായി. നമ്മുടെ മുമ്പിൽ ജനങ്ങളിൽനിന്നും നികുതി കൂടുതലായി പിരിച്ചെടുക്കാനുള്ള ഒരു വസ്തുതയുമില്ലാതിരിക്കുന്ന സാഹചര്യത്തിൽ എന്റെ ഈ പ്രസംഗത്തെ രാഷ്ട്രീയമായോ ഏതെങ്കിലും മുന്നണിയായോ ദയവുചെയ്ത് കാണരുത്. ഇന്ത്യയിലെ ഒരു സാധാരണ പൗരന്റെ പ്രസംഗമായി കേട്ടാൽ മതി.

ഇന്ത്യയിൽ കാർഷിക രംഗം വലിയ പ്രതിസന്ധി നേരിടാൻ പോകുകയാണ്. അതിൽ പ്രധാനമായും Indo-Pacific കരാർ. ഇന്തോനേഷ്യ, വിയറ്റ്നാം, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളുമായി ബി.ജെ.പി. സർക്കാർ ഏർപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഇതിന്റെ ഫലമായി ഇന്തോനേഷ്യയിൽനിന്നും നാളീകേരം വരും, വിയറ്റ്നാമിൽനിന്നും കുരുമുളക് വരും, ഓസ്ട്രേലിയയിൽനിന്നും പാലുൽപ്പന്നങ്ങൾ ഇഷ്ടംപോലെ വരും. ഇതെല്ലാം ഇന്ത്യയിലേയ്ക്ക് വന്നിറങ്ങുന്നത് തടയാൻ നമുക്ക് കഴിയില്ല. അതാണ് എഗ്രിമെന്റ്. ഇവിടെനിന്നും അങ്ങോട്ടേയ്ക്ക് അയയ്ക്കാനുമാകില്ല. അവിടെനിന്നും ഇവ വന്നുകഴിഞ്ഞാൽ ഇവിടെയുള്ള എല്ലാ ഉൽപ്പന്നങ്ങളുടെയും വില കുറയും. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി നല്ലൊരു കർഷകനാണ്. ഞാൻ അദ്ദേഹത്തിന്റെ കൃഷി സ്ഥലത്ത് പോയിട്ടുണ്ട്. Precision farming വളരെ മനോഹരമായി ചെയ്തിട്ടുണ്ട്. യുവതലമുറയിലെ ചെറുപ്പക്കാർക്കും യുവതീ-യുവാക്കൾക്കുമൊക്കെ എളുപ്പത്തിൽ ചെയ്യാൻ സാധിക്കുന്ന സ്റ്റൈലൻ കൃഷി രീതി അദ്ദേഹം വിജയകരമായി നടപ്പിലാക്കി. അദ്ദേഹം കഴിഞ്ഞ വർഷം നാളീകേരം വിറ്റത് 23 രൂപയ്ക്കും മിനിഞ്ഞാന്ന് വിറ്റത് 7 രൂപയ്ക്കുമാണ്. നമ്മുടെ കർഷകർ

എങ്ങോട്ട് പോകും? കർഷകരുടെ നട്ടെല്ലൊടിയുകയാണ്. 'നമ്മളും കൃഷിയിടത്തിലേയ്ക്ക്' എന്ന ഒരു പദ്ധതിയെ സംബന്ധിച്ച് ഇവിടെ എല്ലാവരും പറഞ്ഞു. എനിക്കും അതിനോട് യോജിപ്പുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എന്റെ പ്രിയസുഹൃത്തായ ശ്രീ. വി. എസ്. സുനിൽ കുമാർ കൃഷി വകുപ്പുമന്ത്രിയായിരുന്നു. അതുപോലെ ശ്രീ. കെ. പി. മോഹനനും മന്ത്രിയായിരുന്നു. അനേകം പദ്ധതികൾ പ്രഖ്യാപിച്ചു. എം.എൽ.എ.-മാരെല്ലാവരും പോയി പാടത്തിറങ്ങി കൊയ്തു, ഞാറ് നട്ടു, ഫോട്ടോ എടുത്തു, പ്രസംഗിച്ചു. കവികൾ പാടി. ആ പദ്ധതികളൊക്കെ എവിടെയാണെന്ന് നമ്മൾ ആലോചിക്കണം. അതിനൊരു സോഷ്യൽ ആഡിറ്റിംഗ് വേണം. കഴിഞ്ഞ തവണ ശ്രീ. വി. എസ്. സുനിൽ കുമാർ മുന്നോട്ടുവച്ച 'നമ്മളെല്ലാം നെൽപ്പാടത്തേയ്ക്ക്' എന്നൊരു പദ്ധതിയുണ്ട്. എത്ര നെൽപ്പാടങ്ങളിൽ ഇപ്പോൾ കൃഷി ചെയ്യുന്നു. അടുത്തകാലത്ത് തിരുവനന്തപുരം ജില്ലയിലെ സി.പി.ഐ.(എം.)-ന്റെ ഒരു പാർട്ടി ഓഫീസിനോട് ചേർന്നുകിടക്കുന്ന പത്ത് സെന്റ് സ്ഥലത്ത് അവിടത്തെ പ്രവർത്തകരും ഡിവൈ.എഫ്.ഐ-ക്കാരുമെല്ലാം ചേർന്ന് ചീര നട്ടു. ചീര നന്നായി വളർന്നതിനുശേഷം മുറിച്ചെടുക്കുന്നതിനായി സ്ഥലത്തെ എം.എൽ.എ.-യും വിളിച്ചു. ചീരയെല്ലാം

മുറിച്ചെടുത്തതിനുശേഷം കൃഷി ഓഫീസർ എം.എൽ.എ.-യോട് അങ്ങോട്ടുനിന്ന് ഫോട്ടോയെടുക്കാമെന്ന് പറഞ്ഞു. 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന ബോർഡ് കൃഷി ഓഫീസർ അവിടെ വച്ചിട്ടുണ്ട്. എം.എൽ.എ.-യുടെകൂടെനിന്ന് ഫോട്ടോയെടുത്തു. അങ്ങനെയാണോ നമ്മുടെ കൃഷി വകുപ്പ് ചെയ്യേണ്ടത്; കൃഷി വകുപ്പുമന്ത്രി ചെറുപ്പക്കാരനാണ്. അങ്ങ് ഈ രംഗത്ത് എം.എൽ.എ.-ആയും ഇപ്പോൾ മന്ത്രിയുമാണ്. അങ്ങിൽ എനിക്കും ജനങ്ങൾക്കും വളരെ പ്രതീക്ഷയുണ്ട്. ഇതിൽ രാഷ്ട്രീയമില്ല. ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞല്ലോ വരുമാനം കുറഞ്ഞു, കർഷകന്റെ നട്ടെല്ലൊടിയുന്നുവെന്ന്. യഥാർത്ഥ കർഷകനെകൊണ്ട് കൃഷി ചെയ്യിച്ചാൽ മതിയെന്ന് തീരുമാനിക്കണം. എല്ലാവരേയും കൃഷിയിലേയ്ക്ക് ഇറക്കാൻ സാധിക്കില്ല. ഞാൻ കൃഷിയിലേയ്ക്ക് ഇറങ്ങാൻ ആഗ്രഹിച്ച ആളാണ്. വാളകത്തെ എന്റെ വീടിന്റെ മുറ്റത്ത് കൃഷി ചെയ്യുന്നതിനുവേണ്ടി അച്ഛനോട് ഞാൻ അനുവാദം ചോദിച്ചു. അച്ഛൻ കൃഷി ചെയ്യാൻ അനുവാദം നൽകി. വീടിന്റെ മുറ്റത്ത് പച്ചക്കറി കൃഷി ചെയ്യാൻ ഒരു കൃഷി ഓഫീസറെ വിളിച്ചുവരുത്തി. കൃഷി ഓഫീസർ പറഞ്ഞതനുസരിച്ച് കൃഷി ചെയ്തു. എന്ത് വളം ഉപയോഗിക്കണമെന്ന് കൃഷി ഓഫീസറോട് ചോദിച്ചപ്പോൾ അത്

പിന്നീട് പറയാമെന്ന് പറഞ്ഞു. എന്നാൽ കീടനാശിനി എന്തെങ്കിലും ഉപയോഗിക്കണമോയെന്ന് ചോദിച്ചപ്പോൾ ജമന്തി ചെടി നട്ടാൽ മറ്റുകീടങ്ങളൊന്നും വരില്ലെന്ന് പറഞ്ഞു. അടുത്ത നെഴ്സറിയിൽനിന്നോ ഓൺലൈനിൽ ഓർഡർ ചെയ്തോ ജമന്തി ചെടി വാങ്ങാമെന്ന് ഞാൻ പറഞ്ഞപ്പോൾ അദ്ദേഹം ജമന്തി ചെടി കൊണ്ടുവരാമെന്ന് പറഞ്ഞു. പുരാണത്തിൽ പറയുന്നതുപോലെ, പാഞ്ചാലി ഭീമസേനനോട് കല്യാണസൗഗന്ധികം പൂവ് വേണമെന്ന് പറഞ്ഞപ്പോൾ ഭീമസേനൻ പൂവ് അന്വേഷിച്ചുപോയി. യുദ്ധമൊക്കെ ചെയ്ത് കുറേക്കാലം കഴിഞ്ഞ് പാഞ്ചാലിക്ക് പൂവുമായി വന്നു. എന്നാൽ എന്റെ വീടിന്റെ മുറ്റത്ത് പച്ചക്കറി കൃഷി ചെയ്യാൻവന്ന ഒരു കൃഷി ഓഫീസർ രണ്ടര വർഷംകഴിഞ്ഞിട്ടും തിരിച്ചുവന്നിട്ടില്ലെന്ന വിഷമം ഞാൻ പലപ്പോഴും രേഖപ്പെടുത്തിയിട്ടുണ്ട്. നമ്മൾ കൃഷി ചെയ്യാനായി അഡ്വൈസ് ചോദിച്ചു. എന്നാൽ അവരെക്കൊണ്ട് സാധിക്കില്ലെന്ന് അറിഞ്ഞപ്പോൾ കുറച്ച് സ്ഥലത്ത് കൃഷി ചെയ്യാമെന്ന് പറഞ്ഞ് ഈ അടുത്തകാലത്ത് സദാനന്ദപുരത്തുള്ള കാർഷിക സർവ്വകലാശാലയിലെ പ്രൊഫസർമാരെ വിളിച്ചു. നാലഞ്ചുപേർ വന്ന് പറമ്പെല്ലാം കണ്ടു. പറമ്പിൽ മരങ്ങളുണ്ടെന്ന് ഞാൻ പറഞ്ഞു. ബഹുമാനപ്പെട്ട

മന്ത്രി ഒരു പരിസ്ഥിതി സ്നേഹിയാണ്. പറമ്പിൽ മുഴുവൻ മരങ്ങൾ ഉണ്ടായിരുന്നതിനാൽ തണലിൽ കൃഷി ചെയ്യുന്നതിനുള്ള ഏന്തെങ്കിലും ഐഡിയ പറഞ്ഞുതരാനായി ഞാൻ ആവശ്യപ്പെട്ടു. അവർ സ്ഥലമെല്ലാം കണ്ട് മടങ്ങിയതിനുശേഷം ഫോൺ വിളിച്ച് എന്നോട് പറഞ്ഞു മരങ്ങളെല്ലാം വെട്ടിമാറ്റിയതിനുശേഷം വിളിച്ചാൽ മതി ഞങ്ങൾ കൃഷി പറഞ്ഞുതരാമെന്ന്. ആ സ്ഥലത്ത് തേക്ക്, ആഞ്ഞിലി എന്നിവ ഉൾപ്പെടെ എല്ലാ മരങ്ങളും നിൽപ്പുണ്ട്. ഇത്തരത്തിലുള്ള കൃഷി ഓഫീസർമാരും യൂണിവേഴ്സിറ്റികളുമാണുള്ളത്. കൊട്ടാരക്കരയിലെ വിഷയം സംബന്ധിച്ച് ഞാൻ ഇന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലുമായി സംസാരിച്ചു. കൊട്ടാരക്കരയിൽ നെൽകൃഷി വികസനത്തിന് ഒരു അഡീഷണൽ ഡയറക്ടറുണ്ട്. കൊട്ടാരക്കര മുനിസിപ്പാലിറ്റിയിലോ അതിനുതൊട്ടടുത്ത എന്റെ നിയോജകമണ്ഡലത്തിലെ രണ്ട് പഞ്ചായത്തുകളിലോ നെൽകൃഷി എന്നൊരു സംവിധാനമില്ല. അതുപോലെ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർക്ക് പന്തളത്തെ ഷുഗർ മില്ലിനെ സംബന്ധിച്ച് അറിയാം. ഞാൻ ഒരു ദിവസം ബഹുമാനപ്പെട്ട മന്ത്രിയോട് തമാശയ്ക്ക് പന്തളത്തെ ഷുഗർ മില്ലിനെ സംബന്ധിച്ച് പറഞ്ഞു.

ബഹുമാനപ്പെട്ട മന്ത്രി എന്നോട് തർക്കിച്ചു. ഇനിയും തർക്കിക്കുമായിരിക്കും. പന്തളത്ത് ഷുഗർ മില്ല് ഉണ്ടായിരുന്നുവെന്നത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഇക്കാര്യം കോട്ടയത്തെ എം.എൽ.എ.-യ്ക്ക് അറിയാം. കാരണം അദ്ദേഹം അടൂർ എം.എൽ.എ.-യായിരുന്നു. പന്തളത്ത് കരിമ്പ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു ഡെപ്യൂട്ടി ഡയറക്ടറും ഓഫീസും സ്റ്റാഫുമെല്ലാമുണ്ട്. അവിടെ കരിമ്പ് കൃഷിയൊന്നുമില്ല. ജില്ലാ പഞ്ചായത്തുകാർ കൃഷി ചെയ്യുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ജില്ലാ പഞ്ചായത്ത് കൃഷി ചെയ്യുന്നതിന് ഡെപ്യൂട്ടി ഡയറക്ടറുടെ ആവശ്യമില്ല. കൃഷി ഓഫീസർമാർ നമ്മളെ എങ്ങനെ സഹായിക്കും? ഇതൊരു ധൂർത്താണ്. രണ്ട് പഞ്ചായത്തുകൾക്ക് ഒരു കൃഷി ഓഫീസർ മതിയെന്നാണ് ഞാൻ പറയുന്നത്. അതിൽ എന്നോട് വിരോധം തോന്നണ്ട, പിണങ്ങിയാലും കുഴപ്പമില്ല.

ഞാൻ വാട്ടർ അതോറിറ്റിയിലെ ഉദ്യോഗസ്ഥൻമാരെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാറുണ്ട്. പദ്ധതികൾ തുടങ്ങുക എന്നുള്ളത് വാട്ടർ അതോറിറ്റിയിലെ ഉദ്യോഗസ്ഥരുടെ ജോലിയാണ്. പൈപ്പ് ഇടുക, കുഴിച്ചിടുക. വെള്ളം വരുത്തുകയെന്നുള്ളത് അവരുടെ ജോലിയല്ല. ഇക്കാര്യം

എല്ലാ എം.എൽ.എ.-മാരും മന്ത്രിമാരും ശ്രദ്ധിക്കേണ്ടതാണ്. സബ്സിഡി ഉള്ളപ്പോഴും വളമുള്ളപ്പോഴും കൃഷി ഭവനിലേയ്ക്ക് ആളുകൾ ചെല്ലും. അല്ലാത്തപ്പോൾ ആരും പോകില്ല, സാധാരണക്കാരന് പോകേണ്ടതില്ല. കൃഷിയോട് താല്പര്യമുള്ളവരെ നമ്മൾ പ്രോത്സാഹിപ്പിക്കണം. എല്ലാവരും പാടത്തേയ്ക്കും കൃഷിയിലേയ്ക്കും പോകുകയില്ല. ബഹുമാനപ്പെട്ട വി. എസ്. സുനിൽകുമാർ മന്ത്രിയായിരിക്കുമ്പോൾ എല്ലാ എം.എൽ.എ.-മാരുടെയും എം.പി.-മാരുടെയും വീടുകളിൽ ചെടിച്ചട്ടികൾ കൊണ്ടുവന്നുവച്ച് കൃഷി ആരംഭിച്ചതാണ്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിന് അത് അറിയാവുന്നതല്ലേ; കൃഷി നോക്കാൻ നമുക്ക് സമയം ലഭിക്കില്ല, ഇത് ആര് നോക്കുമെന്ന് ഞാൻ ആ സമയത്ത് അദ്ദേഹത്തോട് ചോദിച്ചിരുന്നു. തൊട്ടടുത്ത് കൃഷി ഓഫീസിലെ ഉദ്യോഗസ്ഥനുണ്ട്, അദ്ദേഹം വന്ന് നോക്കുമെന്ന് പറഞ്ഞു. ആറ് മാസത്തിനുശേഷം ഞാൻ വീട്ടിലെ കൃഷി നോക്കുമ്പോൾ വീടിനുമുകളിൽ കാട് പിടിച്ചുകിടക്കുകയാണ്. പിന്നീട് ഇതുമുഴുവൻ ആളിനെ നിർത്തി വെട്ടിമാറ്റി. ഇത്തരത്തിൽ ഉത്തരവാദിത്തമില്ലാത്ത ഉദ്യോഗസ്ഥരുണ്ട്. എല്ലാ കൃഷി ഓഫീസർമാരും മോശമാണെന്ന് ഞാൻ പറയുന്നില്ല. പത്ത് ശതമാനം കൃഷി ഓഫീസർമാർ

മിടുക്കൻമാരാണ്. അവർ ജോലി ചെയ്യുന്ന ഓഫീസുകളുടെയും പഞ്ചായത്തുകളുടെയും പരിധിയിൽ വരുന്ന സ്ഥലത്ത് വൻതോതിലുള്ള കൃഷികൾ നടക്കുന്നുണ്ട്. എല്ലാ ആളുകളെയും കൃഷിയിലേയ്ക്കിറക്കാൻ ശ്രമിക്കും. മാതൃകാ കൃഷിത്തോട്ടത്തിനായി സർക്കാർ കൊടുക്കുന്ന കാശ് ഉപയോഗിച്ച് കൃഷി തോട്ടമെന്ന ബോർഡുകൾവച്ച് ഫോട്ടോയെടുത്ത് കൊടുത്താൽ മതിയോ; ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുടെ വീട്ടിൽ ഞാൻ പോയിട്ടുണ്ട്. മാതൃകാ കൃഷിത്തോട്ടം കാണണമെങ്കിൽ എല്ലാ എം.എൽ.എ.-മാരും അവിടെ പോകണം. ഇത്ര രൂപയ്ക്ക് കൃഷി ചെയ്യാൻ ഇത്ര രൂപ ചെലവഴിച്ചു, ഇതിൽനിന്നും ഇത്ര രൂപ നമുക്ക് വരുമാനം ലഭിച്ചുവെന്ന് ഒരാൾ പറയുമ്പോഴാണ് നാം കൃഷി ചെയ്യാൻ ആഗ്രഹിക്കുന്നത്. അല്ലാതെ കൃഷിയിൽ പത്ത് ലക്ഷം രൂപ ചെലവാക്കി, ഒരു മാസം 16,000/- രൂപയാണ് വരുമാനമെന്ന് പറഞ്ഞാൽ ഒരു കർഷകന് ഒരു ദിവസം 500/- രൂപ. അത് ലഭിച്ചാൽ മതിയോ; കൂടുതൽ വരുമാനം കർഷകന് ലഭിക്കണം. അതിനുവേണ്ടിയായിരിക്കണം നമ്മൾ കൃഷി ചെയ്യേണ്ടത്. ആ പാതയിലേയ്ക്ക് ബഹുമാനപ്പെട്ട മന്ത്രി തിരിയണം. അങ്ങ് ചെറുപ്പക്കാരനെന്ന നിലയിൽ, ഒരു പുതുമയുള്ള ഭരണത്തിന്റെ വക്താവ് എന്ന നിലയിൽ

കൃഷിയിലേയ്ക്ക് ശ്രദ്ധചെലുത്തണം. എല്ലാവരെയും കൃഷിയിലേയ്ക്ക് ഇറക്കാൻ സാധിക്കില്ല. വട്ടവടയിലെ കർഷകർക്ക് പച്ചക്കറി കൃഷി ചെയ്യാൻ സൗകര്യമൊരുക്കിക്കൊടുത്ത് അവരുടെ ഉല്പന്നങ്ങൾ വാങ്ങണം. ഹോർട്ടികോർപ്പിനെക്കൊണ്ട് വാങ്ങിപ്പിച്ച് അവരെ നിരുത്സാഹപ്പെടുത്തരുത്. മറ്റേതെങ്കിലും ഏജൻസിയെക്കൊണ്ട് അവരുടെ ഉല്പന്നങ്ങൾ വാങ്ങിപ്പിക്കണം. കാരണം ഹോർട്ടികോർപ്പ് അഴിമതിയാണ്. അങ്ങയുടെ വകുപ്പിന് കീഴിൽ പതിനാറിലധികം പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്. അവരെക്കൊണ്ട് വാല്യൂ അഡീഷൻ ചെയ്യാനുള്ള നടപടി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണം. കർഷകന്റെ ഉല്പന്നങ്ങൾ നല്ലവിലയ്ക്ക് സ്വീകരിച്ച് വാല്യൂ അഡീഷൻ ചെയ്ത് എക്സ്പോർട്ട് ചെയ്യാനുള്ള പരിപാടികളെ സംബന്ധിച്ച് ആലോചിക്കണം. എല്ലാവരേയും കർഷകരാക്കാൻ സാധിക്കില്ല. താല്പര്യമുള്ളവരെ മാത്രം തെരഞ്ഞെടുത്ത് അവരെ പ്രോത്സാഹിപ്പിക്കാൻ പണം ചെലവാക്കണം. അവർക്ക് സബ്സിഡിയും മറ്റ് ആനുകൂല്യങ്ങളും നൽകണം. ഞാൻ പറഞ്ഞത് തെറ്റാണെങ്കിൽ എല്ലാവരും ക്ഷമിക്കണം. പൊതുഖജനാവിനെ ധൂർത്തടിക്കാൻ ആരെയും അനുവദിക്കാൻ പാടില്ലാന്നാണ് എം.എൽ.എ.

എന്ന നിലയിലും ഒരു പൊതുപ്രവർത്തകൻ എന്ന നിലയിലും പൗരൻ എന്ന നിലയിലുമുള്ള എന്റെ കാഴ്ചപ്പാട്. ഞങ്ങളുടെ നാട്ടിലെ ഒരു ബ്ലോക്കിൽ 30 ലക്ഷം രൂപ നെൽകൃഷിക്ക് അനുവദിച്ചു. മൂന്ന് വർഷംകൊണ്ട് 30 ലക്ഷം രൂപയും ചെലവഴിച്ചു. കരയിലും വെള്ളത്തിലും ഞാറ് നട്ടു. ഞാറ് നടുന്ന സമയത്ത് എന്നേയും വിളിച്ചു. അവിടെ കവികൾ വരുന്നു പാടുന്നു. കൊയ്യുന്ന സമയത്തും കവികൾ വരുന്നു പാടുന്നു. അവിടെ പ്രസംഗിക്കുന്നു, സ്റ്റേജും മൈക്കുമെല്ലാമുണ്ട്. നെല്ലെല്ലാം എവിടെയെന്ന് ഒടുവിൽ ഞാൻ ചോദിച്ചു. നെല്ല് കുത്തി കൊണ്ടുവന്നിട്ടുണ്ടെന്ന് പറഞ്ഞു. നെല്ല് എന്ത് ചെയ്തുവെന്ന് ചോദിച്ചപ്പോൾ, അതാണ് എം.എൽ.എ. പാൽപ്പായസമായി കുടിച്ചതെന്ന് പറഞ്ഞു. എല്ലാ കുടുംബശ്രീക്കാരും തൊഴിലുറപ്പുകാരും ഞങ്ങളെല്ലാവരുംകൂടി കുടിച്ച പാൽപ്പായസത്തിൽ 32 ലക്ഷം രൂപ പോയി. ഇത് പൊതുഖജനാവിലെ പണമാണ്. അത് നഷ്ടപ്പെടുത്താൻ ആരെയും അനുവദിക്കാൻ പാടില്ല. കൃഷി ചെയ്യാൻ താല്പര്യമുള്ള ആളുകളെക്കൊണ്ട് കൃഷി ചെയ്യിപ്പിക്കുക. അവർക്ക് പരമാവധി സബ്സിഡി കൊടുത്ത് അവരെ സഹായിക്കുക. അതുപോലെ കുടിവെള്ളത്തെ സംബന്ധിച്ച് ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ നിർത്താം. ബഹുമാനപ്പെട്ട മന്ത്രി നിയമസഭയുടെ പെറ്റീഷൻ

കമ്മിറ്റിയിൽ......, എറണാകുളത്ത് മനുഷ്യൻ കുടിക്കുന്നത് കുളിക്കാൻപോലും കൊള്ളാത്ത വെള്ളമാണെന്ന് ശ്രീ. ടി. ജെ. വിനോദ് ഇവിടെ പ്രസംഗിച്ചപ്പോൾ പറഞ്ഞു. നിയമസഭയുടെ പെറ്റീഷൻ കമ്മിറ്റി ആ വിഷയത്തിൽ ഇടപെടുകയും വളരെ കർശനമായ നിലപാട് സ്വീകരിക്കുകയും ചെയ്തു.

<u>മി. ചെയർമാൻ</u>: പ്ലീസ്....അങ്ങ് പറഞ്ഞ് അവസാനിപ്പിക്കണം.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി അക്കാര്യത്തിൽ പെറ്റീഷൻ കമ്മിറ്റിയുടെ പ്രവർത്തനങ്ങളുമായി സഹകരിക്കണം. പെറ്റീഷൻ കമ്മിറ്റി വന്നതിനുശേഷം തിരുവനന്തപുരം കോർപ്പറേഷനിൽ ശുദ്ധജല വിതരണത്തിൽ മൂന്ന് കോടി രൂപയുടെ ലാഭമുണ്ടായി. തിരുവനന്തപുരം കോർപ്പറേഷൻ മേയറായിരുന്ന ശ്രീ. കെ. ശ്രീകുമാറിന്റെ താല്പര്യപ്രകാരം ചെയ്തതാണ്. മൂന്ന് കോടി രൂപ അവർക്ക് 10 മാസംകൊണ്ട് ലഭിച്ചു. കൊച്ചി കോർപ്പറേഷന്റെ കണക്ക് അങ്ങ് പരിശോധിക്കണം. പെറ്റീഷൻ കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ച് വാട്ടർ അതോറിറ്റി വെള്ളം ലോറിയിൽ വിതരണം ചെയ്യാൻ തുടങ്ങിയതിനുശേഷം

എത്ര കോടി രൂപയുടെ വരുമാനം വാട്ടർ അതോറിറ്റിക്ക് ഉണ്ടായിട്ടുണ്ടെന്ന് പരിശോധിക്കണം.

മി. ചെയർമാൻ: അങ്ങേയ്ക്ക് ആശയങ്ങൾ ധാരാളമുണ്ട്. പ്ലീസ്.... സമയം അധികമായി.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി പെറ്റീഷൻ കമ്മിറ്റിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട്..., ഞാൻ പെറ്റീഷൻ കമ്മിറ്റി ചെയർമാനാണ്. ഇവിടെ ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ പറഞ്ഞതുപോലെ വൈപ്പിനിൽ എന്നും കുടിവെള്ളത്തിന് ദുരിതം നേരിടുകയാണ്. ഇക്കാര്യത്തിൽ അങ്ങ് താല്പര്യമെടുക്കണം.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം പറഞ്ഞ് അവസാനിപ്പിക്കണം. സമയം അധികമായി.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഇത് ജനങ്ങൾക്കുവേണ്ടിയാണ് പറയുന്നത്. എന്റെ നിയോജകമണ്ഡലത്തിൽ എല്ലാ സ്ഥലത്തും വെള്ളം എത്തിയിട്ടുണ്ട്. എന്നാൽ കൊച്ചിയിലെയും വെപ്പിനിലെയും കാര്യമാണ് ഞാൻ പറയുന്നത്. അവിടത്തെ ജനങ്ങൾക്ക് കുടിവെള്ളം നൽകിയ ഒരു

ഗവൺമെന്റ് എന്ന് അഭിമാനത്തോടെ പറയാൻ അങ്ങ് മന്ത്രിയായിരിക്കുന്ന ഈ അവസരത്തിൽ കഴിയണം. ഞാൻ രണ്ട് മന്ത്രിമാരെയും അനുമോദിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ വീണ്ടും പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിലെ കർഷകരുടെ അവസ്ഥ, നമ്മുടെ മുഖ്യമന്ത്രിയുടെ ഇന്നത്തെ നിലപോലെയാണ്. ഡോളർ, സ്വർണ്ണം കള്ളക്കടത്തിന്റെ കരിനിഴലിൽ കഴിയുന്ന മുഖ്യമന്ത്രിക്ക് എത്രമാത്രം മനസമാധാനം നഷ്ടപ്പെട്ടിരിക്കുന്നു എന്നതുപോലെ, കേരളത്തിലെ കർഷകർ ആറ് വർഷമായി മനസമാധാനമില്ലാതെയാണ് കേരളത്തിൽ കഴിയുന്നത്. നമ്മുടെ രാജ്യത്തെ ഏറ്റവും തകർന്ന കർഷകരാണ് ഇന്ന് കേരളത്തിലുള്ളത്. കേരളത്തിൽ കർഷകർക്ക് കിട്ടിയിരുന്ന ആനുകൂല്യങ്ങളും സൗകര്യങ്ങളും കഴിഞ്ഞ ആറ് വർഷങ്ങൾക്കുള്ളിലായി ഓരോന്നോരോന്നായി റദ്ദ് ചെയ്ത അനുഭവമാണ് കേരളത്തിലുള്ളത്. നമുക്കറിയാം, ദേശീയതലത്തിൽ വലിയൊരു കർഷകപ്രക്ഷോഭം നടന്നു, ചരിത്രത്തിലെ വലിയൊരു മഹാസമരം. ഒരുവർഷത്തോളം നീണ്ടുനിന്ന ആ സമരത്തിൽ കൊടിവീശാൻ

ഇടതുപക്ഷത്തുള്ള ആളുകൾ പോയത് നമ്മളൊക്കെ കണ്ടതാണ്. ആ സമരക്കാർ പ്രധാനപ്പെട്ട ആറ് കാര്യങ്ങൾ ആവശ്യപ്പെട്ടിരുന്നു. ഞാൻ ആറ് വിഷയങ്ങളെക്കുറിച്ച് എണ്ണിപ്പറയുന്നില്ല. അതിൽ രണ്ടെണ്ണത്തിൽ ഒന്ന്, കാർഷികോൽപ്പന്നങ്ങളുടെ സംഭരണമായിരുന്നു. രണ്ട്, ചന്തകളുടെ, കാർഷിക ഉൽപ്പന്നങ്ങൾ സംഭരിക്കുന്ന കേന്ദ്രങ്ങളുടെ, മണ്ടികളുടെ നിർത്തൽ ചെയ്യാനുള്ള തീരുമാനം റദ്ദാക്കണമെന്നുള്ളതായിരുന്നു. ആ രണ്ട് കാര്യങ്ങളിൽ, കേരളത്തിൽ, ആ സമരങ്ങളെ പിന്തുണച്ചവരെന്ന് പറയുന്നവർ ആലോചിക്കു, ആ രണ്ട് സൗകര്യങ്ങളും ഇന്ന് നിലച്ചില്ലേ കേരളത്തിൽ; നാളികേര സംഭരണം എത്ര ഭംഗിയായി നടന്നതായിരുന്നു. കൃഷിഭവൻ മുഖേന നാളികേര സംഭരണം നടത്തി, 293 കേന്ദ്രങ്ങളിലൂടെ സംഭരിച്ചു. ആറ് വർഷമായി ഇവിടെ നാളികേര സംഭരണം നടന്നിട്ടില്ല. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഞാൻ ഇടപെട്ടപ്പോൾ, ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രി അന്ന് മറുപടി പറഞ്ഞത്, ഉടനെ ആരംഭിക്കുമെന്നാണ്. രണ്ടാഴ്ച കഴിഞ്ഞപ്പോൾ മൂന്ന് കേന്ദ്രങ്ങളിൽ ആരംഭിച്ചു. ഒന്ന് മലപ്പുറത്തും മറ്റൊന്ന് തൃശ്ശൂരിലും മറ്റൊന്ന് തിരുവനന്തപുരത്തുമാണ്. സബ്ജക്ട് കമ്മിറ്റിയിൽ ഈ വിഷയവുമായി ബന്ധപ്പെട്ട് ഞാൻ സംസാരിച്ചപ്പോൾ കൂടുതൽ

വർദ്ധിപ്പിക്കുമെന്ന് പറഞ്ഞു, ഒരുമാസം കഴിഞ്ഞപ്പോൾ രണ്ട് കേന്ദ്രങ്ങളിൽ, കോഴിക്കോട്ടും എറണാകുളത്തുംകൂടി ആരംഭിച്ചു. വീണ്ടും വിമർശനങ്ങളൊക്കെ ഉണ്ടായപ്പോൾ അത് വർദ്ധിപ്പിക്കുമെന്ന പ്രഖ്യാപനമുണ്ടായി. എന്റെ നാട്ടിൽ 'കേരഗ്രാമം' ഉദ്ഘാടനത്തിനുവന്നപ്പോൾ ഞാൻ ഈ വിഷയം ഉന്നയിച്ചു. കേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, മൂന്നുമാസം കഴിഞ്ഞു. ഇപ്പോൾ 45 കേന്ദ്രങ്ങളിൽ തുടങ്ങുമെന്നാണ് പ്രഖ്യാപിച്ചത്. 45 തികഞ്ഞിട്ടില്ല എന്നത് മറ്റൊരു വസ്തുത. കേരളത്തിൽ 65 ലക്ഷം നാളികേര കർഷകരുണ്ട്. 65 ലക്ഷം നാളികേര കർഷകരുള്ള ഈ കേരളത്തിൽ, ഈ 45 കേന്ദ്രങ്ങളിൽ നൽകാൻ മാത്രമുള്ള കാർഷിക ഉൽപ്പന്നങ്ങളേയുള്ളോ; എന്താണവസ്ഥ; കർഷകരെ മറന്ന ഒരു സർക്കാരല്ലേ ഇത്. ഇങ്ങനെ ഇത്രയേറെ കർഷകരെ അവഗണിച്ച ഒരു സർക്കാരിവിടെയുണ്ടോ. ഇവിടെ തിരുവമ്പാടിയിലെ ബഹുമാന്യനായ അംഗം, ഒരു ആദിവാസി കുടുംബത്തിന് ചക്ക പാകംചെയ്ത് വിളമ്പിക്കൊടുക്കുന്നതിന്റെ ചിത്രം പത്രത്തിൽ വന്നതിനെക്കുറിച്ച് പരിഹസിക്കുകയുണ്ടായി. ഇടതുപക്ഷ അംഗങ്ങൾ ആലോചിക്കണം, ഈ ഭരണം നടക്കുന്നതിന്റെ, നമ്മുടെ മൂക്കിനുതാഴെയാണ്, തിരുവനന്തപുരത്ത്

ഒരു പാവപ്പെട്ട അമ്മ പട്ടിണി മാറ്റാൻ വകയില്ലാത്തതുകൊണ്ട് മണ്ണ് കുഴച്ച് കുട്ടികളുടെ വായിൽവച്ചുകൊടുത്ത വാർത്ത വായിക്കേണ്ട ഗതികേടുണ്ടായവരാണ് നാം. ഒരു ആദിവാസി കുടുംബത്തിലെ അംഗമായ മധു എന്ന ചെറുപ്പക്കാരനെ മണ്ണാർക്കാട് അടിച്ചുകൊന്ന സംഭവമുണ്ടായി. അടിച്ചുകൊന്ന കൂട്ടത്തിലെ ഒരാളെ പിന്നീട് ബ്രാഞ്ച് സെക്രട്ടറിയാക്കി പ്രൊമോഷൻ കൊടുത്തു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ചെയർമാൻ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം വളരെ തെറ്റായ ഒരു കാര്യംപറഞ്ഞ് സഭയെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുകയാണ്. തിരുവനന്തപുരത്ത് അങ്ങനെയൊരു സംഭവമേ ഉണ്ടായിട്ടില്ല. മലപ്പുറത്ത് എവിടെയെങ്കിലും അങ്ങനെ ഉണ്ടായിട്ടുണ്ടോ എന്നെനിക്കറിയില്ല. തിരുവനന്തപുരത്ത് അങ്ങനെയൊരു സംഭവം ഉണ്ടായിട്ടില്ല. ഒരമ്മയും വിശപ്പകറ്റാൻവേണ്ടി മക്കൾക്ക് മണ്ണ് വാരിക്കൊടുത്ത ഒരു സംഭവം ഉണ്ടായിട്ടില്ല. അത് വളരെ തെറ്റായ ഒരു കാര്യമാണ്. ചട്ടം 307 അനുസരിച്ച്

അത് സഭാരേഖകളിൽനിന്ന് നീക്കം ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

മി. ചെയർമാൻ: അത് പരിശോധിക്കാം.*

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, പത്രത്തിൽ വന്ന വാർത്തയാണ് ഞാൻ വായിച്ചത്. ചന്ദ്രിക പത്രത്തിൽ വന്ന വാർത്തയല്ല, ദേശാഭിമാനി പത്രത്തിൽ വരില്ലെന്ന് നിങ്ങൾക്കറിയാമല്ലോ; തിരുവനന്തപുരത്ത്, കൈതമുക്കിൽ ഒരമ്മ കുട്ടികൾക്ക് പട്ടിണി മാറ്റാൻ മണ്ണുവാരിക്കൊടുത്ത സംഭവം പത്രത്തിന്റെ ഒന്നാംപേജിൽ അച്ചടിച്ചുവന്ന ചിത്രമാണ്. പട്ടിണിമാറ്റാൻ വകയില്ലാത്തതുകൊണ്ട് ഭക്ഷണം മോഷ്ടിച്ചതിന്റെ പേരിൽ മണ്ണാർക്കാട് ചെറുപ്പക്കാരനായ മധുവിനെ അടിച്ചുകൊന്നു. അടിച്ചുകൊന്നവരുടെ കൂട്ടത്തിലെ ഒരാൾക്ക് ബ്രാഞ്ച് സെക്രട്ടറിയായി പ്രൊമോഷൻ കിട്ടിയെന്നത് മറ്റൊരു വസ്തുത. ഇങ്ങനെയുള്ള ഒരു സംസ്ഥാനത്തിനകത്താണ് നാം ഇന്ന് ഈ ചർച്ചയ്ക്ക് വന്നിരിക്കുന്നതെന്ന് നിങ്ങൾ ആലോചിക്കണം. ഇടതുപക്ഷ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുമുമ്പ്, 2016-വരെ കർഷകർ അനുഭവിച്ചിരുന്ന ആനുകൂല്യങ്ങളും

---

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫ.നം.12896 /ഇ.ബി./2022/ നി.സെ. തീയതി19-7-22 ) സഭാരേഖകളിൽ നിലനിർത്താൻ തീരുമാനിച്ചു.

സൗകര്യങ്ങളും പുനഃസ്ഥാപിച്ചുകൊടുക്കാൻ നിങ്ങൾ തയ്യാറാകുമോ എന്നാണ് ഒരു കർഷകൻ എന്ന നിലയ്ക്ക് വിനീതമായി എനിക്ക് നിങ്ങളോട് ചോദിക്കാനുള്ളത്. ഇവിടെ ശാസ്ത്രീയമായ സംഭരണം നടന്നു, കാലോചിതമായി വില പരിഷ്കരിച്ചു, രണ്ടരരൂപയ്ക്ക് താഴേയ്ക്കുപോയ നാളികേരത്തിന് 15 രൂപ കിട്ടുന്ന സാഹചര്യം ഈ കേരളത്തിലുണ്ടായിരുന്നു. ഇന്ന് നാളികേരത്തിന് 7 രൂപയിലേയ്ക്ക് വില കൂപ്പുകുത്തി. 1980-കളിൽ.........

വൈദ്യുതി വകുപ്പുമന്ത്രി (<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>): സർ, പാമോയിൽ ഇറക്കുമതി ഡ്യൂട്ടി ഇല്ലാതെയാക്കി, ഇന്ത്യോനേഷ്യയിൽനിന്ന് കൊപ്രയുൾപ്പെടെ ഇറക്കുമതി തുടങ്ങി, വിയറ്റ്നാമിൽനിന്ന് കുരുമുളക് ഇറക്കുമതി ചെയ്തു. ഇതിനെക്കുറിച്ചൊന്നും ബഹുമാനപ്പെട്ട അംഗത്തിന് ഒരഭിപ്രായവുമില്ലേ; കേന്ദ്ര ഗവൺമെന്റ് ഇത്രയും വലിയ ദ്രോഹം കാർഷിക രംഗത്ത് ചെയ്തിട്ട് ഒരഭിപ്രായവും പറയുന്നില്ലേ?

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ഈ സമയം എനിക്ക് അനുവദിച്ചുതരണമെന്നുകൂടി ഞാൻ ആവശ്യപ്പെടുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയാണ് ഇടപെടുന്നത്.

മി. ചെയർമാൻ: ഇല്ല. വഴങ്ങിക്കൊടുക്കുന്നതിന് സമയം അനുവദിക്കാൻ കഴിയില്ല. ബഹുമാനപ്പെട്ട അംഗം സംസാരിക്കു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ ഈ പറഞ്ഞ അഭിപ്രായത്തോട് യോജിക്കുന്നു. യോജിച്ച പ്രക്ഷോഭത്തിന് ഞങ്ങൾ തയ്യാറാണ്. പക്ഷേ ഇടതുപക്ഷക്കാർക്ക് അതിനെ ചോദ്യം ചെയ്യാൻ അവകാശമില്ല. നിങ്ങൾ ഭരിച്ച, ഇടതുപക്ഷത്തിന്റെ പിന്തുണയോടുകൂടി ഭരിച്ച ശ്രീ. എച്ച്. ഡി. ദേവഗൗഡയുടെയും ഐ. കെ. ഗുജറാളിന്റെയും ഗവൺമെന്റിന്റെ കാലത്ത് ഈ നയത്തിനെതിരായി എന്തെങ്കിലും നയം നിങ്ങൾ സ്വീകരിച്ചോ; നിങ്ങളുടെ കമ്മ്യൂണിസ്റ്റുകാരായ മന്ത്രിമാർ അതിൽ ഉണ്ടായിരുന്നില്ലേ; എന്നിട്ടും നിങ്ങളാണോ അതിനെയിപ്പോൾ കൊഞ്ഞണം കുത്തുന്നത്; അതിനെ ധാർമ്മികമായി എതിർക്കാൻ നിങ്ങൾക്ക് അവകാശമില്ല. അതുകൊണ്ട് അത് വെറുതെ ചെയ്യുതല്ല, നിങ്ങൾ ഗവൺമെന്റിൽ പങ്കാളികളായിരുന്നു. കേരളത്തിൽ ഇന്ന് കർഷകരെ എഴുതിത്തള്ളിയ ഒരു നയമാണ് നിങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്. സംഭരണം നിലച്ചു, കാലോചിതമായി വിലയില്ല, ഉൽപ്പന്നങ്ങൾക്ക് വിലയില്ല, ഉൽപ്പന്നങ്ങളുടെ സംഭരണവില നിങ്ങൾ കാലോചിതമായി

പരിഷ്കരിക്കുന്നില്ല. നെല്ല് സംഭരണം കുത്തഴിഞ്ഞു, റബ്ബർ സംഭരണം കടലാസ്സിലൊതുങ്ങി, ഇതാണ് ഇന്നത്തെ അവസ്ഥ. അതുകൊണ്ട് കാർഷിക മേഖലയിൽ ഈ വിലയിടിവുണ്ടാക്കിയത് നിങ്ങളല്ലേ; കപ്പയ്ക്ക് 12 രൂപ നിരക്കിൽ സംഭരിക്കുമെന്ന് കഴിഞ്ഞ തെരഞ്ഞെടുപ്പിന് ഒരുമാസംമുമ്പ് നിങ്ങൾ പ്രഖ്യാപിച്ചു. അഞ്ചുരൂപവച്ച് പാവപ്പെട്ട കർഷകർ തന്റെ കപ്പ മുഴുവനും വാരിക്കൊടുക്കുന്ന സാഹചര്യം കേരളത്തിലുണ്ടായി. 30 രൂപയ്ക്ക് നേന്ത്രക്കായ് സംഭരിക്കുമെന്ന് നിങ്ങൾ പറഞ്ഞു, പത്തുരൂപയ്ക്ക് നേന്ത്രപ്പഴം റോഡരികിൽവച്ച് വിൽക്കുന്ന സാഹചര്യം നമ്മൾ കണ്ടു. കോട്ടയം തിരുനക്കര മൈതാനിയിൽ 5 രൂപയ്ക്ക് പൈനാപ്പിൾ വിൽക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. എങ്ങനെയുമിത് വാങ്ങിക്കുമോ എന്ന് ചോദിച്ചു. സ്വതന്ത്ര കർഷക സംഘം മലപ്പുറത്ത് നാളികേരം സൗജന്യമായി വിതരണം ചെയ്തുകൊണ്ട് ഇതിനെതിരെ പ്രതിഷേധിച്ചു. തത്തുല്യമായൊരു സമരം പൈനാപ്പിൾ കർഷകർ 10001 പൈനാപ്പിൾ വിതരണം ചെയ്തുകൊണ്ട് എറണാകുളത്ത് സമരം ചെയ്ത സാഹചര്യം നമ്മൾ വായിക്കുകയുണ്ടായി. ഇത്തരമൊരു ദുര്യോഗം കേരളത്തിൽ എന്നാണ് ഉണ്ടായിട്ടുള്ളത്? അതുകൊണ്ട് കാർഷികോൽപ്പന്നങ്ങൾക്ക് വില കുറയുമ്പോൾ

സംഭരിക്കുമെന്ന നയംപോലും കർഷകവിരുദ്ധ നയത്തിന്റെ ഒരുൽപ്പന്നമാണ്. സന്ദർഭോചിതമായി വില വർദ്ധിപ്പിക്കുകയാണ് വേണ്ടത്. അതാണ് ബഹുമാന്യനായ ശ്രീ. ഉമ്മൻ ചാണ്ടി കാണിച്ചത്. ബഹുമാന്യനായ മുൻ കൃഷി വകുപ്പുമന്ത്രി ഞങ്ങളുടെ ഗവൺമെന്റിലുണ്ടായിരുന്ന ശ്രീ. കെ. പി. മോഹനനോട് ചോദിച്ചാൽമതി.

<u>മി. ചെയർമാൻ</u>: അങ്ങ് പറഞ്ഞ് അവസാനിപ്പിക്കണം.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, എനിക്ക് രണ്ടുമിനിറ്റുകൂടി അനുവദിക്കണം. ഭംഗിയായി കൃഷിഭവനിലൂടെ നാളികേരം സംഭരിച്ചതായിരുന്നു. അതുകൊണ്ട് ആ ഒരവസ്ഥയിലേയ്ക്ക് തിരിച്ചുവരേണ്ട ഒരു സാഹചര്യമുണ്ടാക്കണം. അതുകൊണ്ട് ഇവിടെ നിങ്ങളുടെ സമാധാനക്കുറവൊക്കെ ഞങ്ങൾക്കറിയാം. കഴിഞ്ഞ രണ്ട് മാസമായി പ്രധാനമായി ഈ നാട്ടിലെ ചർച്ച, രണ്ട് വനിതകളും രണ്ട് മലയാള പദങ്ങളുമാണ്. ഒന്ന്, ഞങ്ങളുടെ ഉമ; ശ്രീമതി ഉമ തോമസിനെ ഞങ്ങളവതരിപ്പിച്ചു, അഭൂതപൂർവ്വമായ വിജയംനേടി ഇവിടെയെത്തി. മറ്റൊന്ന് നിങ്ങളുടെ സ്വപ്ന ; സ്വപ്ന നിങ്ങളുടെ സ്വപ്നം കെടുത്തി. പണ്ട് നിങ്ങൾ സ്വപ്നലോകത്തായിരുന്നു. പിന്നെ നിങ്ങൾ സ്വപ്നയുടെ ലോകത്തേയ്ക്ക്

മാറി. ഇപ്പോൾ നിങ്ങൾക്ക് സമാധാനമില്ലാതെയായി. കരിങ്കൊടിയെപ്പോലും ഭയപ്പെടുന്ന സാഹചര്യമാണ്. ഒന്നാലോചിച്ചുനോക്കൂ, കരിങ്കൊടി ഏറ്റവുംകൂടുതൽ ഉപയോഗിച്ചത് നിങ്ങളാണ്. കരിങ്കൊടികൊണ്ട് ഇപ്പോൾ കൊലപാതകം നടത്താൻ കഴിയുമെന്നാണ് നിങ്ങൾ പറഞ്ഞുനടക്കുന്നത്. ഞങ്ങൾക്ക് അത് അറിയില്ല. അതുകൊണ്ട് ഈ രീതിയിലേയ്ക്ക് നിങ്ങളുടെ അവസ്ഥ വന്നത്, ജനത്തെ മറന്ന് മുന്നോട്ടുപോയതിന്റെ ഫലമായാണ്. കർഷകവിരുദ്ധ, ജനവിരുദ്ധ നയങ്ങളിൽ പ്രതിഷേധിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. പി. ബാലചന്ദ്രൻ</u>: സർ, ഒരു നവാഗതകൗതുകം എന്നുകരുതിയാൽമതി, ഇന്ന് പ്രതിപക്ഷം ഏത് രീതിയിലായിരിക്കും നിയമസഭയിൽ പ്രതികരിക്കുകയെന്നുള്ള കൗതുകത്തോടെയാണ് ഞാൻ എത്തിയത്. പ്രതിപക്ഷനിരയിലാകെ ഒരു മൗനഭാവം നിറഞ്ഞുനിൽക്കുന്നു. മഞ്ഞുകൊണ്ട പൂക്കാവടിപോലെ എല്ലാവരും തളരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ സഭയെ വിശേഷിപ്പിച്ചത്, വിരാട രാജധാനിയിലെ കൗരവ-പാണ്ഡവർ ചൂത് കളിക്കുന്ന കേന്ദ്രമായാണ്. ഒടുവിൽ പാഞ്ചാലിയുടെ വസ്ത്രാക്ഷേപവും തുടർന്ന് ശ്രീകൃഷ്ണൻ കൊടുത്തയച്ച ബോംബെ

ഡൈയിംഗിന്റെ 19 കുത്ത് സാരിയെയുംക്കുറിച്ചുള്ള കഥയൊന്നും ഞാൻ പറയുന്നില്ല. എന്തുകൊണ്ട് സന്ദർഭോചിതമായി അവർ പിൻവാങ്ങിയെന്നുള്ളത് അവർ ജനങ്ങളോട് പറയേണ്ട കാര്യങ്ങളാണ്. അനാവശ്യമായി എടുത്തുചാടിയതിന്റെ അനന്തര ഫലമായിരിക്കാം. ഈ നടുത്തളത്തിലിറങ്ങി കല്യാണപ്പന്തലിൽവച്ച താമ്പാളംപോലെയാക്കും നടുത്തളം എന്നാണ് ഞാൻ വിചാരിച്ചത്; ഒന്നും ഉണ്ടായില്ല. ക്രമേണ ചോദ്യോത്തരവേള, ശ്രദ്ധക്ഷണിക്കൽ, സബ്മിഷൻ തുടങ്ങിയവ കഴിഞ്ഞ് ധനാഭ്യർത്ഥന ചർച്ചയിലേയ്ക്കുവന്നു. അതിൽ കൃഷി, ജലസേചനം എന്നീ രണ്ടുവകുപ്പുകൾ കൈകാര്യം ചെയ്യുന്ന രണ്ട് മന്ത്രിമാരും വളരെ കാര്യക്ഷമമായി ഈ വകുപ്പിനെ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളത് അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിക്കുന്നവർക്ക് കേരളത്തിൽ പറയാൻ കഴിയും. വി.വി. രാഘവൻ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും കൃഷി ഭവനുകൾ ആരംഭിച്ചുകൊണ്ട് ഒരു നവകാർഷിക വിപ്ലവത്തിന് കേരളത്തെ സന്നദ്ധമാക്കിയെങ്കിൽ ശ്രീമതി മേധാപട്കറെന്ന, ലോകമാദരിക്കുന്ന, പരിസ്ഥിതി സംരക്ഷണത്തിന്റെ എല്ലാതലത്തിലുമുള്ള കേന്ദ്രങ്ങളെ പ്രചോദിപ്പിച്ചുകൊണ്ടിരിക്കുന്ന ആ വലിയ വ്യക്തിത്വത്തിന്റെ ശിഷ്യനായി

രാഷ്ട്രീയ രംഗപ്രവേശം ചെയ്യുകയും ഇന്ന് കേരളത്തിലെ കൃഷി വകുപ്പുമന്ത്രി ആയിരിക്കുകയും ചെയ്യുന്ന ശ്രീ. പി. പ്രസാദിന്റെ നേതൃത്വത്തിൽ കേരളത്തിലെ കൃഷി വകുപ്പിന്റെ കടിഞ്ഞാൺ സുഭദ്രമാണ്. അതുപോലെതന്നെ കേരള വാട്ടർ അതോറിറ്റിയുടെ ഓരോ ചലനങ്ങളിലും ഇന്നലെകളിലുണ്ടായിരുന്ന കെടുകാര്യസ്ഥതകളെ മാറ്റിമാറ്റി ഗാർഹിക കണക്ഷനുകൾ, കുടിശ്ശിക തീർപ്പാക്കൽ എന്നീ കാര്യങ്ങളിലൊക്കെ അത്ഭുതാവഹമായ മാറ്റങ്ങൾ വരുത്തുന്ന യുവ മന്ത്രിയാണ് ശ്രീ. റോഷി അഗസ്റ്റിൻ. ഇവർ രണ്ടുപേരെയും അനുമോദിച്ചുകൊണ്ട് ഞാൻ ആരംഭിക്കുകയാണ്.

കേരളത്തിന്റെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്നുള്ള മുദ്രാവാക്യത്തെ ഇവിടെ പലരും പലതരത്തിൽ വിമർശിച്ചുകണ്ടു. നമ്മളും കൃഷിയിലേയ്ക്കെന്നല്ല, 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്നാണ് മുദ്രാവാക്യം. ഞങ്ങളും കൃഷിയിലേയ്ക്കെന്നുവച്ചാൽ കൃഷി ചെയ്യാനുള്ള സൗകര്യമുണ്ടായിട്ടും ഭൗതികമായ സാഹചര്യങ്ങളുണ്ടായിട്ടും കൃഷിയിലേയ്ക്കിറങ്ങാതെ കൃഷി അന്യമായ ഒരു മേഖലയാണെന്ന് പരിഗണിക്കുന്ന ഒരു വിഭാഗത്തെ കേരളത്തിന്റെ കാർഷിക സമൃദ്ധിയുടെ

ഭാഗമാക്കുന്നതിനുവേണ്ടിയാണ് ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന പദ്ധതിക്ക് കേരളത്തിന്റെ ഗവൺമെന്റ് രൂപം കൊടുത്തത്. സുഭിക്ഷ കേരളമെന്ന പദ്ധതിക്ക് രൂപം കൊടുത്ത ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ നേതൃത്വത്തിൽ കേരളത്തിൽ എത്ര ലക്ഷം മെട്രിക് ടൺ പച്ചക്കറി അധികമായി ഉൽപ്പാദിപ്പിച്ചു, മട്ടുപ്പാവ് കൃഷിമുതൽ തരിശ് കൃഷിവരെ. കൃഷിയിടങ്ങളിൽ ചിലപ്പോൾ ചില പ്രത്യേക പ്രദേശങ്ങളിൽ അതിനെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഡെമോൺസ്ട്രേഷൻ എന്നുള്ളതുപോലെ നമുക്ക് കൃഷി ആരംഭിക്കേണ്ടി വരും. എല്ലാ അർത്ഥത്തിലും അത് തികഞ്ഞ കൃഷിയുടെ രൂപത്തിലായിരിക്കണമെന്നില്ല. പക്ഷേ, പുതിയ തലമുറയെ കാർഷിക മേഖലയിലേയ്ക്ക് നയിക്കണമെങ്കിൽ, കാർഷിക സംസ്കാരത്തിൽ നിന്ന് അവരെ വിട്ടുപോകാതെ നോക്കണമെങ്കിൽ അത്യധികം യത്നിക്കേണ്ടതുണ്ട്. എല്ലാവരും കൃഷി ചെയ്യുന്നൊരു കേരളമെന്നുള്ളൊരു കൺസപ്റ്റല്ല. ഞങ്ങളും കൃഷിയിലേയ്ക്ക് എന്നുവച്ചാൽ അധ്വാനിക്കാൻ തയ്യാറുള്ള, സന്നദ്ധതയുള്ള, ഭൗതിക സാഹചര്യമുള്ളവരെ പ്രോത്സാഹിപ്പിച്ചുകൊണ്ട് കൃഷിയിലേയ്ക്ക് കൊണ്ടുവരികയും നെൽകൃഷിയിലും നാളികേര കൃഷിയിലും പച്ചക്കറി കൃഷിയിലും തോട്ടവിളകളിലുമെല്ലാം

അത്ഭുതാവഹമായ മാറ്റം കഴിഞ്ഞ ആറ് വർഷംകൊണ്ട് ഉണ്ടായിട്ടുണ്ട്. 2017-ൽ നടന്ന റാങ്കിങ്ങിൽ നമ്മുടെ കാർഷിക സർവ്വകലാശാല എത്രാമത്തെ സ്ഥാനത്താണെന്നറിയാമോ? ഇന്ത്യൻ കാർഷിക സർവ്വകലാശാലകളിൽ 16-ാം സ്ഥാനത്താണ്. 2017-ലാണ് റാങ്കിങ്ങ് ആരംഭിക്കുന്നത്. 2017 മുതൽ 2018, 2019, 2020 വർഷങ്ങളിൽ കേരള കാർഷിക സർവ്വകലാശാല 16, 18, 30 സ്ഥാനങ്ങൾ നേടി. ആ സ്ഥാനങ്ങൾ നേടാനുള്ള പ്രധാനപ്പെട്ട കാരണം ഗവേഷണ വിഭാഗങ്ങളിൽ ഈ സർവ്വകലാശാല നേടിയിട്ടുള്ള നേട്ടങ്ങളാണ്. അത്യുൽപ്പാദനശേഷിയുള്ള എത്ര നെൽവിത്തുകളും എത്രതരം പച്ചക്കറി വിത്തുകളുമാണ് കാർഷിക സർവ്വകലാശാലകളിൽനിന്ന് ഉത്പാദിപ്പിച്ചത്. കാർഷിക സർവ്വകലാശാലയുടെ നേട്ടങ്ങളെ സന്ദർഭോചിതമായി മണ്ണിലേയ്ക്കെത്തിക്കേണ്ടത് കൃഷി ഭവനിലെ ഉദ്യോഗസ്ഥരാണ്. ഇന്നലെകളിൽ കൃഷിഭവനുകളിൽ ജോലി ചെയ്തിരുന്ന ഉദ്യോഗസ്ഥർക്ക് കൃഷിയുമായുണ്ടായിരുന്ന ബന്ധമല്ല ഇന്നുള്ളത്. കേരളത്തിലെ വിദ്യാലയങ്ങളിൽ മാറ്റം വന്നതുപോലെ വലിയൊരു മാറ്റം വന്നിട്ടുണ്ട്. കാരണം, കൃഷിഭൂമിയിലേയ്ക്ക് പോകാൻ കൃഷി ഉദ്യോഗസ്ഥർ തയ്യാറാകുന്നു.

കർഷകരുടെ വിഷമങ്ങൾ മനസ്സിലാക്കാൻ, ആധുനിക കൃഷി രീതികൾ പഠിപ്പിക്കാൻ, അവരെ ആധുനിക കൃഷി രീതിയിലേയ്ക്ക് കൊണ്ടുവരാൻ കൃഷി വകുപ്പ് ഉദ്യോഗസ്ഥർ തയ്യാറാകുന്നു. അങ്ങനെ കേരളത്തിലെ കാർഷിക രംഗത്ത് വിപ്ലവകരമായ മാറ്റമാണ്. നമ്മുടെ കാർഷിക സർവ്വകലാശാലയുടെ ഫാക്കൽറ്റി പ്രൊഫൈലും അതുപോലെത്തന്നെ അക്കാദമിക് രംഗത്തും, ഗവേഷണ രംഗത്തുമുണ്ടാക്കിയിട്ടുള്ള നേട്ടങ്ങൾ വളരെ ഫലപ്രദമായ രീതിയിൽ കർഷകരിലേയ്ക്കെത്തിക്കാൻ കഴിഞ്ഞിട്ടുള്ളൊരു മന്ത്രിയാണ് ശ്രീ. പി. പ്രസാദ്. ഓണക്കാലത്ത് പൂവട്ടിയുമായി കുട്ടികൾ നമ്മുടെ തൊടികളിൽ ഓടിനടന്നിരുന്ന ഇന്നലകളെ ഒരു സ്വപ്നമാക്കി മാറ്റിക്കൊണ്ട്, നമ്മുടെ വീട്ടുമുറ്റത്ത് അത്തം മുതൽ തിരുവോണം വരെ ഇടുന്ന പൂക്കളത്തിന് തോവാളയിൽനിന്ന് പൂവ് വരേണ്ട ഗതികേടുണ്ടായിരുന്നു. കഴിഞ്ഞ രണ്ടുവർഷമായി കേരളത്തിലെ ഗ്രാമഗ്രാമാന്തരങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന പൂക്കൾകൊണ്ട് നമ്മുടെ വീട്ടുമുറ്റത്ത് പൂക്കളമിടാൻ സാധിക്കുന്നു. ഓണത്തിന് ഒരു മുറം പച്ചക്കറി, വിഷുവിന് കണി വെള്ളരി ഇങ്ങനെ മനുഷ്യനെ പ്രചോദിപ്പിക്കുന്ന മുദ്രാവാക്യങ്ങളുമായി കൃഷിവകുപ്പ് രംഗത്തെത്തിയതോടെ ഓണവും വിഷുവും ആണ്ടറുതികളും ഉത്സവവേളകളും വളരെ സമൃദ്ധമായി

ആഘോഷിക്കുന്നതിന് വേണ്ട ഉൽപ്പാദനക്ഷമത നമ്മുടെ മേഖലയിൽ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. അതുകൊണ്ട് കൃഷി, ജലം തുടങ്ങിയ വകുപ്പുകളിലേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളെ എല്ലാ അർത്ഥത്തിലും പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ സംസാരം അവസാനിപ്പിക്കുകയാണ്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നമ്മുടെ രാജ്യത്തെ കാർഷിക സമ്പദ് വ്യവസ്ഥ എന്തുകൊണ്ടാണ് തകർന്നുപോയത്? അതിനൊരു പ്രധാനപ്പെട്ട കാരണം 1990-കളിൽ ആരംഭിച്ച നവഉദാരവൽക്കരണ സാമ്പത്തിക നയമാണ്. ആ നയം ആരാണ് ആവിഷ്ക്കരിച്ചത്? കോൺഗ്രസ് പാർട്ടിയാണ് ഇന്ത്യയിൽ നവഉദാരവൽക്കരണ സാമ്പത്തിക നയത്തിന് തുടക്കം കുറിച്ചത്. അതിന്റെ ഏറ്റവും വലിയ ദുരിതമനുഭവിച്ചവർ നമ്മുടെ രാജ്യത്തെ കർഷകരാണ്. കർഷകർ പാപ്പരീകരിക്കപ്പെട്ടു. കൃഷിയിൽനിന്ന് ഗവൺമെന്റ് പൂർണ്ണമായും പിന്തിരിഞ്ഞു. കാർഷികവൃത്തിക്ക് ആവശ്യമായ സഹായം ചെയ്യാത്ത സ്ഥിതിവന്നു. സബ്സിഡികൾ നിർത്തലാക്കി. സംവരണങ്ങൾ ഒഴിവാക്കി. കൃഷിയെ പൂർണ്ണമായും അവഗണിച്ചു. ആ തകർച്ചയാണ് ഇന്ത്യയിലെ കർഷകർ നേരിട്ടുകൊണ്ടിരിക്കുന്നത്. വിലത്തകർച്ചയും വിപണിയിലെ

പ്രശ്നങ്ങളുമുണ്ടാക്കിയ വിപത്ത് നമ്മുടെ കാർഷിക മേഖലയിൽനിന്ന് കൂട്ടത്തോടെ ആളുകൾ കൃഷിയുപേക്ഷിച്ച് പാലായനം ചെയ്യാൻ തുടങ്ങി. ഉത്തരേന്ത്യൻ ഗ്രാമങ്ങളിലെ കൃഷിക്കാർ അങ്ങനെ പോയതിന്റെ ഫലമായി ആ ഭൂമി കോർപ്പറേറ്റുകൾ വാങ്ങിക്കൂട്ടുന്ന നില നമ്മുടെ രാജ്യത്തുണ്ടായി. കൃഷി ഇനി ആദായകരമല്ല, ജീവിക്കാൻ കഴിയില്ലെന്ന സാഹചര്യം വന്നപ്പോഴാണ് അങ്ങനെയുണ്ടായത്. അതിന് ബദലായിട്ടാണ് കേരളത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റ് ഇച്ഛാശക്തിയോടെ ഇടപെട്ട് ഫലപ്രദമായി കാർഷിക മേഖലയിൽ കുതിപ്പുണ്ടാക്കിയത്. അതാണ് കൃഷിവകുപ്പും ജലസേചന വകുപ്പുമുൾപ്പെടെയുള്ള വകുപ്പുകൾ എല്ലാ രംഗത്തും കേരളത്തിൽ ചെയ്തത്. കേരളത്തിലെ കാർഷിക മേഖലയിൽ കഴിഞ്ഞ അഞ്ചാറ് വർഷം കൊണ്ട് മികച്ച നിലയിൽ പ്രവർത്തനം നടത്തിയിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കാർഷിക രംഗത്ത് നെൽക്കൃഷി ആയാലും പച്ചക്കറിക്കൃഷി ആയാലും നാണ്യവിളകളായാലും എല്ലാ രംഗത്തും ഗവൺമെന്റിന്റെ ഇടപെടലുള്ളതുകൊണ്ടാണ് കൃഷി മെച്ചപ്പെട്ടത്. കേരളത്തിലെ ഒരു കൃഷിക്കാരനും കൃഷിയുപേക്ഷിച്ച് പോകേണ്ടി വന്നിട്ടില്ല. കേരളത്തിലെ ഒരു കൃഷിക്കാരനും ആത്മഹത്യ ചെയ്യുന്ന

സ്ഥിതിയുണ്ടായിട്ടില്ല. പരിമിതികളുണ്ടെങ്കിലും അവർ ആ കൃഷിയിൽനിന്ന് അവരുടെ കുടുംബത്തിന്റെ ഉപജീവനം നടത്തിയിട്ടുണ്ട്. അതിന് ഗവൺമെന്റ് നന്നായി സഹായിച്ചു. നെൽകൃഷിക്കും അതുപോലെ മറ്റ് പച്ചക്കറിക്കൃഷിക്കും ആവശ്യമായ സഹായം നൽകിയിട്ടുണ്ട്. കൃഷി ചെയ്യണമെന്ന് മാത്രമല്ല പറഞ്ഞത് അവർക്കാവശ്യമായ സാമ്പത്തിക സഹായവും ചെയ്തത് അതിന്റെ ഫലമായിട്ടാണ്. കേരളത്തിലെ കാർഷിക മേഖല, കാലാവസ്ഥാ വ്യതിയാനംകൂടി കണക്കിലെടുത്ത് അതിനെ നേരിടാനാവശ്യമായ രീതിയിൽ മാറ്റം വരുത്തണമെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് കാർബൺ ന്യൂട്രൽ അഗ്രിക്കൾച്ചർ സംവിധാനത്തിലേയ്ക്ക് പോയത്. അത് വളരെ അത്യാവശ്യമായ കാര്യമാണ്. പരിസ്ഥിതിക്കും ആരോഗ്യത്തിനും അടുത്ത തലമുറയുടെ നിലനിൽപ്പിനും അത്യാവശ്യമാണ് കാർബൺ ന്യൂട്രൽ കൃഷിരീതി. അതുപോലെതന്നെയാണ് 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതി. നമ്മളെല്ലാവരും കൃഷിയിലേയ്ക്ക് ഇറങ്ങണമെന്ന ലക്ഷ്യത്തോടുകൂടി ഗവൺമെന്റ് മുന്നോട്ടുപോയി. ഭക്ഷ്യസുരക്ഷയും സുരക്ഷിത ഭക്ഷണവും എന്നതാണ് ആ പ്രഖ്യാപനത്തിലൂടെ നടപ്പിലാക്കിയത്. 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പ്രഖ്യാപനത്തിലൂടെ എല്ലാ കുടുംബങ്ങളിലും കാർഷിക

സംസ്കാരം വളർത്തുക, കേരളത്തെ ഭക്ഷ്യ സ്വയംപര്യാപ്തതയിലെത്തിക്കുക, ഓരോ വീട്ടിലും വിഷരഹിത പച്ചക്കറി/ഭക്ഷണപദാർത്ഥങ്ങൾ ഉൽപ്പാദിപ്പിക്കുക, സുരക്ഷിതമായ ഭക്ഷണം ഉറപ്പാക്കുക എന്നീ നിലയിലാണ് ഞങ്ങളും കൃഷിലേയ്ക്ക് എന്ന പദ്ധതിയിലേയ്ക്ക് പോയത്. അതിന്റെ ഫലമായി ഇന്ന് നമ്മുടെ നാട്ടിലെ സന്നദ്ധ സംഘടനകളും കുടുംബശ്രീയും നമ്മുടെ നാട്ടിലെ സാധാരണക്കാരും മറ്റ് വിവിധ മേഖലയിലുൾപ്പെട്ടവരുമെല്ലാരും കൃഷിലേയ്ക്ക് ഇറങ്ങി. പച്ചക്കറിക്കൃഷിയിൽ നമ്മൾ സ്വയംപര്യാപ്തമാകുന്ന ഒരു ഘട്ടത്തിലേയ്ക്കെത്തി. 15.7 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദനമാണ് നടത്തിയത്. നെല്ലുൽപാദനത്തിൽ ഗണ്യമായ വർദ്ധനവുണ്ടായി. നെല്ലുൽപാദനത്തിലെ വിസ്തൃതി വർദ്ധിച്ച; നെല്ലുൽപ്പാദനം വർദ്ധിച്ചു. സംഭരണത്തിന് മറ്റൊരു സംസ്ഥാനത്തുമില്ലാത്ത മികച്ച വില 28.20 രൂപ കേരളത്തിൽ നൽകുന്ന സ്ഥിതിയുണ്ടായി. ആ നിലയിലെല്ലാം കേരളത്തിലെ കൃഷിക്കാരെ ഒപ്പം ചേർത്തുനിർത്തി അവർക്കാവശ്യമായ സഹായം കൊടുക്കലായിരുന്നു കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളത്തിൽ ചെയ്തത്. അത് കേരളത്തിലെ കാർഷിക മേഖലയിൽ നന്നായി നമുക്ക് അനുഭവിക്കാൻ കഴിഞ്ഞ കാര്യമാണ്.

ജലവിഭവ വകുപ്പ് കഴിഞ്ഞ ഒരു വർഷംകൊണ്ട് മികച്ച പ്രവർത്തനമാണ് കൃഷിരംഗത്ത് നടത്തിയത്. പത്തുലക്ഷം കുടിവെള്ള കണക്ഷനുകൾ ഒരു വർഷംകൊണ്ട് കൊടുത്തിട്ടുണ്ട്. ഇനി 43 കണക്ഷൻകൂടി ജലജീവിൻ മിഷൻവഴി കൊടുക്കാനുണ്ട്. അത് നാലുവർഷംകൊണ്ട് നടപ്പിലാക്കാനാവശ്യമായ പദ്ധതികളാണ് ഇപ്പോൾ ജലവിഭവ വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്. നമ്മുടെ നാട്ടിൽ ജലവിഭവ വകുപ്പ് ഏറ്റവും പ്രധാനമായും നടപ്പിലാക്കേണ്ട കാര്യം, മഴക്കാലത്ത് നമ്മുടെ നാട്ടിലുള്ള 44 നദികളിലും പതിക്കുന്ന മഴവെള്ളം അതുപോലെ അറബിക്കടലിലേയ്ക്ക് ഒഴുകിപോകുകയാണ് ചെയ്യുന്നത്. നമുക്ക് ആ ജലം സംഭരിച്ച് നിർത്താനാവശ്യമായ സംവിധാനം ആവശ്യമാണ്. നമ്മുടെ നാട്ടിൽ ധാരാളം അണക്കെട്ടുകളുണ്ട്. എന്നാൽ, കാസർഗോഡ് ജില്ലയിൽ ഒരു അണക്കെട്ടുപോലുമില്ല. 12 നദികൾ ആ ജില്ലയിലുണ്ട്. കാസർഗോഡ് ജില്ലയിൽ ഇപ്പോൾ അതിവർഷമാണ്. കഴിഞ്ഞ ഒരു മാസക്കാലമായി ഏറ്റവും കൂടുതൽ മഴ ലഭിച്ച ജില്ലയാണ്. പക്ഷേ, വെള്ളം മുഴവൻ ഒലിച്ചുപോയി. നമുക്ക് ആ വെള്ളം സംഭരിക്കാനാവശ്യമായ സംവിധാനമില്ല. നേരത്തെ അവിടെ മൂന്നാംകടവ് പദ്ധതി വിഭാവനം ചെയ്തിരുന്നു. പക്ഷേ, ആ

പദ്ധതി വന്നാൽ ചില പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാകുമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അത് ഉപേക്ഷിച്ചു. ഇവിടെ മിനിഡാമിന് നല്ല സാധ്യതയുണ്ട്. മൂന്നാംകടവിൽ ഒരു മിനി ഡാം പണിതാൽ കാസർഗോഡ് ജില്ലയിലെ ശുദ്ധജല പ്രശ്നത്തിന് പരിഹാരം കാണാനും കൃഷിക്കാർക്ക് ആവശ്യമായ വെള്ളമെത്തിക്കാനും സാധിക്കും. അതുപോലെ, പള്ളിക്കര അജാനൂർ പഞ്ചായത്തിലെ കൃഷിക്കാരുടെ കൃഷി ഉപ്പുവെള്ളംകയറി നശിച്ചുപോയതാണ്. അവിടെ ചിറ്റാരി റെഗുലേറ്റർ നടപ്പിലാക്കുകയാണെങ്കിൽ ആ കൃഷിക്കാർക്ക് കൃഷി ചെയ്യാനും കഴിയും, ശുദ്ധജലം ലഭിക്കുകയും ചെയ്യും. അതിനാവശ്യമായ നടപടിയും ഈ ഗവൺമെന്റ് നടപ്പിലാക്കേണ്ടതുണ്ട്. കൃഷിയിൽ മാത്രമായിരുന്നില്ല കഴിഞ്ഞ അഞ്ചുവർഷക്കാലം കാര്യങ്ങൾ നിർവ്വഹിച്ചത്. എല്ലാ രംഗങ്ങളിലും സമഗ്രമായ വികസനമാണ് നടന്നത്. വിദ്യാഭ്യാസ മേഖലയിലും ആരോഗ്യ മേഖലയിലും പൊതുവിതരണ മേഖലയിലും മറ്റ് മേഖലകളിലെല്ലാം മികച്ച ഒരു ഗവൺമെന്റായിരുന്നു കേരളത്തിലേതെന്ന് എല്ലാവർക്കുമറിയാം. അടിസ്ഥാന സൗകര്യവികസനത്തിനാണ് കഴിഞ്ഞ അഞ്ചുവർഷം ഏറ്റവും മുന്നിൽ നിന്നത്. റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ തുടങ്ങിയ എല്ലാ

കാര്യങ്ങളിലും. ബഡ്ജറ്റിനുപുറമെ, കിഫ്ബിയിൽമാത്രം അമ്പതിനായിരം കോടി രൂപയുടെ പദ്ധതികളാണ് വിഭാവന ചെയ്തതെങ്കിലും 70,762 കോടി രൂപയുടെ 962 പദ്ധതികൾക്കാണ് കിഫ്ബി അംഗീകാരം നൽകിയത്. ചുരുക്കിപ്പറഞ്ഞാൽ, സമസ്ത മേഖലയിലും സർവ്വതല സ്പർശിയായി അഞ്ചുവർഷക്കാലം കേരളത്തിൽ കാര്യങ്ങൾ നടന്നിട്ടുണ്ടെന്ന് എല്ലാവർക്കുമറിയാം. പക്ഷേ, ഇനിയും കേരളം മുന്നോട്ടുപോകണം. ഇതൊരു വികസിത കേരളമാണ്. നേരത്തെ ഒരംഗം പറഞ്ഞതുപോലെ, കേരളത്തിൽ ആരും പട്ടിണിയൊന്നും കിടക്കുന്നില്ല. ഇന്ത്യയിൽ പട്ടിണികിടക്കുന്ന സംസ്ഥാനങ്ങളെ സംബന്ധിച്ചുള്ള poverty index-ന്റെ കണക്ക് വന്നപ്പോൾ കേരളത്തിൽ 0.74 ശതമാനം പേർ മാത്രമാണുള്ളത്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ അത് നാൽപ്പതും അൻപതും ശതമാനമാണ്. കേരളത്തിൽ അതിദരിദ്രരായി വളരെ ചുരുക്കം പേരാണുള്ളത്. സർവ്വേ നടത്തി അവരെ കണ്ടെത്തി മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാനുള്ള ബൃഹത്തായ പദ്ധതി ഗവൺമെന്റ് നടപ്പിലാക്കികൊണ്ടുവരുന്നു. അതുംപോര. ഒരു നവകേരളസൃഷ്ടി കേരളത്തിലുണ്ടാകണം. അടുത്ത ഇരുപത്തിയഞ്ച് വർഷംകൊണ്ട് കേരളത്തെ നമുക്ക് വളരെ നന്നായി വികസിപ്പിക്കേണ്ടതുണ്ട്. കേരളത്തെ

ശാസ്ത്രീയമായി പുനർനിർമ്മിക്കുകയെന്നതാണ് നവകേരള സൃഷ്ടികൊണ്ട് ഉദ്ദേശിക്കുന്നത്. ജനങ്ങളുടെ ജീവിതനിലവാരവും വരുമാനവും വർദ്ധിക്കണം. ലോകത്തെ മധ്യവരുമാന രാഷ്ട്രങ്ങൾക്ക് സമാനമായ രീതിയിൽ കേരളത്തിലെ ജനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുകയെന്നതാണ് അതുകൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. സാമൂഹിക, സാംസ്കാരിക, സാമ്പത്തിക മേഖലയിൽ മുന്നേറ്റമുണ്ടാകണം. ആധുനിക കേരളത്തെ ശാസ്ത്രീയമായി പുനർനിർമ്മിക്കണം. അതിനായി കേരളത്തെ ഒരു ജ്ഞാനസമ്പത്ത് വ്യവസ്ഥയിൽ അധിഷ്ഠിതമായ സമൂഹമായി മാറ്റണം. അതിന് ഇവിടെ അടിസ്ഥാനമാക്കിയിട്ടുള്ളത് സമ്പദ് വ്യവസ്ഥയെ ജ്ഞാനസമ്പത്ത് വ്യവസ്ഥയാക്കി മാറ്റുകയെന്നുള്ളതാണ്. അറിവിനെ അടിസ്ഥാനപ്പെടുത്തിയുള്ള ചരക്കുകളുടെയും സേവനങ്ങളുടെയും ഉൽപ്പാദനം വർദ്ധിപ്പിക്കണം. ബൗദ്ധിക മൂലധനത്തെ അടിസ്ഥാനമാക്കിയുള്ള ഉൽപ്പാദനവും ഉപഭോഗവുമാണ് ജ്ഞാനസമ്പത്ത് വ്യവസ്ഥകൊണ്ട് ഉദ്ദേശിക്കുന്നത്. ആ നിലയിൽ കേരളത്തെ മാറ്റിയെടുക്കുക.

വിദ്യാഭ്യാസ രംഗത്ത് ഇന്നുള്ള പോരായ്മകൾ പരിഹരിച്ച് കുറച്ചുകൂടി മുന്നോട്ട് പോകുകയാണ് ചെയ്യേണ്ടത്. കേരളത്തെ ലോകോത്തര

നിലവാരത്തിലേയ്ക്ക് നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ മാറ്റുക. നമ്മുടെ സർവ്വകലാശാലകളും ഗവേഷണ സ്ഥാപനങ്ങളും കോളേജുകളുമെല്ലാം ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയരത്തക്കനിലയിൽ കാര്യങ്ങൾ നീങ്ങണം. അതിനാവശ്യമായ ബഡ്ജറ്റ് അലോക്കേഷൻ ഇപ്പോൾത്തന്നെ ആരംഭിച്ചിട്ടുണ്ട്. ഇതെല്ലാം നടക്കുമ്പോൾ നമ്മുടെ നാട്ടിൽ പ്രതിപക്ഷത്തിന്റെ നിലപാട് എന്താണ്; എല്ലാ കാര്യങ്ങളിലും ഒരു ക്രിയാത്മകമായ നിലപാടാണോ നിങ്ങളെടുക്കുന്നത്? കേരളത്തിലെ വികസന പ്രവർത്തനങ്ങളെ തകിടം മറിക്കുകയും ആ വികസന പ്രവർത്തനങ്ങൾക്ക് തുരങ്കം വയ്ക്കുകയും അതിനെയെല്ലാം അട്ടിമറിക്കുകയും ചെയ്യുന്ന നിലയിലേയ്ക്കാണ് കേരളത്തിലെ പ്രതിപക്ഷം പൊയ്ക്കൊണ്ടിരിക്കുന്നത്. അത് നിങ്ങൾ കുഴിച്ച കുഴിയിൽ നിങ്ങൾതന്നെ വീഴുന്ന നിലയിലേയ്ക്ക് കാര്യങ്ങളെത്തും. പ്രതിപക്ഷത്തിന് അങ്ങനെ രക്ഷപ്പെടാൻ കഴിയില്ല. ജനങ്ങൾ കേരളത്തിലെ ഗവൺമെന്റിനെക്കുറിച്ചും വികസനപ്രവർത്തനങ്ങളെക്കുറിച്ചും നന്നായി മനസ്സിലാക്കുന്നുണ്ട്. അവർ കാര്യങ്ങളെല്ലാം നന്നായി മനസ്സിലാക്കിയിട്ടാണ് ഇടപെടുന്നത്. അതിനാൽ നിങ്ങൾ എന്തെങ്കിലുമൊരു കാര്യം സംശയം ജനിപ്പിച്ച് കളയാമെന്ന് കരുതി

ഇവിടെ വന്ന് വലിയതോതിൽ  പ്രചരണമോ പ്രസംഗമോ നാട്ടിൽ വലിയ പ്രക്ഷോഭങ്ങളുണ്ടാക്കിയതുകൊണ്ടോ ഒന്നും നടക്കാൻ പോകുന്നില്ല. കഴിഞ്ഞ കുറച്ചുകാലമായി വലിയ പ്രക്ഷോഭങ്ങൾ നടത്തുന്നുണ്ട്. എന്ത് പ്രക്ഷോഭമാണ്? പ്രക്ഷോഭത്തിൽ എവിടെയും ജനങ്ങളെ കണ്ടില്ല. ഒരാൾ കരിങ്കൊടി വീശിയിട്ട് ഭയങ്കര പ്രതിഷേധമെന്ന് പറയുകയാണ്. ആ പ്രക്ഷോഭത്തിലെ ആളുകൾ എത്രയാണ്? ഒന്ന്.  നാല് കുട്ടികൾ കരിങ്കൊടി വീശി ഭയങ്കരപ്രതിഷേധമെന്ന് പറയുകയാണ്. ഒരു പ്രതിഷേധവും എവിടെയും കണ്ടില്ല. ഇപ്പോൾ പ്രതിഷേധവും സമരവും എന്തായി? ചുരുക്കിപ്പറഞ്ഞാൽ, ജനങ്ങളെ പരിഹസിക്കുന്ന നിലയിലേയ്ക്കാണ് കാര്യങ്ങൾ നടക്കുന്നത്. നിങ്ങൾ സ്വയം പരിഹാസ്യരായി, ഈ സമരമൊന്നും എവിടെയും ക്ലച്ച് പിടിക്കാൻ പോകുന്നില്ല. നിങ്ങൾ സ്വയം പരിഹാസ്യരാകുന്ന നിലയിലേയ്ക്കാണ് കാര്യങ്ങൾ നീങ്ങുന്നത്. അതിനാൽ കേരളത്തിലെ ഗവൺമെന്റിനെ ഇങ്ങനെ എന്തെങ്കിലും പറഞ്ഞാൽ, ഈ നടക്കുന്ന വികസന പ്രവർത്തനങ്ങളെല്ലാം ഇല്ലെന്നുവന്നാൽ അടുത്ത തെരഞ്ഞെടുപ്പിൽ നിങ്ങൾ ജയിച്ചുകളയുമെന്ന് വിചാരിക്കുന്നതൊന്നും നടക്കാൻ പോകുന്നില്ല. ഇപ്പോൾ നടന്നൊരു തെരഞ്ഞെടുപ്പിൽ ജയിച്ചുവെന്ന്

പറയുന്നത് വലിയ കാര്യമല്ല. എത്രയോ കാലമായി നിങ്ങൾ ജയിച്ചുകൊണ്ടിരിക്കുന്ന സ്ഥലം. അവിടെ ജയിച്ചു. ആ ജയം ഞങ്ങൾ പിടിച്ചടക്കി, പിടിച്ചിട്ടു എന്നൊക്കെ ആരോടാണ് പറയുന്നത്? പി. ടി തോമസിന്റെ പേരുപറഞ്ഞ് ശ്രീമതി ഉമ തോമസ് ജയിച്ചതാണോ ഈ വലിയ പിടിത്തം? നിങ്ങൾ ജയിച്ചതിന് പിടിച്ചുവെന്ന് പറയുന്നതിൽ വലിയ കാര്യമില്ല, അതാണ് കേരളമെന്ന് നിങ്ങൾ ധരിക്കണ്ട. കേരളത്തിലെ ജനങ്ങൾ ഏറ്റവും കൂടുതൽ പ്രധാനമായും ആഗ്രഹിക്കുന്നത് വികസനം നടക്കണമെന്നുള്ളതാണ്. വികസനത്തെ തുരങ്കം വയ്ക്കുന്നതാണ് നിങ്ങളുടെ നിലപാട്. വികസനം നന്നായി നടക്കണമെന്നാണ് കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്നത്. നിങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അപകീർത്തിപ്പെടുത്താൻ കള്ളക്കഥകളും നുണകളും പറഞ്ഞുകൊണ്ടേയിരിക്കുകയാണ്. പക്ഷേ, ജനങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ നല്ല വിശ്വാസമുണ്ട്. നിങ്ങൾ നുണപറയുന്നതനുസരിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൂടുതൽ ശക്തനായി മാറുന്നതല്ലാതെ അദ്ദേഹത്തിന് അതുകൊണ്ട് ഒരു പോറലുമേൽക്കുന്നില്ല എന്ന് നിങ്ങൾ മനസ്സിലാക്കുന്നതാണ് നല്ലത്. പറയുന്ന നിങ്ങൾക്കാണ് പോറലേൽക്കുന്നത്.

നിങ്ങളെ ജനം അവജ്ഞയോടുകൂടിയാണ് കാണുന്നതെന്ന് നിങ്ങൾ മനസ്സിലാക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് വല്ലാതെ വെപ്രാളമിളകുമെന്നാണ് പറഞ്ഞത്. ഒരു വെപ്രാളവുമില്ല. അത് നിങ്ങൾക്കാണ്. ഇതെല്ലാം പറഞ്ഞിട്ടും ഒന്നും ഏശുന്നില്ലല്ലോ എന്ന വെപ്രാളത്തിലാണ് പ്രതിപക്ഷമുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഒരു കുഴപ്പവുമില്ലെന്നാണ് എനിക്ക് പറയാനുള്ളത്. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം.

കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ ഏറ്റവും ശക്തമായ മഴയാണ് കഴിഞ്ഞ ഒരു മാസം പെയ്തത്. ആ മഴയുടെ ഫലമായി കൃഷി ആകെ നശിച്ചു. നെൽക്കൃഷിയും വാഴക്കൃഷിയും നശിച്ചുപോയി. ഓണക്കാലത്തെ പച്ചക്കറി വയ്ക്കാൻ പറ്റിയില്ല. നാണ്യവിളകളിൽ കവുങ്ങ് പൂർണ്ണമായും നശിച്ചു. അതിനാൽ അവിടെയുള്ള കൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകാനാവശ്യമായ നടപടി സ്വീകരിക്കണം.

അതുപോലെ, വന്യമൃഗങ്ങളുടെ അക്രമണം വലിയ തോതിൽ കാസർഗോഡ് ജില്ലയിൽ വന്നു. ഒരാനക്കൂട്ടം കർണ്ണാടക സംസ്ഥാനത്തുനിന്ന് ഇറങ്ങി വന്നിട്ടിപ്പോഴും തിരികെപോകാതെ അവിടെ നിൽക്കുകയാണ്.

ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയോട് അനേകം തവണ ഇക്കാര്യം പറയുന്നുണ്ട്. ഇപ്പോഴും അവിടെ തമ്പടിച്ച് കൃഷി നശിപ്പിച്ച് കൊണ്ടിരിക്കുകയാണ്. നിരവധി ആളുകളുടെ കൃഷി നഷ്ടപ്പെട്ടിട്ടുണ്ട്. ആ കൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകണം. അങ്ങനെ കൃഷി നഷ്ടപ്പെട്ടുപോയവർക്ക് ആവശ്യമായ സഹായംകൂടി കൊടുത്ത് ഇപ്പോൾ തുടരുന്ന പദ്ധതികൾ അതുപോലെ തുടർന്നാൽ കേരളത്തിൽ ഇനിയും ഏറ്റവും മികച്ച നിലയിലേയ്ക്ക് കൃഷി വകുപ്പിന് മുന്നോട്ടുപോകാൻ കഴിയും. അതിന് ധനാഭ്യർത്ഥനകൾ പാസ്സാക്കികൊടുക്കേണ്ടത് ആവശ്യമാണ്. ഈ ധനാഭ്യർത്ഥനയെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞങ്ങളിന്ന് ബഹളം ഉണ്ടാക്കാതിരുന്നത് നിങ്ങൾക്കൊരു നേട്ടമെന്ന നിലയിലാണ് അങ്ങ് പ്രസംഗം അവസാനിപ്പിച്ചത്. നാല് ദിവസത്തേയ്ക്കുള്ള ചർച്ചകൂടി നിർത്തിയിട്ടിരുന്നെങ്കിൽ ഞങ്ങൾക്ക് മഹാനേട്ടമാണെന്ന് നിങ്ങൾ പറയുമായിരുന്നു. ഞങ്ങൾ നിയമസഭയിലാണ് ഇതുപോലുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നത്. ഞങ്ങൾ ചർച്ച ചെയ്യുന്നുവെന്നുപറഞ്ഞാൽ അതിന്റെ

അർത്ഥം നാളെ ഈ സർക്കാരിനെ അട്ടിമറിക്കാൻ പോകുന്നുവെന്നാണോ. നിങ്ങളെപ്പോലെ ഇങ്ങനെ വെറും പിന്തുണക്കാരായിട്ട് നിൽക്കുന്ന 99 അംഗങ്ങളുള്ളപ്പോൾ ഈ സഭയിൽ ഗവൺമെന്റിനെ അട്ടിമറിക്കുമെന്ന് ഭയപ്പെടേണ്ട കാര്യമുണ്ടോ? ഞങ്ങൾ അട്ടിമറിയല്ല, നിങ്ങളെ നന്നാക്കാൻ വേണ്ടിയാണ് പറയുന്നത്. പക്ഷെ നന്നാകില്ലെന്ന് ശപഥമെടുത്തതുകൊണ്ട് ഞങ്ങളെ തല്ലുണ്ടായെന്നൊരു നിലപാടാണ് നിങ്ങൾ സ്വീകരിച്ചിരിക്കുന്നത്. ഞാനിത് അവിടംകൊണ്ട് അവസാനിപ്പിക്കുകയാണ്.

പരിസ്ഥിതി, ജലം, ദുരന്ത നിവാരണം ഇതെല്ലാം കൂടിക്കുഴഞ്ഞ് കിടക്കുന്ന ഇനങ്ങളാണ്. നദീസംരക്ഷണത്തെ സംബന്ധിച്ച് നമ്മൾ ഒരു ജലനയം പ്രഖ്യാപിച്ചിട്ടുണ്ട്. അതിൽ നദീജല സംരക്ഷണമുണ്ട്, ഡാം മോണിറ്ററിംഗ് ഉണ്ട്, വാട്ടർ ബഡ്ജറ്റ് സൗകര്യങ്ങൾ അതെല്ലാം പറഞ്ഞതല്ലാതെ പറഞ്ഞിടത്തുനിന്ന് ഒരിഞ്ച് മുന്നോട്ടുപോകാൻ സാധിച്ചിട്ടില്ല. ഞങ്ങൾ പറയുന്ന ഓരോ വാക്കും അട്ടിമറി വാക്ക് എന്നുപറയുന്ന നിങ്ങൾ അങ്ങനെ ആശ്വസിക്കാമെന്നുള്ളതല്ലാതെ ഇത് അട്ടിമറിയല്ലെന്ന് മനസ്സിലാക്കണം. നിങ്ങൾ കേരളത്തെ അട്ടിമറിക്കരുത്, കേരളത്തിലെ വികസനം തകർക്കരുതെന്ന് പറയുന്നതിനുവേണ്ടിയാണ്

ഞങ്ങളിത് പറയുന്നത്. ജല മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം എന്താണ്? കാലാവസ്ഥാവ്യതിയാനത്തിന് നിങ്ങളെന്ത് ചെയ്തു; കാലാവസ്ഥാവ്യതിയാനത്തെ നേരിടുന്നതിനുവേണ്ടി എന്തെങ്കിലും ചെയ്തുണ്ടോ? ചെറിയ ഭൂവിസ്തൃതിയുള്ള സ്ഥലത്ത് കൂടിയ മഴ എന്നതാണിപ്പോൾ കേരളം കണ്ടുകൊണ്ടിരിക്കുന്നത്. ഈ പുതിയ പ്രതിഭാസത്തെ നേരിടാൻ നിങ്ങൾ എന്ത് നടപടി സ്വീകരിച്ചു; അത് ജനങ്ങളോട് പറയണ്ടേ? ഈ സാഹചര്യങ്ങളെ നേരിടുന്നതിനെക്കുറിച്ച് എന്തെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ഇത് ചെന്നവസാനിക്കുന്നത് കേരളം ഒരു മരുഭൂമിവൽക്കരണത്തിലേയ്ക്കാണെന്നുള്ള യാഥാർത്ഥ്യം നമുക്ക് ഇനിയെങ്കിലും തിരിച്ചറിയാൻ സാധിക്കണ്ടേ? 2018-ൽ പ്രളയം വന്നു. പ്രളയത്തിനുശേഷമുള്ള കാലാവസ്ഥാ വ്യതിയാനം ഗുരുതരമായി ചിന്തിക്കേണ്ട കാര്യമല്ലേ? കാലാവസ്ഥാവ്യതിയാനത്തിന്റെ ഭാഗമായി കന്നുകാലികളുടെ പ്രൊഡക്ടിവിറ്റി കപ്പാസിറ്റിപോലും കുറഞ്ഞുവെന്ന് ശാസ്ത്രജ്ഞർ പറയുകയാണ്. നമ്മൾ എന്തെങ്കിലും ചെയ്തിട്ടുണ്ടോ? ഇവിടെ വന്ന് മംഗളപത്രം എഴുതിയതോടുകൂടി ഈ പ്രശ്നം അവസാനിക്കുമോ? നമ്മുടെ വീട്ടുപറമ്പിൽ മയിലുകൾ വന്നിരിക്കുകയാണ്. അതിനെ ഭയപ്പെടുന്നുവെന്ന്

പറഞ്ഞ് പത്രത്തിൽ വാർത്തവന്നു. കേരളത്തിലെ ജനങ്ങളെ രക്ഷിക്കുന്നതിനുവേണ്ടി എന്തെങ്കിലും ഒരു നടപടിയുണ്ടാകണ്ടേ? കടലിന്റെ ചൂട് വർദ്ധിക്കുന്നു, മത്സ്യസമ്പത്ത് കുറയുന്നു, ഇതെല്ലാം ഓരോ പ്രതിഭാസമായി നിൽക്കുകയാണ്. ഇതിനെയൊന്ന് ശാസ്ത്രീയമായി നേരിടുന്നതിനെക്കുറിച്ച് നിങ്ങൾക്കെന്തെങ്കിലും ഗൗരവകരമായ ചിന്തയുണ്ടോ? ഇതൊന്നുമില്ല. കണ്ണുംപൂട്ടി പിന്തുണ, പിന്തുണയ്ക്കുവേണ്ടി പിന്തുണ, ആ മുദ്രവാക്യത്തിലല്ലാതെ പോസിറ്റീവായി കേരളം വളരുന്ന നാടാണെന്ന് തിരിച്ചറിയുകയും അതിന്റെ വികസനത്തിനുവേണ്ടി ഓരോ നിമിഷവും ഫലപ്രദമായി വിനിയോഗിക്കണമെന്നുമുള്ള ഒരു തോന്നലുണ്ടാകണ്ടേ? ആ തോന്നലില്ലാത്തതുകൊണ്ടാണ് ഞങ്ങൾ വിമർശനം ഉന്നയിക്കുന്നത്. ഞാൻ ഒരു ഉദാഹരണം പറയാം. എന്റെ നിയോജകമണ്ഡലത്തിൽ വാട്ടർ അതോറിറ്റി കുറെ പി.ഡബ്ല്യൂ.ഡി. റോഡ് കുഴിച്ചു. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് MoRTH-ന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. ആ മൂർഖനെ ഞങ്ങൾ ഇതുവരെ കണ്ടിട്ടേയില്ല. നാല് റോഡ് അവിടെ കുഴിയാക്കിയിട്ടിരിക്കുകയാണ്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. അക്കാര്യത്തിൽ ഒരു നടപടിയും

സ്വീകരിച്ചിട്ടില്ല. ഇനി അഥവാ അങ്ങ് നടപടിയെടുത്താലും അംഗീകരിക്കില്ലെന്നൊരു മട്ടിലാണ് അവരുടെ നടപ്പ്. ഓഫീസ് പൂട്ടി താക്കോലും പോക്കറ്റിൽവച്ച് അദ്ദേഹം അങ്ങനെ കേരളം ചുറ്റിക്കൊണ്ടിരിക്കുകയാണ്. എല്ലാ പദ്ധതികളും അവിടെ മുടങ്ങിക്കിടക്കുകയാണ്. ചീഫ് സെക്രട്ടറി ഒരു കോൺഫറൻസ് വിളിച്ചില്ലേ; കോൺഫറൻസ് വിളിച്ചിട്ട് അദ്ദേഹം തിരിഞ്ഞുനോക്കിയോ; മന്ത്രിവിളിച്ച കോൺഫറൻസിൽ വന്നോയെന്നെനിക്ക് അറിയില്ല, ഇല്ലായെന്നാണ് എന്റെ അറിവ്. ഇങ്ങനെയുള്ള ഒരു ഉദ്യോഗസ്ഥനെപ്പോലും നിയന്ത്രിക്കാൻ സാധിക്കുന്നില്ലെങ്കിൽ അതിന്റെ പേര് ദയവായി എന്നെക്കൊണ്ട് പറയിപ്പിക്കരുത്. ശ്രീ. റോഷി അഗസ്റ്റിൻ ആയതുകൊണ്ട് ഞാൻ ഇത് അവിടംകൊണ്ട് അവസാനിപ്പിക്കുകയാണ്. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ ജൽജീവൻ മിഷൻ ആവിഷ്കരിച്ച് ഒരു വീട്ടിൽ രണ്ട് ടാപ്പ് 45 ശതമാനം, 30 ശതമാനം, 15 ശതമാനം, 10 ശതമാനം എന്നിങ്ങനെ ബെനിഫിഷ്യറിക്ക് കൊടുക്കുന്നുവെന്ന് പറഞ്ഞു. 10 ശതമാനം തുക ബെനിഫിഷ്യറി എവിടെനിന്ന് സ്വരൂപീകരിക്കാനാണ്? 15 ശതമാനം മൈനസ് ഗ്രാമപഞ്ചായത്തുകൾ എവിടെനിന്ന് രൂപീകരിക്കാനാണ്? ഈ

പദ്ധതി വമ്പിച്ച നേട്ടമായി ഒരു വർഷത്തെ പദ്ധതിയിലുയർത്തി കാണിക്കാം, പക്ഷെ ഒന്നും സംഭവിക്കുകയില്ല. ഇതുപോലെ നമ്മുടെ ഗ്രാമപഞ്ചായത്തിന്റെയും ഗുണഭോക്താക്കളുടെയും 25 ശതമാനം തുക കിട്ടുന്നതിനുവേണ്ടിയുള്ള ഒരു മാർഗ്ഗത്തെക്കുറിച്ച് ആലോചിക്കണ്ടേ? 85 ലക്ഷം കിണറുകൾ കേരളത്തിലുണ്ടെന്ന് സി.ഡബ്ല്യൂ.ആർ.ഡി.എം.-ന്റെ ഒരു കണക്കുണ്ട്. ഏറ്റവും അവസാനത്തെ കണക്കാണ്, ആ കണക്കുകൂടി ഈ വലയത്തിൽ കൊണ്ടുവരണ്ടേ? കിണറ്റിലെ വെള്ളം എടുക്കുന്നതിനെക്കുറിച്ചുകൂടി ആലോചിക്കണ്ടേ? അതിനുവേണ്ടിയുള്ള എന്തെങ്കിലും നടപടി വേണ്ടേ? കിണറുകൾ റീ-ചാർജ്ജ് ചെയ്യാൻ, കിണറുകൾ മലിനീകരിക്കപ്പെടാതെ സംരക്ഷിക്കാൻ നമ്മൾ എന്തെങ്കിലും നടപടി സ്വീകരിക്കണ്ടേ? അതൊന്നും ആലോചിച്ചതായി എനിക്ക് തോന്നിയിട്ടില്ല. കേരളത്തിൽ നാല് മഴനിഴൽ പ്രദേശങ്ങളുണ്ട്. തൊട്ടടുത്തിരിക്കുന്ന ശ്രീ. കെ. കൃഷ്ണൻകുട്ടി മിനിസ്റ്ററോട് ചോദിക്കൂ, ബഹുമാനപ്പെട്ട മന്ത്രി പറയും മഴനിഴൽ പ്രദേശമേതാണെന്ന്. അവിടെ വെള്ളമില്ല. വെള്ളമെന്നുപറയുന്നത് കിട്ടാക്കനിയാണ്. അതിനെന്തെങ്കിലും നടപടി വേണ്ടേ? 2018-ലെ പ്രളയത്തിനുശേഷം ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നെതർലാൻഡിൽ പോയല്ലോ; പോയപ്പോൾ ഞങ്ങൾക്ക് സന്തോഷമായിരുന്നു. കാരണം 'റൂം ഫോർ വാട്ടർ' (റൂം ഫോർ റിവർ) എന്നായിരുന്നു ആ സമയത്ത് പറഞ്ഞത്. 'റൂം ഫോർ വാട്ടർ' എന്ന് ഈ നിയമസഭയിലും പറഞ്ഞിട്ടുണ്ട്. സത്യത്തിൽ വാട്ടറെല്ലാം റൂമിന് പുറത്തുകിടക്കുകയാണ്. എവിടെയാണ് അതിനുവേണ്ട പദ്ധതി നടപ്പിലാക്കിയത്, സർ, ദയവായി എന്നെ നിയന്ത്രിക്കരുത്. ഇത് വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. എന്റെ നിയോജകമണ്ഡലത്തിന്റെ ഓരം ചേർന്ന് പോകുന്ന മീനച്ചിലാറിൽ എവിടെയാണ് റൂം ഫോർ റിവർ പദ്ധതി നടപ്പിലാക്കിയത്. എവിടെയാണ് അതിന്റെ റൂം. അങ്ങയ്ക്ക് അറിയില്ലേ, ഏത് റൂം ആണ്. നെതർലാന്റിലെ പോലെയുള്ള പദ്ധതി നടപ്പിലാക്കാൻ എന്തെങ്കിലും നടപടി വേണ്ടേ, ആ നടപടി ഇവിടെയുണ്ടാകുന്നില്ലെന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം. ഇന്റർ സ്റ്റേറ്റ് വാട്ടർ ഇഷ്യൂസുമായി ബന്ധപ്പെട്ട് മുല്ലപ്പെരിയാറിലെ ജലനിരപ്പ് ഇപ്പോൾ 136 അടി കവിഞ്ഞെന്ന് പറയുന്നു. കാലാകാലങ്ങളായി കേരളം ആഗ്രഹിച്ചിരുന്ന പുതിയ ഡാം എവിടെ? അതല്ലേ പ്രധാനപ്പെട്ട പ്രശ്നം. എന്ത് നടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിച്ചത്. രാഷ്ട്രീയമായി തമിഴ്നാടുമായി

നല്ല ബന്ധത്തിലാണെന്നുള്ള അവകാശവാദം ഇവിടെയുണ്ടല്ലോ? എന്നിട്ടും മുല്ലപ്പെരിയാറിന്റെ കാര്യത്തിൽ ഒരു തീരുമാനം ഉണ്ടാകുന്നില്ലല്ലോ; ആ തീരുമാനത്തിലെത്താൻ സാധിച്ചിട്ടില്ല. നാല് പ്രധാനപ്പെട്ട പ്രശ്നങ്ങൾ ഇതുമായി ബന്ധപ്പെട്ട് വരുന്നുണ്ട്. അങ്ങയുടെ വകുപ്പല്ലാത്തതുകൊണ്ട് ഞാൻ അത് ദീർഘിപ്പിക്കുന്നില്ല. പക്ഷെ നെയ്യാർഡാമും ഇടമലയാറും അതെല്ലാം പ്രശ്നങ്ങളായി നിൽക്കുകയല്ലേ; അങ്ങേയ്ക്ക് അറിയില്ലേ ഇടമലയാറിലെ പ്രശ്നം; ഞാൻ വിശദീകരിക്കേണ്ടല്ലോ; ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്ന കാര്യത്തിൽ ഡിപ്പാർട്ടുമെന്റ് ഒരിഞ്ചെങ്കിലും മുന്നോട്ടുപോകണമെന്നതാണ് നമ്മുടെ ആഗ്രഹം. ഇന്നത്തെ ഈ സാഹചര്യം മാറ്റുന്നതിനുവേണ്ടി തയ്യാറാകണം. ഓഖി ദുരന്തമുണ്ടായ സമയത്ത് 400 സൈനികർ കടലിൽ പോയിട്ട് 200 സൈനികർ മാത്രമേ വന്നുള്ളൂവെന്നാണ് ഗവൺമെന്റിന്റെ കണക്ക്. ബാക്കി സൈനികർ എവിടെ? ഡെഡ് ബോഡിപോലും കിട്ടുന്ന അവസ്ഥയില്ലെന്ന് പറഞ്ഞ് അവർ കരയുകയാണ്. അതിനെന്തെങ്കിലും നടപടി സ്വീകരിക്കണ്ടേ? എന്തെങ്കിലും നടപടി ഉണ്ടാകണ്ടേ? നമ്മൾ ഇന്നും നമ്മുടെ സൈനികരെക്കുറിച്ച് പറഞ്ഞു. നമുക്ക് ബഹുമാനമുണ്ട്, നമുക്ക് മതിപ്പുണ്ട്. പക്ഷെ അവരുടെ ജീവന് രക്ഷകൊടുക്കണ്ടേ?

അതിനുവേണ്ടിയുള്ള നടപടി നാട്ടിലുണ്ടാകേണ്ടതുണ്ട്. നിങ്ങളുടെ നടപടികളെ വിമർശിക്കുന്നുവെന്നുള്ളതുകൊണ്ട് നശീകരണം, carpet bomb എന്നൊന്നും തെറ്റിദ്ധരിക്കരുത്. അത് നിങ്ങളെ നന്നാക്കുന്നതിനുവേണ്ടിയാണ്. രണ്ട് പ്രഹരം ഏറ്റാലെങ്കിലും നിങ്ങൾ നന്നാകുന്നെങ്കിൽ നന്നാകട്ടെയെന്നുള്ള മോഹത്തോടുകൂടിയാണ് ഞങ്ങളുടെ ഈ നിലപാടെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ശുദ്ധജല വിതരണവും ശുചീകരണവും ജലസേചനവും സംബന്ധിച്ച വിഷയങ്ങളിൽ 16 അംഗങ്ങളാണ് പങ്കെടുത്ത് സംസാരിച്ചത്. വളരെ ക്രിയാത്മകമായ നിർദ്ദേശങ്ങളാണ് അംഗങ്ങൾ ഇവിടെ അവതരിപ്പിച്ചത്. അംഗങ്ങളോടുള്ള നന്ദി ഞാൻ ആദ്യമേ രേഖപ്പെടുത്തുകയാണ്. ഇറിഗേഷൻ വകുപ്പിനെ കർഷക സൗഹൃദ വകുപ്പാക്കി മാറ്റുകയെന്നതാണ് ഞങ്ങൾ ലക്ഷ്യം വയ്ക്കുന്നത്. കൃഷിയും ജലസേചനവും ഒരേ ദിവസംതന്നെ ചർച്ചയ്ക്ക് വന്നുവെന്നുള്ളതും ഏറെ സന്തോഷകരമായ കാര്യമാണ്. ഡിപ്പാർട്ടുമെന്റുകൾ തമ്മിലുള്ള ചർച്ചകളും ചർച്ചകളുടെ പുരോഗതിയും അതിലൂടെ വന്നമാറ്റങ്ങളും ഈ

സഭയിലെ അംഗങ്ങൾ മനസ്സിലാക്കുന്നുവെന്നുള്ളത് ഇന്നത്തെ ചർച്ചയിൽ ഉരുത്തിരിഞ്ഞ കാര്യങ്ങൾ ശ്രദ്ധിക്കുമ്പോൾ മനസ്സിലാക്കാൻ സാധിക്കും. നെല്ലിന്റെയും നാണ്യവിളകളുടെയും ഉൽപ്പാദനത്തിലും ഉൽപ്പാദനക്ഷമതയിലും ഗുണപ്രദമായ സ്വാധീനം ചെലുത്താൻ ജലസേചന പദ്ധതി വിപുലപ്പെടുത്തി സംസ്ഥാനത്തെ കാർഷിക മേഖലയുടെ വളർച്ചയ്ക്ക് ആക്കം വർദ്ധിപ്പിക്കാൻ ജലസേചന വകുപ്പ് പ്രതിജ്ഞാബദ്ധമാണ്. എല്ലാ കൃഷി ഭൂമിയിലും ആവശ്യത്തിന് ജലം നൽകുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് എല്ലാ ജലസ്രോതസ്സുകളും കാർഷിക മേഖലയ്ക്ക് പ്രയോജനപ്പെടുത്താനായി ശ്രമങ്ങൾ നടന്നുവരുന്നത്. സുസ്ഥിരമായ ജലപരിപാലനമാണ് ലക്ഷ്യംവയ്ക്കുന്നത്. കൃത്യസമയത്ത് കൃഷിയിടത്തിലേയ്ക്ക് ശരിയായ അളവിൽ ജലം നൽകുക, കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക, മികച്ച വിളവ്, ജലത്തിന്റെ കാര്യക്ഷമമായ ഉപയോഗം, കൃഷിച്ചെലവ് കുറയ്ക്കൽ എന്നിവ ലക്ഷ്യമിട്ട് സാമൂഹീകാധിഷ്ഠിത മൈക്രോ ഇറിഗേഷൻ അടക്കമുള്ള നൂതന സാങ്കേതിക വിദ്യകൾ സംസ്ഥാനത്തെ ജലസേചന മേഖലയിൽ നടത്തിവരികയാണ്. അതോടൊപ്പം ബാണാസുര സാഗർ ജലസേചന പദ്ധതി ഉൾപ്പെടെ കാരാപ്പുഴ, ഇടമലയാർ, പഴശ്ശി തുടങ്ങിയ

പദ്ധതികളെല്ലാം 2025-ഓടുകൂടി കമ്മീഷൻ ചെയ്യുന്നതാണ്. നിലവിൽ അട്ടപ്പാടി വാലി ജലസേചന പദ്ധതിയും പട്ടിശ്ശേരി അണക്കെട്ട് നിർമ്മാണവും തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. അതോടൊപ്പം ഇവിടെ ലഭ്യമാകേണ്ട ജലം പൂർണ്ണമായും പ്രയോജനപ്പെടുത്തി ജലസേചനത്തിനാവശ്യമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വഴങ്ങുമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ഇരിക്കൂ. മന്ത്രി മറുപടി പറയട്ടെ.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, അട്ടപ്പാടിയെക്കുറിച്ച് വിഷമിക്കണ്ട. ട്രൈബ്യൂണൽ വിധിപ്രകാരം ലഭ്യമാകുന്ന ജലം പൂർണ്ണമായും പ്രയോജനപ്പെടുത്താനുള്ള പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു എന്നുള്ളത് പറയാനുള്ള സമയക്കുറവുകൊണ്ടാണ് പേരുമാത്രം പറഞ്ഞുപോയത്. 30 TMC ജലവും, പാലക്കാട് ജില്ലയിലും വയനാട് ജില്ലയിലും ഇടുക്കിയിലെ ഒരു ചെറിയ പദ്ധതിയും 2030 ആകുമ്പോഴേയ്ക്കും എങ്ങനെയാണ് എടുക്കാൻ കഴിയുന്നതെന്ന് കൂട്ടായി ആലോചിക്കണം. ചില തർക്കങ്ങളുള്ള സ്ഥലങ്ങളുണ്ട്. ആ തർക്കങ്ങൾ കൂടിയാലോചിച്ച് പരിഹരിക്കണം. ആ ജലം നഷ്ടപ്പെടുത്താൻ സാധിക്കില്ല. മൈക്രോ

ഇറിഗേഷനുമായി ബന്ധപ്പെട്ട് നാണ്യവിളകൾക്കുംകൂടി ജലലഭ്യത ഉറപ്പുവരുത്താൻ കഴിയണം. കനാലുകളെക്കുറിച്ചെല്ലാം ഇവിടെ സൂചിപ്പിച്ചതുകൊണ്ട് അതിലേയ്ക്കൊന്നും വിശദമായി പോകുന്നില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷമുള്ള ഗവർണറുടെ പ്രസംഗത്തിൽ ആദ്യം കേട്ടതെന്താണ്? സാമൂഹിക ജലസേചന പദ്ധതിക്ക് തുടക്കംകുറിച്ച മാണി സാറിന്റെ പേരിൽത്തന്നെ ഊർജ്ജിത കാർഷിക ജലസേചന പദ്ധതി നടപ്പിലാക്കുമെന്നാണ് പറഞ്ഞത്. അതിന്റെ പേരിൽ ഇറിഗേഷൻ, വൈദ്യുതി എന്നീ വകുപ്പുകളുമായി കൂടിയാലോചിച്ചു. സഹകരണ വകുപ്പുമന്ത്രിയുമായും ആലോചിച്ചിരുന്നു. ജലസേചനം, കൃഷി എന്നീ വകുപ്പുകളൊരുമിച്ച് ഇരുപത്തിനാലോളം സ്ഥലങ്ങൾ കണ്ടെത്തി. അതിന്റെയടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട ജില്ലയിലെ സീതത്തോട് ഗ്രാമപഞ്ചായത്ത്, ഇടുക്കി ജില്ലയിലെ വണ്ടൻമേട്, കാമാക്ഷി ഗ്രാമപഞ്ചായത്ത്, വയനാട് ജില്ലയിലെ പുൽപ്പള്ളി, മുട്ടിൽ ഗ്രാമപഞ്ചായത്തുകൾ, കോട്ടയം ജില്ലയിലെ കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ലയിലെ മുക്കം ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ലയിലെ ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ ഈ

സാമ്പത്തിക വർഷംതന്നെ ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തും. അതിനുവേണ്ടി 14 കോടി രൂപ കണ്ടെത്തിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ കരടിപ്പാറ ലിഫ്റ്റ് ഇറിഗേഷൻ സ്കീം വളരെ സമ്പുഷ്ടമായൊരു പദ്ധതിയാണ്. അവിടെനിന്നുമാണ് പ്രസ്തുത പദ്ധതിക്കുള്ള പ്രചോദനം ലഭിച്ചത്. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ സംസാരിച്ചത് വളരെ നന്നായി. പാലക്കാട് മഴനിഴൽ പ്രദേശം പഴയതുപോലെ നിൽക്കുകയല്ല. അവിടെ മാറ്റം വന്നു. കൊഴിഞ്ഞാമ്പാറ, ഇരുത്തേമ്പതി, വടകരപ്പതി മേഖലകളിൽ നേരിടുന്ന ജലക്ഷാമത്തിന് പരിഹാരം കണ്ടെത്തി മൈക്രോ ഇറിഗേഷൻ പദ്ധതിക്ക് രൂപംകൊടുത്ത് ആവശ്യമായ നടപടി സ്വീകരിച്ചുകഴിഞ്ഞിരിക്കുന്നു. അവിടെയൊക്കെ ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്ട് കൊണ്ടുവരികയാണ്. കഴിഞ്ഞ കാലത്തെപ്പോലെ അവിടം മഴനിഴൽ പ്രദേശമായി നിൽക്കുകയല്ല. അതിനെല്ലാം മാറ്റം വന്നിട്ടുണ്ടെന്ന് സൂചിപ്പിച്ചതാണ്. ഞാൻ അതിലേയ്ക്ക് കടന്നുപോകാൻ ആഗ്രഹിക്കുന്നില്ല. മുല്ലപ്പെരിയാർ വിഷയത്തെ സംബന്ധിച്ചും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത് നന്നായി. അതിനെ സംബന്ധിച്ച് ഞാനെങ്ങനെ തുടങ്ങണമെന്ന് വിചാരിച്ചിരിക്കുകയായിരുന്നു. മുല്ലപ്പെരിയാർ വിഷയം തീർച്ചയായും ചർച്ച

ചെയ്യപ്പെടേണ്ടതാണ്. ആ വിഷയത്തിൽ ഇന്ന് കേരളം എടുത്തിരിക്കുന്ന നിലപാടുകളാണ് മഹത്തരമായി കാണേണ്ടത്. മുൻകാലങ്ങളിലേതുപോലെയല്ല. മുല്ലപ്പെരിയാറിലുണ്ടാകേണ്ട മാറ്റങ്ങളെ സംബന്ധിച്ച് നമ്മൾ ഒരേ രീതിയിലാണ് കാര്യങ്ങൾ ഉന്നയിച്ചിട്ടുള്ളത്. അക്കാര്യത്തിൽ രണ്ടുതരത്തിൽ തർക്കം പറയേണ്ട കാര്യമില്ല. അവിടെ പുതിയൊരു ഡാമുണ്ടാകണമെന്നുള്ളതാണ് ആത്യന്തികമായ ആവശ്യം. അതാണ് ഗവർണ്ണറുടെ പ്രസംഗത്തിൽ ഗവൺമെന്റിന്റെ നയമായി ഇവിടെ പറഞ്ഞത്. പിന്നീട് മുഖ്യമന്ത്രിതന്നെ അത് വ്യക്തമാക്കി. മുല്ലപ്പെരിയാറിന്റെ കേസുകൾ ഏതുകാലഘട്ടത്തിൽ തുടങ്ങി; എന്താണ് അതിന്റെയെല്ലാം പ്രശ്നങ്ങൾ തുടങ്ങിയ കാര്യങ്ങളെല്ലാം നമുക്കറിയാവുന്നതുകൊണ്ട് അതിലേയ്ക്കൊന്നും കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. മുല്ലപ്പെരിയാറിനെ സംബന്ധിച്ച് കേരളത്തിനൊരു നിലപാടുണ്ട്. കേരളത്തിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തിക്കൊണ്ട് തമിഴ്നാടിനാവശ്യമായ ജലലഭ്യത ഉറപ്പുവരുത്തുക എന്നുള്ളതിൽ മാറ്റം വരാനോ മാറ്റം വരുത്താനോ ഉദ്ദേശിക്കുന്നില്ല. എന്ത് ചെയ്യുവെന്ന ചോദ്യമാണ് പിന്നീട് പ്രസക്തമായിട്ടുള്ളത്. എന്താണ് നമുക്ക് ചെയ്യാൻ കഴിയുന്നത്?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പാർട്ടി സെക്രട്ടറിയായിരുന്ന സമയത്ത് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ മുല്ലപ്പെരിയാർ ഉടൻ പൊട്ടുമെന്നുപറഞ്ഞ് മുല്ലപ്പെരിയാർ മുതൽ കടൽ വരെ ഒരു വലിയ ചങ്ങല പിടിച്ചു. ഇപ്പോൾ മുല്ലപ്പെരിയാറിന് എന്തെങ്കിലും അപകടമുള്ളതായി തോന്നുന്നുണ്ടോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ആ ഘട്ടത്തിൽ ഞാൻ യു.ഡി.എഫ്.-ന്റെ ഭാഗമായിരുന്നല്ലോ. അന്ന് യു.ഡി.എഫ്.-നോടൊപ്പമുണ്ടായിരുന്ന പ്രവർത്തകരുൾപ്പെടെ മുല്ലപ്പെരിയാർ പൊട്ടുമെന്ന് ആശങ്കപ്പെടുത്തി നടത്തിയ പ്രസ്താവനകളെക്കുറിച്ചൊക്കെ ഞാൻ പറയേണ്ടതുണ്ടോ? അതിന്റെ പേരിൽ ഞാനും ചപ്പാത്തിൽ നിരാഹാരം കിടന്നല്ലോ. അതിൽ ആശയപരമായി തർക്കത്തിന്റെ ആവശ്യമില്ല. ഇനി മുല്ലപ്പെരിയാർ പൊട്ടാൻ പോകുന്നില്ല. അതിനെക്കുറിച്ചുള്ള കാര്യങ്ങളാണ് ചിന്തിക്കേണ്ടത്. 1300 അടി താഴെ ഡാമിനാവശ്യമായ സ്ഥലം കണ്ടെത്തി പാരിസ്ഥിതിക പഠനങ്ങൾ നടത്തി അതിന്റെ റിവൈസ്ഡ് ഡി.പി.ആർ. തയ്യാറാക്കി വച്ചിരിക്കുകയാണ്. പക്ഷേ പ്രശ്നമെന്താണ്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വഴങ്ങുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ഞാൻ പറഞ്ഞതിനുശേഷം വഴങ്ങാം. സുപ്രീംകോടതിയിലെ കേസുകളെക്കുറിച്ച് അറിയാമല്ലോ. ഞാൻ പ്രത്യേകിച്ച് പറയേണ്ട കാര്യമില്ല. അവസാനം വന്നിട്ടുള്ള കേസിന്റെ പൊസിഷൻ നോക്കുമ്പോൾ എന്താണ് സ്ഥിതി? കേരളം പറഞ്ഞിട്ടുള്ള വാദഗതികൾ ശരിയാണെന്നുള്ള നിലയിലല്ലേ ഇപ്പോൾ കോടതിയിൽ വന്നിരിക്കുന്ന പരാമർശങ്ങൾ. കേരളം എന്താണ് പറഞ്ഞത്? 142 അടിയിൽ കൂടുതൽ ജലനിരപ്പ് ഉയർത്താൻ പാടില്ല. കോടതി എന്തുപറഞ്ഞു? 142 അടിക്കപ്പുറം പോകാൻ പാടില്ല. കേരളം എക്കാലത്തും ഉയർത്തിയ നിലപാടെന്താണ്? അവിടത്തെ കാര്യങ്ങൾ പരിശോധിക്കാനുള്ള ഇൻസ്ട്രുമെന്റേഷൻ വേണമെന്ന് പറഞ്ഞു. എല്ലായിപ്പോഴും തമിഴ്നാട് അതിന് വിയോജിപ്പ് പ്രകടിപ്പിച്ചു. ആ ഇൻസ്ട്രുമെന്റേഷനെ സംബന്ധിച്ച കാര്യങ്ങൾ നടത്തുന്നതിനുള്ള തീരുമാനങ്ങൾ.......

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങ് പറയുന്ന കാര്യങ്ങളെല്ലാം ഇവിടെ റിക്കോർഡ് ചെയ്യുകയാണ്. ജലനിരപ്പ് 136 അടി എന്നുള്ളതാണ് സർവ്വകാലത്തും കേരളം മുന്നോട്ടുവച്ചിട്ടുള്ള ആശയം. 142 അടി എന്നുള്ള വ്യതിയാനം എവിടെനിന്നും വന്നുവെന്ന് എനിക്കറിയില്ല. ഏത്

ഗവൺമെന്റ് ഭരിച്ചാലും 136 അടി എന്നുള്ളത് 1979 മുതലുള്ള കേരളത്തിന്റെ ഔദ്യോഗിക സ്റ്റാൻഡാണ്. ഇപ്പോൾ സാധാരണഗതിയിൽനിന്ന് കുറേക്കൂടി വ്യത്യാസമായിട്ടാണ് അങ്ങ് പറയുന്നത്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഇതുതന്നെയാണ് പ്രശ്നം. ഞാൻ പറഞ്ഞ 142 എന്നുള്ളത് എന്താണ്? ജലനിരപ്പ് 142 അടിയിൽ അധികരിക്കരുതെന്ന് സുപ്രീംകോടതി പറഞ്ഞുവെന്നാണ് ഞാൻ പറഞ്ഞത്. കോടതി വിധി എനിക്ക് മാറ്റാൻ കഴിയുമോ? എന്നുപറഞ്ഞാൽ, കേരളത്തിന്റെ നിലപാട് അതാണെന്നല്ല അർത്ഥം. 2018-ലെയും 2019-ലെയും പ്രളയത്തിനുശേഷം നടത്തിയിട്ടുള്ള നീക്കത്തിന്റെ ഭാഗമായി കുറച്ചെങ്കിലും കേരളത്തിന്റെ നിലപാടുകളോട് യോജിച്ചുവരുന്നുവെന്നാണ് പറഞ്ഞത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 1979 മുതലുള്ള കേരളത്തിന്റെ നിലപാടായ 136 അടി എന്നുള്ളതിൽനിന്നും മാറി 142 അടി എന്നതിലേയ്ക്കെത്തിയോ എന്നാണ് അറിയേണ്ടത്?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, കേരളത്തിന്റെ നിലപാട് 136 അടി തന്നെയാണ്. അത് മാറ്റിയെന്ന് ആരും പറഞ്ഞില്ല. സുപ്രീംകോടതി പറഞ്ഞ കാര്യമാണ് ഞാനിവിടെ പറഞ്ഞത്. സുപ്രീംകോടതിയുടെ പരാമർശം ഞാൻ

പറഞ്ഞാൽ അത് കേരളത്തിന്റെ നിലപാടായി എടുക്കരുത്. എനിക്ക് സുപ്രീംകോടതിയെക്കൊണ്ട് അങ്ങനെ പറയിക്കാൻ കഴിയുമോ? ഇവിടത്തെ സ്ഥിതിയെന്താണ്? 2018-ലും 2019-ലുമുണ്ടായ പ്രളയ കാലഘട്ടത്തിനുശേഷം കേരളം ഉയർത്തിയിട്ടുള്ള വാദഗതികളുണ്ട്, ഇതുമായി ബന്ധപ്പെട്ട് ഡാം സേഫ്റ്റി അതോറിറ്റിയുണ്ടാക്കിയില്ലേ; അതിനുള്ള കാരണമെന്താണ്? 2016-ലെ കോടതി വിധിയെ അതിജീവിക്കാൻവേണ്ടി ചെയ്തതാണ്. സുപ്രീംകോടതി തമിഴ്നാടിനെ ചോദ്യം ചെയ്തു. പിന്നീട് കേസുമായി പോയി. ആ കേസ് ഫൈനലൈസ് ചെയ്തപ്പോൾ അവർ കണ്ടെത്തിയ നിഗമനങ്ങളെക്കുറിച്ചാണ് ഞാൻ പറയുന്നത്. അതിൽ ഇൻസ്ട്രുമെന്റേഷൻ വേണമെന്ന കേരളത്തിന്റെ ആവശ്യം പരിഗണിച്ചുവെന്ന് പറഞ്ഞാൽ തെറ്റാണോ; അതിന്റെ ഭാഗമായി അഞ്ചംഗ സമിതിയെ വച്ചില്ലേ; ടെക്നിക്കൽ മെമ്പറെ വേണമെന്ന് പറഞ്ഞത് നമ്മളല്ലേ; മൂന്നംഗ സമിതിയായിരുന്നല്ലോ? ഇതുമായി ബന്ധപ്പെട്ട് സാങ്കേതികമായി ഒരു മെമ്പറെ വച്ചില്ലേ? ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മന്ത്രിയായിരുന്നപ്പോൾ ഐ.ആന്റ് എ. ചീഫ് സെക്രട്ടറിയായിരുന്ന ശ്രീ. അലക്സ് വർഗ്ഗീസ് ആണ് കേരളത്തിന്റെ പ്രതിനിധിയായി പങ്കെടുക്കുന്നത്. ഇപ്പോൾ എന്താണ്?

അവർ ഇവിടെവന്ന് പരിശോധന നടത്തി ഇൻസ്ട്രുമെന്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾക്ക് കേരളത്തിനോട് പെർമിഷൻ ചോദിച്ചിരിക്കുകയാണ്. ഡാം സുരക്ഷിതമാണോ അല്ലയോ എന്നുള്ളതാണ് പ്രശ്നം. കേരളം ഉയർത്തിയ വാദഗതികളുടെ പ്രസക്തി എന്താണ്? വളരെ പെട്ടെന്ന് ഒരു എക്സ്പെർട്ട് ടീമിനെക്കൊണ്ട് വിശദമായി പഠനം നടത്തണമെന്ന് സുപ്രീംകോടതി പറഞ്ഞാൽ, കേരളം ഉയർത്തിയ ആശങ്കയ്ക്ക് അർത്ഥമുണ്ടെന്നാണ് അതിനർത്ഥം. അതല്ലേ കേരളത്തിലെ പൊതുസമൂഹം ഒരുമിച്ചുകാണേണ്ടത്. അതിൽ തർക്കം വേണ്ട. ഞാൻ ആ വിഷയത്തിൽ തർക്കിക്കാനുമില്ല. പുതിയ ഡാമുണ്ടാകണം. കേരളത്തിന് സുരക്ഷ ഉറപ്പുവരുത്താനും തമിഴ്നാടിനാവശ്യമായ ജലലഭ്യത ഉറപ്പുവരുത്താനും നമുക്ക് കടപ്പാടുണ്ട്. അത് പാലിച്ച് മുന്നോട്ട് പോകാനാണുദ്ദേശിക്കുന്നത്. മുല്ലപ്പെരിയാറിന്റെ ചുമതല ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറിന് നൽകി. കാര്യങ്ങൾ പെട്ടെന്നുതന്നെ പരിശോധിക്കാൻ വേണ്ടിയാണിങ്ങനെ ചെയ്തത്. ഇപ്പോൾ അവിടെ വളരെ ബുദ്ധിമുട്ടാണ്. 136 rule curve കൊണ്ടുവന്നു. Rule curve പ്രകാരം ജൂലൈ മാസം 20-ാം തീയതി വരെ 136.6 ആണ് തമിഴ്നാട് കൊണ്ടുവന്നത്. നമ്മളത് അംഗീകരിച്ചിട്ടില്ല. ഇന്ന് ടെക്നിക്കൽ കമ്മിറ്റി

മീറ്റിംഗും ഇതുമായി ബന്ധപ്പെട്ട സമിതിയും യോഗം ചേരുന്നുണ്ട്. രണ്ട് ഘട്ടങ്ങളിലായി 142 വരെ rule curve പറയുന്നുണ്ട്. അതെല്ലാം അംഗീകരിക്കാൻ നമുക്ക് സാധ്യമല്ല. ഈ സാഹചര്യത്തിൽ കോടതിയുടെ മറ്റൊരു പരാമർശം അനുകൂലമായി വരുന്നുണ്ട്. കമ്മിറ്റി മുമ്പാകെ ഇതു സംബന്ധിച്ച കാര്യങ്ങൾ പറയാമെന്നതുമാത്രമല്ല, ഡൗൺ സ്ട്രീമിലുള്ള ആൾക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഈ മേൽനോട്ട സമിതിയെ അറിയിക്കാനുള്ള പ്രത്യേക സാഹചര്യവുംകൂടി വന്നു. നാഷണൽ ലെവലിലുള്ള ഡാം സേഫ്റ്റി അതോറിറ്റി നിലവിൽ വരുന്നതുവരെയുള്ള അധികാരം ഈ സമിതിക്ക് കൊടുത്തിരിക്കുകയാണ്. ഇതിന്റെ ഓപ്പറേഷൻ സെക്യൂറാണ്. അത് സർക്കാർ ആലോചിക്കാം. ഇക്കാര്യത്തിൽ സാധ്യമായ കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒരുമിച്ച് നില്ക്കേണ്ട വിഷയമാണിത്. മറ്റൊരു തരത്തിൽ പ്രസ്തുത വിഷയത്തെ കാണേണ്ടതില്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഫലപ്രദമായി മോണിറ്റർ ചെയ്യുന്നുണ്ട്. ആവശ്യം വരുന്ന സാഹചര്യം മനസ്സിലാക്കിക്കൊണ്ട് ഒരു ബോട്ട് വാടകയ്ക്കെടുക്കാൻ നിർദ്ദേശം കൊടുത്തു. ഫോറസ്റ്റുമായി ബന്ധപ്പെട്ട് അവരുടെ ജോലിക്ക്

തടസ്സമാകാതെ കാര്യങ്ങൾ ചെയ്യാനാണിത്. അവിടെയുള്ള വഴി തികച്ചും ദുർഘടമാണ്. ഒരു ജീപ്പ് കൊടുക്കാൻ തീരുമാനിച്ചു. ഉദ്യോഗസ്ഥരെ അലെർട്ടാക്കാൻ തീരുമാനിച്ചു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജൻ തീരദേശത്ത് താമസിക്കുന്നവരുടെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ ശ്രദ്ധചെലുത്തുന്നുണ്ട്, അനുദിനം മോണിറ്റർ ചെയ്യുന്നുണ്ട്. ഇക്കാര്യത്തിൽ നമ്മുടെ സംസ്ഥാനത്തിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ നമ്മൾ കൂട്ടായി ചെയ്യണം. ഒരു ബുദ്ധിമുട്ടും ആർക്കുമുണ്ടാകാൻ പാടില്ല. ഇക്കാര്യത്തെക്കുറിച്ച് ഇതാണ് സൂചിപ്പിക്കാനുള്ളത്.

നദിയെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. കേരളത്തിൽ 44 നദികളെക്കുറിച്ചും പഠനം നടത്തിയത് ഏതുകാലത്താണെന്ന് ഓർമ്മയുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പുള്ള ചരിത്രമെടുത്താൽ അത് കണ്ടെത്താൻ പറ്റിയിട്ടില്ല. നദികളെക്കുറിച്ച് പഠനം നടത്തി. പഠനം നടത്താനായി എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് ചുമതല കൊടുത്തു. ചുമതല കൊടുത്തതിനുശേഷം വെറുതെ കാത്തിരിക്കുകയല്ല ചെയ്തത്. പഠനത്തിന്റെ അടിസ്ഥാനത്തിൽ വളരെ വ്യക്തമായ ചില കാഴ്ചപ്പാടുണ്ടായി. 'റൂം ഫോർ റിവർ' പദ്ധതി ചെറിയ കാര്യമല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്

പദ്ധതിക്ക് നേതൃത്വം കൊടുത്തത്. റിസൾട്ടുണ്ടാകാൻ പോകുന്നത് ചെറിയ തോതിലാണോ; ടി പദ്ധതിയുടെ റിസൾട്ടാണ് മനസ്സിലാക്കേണ്ടത്. നമ്മൾ കേരളത്തിൽ നടത്തിയ ഈ പരിപാടി ഒരുപക്ഷെ കേരള ചരിത്രത്തിലെ ആദ്യത്തെ സംഭവമാണ്. ഇതിന്റെ ഭാഗമായി കേരളത്തിലെ നദികൾ ഡീസിൽറ്റ് ചെയ്യാൻ തീരുമാനിച്ചു. 32 നദികൾ പൂർണ്ണമായും ചെയ്തു. ബാക്കി നദികളുടെ കൈവഴികളെല്ലാം ചെയ്തു. കണ്ടെത്തിയ കണക്കനുസരിച്ച് ഏകദേശം 3,97,856,00 ക്യൂബിക് മീറ്ററാണുണ്ടായിരുന്നത്. അതിൽ ഒരു കോടിയോളം സിൽറ്റ് മാറ്റാൻ കഴിഞ്ഞു. ഇന്നത്തെ സാഹചര്യമെടുക്കാം. ഇത്രയും വലിയ മഴയുണ്ടായി. ചെറിയ തോതിലല്ലല്ലോ അളവ് രേഖപ്പെടുത്തിയത്. ഇതുവരെ ഒരിടത്തും ഒരു വലിയ പ്രളയം വന്നില്ലെന്നുള്ള സത്യം അംഗീകരിക്കാമല്ലോ. നമ്മൾ നടത്തിയ പ്രയത്നം വിജയിച്ചിരിക്കുന്നു. അതിന്റെ ഫലം കണ്ടുതുടങ്ങിയിരിക്കുന്നു. എൽ.എസ്.ജി. ഡിപ്പാർട്ട്മെന്റ് നന്നായി സഹകരിച്ചു. ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടനുസരിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്ക് നല്കാൻ തീരുമാനമെടുത്തു. ഇക്കാര്യങ്ങളിലെല്ലാമുണ്ടായ മാറ്റം ചെറിയ തോതിലല്ല. ഇന്ന് നദികളുടെ സ്ഥിതിയെന്താണ്; ഇത് കേരള ചരിത്രത്തിലാദ്യമല്ലേ; ഇതിനുമുമ്പ്

ഇങ്ങനൊരുസംഭവം നടന്നതായി ആർക്കെങ്കിലും പറയാൻ കഴിയുമോ? നടന്നിട്ടില്ല. എക്കലും മണ്ണും ചെളിയുംകൂടി മൊത്തം വിഷയമായി നില്ക്കുകയാണ്. ശക്തമായൊരു മഴ പെയ്താൽ വെള്ളപ്പൊക്കമാണ്. മഴയുടെ അളവിവിടെ സൂചിപ്പിച്ചല്ലോ. അത് ഒഴിവാക്കാനാണ് ശ്രമം. ആ ശ്രമത്തിന്റെ ഭാഗമായി ആദ്യറൗണ്ട് വിജയിക്കാൻ കഴിഞ്ഞു. വരുംവർഷങ്ങളിൽ എല്ലാ ഫെബ്രുവരി-മാർച്ച് മാസങ്ങളിലും ഈ സ്ഥിതി കേരളത്തിൽ തുടർന്ന് കൊണ്ടുപോകാനുള്ള നിർദ്ദേശം ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് അവർക്ക് കൊടുക്കും. ഞങ്ങളത് ഏറ്റെടുക്കും. മാത്രമല്ല, അത് കൃത്യമായി മോണിറ്റർ ചെയ്യും ഇനിയത് മലിനപ്പെട്ട് മോശമാകാതിരിക്കാൻ ബന്ധപ്പെട്ട അധികാരപരിധിയിലുള്ള എ.ഇ.-മാർക്കും പ്രത്യേകമായി കേരളത്തിൽ ചുമതല കൊടുക്കാനും ഈ സർക്കാർ തീരുമാനിച്ചു. അങ്ങനെയാണെങ്കിൽ നദികൾ ശുദ്ധമായിക്കിടക്കും. അതിനുവേണ്ടിയുള്ള പരിശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

തീരദേശ സംരക്ഷണം സംബന്ധിച്ചാണ് ഇനി സൂചിപ്പിക്കാനുള്ളത്. തീരദേശ സംരക്ഷണം ഒരു ചെറിയ കാര്യമായി കാണാൻ കഴിയുമോ; കഴിഞ്ഞ തവണ സഭ സമ്മേളിക്കുമ്പോൾ ചെല്ലാനത്തെ സംബന്ധിച്ച

വിഷയമായിരുന്നു ഉയർന്നുവന്നിരുന്നത്. ഇന്ന് ചെല്ലാനത്ത് അങ്ങനൊരു വിഷയം ഉയരുന്നില്ലല്ലോ.. അവിടത്തെ പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നല്ലേ അർത്ഥം. നമ്മളെല്ലാവരും കൂട്ടായി കാണേണ്ട ഒരു കാര്യമാണത്. ചെല്ലാനത്ത് എക്കാലവും കണ്ടിരുന്ന ഒരു ബുദ്ധിമുട്ട് ആ പ്രദേശത്തിന്റെ സാധ്യതകളിൽ നിന്നും എടുത്ത് പറയേണ്ടതായിട്ടില്ല. അവിടത്തെ ജനങ്ങൾ ഒറ്റപ്പെട്ട്, ദ്വീപിനകത്തായതുപോലെയാണ് നില്ക്കുന്നത്. ഒരു സ്ഥിര കടൽഭിത്തി ഉണ്ടാക്കുകയെന്നതല്ലേ. ആ സ്കീം നടപ്പിലാക്കുകയല്ലേ... അതിന് 344 കോടി രൂപ കൊടുത്തില്ലേ.. അതിന്റെ വർക്ക് ആരംഭിച്ചില്ലേ.. 30% പൂർത്തിയായികഴിഞ്ഞിരിക്കുകയാണ്. ഞാൻ കഴിഞ്ഞ ദിവസം ഒരു വീഡിയോ കാണാനിടയായി. അവിടെയുള്ള തീരദേശവാസികൾ അലറിയിളകി വരുന്ന കടലിന്റെയടുത്തുനിന്ന്, ഇത് ഞങ്ങൾക്ക് അനുഭവിക്കാൻ കഴിഞ്ഞല്ലോയെന്ന് സന്തോഷത്തോടെ പറയുകയാണ്. നമുക്കൊരുമിച്ച് ആ പണി പൂർത്തിയാക്കണം. കേരളത്തിന്റെ അങ്ങേയറ്റം മുതൽ ഇങ്ങേയറ്റം വരെയുള്ള പ്രവൃത്തി തീർക്കണം. 344 കോടി രൂപയ്ക്ക് 7-8 കിലോമീറ്റർ വരെയേ പറ്റുകയുള്ളൂ. 65 കിലോമീറ്റർ ദൂരം അതിരൂക്ഷമായ കടലാക്രമണം നേരിടുന്ന സ്ഥലമാണ്. കേരളത്തിന്റെ

തീരദേശത്തെ 576 കിലോമീറ്ററിൽ 65 കിലോമീറ്റർ തീരുന്നതിന് കണ്ടെത്തിയ എസ്റ്റിമേറ്റ് 5,300 കോടി രൂപവരും. 1,500 കോടി രൂപയോളം കിഫ്ബി നൽകി. ഇതിന്റെ ഭാഗമായി പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ കഴിയുന്നുണ്ട്. ശംഖുമുഖം, കൊല്ലംകോട് ഉൾപ്പെടെയുള്ള പദ്ധതികളിൽ എൻ.സി.സി.ആർ. റിപ്പോർട്ട് മടങ്ങി വന്നിട്ടുണ്ട്. നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ഥിരമായൊരു കടൽഭിത്തിയുടെ നിർമ്മാണം തുടരും. കാസർഗോഡ് പുതിയൊരു സിസ്റ്റം കണ്ടെത്തി, അതിന്റെ പരീക്ഷണം നടത്തുകയാണ്. അവരുടെ ചെലവിൽ തന്നെ അവരുടെ ഒരു പ്രദേശം സംരക്ഷിക്കപ്പെട്ടു. അത് എങ്ങനെയുണ്ടെന്ന് നമുക്ക് നോക്കാം. അങ്ങനെ തീരദേശത്തെ സംരക്ഷിക്കാനുള്ള സാഹചര്യങ്ങൾ, അതിരൂക്ഷമല്ലാത്ത പ്രദേശങ്ങളിൽ താല്ക്കാലികമായുണ്ടാകുന്ന വിഷയങ്ങൾ പരിഹരിക്കാൻ ആവശ്യമായ നടപടികളും ഇതിനോടകം സ്വീകരിച്ചുവരുന്നുണ്ട്. എല്ലാ മേഖലകളിലും കഴിയുംവിധം ഇടപെടാൻ കഴിഞ്ഞിട്ടുണ്ട്. തീരദേശ ജില്ലകൾക്കെല്ലാം 20 ലക്ഷം രൂപാ വീതം കൊടുത്തു. ഈ തുക ഒന്നുമാകില്ലെന്നറിയാം. പക്ഷെ നമ്മുടെ വിഭവം കുറച്ച് കുറവുണ്ട്. എന്നാലും അതിരൂക്ഷമായി വരുന്ന

സ്ഥലങ്ങളിലെ പ്രശ്നം മനസ്സിലാക്കി പ്രത്യേകമായി പരിരക്ഷ കൊടുക്കാൻ സർക്കാർ നടപടികൾ സ്വീകരിക്കുമെന്ന് ഈ സന്ദർഭത്തിൽ ഞാൻ ഓർമ്മിപ്പിക്കുന്നു. നദീമലിനീകരണത്തെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്. ഇത് മാറ്റുന്നതിനാവശ്യമായ നടപടികൾക്കനുസൃതമായ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അങ്ങ് കടൽക്ഷോഭത്തിന്റെ കാര്യം സൂചിപ്പിക്കുകയുണ്ടായി. കടൽക്ഷോഭം നേരിടുന്ന പ്രദേശങ്ങൾ കൂടുതലുള്ളത് ആലപ്പുഴ ജില്ലയിലാണ്. അമ്പലപ്പുഴ, അതോടൊപ്പം ചേർത്തല, ഈ മേഖലകളിലൊക്കെ അതിരൂക്ഷമായ കടൽക്ഷോഭമാണ്. ഇതുമായി ബന്ധപ്പെട്ട് ഒന്നുരണ്ട് കോൺഫറൻസുകൾ വിളിച്ചുകൂട്ടിയതുമാണ്. ആലപ്പുഴ ജില്ലയിലെ തീരദേശമുള്ള എല്ലാ മണ്ഡലങ്ങളിലും സ്ഥിതി വളരെ ഗുരുതരമാണ്. വേൾഡ് ബാങ്കിന്റെ ഒരു സ്കീം ഇതിനുവേണ്ടി വരാൻ പോകുന്നെന്നാണ് അങ്ങ് സൂചിപ്പിച്ചത്. അതിന്റെ നടപടിക്രമങ്ങൾ എന്തായെന്ന് വിശദീകരിക്കാമോ; ഇത്തവണയും വളരെ രൂക്ഷമായ കടൽക്ഷോഭമാണ് ഞങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്നത്.

<u>മി.ഡെപ്യൂട്ടി സ്പീക്കർ</u>: കൃഷി വകുപ്പുമന്ത്രിയുടെ മറുപടി പ്രസംഗവും അപരാഹ്നസമ്മേളനവുമുണ്ട്. താങ്കൾ ദയവായി പ്രസംഗം ചുരുക്കണം.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ജലവിഭവകുപ്പിന്റെ കാര്യത്തിലേയ്ക്ക് കടന്നില്ല. അല്പസമയം കൂടുതൽ അനുവദിക്കണം. ബഹുമാനപ്പെട്ട അംഗം ശ്രീ. രമേശ് ചെന്നിത്തല അഭിപ്രായപ്പെട്ടത് വളരെ ശരിയായ കാര്യമാണ്. അതൊന്നും ഞാൻ നിഷേധിക്കുന്നില്ല. ഹരിപ്പാട് മീറ്റിംഗ് നടന്ന സമയം അവിടെ നിന്ന് എന്നെ വിളിച്ച് സംസാരിച്ചിരുന്നു. അക്കാര്യത്തിൽ വളരെ ഗൗരവമായി ഇടപെടാം. ഫണ്ട് കണ്ടെത്തേണ്ടതായിട്ടുണ്ട്. ഇത്തരത്തിൽ അത്യാവശ്യമായ കാര്യങ്ങൾ മൂവ് ചെയ്യുന്നുണ്ട്. ഇത്തരം അത്യാവശ്യ വർക്കുകൾക്ക് ഫണ്ടനുവദിക്കാൻ നോക്കിനില്ക്കുന്നില്ല. കടൽക്ഷോഭം അതിരൂക്ഷമായ സ്ഥലങ്ങളുണ്ടെങ്കിൽ വളരെ വേഗം അത്തരം ജോലി ചെയ്യേണ്ടതാണ്. ഇത്തരം കേസുകൾക്ക് മുൻഗണന നല്കുകയും ഇതോടൊപ്പം പെർമനന്റായ കാര്യങ്ങളിലേയ്ക്ക് കടക്കുകയും ചെയ്യാം. കുട്ടനാട്ടിലുണ്ടാകുന്ന വെള്ളപ്പൊക്കം വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ്. സമയപരിമിധി കാരണം അതിലേയ്ക്ക് വിശദമായി കടക്കുന്നില്ല. കുട്ടനാടിന്റെ ഇന്നത്തെ സ്ഥിതിയെന്താണെന്ന് ആലോചിച്ചുനോക്കിയാൽ നമുക്ക്

മനസ്സിലാകാവുന്നതേയുള്ളൂ. ഇതുവരെ കുട്ടനാട്ടിൽ നിന്ന് അധിക സ്വരമൊന്നും ഉയർന്നില്ല. അതിനർത്ഥമെന്താണ്; തോട്ടപ്പള്ളി സ്പിൽവേയിലൂടെ ഒരു സെക്കന്റിൽ കടന്നുപൊയിക്കൊണ്ടിരുന്നത് 1600 ക്യൂബിക് മീറ്ററാണ്. അവിടെ അടിഞ്ഞുകൂടിയ എക്കലും മണലും ചെളിയുമെല്ലാം മാറ്റി അതിന്റെ രീതികളെല്ലാം ചെയിഞ്ച് ചെയ്ത് കഴിഞ്ഞപ്പോൾ തോട്ടപ്പള്ളി സ്പിൽവേയുടെ കടലിലേയ്ക്കുള്ള പരമാവധി പ്രളയജലം ഒഴുക്കിക്കളയാൻ ആ പൊഴിയിൽ 150 മീറ്ററെന്നത് 360 മീറ്ററാക്കി വർദ്ധിപ്പിച്ചു. മണൽ Kerala Minerals and Metals Ltd. (K.M.M.L.) മുഖേന നീക്കം ചെയ്തതുവഴി ഇപ്പോൾ നമുക്കവിടെ ഏതാണ്ട് 1600 ക്യൂബിക് മീറ്റർ വാട്ടർ ഒഴുകിപ്പോകാനുള്ള സാധ്യതയായിക്കഴിഞ്ഞു. അതുകൊണ്ട് തീരില്ല. മണിമലയാർ, അച്ചൻകോവിൽ ഉൾപ്പെടെയുള്ള പ്രദേശത്ത് ഒഴുകി വരുന്ന ജലമാണ് ഇതിലൂടെ കടലിലേയ്ക്ക് പോകുന്നത്. ആ പ്രദേശത്തെ മേഖലകളെല്ലാം നവീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാനുള്ള തയ്യാറെടുപ്പുകൾ ഈ ബഡ്ജറ്റിൽ തന്നെ ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. ആ പ്രവൃത്തിയിലേയ്ക്കാണ് ഇനി ഞങ്ങൾ പ്രവേശിക്കുന്നത്. തോട്ടപ്പള്ളി സ്പിൽവേയിലൂടെ നിർഗമിക്കുന്ന ജലം

തടസ്സങ്ങളെല്ലാം നീക്കി കറക്കാക്കാൻ കഴിഞ്ഞതിലൂടെ കുട്ടനാട്ടിൽ ചെറിയ ആശ്വാസമായി. അവിടെ ബണ്ടുകൾ നിർമ്മിക്കാൻ, കൃഷിയിടങ്ങൾ സംരക്ഷിക്കാൻ, മുൻകാലങ്ങളേക്കാൾ വലിയ തോതിലുള്ള തുക കൊടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ഇത്രയും കാര്യങ്ങൾ മാത്രമേ പറയാൻ ആഗ്രഹിക്കുന്നുള്ളൂ. മറ്റ് വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. മീനച്ചിൽ റിവർ വാലി പദ്ധതി ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് സന്തോഷമാകുന്ന കാര്യമാണെന്നെനിക്കിയാം. ജലസ്രോതസ്സുകൾ കുറഞ്ഞുവരുന്നു എന്നത് സംബന്ധിച്ച് ഇവിടെ പലരും സംസാരിച്ചു. നദികളെക്കൊണ്ടുമാത്രം മുന്നോട്ടുപോകാൻ സാധിക്കുമോ എന്ന നിലയിൽ ചർച്ചയിലുടനീളം ആശങ്ക പടർന്നിരുന്നു. വളരെ പ്രധാനപ്പെട്ട കാര്യമാണത്. ഇക്കാര്യങ്ങളിലൊക്കെ പരിഹാരം കണ്ടെത്തേണ്ടതായി വരും. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് മീനച്ചിൽ റിവർ വാലി പദ്ധതി. ഇടുക്കിയിലെ ജലവിതരണം അല്ലെങ്കിൽ ഇടുക്കി ജലസേചന പദ്ധതിയിൽ നിന്ന് വൈദ്യുതി ഉല്പാദനത്തിനുശേഷം ഒഴുകുന്ന വെള്ളം മലങ്കരയിൽ ചെന്ന് മൂവാറ്റുപുഴ ഇറിഗേഷൻ പ്രോജക്ടിലേയ്ക്ക് പോകുകയാണ്. ഇപ്പോൾ മൂവാറ്റുപുഴയിൽ വലിയതോതിലുള്ള

വെള്ളപ്പൊക്കമുണ്ടാകുകയാണ്. എം.എൽ.എ. ഉൾപ്പെടെയുള്ളവർ അത്രയും ജലം ഒഴുക്കിവിടരുതെന്നും അത് വലിയ പ്രശ്നമുണ്ടാകുമെന്നും എന്നോട് പറഞ്ഞു. പക്ഷെ അത് എങ്ങോട്ടുകൊണ്ടുപോകും. അതോടൊപ്പംതന്നെ ഈ വർഷം അവിടെ നാല് ജനറേറ്ററുകൾകൂടി പുതുതായി സ്ഥാപിക്കുന്നുവെന്ന് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി പ്രഖ്യാപിച്ചു. അതിന് അനുമതിയും ലഭിച്ചു. എന്നുപറഞ്ഞാൽ 760 മെഗാവാട്ടിനോടൊപ്പം 800 മെഗാവാട്ടും കൂടി അധിക ഉല്പാദനം ആരംഭിക്കുകയാണ്. ആ സമയത്ത് ഈ വെള്ളം ഡൈവേർട്ട് ചെയ്ത് മീനച്ചിലാറിലേയ്ക്ക് കൊണ്ടുവരണം. അതിനാണ് ആവശ്യമായ നടപടി സ്വീകരിക്കേണ്ടത്. മൂവാറ്റുപ്പുഴ വാലിയിൽ നിന്ന് തുരങ്കത്തിലൂടെ മൂന്നിലവിലെത്തിച്ച് മീനച്ചിലാറ്റിലേയ്ക്ക് കൊണ്ടുവന്നാൽ കോട്ടയംകാർക്ക് ഒരിക്കലും വിഷമിക്കേണ്ടിവരില്ല. കോട്ടയത്ത് ഒരിക്കലും സുസ്ഥിരമായ ഒരു ജലസ്രോതസ്സില്ല. മീനച്ചിലാർ സീസണലി വരുന്ന ഒരു സ്രോതസ്സാണ്. സീസണിൽ ഒഴുകുന്നത് പോയാൽ ആവശ്യമായ ചെക്ക് ഡാമുകൾ അവിടെ പണിത് ആ വെള്ളം ശേഖരിക്കും. ആ ശേഖരിക്കുന്ന വെള്ളം ഓഫ് സീസണിൽ നമുക്ക് താഴേയ്ക്ക് ഒഴുക്കിവിട്ടാൽ എക്കാലത്തും ശുദ്ധമായ കുടിവെള്ളവും നല്ല ഇറിഗേഷനും ലഭ്യമാക്കാനുള്ള സൗകര്യങ്ങൾ

കൊണ്ടുവരികയാണ്. അതിനെ നിങ്ങൾ എതിർക്കുമെന്ന് ഞാൻ വിചാരിക്കുന്നില്ല. നമുക്ക് വളരെ ആവശ്യമുള്ള ഒരു കാര്യമാണ്. ആ നിലയിലെല്ലാം ഓരോ സാഹചര്യങ്ങളും നമ്മൾ മനസ്സിലാക്കി മുന്നോട്ടുപോകുകയാണ്. മലങ്കരയിലെ വിഷയങ്ങൾ അതിലൂടെ നമുക്ക് പരിഹരിക്കാൻ സാധിക്കും.

ഇറിഗേഷൻ രംഗത്ത് നല്ലനിലയിൽ ജനങ്ങൾക്ക് ഒരു ബോദ്ധ്യമുണ്ടാകാൻ, ഇറിഗേഷൻ മ്യൂസിയം ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. സൗഹൃദപരമായി അത്തരം കാര്യങ്ങൾ ബോദ്ധ്യപ്പെടാൻ കഴിയുന്ന നിലയിൽ ടൂറിസം സാദ്ധ്യതയുംകൂടി വിലയിരുത്തിക്കൊണ്ട് ഇറിഗേഷൻ ടൂറിസത്തിന്റെ ഭാഗമായി ഇടുക്കി ആർച്ച് ഡാമിന് സമീപം അതിനാവശ്യമായ 17 ഏക്കർ സ്ഥലം കണ്ടെത്തിക്കഴിഞ്ഞു. അതിന്റെ പ്രവർത്തനങ്ങളിലേയ്ക്ക് കടന്നുപോകാൻ ആഗ്രഹിക്കുന്നു. ഞാൻ അതിന്റെ കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല.

വാട്ടർ അതോറിറ്റിയെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ട വിഷയം ജലജീവൻ മിഷൻ തന്നെയാണ്. ആ മിഷന്റെ കാര്യം ഇവിടെ സംസാരിച്ചു. ജലജീവൻ മിഷൻ കാര്യക്ഷമമായി ഏറ്റവും കൂടുതൽ ശ്രദ്ധിക്കുന്നത്

എം.എൽ.എ.-മാർ തന്നെയാണ്. അക്കാര്യത്തിൽ ഞാൻ എല്ലാപേരെയും പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ഞങ്ങൾക്ക് അക്കാര്യത്തിൽ വളരെയേറെ സന്തോഷമുണ്ട്. കേരളത്തിലെ എല്ലാ വീടുകളിലും വെള്ളമെത്തിച്ചു. എന്നാൽ നിലവിലുള്ള പദ്ധതി അട്ടിമറിച്ചെന്നോ കിണറുകളെ ആശ്രയിക്കേണ്ടന്നോ അർത്ഥമില്ല. പ്ലാൻ ഫണ്ടിലും നബാർഡ് ഫണ്ടിലും തദ്ദേശഭരണ സ്ഥാപനങ്ങളുടെയെല്ലാം അധീനതയിലുള്ള വർക്കുകൾ പൂർത്തീകരിച്ച് കുടിവെള്ളം നൽകുന്ന പദ്ധതിയെല്ലാം നിലവിലുണ്ട്. അതൊക്കെ നിൽക്കട്ടെ, അതെല്ലാം എടുത്ത് പരിശോധിക്കുമ്പോൾ നമുക്ക് നിലവിലുണ്ടായിരുന്ന കണക്ഷനുകൾ എത്രയാണ്? അതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. ആ കണക്ഷൻ മാറ്റി പൂർണ്ണതോതിൽ വെള്ളം നൽകാൻ കഴിയുന്ന സാധ്യതകളിലേയ്ക്കാണ് നമ്മൾ പോകുന്നത്. അതിനുവേണ്ടിയുള്ള നടപടികളുമായി മുന്നേറുമ്പോൾ തീർച്ചയായും അതിനോട് സഹകരിക്കുന്ന നിലയിൽ എല്ലാവരും പ്രവർത്തിക്കുന്നുവെന്നുള്ളതിൽ വലിയ അഭിമാനമാണ് എനിക്ക് തോന്നുന്നത്. ഇന്ന് നമ്മളെ സംബന്ധിച്ചിടത്തോളം അതിന്റെ കണക്ക് പരിശോധിക്കുമ്പോൾ 70 ലക്ഷത്തിലധികം കണക്ഷനുകൾ

കൊടുത്തുവെന്നാണ് കാണാൻ കഴിയുന്നത്. 17 ലക്ഷം കണക്ഷൻ മാത്രമേയുണ്ടായിരുന്നുള്ളൂ. കഴിഞ്ഞ ഒരുവർഷക്കാലംകൊണ്ട് 10 ലക്ഷത്തിന് മുകളിൽ കണക്ഷൻ കൊടുക്കാൻ കഴിഞ്ഞു. ശേഷിക്കുന്ന മൂന്നുവർഷംകൊണ്ട് നമുക്ക് 40 ലക്ഷത്തോളം കണക്ഷൻ കൊടുക്കാൻ സാധിക്കും. ഇവിടെ എം.എൽ.എ.-മാർ ഉന്നയിച്ച ഓരോ കാര്യങ്ങളായി പറയാൻ സമയമില്ലാത്തതുകൊണ്ടാണ് എടുത്തുപറയാത്തത്. രണ്ടുമൂന്ന് ആശങ്കകളാണ് ഉയർത്തിയത്. ഒന്ന്, സ്ഥലം ഏറ്റെടുക്കുന്നതിനെക്കുറിച്ചും രണ്ട്, പഞ്ചായത്തുകൾക്ക് വിഹിതം കൊടുക്കാൻ കഴിയുമോയെന്നുള്ളതിനെ സംബന്ധിച്ചുമാണ്. ജലജീവൻ പദ്ധതിയുടെ പുരോഗതിയെ സംബന്ധിച്ച് ഇന്ത്യരാജ്യത്തെ മറ്റ് സംസ്ഥാനങ്ങളുടെ കണക്ക് നോക്കുമ്പോൾ, 75 ശതമാനവും 80 ശതമാനവുമൊക്കെ കഴിഞ്ഞു, ആന്ധ്രയിൽ പൂർത്തിയായി എന്നൊക്കെ പറയുമ്പോഴും ജലജീവൻ മിഷൻ 2019-20-ൽ നടപ്പാക്കുന്ന സമയത്ത് അവിടെയെല്ലാം 50 ശതമാനത്തിനുമുകളിൽ കുടിവെള്ള കണക്ഷനുണ്ടായിരുന്നു. കേരളത്തിന്റെ സ്ഥിതി അതായിരുന്നില്ല. അപ്പോൾ നമ്മൾ ഇത് ആരംഭിച്ചതിനുശേഷമുള്ള കണക്ക് പരിശോധിക്കുമ്പോൾ ഇത്രയും ദ്രുതഗതിയിൽ ഈ പദ്ധതി മുന്നോട്ടുപോകുന്ന സംസ്ഥാനം

വേറെയില്ല. അതാണ് കേരളത്തെക്കുറിച്ച് കാണേണ്ടതായിട്ടുള്ളത്. ഈ പദ്ധതി നടപ്പിലാക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ രണ്ടുപ്രാവശ്യം യോഗം ചേരുകയും അനുദിനം ഈ കാര്യങ്ങൾ അന്വേഷിച്ചുകൊണ്ടിരിക്കുകയും ഇതിനാവശ്യമായ ഫണ്ട് നൽകുകയും സംസ്ഥാന വിഹിതം മാറ്റിവയ്ക്കുകയുമൊക്കെ ചെയ്തിട്ടുണ്ട്. ഇപ്പോൾ കേരളത്തിൽ 41,546 കോടി രൂപയുടെ ഭരണാനുമതി ജലജീവൻ മിഷനുമായി ബന്ധപ്പെട്ട ഓൺ ഗോയിംഗ് പ്രോജക്ടുകൾക്ക് നൽകിയിട്ടുണ്ട്; അതെല്ലാം നടന്നുവരികയാണ്. സ്ഥലം എടുക്കുന്നതിന് നിലവിലുള്ള ഫെയർ വാല്യൂ അനുസരിച്ച് നോക്കുമ്പോൾ ചില ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. അങ്ങനെയുള്ള ചെറിയ തടസ്സങ്ങളാണ് പറഞ്ഞത്. 30 ശതമാനമാണ് നമുക്ക് ഇപ്പോൾ കൊടുക്കാൻ കഴിയുന്നത്. അത് വർദ്ധിപ്പിക്കാൻ കഴിയുമോയെന്ന് ഇവിടെ ചോദിക്കുകയുണ്ടായി. അതുസംബന്ധിച്ച് ആലോചിക്കേണ്ടതായി വരും. അതോടൊപ്പം ഇതര ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളുടെ സ്ഥലം എടുക്കുന്നതിന് തടസ്സമുണ്ടോ എന്ന ചോദ്യം വന്നു. അതിന് തടസ്സമുണ്ടാകേണ്ട യാതൊരു കാര്യവുമില്ല. സേവന വകുപ്പ് അല്ലെങ്കിൽപ്പോലും വാട്ടർ അതോറിറ്റി ഡിപ്പാർട്ടുമെന്റല്ലെങ്കിൽപ്പോലും

ജലജീവൻ മിഷന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി ഇത്തരം കാര്യങ്ങൾ ചെയ്യാനുള്ള അവകാശവും ചുമതലയും ഡിസ്ട്രിക്ട് കളക്ടർമാർക്ക് ഗവൺമെന്റ് നൽകിയിട്ടുണ്ട്. അതെല്ലാം അതാത് എം.എൽ.എ.-മാർ അതാത് ജില്ലകളിൽ വളരെ ഭംഗിയായി നോക്കി മുന്നോട്ടുകൊണ്ടുപോകണമെന്നുമാത്രമാണ് എനിക്ക് അതുസംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്. അങ്ങനെ ജലസേചനവകുപ്പിന്റെ കാര്യങ്ങളിൽ പ്രത്യേകിച്ച് നബാർഡിൽ നടക്കുന്ന പദ്ധതികളിൽ ഉൾപ്പെടുത്തി ധാരാളം കാര്യങ്ങൾ... ഞാൻ അതിലേയ്ക്കൊന്നും കടന്നുപോകാൻ ആഗ്രഹിക്കുന്നില്ല. നമുക്ക് ഇവിടെ പറഞ്ഞ ഒട്ടേറെ കാര്യങ്ങൾക്ക് മറുപടി പറയേണ്ടതായില്ല, കാരണം ഞാൻ ഇവിടെ പറഞ്ഞ കാര്യങ്ങളിൽ അതെല്ലാം വന്നിട്ടുണ്ട്.

കുടിവെള്ള പരിശോധനയുടെ കാര്യം ഏറ്റവും നല്ലനിലയിൽ കൊണ്ടുപോകണമെന്നുതന്നെയാണ് ആഗ്രഹിക്കുന്നത്. നമുക്ക് എൻ.എ.ബി.എൽ. അക്രെഡിറ്റേഷനുള്ള ലാബുകൾ, സ്റ്റേറ്റ് ലെവലിൽ ഒരു ലാബും 14 ജില്ലകളിലും ഓരോ ലാബ് വീതവും 70 സബ് ഡിസ്ട്രിക്ട് ലാബുകളുമായി ആകെ 85 ലാബുകളുണ്ട്. അതുകൊണ്ട് നമുക്ക്

നല്ലനിലയിൽതന്നെ പരിശോധന നടത്താൻ കഴിയും. സംസ്ഥാന സ്കൂളുകളിൽ എത്തുന്ന കുട്ടികൾക്ക് പാകപ്പെടുത്തുന്ന ഉച്ചഭക്ഷണത്തിനുവേണ്ടി ആവശ്യം വരുന്ന വെള്ളം ഗവൺമെന്റ് എയ്ഡഡ് സ്കൂളുകൾക്ക് മുൻഗണന നൽകികൊണ്ട് പരിശോധന നടത്താനാണ് നമ്മൾ ആഗ്രഹിക്കുന്നത്. ഇക്കാര്യം ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം സംസാരിച്ചപ്പോൾ പറഞ്ഞു.

അതോടൊപ്പംതന്നെ വാട്ടർ അതോറിറ്റിയെപ്പോലെതന്നെ പഴയ കനാലുകളെ സംബന്ധിച്ചും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പഴയ കനാലുകൾ കുറ്റ്യാടി പദ്ധതിപോലെയാണെന്ന് ഇവിടെ ഒരു എം.എൽ.എ. സൂചിപ്പിച്ചു. 150 കോടി രൂപയുടെ കുറ്റ്യാടി ജലസേചന പദ്ധതി ഇതുമായി ബന്ധപ്പെട്ട് പുനർനിർമ്മിക്കേണ്ടതായിട്ടുണ്ട്. അതിനുള്ള ടെണ്ടറുകൾ നടക്കുന്നതിനുമുൻപ് എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അത് ഘട്ടംഘട്ടമായി നമുക്ക് ചെയ്യാൻ സാധിക്കും. കേരളത്തിലെ അങ്ങനെയുള്ള വിഷയങ്ങൾ പൊതുവിൽ പരിഹരിക്കണമെന്നുതന്നെയാണ് ആഗ്രഹിക്കുന്നത്. റോഡ് മുറിക്കുന്നതുമായി ബന്ധപ്പെട്ടുള്ള വിഷയം പറയുകയുണ്ടായി. കുടിവെള്ളത്തിന്റെ കാര്യവും അതുപോലെതന്നെ

റോഡുകളുടെ കാര്യവും ഒരുപോലെ കാണേണ്ടതാണ്. ഇവിടെ പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ നല്ല സമീപനം സ്വീകരിച്ച്..... നിങ്ങൾ എത്ര പ്രാവശ്യം സംസാരിക്കുമ്പോഴും ഇങ്ങനെയാണോ കേരളത്തിലുണ്ടാകേണ്ടിയിരുന്നത്; ഇങ്ങനെ വകുപ്പുകൾ തമ്മിലുള്ള യോജിപ്പുണ്ടായിട്ടുണ്ടോ? ഇവിടെ റോഡുകൾ മുറിക്കേണ്ടിവരുമ്പോൾ വിഷമമുണ്ടാകും. പക്ഷെ, നിർമ്മിക്കാൻ പോകുന്ന റോഡുകൾക്ക് നാളെകളിൽ ഈ അപകടം ഉണ്ടാകാതിരിക്കാൻ സൂക്ഷ്മമായ നിരീക്ഷണമുണ്ടാകണം. പണി കഴിഞ്ഞ റോഡുകളെ സംബന്ധിച്ചിടത്തോളം അത് റെസ്റ്റോർ ചെയ്യാനുള്ള ക്രമീകരണം ഏർപ്പെടുത്തിക്കൊണ്ടുതന്നെ സമയബന്ധിതമായി പൂർത്തീകരിക്കും. മൂന്ന്, പഞ്ചായത്തുതലത്തിലേയ്ക്ക് പോകുമ്പോൾ അതിലുംവലിയ ബുദ്ധിമുട്ടുകളുണ്ടാകും. ആ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ലാസ്റ്റ് എസ്.എൽ.എസ്.സി. മുതൽ കൊടുത്തിരിക്കുന്ന ഉത്തരവുകൾക്ക് റോഡ് റെസ്റ്റോർ ചെയ്യുന്നതിനുവേണ്ടിയുള്ള ഫണ്ട് കൂടി ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആ നിലയിൽ ഈ പദ്ധതി കൊണ്ടുവരാൻ കഴിയും. കുട്ടനാട്ടിൽ കുടിവെള്ളം എത്തണ്ടേ; അവിടെ എല്ലാക്കാലത്തും വെള്ളമുണ്ട്. പക്ഷെ

കുടിവെള്ളത്തിനുപയോഗിക്കാൻ നല്ല വെള്ളമില്ല. 300 കോടി രൂപയുടെ പദ്ധതിക്കാവശ്യമായ ഭരണാനുമതി കൊടുക്കുക മാത്രമല്ല, അവിടെ ലഭ്യമാകേണ്ട ട്രീറ്റ്മെന്റ് പ്ലാന്റ്, ഓവർ ഹെഡ് ടാങ്കുകൾ, എന്നിവയിൽ വരുന്ന തർക്കങ്ങളെല്ലാം പരിഹരിച്ച് വർക്ക് ടെണ്ടറാകാൻ പോകുകയാണ്. ഇത്രയും കാലമായിട്ടും കൊടുക്കാൻ കഴിഞ്ഞിട്ടില്ല. അപ്പോൾ നമുക്ക് സമഗ്രമായി ഇത്തരം കാര്യങ്ങളെ ഒരുമിച്ച് കാണേണ്ടതായിട്ടുണ്ട്. ഞാൻ ഇവിടെ പറഞ്ഞു, എൽ.എൽ.എ.-മാർ ഓരോരുത്തർക്കായി മറുപടി പറഞ്ഞ് പോകാനുള്ള സാഹചര്യമില്ല. അങ്ങനെയൊരു വിമർശനമോ അത്തരത്തിലുള്ള ഒരു ക്രിയാത്മക നിർദ്ദേശങ്ങളോ മാത്രമാണ് ഉയർന്നുവന്നിട്ടുള്ളത്. അത് ശ്രീ. ടി. ജെ. വിനോദും ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ എം.എൽ.എ.-യും സൂചിപ്പിച്ചത്, കൊച്ചിയിലെ വിഷയവും വൈപ്പിനിലെ വിഷയവുമാണ്. അവർ ഉന്നയിച്ചത് രണ്ട് പ്രധാനപ്പെട്ട കാര്യങ്ങളാണ്. തൃക്കാക്കര അംഗം ശ്രീമതി ഉമാ തോമസ് ഇവിടെ സൂചിപ്പിച്ചതും ഞാൻ ശ്രദ്ധിച്ചു. ഏറ്റവും കൂടുതൽ ഫ്ലാറ്റ് സമുച്ചയമുള്ളതും ഭാവിയിൽ ജനസാന്ദ്രത കൂടുതൽ വർദ്ധിക്കാൻ സാദ്ധ്യതയുള്ളതുമായ ഒരു പ്രദേശമാണത്. അവിടെ ആവശ്യമായ കുടിവെള്ളം എത്തിക്കണമെങ്കിൽ

ജനസംഖ്യാടിസ്ഥാനത്തിൽ കണ്ടെത്തേണ്ട ജലലഭ്യതയും നടപടിയും പുരോഗമിക്കേണ്ടതായിട്ടുണ്ട്. ഞാൻ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. അമൃത് പദ്ധതിയുൾപ്പെടെ ഉപയോഗിക്കാവുന്ന എല്ലാ പദ്ധതികളെക്കുറിച്ചും ചിന്തിക്കും. പ്രത്യേകമായി വൈപ്പിൻ ഉൾപ്പെടെയുള്ള പ്രദേശങ്ങൾക്ക് സുരക്ഷ ഉറപ്പുവരുത്താനുള്ള നടപടികളിലേയ്ക്ക് പോകും. എന്നുമാത്രമെ ഞാൻ അത്തരം കാര്യങ്ങളിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നുള്ളൂ. പിന്നീട് പഞ്ചായത്ത് ഷെയർ വരുമ്പോഴാണ് പല എം.എൽ.എ.-മാരും സൂചിപ്പിച്ചത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: .....പ്ലീസ്...... പ്ലീസ്.....

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: അതിലൊരു കാര്യം മാത്രമെ എടുക്കാൻ കഴിയൂ. ഏതൊരു പദ്ധതിയും നടപ്പിലാക്കാൻ എല്ലാവരുടെയും സഹകരണം വേണം. ഈ പഞ്ചായത്തുകൾക്ക് വരുംവർഷങ്ങളിൽ അടിസ്ഥാനസൗകര്യവുമായി ബന്ധപ്പെട്ടുവരുന്ന ഇത്തരം ഫണ്ടുകൾ ഇതിലേയ്ക്ക് കൊടുത്താൽ എന്താണ് കുഴപ്പം; വരുംവർഷങ്ങളിൽ അത് ഉപയോഗിക്കേണ്ടതായി വരുമോ? അങ്ങനെയുള്ള സോഴ്സുകൾ നമുക്ക് പ്രയോജനപ്പെടുത്തണം.

ശ്രീമതി സി. കെ. ആശ: സർ, അമൃത് പദ്ധതി നടപ്പിലാക്കുമ്പോൾ വൈക്കത്ത് 1956-ൽ പണിത ഒരു ഓവർ ഹെഡ് ടാങ്കാണുള്ളത്. അവിടെ റോ വാട്ടർ കൊണ്ടുവന്ന് ട്രീറ്റ് ചെയ്യുന്നത് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ചെയ്യുന്നതിനാവശ്യമായ ഭൂമിയുമുണ്ട്. നിലവിൽ അമൃത് പദ്ധതിയിലൂടെ അനുവദിച്ചിരിക്കുന്നത്, കേവലം സർവ്വീസ് ലൈനുകൾ മാറ്റുന്നതിനുവേണ്ടി മാത്രമുള്ള പണമാണ്. അത്തരത്തിലൊരു പ്രവർത്തനം ചെയ്താൽ നമ്മൾ ആഗ്രഹിക്കുന്നതരത്തിലുള്ള ഒരു മാറ്റം കുടിവെള്ളത്തിന്റെ കാര്യത്തിൽ വൈക്കത്ത് ഉണ്ടാകില്ലായെന്നുള്ളത് ഞാൻ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. പി. എസ്. സുപാൽ: സർ, (.......... മൈക്ക് ഓഫ്......)

ശ്രീ. റോഷി അഗസ്റ്റിൻ: സർ, രണ്ടുപേരുടെയും മുനിസിപ്പാലിറ്റിയിലെ വിഷയം എനിക്കറിയാം. അമൃത് പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ നമ്മൾ ഉദ്ദേശിച്ചത്ര തുക ലഭിച്ചില്ലെന്നതാണ് പ്രധാന പ്രശ്നം. അമൃത് പദ്ധതിയിലൂടെ അർബൻ മേഖലയിൽ പൂർണ്ണമായും കുടിവെള്ളം എത്തിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. ഫണ്ടിന്റെ ഷോർട്ടേജ് വന്നിട്ടുണ്ട്. അമൃത് പദ്ധതിയിൽ ഇരുപത്തിയഞ്ച് ലക്ഷം കണക്ഷനാണ് കേരളത്തിനുള്ളത്. അതിൽ

പതിമൂന്ന് ലക്ഷം കണക്ഷൻ നൽകാൻ ബാക്കിയുണ്ട്. ഇപ്പോൾ ലഭ്യമായ ഫണ്ടനുസരിച്ച് നാലര ലക്ഷത്തോളം കണക്ഷൻ മാത്രമേ നൽകാൻ സാധിക്കുകയുള്ളൂ. അങ്ങനെയൊരു പ്രതിസന്ധിയുണ്ട്. ആ പ്രതിസന്ധിയെ അതിജീവിക്കുന്ന സർക്കാരാണ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ. അതെങ്ങനെ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് ഞങ്ങൾ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. വൈക്കത്ത് വെള്ളം വരികയില്ലെന്ന് കരുതി വിഷമിക്കേണ്ട കാര്യമില്ല. അങ്ങനെ വരുന്ന തടസ്സങ്ങൾ നീക്കി മുന്നോട്ടുപോകുകയെന്ന നിലപാടാണ് സർക്കാരിനുള്ളത്.

പഞ്ചായത്തുകൾക്ക് നൽകുന്ന വിഹിതത്തെക്കുറിച്ച് ആശങ്കയൊന്നും വേണ്ട. നല്ല സാമ്പത്തിക സ്ഥിതിയുള്ള പഞ്ചായത്തുകൾ പത്തോ പതിനഞ്ചോ ശതമാനം തുക ഇതിനായി മാറ്റിവച്ചാൽ എന്താണ് കുഴപ്പം; അവർ ഭാവിയിൽ എന്നെങ്കിലും ഇതിനുവേണ്ടി പോകേണ്ട കാര്യമുണ്ടോ; നമ്മുടെ ഗവൺമെന്റ് ഇക്കാര്യങ്ങൾ ഇച്ഛാശക്തിയോടുകൂടി കാണുമ്പോൾ അതിനോട് സഹകരിക്കണം. ഫെയർ വാല്യുവിന്റെയും സ്ഥലമേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട കാര്യം പറഞ്ഞു. ഒരു എം.എൽ.എ. വിചാരിച്ചാൽ ആ പ്രദേശത്ത് ഒന്നോ രണ്ടോ സ്ഥലം ഏറ്റെടുക്കാൻ

സാധിക്കുകയില്ലേ; ഒരിക്കലും സംഭവിക്കാതിരിക്കില്ല. ഇത്തരം ചെറിയ കാരണങ്ങൾകൊണ്ട് പദ്ധതി മുടങ്ങിയാൽ അതിന്റെ ഉത്തരവാദിത്വം ഞാനുൾപ്പെടെ നമ്മളോരോരുത്തർക്കുമായിരിക്കും. നമുക്കതിനോട് കടപ്പാടുണ്ട്, നമ്മൾ അത് ചെയ്തേ മതിയാകൂ. ഇത്രയധികം വിഹിതം എവിടെ നിന്നും ലഭിക്കും; പഞ്ചായത്തുകൾക്ക് പ്ലാൻ ഫണ്ടും ഓൺ ഫണ്ടുമുണ്ട്. തീരെ നിർവ്വാഹമില്ലാത്ത പഞ്ചായത്തുകളുടെ കൃത്യമായ കണക്ക് ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററുടെ കൈവശമുണ്ട്. അതുനോക്കി നമുക്ക് കാര്യങ്ങൾ നിശ്ചയിക്കാം. പക്ഷെ പദ്ധതി നടപ്പിലാക്കുന്ന കാര്യത്തിൽ ഒരിക്കലും വീഴ്ചവരുത്തുന്ന സാഹചര്യമുണ്ടാകരുത്. അതിനെല്ലാവരും സഹകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഗ്രൗണ്ട് വാട്ടർ, ജലനിധി ഉൾപ്പെടെയുള്ള കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. ഇക്കാര്യങ്ങളിൽ എല്ലാവരുടെയും ശ്രദ്ധാപൂർവ്വമായ മറുപടിയാണ് ലഭിച്ചത്. ശ്രീ. അനൂപ് ജേക്കബ് സംസാരിച്ചത് ഞാൻ ശ്രദ്ധിച്ചു. അദ്ദേഹം മൂവാറ്റുപുഴ ആറിന്റെ തീരസംരക്ഷണം എല്ലാം പൂർത്തീകരിച്ചില്ലെങ്കിലും 50 ശതമാനത്തോളം പൂർത്തിയായിയെന്ന്

പറഞ്ഞപ്പോൾ എനിക്ക് സന്തോഷമായി. പോസിറ്റീവായ അപ്രോച്ചായിരുന്നു. നല്ല കാര്യം.

പൈപ്പ് ലൈനുകൾ പൊട്ടുന്ന വിഷയം സൂചിപ്പിച്ചു. കേരളത്തിൽ നാൽപ്പതും അൻപതും വർഷം പഴക്കമുള്ള പൈപ്പുകൾ ഭൂമിക്കടിയിൽ കിടക്കുന്നുണ്ട്. അത് മാറ്റേണ്ടി വരും. അത് ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി പി. എ. മുഹമ്മദ് റിയാസുമായി കൂടിയാലോചിച്ച് പുതിയൊരു സ്കീം വരുന്നുണ്ടെങ്കിൽ ഇത്രയും കാലപ്പഴക്കമുള്ള പൈപ്പുകൾ കുഴപ്പമില്ലെങ്കിലും അത് മാറ്റി പുതിയ രീതിയിൽ റോഡ് നിർമ്മിക്കാനാവശ്യമായ നടപടിയിലേയ്ക്കാണ് പോകുന്നത്. ഇന്ന് ടെണ്ടർ ചെയ്തിരിക്കുന്നിടത്ത് കാണുന്ന പ്രധാനപ്പെട്ടതും പരിഹരിക്കേണ്ടതുമായ ഒരു വിഷയം പൈപ്പുകളുടെ വില വർദ്ധനവാണ്. അതിന് എന്ത് ചെയ്യാൻ സാധിക്കുമെന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. ടെണ്ടർ ചെയ്ത പ്രവൃത്തികൾ പെൻഡിംഗാകാതെ മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള ശ്രദ്ധ അക്കാര്യത്തിലുണ്ട്.

ഇതുകൂടി പറഞ്ഞ് അവസാനിപ്പിക്കുകയാണ്. വാട്ടർ അതോറിറ്റി നടത്തുന്ന അദാലത്ത്, നമുക്ക് രണ്ടായിരത്തിലധികം കോടി രൂപ

ലഭിക്കാനുണ്ട്. ഇത്രയും തുക നമുക്ക് എങ്ങനെ കണ്ടെത്താൻ സാധിക്കും. കെ.എസ്.ഇ.ബി.-ക്ക് ആയിരത്തി ഒരുന്നൂറ് കോടി രൂപയോളം നൽകാനുണ്ട്. കിട്ടാക്കടംപ്പോലെ നിൽക്കുന്ന ഈ രൂപ മാറ്റിയെടുക്കാനും ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കാനും ഗവൺമെന്റ് സ്വീകരിച്ച നടപടി എന്താണ്; ഇന്നലെ മുതൽ (17-07-2022) ആഗസ്റ്റ് 15-വരെ അദാലത്ത് കൊണ്ടുവരികയാണ്. എല്ലാ ബഹുമാനപ്പെട്ട എം.എൽ.എ.-മാരും അവരവരുടെ നിയോജകമണ്ഡലങ്ങളിൽ നേതൃത്വം കൊടുക്കണം, അതിന് ചുക്കാൻ പിടിക്കണം. കോൺസ്റ്റിറ്റ്യുവൻസി തലത്തിൽ സമയവും സാഹചര്യവുമുള്ളവർ അതിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്യണം. ഈ അദാലത്തിലൂടെ പലിശയും പിഴപ്പലിശയും കൂട്ടുപലിശയുമുൾപ്പെടെ വേണ്ടെന്ന് വയ്ക്കുകയാണ്. 20,000/- രൂപ കുടിശ്ശിക വന്നെങ്കിൽ എല്ലാം മാറുമ്പോൾ അതൊരു എണ്ണായിരം ഒൻപതിനായിരം രൂപയുടെ താഴെ മാത്രമേ വരികയുള്ളൂ. ഈയൊരു മാസംകൊണ്ട് പൂർണ്ണമായും പ്രയോജനപ്പെടുത്തി ആളുകൾക്ക് ആശ്വാസം നൽകാനുള്ള നടപടിയിൽ എല്ലാവരും പങ്കുചേരണം.

കുടിവെള്ളത്തിന്റെ കാര്യത്തിൽ വേറെ എന്താണ് പ്രശ്നം, നമ്മൾ ഏതാണ്ട് ഇരുപത്തിരണ്ട് രൂപ ചെലവഴിച്ചാണ് ഒരു കിലോലിറ്റർ വാട്ടർ ട്രീറ്റ് ചെയ്തെടുക്കുന്നുണ്ട്. നമ്മൾ ഇപ്പോൾ 11 രൂപ നഷ്ടത്തിലാണ് വെള്ളം നൽകുന്നത്. ഇതാണല്ലോ ഇന്നത്തെ സ്ഥിതി; അത് എല്ലാവരും മനസ്സിലാക്കേണ്ടതല്ലേ; അതിനോടൊക്കെ സഹകരിക്കാൻ കഴിയുന്നൊരു മാനസികാവസ്ഥയുണ്ടാകണം. ഒരു ലിറ്ററിന് ഒരു പൈസയോ അര പൈസയോ കൂട്ടിയതുകൊണ്ട് പ്രശ്നമില്ല. അതൊക്കെ സാധാരണയായി കണ്ടില്ലെങ്കിൽ ശുദ്ധജല വിതരണ രംഗത്തുണ്ടായേക്കാവുന്ന വിഷയങ്ങൾ നേരിടാൻ എല്ലാവരും തയ്യാറാകേണ്ടിവരും. അത്തരം കാര്യങ്ങളിലെല്ലാം നിങ്ങളുടെ സഹകരണമുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. വി. ജോയി: സർ, ഇത്തരം ആവശ്യങ്ങൾക്ക് റവന്യൂ ലാൻഡ് കാണിച്ചുകൊടുത്താൽ അതുപയോഗിക്കാൻ സാധിക്കുന്നൊരു തീരുമാനമുണ്ടാക്കാൻ സാധിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, സ്ഥലം കാണിച്ചുകൊടുത്താൽ അത് ഉപയോഗിക്കുന്നതിന് എന്താണ് ബുദ്ധിമുട്ട്; അത് നിങ്ങൾ ആലോചിച്ചാൽ മതി. ഇതുമായി ബന്ധപ്പെട്ട് കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ

വകുപ്പുകളും കൂടിയാലോചിച്ചിട്ടാണ് ഇക്കാര്യങ്ങളൊക്കെ നടപ്പിലാക്കുന്നത്. ഇത് ഇറിഗേഷൻ വകുപ്പിന്റെയോ വാട്ടർ അതോറിറ്റിയുടെയോ മാത്രം സ്കീമല്ല. സംസ്ഥാന ഗവൺമെന്റിന്റെ പദ്ധതിയാണിത്. ഇക്കാര്യത്തിൽ എല്ലാ വകുപ്പുകളുടെയും സഹകരണം ഉറപ്പുവരുത്തണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീമതി ശാന്തകുമാരി കെ.: സർ, മലമ്പുഴ, കോങ്ങാട് മണ്ഡലങ്ങളെ കേന്ദ്രീകരിക്കുന്ന എൻ.എച്ച്. 966-ൽ പന്ത്രണ്ട് കി.മീ. ദൂരം നാഷണൽ ഹൈവേ പൈപ്പ് ലൈൻ ഇടാൻ സമ്മിതിക്കുന്നില്ല. ആ പർട്ടിക്കുലർ പ്രദേശത്ത് പണി കഴിഞ്ഞുവെന്നാണ് കാരണമായി അവർ പറയുന്നത്. അതിന്റെ ഭാഗമായി ഈ രണ്ട് മണ്ഡലങ്ങളിലും കണക്ട് ചെയ്യുന്ന, കരിമ്പ, കോങ്ങാട് പഞ്ചായത്തിൽ ക്രോസ് ചെയ്ത്ത് സ്ഥലങ്ങൾ അനുവദിക്കുന്നില്ല. ഇക്കാര്യങ്ങളിൽ പി.ഡബ്ല്യു.ഡി.-യും വാട്ടർ അതോറിറ്റിയും ഇടപെട്ട് പരിഹാരം കാണണം.

ശ്രീ. റോഷി അഗസ്റ്റിൻ: അത് സംബന്ധിച്ച് പരിശോധിക്കാം. അത്തരം കാര്യങ്ങളിൽ ചില പ്രശ്നങ്ങൾ എൻ.എച്ച്.-ൽ ഉണ്ട്. എൻ.എച്ച്.എ.ഐ.-യിൽ അത്രത്തോളം പ്രശ്നമില്ല. അത് ഗൗരവമായി

കാണുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ അത്തരം കാര്യങ്ങൾ കൊണ്ടുവരാൻ ശ്രമിക്കുന്നുണ്ട്.

ശ്രീ. പ്രമോദ് നാരായൺ: സർ, ശബരിമലയിലെ തീർത്ഥാടകർക്ക് കുടിവെള്ളമെത്തിക്കുന്ന, റാന്നി-കോന്നി മണ്ഡലങ്ങളിലെ ആളുകൾക്ക് ഉപയോഗപ്രദമാക്കുന്നരീതിയിൽ ഇപ്പോൾ വന്നിട്ടുള്ള നിയമപരമായ തടസ്സങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ഇങ്ങനെ വഴങ്ങിക്കൊടുത്താൽ സമയം വൈകും. അങ്ങ് ഇതുംകൂടി പറഞ്ഞ് അവസാനിപ്പിക്കണം.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, അവിടെ കോൺട്രാക്ടർ പ്രവൃത്തി നടത്താതെ വലിയ വിഷയമായി. കഴിഞ്ഞ പ്രാവശ്യം ബഹുമാനപ്പെട്ട മന്ത്രിയും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ഉൾപ്പെടെ രണ്ട് മീറ്റിംഗ് വിളിച്ചുകൂട്ടിയതാണ്. പ്രസ്തുത കോൺട്രാക്ടറെ ടെർമിനേറ്റ് ചെയ്തു. അവിടെ ഇപ്രാവശ്യം ഏറെ താമസിയാതെ പത്തോ പന്ത്രണ്ടോ ദിവസത്തിനകം റീടെണ്ടർ നടത്തും. അടുത്ത ശബരിമല മണ്ഡലക്കാലത്തിനുമുമ്പ് യുദ്ധകാലാടിസ്ഥാനത്തിൽ ഇക്കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാനാവശ്യമായ നടപടിയാണ് സ്വീകരിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാമെന്ന് പറഞ്ഞിട്ട് വീണ്ടും വീണ്ടും നീട്ടിക്കൊണ്ടുപോകുകയാണ്. അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. റോഷി അഗസ്റ്റിൻ: ഇത്തരം കാര്യങ്ങളിൽ ആശങ്കകൾക്ക് ആവശ്യമില്ല. അത് മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും. വെള്ളത്തിന്റെ തുക കൂടുന്നുവെന്നുള്ള പ്രശ്നമാണ് വരുന്നത്. അതിന് നമ്മൾ മീറ്റർ റീഡിംഗുമായി ബന്ധപ്പെട്ട് ടോപ്പ് അപ്പ് സംവിധാനം കൊണ്ടുവരാൻ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. 500 രൂപ അടച്ചാൽ 500 രൂപയുടെ ജലം ലഭിക്കും. അപ്പോൾ ആർക്കും ജലനഷ്ടമോ ചോർച്ചയോ ഉണ്ടാകുകയില്ല. ആ രീതിയിൽ പുതിയൊരു സ്മാർട്ട് സംവിധാനം കൊണ്ടുവരാൻ സാധിക്കുമോയെന്ന കാര്യംകൂടി പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്ത് നടക്കുന്ന ഇത്തരം വിഷയങ്ങളോട് ചേർന്നുനിന്ന് പ്രവർത്തിക്കുന്ന എല്ലാവരോടും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. ഇവിടെ ബഹുമാനപ്പെട്ട എം.എൽ.എ.-മാർ പറഞ്ഞ പല കാര്യങ്ങളും വളരെ ഗൗരവത്തോടുകൂടിയാണ് കാണുന്നത്. അതിൽ പല കാര്യങ്ങളും പ്രത്യേകിച്ച് കാസർഗോഡ് ജില്ലയിൽ പന്ത്രണ്ടിലധികം നദികളുണ്ട്.

അവിടെ ഒരു കുടിവെള്ള പദ്ധതിപോലുമില്ലെന്ന് സൂചിപ്പിച്ചു. ഞാൻ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുമായി ആലോചിച്ചു. നല്ല സോഴ്സോ പദ്ധതിയോ ഉണ്ടെങ്കിൽ നമുക്ക് എന്താണ് ചെയ്യാൻ സാധിക്കുമെന്നതിനെക്കുറിച്ച് ആലോചിക്കാം. ഇവിടെ പറഞ്ഞ എല്ലാ കാര്യങ്ങൾക്കും ഡിപ്പാർട്ടുമെന്റിന്റെ എല്ലാ തലത്തിലുമുള്ള നല്ല ഇടപെടലുണ്ടാകും. ഞാൻ മറുപടി പറഞ്ഞതും പറയാത്തതുമായ എല്ലാ വിഷയങ്ങളിലും എല്ലാ ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ ആവശ്യത്തിലും ജലവിഭവ വകുപ്പിൽ സാധ്യമായതെല്ലാം സമയബന്ധിതമായി ചെയ്യും. ജലജീവൻ മിഷൻ സാധ്യമാക്കാൻ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു. ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

<u>ശ്രീ. എം. നൗഷാദ്</u>: സർ, പ്രതിപക്ഷത്ത് പല സീറ്റുകളിലും ബഹുമാനപ്പെട്ട അംഗങ്ങൾക്കുപകരം പ്ലക്കാർഡുകൾ മാത്രമാണുള്ളത്. ഇത് എവിടത്തെ കീഴ്വഴക്കമാണ്?

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: സീറ്റുകളിൽ നിന്നും പ്ലക്കാർഡുകൾ മാറ്റണമെന്ന് നേരത്തെ നിർദ്ദേശം നൽകിയിരുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കാർഷിക മേഖലയിൽ കഴിഞ്ഞ സർക്കാർ നടപ്പാക്കിയ പദ്ധതികളുടെ തുടർച്ചയായി ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഈ രണ്ടാം പിണറായി സർക്കാരും പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുള്ള അവസരം ലഭ്യമായിട്ടുള്ളതിനെ ഈയൊരു വർഷക്കാലംകൊണ്ട് അവ ഉപയോഗിക്കുകയും അടുത്ത നാല് വർഷക്കാലത്തെ പ്രവർത്തനത്തിന് അടിത്തറയിടാൻ സാധ്യമാകുകയും ചെയ്തുവെന്ന വലിയൊരു നേട്ടവുമുണ്ടായിട്ടുണ്ടെന്ന അഭിമാനബോധത്തോടുകൂടിയാണ് ഞാൻ ഇവിടെ നടന്ന ഈ ചർച്ചകളുമായി ബന്ധപ്പെട്ട വിശദീകരണത്തിന് മുതിരുന്നത്. ഭക്ഷ്യവിളകളുടെ ഉത്പാദനത്തിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഗണ്യമായ വർദ്ധനവാണ് രേഖപ്പെടുത്തിയത്. കേരളത്തിലുണ്ടായ ആ നേട്ടം അതുപോലെ നിലനിർത്തുകയും ഭക്ഷ്യോത്പാദനത്തിൽ കൂടുതൽ വർദ്ധനവുണ്ടാക്കിയെടുക്കുകയും സംഭരണ-വിതരണ-വിപണന മേഖലകളിൽ കാര്യക്ഷമമായി ഇടപെടുകയും ചെയ്യുന്നതിനാണ് ഈ സർക്കാർ ഇപ്പോൾ ഏറ്റവും ഗൗരവതരമായ ശ്രദ്ധ പുലർത്തിക്കൊണ്ടിരിക്കുന്നത്. 2026-ൽ കേരളത്തിന്റെ കാർഷികമേഖല എങ്ങനെയായിരിക്കണം

എന്നതിനെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടോടെ പതിനാലാം പഞ്ചവത്സര പദ്ധതിയെ ഫലപ്രദമായി ഉപയോഗിച്ച് കേരളത്തെ ഭക്ഷ്യസ്വയംപര്യാപ്തതയിലും ഭക്ഷ്യസുരക്ഷയിലും കാർഷിക വരുമാന വർദ്ധനവിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും ഇന്ത്യയ്ക്ക് മാതൃകയാക്കി മാറ്റുകയെന്നൊരു ഉദ്ദേശ്യത്തോടുകൂടിയാണ് കൃഷി വകുപ്പ് അതിന്റെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്. വിഷൻ 2026 ഇതിനായി രൂപകൽപ്പന ചെയ്തിട്ടുണ്ടെന്നുകൂടി അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ഭക്ഷ്യസ്വയംപര്യാപ്തത, ഭക്ഷ്യസുരക്ഷ, വരുമാന വർദ്ധനവ്, തൊഴിലവസരങ്ങൾ എന്നിവ ഉറപ്പാക്കി പാരിസ്ഥിതിക മേഖലയെ ആധാരമാക്കി നൂതന കൃഷിരീതികളും ആധുനിക സാങ്കേതിക വിദ്യകളും പരമ്പരാഗത കൃഷി വിജ്ഞാനവും ലഭ്യമാകുന്ന സാമ്പത്തിക സ്രോതസുകളും ഫലപ്രദമായി സംയോജിപ്പിച്ച് പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളും കാർഷിക സേവനങ്ങളും ത്വരിതപ്പെടുത്തി പ്രാദേശിക സാമ്പത്തിക വികസനം ജനകീയ പങ്കാളിത്തത്തോടുകൂടി ഉറപ്പാക്കി സുസ്ഥിരവും കാലാവസ്ഥയ്ക്കനുകൂലവുമായ ഒരു കാർഷിക മേഖല സൃഷ്ടിക്കുകയെന്നതാണ് ആ വിഷന്റെ ഏറ്റവും പരമപ്രധാനമായ ലക്ഷ്യമായി ഞങ്ങൾ

കണക്കാക്കുന്നത്. പ്രകൃതി കനിഞ്ഞ് അനുഗ്രഹിച്ച് നൽകിയിട്ടുള്ള കൃഷി ഭൂമിയും കാലാവസ്ഥയും ജലലഭ്യതയുമെല്ലാമുണ്ടായിട്ടും നമ്മുടെ കാർഷിക മേഖലയ്ക്ക് ഒരു പിന്നോട്ട് പോക്കുണ്ട്. എന്തുകൊണ്ടാണ് അങ്ങനെയൊരു പിന്നോട്ട് പോക്കുവരുന്നത്; അത് നമ്മളെല്ലാം രൂപപ്പെട്ട് വന്ന ഒരു മാനസികാവസ്ഥയുടെകൂടി, നമ്മുടെ കൃഷി നമ്മുടെ മനസിൽനിന്ന് മാഞ്ഞ് പോയിക്കൊണ്ടിരിക്കുന്ന ഒന്നായി മാറിയതിന്റെ ഫലമായിട്ടുണ്ടായതാണ്. എല്ലാം വാങ്ങിച്ചാൽ മാത്രം മതിയെന്നും വാങ്ങിക്കാനുള്ള കഴിവുണ്ടാകുകയെന്നതാണ് ഏറ്റവും പരമപ്രധാനമെന്നതും മനസിൽ വന്നുകയറിപ്പോയതാണ് മലയാളിയെ സംബന്ധിച്ച് ഏറ്റവും വലിയ ദുരന്തമായി മാറിയത്. ആഗോളവൽക്കരണത്തിന്റെ കാലമായപ്പോൾ അത് വളരെ ശക്തമായി വന്നുകയറി. നമ്മൾ എല്ലാം ഇന്ന് എന്തെങ്കിലും വാങ്ങിക്കാനുള്ള കരുത്തില്ല എങ്കിൽ മോശക്കാരായി മാറുന്ന അവസ്ഥയിലേയ്ക്കെത്തി. വാങ്ങൽ ശക്തി എന്നുപറയുന്നത് പണമുണ്ടാക്കുക, പണം സംഭരിക്കുക, പണം ഏറ്റവും കൂടുതലായി സംഭരിച്ചുവയ്ക്കുക എന്നത് ഏറ്റവും പ്രധാനമാണ് എന്നതിലേയ്ക്ക് നമ്മളെ കൊണ്ടെത്തിച്ചു. അതിന്റെ ഫലമായി മണ്ണിനോടും കൃഷിയോടും

ആഭിമുഖ്യമില്ലാത്ത ഒരു രീതി കടന്നുവരുന്നതിലേയ്ക്കെല്ലാം അത് എത്തി. സുരക്ഷിതമായ ഭക്ഷണം എന്നതിന്റെ ഗൗരവത്തെ ഉൾക്കൊള്ളാത്ത ഏകജീവി മനുഷ്യനാണ് എന്നുപറയുന്നതിൽ അതിശയോക്തി ഒന്നുമില്ല. നമ്മൾ കഴിക്കുന്ന ഭക്ഷണത്തിനകത്ത് നമ്മൾ സ്വീകരിക്കുന്ന ഒരേയൊരു കാര്യം നാവിന്റെ രുചിക്ക് കീഴ്പെട്ട് മുമ്പോട്ട് പോകുക എന്നത് മാത്രമാണ്. അത് നമ്മളെ എങ്ങോട്ടേക്കാണ് എത്തിച്ചതെന്ന് പലവുരു ഈ സഭയിലെ ചർച്ചകളിൽപ്പോലും ഉയർന്നുവന്നുവെന്നുള്ളതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. മാരകമായ രോഗങ്ങളുടെ തടവറയിലേയ്ക്ക് മലയാളി അതിവേഗം ഓടിക്കയറുകയാണ്. കിഡ്നി, കരൾ രോഗികളുടെ എണ്ണം കൂടുന്നു. കാൻസർ ബാധിതരുടെ എണ്ണം കൂടുന്നു. 20 ശതമാനം പേർക്കാണ് കേരളത്തിൽ പുകയിലകൊണ്ട് കാൻസർ രോഗമുണ്ടാകുന്നതെങ്കിൽ 35 മുതൽ 40 ശതമാനം വരെ മലയാളികളുടെ കാൻസറിന്റെ കാരണം ഭക്ഷണവും ജീവിതശൈലിയുമാണ് എന്നുപറയുന്നത് നമ്മുടെ ആർ.സി.സി. തന്നെയാണ്. എത്ര ദയനീയമായ അവസ്ഥയാണെന്ന് ആലോചിച്ചുനോക്കണം. ഒരിക്കലും ജാമ്യവും പരോളും ലഭിക്കാത്ത ഇത്തരം രോഗങ്ങളുടെ തടവറയിലേയ്ക്ക് മലയാളിയെ കൊണ്ടെത്തിക്കുന്നതിൽ

ഭക്ഷണത്തിന് ഒരു വലിയ പങ്കുണ്ട് എന്നുള്ള ഒരു തിരിച്ചറിവിന്റെ പാതയിൽ നിന്നുകൊണ്ടാണ് 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതി ഈ സർക്കാർ ഏറ്റെടുത്തത്. പദ്ധതിക്കുവേണ്ടി പദ്ധതി എന്നല്ല. ഞങ്ങളും കൃഷിയിലേയ്ക്ക് എന്നത് ഓരോ മലയാളിയുടെയും മനസ്സിലുണ്ടാകേണ്ടതാണ്. എല്ലാവരും കൃഷിയിലേയ്ക്ക് ഇറങ്ങണമെന്നല്ല ആ പദ്ധതി പറഞ്ഞത്. അതുസംബന്ധിച്ച് 19 പേജിൽ ഒരു ഗവൺമെന്റ് ഉത്തരവ് അച്ചടിച്ച് ഇറക്കിയത് എല്ലാ സഭാംഗങ്ങളുടെ കൈകളിലേയ്ക്കും എത്തിച്ചിരുന്നു. ഉത്പാദനത്തിന്റെ കാര്യത്തിൽ മാത്രമല്ല, 80 ശതമാനം കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കാനും ആലോചിച്ചതിന്റെ അടിസ്ഥാനത്തിൽ പതിനായിരം കൃഷിക്കൂട്ടങ്ങൾ രൂപം കൊള്ളുമെന്നാണ് ഞങ്ങൾ കണക്കുകൂട്ടിയത്. കഴിഞ്ഞ ദിവസം ഞങ്ങൾ കണക്കുകൂട്ടുമ്പോൾ 24500-ഓളം കൃഷിക്കൂട്ടങ്ങൾ കേരളത്തിൽ രൂപപ്പെട്ടുവന്നത് 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന ഈ പദ്ധതിയെ ജനങ്ങൾ ഏറ്റെടുത്തുവെന്നതിന്റെ തെളിവുതന്നെയാണ്. ഇവിടെ ഇരിക്കുന്ന എത്രയോ സാമാജികന്മാർ ആ പദ്ധതിയിൽ പങ്കാളികളായി. ബഹുമാനപ്പെട്ട ചെയർ തന്നെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിൽ അവിടത്തെ ഉദ്യോഗസ്ഥർ അടക്കമുള്ള ആളുകളോടൊപ്പം ചേർന്നുനിന്നുകൊണ്ട് കൃഷി

ചെയ്യുന്നതിനെക്കുറിച്ചുള്ള വാർത്തകൾ വരികയുണ്ടായി. നിരവധിയായ ദിവസങ്ങളിൽ അങ്ങ് അവിടം സന്ദർശനം നടത്തി. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ കണ്ണൂരിൽ നിലം ഉഴുന്നതിനുൾപ്പെടെ പങ്കെടുക്കുകയുണ്ടായി. ഞാൻ ഒന്നോ രണ്ടോ പേരുടെ കാര്യം മാത്രമല്ല പറയുന്നത്. ഭരണ-പ്രതിപക്ഷ വ്യത്യാസം കൂടാതെ തന്നെ എത്രയോ പേർ ഈ പരിപാടിയിൽ നേരിട്ട് പങ്കാളികളായി കൃഷിയിടങ്ങളിലേയ്ക്കിറങ്ങി. അതൊരു വലിയ സന്ദേശമാണ് നാടിന്റെ മുമ്പിലേയ്ക്ക് കൊടുത്തത്. നമ്മളെല്ലാം കൃഷിയിലേയ്ക്ക് ഇറങ്ങേണ്ടതിന്റെ ആവശ്യകതയുണ്ട് എന്ന് പറയുകയായിരുന്നു. പതിനായിരം ലക്ഷ്യം വച്ചിടത്ത് 24500 കൃഷിക്കൂട്ടങ്ങൾ ഉണ്ടായത് വെറുതെ ഉണ്ടായതല്ല. എം.എൽ.എ.-മാർ, ജനപ്രതിനിധികൾ അടക്കമുള്ളവർ എല്ലാവരുടെയും വലിയ പിന്തുണയുണ്ടായി. ഞാൻ നേരത്തേ പറഞ്ഞതുപോലെ ഭരണ-പ്രതിപക്ഷ രാഷ്ട്രീയ രീതിയിലല്ല അതിനെ കണ്ടത്. നാടിന്റെ ഒരു പൊതുവായ കാര്യം എന്ന തരത്തിലേയ്ക്ക് അതിനെ ഉൾക്കൊണ്ടുകൊണ്ട് അങ്ങനെ ചെയ്തു. അങ്ങനെ ചെയ്യാനുള്ള മനസ് കാണിച്ച ഇടങ്ങളിലെല്ലാം നന്നായി അക്കാര്യങ്ങൾ ഉയർന്നുവരുന്നുണ്ട് എന്നതും ഏറ്റവും വലിയ പ്രത്യേകതയുള്ള കാര്യമാണ്. ആബാലവൃദ്ധം

ജനങ്ങളുടെയും ഹൃദയത്തിലേയ്ക്ക് നമുക്ക് ഈയൊരു ചിന്തയെ കൊണ്ടെത്തിക്കണം. എല്ലാവരും ഉത്പാദനരംഗത്തേയ്ക്ക് മാത്രം മാറുകയെന്നല്ല. ഞങ്ങൾ കണക്കാക്കിയ 80 ശതമാനം കൃഷിക്കൂട്ടങ്ങൾ ഉത്പാദനവുമായി ബന്ധപ്പെട്ട് നിൽക്കുമ്പോൾ 20 ശതമാനം കൃഷിക്കൂട്ടങ്ങൾ സംഭരണം, സംസ്കരണം, വിപണനം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. നമ്മൾ ഇവിടെത്തന്നെ പലപ്പോഴും ചർച്ച ചെയ്തു. കൂടുതൽ ഉത്പാദനമുണ്ടാകുമ്പോൾ നമ്മുടെ മുമ്പിൽ വല്ലാത്ത പ്രതിസന്ധി ഉണ്ടാകുകയാണ്. കൂടുതൽ ഉത്പാദനമുണ്ടാകുമ്പോൾ പ്രതിസന്ധി ഉണ്ടാകാൻ പാടില്ലാത്തതാണ്. കർഷകന് പ്രയാസമുണ്ടാകാൻ പാടില്ലാത്തതാണ്. അത് സംഭരിക്കുന്നതിനും സംസ്കരിക്കുന്നതിനും വിപണനം ചെയ്യുന്നതിനും കഴിയുന്ന സംവിധാനം ഉറപ്പാക്കണം എന്നുള്ളതിന്റെ പേരിലാണ് 20 ശതമാനം കൃഷിക്കൂട്ടങ്ങളെ ആ അർത്ഥത്തിലേയ്ക്ക് ആക്കിയത്. അത് ഒന്നോ രണ്ടോ ദിവസങ്ങളിലേയ്ക്കോ മാസങ്ങളിലേയ്ക്കോ നിൽക്കുന്ന പരിപാടിയല്ല. കേരളത്തിന്റെ ആദരണീയനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ രണ്ടാം നൂറുദിന പരിപാടി അവതരിപ്പിച്ചുകൊണ്ട് പറഞ്ഞത് ഇത് തുടർച്ചയായി മുമ്പോട്ട്

പോകേണ്ട ഒരു കാര്യമാണ് എന്നാണ്. നേരത്തേ ചിലരെല്ലാം വിമർശനത്തോടെ സൂചിപ്പിച്ച ചില കാര്യങ്ങളുണ്ട്. എങ്ങനെയാണ് സുഭിക്ഷകേരളം പരിപാടി നമ്മുടെ കേരളത്തിൽ അവതരിപ്പിക്കപ്പെട്ടത്. കോവിഡിന്റെ വല്ലാത്ത പ്രതിസന്ധി, ഭക്ഷ്യധാന്യങ്ങൾ പുറത്തുനിന്ന് എത്തിക്കുന്നതിനുള്ള ബുദ്ധിമുട്ടും പ്രയാസങ്ങളുമായി വല്ലാത്ത ദുരിതത്തിലേയ്ക്ക് കേരളം പോകുമോയെന്നുള്ള ആശങ്ക മലയാളിയെ മുഴുവൻ ഭരിച്ചുകൊണ്ടിരിക്കുന്ന അവസരത്തിലാണ് വൈകുന്നേരങ്ങളിൽ വന്നിരുന്ന് കേരളത്തോട് കേരളത്തിന്റെ വിവരങ്ങളെല്ലാം പറഞ്ഞ് കേരളത്തിന് ഒരാശ്വാസ വാക്കുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കാര്യങ്ങൾ പറഞ്ഞ കൂട്ടത്തിൽ സുഭിക്ഷകേരളം എന്ന പദ്ധതി കേരളത്തിൽ അവതരിപ്പിക്കുന്നത്. കേരളത്തിലെ മുഴുവൻ ജനങ്ങളും അത് ഹൃദയംകൊണ്ടും മനസ്സുകൊണ്ടും ശരീരംകൊണ്ടും ഏറ്റെടുക്കുകയുണ്ടായി. ഞാൻ പറഞ്ഞത് കേരളത്തിലെ മുഴുവൻ ജനങ്ങളും ആ അർത്ഥത്തിൽ ഉൾകൊണ്ടുവെന്നാണ് കണക്കാക്കേണ്ടത്. ഏറെക്കുറെ എല്ലാവരും അതിനെ ഉൾക്കൊള്ളുകയായിരുന്നു. നമുക്ക് നല്ലൊരു മുന്നേറ്റം അതിന്റെയടിസ്ഥാനത്തിൽ ഉണ്ടാക്കാൻ കഴിഞ്ഞു. പച്ചക്കറിയുടെയൊക്കെ

ഉത്പാദനത്തിൽ വലിയ വർദ്ധനവ് കേരളത്തിലുണ്ടാക്കാൻ കഴിഞ്ഞു. നമ്മൾ എന്തുകൊണ്ട് ഇതിലേയ്ക്ക് എത്തണം; എന്തുകൊണ്ടാണ് എല്ലാവരുടെയും മനസ്സ് ഇതിൽ നിൽക്കേണ്ടത്; നമുക്കാവശ്യമായ ഭക്ഷണങ്ങൾ നമുക്ക് ഉൽപ്പാദിപ്പിക്കണ്ടേ; അടുത്ത നാലുവർഷംകൊണ്ട് നമുക്കാവശ്യമായ പച്ചക്കറികളും കിഴങ്ങ് വർഗ്ഗങ്ങളും പഴങ്ങളും ഉത്പാദിപ്പിച്ചെടുക്കാനുള്ള മണ്ണ് കേരളത്തിലുണ്ട്. നെല്ലിന്റെ കാര്യത്തിൽ നമുക്ക് പ്രശ്നമുണ്ട്. നമ്മൾ ഉപയോഗിക്കുന്ന അരിയുടെ 30 ശതമാനം ഉല്പാദനത്തിലേക്കെത്താൻ കഴിയുമോ എന്നാണ് നോക്കുന്നത്. ഇപ്പോൾ 19 ശതമാനത്തിന് താഴെ മാത്രമേ നമുക്ക് ഇപ്പോൾ കഴിയുന്നുള്ളൂ. എന്നാൽ പച്ചക്കറിയുടെയും പഴവർഗ്ഗങ്ങളുടെയും കിഴങ്ങുവർഗ്ഗങ്ങളുടെയും കാര്യത്തിൽ സ്വയംപര്യാപ്തതയിലെത്താൽ കേരളത്തിന് കഴിയുമെന്നിരിക്കെ നമ്മൾ ഗൗരവതരമായ ഇടപെടൽ നടത്തിയാൽ അരിയുടെ കാര്യത്തിലും സാധിക്കും. ഓരോ വിളകളുടെയും കാര്യത്തിൽ ആ വിളകളുമായി ബന്ധപ്പെട്ട മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുക, അതിന്റെ വിപണനം, അത് കേരളത്തിലും കേരളത്തിന് പുറത്തും വിപണനം നടത്താൻ കഴിയുക എന്നതെല്ലാം ആസൂത്രണം ചെയ്തുകൊണ്ടാണ് ഞങ്ങളും കൃഷിയിലേയ്ക്ക്

എന്ന പരിപാടി കേരളത്തിലെ ഗവൺമെന്റ് നടപ്പിലാക്കുന്നത്. ഈ ഗവൺമെന്റിന്റെ വിഷൻ 2026-ന്റെ ഭാഗമായി ഏറ്റവും പ്രധാനപ്പെട്ട പരിഗണന കൊടുക്കുന്നത് ഭക്ഷ്യ സ്വയംപര്യാപ്തത എന്ന കാര്യത്തിൽ തന്നെയാണ്. ഞാൻ നേരത്തേ കൃഷിക്കൂട്ടങ്ങളെക്കുറിച്ച് പറഞ്ഞു. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് വീണ്ടും ഞാൻ കടന്നുപോകുന്നില്ല. ഈ കൃഷിക്കൂട്ടങ്ങളെ ഉത്പാദനമേഖലയുടെ അടിസ്ഥാനത്തിൽ, വിളയുടെ അടിസ്ഥാനത്തിൽ, കൃഷിയിടങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള കൃഷിരീതികളിലേയ്ക്കുകൂടി കൊണ്ടുപോകേണ്ടതുണ്ട്. അതൊരു പുതിയ പരിപാടിയായി ഇന്ന് കേരളത്തിൽ കൃഷിവകുപ്പ് നടപ്പിലാക്കാൻ പോകുകയാണ്. നമ്മൾ ഇന്നുവരെ കേരളത്തിൽ ചെയ്തുകൊണ്ടിരിക്കുന്നത് വിളയെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു കൃഷിരീതിയാണ്. അത് മാറേണ്ട സമയമായിരിക്കുന്നു. വിളയെ അടിസ്ഥാനപ്പെടുത്തിയുള്ള കൃഷി എന്നതിൽ നിന്നും മാറി കൃഷിയിടത്തെ അടിസ്ഥാനപ്പെടുത്തിയുള്ള കൃഷി എന്നുള്ളതരത്തിലേയ്ക്ക് എത്തണം. പ്ലാനിംഗ് എന്നുപറഞ്ഞാൽ ഏറ്റവും താഴെത്തട്ടിൽ നിന്നും തുടങ്ങേണ്ടതാണ്. ആസൂത്രണം എന്നത് ഉയർന്ന ഒരിടത്തുനിന്നോ സെക്രട്ടേറിയറ്റിലോ ഡയറക്ടറേറ്റിലോ അല്ലെങ്കിൽ വേറെ

എവിടെയെങ്കിലും ഇരുന്നോ നടത്തേണ്ട ആസൂത്രണമല്ല. ഓരോ മണ്ണിന്റെയും ഓരോ പ്രദേശത്തിന്റെയും കാലാവസ്ഥകൂടി കണക്കിലെടുത്താണ് ഓരോ വിളകളും ആ മണ്ണിന് യോജിച്ച തരത്തിലേയ്ക്കെത്തുകയുള്ളൂ. അങ്ങനെയാണ് കേരളത്തിൽ ഒരു വിളയിടത്തെ, ഒരു കൃഷിയിടത്തെ അടിസ്ഥാനപ്പെടുത്തി ഒരു ഫാം പ്ലാൻ രൂപം കൊള്ളുന്നത്. അങ്ങനെയാകുമ്പോൾ ഒരു കൃഷിയിടത്തിൽ ആസൂത്രണമുണ്ടാകും, പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിൽ ആസൂത്രണമുണ്ടാകും. ആ വാർഡിൽ ഏതെല്ലാം ഉത്പന്നങ്ങൾ ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്നുള്ള കൃത്യമായ കണക്കുണ്ടാകും. പഞ്ചായത്ത് അടിസ്ഥാനത്തിൽ എത്രമാത്രം ഉത്പന്നങ്ങളുണ്ടാകുമെന്ന കണക്കുണ്ടാകും. അവിടെ നിന്നും എന്തെല്ലാം പുറത്തേയ്ക്ക് കൊടുക്കാൻ സാധിക്കും എന്നുണ്ടാകും. എത്രയധികം വരാൻ സാധ്യതയുണ്ട് എന്നുള്ള കണക്കുണ്ടാകും. അതിന്റെ ആസൂത്രണം ബ്ലോക്ക്, ജില്ല, സംസ്ഥാന അടിസ്ഥാനത്തിൽ നടക്കുമ്പോൾ നമുക്ക് ഉത്പന്നങ്ങൾ കൂടുതലായി എന്നതിന്റെ പേരിൽ വിറ്റഴിക്കാൻ നിർവ്വാഹമില്ലാതെ കർഷകൻ വിലപിക്കുന്ന ഒരവസ്ഥ ഉണ്ടാകുകയേയില്ല. ഈ സർക്കാർ ലക്ഷ്യം വയ്ക്കുന്നത് കർഷകന് ഒരിക്കലും ഒരു ബുദ്ധിമുട്ടുമുണ്ടാകാത്ത

തരത്തിൽ കൃഷിയിടത്തിൽ നിലനിൽക്കേണ്ടത് അത്യന്താപേക്ഷിതമാണ് എന്നുള്ളതുകൊണ്ട് ആ കർഷകന് എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കുക എന്നുള്ള തരത്തിൽ തന്നെയാണ് മുന്നോട്ടുപോകുന്നത്. അതുകൊണ്ട് വരുന്ന എല്ലാ പദ്ധതികളും ഇതിന്റെയടിസ്ഥാനത്തിലായിരിക്കും ഉണ്ടാകുക. വാർഡുതലം മുതൽ സംസ്ഥാനതലംവരെ ക്രോഡീകരിക്കുന്ന ഉത്പാദന-വിളനിർണ്ണയ-വിപണന രേഖയെ അടിസ്ഥാനപ്പെടുത്തി ഒരു കലണ്ടർ ഇത്തരത്തിലുണ്ടാകും. ആ കലണ്ടറിനെ അടിസ്ഥാനമാക്കി കർഷകർ ഏതൊക്കെ വിളകൾക്കാണ് ഡിമാന്റ് ഉള്ളതെന്ന് മുൻകൂട്ടി മനസ്സിലാക്കുന്ന, അതനുസരിച്ചുള്ള കൃഷിയിലേയ്ക്ക് പോകാൻ കഴിയുന്ന, അതിനാവശ്യമായ സഹായങ്ങളെല്ലാം ചെയ്യാൻ കഴിയുന്ന. ഇതാണ് ഏറ്റവും പരമപ്രധാനമായ കാര്യം. മറ്റൊരു കാര്യം, ഞാൻ നേരത്തെ പറഞ്ഞത് ആവർത്തിക്കുകയല്ല. സുരക്ഷിതമായ ഭക്ഷണവും ആരോഗ്യ സംരക്ഷണവും എന്നുള്ളത് വളരെ പ്രധാനമാണ്. ഭക്ഷണം നമ്മുടെ ജീവിതവും ആരോഗ്യവുമായി ബന്ധപ്പെട്ടതാണ് എന്നത് ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ്. കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണിയിലെ കീടനാശിനി അവശിഷ്ട പരിശോധന ലബോറട്ടറിയിലെ ഫലങ്ങൾ ഇടയ്ക്കിടെ

പുറത്തുവരുന്നത് നമ്മളെല്ലാവരും കാണുകയും വായിക്കുകയും ചെയ്തല്ലോ; 2021-22-ൽ അവർ 602 സാമ്പിളുകളാണ് പരിശോധിച്ചത്. 157 സാമ്പിളുകളിൽ അനുവദനീയമായതിലും കൂടുതൽ കീടനാശിനിയുടെ അളവ് കണ്ടെത്തിയിരിക്കുന്നു. ജൈവം എന്നുപറയുന്നതിൽപോലും ഈ പ്രശ്നമുണ്ടാകുന്നുവെന്നുള്ളത് നമ്മുടെ മുമ്പിലുണ്ട്. ഇത്രമാത്രം വിഷം നമ്മൾ വിലകൊടുത്ത് വാങ്ങി കഴിക്കേണ്ട അവസ്ഥ വരുമ്പോൾ....അയൽ സംസ്ഥാനങ്ങളിൽ നിന്ന് ഇങ്ങോട്ടേയ്ക്ക് എത്തുന്നതെല്ലാം നല്ലതാണ് എന്നുപറഞ്ഞ് വാങ്ങിക്കൂട്ടുക, വാങ്ങിക്കഴിക്കുക എന്ന രീതിയാണ് മലയാളി സ്വീകരിച്ചിരിക്കുന്ന സമീപനം എന്നതുകൊണ്ട് നമ്മൾ ചെന്നെത്തുന്നത് വല്ലാത്തൊരു ബുദ്ധിമുട്ടിലേയ്ക്കാണ്. അതുകൊണ്ട് രാസവസ്തുക്കളിൽ നിന്ന് വിഷവിമുക്തവും ആരോഗ്യസംരക്ഷണം ഉറപ്പാക്കുന്നതുമായ സുരക്ഷിതഭക്ഷണം ഉത്പാദിപ്പിക്കുന്നതിന് പ്രാധാന്യം നൽകുന്ന സമീപനമാണ് സർക്കാർ ആലോചിച്ചിരിക്കുന്നത്. അതോടൊപ്പംതന്നെയാണ് കർഷകരുടെ വരുമാനവർദ്ധനവും തൊഴിലവസരങ്ങളും സൃഷ്ടിക്കുകയെന്നതും. ഒരു കുടുംബത്തിന്റെ പ്രധാന വരുമാനമാർഗ്ഗം കൃഷിയാക്കുകയെന്നാണ് ഈ സർക്കാരിന്റെ ലക്ഷ്യം.

അതുകൊണ്ട് ആസൂത്രണത്തിന്റെ ആദ്യഘട്ടത്തിന്റെ ഭാഗമായി 10760 കൃഷിയിടങ്ങൾ സൃഷ്ടിച്ചെടുക്കാനാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. ഉൽപ്പാദനത്തിന്റെയും വിപണത്തിന്റെയും പ്ലാനുകൾ പ്രാദേശികമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കുമ്പോൾ വിളകളുടെ ഉൽപ്പാദനച്ചെലവിനനുസരിച്ച് വില നിശ്ചയിക്കാൻ സാധിക്കുന്നതിലൂടെ കേരളത്തിലെ കാർഷിക മേഖലയെ ഉയർത്തികൊണ്ടുവരാനും ഭാവിയിൽ കർഷകർക്ക് കൂടുതൽ മെച്ചമുണ്ടാക്കാനും സാധിക്കും. ചില ബഹുമാനപ്പെട്ട അംഗങ്ങൾ ഗൗരവകരമായ വിമർശനങ്ങൾ ഉയർത്തികൊണ്ടുവന്നു. കേരളം വളരെയധികം പിന്നിലേയ്ക്ക് പോയെന്ന് ശ്രീ. കുറുക്കോളി മൊയ്തീനെപോലുള്ള അംഗങ്ങൾ പറയുന്നുണ്ടായിരുന്നു. ശ്രീ. കുറുക്കോളി മൊയ്തീൻ ഭയങ്കരമായി കാര്യങ്ങൾ അവതരിപ്പിക്കാൻ ശ്രമിക്കുന്നുണ്ടായിരുന്നു. എൻ.എസ്.എസ്. (നാഷണൽ സാമ്പിൾ സർവ്വേ) റിപ്പോർട്ട് പ്രകാരം കാർഷിക കുടുംബങ്ങളുടെ ശരാശരി മാസവരുമാനത്തിലും വാർഷിക വരുമാനത്തിലും ഭാരതത്തിൽ മൂന്നാം സ്ഥാനത്താണ് കേരളം. ഇത് കേരള ഗവൺമെന്റിന്റെ റിപ്പോർട്ടല്ല, കേന്ദ്രത്തിന്റെ റിപ്പോർട്ടാണ്. പഞ്ചാബ്, ഹരിയാന എന്നീ സംസ്ഥാനങ്ങൾക്കുശേഷം കേരളത്തിനൊരു സ്ഥാനമുണ്ടെന്നകാര്യം

നമ്മളൊരിക്കലും വിസ്മരിക്കരുതെന്നാണ് എനിക്ക് വിനയപൂർവ്വം അപേക്ഷിക്കാനുള്ളത്. പ്രകൃതി സൗഹാർദ്ദ സമീപനവും കാർഷിക പാരിസ്ഥിതിക മേഖല ആധാരമാക്കിയ കൃഷിരീതികളുമെന്നത് വിഷൻ 2026-ന്റെ ലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ടവയാണ്. ഇവിടെ നേരത്തെ ബഹുമാന്യരായ അംഗങ്ങൾ കാർബൺ തുലിത കൃഷിയെക്കുറിച്ച് സൂചിപ്പിച്ചു. നേരത്തെ സഭയിൽ പറഞ്ഞിട്ടുള്ളതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ആലുവയിലെ ഫാം ഉൾപ്പെടെ കേരളത്തിലെ പതിനാല് ഫാമുകളെയും കാർബൺ തുലിത ഫാമുകളാക്കി മാറ്റാൻ സർക്കാർ മുൻകൈയെടുക്കുകയാണ്. ഐ.പി.സി.സി. (Intergovernmental Panel on Climate Change) റിപ്പോർട്ടുകൾ പലവട്ടം നമ്മുടെ സഭയിൽ ചർച്ചാവിഷയമായിട്ടുണ്ട്. അന്തരീക്ഷത്തിൽ കാർബൺ ഡൈഓക്സൈഡ് അടക്കമുള്ള വാതകങ്ങളുടെ ബഹിർഗമനംമൂലമുണ്ടാകുന്ന പ്രതിസന്ധികളും പ്രയാസങ്ങളും വളരെ വലുതാണ്. തന്മൂലം കാലാവസ്ഥയിൽ വലിയ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു. ജലസേചനവകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചൂണ്ടിക്കാണിക്കുന്നതിനിടയിലും ബഹുമാനപ്പെട്ട അംഗങ്ങൾ

അതിനെക്കുറിച്ചും സൂചിപ്പിക്കുകയുണ്ടായി. കൃഷിയുമായി ബന്ധപ്പെട്ട് പരമാവധി കാർബൺ വാതകങ്ങളുടെ ബഹിർഗമനം കുറച്ചുകൊണ്ടുവരുന്നതിനുള്ള മാതൃകാപരമായ പ്രവർത്തനത്തിലേയ്ക്ക് വരുമ്പോൾ ഇന്ത്യയിലാദ്യമായി കാർബൺ ന്യൂട്രൽ ഫാമായി മാറാൻ പോകുന്നത് കേരളത്തിലെ ആലുവയിലെ ഫാമായിരിക്കുമെന്ന കാര്യം പ്രത്യേകമായി പറയുന്നു. ലോകം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങൾതന്നെയാണ് നമ്മളും കണക്കുകൂട്ടുന്നത്. വിഷൻ 2026-ൽ പ്രത്യേക പരിഗണന ആവശ്യമായ വിഭാഗങ്ങളെ കാർഷികമേഖലയിലേയ്ക്ക് ആകർഷിച്ച് അവരെ പൂർണ്ണമായും സ്ഥായിയായ വികസനത്തിന്റെ കാര്യം ലക്ഷ്യം വയ്ക്കുകയാണ്. അതിന്റെ ഭാഗമായിട്ടാണ് ആദിവാസികൾ, സ്ത്രീകൾ, പാർശ്വവൽക്കരിക്കപ്പെട്ടവർ എന്നിവരുടെ പ്രശ്നങ്ങളെ ഗൗരവകരമായി കാണുന്നത്. കേരളത്തിലെ പ്രധാന ആദിവാസി മേഖലയായ അട്ടപ്പാടിയിലെ എഴുപത്തിരണ്ട് ഊരുകളിലായി 600 ഏക്കർ സ്ഥലത്ത് ചെറുധാന്യങ്ങൾ കൃഷി ചെയ്യാനും ഇതിന്റെ മൂല്യവർദ്ധനവിനായി സംസ്കരണ യൂണിറ്റും സജ്ജമാക്കിയിട്ടുണ്ട്. ഈ മാസം തന്നെ ആ യൂണിറ്റ് പ്രവർത്തിപ്പിക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്.

ഇതുപോലെതന്നെയാണ് ഇടുക്കി ജില്ലയിലെ തായന്നംകുടി ഊരിലും ചെയ്തത്. തൃശ്ശൂരിലെ അതിരപ്പിള്ളിയിൽ റീബിൽഡ് കേരളയുടെ ഭാഗമായിട്ടാണ് ആ പ്രവർത്തനങ്ങളെല്ലാം നീക്കിയിട്ടുള്ളത്. ഇതോടൊപ്പംതന്നെ വിവരസാങ്കേതിക വിദ്യാധിഷ്ഠിതമായ അതിവേഗ സേവന ലഭ്യതയും കാർഷിക വിജ്ഞാന വ്യാപനവും പ്രഥമ പരിഗണന നൽകുന്ന കാര്യംകൂടിയാണെന്ന് ഞാൻ ഇവിടെ സൂചിപ്പിക്കുന്നു. കൃഷിയുമായി ബന്ധപ്പെട്ട 'എയിംസ്' പോർട്ടലിന്റെ പുതിയ വെർഷൻ വരുന്നുണ്ട്. അതോടൊപ്പംതന്നെ കൃഷിയിടത്തിൽവച്ചുതന്നെ ഓഫീസ് പ്രവർത്തനങ്ങൾ പൂർത്തീകരിക്കത്തക്ക വിധത്തിൽ വിവരസാങ്കേതികവിദ്യയിലധിഷ്ഠിതമായ മൊബൈൽ ആപ്പുകളും സോഫ്റ്റ്‌വെയറുകളും കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നൽകി കാര്യക്ഷമമായും സുതാര്യമായും ഇതെല്ലാം ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായികൊണ്ടിരിക്കുകയാണെന്ന വിവരംകൂടി ഈ സഭയെ അറിയിക്കാൻ അങ്ങേയറ്റത്തെ സന്തോഷമുണ്ട്. കൃഷി ഉദ്യോഗസ്ഥർ കൃഷിഭൂമിയുമായി ബന്ധപ്പെട്ടാണ് നിൽക്കേണ്ടത്. പലപ്പോഴും അവർക്കതിന് പൂർണ്ണമായും കഴിയാതെ പോകുന്നുണ്ട്. കർഷകർ ഓഫീസുകൾ കയറി

ഇറങ്ങുന്നത് പരമാവധി കുറയ്ക്കേണ്ടതും അത്യന്താപേക്ഷിതമാണ്. അക്കാര്യത്തെ ലക്ഷ്യം വച്ചുകൊണ്ടാണ് 'സ്മാർട്ട് കൃഷിഭവൻ' എന്നതിലേയ്ക്ക് കേരളം പോകുന്നത്. ഇത്തരത്തിൽ നൂറ്റിനാൽപ്പത് കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകളാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങളെന്ന നിലയ്ക്ക് ആദ്യഘട്ടത്തിൽ നാൽപ്പത്തിരണ്ട് കൃഷിഭവനുകളെ സ്മാർട്ടാക്കും. ബഹുമാന്യരായ നിരവധി എം.എൽ.എ.-മാർ അവരുടെയെല്ലാം ആസ്തിവികസന ഫണ്ടിൽനിന്നും തുക നൽകിക്കൊണ്ട് മനോഹരമായ കൃഷിഭവനുകൾ കേരളത്തിൽ സ്ഥാപിച്ചിട്ടുണ്ട്. ഇരുപക്ഷത്തുനിന്നും ഒരുപാട് അംഗങ്ങളുള്ളതുകൊണ്ടാണ് പ്രത്യേകിച്ച് ആരുടെയും പേര് പറയാത്തത്. അവരെല്ലാം വളരെ നന്നായി കൃഷിഭവനുകളെ കാണുന്നുണ്ട്. അവിടെയുള്ള ഉദ്യോഗസ്ഥർക്കെല്ലാം മികച്ച രീതിയിലുള്ള പിന്തുണയും പിൻബലവും കൊടുക്കുന്നുണ്ട്. രാത്രി ഒരു മണിക്കും ഓഫീസുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്ന ഉദ്യോഗസ്ഥരുണ്ടെന്നും അവർ ഞങ്ങൾക്ക് അങ്ങേയറ്റം പ്രിയപ്പെട്ടവരാണെന്നും പൊതുവേദിയിൽ ബഹുമാനപ്പെട്ട അംഗങ്ങൾ അഭിപ്രായം പറഞ്ഞിട്ടുണ്ട്. ഉദ്യോഗസ്ഥരെല്ലാം മോശക്കാരാണെന്ന് പറഞ്ഞുപരത്താനുള്ള ശ്രമം നടക്കുന്നതിനിടയിലും ഏറ്റവും കൂടുതലായി

ഞാൻ കേട്ടിട്ടുള്ളതും ഈ ഉദ്യോഗസ്ഥരെക്കുറിച്ചും അവരുടെ പ്രവർത്തന മെച്ചത്തെക്കുറിച്ചുമാണ്. ഈ ഉദ്യോഗസ്ഥരെല്ലാം കൂടുതലായി കർഷകർക്കൊപ്പം കൃഷിയിടങ്ങളിൽ ഉണ്ടാകണമെന്നാണ് ഞങ്ങൾ ആലോചിക്കുന്നത്. വകുപ്പുമന്ത്രിയും അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണറും വകുപ്പുസെക്രട്ടറിയും ഡയറക്ടറുമെല്ലാം രണ്ടുമാസത്തിലൊരിക്കൽ കൃഷിയിടം സന്ദർശിക്കുകയും കൃഷിക്കാരനുമായി കാര്യങ്ങൾ ആലോചിക്കുകയും ചർച്ച ചെയ്യുകയും അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുകയും ചെയ്യണം. അതുപോലെ അഡീഷണൽ ഡയറക്ടറും ജോയിന്റ് ഡയറക്ടറും മാസത്തിലൊരിക്കൽ കൃഷിക്കാർക്കൊപ്പം കൃഷിഭൂമിയിൽ ഉണ്ടായിരിക്കണം. ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ എന്നിവർ ആഴ്ചയിലൊരിക്കൽ അതത് പ്രദേശത്തെ കൃഷിയിടത്തിൽപോയി കൃഷിക്കാരനുമായി ആശയവിനിമയം നടത്തേണ്ടതുണ്ട്. കർഷകന്റെ കാര്യങ്ങൾ മനസ്സിലാക്കാനും അവരുടെ ബുദ്ധിമുട്ടുകൾക്ക് പരിഹാരം കണ്ടെത്താനും കഴിയുന്ന തരത്തിൽ ഈ സംവിധാനത്തെ തീർച്ചയായും മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്നാണ് ഞങ്ങൾ കണക്കുകൂട്ടുന്നത്. ഉൽപ്പാദനത്തിലും ഉൽപ്പാദനക്ഷമതയിലുമുള്ള

വർദ്ധനവിന്റെ കാര്യവുമെല്ലാം ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. അതുപോലെ നെല്ലിന്റെ കാര്യം ഇവിടെ സൂചിപ്പിച്ചതാണ്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കൂടുതലായി കടന്നുപോകുന്നില്ല. ഓരോ വിളയുടെയും കാര്യത്തിലും, തെരഞ്ഞെടുത്ത വിളകളുടെ ഉൽപ്പാദനക്ഷമത അടുത്ത വർഷംകൊണ്ട് എത്രയാക്കി മാറ്റണമെന്ന് നിശ്ചയിച്ചുകഴിഞ്ഞു. അത് ക്രോഡീകരിച്ച് നടപ്പിലാക്കുന്നതിനുള്ള ചുമതല കാർഷിക സർവ്വകലാശാലയെ ഏൽപ്പിച്ചിട്ടുണ്ട്. തേങ്ങ, വാഴ, മാങ്ങ, ചക്ക, കൈതച്ചക്ക തുടങ്ങിയവയുടെ ഉൽപ്പാദന-വിസ്തൃതി-മൂല്യ വർദ്ധനവിന് ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ പച്ചക്കറി കൃഷിയുടെ വിസ്തൃതി ഇരട്ടിയാക്കി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയെന്നതും ലക്ഷ്യമിടുന്നുണ്ട്. പുഷ്പകൃഷി, തേനീച്ച വളർത്തൽ മുതലായ സംരംഭങ്ങൾക്കും ആവശ്യമായ പ്രാധാന്യം ഇതിന്റെയെല്ലാം ഭാഗമായി നൽകുന്നുണ്ട്. നമ്മൾ കൂടുതലായി ഫാർമർ പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ രൂപീകരിച്ചതെല്ലാം എടുത്തുപറയേണ്ട കാര്യങ്ങൾ തന്നെയാണ്. നമുക്ക് നെൽകൃഷിയിൽ വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞു, ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിച്ചു. നമ്മൾ റോയൽറ്റിയായി കൊടുക്കുന്ന രണ്ടായിരം രൂപയിൽനിന്നും മൂവ്വായിരം രൂപയാക്കി. ഇപ്പോൾ

നമ്മൾ കേരളത്തിൽ നെല്ലെടുക്കുന്നത് ഇരുപത്തിയെട്ട് രൂപ ഇരുപത് പൈസയ്ക്കാണ്. ഞാൻ കഴിഞ്ഞ വ്യാഴം, വെള്ളി ദിവസങ്ങളിൽ സംസ്ഥാന കൃഷിമന്ത്രിമാരുടെ യോഗത്തിൽ പങ്കെടുക്കാൻ പോയിരുന്നു. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും ഇത്രയും പണം കൊടുത്ത് നെല്ല് സംഭരിക്കുന്നില്ലെന്നുള്ളത് നാം മനസ്സിലാക്കണം. എന്നിട്ടും പറയുകയാണ് ഇടതുപക്ഷ ഗവൺമെന്റ് ഒന്നും ചെയ്യുന്നില്ലെന്ന്. ഒരു രൂപ വീണ്ടും വർദ്ധനവ് വരുമ്പോൾ കർഷകർക്ക് നെല്ലിന്റെ വിലയിൽ വീണ്ടും അതിന്റെ വർദ്ധനവ് വരികയാണ്. 2021-22-ൽ 8000 ഏക്കറിലാണ് തരിശുഭൂമിയിൽ നെൽകൃഷി ചെയ്തത്. ജനകീയാസൂത്രണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഹെക്ടർ ഒന്നിന് 22,000 രൂപയാണ് സഹായം നൽകിയത്. ഈ വർഷമത് 25,000 രൂപയായി വർദ്ധിപ്പിച്ചിരിക്കുന്നു. ഈ സഹായങ്ങളൊക്കെ എന്തുകൊണ്ടാണ് കാണാതെ പോകുന്നതെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. കൈപ്പാട്, പൊക്കാളി ഏരിയായിൽ ഹെക്ടർ ഒന്നിന് 32,000 രൂപയാണ് നൽകിയത്. ഇക്കൊല്ലം നമ്മുടെ ഫാമുകൾവഴി 658 ടൺ നെൽവിത്താണ് ഉൽപ്പാദിപ്പിച്ചത്. 1250 ഏക്കറിൽ പ്രത്യേക നെൽവിത്തിനങ്ങളായ പൊക്കാളി, നവര, ഗന്ധകശാല,

ജീരകശാല, രക്തശാലി, ബസുമതി എന്നിവയെല്ലാം കൃഷിചെയ്യാൻ ഈ കാലഘട്ടത്തിൽ കഴിഞ്ഞു. 2015-16-ൽ കേരളത്തിലെ പച്ചക്കറി ഉൽപ്പാദനം 6.18 ലക്ഷം മെട്രിക് ടൺ ആയിരുന്നുവെങ്കിൽ 2021-22-ൽ സുഭിക്ഷ കേരളം, ഞങ്ങളും കൃഷിയിലേയ്ക്ക് തുടങ്ങിയ പദ്ധതികളുടെ ഭാഗമായി 16.01 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കുന്നുണ്ടെന്ന് അഭിമാനപൂർവ്വം പറയാൻ കഴിയും. നമ്മുടെ കൃഷിയുടെ വിസ്തൃതിയും വർദ്ധിക്കുന്നുണ്ട്. നമ്മൾ നടപ്പിലാക്കുന്ന പദ്ധതികൾക്ക് സോഷ്യൽ ഓഡിറ്റിംഗ് അനിവാര്യമാണെന്ന് ഇവിടെ സൂചിപ്പിച്ചു. ഒരു കക്ഷിനേതാവുകൂടിയായ ബഹുമാനപ്പെട്ട പത്തനാപുരം എം.എൽ.എ.യോടുള്ള എല്ലാ ബഹുമാനവും നിലനിർത്തികൊണ്ടുതന്നെ പറയട്ടെ, അദ്ദേഹം പറഞ്ഞ കാര്യങ്ങളോട് ഒട്ടും യോജിക്കാൻ കഴിയില്ല. അദ്ദേഹം സോഷ്യൽ ഓഡിറ്റിംഗിനെക്കുറിച്ച് പറഞ്ഞു. സോഷ്യൽ ഓഡിറ്റിംഗ് കൃഷി വകുപ്പിൽ ആരംഭിച്ചിരിക്കുന്നുയെന്ന വിവരം കൂടി ഈ സഭയെ അറിയിക്കാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. ഓരോ പദ്ധതിയും നടപ്പിലാക്കുമ്പോൾ എത്രമാത്രം അതിന്റെ ഗുണഫലങ്ങൾ ...

ശ്രീ. എം. വിൻസെന്റ്: സർ, കൃഷിനാശവുമായി ബന്ധപ്പെട്ട കാര്യമാണ് ഉന്നയിക്കുന്നത്. ഇന്ന് കൃഷി വകുപ്പിന്റെയും ജലസേചനവകുപ്പിന്റെയും ധനാഭ്യർത്ഥന ചർച്ചകൾ നടക്കുകയാണ്. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള തോടുകളിലെയും കനാലുകളിലെയും ബണ്ട് പൊട്ടിയോ അല്ലെങ്കിൽ മണ്ണടിഞ്ഞ് തോടുകളിലെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെട്ടുമാണ് കൃഷിഭൂമിയിലേയ്ക്ക് വൻതോതിൽ വെള്ളം ഇരച്ചുകയറി കൃഷി നശിക്കുന്നത്. ഇത് പരിഹരിക്കുന്നതിനുവേണ്ടി തോടുകളുടെ ബണ്ട് ബലപ്പെടുത്താനും അവിടെയുള്ള മണ്ണ് നീക്കം ചെയ്യുന്നതിനുംവേണ്ടി രണ്ട് വകുപ്പുകളെയും സംയോജിപ്പിച്ചുകൊണ്ടുള്ള പദ്ധതി നടപ്പിലാക്കാനുള്ള ശ്രമം നടത്തുമോ?

ശ്രീ. പി. പ്രസാദ്: സർ, അക്കാര്യം പരിശോധിക്കാവുന്ന കാര്യമാണ്. ഇക്കാര്യം നേരത്തെ ജലസേചന വകുപ്പുമന്ത്രി സംസാരിച്ച സന്ദർഭത്തിൽ അദ്ദേഹം സൂചിപ്പിച്ചിരുന്നു. നമ്മുടെ കൃഷിയിടങ്ങളുമായി ബന്ധപ്പെട്ട് ഈ രണ്ട് ഡിപ്പാർട്ടുമെന്റുകളും യോജിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. എല്ലാ വകുപ്പുകളുമായി യോജിച്ച് മുന്നോട്ട് പോകാനാണ് ഉദ്ദേശിക്കുന്നത്. 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതി നടപ്പിലാക്കിയപ്പോൾ അതിന്റെ ഉത്തരവാദിത്വമുള്ള വകുപ്പുകൾ തമ്മിൽ ഒരു ഏകോപനമുണ്ടായിരുന്നു.

അതിന്റെ ഭാഗമായി ഇതിനെയും കാണുന്നുണ്ട്. തീർച്ചയായും അങ്ങ് പറഞ്ഞതുപോലുള്ള യോജിച്ച പ്രവർത്തനങ്ങൾ നടത്തേണ്ടത് വളരെ അത്യാവശ്യമായ കാര്യമാണ്. പ്രത്യേകിച്ച്, പ്രാദേശികമായി അത്തരം കാര്യങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണമെന്ന അഭിപ്രായംതന്നെയാണ് വകുപ്പിനുമുള്ളത്. കൃഷി നാശവുമായി ബന്ധപ്പെട്ട് സംസാരിച്ച സന്ദർഭത്തിൽ ഒരു കോർപ്പസ് ഫണ്ട് രൂപീകരിക്കുന്നതിനെപ്പറ്റിയും ലോട്ടറിയുടെയും കാര്യം പറഞ്ഞു, അത്തരം കാര്യങ്ങളെപ്പറ്റി ധനകാര്യ വകുപ്പുമായി ആലോചിക്കുന്നതാണ്. ഹോർട്ടികൾച്ചർ മിഷന്റെ കാര്യത്തെപ്പറ്റി പറഞ്ഞു, ആ സ്ഥാപനത്തിന്റെ ഭരണപരമായ ചെലവ് കണ്ടെത്തുന്നതിന് ഈ സാമ്പത്തിക വർഷം രണ്ട് കോടി രൂപയുടെ കുറവ് നിലവിൽ നേരിടുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിൽ നിന്നടക്കമുള്ള കൂടുതൽ പദ്ധതികൾ കണ്ടെത്തി അതിൽനിന്നും ഭരണപരമായ ചെലവുകൾ കണ്ടെത്താനാണ് ശ്രമിക്കുന്നത്. കൂടാതെ സംസ്ഥാന ഹോർട്ടികൾച്ചർ മിഷനിൽ പ്രവർത്തിക്കുന്ന കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് കൃഷിവകുപ്പിൽനിന്നുതന്നെ ശമ്പളം കൊടുക്കുന്ന ക്രമീകരണം ഏർപ്പെടുത്തുന്നതിനെപ്പറ്റി ആലോചിച്ചിട്ടുണ്ട്. അവിടത്തെ മറ്റ്

ബുദ്ധിമുട്ടുകളെല്ലാം പരിഹരിക്കാൻ കഴിയുമെന്നതന്നെയാണ് പ്രതീക്ഷിക്കുന്നത്. നേരത്തെ ബഹുമാനപ്പെട്ട അംഗം അനൂപ് ജേക്കബ് ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഞാൻ എല്ലാ എം.എൽ.എ.-മാരുടെയും പേരെടുത്തുപറയുന്നില്ലെങ്കിലും സഭയിലുന്നയിച്ച വിഷയങ്ങൾക്ക് മറുപടി പറയേണ്ടത് അനിവാര്യമാണെന്നുള്ളതുകൊണ്ട് മാത്രം പറയുകയാണ്. ഒരു വാഴയ്ക്ക് ലഭിക്കുന്ന നഷ്ടപരിഹാരം 100 രൂപയാണെന്ന് അദ്ദേഹം പറഞ്ഞത് തെറ്റാണ്. വിള ഇൻഷ്വറൻസിന്റെ ഭാഗമായി 3 രൂപ പ്രീമിയമായി അടയ്ക്കുമ്പോൾ ഒരു കുലച്ച വാഴയ്ക്ക് മുന്നൂറ് രൂപയ്ക്കുപുറമെ പ്രകൃതിക്ഷോഭത്തിന്റെ ഭാഗമായുള്ള നൂറ് രൂപയുംകൂടി നഷ്ടപരിഹാരമായി ലഭിക്കും. പലപ്പോഴും തമാശയായിട്ടുപോലും പറയാറുള്ളത് കുല വിറ്റുകിട്ടുന്നതിനേക്കാൾ കൂടുതൽ കാശ് ലഭിക്കുമോയെന്നാണ്. അക്കാര്യത്തിൽ വലിയ ശ്രദ്ധയാണ് വകുപ്പ് പുലർത്തുന്നത്. കൃഷി നാശം സംഭവിക്കുന്നവർക്ക് രണ്ട് പദ്ധതികളുടെ ഭാഗമായും നഷ്ടപരിഹാരം നൽകുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് കൂടുതൽ കാര്യങ്ങൾ അറിയുന്നതിനായി ഒരു പുസ്തകം തയ്യാറാക്കി എല്ലാ ബഹുമാനപ്പെട്ട അംഗങ്ങൾക്കും അതിന്റെ ഒരു കോപ്പി കിറ്റിനോടൊപ്പം വിതരണം ചെയ്തിരുന്നു. ആവശ്യമെങ്കിൽ ഒരു

കോപ്പി വീണ്ടും എത്തിക്കുന്നതാണ്. വാഴയുടെ കാര്യത്തിൽ, സാധ്യമായ എല്ലാ സഹായങ്ങളും ഇൻഷ്വറൻസുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയിട്ടുണ്ട്. ആവശ്യത്തിന് ജലസേചന സൗകര്യം ലഭിക്കാത്തതിനെപ്പറ്റി ശ്രീ. കെ. പി. എ. മജീദ് സൂചിപ്പിക്കുകയുണ്ടായി. ശ്രീ. എം. വിൻസെന്റും ഇതേ അഭിപ്രായമാണ് പറഞ്ഞത്. അത്തരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നതാണ്. ഹോർട്ടികോർപ്പ് വലിയ കുഴപ്പങ്ങളുള്ള ഒരു സ്ഥാപനമാണെന്ന രീതിയിൽ ചില ബഹുമാനപ്പെട്ട അംഗങ്ങൾ അഭിപ്രായപ്പെടുകയുണ്ടായി. ഉൽപ്പാദനം കൂടുമ്പോൾ അവ ഹോർട്ടികോർപ്പിനെക്കൊണ്ട് എടുപ്പിച്ച് വില കുറച്ച് വിൽക്കേണ്ടിവരുന്നതുമൂലമുള്ള പ്രതിസന്ധികൾ നേരത്തെ ആ സ്ഥാപനത്തിനുണ്ടായിരുന്നു. ഹോർട്ടികോർപ്പ് എന്ന സ്ഥാപനം രൂപംകൊണ്ടതിനുശേഷം ആദ്യമായി സംസ്ഥാന ബഡ്ജറ്റിൽനിന്നും പതിനഞ്ച് കോടി രൂപ അനുവദിച്ച്, ആ സ്ഥാപനത്തെ നിലനിർത്താൻ സഹായിച്ചത് ഈ ഗവൺമെന്റാണെന്നകാര്യംകൂടി ഓർക്കണം. കർഷകർക്ക് പണം കൊടുക്കാനുള്ളതുമായി ബന്ധപ്പെട്ട വിഷയങ്ങളെല്ലാമുണ്ടായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം

ഹോർട്ടികോർപ്പുവഴിയുള്ള കർഷകരുടെ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനായി 21.25 കോടി രൂപ അനുവദിച്ച കാര്യംകൂടി മനസ്സിലാക്കണം. മാർച്ച് 31 വരെയുള്ള ബാധ്യതകളെല്ലാം തീർപ്പാക്കിയിട്ടുണ്ട്. തമിഴ്നാട്ടിൽനിന്നും സാധനങ്ങൾ കൊണ്ടുവരുന്നുണ്ടോയെന്ന് ചില അംഗങ്ങൾ ചോദിക്കുകയുണ്ടായി. തമിഴ്നാട്ടിൽനിന്നും കൊണ്ടുവരുന്നത് എന്തോ മോശപ്പെട്ട കാര്യമാണെന്ന് കേൾക്കുമ്പോൾ തോന്നും. തക്കാളിയുടെ വില വലിയതോതിൽ വർദ്ധിച്ചപ്പോൾ വലിയ പ്രതിസന്ധിയാണ് നാം നേരിട്ടത്. കേരളത്തിൽ ചിറ്റൂർ പോലുള്ള സ്ഥലങ്ങളിൽ തക്കാളി കൃഷിയുണ്ടെങ്കിലും കേരളത്തിനാവശ്യമായ മുഴുവൻ തക്കാളിയും നമുക്ക് ഉൽപ്പാദിപ്പിക്കാൻ കഴിയുന്നില്ല. മാത്രമല്ല, കേരളത്തിനാവശ്യമായ ഉരുളക്കിഴങ്ങും സവാളയും നമുക്ക് ഉൽപ്പാദിപ്പിക്കാൻ കഴിയുന്നില്ല. അതിനാൽ ഇവയെല്ലാം പുറത്തുനിന്നും കൊണ്ടുവരേണ്ടതുണ്ട്. എന്നാൽ പുറത്തുനിന്നും ഏജന്റുമാർ മുഖാന്തരം സാധനങ്ങൾ എത്തിക്കുന്ന രീതി അവസാനിപ്പിക്കുകയും തമിഴ്നാട്ടിലെ എഫ്.പി.ഒ. (Farmer Producer Organization)-കളുമായി ബന്ധപ്പെട്ട്, ഇടനിലക്കാരെ ഒഴിവാക്കി നമ്മുടെ ഉദ്യോഗസ്ഥർതന്നെ നേരിട്ട്

അവിടെ പോയി സാധനങ്ങൾ എത്തിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. കേരളത്തിന്റെ പച്ചക്കറി വിപണിയിൽ വില പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായിട്ടാണ് അത്തരമൊരു നടപടി സ്വീകരിച്ചതെന്നകാര്യംകൂടി മനസ്സിലാക്കണം. ഹോർട്ടികോർപ്പിലേയ്ക്ക് കേരളത്തിന് പുറത്തുനിന്നും പച്ചക്കറി വാങ്ങുന്നത് ശരിയല്ലെന്ന നിലപാട് സ്വീകരിക്കാൻ കഴിയില്ല. അങ്ങനെ വരുമ്പോൾ കേരളത്തിലെ ഉപഭോക്താക്കളെ വിലക്കയറ്റത്തിന്റെ പിടിയിലേയ്ക്ക് തള്ളിവിടുന്നതിന് കാരണമാകും. ഏതെങ്കിലും ഉദ്യോഗസ്ഥർ ഹോർട്ടികോർപ്പിൽ അഴിമതി നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ഒരു തരത്തിലുള്ള വിട്ടുവീഴ്ചയും സ്വീകരിക്കില്ല. ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം പതിനാല് ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കേണ്ടിവന്നിട്ടുണ്ടെന്ന കാര്യംകൂടി ശ്രദ്ധയിൽപ്പെടുത്തുകയാണ്.

നാളികേര സംഭരണവുമായി ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങൾ മലബാർ മേഖലയിൽനിന്നുള്ള ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചു. നാളികേര സംഭരണത്തിന്റെ കാര്യത്തിൽ പ്രശ്നങ്ങളുണ്ടായിരുന്നു. ശ്രീ. കുറുക്കോളി മൊയ്തീൻ വികാരഭരിതനായി കാര്യങ്ങൾ അവതരിപ്പിക്കുകയുണ്ടായി.

അദ്ദേഹത്തിന്റെ പ്രസംഗത്തിനിടയിൽ എപ്പോഴെങ്കിലും കേന്ദ്ര ഗവൺമെന്റിനെതിരെ ഒരു വിമർശനത്തിന് തയ്യാറാകുമെന്ന് ഞാൻ പ്രതീക്ഷിച്ചു. കേന്ദ്ര ഗവൺമെന്റിനെതിരായി ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി കെ. കൃഷ്ണൻകുട്ടി സംസാരിച്ചപ്പോൾ അദ്ദേഹത്തിന് വലിയ അരിശമായിരുന്നു, അതുകേട്ടപ്പോൾ എനിക്ക് അത്ഭുതം തോന്നിപ്പോയി. 'ഫാസിസവും സംഘ്പരിവാറും' എന്ന പുസ്തകം ഡോക്ടർ എം. കെ. മുനീർ സാഹിബാണ് എഴുതിയത്. ആ പുസ്തകം വായിച്ചിട്ട് അങ്ങ് രാഷ്ട്രീയപരമായ നിലപാട് സ്വീകരിക്കണമെന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷെ, മോദിക്കെതിരായി ഒരു അഭിപ്രായം പറഞ്ഞപ്പോൾ എന്തുകൊണ്ടാണ് ശ്രീ. കുറുക്കോളി മൊയ്തീന് വല്ലാത്ത ബുദ്ധിമുട്ടുണ്ടായത്? കേരളത്തിലെ നാളികേര സംഭരണത്തിൽ ആരാണ് കുഴപ്പങ്ങളെല്ലാം കാണിച്ചത്? നാഫെഡ് നാളികേര സംഭരണത്തിലെ പ്രധാനപ്പെട്ട ഏജൻസിയായി. കേരഫെഡിനേയും മാർക്കറ്റ് ഫെഡിനേയും അതിനുള്ള ഏജൻസികളായി നിശ്ചയിച്ചു. അതിൽ രജിസ്റ്റർ ചെയ്യുന്ന സംഘങ്ങളെ നാളികേര സംഭരണത്തിനായി ഏർപ്പാട് ചെയ്തു. ജില്ലാകളക്ടർമാരുമായി ബന്ധപ്പെട്ടുകൊണ്ട് ഞങ്ങൾ സംഘങ്ങളെ ചുമതലപ്പെടുത്തി. സഹകരണ

സ്ഥാപനങ്ങളുടെ കണക്കെടുത്തു, സഹകരണ വകുപ്പ് ഇന്നയിന്ന സംഘങ്ങൾവഴി നാളികേരം സംഭരിക്കാമെന്ന ലിസ്റ്റ് തയ്യാറാക്കി, പരിശീലനവും കഴിഞ്ഞ് സംഭരണത്തിന് തീരുമാനമായപ്പോഴാണ്, വെളിച്ചെണ്ണ ഉൽപ്പാദിപ്പിക്കുന്ന സംഘമാണെങ്കിൽ അവർക്ക് ഒരു കാരണവശാലും നാളികേര സംഭരണം നടത്താൻ പറ്റില്ലെന്ന ഇടിത്തീപോലെയുള്ള കേന്ദ്രസർക്കാരിന്റെ തീരുമാനം വന്നത്. ഒരു പ്രതിഷേധമെങ്കിലും ശ്രീ. കുറുക്കോളി മൊയ്തീന് അറിയിക്കാമായിരുന്നില്ലേ? നാഫെഡ് കേരളത്തോട് ഇത്തരമൊരു നിഷേധാത്മക നിലപാട് സ്വീകരിച്ച സന്ദർഭത്തിൽ എന്തുചെയ്യാൻ കഴിയുമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കമുള്ളവരുമായി ആലോചിച്ചു. നാളികേരത്തിന്റെ വില 32 രൂപയായി നിശ്ചയിച്ചതിനുശേഷം അതിൽ കുറഞ്ഞാലും 32 രൂപ നൽകി സംഭരിക്കണമെന്ന് തീരുമാനിച്ചു. 28 രൂപയ്ക്ക് താഴേയ്ക്ക് പോയാൽ കേന്ദ്ര ഗവൺമെന്റ് ആ തുക നമുക്ക് നൽകണം. നെല്ലിന്റെ വില പോലെയല്ല. എന്നാൽ കേന്ദ്ര ഗവൺമെന്റ് പണം നൽകാത്ത സാഹചര്യം വന്നപ്പോൾ ഒരു പൈസപോലും കേന്ദ്ര സഹായമില്ലാതെ നാളികേരം സംഭരിക്കുന്നിതിനുള്ള മുഴുവൻ പണവും സംസ്ഥാന ഗവൺമെന്റ് നൽകി. അങ്ങനെയാണ് ഇപ്പോൾ

കേരളം നാളികേര സംഭരണം നടത്തുന്നത്. ഒരു കാര്യംകൂടി നാം മനസ്സിലാക്കണം. ഈ സംഘങ്ങളെല്ലാം മാറി, മാർക്കറ്റ്ഫെഡിൽ രജിസ്റ്റർ ചെയ്ത സംഘങ്ങളെല്ലാം അവർ ആദ്യം രജിസ്റ്റർ ചെയ്തത് കേരഫെഡിലായിരുന്നു. കേരഫെഡിന് നാളികേരമെടുക്കാൻ കഴിയില്ലെന്ന ഒരു നിരോധനം വന്നപ്പോൾ ഈ സംഘങ്ങളെല്ലാം തിരികെ മാർക്കറ്റ്ഫെഡിലേയ്ക്ക് വരണമെങ്കിൽ ഓരോ സംഘങ്ങളും ആ സംഘങ്ങളുടെ പൊതുയോഗം കൂടി തീരുമാനമെടുത്ത് പാസ്സാക്കിയാലേ കഴിയൂവെന്നുള്ള നിബന്ധന വന്നു. ഇങ്ങനെയൊക്കെയുള്ള പ്രതിസന്ധിയിൽപ്പെട്ടപ്പോഴും നാൽപ്പത്തിമൂന്ന് കേന്ദ്രങ്ങളിലൂടെ നാം നാളികേരം സംഭരിച്ചു. ബുദ്ധിമുട്ടുകൾ നേരിടുന്ന സ്ഥലത്തെല്ലാം വാഹനമിറക്കിയാണെങ്കിലും നാളികേരം സംഭരിക്കാനാണ് തീരുമാനിച്ചത്. അപ്പോൾ വല്ലാത്ത പ്രതിസന്ധി നേരിടേണ്ടിവരും. ബുദ്ധിമുട്ടുള്ള സ്ഥലങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചാൽ അവിടെനിന്നെല്ലാം നാളികേരം സംഭരിച്ച് നാളികേര കർഷകരെ സഹായിക്കാനുള്ള ഏർപ്പാട് ഉണ്ടാകുകതന്നെ ചെയ്യും. നമുക്ക് എല്ലായിടങ്ങളിൽനിന്നും നാളികേരം സംഭരിക്കാൻ പ്രയാസങ്ങളുണ്ട്. നേരത്തെ നാളികേരം സംഭരിച്ചതിന്റെ ചില അനുഭവങ്ങളുണ്ട്.

കേരഫെഡിൽ പച്ചത്തേങ്ങ സംഭരണവുമായി ബന്ധപ്പെട്ട് 61 ആർബിട്രേഷൻ കേസ്സുകളുണ്ട്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. അങ്ങനെ കേസ്സുകളിലേയ്ക്ക് എത്തിയതുകൊണ്ട് ഒരുപാട് നിബന്ധനകൾ ഞങ്ങൾ വച്ചിട്ടുണ്ട്. ശേഖരിക്കുന്ന നാളികേരത്തിന്റെ എണ്ണത്തിന്റെ കാര്യം പറഞ്ഞു. അത് ശരിയാണ്. ഞങ്ങൾ പല തവണ ശ്രമിച്ചു. ചിറ്റൂർ, കോഴിക്കോട്, പാലക്കാട് മേഖലകളിലും പഴയ കണക്കനുസരിച്ച് ഒരു തെങ്ങിൽനിന്നും ലഭിക്കുന്ന നാളികേരത്തിന്റെ എണ്ണം 36 ആയിരുന്നു. അതിപ്പോൾ 50 നാളികേരം ശേഖരിക്കാൻ തുടങ്ങി. കേരളത്തിൽ നൂറും നൂറ്റിയമ്പതും ഇരുനൂറും നാളികേരം ലഭിക്കുന്ന തെങ്ങുകളുണ്ട്. കേരളത്തിലെ എല്ലാ മേഖലകളിൽനിന്നും ഒരുപോലെയല്ല നാളികേരം ശേഖരിക്കുന്നത്. കേരളത്തിൽ എല്ലായിടത്തും ഒരുപോലെയാക്കിയാൽ പുറത്തുനിന്നും നാളികേരം ഇവിടേയ്ക്ക് കൊണ്ടുവന്ന് ഈ വിലയില്ലാത്ത സ്ഥലങ്ങളിൽ എത്തിക്കാനുള്ള സാഹചര്യമുള്ളതുകൊണ്ട് പഴുതുകളടച്ച്, മുൻകാലങ്ങളിൽ അങ്ങ് മഹത്വപൂർവ്വം പറഞ്ഞ നാളികേര സംഭരണത്തിന്റെ ഭാഗത്തുണ്ടായ കേസ്സുകളുടെയും അതിന്റെ അനുഭവത്തിന്റെയും പശ്ചാത്തലത്തിൽനിന്നുകൊണ്ട് നാം ചില നിബന്ധനകൾ

ഏർപ്പെടുത്തിയിട്ടുണ്ട്. അവിടെയും കർഷകൻ കൊണ്ടുവരുന്ന നാളികേരം 50-ൽനിന്നും 51 ആയാലും എടുക്കാൻ സാധിക്കണം. അങ്ങനെ കർഷകൻ ഒന്നോ പത്തോ നാളികേരവുമായി തിരികെ പോകുന്ന സാഹചര്യം നല്ലതല്ല. അതിന് സാധ്യമായ കാര്യങ്ങൾ ചെയ്യണമെന്ന് പരിശോധിച്ച് ആ നാളികേരം അവിടങ്ങളിൽ സംഭരിക്കണമെന്ന നിർദ്ദേശമാണ് നൽകിയിട്ടുള്ളത്. എവിടെയെങ്കിലും ഇക്കാര്യത്തിൽ പോരായ്മകളുണ്ടെങ്കിൽ തിരുത്തുന്നതിന് തയ്യാറാണ്. കാരണം കൃഷിക്കാരന് ഈ സഹായം എത്തണമെന്ന നയം തന്നെയാണ് സർക്കാരിനുള്ളത്. അതുകൊണ്ട് ഒരു കാര്യത്തിലും അതിലൊരു വിട്ടുവീഴ്ചയുണ്ടാകില്ല. ഇൻഷ്വറൻസുമായി ബന്ധപ്പെട്ട് കാര്യങ്ങൾ പറഞ്ഞു. കാലാവസ്ഥയുടെ പ്രശ്നം വളരെ വലുതാണ്. പരമ്പരാഗതമായ കാലാവസ്ഥാ കലണ്ടറിന് മാറ്റമുണ്ടായി. സ്മാർട്ട് വിള ഇൻഷ്വറൻസിലേയ്ക്ക് കേരളം നടന്നടുക്കുകയാണ്. കേരളത്തിലെ കർഷകർക്ക് പരമാവധി സഹായകമാകുന്ന വിധത്തിലുള്ളൊരു ഇൻഷ്വറൻസ് പരിപാടി നടപ്പിലാക്കുന്ന തരത്തിലേയ്ക്കെത്തും. പട്ടയഭൂമിയിലെ കൃഷി ഇപ്പോൾത്തന്നെ ഇൻഷ്വർ ചെയ്യാൻ കഴിയുന്നുണ്ട്. അതിനായി സ്ഥലമുടമ നൽകുന്ന സമ്മതപത്രം മാത്രമാണ് വേണ്ടത്.

"ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന പദ്ധതിക്കായി പ്രത്യേക ജീവനക്കാരും പണവുമൊന്നുമില്ല, കൃഷിഭവനുകളുടെ ചില ബുദ്ധിമുട്ടുകളും പ്രയാസങ്ങളുമൊക്കെയുണ്ട്. കൊച്ചി കോർപ്പറേഷൻ അതിന്റെ ഉദാഹരണമാണ്. വിശാലമായ കൊച്ചിയിൽ ഒരു കൃഷിഭവനും അവിടെ വളരെ കുറച്ച് ഉദ്യോഗസ്ഥരും മാത്രമേയുള്ളൂ. മിക്കവാറും എല്ലാ കൃഷിഭവനുകളിലും മൂന്നും നാലും ഉദ്യോഗസ്ഥർ മാത്രമാണുള്ളത്. അത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ കാര്യങ്ങളൊക്കെ ആലോചിക്കും. വൈപ്പിനിലെ കാര്യം സംബന്ധിച്ച വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. അവിടെയൊക്കെ എന്തെല്ലാം ചെയ്യാൻ കഴിയുമെന്നുള്ളത് സംബന്ധിച്ച് നമുക്ക് ആലോചിക്കാവുന്നതാണ്.

നെഗറ്റീവായ സമീപനത്തോടുകൂടി ഇങ്ങനെയുള്ള കാര്യങ്ങളെ കാണരുതെന്നാണ് എനിക്ക് വിനയപൂർവ്വം പറയാനുള്ളത്. ഈ സഭയിലെ 99% പേരും ഇതിനെ പോസിറ്റീവായിത്തന്നെയാണ് കണക്കാക്കുന്നത്. എന്തിനാണ് പന്തളത്ത് കരിമ്പിനുവേണ്ടി ഒരു ഡെപ്യൂട്ടി ഡയറക്ടർ ഇരിക്കുന്നതെന്ന് ചിലപ്പോൾ നിങ്ങൾക്കെല്ലാം തോന്നുമായിരിക്കാം. ചിലപ്പോൾ അത് ശരിയാണോയെന്നും തോന്നുമായിരിക്കാം. ഞാൻ ആരെ

വേണമെങ്കിലും കൂട്ടിക്കൊണ്ട് പോകാം. എന്റെ നാട് അവിടെയാണ്. ബഹുമാനപ്പെട്ട, ചെയറിലിരിക്കുന്ന അങ്ങയുടെ മണ്ഡലമാണല്ലോ; അങ്ങേയ്ക്ക് അറിയാമല്ലോ. സമൃദ്ധമായി വിളഞ്ഞുനിൽക്കുന്ന കരിമ്പുപാടമുള്ള ഒരു ഫാമാണ് പന്തളത്തെ സ്റ്റേറ്റ് സീഡ് ഫാം. അവിടെ കരിമ്പ് കൃഷി ചെയ്യുന്നുണ്ട്, കരിമ്പ് എടുക്കുന്നുണ്ട്, ശർക്കരയാക്കുന്നുണ്ട്. 'പന്തളം ശർക്കര' എന്നപേരിൽ വിപണിയിൽ എത്തിക്കുന്നുണ്ട്. കേരളത്തിലെ പ്രമുഖരായ ആയുർവ്വേദ സ്ഥാപനങ്ങൾ അതിനുവേണ്ടി വന്നുനിൽക്കുകയാണ്. അവരുടെ ഓർഡറുകൾ തൃപ്തിപ്പെടുത്താൻ കഴിയുന്നില്ല എന്നുള്ളതാണ് വസ്തുത. എന്തുകൊണ്ടാണ് ഓരോരുത്തർ അങ്ങനെയൊക്കെ പറയുന്നതെന്ന് എനിക്കറിയില്ല. അങ്ങനെ ഒരു 'കൃഷി വകുപ്പ് വിരുദ്ധ ബാധ കയറിയതുപോലെ' വരുന്നത് ശരിയായ കാര്യമല്ല എന്നുമാത്രമേ എനിക്ക് വിനയപൂർവ്വം, എല്ലാ ബഹുമാനങ്ങളും നിലനിർത്തിക്കൊണ്ട് പറയാനുള്ളൂ. മദ്യപിക്കുന്നവർക്ക് മാത്രമേ മദ്യത്തെ കുറിച്ച് പറയാൻ കഴിയൂ എന്ന് ചോദിക്കുന്നവരോട്, അവിടെ നെൽകൃഷിയില്ല. അവിടെ എന്തിനാണ് ഓഫീസ്; വയലിന്റെ നടുക്ക് ഓഫീസ് സ്ഥാപിക്കാൻ പറ്റുമോ; അതിന് സൗകര്യമുള്ളിടത്തല്ലേ അത് സ്ഥാപിക്കാൻ കഴിയുകയുള്ളൂ.

ഇങ്ങനെയൊക്കെയല്ല ഇത്തരം കാര്യങ്ങളെ കാണേണ്ടത്. വളരെ പോസിറ്റീവായും നമ്മുടെ നാട്ടിലെ ജനങ്ങളുടെ ജീവിതത്തിന്റെയും ആരോഗ്യത്തിന്റെയും പ്രശ്നമായും ഇതിനെ കാണണം. കൃഷിയിലേയ്ക്ക് ഇറങ്ങുന്ന ഒരാൾ നഷ്ടപ്പെട്ട് പോകുന്ന തരത്തിലേയ്ക്ക് എത്തുകയും ചെയ്യരുത്. ആരെങ്കിലും മോശപ്പെട്ടവരുണ്ടെങ്കിൽ അവർക്കെതിരെ അതിനനുസരിച്ചുള്ള നിലപാടുകൾ സ്വീകരിക്കാവുന്നതേയുള്ളൂ. നമ്മളെല്ലാവരും ചേർന്നുനിന്നാൽ കേരളത്തിന്റെ കാർഷിക മേഖല... ഓരോ കുടുംബത്തിന്റെയും ജീവിതവുമായി ബന്ധപ്പെട്ട്, നമ്മുടെ കുഞ്ഞുങ്ങൾക്കെങ്കിലും മാരകമായ രോഗങ്ങൾ ഉണ്ടാകാതിരിക്കാൻപാകത്തിൽ നമ്മളെല്ലാം ഒന്ന് മുൻകയ്യെടുത്താൽ... ഞാൻ ബഹുമാനപ്പെട്ട എം.എൽ.എ.-മാരോട് വീണ്ടും പറയുന്നു, ധനാഭ്യർത്ഥന പാസ്സാക്കുമെന്നത് നമുക്കറിയാം. സഭയുടെ രീതിയനുസരിച്ച് അത് പാസ്സാക്കും. ഞാൻ വീണ്ടും പറയുന്നു, "ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന പദ്ധതിയുടെ ഭാഗമായി നിങ്ങൾ നിങ്ങളുടെ മണ്ഡലത്തിൽ പ്രത്യേകമായിട്ടോ അല്ലാതെയോ മറ്റ് ജനപ്രതിനിധികളെയെല്ലാം വിളിച്ചുകൂട്ടികൊണ്ട് അത്തരമൊരു പരിപാടി സംഘടിപ്പിക്കണം. ഞങ്ങൾ പഞ്ചായത്ത് പ്രസിഡന്റുമാരെ വിളിച്ചുകൂട്ടി. തദ്ദേശസ്വയംഭരണം, ഗ്രാമവികസനം,

എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററാണ് ആ പരിപാടി ഉദ്ഘാടനം ചെയ്തത്. ഈ കോവിഡിന്റെ കാലത്ത് ആദ്യമായിട്ടാണ് പഞ്ചായത്ത് അങ്ങനെയൊരു മീറ്റിംഗ് കൂടുന്നത്. എല്ലാ പാർട്ടികളുടെയും പഞ്ചായത്ത് പ്രസിഡന്റുമാർ ഉണ്ടായിരുന്നു. ഒരു കക്ഷി വ്യത്യാസത്തിന്റെയും പ്രശ്നം അവിടെയുണ്ടായില്ല. വളരെ സൗഹൃദപരമായും ആത്മാർത്ഥതയോടെയും സന്തോഷത്തോടെയും ആവേശത്തോടെയുമാണ് അവർ ആ പരിപാടിയെ ഏറ്റുവാങ്ങിയത്. നമുക്കുള്ള പ്രശ്നങ്ങളെല്ലാം അഭിമുഖീകരിച്ചുകൊണ്ടുതന്നെ നമുക്ക് നന്നായി മുന്നോട്ടുപോകാൻ കഴിയും. അതിന് എല്ലാവരുടെയും പിന്തുണകൂടി ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് ഞാൻ വിനയപൂർവ്വം അപേക്ഷിക്കുന്നു.

<u>ധനാഭ്യർത്ഥന നമ്പർ XX- ശുദ്ധജലവിതരണവും ശുചീകരണവും</u>

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: സർവ്വശ്രീ എ. പി. അനിൽ കുമാർ, ടി. വി. ഇബ്രാഹിം, മഞ്ഞളാംകുഴി അലി, പി. അബ്ദുൽ ഹമീദ്, കെ. പി. എ. മജീദ്, സി. ആർ. മഹേഷ്, പി. കെ. ബഷീർ, എം. വിൻസെന്റ്, കുറുക്കോളി മൊയ്തീൻ, നജീബ് കാന്തപുരം, സജീവ് ജോസഫ്, എ. കെ. എം. അഷ്റഫ്,

സനീഷ്കുമാർ ജോസഫ്, എൽദോസ് പി. കുന്നപ്പിള്ളിൽ, പി. ഉബൈദുള്ള, എൻ. എ. നെല്ലിക്കുന്ന്, അനൂപ് ജേക്കബ്, സണ്ണി ജോസഫ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, അൻവർ സാദത്ത്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. മാത്യു കുഴൽനാടൻ, ശ്രീമതി കെ. കെ. രമ, ശ്രീമതി ഉമ തോമസ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ആരും പ്രസ്സ് ചെയ്തില്ല)

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXIX- കൃഷി

മി. ഡെപ്യൂട്ടി സ്പീക്കർ: സർവ്വശ്രീ സി. ആർ. മഹേഷ്, പി. ഉബൈദുള്ള, സജീവ് ജോസഫ്, സണ്ണി ജോസഫ്, കുറുക്കോളി മൊയ്തീൻ, എ. പി. അനിൽ കുമാർ, സനീഷ്കുമാർ ജോസഫ്, എ. കെ. എം. അഷ്റഫ്, മഞ്ഞളാംകുഴി അലി, പി. അബ്ദുൽ ഹമീദ്, പി. കെ. ബഷീർ, ടി. വി. ഇബ്രാഹിം, എൻ. എ. നെല്ലിക്കുന്ന്, നജീബ് കാന്തപുരം, കെ. പി. എ. മജീദ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, അനൂപ് ജേക്കബ്, അൻവർ സാദത്ത്, എം. വിൻസെന്റ്, എൽദോസ് പി. കുന്നപ്പിള്ളിൽ, ഡോ. മാത്യു കുഴൽനാടൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി ഉമ തോമസ്,

ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXIX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ആരും പ്രസ്സ് ചെയ്തില്ല)

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u> സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXVIII- ജലസേചനം

മി. ഡെപ്യൂട്ടി സ്പീക്കർ: സർവ്വശ്രീ ടി. വി. ഇബ്രാഹിം, പി. അബ്ദുൽ ഹമീദ്, എ. പി. അനിൽ കുമാർ, സജീവ് ജോസഫ്, മഞ്ഞളാംകുഴി അലി, എൻ. എ. നെല്ലിക്കുന്ന്, നജീബ് കാന്തപുരം, എം. വിൻസെന്റ്, എ. കെ. എം. അഷ്റഫ്, പി. ഉബൈദുള്ള, കെ. പി. എ. മജീദ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, പി. കെ. ബഷീർ, അനൂപ് ജേക്കബ്, കുറുക്കോളി മൊയ്തീൻ, സണ്ണി ജോസഫ്, അൻവർ സാദത്ത്, എൽദോസ് പി. കുന്നപ്പിള്ളിൽ, സനീഷ്കുമാർ ജോസഫ്, സി. ആർ. മഹേഷ്, ഡോ. മാത്യു കുഴൽനാടൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി ഉമ തോമസ്, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ആരും പ്രസ്സ് ചെയ്തില്ല)

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u> സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**അപരാഹ്ന സമ്മേളനം**

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2022-23 | | | | |
|---|---|---|---|---|---|---|
| | | 18.03.2022-ന് സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) | (6) | (7) |

| | | | | | | |
|---|---|---|---|---|---|---|
| XXVII | സഹകരണം | 149,43,74,000 | 34,69,30,000 | 298,87,47,000 | 69,38,60,000 | 368,26,07,000 |
| XXIX | കൃഷി | 1069,02,08,000 | 97,44,90,000 | 2138,04,17,000 | 194,89,79,000 | 2332,93,96,000 |

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയെയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടുകളുടെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇനി പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

## ധനാഭ്യർത്ഥന നമ്പർ XXVII- സഹകരണം

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, സഹകരണം എന്ന XXVII-ാം നമ്പർ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000 രൂപ ഒരു

രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംരംഭകത്വ പ്രോത്സാഹനത്തിനായി സഹകരണ മേഖലയിൽ പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിൽ ആധുനികവത്കരണവും പ്രൊഫഷണലിസവും നടപ്പാക്കി മികച്ച സേവനത്തിന് പര്യാപ്തമാക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സഹകരണമേഖലയെ ദോഷകരമായി ബാധിക്കുന്ന ബാങ്കിംഗ് റെഗുലേഷൻ ആക്റ്റിലെ ഭേദഗതികൾ സംബന്ധിച്ച് കേന്ദ്രസർക്കാരിനെ ബോധ്യപ്പെടുത്തി പരിഹാരം കാണേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കോവിഡും പ്രകൃതിക്ഷോഭവുംമൂലം വൻതോതിൽ വിളനാശമുണ്ടായ സാഹചര്യത്തിൽ കാർഷിക സഹകരണ സംഘങ്ങളിൽ നിന്നുമെടുത്തിട്ടുള്ള കാർഷിക വായ്പകൾ എഴുതി തള്ളുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ സഹകരണ ബാങ്കുകളിൽ നിന്നെടുത്ത ലോണുകൾ തിരിച്ചടയ്ക്കുന്നതിന് കൂടുതൽ സാവകാശം അനുവദിക്കുവാൻ നടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള

368,26,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കേരളബാങ്ക് രൂപീകരണത്തെ തുടർന്ന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെയും വായ്പാ സംഘങ്ങളുടെയും പ്രവർത്തനത്തിൽ പ്രതിസന്ധി ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നിക്ഷേപങ്ങളുടെ പലിശയ്ക്ക് ആദായനികുതി അടയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരളബാങ്ക് സഹകരണ ബാങ്കുകൾക്ക് നോട്ടീസ് അയച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കരുവന്നൂർ സഹകരണ ബാങ്ക് ക്രമക്കേടിനുശേഷവും സഹകരണ മേഖലയിൽ സമാനമായ ക്രമക്കേടുകൾ

നടക്കുന്നത് തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സാമൂഹ്യ ക്ഷേമ പെൻഷനും കെ.എസ്.ആർ.ടി.സി. പെൻഷനും വിതരണം ചെയ്യുന്ന സഹകരണ സംഘങ്ങൾ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഫണ്ട് മാനേജ്മെന്റ് ദുർവിനിയോഗവും സാമ്പത്തിക അച്ചടക്കമില്ലായ്മയും കാരണം സഹകരണ സംഘങ്ങളിൽ ഉണ്ടാകുന്ന ക്രമക്കേടുകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കേരള ബാങ്കിൽനിന്നും എടുത്ത ലോൺ പൂർണ്ണമായി തിരിച്ചടച്ച വ്യക്തിയെ ബാങ്കിന്റെ പരാതിയിൽ അറസ്റ്റ് ചെയ്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സഹകരണ മേഖലയിലെ ജനാധിപത്യപരമായ തെരഞ്ഞെടുപ്പ് അട്ടിമറിക്കാൻ സർക്കാർ ഇടപെടൽ നടത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സഹകരണ സംഘങ്ങളിൽ ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികളെ പിരിച്ചുവിട്ടുകൊണ്ട്

അഡ്മിനിസ്ട്രേറ്റർമാരെ ഉപയോഗിച്ച് ഭരണം പിടിച്ചെടുക്കാൻ ശ്രമിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സഹകരണ മേഖലയിലെ രാഷ്ട്രീയ ഇടപെടലുകൾ അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സഹകരണ ബാങ്കുകളിലെ ക്രമക്കേടുകൾ കണ്ടെത്തിയാൽ ക്രിമിനൽ കുറ്റമായി കേസ്സെടുക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് കൂടുതൽ നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കെയർ ഹോം പദ്ധതി നടപ്പാക്കുന്നതിലെ വീഴ്ചകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടയുന്നതിന് കൂടുതൽ കൺസ്യൂമർ

സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സഹകരണ ബാങ്കുകളിൽ നിന്നെടുത്ത വായ്പാകുടിശ്ശിക ഒടുക്കുന്നതിന് സാവകാശം നല്കാത്തതുമൂലം ആത്മഹത്യ പോലുള്ള സംഭവങ്ങൾ ഉണ്ടാകുന്നത് ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സഹകരണ ബാങ്കുകളിലെ സ്വർണ്ണപ്പണയ തട്ടിപ്പ് തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കേരള ബാങ്കിൽ ലയിക്കാതെ മാറി നിൽക്കുന്നു എന്നതിന്റെ പേരിൽ മലപ്പുറം ജില്ലാ സഹകരണ ബാങ്കിന് നബാർഡിന്റെയും മറ്റും ആനുകൂല്യങ്ങൾ കാർഷിക മേഖലയിൽ നൽകാതിരിക്കാൻ ശ്രമിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കണ്ടല സഹകരണ ബാങ്കിൽ നടന്നതായി പറയപ്പെടുന്ന തട്ടിപ്പ് സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്തണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കാർഷിക വിപണനമേഖലയെ ശക്തിപ്പെടുത്തുന്നതിന് പ്രാഥമിക വിപണന സഹകരണ സംഘങ്ങൾക്ക്

വായ്പ നൽകണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

<u>ശ്രീമതി കെ. കെ. രമ</u>: സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ധനാഭ്യർത്ഥന നമ്പർ XXXIV- വനം</u>

<u>നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ</u>

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വനനശീകരണം തടയുന്നതിനുള്ള ഫലപ്രദമായ നടപടികൾ സംബന്ധിച്ചും വന്യമൃഗങ്ങളുടെ ആവാസവ്യവസ്ഥയെ തകർക്കുന്ന ഇടപെടലുകൾ ഒഴിവാക്കേണ്ടത് സംബന്ധിച്ചും ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ കമ്മ്യൂണിറ്റി റിസർവ്വ് പ്രദേശങ്ങൾ അളന്ന് തിട്ടപ്പെടുത്താത്തതിനാൽ കണ്ടൽ ചെടികൾ വ്യാപിച്ചു കിടക്കുന്ന ജനവാസമേഖലയിലെ ഭൂമിക്ക് പട്ടയം ലഭിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വനസംരക്ഷണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മുട്ടിൽ മരംമുറി കേസ്സിൽ

കുറ്റക്കാരാണെന്ന് കണ്ടെത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പ്രകൃതിദത്ത വനങ്ങളുടെ സംരക്ഷണത്തിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കാട്ടുതീമൂലം വനശോഷണം സംഭവിക്കുന്നത് തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപ ഒരു

രൂപയായി കുറവു ചെയ്യേണ്ടതാണ് (സാമൂഹ്യവനവൽക്കരണത്തിന്റെ പേരിൽ നടക്കുന്ന ക്രമക്കേടുകൾ അന്വേഷിച്ച് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഉൾവനങ്ങളിൽ നടക്കുന്ന കഞ്ചാവ് കൃഷി ഉൾപ്പെടെയുള്ള അനധികൃത പ്രവർത്തനങ്ങൾ തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ജണ്ട കെട്ടി വനാതിർത്തി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഡിജിറ്റൽ സർവ്വേവഴി വനാതിർത്തി നിർണ്ണയിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഗുരുതരമായ വംശനാശഭീഷണി നേരിടുന്ന ജീവിവർഗ്ഗങ്ങളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതികളെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വന്യജീവി സങ്കേതങ്ങൾക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ പരിസ്ഥിതിലോല മേഖല നിർണ്ണയിക്കണമെന്ന സുപ്രീംകോടതി വിധി മലയോര കർഷകരെ ഭീതിയിലാക്കിയതായി

പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വന്യജീവി സങ്കേതങ്ങൾക്കും ദേശീയ ഉദ്യാനങ്ങൾക്കും ചുറ്റുമുള്ള ഒരു കിലോമീറ്റർ പ്രദേശം ബഫർ സോണായി പ്രഖ്യാപിക്കണമെന്ന സുപ്രീംകോടതി വിധിയെത്തുടർന്ന് ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്കകൾ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ബഫർ സോൺ വിധി മലയോര ജനവാസമേഖലയെ ബാധിക്കാതിരിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (അയൽ സംസ്ഥാനങ്ങളിലെ വന്യജീവി സങ്കേതങ്ങളുടെയും ദേശീയ ഉദ്യാനങ്ങളുടെയും ബഫർ സോണിൽ വരുന്ന കേരളത്തിലെ ജനവാസ മേഖലകളെ അതിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കേരളത്തിലെ ജനവാസ മേഖലകൾ പൂർണ്ണമായും വന്യജീവി സങ്കേതങ്ങളുടെയും ദേശീയ ഉദ്യാനങ്ങളുടെയും ബഫർ സോൺ പരിധിയിൽ നിന്ന് ഒഴിവാക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വന്യജീവി സങ്കേതങ്ങളുടെയും ദേശീയ

ഉദ്യാനങ്ങളുടെയും ബഫർ സോണിൽ നിന്ന് ജനവാസ മേഖലകൾ ഒഴിവാക്കാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഇതര സംസ്ഥാനങ്ങളിലെ വന്യജീവി സങ്കേതങ്ങളുടെയും ദേശീയ ഉദ്യാനങ്ങളുടെയും ബഫർ സോൺ പരിധിയിൽ വരുന്നത് ഉൾപ്പെടെ കേരളത്തിലെ ജനവാസമേഖലകളെ എക്കോ സെൻസിറ്റീവ് സോണിൽ നിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പരിസ്ഥിതിലോല മേഖല സംബന്ധിച്ച സുപ്രീം കോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന

വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വന്യജീവികൾ ജനവാസമേഖലകളിലിറങ്ങി ജീവനും സ്വത്തിനും നാശനഷ്ടമുണ്ടാക്കുന്ന സംഭവങ്ങൾ തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കാട്ടാനകൾ നാട്ടിലിറങ്ങി കൃഷി നശിപ്പിക്കുന്നതും കാട്ടാന ആക്രമണത്തിൽ ആളുകൾ കൊല്ലപ്പെടുന്നതും തടയുന്നതിന് നടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപ ഒരു

രൂപയായി കുറവു ചെയ്യേണ്ടതാണ് (ജനവാസമേഖലകളെ ദോഷകരമായി ബാധിക്കാതെ മംഗളവനം സംരക്ഷിക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിക്കുന്നു.

1. ശ്രീ. എം. വിൻസന്റ്
2. ഷാഫി പറമ്പിൽ
3. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
4. ശ്രീമതി കെ. കെ. രമ

**ചർച്ച**

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. രാജ്യത്ത് ജനങ്ങൾ ശക്തരാകുന്നത് അർത്ഥവത്തായ ജനാധിപത്യത്തിലൂടെയാണ്. സഹകരണ പ്രസ്ഥാനം ഉയർന്നുനിൽക്കുന്നതും ജനാധിപത്യ മൂല്യങ്ങളിലാണ്. ജനങ്ങളെ കേന്ദ്ര സ്ഥാനത്ത് പ്രതിഷ്ഠിക്കുന്ന പരസ്പരപൂരകങ്ങളായ രണ്ട് വ്യവസ്ഥിതികളെ സർക്കാരിന്റെ വികസന-ക്ഷേമ പ്രവർത്തനങ്ങളിലേയ്ക്ക് സമന്വയിപ്പിച്ചതുമൂലം രൂപപ്പെട്ട സിനർജിയിലൂടെ നേട്ടങ്ങളുടെയും നവാനുഭവങ്ങളുടെയും അഭിമാനകരമായ 6 വർഷങ്ങളാണ് കേരളത്തിലെ സഹകരണ പ്രസ്ഥാനം നമ്മുടെ നാടിന് സമ്മാനിച്ചത്. സംസ്ഥാനത്തിന്റെ സുസ്ഥിര വികസന സങ്കൽപ്പങ്ങൾ സാക്ഷാത്കരിക്കുക എന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രഖ്യാപിത ലക്ഷ്യത്തിനനുരോധമായി ബോധപൂർവ്വമായ ഇടപെടലുകളാണ് ഒന്നാം പിണറായി വിജയൻ ഗവൺമെന്റും ഇപ്പോൾ രണ്ടാം പിണറായി വിജയൻ ഗവൺമെന്റും സഹകരണ മേഖലയിൽ നടത്തിയിട്ടുള്ളത്. ഇന്ന് നമ്മുടെ നാടിന്റെ സമസ്ത മേഖലകളിലും നിറഞ്ഞുനിൽക്കുന്ന ഏറ്റവും കരുത്തുറ്റ ജനകീയ പ്രസ്ഥാനമാണ് സഹകരണ മേഖല. സഹകരണ പ്രസ്ഥാനത്തിന്റെ

വളർച്ചയും വികാസവും സാധാരണ ജനങ്ങളുടെ ജീവിതത്തിലാണ് കൂടുതൽ വെളിച്ചം പരത്തുന്നത്.

കഴിഞ്ഞ ആറ് വർഷത്തെ ഈ മേഖലയിലെ പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ ഏവർക്കുമത് മനസ്സിലാകും. ഇക്കഴിഞ്ഞ കാലയളവിലെ ഏറ്റവും ശ്രമകരമായ ദൗത്യം കേരള ബാങ്കിന്റെ രൂപീകരണമായിരുന്നു. 2019 നവംബർ മാസം 29-ാം തീയതിയാണ് 13 ജില്ലാ സഹകരണ ബാങ്കുകളെ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിച്ചത്. ആദ്യസാമ്പത്തിക വർഷത്തിൽ നാലുമാസവും ഇപ്പോൾ രണ്ട് പൂർണ്ണ സാമ്പത്തിക വർഷങ്ങളും ബാങ്ക് പൂർത്തീകരിച്ചു. ബാങ്കിന്റെ നിലവിലെ സാമ്പത്തികസ്ഥിതി വളരെ മെച്ചപ്പെട്ടതാണ്. 31-03-2020-ൽ 61,037 കോടി രൂപ നിക്ഷേപമുണ്ടായിരുന്നുവെങ്കിൽ ഇപ്പോൾ 69,907 കോടി രൂപയായി വളരുകയും വായ്പകൾ 40,156 കോടി രൂപയായിരുന്നത് 40,950 കോടി രൂപയായി മാറിയിട്ടുമുണ്ട്. 2020-ൽ മൊത്തം ബിസിനസ്സ് 1,01,194 കോടി രൂപയായിരുന്നത് ഇപ്പോൾ 1,10,857 കോടി രൂപയെന്ന നിലയിലേയ്ക്ക് മാറിയിട്ടുണ്ട്. 2022 സാമ്പത്തിക വർഷത്തിൽ പ്രവർത്തനലാഭം 77 കോടി രൂപയാണ്. നിഷ്ക്രിയ ആസ്തി

15.26 ശതമാനമായിരുന്നത് 13.30 ശതമാനമായി കുറച്ചുകൊണ്ടുവരാൻ ഈ കാലയളവിൽ ബാങ്കിന് കഴിഞ്ഞിട്ടുണ്ട്. ക്രമാനുഗതമായുള്ള വളർച്ചയാണ് ബാങ്കിന്റെ നിക്ഷേപത്തിലും വായ്പയിലും മൊത്തം ബിസിനസ്സിലും ഉണ്ടായിട്ടുള്ളത്. ബാങ്ക് ശക്തമായ മൂലധന അടിത്തറയിലെത്തുകയും രൂപീകരണശേഷമുള്ള മൂന്ന് സാമ്പത്തിക വർഷങ്ങളിലും പ്രവർത്തനലാഭം നേടുകയുമുണ്ടായി. ഇതിനെല്ലാമുപരി കേരള ബാങ്ക് രൂപീകരണംകൊണ്ട് എന്താണ് നേട്ടമെന്ന് ചോദിക്കുന്നവരോട് ഒരു മറുപടിയേയുള്ളൂ, കേരളത്തിലെ ജനകീയ ബാങ്കിംഗ് മേഖല തകരാതെ മുന്നോട്ടുപോകാൻ അവസരമൊരുക്കി എന്നതാണ്. കേരള ബാങ്ക് വന്നില്ലായിരുന്നുവെങ്കിൽ ഇപ്പോൾ അഞ്ചോ ആറോ ജില്ലാ ബാങ്കുകൾ റിസർവ് ബാങ്ക് ലൈസൻസ് നഷ്ടപ്പെട്ട് തകർച്ചയെ നേരിടുമായിരുന്നു. ബാങ്കിന്റെ പ്രധാന കടമെടുപ്പ് നബാർഡിൽ നിന്നുള്ള കാർഷിക പുനർവായ്പയാണ്. ഈ ഇനത്തിൽ 2022 മാർച്ച് 31 പ്രകാരം 9,000 കോടി രൂപയുണ്ട്. കേരള ബാങ്ക് രൂപീകരണത്തിനുമുമ്പ് കേരളത്തിന് ഈ ഇനത്തിൽ ലഭിക്കുമായിരുന്ന സംഖ്യ കേവലം 3,000 കോടി രൂപയിൽ താഴെയായിരുന്നു. ഇതാണ് രണ്ട് വർഷംകൊണ്ട് മൂന്ന് മടങ്ങായി വർദ്ധിച്ചത്. കേരളത്തിലെ കർഷകരിലേയ്ക്ക്

ഇത്രയും പണം ചുരുങ്ങിയ പലിശയ്ക്ക് കൂടുതലായി എത്തിച്ചേർന്നു. ഇതെല്ലാം പ്രതിപക്ഷം കണ്ണുതുറന്ന് കാണണം.

കേരള ബാങ്കിലൂടെ മലപ്പുറം ജില്ലയ്ക്ക് ലഭിക്കുമായിരുന്ന കർഷകർക്കുള്ള സബ്സിഡി വായ്പയുൾപ്പെടെ നിരവധി ആനുകൂല്യങ്ങൾ ഇപ്പോൾ നഷ്ടപ്പെടുകയാണ്. PACS-കളെ മൾട്ടി സർവ്വീസ് സെന്ററുകളാക്കുന്നതിന് നബാർഡിലൂടെ നടപ്പാക്കുന്ന PACS-MSC Scheme-ഉം മലപ്പുറം ജില്ലയിലെ PACS-കൾക്ക് നഷ്ടപ്പെട്ടിരിക്കുകയാണ്. രാഷ്ട്രീയ തിമിരത്താൽ മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ കേരള ബാങ്കിൽനിന്നും അകറ്റിനിർത്തിയ കോൺഗ്രസും ലീഗും മലപ്പുറത്തെ ജനതയോടും സഹകാരികളോടും കർഷകരോടും നിങ്ങൾക്ക് പറ്റിയ തെറ്റ് ഏറ്റുപറഞ്ഞ് എത്രയുംവേഗം മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ കേരള ബാങ്കുമായി ലയിപ്പിക്കണമെന്നാണ് ഈ വൈകിയ വേളയിൽ എനിക്ക് ആവശ്യപ്പെടാനുള്ളത്.

കോവിഡ് മഹാമാരി ഉയർത്തിയ പ്രതിസന്ധികളിലേയ്ക്കാണ് ബാങ്ക് മിഴിതുറന്നതെങ്കിലും നാട് നേരിട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ക്രിയാത്മകമായ പങ്കുവഹിക്കാൻ കേരള ബാങ്കിന് കഴിഞ്ഞു. തൊഴിലും ഉപജീവനമാർഗ്ഗവും നഷ്ടപ്പെട്ടവർക്ക് വായ്പാബന്ധിതമായ

തൊഴിൽപദ്ധതികൾ ആരംഭിക്കുന്നതിനും ബാങ്കിന് സാധിച്ചു. പുതിയ നിക്ഷേപ വായ്പാ പദ്ധതികൾ അവതരിപ്പിക്കുകയും അത് ജനങ്ങളിലെത്തിക്കുന്നതിൽ ഒരു പരിധിവരെ വിജയിക്കുകയും ചെയ്തു. ഇനിയാണ് കേരള ബാങ്ക് കുതിക്കാൻ പോകുന്നത്. അഞ്ച് കോർ ബാങ്കിംഗ് സോഫ്റ്റ്‌വെയറിൽ പ്രവർത്തിച്ചിരുന്ന 14 ബാങ്കുകളെ ഏകീകൃത സോഫ്റ്റ്‌വെയറിലേയ്ക്ക് മാറ്റുന്ന നടപടികളുടെ ഒന്നാംഘട്ടം പൂർത്തീകരിച്ചു. ഇക്കഴിഞ്ഞ ജൂലൈ 11-ാം തീയതി മുൻ സംസ്ഥാന സഹകരണ ബാങ്കിലെയും മുൻ കോട്ടയം ജില്ലാ സഹകരണ ബാങ്കിലെയും കോർ ബാങ്കിംഗ് സോഫ്റ്റ്‌വെയർ ഏകീകരിച്ച് പുതിയ പ്ലാറ്റ്‌ഫോമിൽ പ്രവർത്തനമാരംഭിച്ചു. ഇനിയുള്ള ഓരോ മാസങ്ങളിലും മൂന്നുനാല് ജില്ലകൾകൂടി ഇതിനോടൊപ്പം കൂട്ടിച്ചേർക്കപ്പെടും. ആധുനിക ബാങ്കിംഗ് സേവനങ്ങൾക്കായുള്ള Omni-Channel പ്രവർത്തനക്ഷമമാക്കുന്നതിന്റെ അന്തിമഘട്ടത്തിലാണ്. വരുന്ന ഡിസംബറിനകം ഈ നടപടികൾ പൂർത്തീകരിച്ച് പിണറായി ഗവൺമെന്റ് വിഭാവന ചെയ്ത പുതിയ തലങ്ങളിലേയ്ക്ക് കേരള ബാങ്ക് എത്തിച്ചേരും. അതിനുമുമ്പ് 2022 നവംബറിൽ നമ്മിലേയ്ക്ക് ഒരു സന്തോഷ വാർത്തകൂടി എത്തിച്ചേരുമെന്നാണ്

ഞാൻ പ്രതീക്ഷിക്കുന്നത്. International Co-operative Alliance പ്രസിദ്ധീകരിക്കുന്ന World Co-operative Monitor-ൽ കേരള ബാങ്കും അതിലൂടെ കേരളത്തിലെ സഹകരണ പ്രസ്ഥാനവും ഇടംപിടിക്കുമെന്നുള്ളതാണ് . സഹകരണ ധനകാര്യ സ്ഥാപനങ്ങളിൽ ആഗോളതലത്തിൽ കേരള ബാങ്ക് പത്തിൽ ഒരു സ്ഥാപനമാകുമെന്നുള്ള വിശ്വാസ്യയോഗ്യമായ വിവരങ്ങളാണ് ലഭിക്കുന്നത്; അതോടൊപ്പം ഏഷ്യയിലെ ഒന്നാമത്തെ ബാങ്കും നമ്മുടേതാകും. കേരള ബാങ്ക് എന്ന ഉദ്യമത്തിന് നേതൃത്വം നൽകിയ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയനും ഇടതുപക്ഷ സർക്കാരിനും കേരള ജനതയ്ക്കും തീർച്ചയായും ഇതിൽ അഭിമാനിക്കാം.

2018-ൽ കണ്ണൂരിൽ നടന്ന സഹകരണ കോൺഗ്രസ്സിലാണ് കേരളം ആദ്യമായി ഒരു സഹകരണ നയം അവതരിപ്പിക്കുന്നത്. തുടർന്ന് വിവിധ ചർച്ചകൾക്കുശേഷം സർക്കാർ അത് ഔദ്യോഗിക നയമായി അംഗീകരിച്ച് പ്രഖ്യാപിച്ചു. സുസ്ഥിരവികസന സങ്കല്പങ്ങളിലൂന്നിയാണ് നമ്മൾ സഹകരണനയം കൊണ്ടുവന്നിട്ടുള്ളത്. സൂക്ഷ്മമായി പരിശോധിച്ചാൽ സഹകരണ പ്രസ്ഥാനങ്ങളുടെ മൂല്യങ്ങളെയും തത്വങ്ങളെയും ആഗോള

കാഴ്ചപ്പാടുകളെയും സ്വാംശീകരിച്ച് പ്രവർത്തിക്കുന്ന ഒരു സഹകരണ മാതൃകയാണ് കേരളത്തിലേതെന്ന് കാണാൻ കഴിയും. 2016-ൽ അധികാരമേറ്റ ഒന്നാം പിണറായി സർക്കാർ കേരള പുനർനിർമ്മാണത്തിനും നവകേരള സൃഷ്ടിക്കുമായി ഈ പ്രസ്ഥാനത്തെ ഒന്നാകെ കർമ്മനിരതമാക്കി. അതിന്റെ തുടർച്ചയാണ് രണ്ടാം പിണറായി സർക്കാർ ഇന്ന് നടപ്പാക്കുന്നത്. സഹകരണ പ്രസ്ഥാനത്തിന് കരുത്തും വ്യാപ്തിയും ഇടപെടൽശേഷിയും, ഇടതുപക്ഷം വിഭാവനംചെയ്യുന്ന അർത്ഥതലങ്ങളിൽ സുസ്ഥിര-വികസിത നവകേരളത്തിനായി അടുത്ത 25 വർഷക്കാലവും പ്രയോജനപ്പെടുത്താനുള്ള പ്രവർത്തന പദ്ധതികൾക്കാണിപ്പോൾ ഗവൺമെന്റ് രൂപം നൽകിവരുന്നത്.

2030-ഓടെ ലോകം ആർജ്ജിക്കണമെന്ന് ആഗ്രഹിക്കുന്ന 17 സുസ്ഥിര വികസന ലക്ഷ്യങ്ങൾ ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചിട്ടുണ്ട്. സമ്പൂർണ്ണ ദാരിദ്ര്യ നിർമ്മാർജ്ജനം, വിശപ്പുരഹിത സമൂഹം, ആരോഗ്യമുള്ള ജനത, എല്ലാവർക്കും മികച്ച വിദ്യാഭ്യാസ സൗകര്യങ്ങൾ, ലിംഗസമത്വം, ശുദ്ധമായ കുടിവെള്ളവും ശുചിത്വസൗകര്യങ്ങളും, ചെലവുകുറഞ്ഞതും ശുദ്ധവുമായ ഊർജ്ജം, മാന്യമായ തൊഴിലും സാമ്പത്തിക വളർച്ചയും സുസ്ഥിരതയാർന്ന വ്യാവസായിക വളർച്ച, ഉത്തരവാദിത്തത്തോടുകൂടിയ ഉല്പാദനവും

ഉപഭോഗവും, ആവാസവ്യവസ്ഥ, പരിസ്ഥിതി സംരക്ഷണം തുടങ്ങിയവയാണ് ഇതിൽ പ്രധാനപ്പെട്ടവ. ഇപ്പറഞ്ഞ ലക്ഷ്യങ്ങളിലെല്ലാം നിലവിൽ കേരളമാർജ്ജിച്ച നേട്ടങ്ങൾ വളരെ വലുതാണ്. കൂടാതെ ശ്രീ. പിണറായി വിജയൻ സർക്കാർ ലക്ഷ്യമിടുന്ന മറ്റുചില സവിശേഷ നേട്ടങ്ങളാണ് എല്ലാവർക്കും വാസയോഗ്യമായ വീട്, ആയാസരഹിതമായ അതിവേഗ യാത്ര, എല്ലാ വീടുകളിലും ഇന്റർനെറ്റ് ലഭ്യത, വിജ്ഞാനാധിഷ്ഠിത സമൂഹം എന്നിവ. ആഗോള സഹകരണപ്രസ്ഥാനം മുന്നോട്ടുവയ്ക്കുന്ന നവലോകം എന്ന ആശയവും കേരളം മുന്നോട്ടുവയ്ക്കുന്ന നവകേരളം എന്ന ആശയവും പരസ്പരപൂരകങ്ങളാണ്. ഒരു കാര്യത്തിൽ മാത്രമേ വ്യത്യാസമുള്ളൂ; നമ്മളൊത്തു ശ്രമിച്ചാൽ ലക്ഷ്യം പൂർത്തീകരിക്കാൻ വേഗം കഴിയും; ലോകത്തിനത് കഴിയണമെങ്കിൽ ഒരുപാട് കടമ്പകൾ കടക്കണം. കാരണം ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം ലോകത്ത് അത്രമേൽ വലുതാണ്.

സഹകരണ ബാങ്കുകൾക്ക് ബദലായി സ്വകാര്യ മേഖലയിൽ വ്യാപകമായി പേമെന്റ് ബാങ്കുകളും സ്മാൾ ഫിനാൻസ് ബാങ്കുകളും അനുവദിക്കുകയാണ്. വിവിധകാരണങ്ങൾ ചൂണ്ടിക്കാട്ടി സഹകരണ

ബാങ്കുകളുടെ ലൈസൻസ് റദ്ദാക്കുകയോ സ്വകാര്യ സ്മാൾ ഫിനാൻസ് ബാങ്കുകൾക്ക് ഏൽപ്പിച്ചുകൊടുക്കുകയോ ചെയ്യുന്നു. ഇതിലേറ്റവും ഒടുവിലത്തെ ഉദാഹരണമാണ് യൂണിറ്റി സ്മാൾ ഫിനാൻസ് ബാങ്കിന് പഞ്ചാബ് ആൻഡ് മഹാരാഷ്ട്ര കോ-ഓപ്പറേറ്റീവ് ബാങ്ക് ഏല്പിച്ചുകൊടുത്ത നടപടി. പതുക്കെപ്പതുക്കെ കേരളത്തിലേയ്ക്കും ഇത്തരം നടപടികൾ കടന്നുവരാമെന്നുള്ളതിനാൽ സഹകാരികൾ ജാഗ്രതയോടെയിരിക്കേണ്ട സമയമാണിത്. നമ്മുടെ പ്രാദേശിക സാമ്പത്തിക സംവിധാനത്തിന്റെ ജീവനാഡിയായ സഹകരണ ബാങ്കിംഗ് മേഖലകൾ തകരുകയും ആ മേഖലയിലൂടെ കൈകാര്യം ചെയ്യപ്പെടുന്ന പണം സ്വകാര്യ ബാങ്കുകളിലും ധനകാര്യ സ്ഥാപനങ്ങളിലുമെത്തുകയും വേണം. ഈ ലക്ഷ്യം മുൻനിർത്തി നാട്ടിൽ കൊണ്ടുവന്നൊരു സംവിധാനമാണ് 'നിധി കമ്പനികൾ'. വർഗ്ഗീയതാൽപ്പര്യക്കാർ അതിനെ നിധി ബാങ്കെന്നും ഹിന്ദു ബാങ്കെന്നും പ്രചരിപ്പിച്ച് ജനങ്ങളെ വിഭജിക്കാനും ആകർഷിക്കാനുമാണ് ശ്രമിച്ചുവരുന്നത്. തിരുവനന്തപുരം ജില്ലയിൽ നിർമ്മൽ കൃഷ്ണയെന്ന നിധി കമ്പനി ഇതിനകം തകരുകയും ജനങ്ങളുടെ പണം നഷ്ടപ്പെടുകയും ചെയ്തു. 2021 സെപ്റ്റംബറിൽ കേന്ദ്ര സർക്കാർ കമ്പനികാര്യ വകുപ്പ് പുറത്തുവിട്ട

വാർത്താക്കുറിപ്പ് പ്രകാരം രാജ്യത്ത് രൂപീകരിക്കപ്പെട്ട ഒരു നിധി കമ്പനിയും മാനദണ്ഡങ്ങൾ പാലിക്കുന്നില്ലെന്നും ജനങ്ങൾ നിക്ഷേപങ്ങൾ നടത്തുമ്പോൾ സൂക്ഷിക്കണമെന്നും മുന്നറിയിപ്പ് നൽകുന്നു. തിരുവനന്തപുരത്ത് 1000 കോടി രൂപയാണ് ജനങ്ങളിൽനിന്നും അവർ കൊള്ളയടിച്ചത്. സംസ്ഥാനത്ത് പരീക്ഷിക്കപ്പെട്ട് പരാജയപ്പെട്ട മൾട്ടി സ്റ്റേറ്റ് സഹകരണസംഘങ്ങൾ കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ പിന്തുണയോടെ വീണ്ടും തലപൊക്കുന്നത് നാം കാണാതിരിക്കരുത്. നിക്ഷേപത്തിന് 13 ശതമാനംവരെ പലിശ വാഗ്ദാനം ചെയ്താണ് ഇത്തരം സ്ഥാപനങ്ങൾ വീണ്ടും രംഗപ്രവേശം ചെയ്തിരിക്കുന്നത്. ജനങ്ങളെ കൊള്ളയടിക്കുകയെന്ന ലക്ഷ്യം മാത്രമാണ് ഇവർക്കുള്ളത്. അതിനാകട്ടെ അവർ ഉപയോഗിക്കുന്നത് കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ സൽപ്പേരും കാലങ്ങളായി ആർജ്ജിച്ച വിശ്വാസ്യതയുമാണ്. ഇത് ജനങ്ങൾക്കു മുമ്പിൽ തുറന്നു കാണിക്കാനാകണം. സംസ്ഥാനത്തെ സഹകരണ ബാങ്കുകളെ ഏറ്റവും കൂടുതൽ ശത്രുതാ മനോഭാവത്തോടെ വേട്ടയാടുന്നത് ആദായനികുതി വകുപ്പാണ്. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് 80P അനുസരിച്ചുള്ള നികുതി ആനുകൂല്യത്തിന് അർഹതയില്ലായെന്ന വാദം ഉയർത്തി 2007 മുതൽ

ആരംഭിച്ച വേട്ടയാടൽ അവസാനിച്ചത് 2021 ജനുവരിയിലാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി ഡിവിഷൻ ബെഞ്ച്, സംഘങ്ങളുടെ അവകാശം അംഗീകരിച്ചുകൊണ്ടുള്ള ചരിത്രപ്രധാനമായ വിധി പുറപ്പെടുവിച്ചു. അതിനുശേഷം സംഘങ്ങൾ അപെക്സ് ബാങ്കുമായി നടത്തുന്ന ഇടപാടുകൾക്ക് 194N വകുപ്പുപ്രകാരം സ്രോതസ്സിൽ നികുതിയടക്കണമെന്ന തിട്ടൂരം കൊണ്ടുവന്നു. അത് ഇപ്പോൾ ബഹു. ഹൈക്കോടതിയുടെ സ്റ്റേയിലാണ്. സംഘങ്ങൾ അപെക്സ് ബാങ്കുമായി നടത്തുന്ന നിക്ഷേപങ്ങളിൽ ജനിക്കുന്ന പലിശയ്ക്ക് ആദായനികുതി നിയമം Section 194A(3)(v) പ്രകാരം 10 ശതമാനം ടി.ഡി.എസ്. നൽകണമെന്നാണ് ഇപ്പോൾ നൽകുന്ന നോട്ടീസ്. ഇതും ബഹു.ഹൈക്കോടതിയുടെ സ്റ്റേയിലാണ്. ഈ കേസ്സുകളെല്ലാം നമുക്ക് വിജയിച്ചേ മതിയാകൂ. നമ്മുടെ സഹകരണ മേഖലയെ കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കാൻ, സംരക്ഷിക്കാൻ നമുക്കെല്ലാം ഒരുമിച്ച് നിൽക്കാനാകണം. കഴിഞ്ഞ 6 വർഷമായി നമ്മുടെ നാട്ടിലുണ്ടാകുന്ന മാറ്റങ്ങൾ കാണുന്നതിന് പ്രതിപക്ഷത്തിന് സാധിക്കുന്നില്ലെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. 6 വർഷത്തിനുമുൻപ് എൽ.ഡി.എഫ്. അധികാരത്തിൽ വന്നില്ലായെന്ന് കരുതുക, എന്തായിരിക്കും ഇന്നത്തെ

കേരളത്തിന്റെ അവസ്ഥയെന്ന് ഊഹിക്കാവുന്നതേയുള്ളൂ. പ്രതിപക്ഷത്തിരിക്കുന്ന അംഗങ്ങൾക്കുപോലും അക്കാര്യത്തിൽ സംശയമുണ്ടാകുമെന്ന് തോന്നുന്നില്ല. എൽ.ഡി.എഫ് അതിന് നായകത്വം വഹിച്ചുകൊണ്ട് ശ്രീ. പിണറായി വിജയനും നമ്മുടെ സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയായി അധികാരമേറ്റ് പ്രവർത്തിച്ചത് തന്നെയാണ് കഴിഞ്ഞ 6 വർഷക്കാലമായി വമ്പിച്ച വളർച്ച, മുന്നേറ്റം എല്ലാ മേഖലകളിലും നമുക്ക് ഉയർത്തിക്കൊണ്ടുവരാൻ സാധിച്ചതെന്ന് പറയാൻ കഴിയും. കേരളത്തെ സംബന്ധിച്ചിടത്തോളം ഇതൊരു ചരിത്ര നിയോഗമാണ്, 6 വർഷം മുൻപ് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഒന്നാം പിണറായി ഗവൺമെന്റ് അധികാരത്തിൽ വന്നുവെന്നുള്ള കാര്യം. നമ്മളെല്ലാം ഭാവിയെക്കുറിച്ച് ചിന്തിക്കുന്നവരാണ്, ഈ ഗവൺമെന്റും ഭാവിയെക്കുറിച്ച് ചിന്തിക്കുന്നു. 87 ലക്ഷത്തോളം വരുന്ന വലിയൊരു കുടുംബത്തിന്റെ നാഥനെന്ന നിലയിലാണ് കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രി വരുന്ന തലമുറയുടെ ഭാവിയെക്കുറിച്ച്, നമ്മുടെ കുട്ടികളെക്കുറിച്ച്, കുട്ടികളുടെ കുഞ്ഞുങ്ങളെക്കുറിച്ച്, ചിന്തിക്കാൻവേണ്ടി തയ്യാറാകുന്നത്. 25 വർഷം കഴിഞ്ഞുള്ള കേരളത്തിലേക്ക് നമ്മൾ നടന്നടുക്കുമ്പോൾ ഉണ്ടാകാൻ പോകുന്ന പ്രശ്നങ്ങളെ

മുൻകൂട്ടി കാണാൻ നമുക്ക് നിശ്ചയമായും സാധിക്കണം. എല്ലാ മേഖലകളിലും അത് വിദ്യാഭ്യാസ മേഖലയിലായാലും ഗതാഗത മേഖലയിലായാലും നാനാമേഖലകളിലും നമ്മുടെ സംസ്ഥാനം അഭിമുഖീകരിക്കാൻ പോകുന്ന പ്രശ്നങ്ങളെക്കുറിച്ച് മുൻകൂട്ടി കണ്ടുകൊണ്ട്, ശരിയായ തീരുമാനങ്ങളെടുത്ത് മുന്നോട്ട് പോകാൻ  നമുക്ക് സാധിച്ചാൽ മാത്രമേ നിശ്ചയമായും നമ്മുടെ സംസ്ഥാനത്തിന് ഭാവിയുണ്ടാകുകയുള്ളൂ. ആ കാഴ്ചപ്പാടോടുകൂടി നമുക്ക് ചിന്തിക്കാൻ സാധിക്കണം.

കെ-ഫോണിന് അംഗീകാരം ലഭിച്ചിരിക്കുന്നു. 25 ലക്ഷം വരുന്ന നമ്മുടെ സംസ്ഥാനത്തിലെ ബി.പി.എൽ. കുടുംബങ്ങൾക്ക്, ഏറ്റവും പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന കുടുംബങ്ങൾക്ക്, ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ നമ്മുടെ സംസ്ഥാനത്തിന്റെ, രാജ്യത്തിന്റെതന്നെ ചരിത്രത്തിൽ ശ്രദ്ധേയമായിട്ടുള്ള ഒന്നാണ്. അത്തരം കാര്യങ്ങളിലെങ്കിലും നമ്മുടെ പ്രതിപക്ഷം അനുകൂലിക്കുന്ന നിലപാട് സ്വീകരിക്കാൻ തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സഹകരണ മേഖല ഇന്ന് കൈക്കൊണ്ടിട്ടുള്ള എല്ലാ നടപടികൾക്കും ജനങ്ങളുടെ ആകെ പിന്തുണയുണ്ടാകുമെന്ന കാര്യം പറഞ്ഞ് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. സഹകരണമേഖലയിൽ ഏറ്റവും പ്രധാനപ്പെട്ടത് സഹകരണ ജനാധിപത്യവും ജനവിശ്വാസവുമാണ്. ഇത് രണ്ടും തകർന്നിരിക്കുകയാണ്, തകർത്തിരിക്കുകയാണ്. ജനാധിപത്യം തകർക്കുന്നതിനുവേണ്ടിയാണ് നിയമ ഭേദഗതികൾ, ഈ ഗവൺമെന്റും കഴിഞ്ഞ 5 വർഷത്തെ ഗവൺമെന്റും സഹകരണമേഖലയിൽ കൊണ്ടുവന്നിരിക്കുന്ന ഏത് ഭേദഗതികൾ പരിശോധിച്ചാലും അത് ഭരണസമിതികളെ വരുതിയിലാക്കുന്നതിനുവേണ്ടി ദുരുദ്ദേശത്തോടെ കൊണ്ടുവന്ന ഭേദഗതികൾ മാത്രമാണ്. അതുപോലെ അഴിമതിയും പണാപഹരണവുമെല്ലാം കൂടിക്കൊണ്ടിരിക്കുന്നു. നമ്മുടെ മുൻപിൽ അനുഭവങ്ങളുണ്ട്. കരിവന്നൂർ, കണ്ടല തുടങ്ങിയ സംഘങ്ങളിലെല്ലാം അഴിമതി നടക്കുന്നു. അവരെ സംരക്ഷിക്കുന്നൊരു സമീപനം ഗവൺമെന്റ് സ്വീകരിക്കുകയാണ്. അതുകൊണ്ട് ഇവിടെ അവകാശപ്പെട്ടതുപോലെ സഹകരണമേഖലയ്ക്ക് പ്രത്യേക മേന്മയൊന്നും നടിക്കാൻ കഴിയുകയില്ല. അത് എല്ലാപേർക്കും അറിയുന്ന കാര്യമാണ്. അതിൽ തിരുത്തലുകൾ ഏറ്റവും അത്യാവശ്യമാണ്. ബഹു. ഹൈക്കോടതിതന്നെ ചൂണ്ടിക്കാട്ടിയ

ജനാധിപത്യം സഹകരണമേഖലയിൽ തിരികെ കൊണ്ടുവരുന്നതിനുള്ള മനസ്സ് ഗവൺമെന്റ് പ്രകടിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഞാൻകൂടി ഉൾപ്പെട്ട പ്രദേശത്തിന്റെ ഏറ്റവും പ്രധാനപ്പെട്ടൊരു വിഷയമാണ് വനവുമായി ബന്ധപ്പെട്ടുള്ളത്. ആ കാര്യം ഇവിടെ പലപ്പോഴും ചർച്ച ചെയ്തതാണ്. ഈ അടുത്തകാലത്ത് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവ് നമ്മൾ ചർച്ച ചെയ്തു. അതിന് കേരളത്തിൽ നിയമസഭ പ്രമേയം പാസ്സാക്കി. അടിയന്തരപ്രമേയം കൊണ്ടുവന്നു. ഡോ. മാത്യു കുഴൽനാടന്റെ പ്രമേയം സഭയിൽ വന്നിരുന്നു. ആ പ്രമേയം ഗവൺമെന്റ് പ്രമേയമായി മാറി. അതിനെ എല്ലാപേരും ഐകകണ്ഠ്യേന പിന്തുണച്ചു. വനം വകുപ്പുമന്ത്രി സമ്മതിച്ചൊരുകാര്യം പക്ഷെ വ്യക്തമാക്കിയിട്ടില്ല. 2019-ലെ തീരുമാനങ്ങളിലെ തെറ്റുകൾ തിരുത്തിക്കൊണ്ടുള്ള, ഭേദഗതികൾ വരുത്തിക്കൊണ്ടുള്ള ഒരു സമീപനംകൂടി സ്വീകരിക്കേണ്ടതുണ്ട്. അതിനൊരു തുറന്ന സമീപനം... അത് പ്രത്യേക വാശിയുള്ളതല്ല, രാഷ്ട്രീയമല്ല, ഫലപ്രദമായ, പ്രായോഗികമായ, നിയമാനുസൃതമായൊരു സമീപനം സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഞാൻ മിനിഞ്ഞാന്ന് നിയമസഭാസമ്മേളനം കഴിഞ്ഞ് നാട്ടിലെത്തിയപ്പോൾ ഒരു ദുഃഖവാർത്ത കേട്ടു. ആറളം ആദിവാസി മേഖലയിൽ മറ്റൊരു ആദിവാസി സുഹൃത്തിനെക്കൂടി കാട്ടാന ചവിട്ടിക്കൊന്നുവെന്ന് എല്ലാപേരും കേട്ടിരിക്കും. വിറക് ശേഖരിക്കാൻ ഒരു കുടുംബത്തിലെ മൂന്നുനാല് ആളുകൾ ഒരുമിച്ച് പോയതാണ്. മരണപ്പെട്ട ദാമുവിന്റെ ജേഷ്ഠന്റെ മകനെയാണ് ആദ്യം ആന പിടിച്ചത്. ആന ഷർട്ടിൽ പിടിച്ച് പൊക്കിയെടുത്തപ്പോൾ ഷർട്ട് കീറിപ്പോയി. അങ്ങനെ ജേഷ്ഠന്റെ മകൻ ഷൈജു നിലത്തുവീണു. അതുകണ്ട് ദാമു അവനെ രക്ഷിക്കാൻ വന്നെങ്കിലും വീണയാളെക്കിട്ടാത്തതിനാൽ ദാമുവിനെ ആനപിടിക്കുകയും അദ്ദേഹം ആ സ്ഥലത്തുതന്നെ മരണപ്പെടുകയുമാണുണ്ടായത്. അതുസംബന്ധിച്ച് ജനങ്ങളുടെ വലിയ പ്രതിഷേധമാണ്. 'കണ്ണീരും കലിയുമടങ്ങാതെ ആറളം ഫാം', 'ആനമതിൽ കടലാസ്സിൽ', 'ദിവസങ്ങളായി കാട്ടാനകളുടെ കൂട്ടവിളയാട്ടം', ഇതെല്ലാം അവിടെ വന്ന വാർത്തകളാണ്. പലതും പ്രാദേശിക വാർത്തകളായതുകൊണ്ട് തിരുവനന്തപുരത്ത് എത്തണമെന്നില്ല. 'പത്തുവർഷത്തിനിടെ കാട്ടാന ജീവനെടുത്തത് 14 പേരുടേതാണ്. 'വനംവകുപ്പ് ഉദ്യോഗസ്ഥരെ ജനങ്ങൾ തടഞ്ഞു', 'കാട്ടാന

കലിയുടെ രക്തസാക്ഷി' 'ദാമുവിന് വിടചൊല്ലി നാട്', 'കളക്ടർക്ക് മുൻപിൽ പരാതികളുടെ കെട്ടഴിച്ച് പൊതുജനം', 'യോഗം നീണ്ടത് മൂന്ന് മണിക്കൂർ' 'കളക്ടർ വിളിച്ചുകൂട്ടിയ യോഗത്തിൽ വനം വകുപ്പിന് രൂക്ഷ വിമർശനം', ഇതെല്ലാമാണ് പത്രങ്ങളിൽ വന്നിട്ടുള്ളത്. അസംബ്ലിയായതുകൊണ്ട് യോഗത്തിൽ ഞാൻ പങ്കെടുത്തില്ല. ആറളത്തെ ആദിവാസികൾക്ക് ഗവൺമെന്റ് പതിച്ചുകൊടുത്ത സ്ഥലം വനാതിർത്തിയോട് തൊട്ടുചേർന്നാണ്. അത് അറിയുന്ന ആളുകൾക്ക് അറിയാം. ആദിവാസി വിഭാഗത്തിനുവേണ്ടി അവിടെയൊരു പുനരധിവാസ മേഖല സൃഷ്ടിച്ച് വനാതിർത്തിയോട് ചേർന്നുതന്നെ ഫാമിന്റേതായുള്ള 3500 ഏക്കറിലധികം സ്ഥലമാണ് പതിച്ചുകൊടുത്തത്. രണ്ടായിരത്തോളം കുടുംബങ്ങൾ അവിടെ താമസിക്കുകയാണ്. വനവുമായി അതിർത്തി പങ്കിടുന്നവരുടെ ജീവൻ അപകടത്തിലാണ്. ഈ കാര്യങ്ങൾ ജനപ്രതിനിധികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി. ഈ സഭയിൽ ഏറ്റവുമധികം ചർച്ച വന്നൊരു വിഷയമാണ്. ആളുകൾ വിചാരിക്കും ആവർത്തിച്ചാവർത്തിച്ച് ഈ വിഷയം എന്താണ് വീണ്ടും വീണ്ടും സംസാരിക്കുന്നതെന്ന്. മറ്റൊന്നും പറയാനില്ലാത്തതുകൊണ്ടല്ല, രാഷ്ട്രീയവും പറയുന്നില്ല, ജീവൽ

പ്രശ്നമായതുകൊണ്ടാണ് ആവർത്തിച്ചുപറയാൻ നിർബന്ധിതരാകുന്നത്. ആറളംഫാമിൽ തന്നെ മുൻ പട്ടികവർഗ്ഗ വികസന മന്ത്രി ശ്രീ. എ. കെ. ബാലൻ പങ്കെടുത്ത ഒരു യോഗത്തിൽ ഞാൻ അദ്ധ്യക്ഷനായിരുന്നു. അന്നത്തെ ചർച്ചയിൽ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ആറളത്ത് ഒരു ആനപ്രതിരോധ മതിൽ പത്തുപതിനഞ്ച് കിലോമീറ്റർ ദൂരത്തിൽ നിർമ്മിക്കുന്നതിനായി 22 കോടി രൂപ 28-03-2020-ലെ ഉത്തരവുപ്രകാരം അനുവദിക്കുകയുണ്ടായി. Schedule Tribe Development Department - Proposal for the construction of elephant protection wall and rail fencing at Aralam Resettlement Area-Administrative Sanction accorded -Orders Issued. 22 കോടി രൂപ അനുവദിച്ചു. ഇതിനോടകംതന്നെ ആദിവാസികളായ ജനവിഭാഗങ്ങൾ ബഹു. കേരള ഹൈക്കോടതിയിൽ പോയി. ബഹു. ഹൈക്കോടതിയും ഗവൺമെന്റിനോട് അവിടെയൊരു മതിൽ ആവശ്യമാണെന്ന് പറഞ്ഞു. അവർ മരണപ്പെട്ടവരുടെയും പരിക്കുപറ്റിയവരുടേയും എണ്ണം കോടതിയിൽ സമർപ്പിച്ചു. കോടതി വിശദാംശങ്ങൾ പരിശോധിച്ചിട്ടാണ് ഒരു മതിൽ പണിയണം, ആ മതിലു പണിയുന്നതിന് 18 മാസത്തെ കാലാവധിയും വച്ചു.

അത് ചെയ്യുന്നതിനുപകരം...... പട്ടികവർഗ്ഗ വികസന വകുപ്പ് പണം അനുവദിച്ചു, അതുപോലെ ഹൈക്കോടതി ഉത്തരവിട്ടു..... അതിനുശേഷം അത് പ്ലാനിംഗ് ബോർഡിൽ പോയി, ആര് ഈ വർക്ക് ചെയ്യുമെന്ന ചോദ്യം വന്നു. പട്ടികവർഗ്ഗ വികസന വകുപ്പിനോ വനംവകുപ്പിനോ ഈ വർക്ക് ചെയ്യുന്നതിനുള്ള ഒരു എക്സ്പെർട്ടൈസ് ഇല്ല. ആരെക്കൊണ്ട് ഈ വർക്ക് ചെയ്യിപ്പിക്കുമെന്ന് ചോദിച്ചപ്പോഴാണ്, പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിടനിർമ്മാണ വിഭാഗത്തെ ഏൽപ്പിച്ചത്. അവർ 22 കോടി രൂപയും കെട്ടിവയ്ക്കണമെന്ന് ആവശ്യപ്പെട്ടു. ഡെപ്പോസിറ്റ് വർക്കായി ചെയ്യാമെന്നു പറഞ്ഞു. ആ പ്രൊപ്പോസൽ പ്ലാനിംഗ് ബോർഡിൽ പോയി അവർ പകുതിസംഖ്യ കെട്ടിവയ്ക്കാൻ പറഞ്ഞു. അങ്ങനെ 08-09-2021-ൽ പകുതി സംഖ്യ, 11 കോടി രൂപ പി.ഡബ്ല്യൂ.ഡി. ബിൽഡിംഗ് വിഭാഗത്തിൽ കെട്ടിവയ്ക്കാൻ ഉത്തരവായി. അതിനുശേഷമാണ് ഇവിടെ ഉന്നതതലത്തിൽ ചില ഉദ്യോഗസ്ഥൻമാർ മാത്രം പങ്കെടുത്തുകൊണ്ട് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ നിലനിൽക്കേ, ഡെപ്പോസിറ്റിന് ഓർഡർ നിലനിൽക്കേ, ടെക്നിക്കൽ സാംഗ്ഷൻ നിലനിൽക്കേ, ബഹു. ഹൈക്കോടതി ഉത്തരവിനെ റിവൈസ് ചെയ്യുന്നതിന്, റിവ്യൂ ചെയ്യുന്നതിന് ഉദ്യോഗസ്ഥതലത്തിൽ മാത്രം

യോഗം ചേർന്ന് തീരുമാനിച്ചു. അവർ റിവ്യൂ പെറ്റീഷൻ ബഹു.ഹൈക്കോടതിയിൽ കൊടുത്തു. അതിനിടയിലാണ് മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ആറളം ഫാമിൽ ജോലിചെയ്തിരുന്ന ഒരു ചെത്ത് തൊഴിലാളി ജനുവരിമാസം അവസാനം ആനതട്ടി മരണപ്പെടാൻ ഇടയായത്. ഞങ്ങളെല്ലാപേരും ഇടപെട്ടു, ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ മണ്ഡലമായതുകൊണ്ട് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ഉൾപ്പെടെ വന്നു. മന്ത്രിമാരുവന്നു, വനം വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രനൊപ്പം മന്ത്രിമാരായ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ, ശ്രീ. കെ. രാധാകൃഷ്ണൻ എന്നിവർ സംഭവസ്ഥലം സന്ദർശിച്ചിരുന്നു. ഈ മൂന്ന് മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ഞാനും ശ്രീമതി കെ. കെ. ശൈലജ ടീച്ചറും ഉൾപ്പെടെ രണ്ട് എം.എൽ.എ.മാർ, ജില്ലാ കളക്ടർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് മെമ്പർ, വനം വകുപ്പിന്റെയും പൊതുമരാമത്ത് വകുപ്പിന്റെയും സംസ്ഥാനതലത്തിലുള്ള മുതിർന്ന ഉദ്യോഗസ്ഥർ, വിവിധ ആദിവാസി സംഘടനാ പ്രതിനിധികൾ എന്നിവരെല്ലാം ചേർന്ന് ഇവിടെ മതിൽതന്നെ വേണമെന്ന് തീരുമാനിച്ചെങ്കിലും ഇപ്പോഴും അക്കാര്യം നടന്നിട്ടില്ല. അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ ലഭിച്ചതും ബഹു. ഹൈക്കോടതി

ഉത്തരവുപ്രകാരമുള്ളതുമായ മതിൽ തന്നെ വേണമെന്ന് ഞാൻ ആ യോഗത്തിൽ ചൂണ്ടിക്കാട്ടിയിരുന്നു. പ്രസ്തുത യോഗത്തിൽ പങ്കെടുത്ത മൂന്ന് മന്ത്രിമാർ ഇവിടെ മുൻനിരയിലിരിപ്പുണ്ട്. ഗവൺമെന്റ് ഓഫ് കേരളയ്ക്കുവേണ്ടി ചീഫ് സെക്രട്ടറി/എസ്.ടി. സെക്രട്ടറി ഫയൽ ചെയ്തിട്ടുള്ള റിവ്യൂ പെറ്റീഷൻ പിൻവലിച്ച് കോടതിയുടെ പഴയ വിധി നടപ്പിലാക്കണമെന്ന് ആ യോഗത്തിൽ ആവശ്യപ്പെട്ടിരുന്നു. എങ്കിലും മൂന്ന് മന്ത്രിമാരും രണ്ട് എം.എൽ.എ.-മാരും കളക്ടറും ബന്ധപ്പെട്ട മൂന്ന് വകുപ്പിന്റെയും സംസ്ഥാനത്തെ മുതിർന്ന ഉദ്യോഗസ്ഥരും പങ്കെടുത്ത് മൂന്ന് മണിക്കൂർ സമയം ചർച്ച ചെയ്ത കാര്യം ഇതുവരെ നടപ്പിലായില്ല. അതുകൊണ്ടാണ് ജനങ്ങൾ വനം വകുപ്പ് ഉദ്യോഗസ്ഥരെ തടഞ്ഞുവച്ചത്. മതിൽ നിർമ്മാണം ഇത്ര കുറഞ്ഞ സമയംകൊണ്ട് തീരുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല, എന്നാൽ അതിൽ എന്ത് നടപടി സ്വീകരിച്ചു; ആ പ്രശ്നത്തെ ഗവൺമെന്റ് ഗൗരവത്തോടെ കാണുന്നുണ്ടോ? ഈ വിഷയത്തിൽ ഭരണ-പ്രതിപക്ഷ ഭേദമില്ല. ബഹുമാനപ്പെട്ട വി. എസ്. അച്യുതാനന്ദൻ ഭരണപക്ഷത്തായിരിക്കുമ്പോൾത്തന്നെ ഈ വിഷയത്തിൽ സഭയിൽ സബ്മിഷൻ കൊണ്ടുവന്നത് ഞാൻ ഓർമ്മിക്കുകയാണ്. അദ്ദേഹത്തിന്റെ

മണ്ഡലത്തെ ഇപ്പോൾ പ്രതിനിധാനംചെയ്യുന്ന എം.എൽ.എ.യും ഇക്കാര്യങ്ങൾ സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുണ്ട്. ബഹുമാനപ്പെട്ട തിരുവമ്പാടി എം.എൽ.എ. ഇതേവിഷയം സംസാരിച്ചതും ഞാൻ ഓർമ്മിക്കുകയാണ്. പ്രസ്തുത പ്രശ്നം പരിഹരിക്കാനായി യാതൊരു നടപടിയും സ്വീകരിക്കുന്നില്ല, ആവശ്യമായ പണം വകയിരുത്തുന്നില്ല, ഒരു ആക്ഷൻ പ്ലാൻ പോലുമില്ല. പണം കൊടുക്കാനില്ലാത്തതിനാൽ നിയമിച്ച വാച്ചർമാരെ പിരിച്ചുവിട്ടിരിക്കുകയാണെന്ന് ശ്രീ. ഐ. സി. ബാലകൃഷ്ണൻ ഇവിടെ ചൂണ്ടിക്കാണിച്ചു. ഈ ആവശ്യത്തിന് ചെലവഴിക്കാൻ ഗവൺമെന്റിന്റെ കൈവശം പണമില്ല, എന്നാൽ കേന്ദ്രത്തോട് ആവശ്യപ്പെടാനോ, അതല്ലെങ്കിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയോ ഇത്തരമൊരു പദ്ധതി നടപ്പിലാക്കാൻ ശ്രമിക്കുന്നില്ല. അതുകൊണ്ടുതന്നെ ഈ വിഷയത്തിൽ ഗവൺമെന്റും പ്രത്യേകിച്ച് ബഹു. മുഖ്യമന്ത്രിതന്നെയും ഇടപെടണമെന്നാണ് എനിക്ക് തോന്നുന്നത്. മൂന്ന് മന്ത്രിമാർ സ്ഥലത്തുവന്നുകണ്ട് തീരുമാനിച്ച ഒരു കാര്യം നടപ്പിലാക്കാൻ എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ അത് നീക്കുന്നതിന് ബഹു. മുഖ്യമന്ത്രിതന്നെ ഇടപെടേണ്ടിയിരിക്കുന്നു. ആദിവാസികൾ ഉൾപ്പെടെയുള്ള ജനവിഭാഗങ്ങളുടെ ജീവൻ രക്ഷിക്കണമെന്നാണ് എനിക്ക്

പ്രധാനമായും ആവശ്യപ്പെടാനുള്ളത്. ഇത് ആനയെ സംബന്ധിച്ചുമാത്രമുള്ളതല്ല, പന്നിയെ സംബന്ധിച്ച പ്രശ്നവും ഇവിടെ പറഞ്ഞുകഴിഞ്ഞു, കേൾക്കുമ്പോൾ നിസ്സാരമെന്ന് തോന്നാം, പന്നിശല്യത്തിനും പരിഹാരമുണ്ടാക്കാൻ സാധിക്കുന്നതല്ല. ചില രാജ്യങ്ങളിൽ അതിനെ 'വെർമിൻ' ആയി പ്രഖ്യാപിക്കുന്നുണ്ട്, അതിന് നിയമത്തിൽത്തന്നെ വ്യവസ്ഥയുണ്ട്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ചില ശ്രമങ്ങളൊക്കെ നടത്തിയെങ്കിലും അവ ഫലപ്രദമായില്ല. ഈ പ്രശ്നത്തിൽ ഗവൺമെന്റ് ഒന്നാകെ പരിശ്രമിക്കണം. ആവശ്യമെങ്കിൽ കേന്ദ്രത്തിൽ പോയി സംസാരിക്കണം. വനാതിർത്തിയിൽമാത്രമല്ല, പട്ടണപ്രദേശങ്ങളിലും ഈ പ്രശ്നം രൂക്ഷമായി വരികയും ചിലപ്പോൾ ആളുകൾ മരണപ്പെടുകയും ചെയ്യുന്നുണ്ട്. ഇരുചക്രവാഹനങ്ങളിൽ യാത്രചെയ്യുന്ന എത്രയോപേർക്ക് ഇവമൂലം ജീവഹാനിയുണ്ടായിട്ടുണ്ട്. കാട്ടുകുരങ്ങ് നാട്ടിലിറങ്ങി ധാരാളം പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്. ആറളം ഫാമിലെ തൊഴിലാളികളുടെ ശമ്പളവർദ്ധനവിനെക്കുറിച്ചുള്ള ഒരു ചർച്ചയിൽ പങ്കെടുത്തപ്പോൾ ഫാം എം.ഡി. പറഞ്ഞത്, ഒരു വർഷം ഒരു കോടി രൂപയുടെ നാളികേരം കാട്ടുകുരങ്ങ് കൊണ്ടുപോകുന്നുണ്ടെന്നാണ്. ഇങ്ങനെ

പറഞ്ഞത് നാല്-അഞ്ച് വർഷങ്ങൾക്കുമുമ്പാണ്. ഇപ്പോൾ അവിടത്തെ സ്ഥിതി ഇതിനേക്കാൾ ഗുരുതരമാണ്, അതിനും പരിഹാരം കാണേണ്ടതുണ്ട്, ഇതിനെല്ലാം ആവശ്യമായ ഫണ്ട് കണ്ടെത്തുന്നതിനെക്കുറിച്ച് വനം വകുപ്പ് വളരെ ഗൗരവത്തോടെ ചർച്ച ചെയ്യണം. ഇത്തരം പ്രദേശങ്ങളിലെ ജനപ്രതിനിധികളുടെ യോഗം മുഖ്യമന്ത്രിയും വനം വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ഉൾപ്പെടെ പങ്കെടുത്തുകൊണ്ട് വിളിച്ചുചേർക്കണം. പ്രസ്തുത നിർദ്ദേശങ്ങൾ മുമ്പോട്ടുവച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. വാഴൂർ സോമൻ</u>: സർ, ഈ സഭയിൽ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. കേരളത്തിനെ സാമ്പത്തികമായും സാമൂഹികമായും ഏറെ കരുത്ത് പകരുന്നതും സവിശേഷമായ മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ നിലകൊള്ളുന്നതുമായ സഹകരണ ബാങ്കിംഗ് മേഖലയെ തച്ചുടയ്ക്കാനും വൻനിക്ഷേപ സ്രോതസ്സിനെ ഊറ്റിയെടുക്കാനും കേന്ദ്രഗവൺമെന്റ് ഗൂഢനീക്കങ്ങൾ നടത്തുകയാണ്. അതിന്റെ അനന്തരഫലങ്ങളും പ്രത്യാഘാതങ്ങളും കേരളത്തെയും ശക്തമായ സഹകരണ മേഖലയുള്ള മഹാരാഷ്ട്ര ഉൾപ്പെടെയുള്ള മറ്റുപല

സംസ്ഥാനങ്ങളെയും ഗുരുതരമായി ബാധിക്കും. ബി.ജെ.പി-സംഘപരിവാർ ശക്തികൾക്ക് ഇതുവരെയും എത്തിപ്പിടിക്കാൻ കഴിയാത്ത സഹകരണ മേഖലയെ വരുതിയിലാക്കാൻ പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദിയും ശ്രീ. അമിത്ഷായും ഉൾപ്പെടെ നേരിട്ട് രംഗത്തിറങ്ങിക്കഴിഞ്ഞു. കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. സർക്കാരിന്റെ ഇത്തരം നീക്കങ്ങളെ ഫലപ്രദമായി ചെറുത്തുതോൽപ്പിക്കാൻ ഏവരും ഒരുമിച്ചുപ്രവർത്തിക്കേണ്ട സന്ദർഭം കൂടിയാണിത്. കേന്ദ്രസർക്കാരിന്റെ കുത്സിത പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ നേതൃത്വം നൽകുന്ന സഹകരണ വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവനെയും സർക്കാരിനെയും മുക്തകണ്ഠം പ്രശംസിക്കുവാൻ ഞാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്. ജനാധിപത്യത്തിനും ഇന്ത്യയിലെ അടിത്തട്ടിലുള്ള സാധാരണ ജനങ്ങളുടെ സാമ്പത്തിക സ്വാതന്ത്ര്യത്തിനും ശാക്തീകരണത്തിനും വിലങ്ങുതടിയാകുന്ന ഒരു നിയമവും രാജ്യത്ത് അനുവദിക്കുവാൻ പാടില്ല. സഹകരണ ബാങ്കിംഗ് മേഖലയിലെ വൻനിക്ഷേപങ്ങളിൽത്തന്നെയാണ് ബി.ജെ.പി.യുടെ കണ്ണുള്ളതെന്നകാര്യം വ്യക്തമാണ്. 'ആയാറാം ഗയാറാം' രാഷ്ട്രീയത്തെ പ്രോത്സാഹിപ്പിച്ചും ജനങ്ങൾ തെരഞ്ഞെടുക്കുന്ന സർക്കാരുകളെ വലിച്ചുതാഴെയിട്ടും

കൂറുമാറ്റത്തിലൂടെ ബി.ജെ.പി. പുതിയ സർക്കാരുകളെ വിവിധ സംസ്ഥാനങ്ങളിൽ ഒന്നിനുപുറകേ മറ്റൊന്ന് എന്നനിലയിൽ പ്രതിഷ്ഠിക്കുമ്പോൾ, അതിനൊപ്പം കേൾക്കുന്നത് കോടികളുടെ ഇടപാടുകളാണെന്നും നാം ഓർക്കണം. കോവിഡ് മഹാമാരിയുടെ ആഘാതവും ഓഖിയും, നിപയും, പ്രളയവുമെല്ലാം നമ്മെ ബാധിച്ചിട്ടുണ്ട്. ഇതൊക്കെ കണക്കിലെടുത്ത് പ്രാഥമിക സഹകരണ സംഘങ്ങളിലുൾപ്പെടെ അഞ്ച് വർഷമോ അതിലധികമോ കാലം കുടിശ്ശികയായ പത്ത് ലക്ഷം രൂപവരെയുള്ള വായ്പയ്ക്ക് പിഴപ്പലിശ മാത്രമല്ല, പലിശ മുഴുവൻ ഒഴിവാക്കി തുക അടയ്ക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പരിപാടി ഒരു മാസത്തേയ്ക്കോ മറ്റോ പ്രഖ്യാപിക്കുന്നത് ഈ സന്ദർഭത്തിൽ ഉചിതമായിരിക്കും. പിഴപ്പലിശ മാത്രം ഒഴിവാക്കി പ്രഖ്യാപിച്ച 'ആശ്വാസ് പദ്ധതി' -യുടെ കാലയളവ് പലപ്രാവശ്യം നീട്ടിനൽകിയിട്ടും ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞില്ല. ദീർഘകാലമായി കുടിശ്ശികയായി കിടക്കുന്ന വായ്പാ തിരിച്ചടവിലെ പലിശയും പിഴപ്പലിശയും നിശ്ചിത പ്രിൻസിപ്പൽ തുകവരെയും നിശ്ചിത വർഷം കണക്കാക്കി നിജപ്പെടുത്തി പുതിയ ഒരു ഒ.ടി.എസ്. സ്കീം പ്രഖ്യാപിച്ചാൽ അത് ജനത്തിന് ഒരു

ഓണസമ്മാനമായിരിക്കും. ഏതാനും വർഷങ്ങൾക്കുമുമ്പും ഈ രൂപത്തിൽ പലിശയും പിഴപ്പലിശയും പൂർണ്ണമായും എഴുതിത്തള്ളി, ചുരുങ്ങിയ കാലയളവിനുള്ളിൽ വായ്പ തിരിച്ചടയ്ക്കുന്ന പദ്ധതി നടപ്പാക്കിയിരുന്നു. ഇതുമൂലം ഓണക്കാലത്ത് ആശ്വാസം ലഭിക്കുന്നത് വായ്പ എടുത്തവർക്കുമാത്രമല്ല, കിട്ടാക്കടം വർഷങ്ങളായി കുടിശ്ശികയുള്ളത് മാറി സഹകരണ ബാങ്കുകളുടെ എൻ.പി.എ. വലിയ തോതിൽ കുറയുകയും ചെയ്യും. കേന്ദ്രസർക്കാർ എൻ.പി.എ. ലെവൽ ചൂണ്ടിക്കാട്ടി സഹകരണ മേഖലയ്ക്കെതിരെ ഉയർത്തുന്ന വിമർശനങ്ങളുടെ മുനയൊടിക്കാനും ഇതുകൊണ്ട് സാധിക്കും. സാമൂഹ്യ പ്രതിബദ്ധതയോടെയുള്ള ശക്തമായ ഇടപെടലുകൾക്കായി സഹകരണ വകുപ്പ് കൊണ്ടുവന്ന പല പദ്ധതികളെക്കുറിച്ചും എടുത്തുപറയേണ്ടതുണ്ട്. ഇന്ത്യയിൽ സഹകരണ പ്രസ്ഥാനമെന്ന സംവിധാനം കെട്ടിപ്പടുത്തിട്ട് നൂറ്റിപ്പതിനേഴ് വർഷമായി. കഴിഞ്ഞ ഒരു നൂറ്റാണ്ട് കാലം വളർച്ചകൊണ്ടും വൈവിധ്യവത്കരണംകൊണ്ടും സഹകരണ പ്രസ്ഥാനത്തിന്റെ വേര് ശക്തമാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ഈ കാലയളവ് സഹകരണ വായ്പാ മേഖലയിൽ അഥവാ ജനകീയ ബാങ്കിംഗ് രംഗത്ത്

വലിയ മുന്നേറ്റമുണ്ടാക്കാൻ സാധിച്ച നൂറ്റാണ്ടിന്റെ ചരിത്രംകൂടിയാണ്. ഇന്ത്യയിൽ ഏറ്റവും ശക്തവും വിശ്വാസ്യതയുള്ളതുമായ സഹകരണ പ്രസ്ഥാനമുള്ളത് കേരളത്തിലാണ്. ഇന്ത്യയിലെ സഹകരണ മേഖലയിലെ മൊത്തം നിക്ഷേപത്തിന്റെ 60 ശതമാനത്തിലേറെ കേരളത്തിന്റെ വിഹിതമാണെന്നത് എടുത്തുപറയേണ്ടതാണ്. കൂലിപ്പണിക്കാർ, കർഷകർ, കച്ചവടക്കാർ, തൊഴിലാളികൾ, ചെറുകിട സംരംഭകർ എന്നിങ്ങനെ ഏവർക്കും സഹകരണ മേഖലയിൽ പങ്കാളിത്തം ലഭിച്ചു. അവരുടെ ഓരോരുത്തരുടെയും വിഹിതം സഹകരണ നിക്ഷേപമായിമാറി. അങ്ങനെ കേരളത്തിന്റെ സഹകരണമേഖല ജനമധ്യത്തിൽ ശക്തിപ്പെട്ടുവരുമ്പോഴാണ് സഹകരണമേഖലയെ തകർക്കാനായി കേന്ദ്ര സർക്കാർ പല ഇടപടലുകളും നടത്തുന്നത്. കേരളം നടപ്പിലാക്കിയ 'കെയർഹോം പദ്ധതി 'യിലൂടെ നിരാലംബർക്ക് കൈത്താങ്ങേകാൻ ആദ്യഘട്ടത്തിൽ 2091 വീടുകൾ നിർമ്മിച്ചുനൽകി. സഹകരണ അംഗ സമാശ്വാസ പദ്ധതി മുഖേന 11060 അപേക്ഷകർക്ക് 22.93 കോടി രൂപ അനുവദിച്ചു. സഹകരണ അംഗ സമാശ്വാനിധിയിൽനിന്നും സഹായം നൽകിയത് ഗുരുതരരോഗം ബാധിച്ചവർക്കാണ്. യുവാക്കളെ സഹകരണ മേഖലയിലേയ്ക്ക്

ആകർഷിക്കാനും നൂതന ആശയങ്ങൾ സമൂഹനന്മയ്ക്കായി ഉപയോഗിക്കുന്നതിനുമായി യുവജന സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കാൻ സാധിച്ചതിൽ അതിയായ സന്തോഷം അറിയിക്കുന്നു. കോവിഡ് പ്രതിസന്ധി കാഘട്ടത്തിൽ സഹകരണ മേഖലയിൽ 16637 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചുവെന്നതും പ്രത്യേകം എടുത്തുപറയേണ്ടതാണ്. സ്വകാര്യ പലിശക്കാരിൽനിന്നും സാധാരണക്കാരെ രക്ഷിക്കാൻ 'മുറ്റത്തെ മുല്ല ' വായ്പാ പദ്ധതിയിലൂടെ 14235 കുടുംബശ്രീ യൂണിറ്റുകൾ വഴി അൻപതിനായിരത്തിലധികം വായ്പകൾക്ക് 1500 കോടി രൂപയുടെ വായ്പ നൽകി എന്നത് കുറച്ചുകാണാൻ സാധിക്കുന്ന സംഗതിയല്ലെന്ന് പ്രതിപക്ഷത്തുള്ളവർ ഓർക്കേണ്ടതാണ്. വിദ്യാർത്ഥികളെ സഹായിക്കുന്നതിനുള്ള 'വിദ്യാ തരംഗിണി ' വായ്പാ പദ്ധതിയിൽ 50265 വായ്പകളിലൂടെ 27.68 കോടി രൂപ നൽകുവാൻ സാധിച്ചുവെന്നതും പാവപ്പെട്ടവന് കൈത്താങ്ങായി സഹകരണ മേഖല എന്നും നിലനിൽക്കുമെന്നതിന്റെ തെളിവാണ്.

എന്റെ പീരുമേട് നിയോജക മണ്ഡലത്തിന്റെ ചുറ്റും വനപ്രദേശമാണ്, കാട്ടാനയുടെയും അതുപോലെതന്നെ മറ്റ് കാട്ടുമൃഗങ്ങളുടെയും ശല്യം വളരെ

 രൂക്ഷമായ പ്രദേശങ്ങളാണ്. രണ്ടുദിവസം മുൻപും ആ സ്ഥലങ്ങളെല്ലാം സന്ദർശിച്ചശേഷമാണ് ഞാൻ ഇവിടെ എത്തിയത്. ബഫർ സോൺ വിഷയത്തിൽ ബഹു. സുപ്രീംകോടതി വിധിയുമായി ബന്ധപ്പെട്ട് ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് രാഷ്ട്രീയ മുതലെടുപ്പ് നടത്താനുള്ള ശ്രമമാണ് യു.ഡി.എഫ് -ൽ നിന്നുമുണ്ടാകുന്നത്. കഴിഞ്ഞ ദിവസം ഞാൻ ഏറ്റവും സ്നേഹ-ബഹുമാനങ്ങളോടെ കാണുന്ന നമ്മുടെ പ്രതിപക്ഷനേതാവ് എന്റെ മണ്ഡലത്തിൽ ഉൾപ്പെട്ട കുമിളിയിൽവന്ന് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ ഒരു പ്രസംഗം നടത്തുകയുണ്ടായി. പ്രസ്തുത വിഷയം സംബന്ധിച്ച് നിയമസഭയിൽ പ്രമേയം പാസാക്കുവാൻ ഒരുമിച്ച് നിൽക്കുകയും സഭയ്ക്ക് വെളിയിൽവന്ന് തെറ്റിദ്ധാരണാജനകമായ രീതിയിൽ പ്രസംഗിച്ച് ജനങ്ങളെ ഇളക്കിവിടുകയുംചെയ്യുന്ന രീതി ശരിയല്ല. അദ്ദേഹം സഭയിൽ ഇല്ല, ഞാൻ പറയുന്നത് കേൾക്കാൻ പ്രതിപക്ഷത്തും കാര്യമായി ആളുകളില്ലെന്നത് ദുഃഖകരമായ കാര്യമാണ്.

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട അംഗം ചെയറിനെ നോക്കി സംസാരിക്കണം..

ശ്രീ. വാഴൂർ സോമൻ: സർ, 08-05-2013-ലെ മന്ത്രിസഭാ തീരുമാനപ്രകാരം റവന്യൂ ഭൂമി ഉൾപ്പെടെ 0 മുതൽ 12 കി. മീ. ചുറ്റളവിൽ ഇക്കോ സെൻസിറ്റീവ് സോൺ ആകാമെന്നാണ് യു.ഡി.എഫ്. സർക്കാർ തീരുമാനിച്ചിരുന്നത്. ഇങ്ങനെയുള്ള 12 കി.മീ. പരിധിയിൽപ്പെട്ട റവന്യൂ ഭൂമിയിൽ കൃഷി ഭൂമി, കൃഷി സംബന്ധമായ ചെറുകിട വ്യവസായങ്ങൾ തുടങ്ങിയവ വരുന്നതും അവിടങ്ങളിൽ ഭാവിയിൽ മറ്റുനിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കാതെയും വരുമായിരുന്നു. പക്ഷേ എൽ.ഡി.എഫ്. സർക്കാർ 2019-ൽ ഇതിൽ മാറ്റം വരുത്തി 0 മുതൽ 1 കി. മീ. എന്ന നിർദ്ദേശം വച്ചു. ഇക്കാര്യം കരട് നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് സർക്കാർ നൽകിയ ഒരു ഉദ്ദേശ കണക്കായിരുന്നു. എന്നാൽ നിർഭാഗ്യവശാൽ 0 മുതൽ 1 കി.മീ എന്ന ദൂരപരിധി ഒഴിവാക്കി 1 കി.മീ ചുറ്റളവുവരെ ഇക്കോസെൻസിറ്റീവ് സോൺ നിർബന്ധമാക്കിയാണ് ബഹു. സുപ്രീംകോടതി ഉത്തരവ് വന്നത്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവ് വന്ന ഉടനെതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും അസന്നിഗ്ദ്ധമായി ഇക്കാര്യങ്ങൾ ജനങ്ങളോട് പറയുകയുണ്ടായി. ഈ വിഷയവുമായി ബന്ധപ്പെട്ട്, ബഹുമാനപ്പെട്ട

സുപ്രീംകോടതിയിൽ അപ്പീൽ നല്കുവാൻ ഐകകണ്ഠ്യേന തീരുമാനമെടുത്തശേഷവും തെറ്റിദ്ധരിപ്പിക്കുന്ന പ്രവർത്തനങ്ങൾ കഴിഞ്ഞ ദിവസം സഭയിൽ നടത്തിയത് ഉചിതമല്ലെന്ന് ഈ സന്ദർഭത്തിൽ അറിയിക്കട്ടെ. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും വരുന്ന അഞ്ച് വർഷത്തേയ്ക്കുള്ള പദ്ധതിരേഖ തയ്യാറാക്കുന്നതിനും 620 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതി ഘട്ടംഘട്ടമായി നടപ്പിലാക്കുവാൻ തീരുമാനമെടുത്ത സർക്കാരിനെ പ്രത്യേകം അഭിനന്ദനം അറിയിക്കുന്നു. വനം എന്ന വിഷയത്തെ Concurrent ലിസ്റ്റിലുൾപ്പെടുത്തിയ കേന്ദ്ര സർക്കാർ മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിന് യാതൊരു പദ്ധതിയും ആവിഷ്കരിക്കാതിരിക്കുകയും സംസ്ഥാന സർക്കാരിന് ആവശ്യമായ ഫണ്ട് നല്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യമാണ് നിലവിലുള്ളത്. മനുഷ്യന്റെ ജീവനും സ്വത്തിനും നാശംവരുത്തുന്ന കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാർക്ക് അധികാരം നല്കാനുള്ള തീരുമാനം ശ്രദ്ധേയമാണ്. കേരളത്തിന്റെ നിരന്തരമായ ആവശ്യം കേന്ദ്ര സർക്കാർ തുടർച്ചയായി നിരസിച്ചുവെന്നുള്ളത് മറ്റൊരു കാര്യമാണ്. പരിസ്ഥിതിക്ക് ദോഷം വരുത്തുന്ന രീതിയിൽ മണ്ണെണ്ണയും പെട്രോളും ഒഴിച്ച്

കാട്ടുപന്നിയെ ഉന്മൂലനം ചെയ്യുന്നതിനുപകരം ഈ ജീവിയുടെ മാംസം സംസ്കരിച്ച് വിദേശ രാജ്യങ്ങളിൽ വില്പന നടത്തുന്നത് തീർച്ചയായും നമ്മുടെ കർഷകർക്ക് ഒരാശ്വാസം പകരുമെന്നും ഇതിന്റെ നഷ്ടപരിഹാരം ഉപകരിക്കുമെന്നും പറയാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്. ഈ രണ്ട് ബില്ലുകളെയും സർവ്വാത്മനാ ഞാൻ പിന്തുണയ്ക്കുന്നു. നന്ദി.. നമസ്കാരം.

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, വനം, സഹകരണം എന്നീ വിഷയങ്ങളെ സംബന്ധിച്ച ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. വനംവകുപ്പിന്റെ ചർച്ചയിലേയ്ക്ക് വരുമ്പോൾ കേരളത്തിന്റെ മലയോര മേഖലകളിൽ ജീവിക്കുന്ന ലക്ഷക്കണക്കിന് ആളുകൾ ബഫർ സോണുമായി ബന്ധപ്പെട്ട ഇന്നത്തെ പ്രയാസത്തിന്റെ പശ്ചാത്തലത്തിലാണെന്നുള്ളത് നമുക്കറിയാം. ജൂൺ മൂന്നിന് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ നിന്നും വിധി പുറപ്പെട്ടുവിക്കുയുണ്ടായി. ഇവിടെ നേരത്തെ എനിക്കുമുമ്പ് സംസാരിച്ച അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഒരുകിലോമീറ്റർ ബഫർ സോൺ ആകുന്നൊരു സ്ഥിതിയിലേയ്ക്കാണ് പോകുന്നത്. അതുമായി ബന്ധപ്പെട്ട പ്രമേയം ഐക്യകണ്ഠ്യേന പാസ്സാക്കി. അത് വളരെ സ്വാഗതാർഹമാണ്. പക്ഷെ പ്രമേയത്തിലല്ല കാര്യം, പ്രമേയം പാസ്സാക്കണം. ബഹുമാനപ്പെട്ട

സുപ്രീംകോടതി വളരെ കൃത്യമായി പറഞ്ഞിട്ടുള്ളത്, Central Empowered Committee മുമ്പാകെയും Ministry of Environment, Forests and Climate Change മുമ്പാകെയും അതാത് സംസ്ഥാനങ്ങൾക്കുള്ള ആക്ഷേപം ബോധിപ്പിക്കാമെന്നാണ്. കേരളത്തിലെ മുഴുവൻ ജനവാസകേന്ദ്രങ്ങളെയും ഒഴിവാക്കിക്കൊണ്ടുള്ള അപ്പീൽ മേൽസൂചിപ്പിച്ച രണ്ട് സമിതികൾ മുമ്പാകെ ബോധിപ്പിച്ച് അവരുടെ റിമാർക്സോടുകൂടി അത് ബഹുമാനപ്പെട്ട സുപ്രീംകോടതിയിലേയ്ക്ക് പോകണമെന്നാണ്. അന്തിമമായി ഇളവുകൾ കൊടുക്കുന്നത് ബഹുമാനപ്പെട്ട സുപ്രീംകോടതിയാണ്. ആ ഒരു പ്രക്രിയയെ കൃത്യമായി മോണിറ്റർ ചെയ്തില്ലെങ്കിൽ, അതിന്റെ പിന്നാലെ ശ്രദ്ധയോടുകൂടി സർക്കാർ ഉണ്ടായില്ലെങ്കിൽ, വലിയ ഭവിഷത്തുകൾ ഇപ്പോഴും നമ്മുടെ മുമ്പിലുണ്ട്. ഡമോക്ലീസിന്റെ വാൾ പോലെ ഈ പാവപ്പെട്ട ജനതയുടെ മുമ്പാകെ ബഫർ സോണിന്റെ പ്രശ്നമുണ്ടെന്നുള്ളത് ഞാനിവിടെ ചൂണ്ടിക്കാണിക്കുകയാണ്. പുതിയ വന്യജീവി സങ്കേതങ്ങൾ പ്രഖ്യാപിച്ചുകൊണ്ടിരിക്കുകയാണ്. ഒരു വന്യജീവി സങ്കേതം വന്നാൽ അതിന്റെ പ്രയാസങ്ങൾ വീണ്ടുമുണ്ടാകും. മണ്ണാർക്കാട് അട്ടപ്പാടിയിൽ ഭവാനി എന്നൊരു വന്യജീവി സങ്കേതത്തിന്റെ പ്രൊപ്പോസലുണ്ട്. സംസ്ഥാന

സർക്കാരിന് അതിപ്പോൾ ഒഴിവാക്കാൻ കഴിയും. നോട്ടിഫിക്കേഷനായിട്ടില്ല. പുതിയ വന്യജീവി സങ്കേതങ്ങൾ വരാതിരിക്കാനും നമ്മൾ നോക്കേണ്ടതുണ്ട്. സർക്കാരിന്റെ മുമ്പിൽ ഉദ്യോഗസ്ഥന്മാർ പലതും എഴുതികൊടുത്തത് ബില്ലുകളായി വരികയാണ്. ഈ സെഷന്റെ തുടക്കത്തിൽ വന്നൊരു ബില്ലുണ്ട്. '2022-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ബിൽ' ആയിരുന്നു. ആ ബില്ലിൽ എന്താണ് പറയുന്നത്, പട്ടയമെത്ര പഴക്കമുള്ളതാണെങ്കിലും ആ പട്ടയക്കാരൻ ഭൂമിയുടെ ഉടമയാണെന്നുള്ളതിനുള്ള തെളിവല്ല പട്ടയമെന്നാണ്. ആ ബില്ല് അവതരിപ്പിക്കുന്നതിനെതിരെ ഞാൻ ഒബ്ജക്ഷൻ കൊടുത്തിരുന്നു. എന്തുകൊണ്ടാണെന്നറിയില്ല. ഈ സഭയിൽ ആ ബില്ല് ഉണ്ടായിരുന്നില്ല. അത് മാറ്റിവച്ചു. ഉദ്യോഗസ്ഥരുടെ താല്പര്യങ്ങൾക്ക് രാജ്യത്തെ ജനങ്ങളെ കാണാതെയുള്ള നിയമനിർമ്മാണങ്ങൾ ഉണ്ടാകരുത്. ആ ബില്ല് തല്ക്കാലം മാറ്റിവച്ചിട്ടുണ്ട്. ഭാവിയിൽ വരാതിരിക്കാൻ നോക്കണം. സർക്കാരിന്റെ പല കാര്യങ്ങളും വീണ്ടുവിചാരമില്ലാതെയാണ് മുന്നോട്ടുപോകുന്നത്. വനംവകുപ്പുമായി ബന്ധപ്പെട്ട് പറയുമ്പോൾ മുട്ടിൽ മരംമുറി കേസുമായി ബന്ധപ്പെട്ട് വലിയ ബഹളങ്ങളുണ്ടായതാണ്. 22 തടികഷ്ണങ്ങളാണ് ഇപ്പോൾ

കണ്ടുകിട്ടിയത്. അതിലെ പ്രതികൾ മുഴുവനും പുറത്തിറങ്ങി സ്വൈരവിഹാരം നടത്തുകയാണ്. അതിലെ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെയും യാതൊരു നടപടിയുമുണ്ടായില്ല. ആ കൊള്ളയ്ക്ക് നിദാനമായ സംഗതി എന്താണ്; നാല് മാസക്കാലം നിലവിലുള്ള നിയമത്തിന് ഇളവ് ചെയ്തുകൊടുക്കുകയാണ് ചെയ്തത്. സർക്കാരിന്റെ പല മന്ത്രിമാരുടെയും പ്രവർത്തനങ്ങൾ ഇതുപോലെയാണ്. ഇപ്പോൾ ഒരു മന്ത്രി ഒരുകാര്യവുമില്ലാതെ പവിത്രമായ ഭരണഘടനയ്ക്കെതിരായി പറഞ്ഞു. അദ്ദേഹത്തിന് മന്ത്രിസ്ഥാനം നഷ്ടപ്പെടുത്തേണ്ടിവന്നു. രണ്ടാം പിണറായി സർക്കാരിന്റെ ആദ്യത്തെ വിക്കറ്റ് അങ്ങനെ വീണെന്നാണ് വാർത്താ മാധ്യമങ്ങൾ പറഞ്ഞത്. രണ്ടാമതായി ഒരു മന്ത്രിയുമായി ബന്ധപ്പെട്ട ചില ആരോപണങ്ങൾ ഉയർന്നുവന്നിരിക്കുകയാണ്. ആ ആരോപണം എത്ര ലജ്ജാകരമാണ്. ഞാനതിന്റെ നിജസ്ഥിതിയിലേയ്ക്ക് പോകുന്നില്ല. ഇവിടെ കോടതിയിലെ തൊണ്ടിമുതൽ അപഹരിക്കുകയും അതിന് വകഭേദം വരുത്തുകയും അതൊരു മയക്കുമരുന്ന് കേസാകുകയും ചെയ്യുകയെന്നുപറഞ്ഞാൽ അതെല്ലാംകൂടി കേട്ടപ്പോൾ ശ്രീനിവാസന്റെ ആനവാൽ മോതിരം എന്നൊരു പഴയ സിനിമയാണ് എന്റെ ഓർമ്മയിൽ

വരുന്നത്. ഏതായാലും ആ കേസ് രജിസ്റ്റർ ചെയ്തിട്ട് 28 വർഷമായി. കുറ്റപത്രം നല്കിയിട്ട് 16 വർഷമായി. പ്രതിയായ മന്ത്രി ഇന്നേവരെ കോടതിയിൽ ഹാജരാകുന്നില്ല. ഇവിടെ നിയമത്തിന് പുല്ല് വിലയാണോ; ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും നിയമം ഒരുപോലെയല്ലേ; മന്ത്രിമാർക്ക് നിയമത്തിന് വല്ല ഇളവുകളുമുണ്ടോ; കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഇതിന് മറുപടി പറയേണ്ടതല്ലേ; ഒന്നുകിൽ ആ മന്ത്രിയോട് രാജി വയ്ക്കാൻ അദ്ദേഹം പറയണം. അല്ലെങ്കിൽ അതിനനുസൃതമായി കൈകാര്യം ചെയ്യാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സാധ്യമാകണം. ഇവിടെ ഭരിക്കുന്ന പാർട്ടി സ്ത്രീ വിരുദ്ധത പ്രകടിപ്പിച്ചുകൊണ്ടേയിരിക്കുന്നു. ഈ നിയമസഭയ്ക്കകത്ത് ഒരു മുൻ മന്ത്രിയിൽനിന്ന് നമ്മുടെയൊരു സഹസാമാജികയ്ക്ക് ഏല്ക്കേണ്ടിവന്ന ആക്ഷേപം എത്ര ക്രൂരമാണ്; അതിന് ഗുഡ് സർട്ടിഫിക്കറ്റ് കൊടുക്കുന്ന പണി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽനിന്നുണ്ടായത് കേരളീയരെ വല്ലാതെ അന്ധാളിപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിലപാടും അപമാനകരമാണ്. സി.പി.ഐ.-യുടെ നേതാവ് ശ്രീമതി ആനിരാജ പറഞ്ഞത്, ശ്രീമതി കെ. കെ. രമ-യ്ക്കെതിരെ നിയമസഭയിൽ

ശ്രീ. എം. എം. മണി നടത്തിയ പരാമർശം വിമർശിക്കപ്പെടേണ്ടതാണ് എന്നാണ്. ശ്രീ. എം. എം. മണിയെ അതിശക്തമായി വിമർശിച്ചു. ശ്രീ. എം. എം. മണിയെ ഒരു കമ്മ്യൂണിസ്റ്റായി കാണാൻ കഴിയില്ലെന്ന് ശ്രീ. പന്ന്യൻ രവീന്ദ്രൻ മുൻപ് പറഞ്ഞിട്ടുണ്ട്. ഇവിടെ സി.പി.ഐ.-യുടെ നേതാവ് ശ്രീമതി ആനിരാജയെ ശ്രീ. എം. എം. മണി എന്താണ് പറഞ്ഞത്; 'അവർ ഉണ്ടാക്കുന്നത് ഡൽഹിയിലല്ലേ' എന്നാണ്. എത്ര മോശപ്പെട്ട പ്രയോഗമാണത്. സി.പി.ഐ.-ക്കാർ വെറുതേയിരിക്കുന്ന ശ്രീമതി ബൃന്ദ കാരാട്ടിനെക്കുറിച്ചും മോശമായി പറഞ്ഞു. അവരെക്കൂടി വലിച്ചിഴക്കുന്നതിൽ ഞങ്ങൾക്ക് വലിയ ആഹ്ലാദമൊന്നുമില്ല. ശ്രീമതി ബൃന്ദ കാരാട്ടിനെക്കുറിച്ചും അതേ പ്രയോഗം സി.പി.ഐ. ഇടുക്കി ജില്ലാ സെക്രട്ടറി ശ്രീ. കെ. കെ. ശിവരാമനിൽനിന്ന് നമ്മൾ കേട്ടതാണ്. തെമ്മാടി നിഘണ്ടുമായി നടക്കുന്ന പുലയാട്ട ഭാഷക്കാരനാണ് അപ്പുറത്തിരിക്കുന്ന മുൻ മന്ത്രിയെന്നാണ്. ഇത് സി.പി.ഐ. ഇടുക്കി ജില്ലാ സെക്രട്ടറി ശ്രീ. കെ. കെ. ശിവരാമൻ പറഞ്ഞ കാര്യമാണ്. ഞങ്ങൾ പറഞ്ഞതല്ല. ഇത് എന്റെ പേരിൽ എഴുതിവയ്ക്കേണ്ടതില്ല. സി.പി.ഐ. ഇടുക്കി ജില്ലാ സെക്രട്ടറിയായിട്ടുള്ള ശ്രീ. കെ. കെ. ശിവരാമൻ പറഞ്ഞതാണ്. ആനിരാജയെക്കുറിച്ചും

അതുപോലെ സി.പി.ഐ. നേതാക്കൻമാരെക്കുറിച്ചും വളരെ മോശമായി പ്രതികരിക്കുമ്പോഴും ഇവിടെയുള്ള സി.പി.ഐ.(എം) അംഗങ്ങൾ ഞങ്ങളെ എതിർക്കാനാണ് താല്പര്യം കാണിക്കുന്നത്, അതല്ലല്ലോ വേണ്ടത്. നിങ്ങൾക്ക് ആ പാർട്ടിയുടെ നിലപാടെങ്കിലും ഈ സഭയിൽ പ്രതിഫലിപ്പിക്കാൻ കഴിയേണ്ടതായിരുന്നെന്ന് ഈ സന്ദർഭത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്. വനംവകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഏറെ പറയാനുണ്ട്. സമയം പരിമിതമാണ്.

സഹകരണ ബാങ്കുകളുടെയും സഹകരണ പ്രസ്ഥാനങ്ങളെയും തകർക്കുന്ന സമീപനമാണ് കേന്ദ്രത്തിന്റേതെന്ന് നമുക്കറിയാം. സഹകരണ മേഖലയെ വിഴുങ്ങാൻ, സംസ്ഥാന ലിസ്റ്റിൽപ്പെട്ട സഹകരണത്തിന് ഇന്ന് കേന്ദ്രം പുതിയ വകുപ്പുണ്ടാക്കിയിരിക്കുകയാണ്. ഇതിനെല്ലാം പറ്റിയൊരു ആളെതന്നെ കണ്ടെത്തിയിരിക്കുകയാണ്. അപ്പോൾ വളരെ ജാഗ്രതയോടുകൂടി നമ്മൾ നീങ്ങേണ്ടതുണ്ട്. കേരളത്തിൽ കാണുന്ന കുറെ സങ്കടകരമായ കാഴ്ചകളുണ്ട്. ഞാനും നിങ്ങളും ജനപ്രതിനിധികളെന്ന നിലയിൽ, സഹകരണ ബാങ്കുകളിൽനിന്ന് ജപ്തി നോട്ടീസ് ലഭിച്ചിട്ടുള്ള ധാരാളം പാവപ്പെട്ട ആളുകളുണ്ട്. അഞ്ച് സെന്റിൽ താഴെയുള്ളവർക്ക് ജപ്തി

നടപടികളിൽനിന്നും ഒരാശ്വാസം കൊടുത്തിട്ടുണ്ട്. കർഷകരെന്ന് പറയുമ്പോൾ ഒരുഏക്കർ സ്ഥലംവരെ ഉണ്ടാകുമെങ്കിലും അവർ ചെറിയ കൃഷിപണിയെടുത്ത് ജീവിക്കുന്നവരാണ്. ഇക്കാര്യത്തിൽ അവർക്ക് ഒരു ഇളവ് കൊടുക്കണം. ഒരു കൊല്ലക്കാലത്തേയ്ക്കെങ്കിലും ലോൺ തിരിച്ചടവിൽനിന്ന് സാവകാശമുണ്ടാകണം. കോവിഡ് കഴിഞ്ഞ് സാമ്പത്തിക പ്രയാസങ്ങളിൽ കഴിയുന്നവരാണ് കർഷകരിലേറെയും. അതുകൊണ്ട് ഇത്തരം സഹകരണ ബാങ്കുകളിലെ ലോണുകൾക്ക് ഒരു വർഷത്തേയ്ക്കെങ്കിലും മൊറട്ടോറിയം പ്രഖ്യാപിക്കണം. സഹകരണ സ്ഥാപനങ്ങളിൽ കുറെ നല്ലസഹകാരികളുണ്ട്. ഈ സഭയിൽത്തന്നെ ശ്രീ. പി. അബ്ദുൽ ഹമീദും ശ്രീ. യു. എ. ലത്തീഫും നല്ല സഹകാരികളാണ്. കേരളത്തിലെ മൊത്തം സഹകാരികൾക്കും അവർക്കുള്ള പ്രസിഡന്റുമാർക്കും അംഗങ്ങൾക്കുമുള്ള ഓണറേറിയം വളരെ തുച്ഛമാണ്. അതുകൂടി വർദ്ധിപ്പിക്കാനുള്ള സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായാൽ ഏറെ സ്വാഗതാർഹമായിരിക്കുമെന്ന് പ്രത്യേകമായി ചൂണ്ടികാണിക്കുകയാണ്. എം.എൽ.എ.-മാരുടെ കാര്യം പറയേണ്ട സമയം ഇപ്പോഴല്ലല്ലോ. അങ്ങനെയൊരു അഭിപ്രായം പൊതുവിൽ ഉയർന്നുവരുന്നുണ്ട്. അത്

ബന്ധപ്പെട്ട വേദികളിൽ പറയുന്നതാണ്. വനം വകുപ്പ് നിരന്തരമായി ആ മേഖലകളിൽ ജീവിക്കുന്ന ആളുകളുമായി സംഘർഷത്തിലാണ്. വനം വകുപ്പിനെ ജനങ്ങളുമായി സൗഹൃദത്തിലേയ്ക്ക് കൊണ്ടുവരാൻ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി പ്രത്യേകം ശ്രദ്ധിക്കണം. പീപ്പിൾ ഫ്രണ്ട്‌ലി പോലീസെന്ന് പറയാറുള്ളതുപോലെ പീപ്പിൾ ഫ്രണ്ട്‌ലി ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുണ്ടാകണം. എവിടെനോക്കിയാലും ജനങ്ങളെ ദ്രോഹിക്കുന്ന, ബുദ്ധിമുട്ടിക്കുന്ന സമീപനമാണുള്ളത്. അവിടെയൊക്കെ വെറുതെ ജണ്ടകൾ കൊണ്ടിടുകയാണ്. കേരള രൂപീകരണ സമയത്ത് 19 ശതമാനമായിരുന്ന വനമേഖല ഇപ്പോൾ 30 ശതമാനമാണ്. അത് വർദ്ധിച്ചുവരികയാണ്. പാവപ്പെട്ടവരുടെ കൃഷിസ്ഥലത്ത് ജണ്ടയിട്ടാണ് അത് വർദ്ധിക്കുകയാണ്. ആ നടപടിയിൽനിന്ന് പിറകോട്ട് പോകാൻ ബന്ധപ്പെട്ട ഫോറസ്റ്റ് അധികൃതർക്ക് നിർദ്ദേശം നൽകണം. വനം വകുപ്പിലെ ഉദ്യോഗസ്ഥർ ഗ്യാലറിയിലുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ജനങ്ങളുമായി ഫ്രണ്ട്‌ലിയാകണമെന്ന സമീപനമുണ്ടാകണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

ശ്രീ. ആന്റണി ജോൺ: സർ, ഞാൻ രണ്ട് ധനാഭ്യർത്ഥനകളെയും പിന്തുണയ്ക്കുകയാണ്. ഇവിടെ ഒടുവിലായി സംസാരിച്ച ബഹുമാന്യനായ അംഗം ഉൾപ്പെടെ അഞ്ചാം സമ്മേളനം ആരംഭിച്ച് കുറച്ച് ദിവസങ്ങൾ കഴിഞ്ഞ ഈ വേളയിൽ മാത്രമല്ല, ഏതാണ്ട് ആറുവർഷക്കാലമായി കേരളത്തിലെ ഗവൺമെന്റിനെ അസ്ഥിരപ്പെടുത്താൻവേണ്ടിയുള്ള ശ്രമമാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. ശ്രീ. എൻ. ഷംസുദ്ദീൻ ഉൾപ്പെടെയുള്ളവർ ഇവിടെ സംസാരിച്ചു. കഴിഞ്ഞ ആറുവർഷക്കാലമായി കല്ലിൽ കടിച്ച് പല്ല് കളയുന്ന അവസ്ഥയിൽതന്നെയാണ് പ്രതിപക്ഷം നിൽക്കുന്നത്. എന്തെല്ലാം വിവാദങ്ങൾ ആരെയെല്ലാം കൂട്ടുപിടിച്ച്, കേരളത്തിനകത്ത് വലിയ കുഴപ്പങ്ങൾ സൃഷ്ടിച്ചുകൊണ്ട് ഒന്നാം പിണറായി സർക്കാരിനെ അസ്ഥിരപ്പെടുത്തുന്നതിനും പ്രത്യേകിച്ച് ബഹുമാന്യനായ മുഖ്യമന്ത്രിയെ അടക്കം വലിയതോതിൽ കടന്നാക്രമിച്ചുകൊണ്ടുള്ള സമീപനം സ്വീകരിച്ച് മുന്നോട്ടുപോയെങ്കിലും കേരളത്തിലെ ജനങ്ങൾ അവരുടെ ജീവിതാനുഭവത്തിൽനിന്നും ഇടതുപക്ഷമാണ് ശരി, ഈ ഗവൺമെന്റാണ് ശരി, തങ്ങളുടെ ആപത് ഘട്ടങ്ങളിലും പ്രതിസന്ധിഘട്ടങ്ങളിലും ഒപ്പംനിന്ന ഈ ഗവൺമെന്റ് വീണ്ടും അധികാരത്തിൽ തുടരണമെന്ന് കേരളത്തിലെ

മഹാഭൂരിപക്ഷം ജനങ്ങളും തീരുമാനിച്ചു. അതിനുശേഷം രണ്ടാം ഗവൺമെന്റിന്റെ കാലാവധി പിന്നിടുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെയും ബി.ജെ.പി.-യുടെയും വലിയ എതിർപ്പുകളും അവർ സാമ്പത്തികമായ വരിഞ്ഞുമുറുക്കുന്ന സമീപനം സ്വീകരിക്കുന്ന ഈ പ്രതിസന്ധി ഘട്ടത്തിൽ, കേരളത്തിൽ ഒരിക്കലും നടക്കില്ലെന്ന് നമ്മൾ കരുതിയിരുന്ന വികസന പ്രവർത്തനങ്ങളും ജനക്ഷേമപ്രവർത്തനങ്ങളുമെല്ലാം ഒരു വശത്ത്, മറുവശത്ത് പ്രതിപക്ഷം അവരോടൊപ്പംനിന്നുകൊണ്ട് എല്ലാവിധ വർഗ്ഗീയശക്തികളെയും കൂട്ടുപിടിച്ചുകൊണ്ട് ഈ ഗവൺമെന്റിനെ അസ്ഥിരപ്പെടുത്താനുള്ള ശ്രമങ്ങൾ കേരളീയ പൊതുസമൂഹം തള്ളിക്കളഞ്ഞിട്ടുള്ളതാണ്. അതുതന്നെയാണ് വീണ്ടും ആവർത്തിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞദിവസം ക്ഷീരമേഖലയുമായി ബന്ധപ്പെട്ട ചർച്ച ചെയ്യുമ്പോൾ ഇവർ പറഞ്ഞുപഴകിയ കാര്യങ്ങൾ തന്നെയാണ് വീണ്ടും പറഞ്ഞുകൊണ്ടിരുന്നത്. കേരളത്തിലെ ജനങ്ങൾ അതെല്ലാം തള്ളിക്കളഞ്ഞിട്ടുള്ള കാര്യങ്ങളാണെന്ന് ഇനിയെങ്കിലും നിങ്ങൾ മനസ്സിലാക്കണമെന്നാണ് ആമുഖമായി സൂചിപ്പിക്കാനുള്ളത്.

കേരളത്തിലെ സഹകരണ മേഖല രാജ്യത്തിനാകെ മാതൃകയാകുന്ന പ്രത്യേകിച്ച് ജനങ്ങളുടെ നിത്യജീവിതവുമായി ബന്ധപ്പെട്ടുകൊണ്ട്, മറ്റൊരു തരത്തിൽ പറഞ്ഞാൽ ഒരു മനുഷ്യന്റെ ജനനം മുതൽ മരണം വരെയുള്ള ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിൽ സഹകരണ മേഖലയുമായി ഇടപെട്ടുകൊണ്ടുപോകാത്ത ഒരാളും കേരളത്തിലുണ്ടാകില്ല. കേരളീയ ജനജീവിതവുമായി സഹകരണ മേഖല അത്രയേറെ ഇടപഴകിയിട്ടുണ്ട്. ആ സഹകരണ മേഖല ഇന്ന് പല തരത്തിലുള്ള പ്രതിസന്ധികൾ നേരിടുകയാണ്. സ്വാതന്ത്ര്യത്തിന് മുമ്പ് കേരളത്തിൽ വേരുറപ്പിച്ച സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാലത്തിനൊപ്പമെന്നല്ല പറയേണ്ടത്, അത് കാലത്തിന് മുമ്പേയാണ് സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ വിത്തും വളവും വിതരണം ചെയ്യുന്ന സംഘങ്ങൾ തുടങ്ങി കാർഷിക വിഭവങ്ങൾ മൂല്യവർദ്ധിത ഉത്പ്പന്നങ്ങളാക്കി വികസിത രാജ്യങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കുന്ന സംഘങ്ങൾ വരെയുമുണ്ട്. അങ്ങനെ പറയുമ്പോൾ പ്രത്യേകിച്ച് വാരപ്പെട്ടി സഹകരണ ബാങ്കിന്റെ കാര്യം സംബന്ധിച്ച് കഴിഞ്ഞദിവസം ചോദ്യോത്തരവേളയിൽ ബഹുമാന്യനായ സഹകരണ വകുപ്പുമന്ത്രി എടുത്തുപറഞ്ഞതാണ്. അവിടെനിന്നും കപ്പ, ഏത്തപ്പഴം

ഉൾപ്പെടെ നല്ല വിലയ്ക്ക് കർഷകരിൽനിന്ന് സംഭരിച്ചുകൊണ്ട് മൂല്യവർദ്ധിത ഉത്പ്പന്നങ്ങളാക്കുകയും അതോടൊപ്പം വാരപ്പെട്ടി ബ്രാൻഡ് വെളിച്ചെണ്ണ ഉത്പ്പാദിപ്പിച്ചുകൊണ്ട് മൂല്യവർദ്ധിത ഉത്പ്പന്നങ്ങളുൾപ്പെടെ നിലവിൽ ആസ്ട്രേലിയ, യു.എസ്.എ., ന്യൂസിലാന്റ് ഉൾപ്പെടെയുള്ള രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്തുകൊണ്ടിരിക്കുകയാണ്. ഏറെ വൈകാതെ യു.കെ.-ലേയ്ക്കും കയറ്റുമതി ചെയ്യാൻ കഴിയുന്ന സാഹചര്യത്തിലേയ്ക്ക് ബാങ്ക് എത്തിയിരിക്കുകയാണ്. വാരപ്പെട്ടിയെന്ന ചെറിയ പ്രദേശത്ത് പ്രവർത്തിക്കുന്ന വലിയ സഹകരണ വിജയമാതൃകയാണ് ഞാനിവിടെ സൂചിപ്പിച്ചത്. ഞാൻ ഇപ്പോഴും ഓർക്കുന്നു, മഹാപ്രളയകാലം മുതൽ പ്രത്യേകിച്ച് കാലാവസ്ഥാവ്യതിയാനവും അതിവർഷവും ഉൾപ്പെടെയുള്ള ഘട്ടങ്ങളിൽ കപ്പ കർഷകർ ഉൾപ്പെടെ വിവിധ മേഖലകളിലെ കർഷകർ അവരുടെ ഉത്പ്പന്നങ്ങൾ  വിറ്റഴിക്കാൻ കഴിയാത്ത അല്ലെങ്കിൽ അത് നശിച്ചുപോകുന്ന വേളയിൽ അഞ്ചുരൂപയ്ക്കുപോലും കപ്പ വാങ്ങാനാളുകളില്ലാതിരുന്ന ഘട്ടത്തിൽ ഏതാണ്ട് 20 രൂപയോളം വരുന്ന വില നൽകിക്കൊണ്ട് കർഷകരിൽനിന്ന് സംഭരിച്ച് മൂല്യവർദ്ധിത ഉത്പ്പന്നങ്ങളാക്കി വിദേശങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുകയാണ്. ഇപ്പോൾ 35

രൂപയിൽ കൂടുതൽ കൊടുത്ത് കർഷകരിൽ നിന്നും കപ്പ സംഭരിച്ചുകൊണ്ട് മൂല്യവർദ്ധിത ഉത്പ്പന്നങ്ങളാക്കുകയും ചെയ്തത് ബഹുമാന്യനായ സഹകരണ വകുപ്പുമന്ത്രി അവിടെ വന്ന് കണ്ടിട്ടുള്ളതുമാണ്. അവിടെ വലിയ പ്ലാന്റുൾപ്പെടെ സ്ഥാപിച്ചുകൊണ്ട് ആ നാട്ടിലെ ചെറുപ്പക്കാരുൾപ്പെടെയുള്ളവർക്ക് തൊഴിൽ കൊടുക്കാൻ കഴിയുന്ന തരത്തിലുള്ള ജനകീയ ഇടപെടലായി പ്രസ്ഥാനം അവിടെ മാറിയിരിക്കുകയാണ്. വാരപ്പെട്ടി ബ്രാൻഡ് വെളിച്ചെണ്ണ എന്നുള്ളത് ഇന്ന് കേരളത്തിൽ മാത്രമല്ല, ഇതരപ്രദേശങ്ങളിലും പുറം സംസ്ഥാനങ്ങളിലുമുൾപ്പെടെ വലിയതോതിൽ സ്വീകാര്യതയുള്ള ഒരു ബ്രാൻഡായി മാറിയിരിക്കുകയാണ്.

ഇതുപോലുള്ള നിരവധി ചെറുതും വലുതുമായ ഇടപെടലുകൾ സഹകരണമേഖലയിൽ സംസ്ഥാനത്തിന്റെ എല്ലാ മേഖലയിലും കാണാൻ സാധിക്കും. കാലത്തിന്റെ മാറ്റം ഉൾക്കൊണ്ടുകൊണ്ട് വളർച്ച കൈവരിച്ച് പുതിയ മേഖലയിലേയ്ക്ക് ചേക്കേറുമ്പോഴും സാധാരണക്കാരോടൊപ്പം നിൽക്കാനും അവരുടെ ആവശ്യങ്ങൾ നിറവേറ്റാനും സഹകരണ സംഘങ്ങളെന്നും മുന്നിലുണ്ട്. അതിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉദാഹരണമാണ് പ്രളയവും അതിവർഷവുമടക്കമുള്ള പ്രകൃതിക്ഷോഭങ്ങളിൽ

കിടപ്പാടം നഷ്ടപ്പെട്ട ആളുകൾക്ക് താങ്ങായി തണലായി അവരോടൊപ്പം നിൽക്കുന്നതിനുവേണ്ടിയാണ് 'കെയർഹോം' എന്ന പദ്ധതി സഹകരണ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളത്. അശരണരെ ചേർത്തുനിർത്തി സംരക്ഷിക്കുന്ന ബൃഹത് പദ്ധതിയാണിത്. ഒന്നാംഘട്ടത്തിൽ ഏതാണ്ട് 2088 വീടുകൾ ആ പദ്ധതി മുഖേന നിർമ്മിച്ചുനൽകിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിലെ ആദ്യപാദത്തിൽ 40 ഭവന സമുച്ചയങ്ങൾ ഇതിനോടകംതന്നെ നിർമ്മിച്ച് നൽകിയിട്ടുണ്ട്. എല്ലാ ജില്ലകളിലും കെയർഹോം പദ്ധതിയുടെ ഭാഗമായി നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ മുന്നോട്ടുപോകുകയാണ്. അടച്ചുറപ്പുള്ള വീടെന്ന സാധാരണക്കാരന്റെ സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന് സഹകരണസംഘങ്ങൾ മികച്ച പിന്തുണയാണ് കേരളത്തിൽ നൽകിയിട്ടുള്ളത്.

മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികൾ മറികടക്കാൻ സഹകരണ സംഘങ്ങളിൽ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി. അതെല്ലാം കേരളത്തിലെ ജനങ്ങൾക്ക് നേരിട്ട് അനുഭവമുള്ള കാര്യമാണ്. സംസ്ഥാനത്ത് പ്രവർത്തിച്ച കമ്മ്യൂണിറ്റി കിച്ചണുകൾക്കാവശ്യമായ എല്ലാ സഹായവുമെത്തിച്ചുകൊടുക്കാൻ സഹകരണ ബാങ്കുകളുണ്ടായിരുന്നു. പൾസ്

ഓക്സിമീറ്റർ അടക്കമുള്ള ഉപകരണങ്ങൾ കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്ത് സ്വകാര്യകുത്തകകൾ ഈ മേഖലയിൽ സൃഷ്ടിച്ച വിലക്കയറ്റത്തിന് തടയിടാൻ സഹകരണബാങ്കുകൾക്ക് ആ ഘട്ടത്തിൽ സാധിച്ചിട്ടുണ്ട്. വായ്പാതിരിച്ചടവിന് സാവകാശവും പലിശയിളവും നൽകി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ ആ മേഖലയിൽ കൂടുതൽ ആനുകൂല്യം നൽകിയും സഹകാരികൾക്കൊപ്പം നിൽക്കാനും സഹകരണമേഖലയ്ക്ക് സാധിച്ചിട്ടുണ്ട്. ഓൺലൈൻ ക്ലാസ്സുകളുൾപ്പെടെയുള്ള മേഖലയിലും സജീവമായി ഇടപെടുന്നതിന് ആ ഘട്ടങ്ങളിൽ സഹകരണ ബാങ്കുകൾക്ക് സാധിച്ചിട്ടുണ്ട്.

കോവിഡ് പ്രതിസന്ധി സാധാരണക്കാരുടെ വരുമാനത്തെ ബാധിച്ചപ്പോൾ ആ മേഖലയിലേയ്ക്ക് പലിശ സംഘങ്ങൾ കടന്നുവന്ന ഘട്ടത്തിലാണ് 'മുറ്റത്തെ മുല്ല' എന്ന പദ്ധതി സഹകരണ വകുപ്പ് ആവിഷ്കരിച്ചത്. ആ പദ്ധതിയിലൂടെ കുടുംബശ്രീ യൂണിറ്റുകൾ വഴിയാണ് കുറഞ്ഞ പലിശ നിരക്കിൽ നമുക്ക് വായ്പ നൽകാൻ സാധിച്ചത്. ഇന്ന് ഗ്രാമപ്രദേശങ്ങളിൽ സാധാരണക്കാർ ഏറ്റവും കൂടുതൽ ആശ്രയിക്കുന്നതും 'മുറ്റത്തെ മുല്ല' പദ്ധതിയെയാണ്.

ഇതിനുപുറമെയാണ് 'സ്നേഹതീരം' പദ്ധതി സഹകരണ വകുപ്പ് നടപ്പിലാക്കിയിട്ടുള്ളത്. തീരപ്രദേശങ്ങളിൽ മത്സ്യ വിപണനവും അനുബന്ധ ജോലികളും ചെയ്യുന്ന ഭൂരിഭാഗംപേരും ദിവസത്തേയ്ക്കോ ഒരാഴ്ചത്തെ അവധിയിലോ ഉയർന്ന പലിശയ്ക്ക് പണം വാങ്ങുന്നവരാണ്. മത്സ്യ വിൽപ്പനയ്ക്കുശേഷം വലിയ തുക സാമ്പത്തിക ബാദ്ധ്യതയും വരാറുണ്ട്. ഇതൊഴിവാക്കുന്നതിനാണ് സ്നേഹതീരം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഫിഷറീസ് വകുപ്പുമായി സഹകരിച്ചുകൊണ്ടാണ് തീരപ്രദേശങ്ങളിൽ സഹകരണ സംഘങ്ങൾ വഴി സ്നേഹതീരം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. അടിസ്ഥാനസൗകര്യ വികസനരംഗത്തും സഹകരണ മേഖല വളരെ സജീവമായി ഇടപെടുകയാണ്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സൊസൈറ്റി ഈ രംഗത്ത് വിപ്ലവകരമായ മുന്നേറ്റമാണ് സൃഷ്ടിച്ചിട്ടുള്ളത്. റോഡുകളുടെയും പാലങ്ങളുടെയും വൻകിട കെട്ടിടങ്ങളുടെയും നിർമ്മാണത്തിൽ ഇന്ന് ഏറ്റവും വിശ്വസ്തമായിട്ടുള്ള സ്ഥാപനമായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സൊസൈറ്റി മാറിയിട്ടുണ്ട്. നിരവധി അന്തർദേശീയ പുരസ്കാരങ്ങൾ നേടിക്കൊണ്ട് ലോകശ്രദ്ധയും ആകർഷിച്ചിട്ടുണ്ട്. ഐ.റ്റി. രംഗത്ത് മാറ്റിനിർത്താൻ

സാധിക്കാത്ത വിധത്തിൽ വളരാൻ ഇവർക്കായിയെന്നത് പ്രത്യേകം കാണേണ്ടതാണ്. സംസ്ഥാന സഹകരണ സംഘം കേരള ബാങ്ക് എന്ന ബ്രാൻഡ് നെയിമിലേയ്ക്ക് മാറിയപ്പോൾ സാമ്പത്തിക രംഗത്ത് ശ്രദ്ധേയമായ സഹകരണ വിപ്ലവമാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. റീജിയണൽ ഓഫീസുകൾ നമ്മുടെ ഗ്രാമീണ അന്തരീക്ഷങ്ങളിലും അതോടൊപ്പം നഗരപ്രദേശങ്ങളിലും കൂടുതൽ ശാഖകളുമായി സാധാരണക്കാരുമായി ബന്ധപ്പെടുന്ന സ്ഥാപനമായി കേരള ബാങ്കിന് മാറാൻ സാധിച്ചു. കോവിഡ് പ്രതിസന്ധിയിലാക്കിയ വ്യാപാരികളെയും, വ്യവസായികളെയും, സ്വയം സംരംഭകരെയും, വിദ്യാർത്ഥികളെയും, കർഷകരെയും സഹായിക്കാൻ കേരളാ ബാങ്ക് പദ്ധതികൾ ആവിഷ്കരിച്ചു. വലിയ സാമ്പത്തിക പിന്തുണ അവകാശപ്പെടുന്ന ദേശസാൽകൃത ബാങ്കുകളും, സ്വകാര്യ പുത്തൻ തലമുറ ബാങ്കുകളും, കടന്നുചെല്ലാൻ മടിക്കുന്ന മേഖലയിലേയ്ക്കാണ് കേരളാ ബാങ്ക് കടന്നുചെല്ലുകയും ജനങ്ങൾക്ക് ആശ്വാസം പകരുകയും ചെയ്തിട്ടുള്ളത്. നിക്ഷേപ സമാഹരണ യജ്ഞം പ്രഖ്യാപിച്ചപ്പോൾ ലക്ഷ്യം വച്ചതിനേക്കാൾ പതിന്മടങ്ങ് നിക്ഷേപമാണ് കേരള ബാങ്കിൽ എത്തിയത്. ഇത് തെളിയിക്കുന്നത് പൊതുജനങ്ങളുടെ വിശ്വാസ്യതയാണ്. ഇവിടെ ജോലി

നൽകുന്ന കാര്യത്തിൽ പ്രത്യേകിച്ച് യുവാക്കളുടെ കാര്യത്തിൽ, കഴിഞ്ഞ ഒരു വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ 1184 സ്ഥിര നിയമനങ്ങൾ നടത്തിയുണ്ട്. കേരളബാങ്കിൽ ആയിരത്തോളം തസ്തികകളിലേയ്ക്കുള്ള സ്ഥിര നിയമനത്തിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇത്തരത്തിൽ സംസ്ഥാനത്തിന്റെ എല്ലാ മേഖലകളിലും ശക്തമായ ഇടപെടൽ നടത്താൻ സഹകരണ മേഖലയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു.

<u>ശ്രീ. പ്രമോദ് നാരായൺ</u>: സർ, ഞാൻ ഈ ധാനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്.

' ഇടിവെട്ടി മുളപൊട്ടി, ഇലനീട്ടി വെയിൽമോന്തി

ശതശാഖികൾ പടർത്തിയൊരു കാടിന്റെ

സാന്ദ്ര ഹരിതാഭമാം ദൃശ്യമാം

സംഗീതമാക്കുന്ന ജീവന്റെ ഉന്മത്ത നൃത്തം'

കോടാനുകോടി വർഷത്തെ പരിണാമ പ്രക്രിയയിൽ രൂപപ്പെട്ട നിത്യ ഹരിതവനങ്ങൾ, ചോലവനങ്ങൾ, മഴക്കാടുകൾ, തണ്ണീർത്തടങ്ങൾ ഇത്തരത്തിൽ അത്ഭുതപ്പെടുത്തുന്ന ആവാസ വ്യവസ്ഥകളാൽ സമ്പന്നമാണ്

നമ്മുടെ കൊച്ചുകേരളം. ആകെ ഭൂവിസ്തൃതിയുടെ മുപ്പത് ശതമാനം വനമുള്ള കേരളം ദേശീയ നിലവാരത്തേക്കാൾ ഉയർന്നുനിൽക്കുന്നവെന്നതിൽ നമുക്ക് അഭിമാനിക്കാം. ഏറെ ഗൗരവത്തോടെ ഈ സഭ ചർച്ച ചെയ്തു, ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയെത്തുടർന്ന് ബഫർ സോൺ വിഷയത്തിൽ മലയോര മേഖലയിലാകെ ആശങ്കകൾ കത്തിപ്പടർന്നപ്പോൾ രാഷ്ട്രീയ ഭേദത്തിനതീതമായി കൃഷിയിടങ്ങളെയും ജനവാസ കേന്ദ്രങ്ങളെയും സംരക്ഷിക്കണമെന്ന നിലപാട് ഒറ്റക്കെട്ടായി നാം സ്വീകരിച്ചുവെന്നതും അഭിമാനകരം തന്നെയാണ്. കേന്ദ്ര സർക്കാർ വിളിച്ച സർവ്വകക്ഷി യോഗത്തിൽ കേരള കോൺഗ്രസ്സ് (എം)-ന്റെ ആദരണീയനായ ചെയർമാൻ കൂടിയായ ശ്രീ. ജോസ് കെ. മാണി, എം.പി., ഇതുസംബന്ധിച്ച് പ്രസക്തമായ ഒരു നിർദ്ദേശം അവതരിപ്പിക്കുകയുണ്ടായി. 2014 ആഗസ്റ്റിൽ കേന്ദ്ര സർക്കാർ, കേന്ദ്ര വനം-പരിസ്ഥിതിയുമായി ബന്ധപ്പെട്ട ബൃഹത്തായ ആറ് നിയമങ്ങളും 1973-ലെ വനം വന്യജീവി നിയമം ഉൾപ്പെടെയുള്ള നിയമങ്ങളും പരിഷ്കരിക്കാൻവേണ്ടി റ്റി.എസ്.ആർ. സുബ്രഹ്മണ്യൻ എന്ന മുൻ ക്യാബിനറ്റ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. വളരെ സമഗ്രമായി ഇത്

പഠിക്കണമെന്നതുകൊണ്ട് കൂടുതൽ പഠനം ആവശ്യമുണ്ടെന്നാണ് അവർ പറഞ്ഞത്. ബഹു. സുപ്രീംകോടതിയുടെ മുന്നിൽ ഇത്തരം നിയമങ്ങളുടെ കാലോചിതമായ പരിഷ്കരണത്തിന്റെ അനിവാര്യത ബോധ്യപ്പെടുത്താനും അത്തരം ഒരു റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമെ അന്തിമവിധി പുറപ്പെടുവിക്കാൻ പാടുള്ളൂവെന്നും ബഹുമാനപ്പെട്ട സുപ്രീം കോടതിയെ ബോധ്യപ്പെടുത്തേണ്ട ചുമതല കേന്ദ്ര സർക്കാരിനുണ്ട്. അക്കാര്യം കേരളം ശക്തമായി പറയുകയും Central Empowered Committee-യുടെ മുമ്പാകെ പ്രമേയത്തിന്റെ അതിശക്തമായ ഇടപെടലുകൾ കേരളത്തിന്റെ പല ഭാഗത്തുനിന്നും ഉണ്ടാകുകയും വേണം. വനം-വന്യജീവി സംഘർഷമാണ് ഈ സഭയിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്തിട്ടുള്ള വിഷയം. എന്റെ മണ്ഡലമായ റാന്നിയിലെ പന്ത്രണ്ട് പഞ്ചായത്തുകളിൽ ഉൾപ്പെട്ട നാറാണമൂഴി, വടശ്ശേരിക്കര, വെച്ചൂചിറ, പെരുനാട് പോലുള്ള പഞ്ചായത്തുകളിൽ ആനയും അണ്ണാനും, മ്ലാവും, മയിലും, കാട്ടുകുരങ്ങുമൊക്കെ സ്വൈരവിഹാരം നടത്തി കൃഷിയിടങ്ങൾ തകർക്കുമ്പോൾ കോന്നിയിൽ ഇപ്പോൾ കടുവയിറങ്ങിയെന്നാണ് ഇന്നലെ വന്നിട്ടുള്ള വാർത്ത. ആളുകൾ ആശങ്കയിലാണ്. അമ്മമാർ പേടിയിലാണ്. 2016 മുതൽ 2021 വരെ 589

മനുഷ്യർക്കാണ് ജീവൻ നഷ്ടമായത്. 2.3 കോടിരൂപയാണ് നഷ്ടപരിഹാരമായി നൽകിയത്. ഇവരിൽ ആരാണ് ഭൂരിപക്ഷം; ഭൂരിഭാഗം പേരും കർഷകനാണ്. ഇവരാരും നായാട്ടിനോ, കാട് കയ്യേറാനോ പോയവരല്ല. കൃഷിയെന്നത് പരിസ്ഥിതിയുടെ വിപരീതമല്ല. കർഷകൻ കാടിന്റെ ശത്രുവുമല്ല. കർഷകർക്കെല്ലാം ജീവൻ നഷ്ടമാകുകയാണ്. അവരെ സംരക്ഷിക്കാനുള്ള നടപടികളുണ്ടാകണം. കാട്ടുപന്നിയുടെ ശല്യം വളരെയധികം വർദ്ധിച്ചപ്പോൾ ഹോട്ട്സ്പോട്ട് പട്ടിക പുതുക്കാൻ നാം ആവശ്യപ്പെട്ടിട്ടും കേന്ദ്ര സർക്കാർ തയ്യാറാകാതിരുന്നപ്പോൾ തദ്ദേശസ്വയംഭരണം സ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാർ ചില അനുയോജ്യമായ മാർഗ്ഗങ്ങളിൽ കാട്ടുപന്നിയെ കൊല്ലാൻ നടപടി സ്വീകരിച്ചത് അഭിനന്ദനാർഹം തന്നെയാണ്. 1972-ലെ വനം വന്യജീവി നിയമം ശാശ്വതമായി ഭേദഗതി ചെയ്യാൻ കേന്ദ്ര സർക്കാർ തയ്യാറാകണം. ഇവിടെ എന്തുകൊണ്ടാണ് ഇതുണ്ടാകുന്നത്; കാലങ്ങൾക്കുമുമ്പ് വനത്തിനുള്ളിൽ നാം അക്വേഷ്യ മരങ്ങൾ നട്ടു. ഓസ്ട്രേലിയ, ന്യൂസിലാൻഡ് പോലുള്ള രാജ്യങ്ങളിലെ ചതുപ്പുനിലങ്ങളെ വരണ്ട ഭൂമിയാക്കാൻവേണ്ടി അക്വേഷ്യയും മാഞ്ചിയവുമെല്ലാം നട്ടപ്പോൾ തണ്ണീർതടങ്ങളിലെയും

നീർചാലുകളിലെയുമെല്ലാം ജലം ഇത് വലിച്ചെടുത്തു. ഇതിന്റെ ഇലകൾ കോലയും കങ്കാരുവും കഴിക്കും. നമ്മുടെ കാട്ടിലെ മൃഗങ്ങൾ കഴിക്കില്ല. കാട്ടുതീയിൽ മറ്റെല്ലാ മരങ്ങളും കത്തിപടർന്ന് അമരുമ്പോൾ, ഈ വിദേശ വൃക്ഷങ്ങളുടെ വിത്തുകൾ ഈ കാട്ടുതീയിൽ അമർന്നാലും ആർത്തിയോടെ ജെർമിനേറ്റ് ചെയ്യുകയാണ്. നമ്മുടെ പുതിയ വന നയം പരിശോധിക്കുമ്പോൾ സ്വാഭാവിക വനങ്ങളുടെ പുനസ്ഥാപനം ഘട്ടംഘട്ടമായി പോര, ഇത്തരത്തിലുള്ള ഏക വിദേശ വിള വൃക്ഷങ്ങളെ നിയന്ത്രിക്കാൻ നമുക്ക് സാധിക്കണം. നമ്മുടെ വനം വകുപ്പിലെ ഉദ്യോഗസ്ഥരെല്ലാം കഠിനമായി പരിശ്രമിക്കുന്നവരാണ്. ചില സ്ഥലങ്ങളിലെങ്കിലും മരം മുറിക്കലുമായി ബന്ധപ്പെട്ട് അനാവശ്യമായി പിടിവാശികാണിക്കുന്നു. വനസംരക്ഷണത്തിന്റെ അഞ്ചാം ചട്ടമനുസരിച്ച് പലപ്പോഴും വ്യക്ഷങ്ങൾ മുറിക്കുമ്പോൾ ആ വൃക്ഷങ്ങൾ പൂർണ്ണമായും മുറിച്ചുകളയാൻ സാധിക്കില്ല. കത്തിച്ചുകളയുന്നതും കുറ്റകരമാണ്.

ഇടുക്കിയിലെ ഏലം കർഷകർ നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നമാണ് അവിടത്തെ തണൽ ക്രമീകരണം വേണമെന്നത്. സി.എച്ച്.ആർ. ഭൂമിയല്ല, പട്ടയ നോട്ടിഫൈഡ് ഏരിയയിൽപ്പെടുന്ന ഭൂമിയല്ല. പക്ഷേ അവിടെപ്പോലും

തണൽ ക്രമീകരണം നടത്തുന്നതിൽ വനംവകുപ്പ് ഉദ്യോഗസ്ഥർ തടസ്സം നിൽക്കുകയാണ്. ഇത്തരം ആളുകളെ നിയന്ത്രിക്കാൻ സാധിക്കണം. നമുക്ക് ഒരുപാട് ഗവേഷണ സ്ഥാപനങ്ങളുണ്ട്. ഇപ്പോൾ Wildlife Institute of India ഉണ്ട്. Artificial intelligence പോലുള്ള മാർഗ്ഗങ്ങൾ ഉപയോഗിച്ചുകൊണ്ട് മഴയെയും മണ്ണിടിച്ചൽപോലും നമുക്ക് മുൻകൂട്ടികാണാൻ സാധിക്കും. എന്തുകൊണ്ടാണ് വന്യമൃഗങ്ങളുടെ വിഹാരത്തെ സംബന്ധിച്ച പുതിയ സാങ്കേതിക വിദ്യകളുപയോഗിച്ച് പഠിക്കാൻ സാധിക്കാത്തത്. യൂറോപ്പുപോലുള്ള രാജ്യങ്ങളുടെ BioBridge-കളെക്കുറിച്ച്, നമ്മുടെ മനുഷ്യ നിർമ്മിതിയുള്ള പാലങ്ങളുടെ മുകളിലൂടെ മൃഗങ്ങൾക്ക് കടന്നുവരാൻ സാധിക്കുന്ന ജൈവ പാലങ്ങൾ പോലുള്ള പുതിയ സാധ്യതകൾ നാം ആരായുന്നു. സോളാർ വേലികൾ നാം നിർമ്മിച്ചു. അതിന്റെ മെയിന്റനൻസ് ഫലപ്രദമായി നടത്താൻ നമുക്ക് സാധിക്കുന്നില്ല. അതുകൊണ്ട് വഴിത്താരകൾ ശാസ്ത്രീയമായി മാപ്പിംഗ് ചെയ്യണം. പുതിയ സാങ്കേതികവിദ്യകൾ ഉപയോഗിക്കണം. കാടിനെ ആശ്രയിച്ച് ജീവിക്കുന്ന ആദിവാസി ഗോത്ര വിഭാഗങ്ങളുള്ള ഒരു മണ്ഡലത്തിൽ നിന്നാണ് ഞാൻ വരുന്നത്. അവരുടെ ജീവനോപാധി വനമാണ്. അവരുടെ പങ്കാളിത്തം

ചരിത്രപരമാണ്. അവരെക്കൂടി ചേർത്ത് പിടിച്ചുകൊണ്ട് വനം സംരക്ഷിക്കുകയെന്നാൽ കർഷകരെയും ആദിവാസിയേയും മനുഷ്യരെയും കൂടിസംരക്ഷിക്കുകയെന്ന സമീപനം നമ്മുടെ സർക്കാർ സ്വീകരിക്കണമെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണയ്ക്കുകയാണ്.

ശ്രീ. ഒ. ആർ. കേളു: സർ, സഹകരണം, വനം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. വളരെ കാലികപ്രസക്തിയുള്ള ഒരു കാലഘട്ടത്തിലാണ് നിയമസഭയിൽ സഹകരണവും വനവുമായും ബന്ധപ്പെട്ട ചർച്ച നടക്കുന്നത്. കേരളത്തിലെ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തിപ്പിടിക്കുന്നതിനും അവരെ സംരക്ഷിക്കുന്നതിനുംവേണ്ടി സഹകരണ പ്രസ്ഥാനങ്ങളും സഹകരണ സംവിധാനങ്ങളും ഈ ഗവൺമെന്റ് മുന്നോട്ട് കൊണ്ടുപോകുന്ന എന്നുള്ളത് വളരെ പ്രശംസനീയമായ ഒരു കാര്യമാണ്. ആഗോള സാമ്പത്തിക നയത്തിന്റെ ഭാഗമായി നമ്മുടെ രാജ്യം വലിയ സാമ്പത്തിക കെടുതി നേരിട്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ ഇന്ത്യയിലെ ഒരു സംസ്ഥാനത്തിനും മുന്നോട്ടുപോകാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷമാണ് ഇന്ന് നിലനിൽക്കുന്നത്. പക്ഷേ അത്തരം കാര്യങ്ങൾ പരിശോധിക്കുമ്പോൾ,

ആരാണ് അവയ്ക്ക് കാരണമായിട്ടുള്ളത്? ഇന്ത്യയിൽ ആഗോളവൽക്കരണ-ഉദാരവൽക്കരണ നയങ്ങളും ആഗോള സാമ്പത്തിക നയങ്ങളും നടപ്പാക്കിയതിന്റെ ഫലമായി ഇന്ന് നമ്മുടെ രാജ്യം എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളെയും വിറ്റുകൊണ്ടേയിരിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യ മേഖലയ്ക്കും കോർപ്പറേറ്റ് മുതലാളിമാർക്കും വിൽക്കുമ്പോൾ അനേകം കുടുംബങ്ങളാണ് വഴിയാധാരമാകുന്നത്. അവർക്ക് എങ്ങനെയാണ് ജീവിക്കാൻ കഴിയുക? ഇത്തരം കാര്യങ്ങൾക്കൊക്കെ തുടക്കംകുറിച്ചതും നടപ്പാക്കിയിട്ടുള്ളതും ഏറെക്കാലം ഇന്ത്യ ഭരിച്ചിട്ടുള്ള കോൺഗ്രസ് ഗവൺമെന്റാണെന്ന് നമുക്ക് കാണാൻ സാധിക്കും. ഗാട്ട്, ആസിയാൻ കരാറുകൾ പോലെയുള്ള നയങ്ങൾ ഈ രാജ്യത്ത് നടപ്പിൽ വരുത്തിയത് പി. വി. നരസിംഹറാവു പ്രധാനമന്ത്രിയായിരുന്ന സമയത്ത് കോൺഗ്രസ് ഗവൺമെന്റാണ്. അതിന്റെ കെടുതികൾ രാജ്യം ഇപ്പോൾ അനുഭവിക്കുകയാണ്. ഒട്ടനവധി കുടുംബങ്ങൾ ഇന്ന് വഴിയാധാരമായിക്കൊണ്ടിരിക്കുന്നു. നമ്മുടെ രാജ്യത്ത് അവസാനമായി നടപ്പാക്കിയ കാർഷിക നയം തുടങ്ങിവച്ചത് കോൺഗ്രസ് ഗവൺമെന്റാണ്. ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ അവർ അത്

നടപ്പാക്കി. ആ കാർഷിക നയത്തിന്റെ ഭാഗമായി കാർഷിക സബ്സിഡികളെല്ലാം പൂർണ്ണമായും നിലയ്ക്കുന്നു, കാർഷിക മേഖല പൂർണമായും ഇതര കോർപ്പറേറ്റ് മുതലാളിമാർക്ക് തീറെഴുതുന്നു. ഈ രാജ്യത്ത് അതിന്റെ പ്രത്യാഘാതങ്ങൾ വളരെ വലുതാണ്. അതുപോലെ കോൺഗ്രസ് നടപ്പാക്കിയിട്ടുള്ള മറ്റൊരു കാര്യമാണ് ജി.എസ്.ടി., ഇത് തുടങ്ങിവച്ചത് കോൺഗ്രസ് ഗവൺമെന്റാണ് എന്നുള്ളത് രേഖാമൂലം പരിശോധിച്ചാൽ നമുക്ക് കൃത്യമായി കാണാൻ സാധിക്കും. അതിന്റെ ഭാഗമായുള്ള സാമ്പത്തിക പ്രത്യാഘാതങ്ങളും വളരെ വലുതാണ്. ഇങ്ങനെ നമ്മുടെ രാജ്യത്തെ ഇന്നത്തെ ദുരവസ്ഥയിലേയ്ക്ക് കൊണ്ടുപോകുന്നതിന് ആധാരമായിട്ടുള്ളതും അത്തരം കാര്യങ്ങൾ നടപ്പിലാക്കിയതും തുടക്കം കുറിച്ചതുമൊക്കെ യു.ഡി.എഫ്.-ഉം കോൺഗ്രസ് ഗവൺമെന്റുമാണെന്ന് കാണാൻ സാധിക്കും. പക്ഷേ ഇന്ന് അവർ അതെല്ലാം മറന്നാണ് സംസാരിച്ചുകൊണ്ടിരിക്കുന്നത്.

ഇവിടെ ചർച്ചയ്ക്കെടുക്കുന്ന മറ്റൊരു വിഷയമാണ് വനവുമായി ബന്ധപ്പെട്ട കാര്യം. വന നയവും ബഫർ സോണുമായി ബന്ധപ്പെട്ട കാര്യങ്ങളും മാധവ് ഗാഡ്ഗിൽ റിപ്പോർട്ട് പോലുള്ള കാര്യങ്ങളുമൊക്കെ

ആരാണ് ഈ രാജ്യത്ത് നടപ്പാക്കാൻ മുൻകയ്യെടുത്തിട്ടുള്ളത്? അത് കോൺഗ്രസ് ആണെന്ന് നമുക്ക് കാണാൻ സാധിക്കും. ഈ ഗവൺമെന്റ് വനത്തിനും പരിസ്ഥിതിക്കും എതിരൊന്നുമല്ല. പക്ഷേ അത്തരം കാര്യങ്ങൾ നടപ്പാക്കുമ്പോൾ വളരെ ദീർഘവീക്ഷണത്തോടെ ചിന്തിക്കേണ്ടിയിരിക്കുന്നു. ഞാൻ പഞ്ചായത്ത് പ്രസിഡന്റായിരിക്കുന്ന സമയം, അന്നത്തെ കേന്ദ്ര വനം-പരിസ്ഥിതി വകുപ്പുമന്ത്രി ശ്രീ. ജയറാം രമേശ് ഞങ്ങളുടെ നാട്ടിലെ ഒരു യോഗത്തിൽ പങ്കെടുക്കുകയും ആ യോഗം ഇതുമായി ബന്ധപ്പെട്ട് സംഘർഷ കോലാഹലത്തിലേയ്ക്ക് പോകുന്ന സാഹചര്യവുമുണ്ടാവുകയും ചെയ്തത് എനിക്ക് ഓർമ്മയുണ്ട്. കേരളത്തിൽ അന്ന് അത് നടപ്പാക്കാൻ മുൻകയ്യെടുത്തത് ഇന്നത്തെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും എം.പി.-ആയ ശ്രീ. ടി. എൻ. പ്രതാപനുമൊക്കെയാണ്. അവരൊക്കെ ഈ കാര്യങ്ങൾ വിസ്മരിച്ചുകൊണ്ടാണ് സഭയിൽ സംസാരിച്ചുകൊണ്ടിരിക്കുന്നത്. ഇങ്ങനെ നമ്മുടെ രാജ്യത്തിനും സമൂഹത്തിനും ഇത്രയും ദോഷകരമായിട്ടുള്ള നിയമനടപടികളും പരിഷ്കാരങ്ങളും നടപ്പാക്കിയിട്ടുള്ള ആളുകളാണ് ഇവിടത്തെ പ്രതിപക്ഷം. ബഫർ സോണുമായും കസ്തൂരിരംഗൻ റിപ്പോർട്ട് പോലെയുമുള്ള കാര്യങ്ങൾ ഇവിടെ നടപ്പാക്കുമ്പോൾ ഒരു കാര്യം

ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. കേരളത്തിലെ വനാന്തരങ്ങളിലും വനത്തിന്റെ ഉള്ളിലുമൊക്കെയായി പട്ടികവർഗ്ഗക്കാർ ഉൾപ്പെടെയുള്ള ഇടത്തരം കർഷകരുൾപ്പെടുന്ന ആയിരക്കണക്കിന് ആളുകളാണ് താമസിക്കുന്നത്. അവരെക്കുറിച്ച് ചിന്തിക്കേണ്ടേ? അവർ നാളെ എങ്ങനെ ജീവിക്കും തുടങ്ങിയ കാര്യങ്ങളൊന്നും ചിന്തിക്കാതെയും മനസ്സിലാക്കാതെയും പന്ത്രണ്ട് കിലോമീറ്ററും പതിമൂന്ന് കിലോമീറ്ററും വരുന്ന പരിധി ബഫർ സോണായി നടപ്പാക്കണമെന്നുള്ളതാണ് അന്ന് ഇവിടെനിന്ന് യു.ഡി.എഫ്. കൊടുത്തിട്ടുള്ള നിർദ്ദേശം. ഇങ്ങനെ തെറ്റായ നിർദ്ദേശങ്ങളും കാര്യങ്ങളുമൊക്കെ യു.ഡി.എഫ്. നടപ്പാക്കുകയും പറയുകയുമൊക്കെ ചെയ്തിട്ട് നിയമസഭയിൽവന്ന് കേരളം ഭരിച്ചുകൊണ്ടിരിക്കുന്ന ഇടതുപക്ഷ ഗവൺമെന്റിനുമുകളിൽ പഴി ചാരുന്ന തെറ്റായ ഒരു പ്രവണതയാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ഇത് കേരള സമൂഹത്തിന് കൃത്യമായി തിരിച്ചറിയാനും മനസ്സിലാക്കാനും സാധിക്കണമെന്നുള്ളതാണ് എനിക്ക് ഇവിടെ സൂചിപ്പിക്കാനുള്ളത്.

സഹകരണ മേഖലയുമായി ബന്ധപ്പെട്ട് പറയുമ്പോൾ, സഹകരണ മേഖല വളരെ കാലികമായിട്ടുള്ള ഒരു കാലഘട്ടത്തിലാണെന്ന കാര്യം

നമുക്കറിയാം. സഹകരണ മേഖലയില്ലെങ്കിൽ എങ്ങനെയാണ് നമുക്ക് മുന്നോട്ടുപോകാൻ സാധിക്കുന്നത്? നേരത്തെ ഇവിടെ ശ്രീ. ആന്റണി ജോൺ പറഞ്ഞതുപോലെ മത്സ്യത്തൊഴിലാളികളും ഉന്തുവണ്ടിക്കാരും വഴിയോര കച്ചവടക്കാരുമൊക്കെ ജീവിതം മുന്നോട്ടുകൊണ്ടുപോകുന്ന ഒരു സംസ്ഥാനമാണ് കേരളം. അവർ എങ്ങനെയാണ് ജീവിതം കരുപ്പിടിപ്പിക്കുക; എങ്ങനെയാണ് ജീവിതം മുന്നോട്ടുകൊണ്ടുപോകുക? ഏതായാലും അവരെയൊക്കെ സംരക്ഷിക്കാനുള്ള വലിയ ഉത്തരവാദിത്തം കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റിനുണ്ട്. അതിന്റെ ഭാഗമായാണ് 'സ്നേഹതീരം' പദ്ധതി നടപ്പാക്കുന്നത്. ഈ പദ്ധതിയിലൂടെ അവർക്ക് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ സഹകരണ സംവിധാനംവഴി കൊടുത്തുകൊണ്ട് ലക്ഷോപലക്ഷം കുടുംബങ്ങളെയാണ് ഈ ഗവൺമെന്റ് സംരക്ഷിച്ചുപോകുന്നത്. അതുപോലെതന്നെയാണ് സഹകരണ സംരംഭങ്ങളുടെ കാര്യം. കൈത്തറി സംരംഭങ്ങൾ, ബീഡി സഹകരണ സംഘങ്ങൾ തുടങ്ങിയവയിലൂടെ ആയിരക്കണക്കിന് കുടുംബങ്ങളാണ് ജീവിതം കെട്ടിപ്പടുക്കുന്നത്. അവരെ സംരക്ഷിക്കേണ്ടതില്ലേ? അവരെ

സംരക്ഷിക്കാൻ ആവശ്യമായ നടപടികളൊക്കെ ഈ ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുകയാണ്.

മറ്റൊരു കാര്യം കുടുംബശ്രീയുടേതാണ്. കുടുംബശ്രീ നമ്മുടെ മുറ്റത്തെ അല്ലെങ്കിൽ വീട്ടിലെ ബാങ്കാണ്. അതിന് നേതൃത്വം കൊടുത്തിട്ടുള്ളത് കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റാണെന്ന് നമുക്ക് കാണാൻ സാധിക്കും. ആ കുടുംബശ്രീ സംവിധാനം രൂപീകരിക്കുമ്പോൾ ഏതൊക്കെ തരത്തിലുള്ള വിമർശനങ്ങളും കിംവദന്തികളുമൊക്കെയാണ് ഇവിടെ പ്രചരിപ്പിച്ചിട്ടുള്ളത്; ഇപ്പോൾ കുടുംബശ്രീയുടെ സ്ഥിതിയെന്താണ്? അത് നമ്മുടെ മുറ്റത്തെ ഒരു ബാങ്കായി പ്രവർത്തിക്കുകയാണ്. കോടാനുകോടി രൂപ സംഭരിച്ചുകൊണ്ട് സഹോദരിമാർ ഓരോ വീടിനെയും നാടിനെയും സമൂഹത്തെയും മുന്നോട്ട് നയിക്കുകയാണ്. പക്ഷേ ആ കുടുംബശ്രീ സംവിധാനത്തെ തകർക്കുന്നതിനുവേണ്ടി ആരാണ് ഇവിടെ ശ്രമം നടത്തിയിട്ടുള്ളതെന്ന് നമുക്ക് കൃത്യമായി കാണാൻ സാധിക്കും. ഞങ്ങൾ അധികാരത്തിൽ വന്നാൽ കുടുംബശ്രീയെ പിരിച്ചുവിടും, ജനശ്രീ രൂപീകരിക്കും എന്നൊക്കെ പറഞ്ഞു. ജനശ്രീ രൂപീകരിച്ചോ? ജനങ്ങളുടെ ജീവിത നിലവാരത്തെ പുറകോട്ട് പിടിച്ചുവലിക്കുന്ന ഇത്തരം കാഴ്ചപ്പാടുകളും നയസമീപനങ്ങളും ഭരണ

പരിഷ്കാരങ്ങളുമാണ് കഴിഞ്ഞ കാലത്ത് കേന്ദ്രത്തിലായാലും കേരളത്തിലായാലും യു.ഡി.എഫ്. നടപ്പാക്കിയതെന്ന് കാണാൻ സാധിക്കും. ഏതായാലും അത്തരം കാര്യങ്ങളൊക്കെ മനസ്സിലാക്കിക്കൊണ്ട്, വളരെ ദീർഘവീക്ഷണത്തോടുകൂടി ഈ വലിയ സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുമ്പോൾത്തന്നെ സഹകരണ പ്രസ്ഥാനം കരുത്തുറ്റ രീതിയിൽ പ്രവർത്തിക്കുകയാണ്. കേരള ബാങ്ക് പോലെയുള്ള സംവിധാനങ്ങൾ കെട്ടിപ്പടുത്തുകൊണ്ടും കടാശ്വാസ പദ്ധതികൾ നടപ്പാക്കിക്കൊണ്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സമാശ്വാസ പദ്ധതി കൊടുത്തുകൊണ്ടും മൊറട്ടോറിയം പ്രഖ്യാപിച്ചുകൊണ്ടുമൊക്കെ സഹകരണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ സഹകാരികളെയും സംരക്ഷിക്കുന്ന നിലപാടുതന്നെയാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഞാൻ നീട്ടിക്കൊണ്ടുപോകാൻ ഉദ്ദേശിക്കുന്നില്ല.

വനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവിടെ പറയുകയുണ്ടായി. വനവുമായി ബന്ധപ്പെട്ട് ഒരുപാട് കാര്യങ്ങൾ ഈ ഗവൺമെന്റ് ചെയ്തിട്ടുണ്ട്. എല്ലാ വർഷവും വനവൽക്കരണം ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ഈ ഗവൺമെന്റ് നടപ്പാക്കുന്നുണ്ട്. സ്കൂൾ മുഖാന്തരവും വ്യക്തിഗതമായും

ഫോറസ്റ്റിയിലൂടെയും കൂടുതൽ വനങ്ങൾ വച്ചുപിടിപ്പിക്കാൻ ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. പക്ഷേ വനത്തിന്റെ വിസ്തൃതി കൂട്ടാൻ നമുക്ക് സാധിക്കുന്നില്ല. നിലവിലുള്ള വനങ്ങളെ നിബിഡ വനങ്ങളാക്കാൻ സാധിക്കുമെങ്കിലും വനത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കാൻ സാധിക്കുന്നില്ല.

മി. ചെയർമാൻ: യെസ്..... കൺക്ലൂഡ്.....

ശ്രീ. ഒ. ആർ. കേളു: സർ, പക്ഷേ മറുവശത്ത്, ഈ വനത്തിനുള്ളിൽ മൃഗങ്ങളുടെ എണ്ണം പതിന്മടങ്ങായി വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. കാലാനുസൃതമായി ഇതിനെ എങ്ങനെയാണ് നമുക്ക് തരണം ചെയ്യാൻ കഴിയുക എന്നുള്ളത് ചർച്ചയ്ക്കെടുക്കേണ്ട ഒരു വിഷയമാണ്. ക്ഷുദ്ര ജീവിയായ പന്നിയെ കൊല്ലുന്നതിനുള്ള നടപടിയെടുത്തത് കർഷകർക്ക് വളരെ ആശ്വാസകരമായിട്ടുള്ള ഒരു കാര്യമാണ്. പന്നിയെ കൊല്ലുന്നതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു.

മി. ചെയർമാൻ: യെസ്..... പ്ലീസ് കൺക്ലൂഡ്.....

ശ്രീ. ഒ. ആർ. കേളു: സർ, മൃഗങ്ങളും മനുഷ്യരും തമ്മിലുള്ള ഏറ്റുമുട്ടലുകൾ ഒഴിവാക്കുന്നതിനായി കാലാനുസൃതമായ ചില കാഴ്ചപ്പാടുകൾ ഈ കാലഘട്ടത്തിൽ രൂപപ്പെടുത്തണമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഈ

ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എ. പ്രഭാകരൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്താങ്ങുന്നു. ലോകത്തോളം വളർന്നതാണ് അതിജീവനത്തിന്റെ, വികസന കുതിപ്പിന്റെ, ഒരുമയുടെ, മതേതരത്വത്തിന്റെ, മാനവികതയുടെ തുരുത്തായി മാറുന്ന കേരളത്തിന്റെ മാതൃക. അറുപത് കൊല്ലം പിന്നിട്ട നമ്മുടെ സംസ്ഥാന ചരിത്രത്തിൽ ആരോഗ്യം, വിദ്യാഭ്യാസം, ജീവിതനിലവാരം, കൃഷി, വ്യവസായം, പൊതുവിതരണം, സഹകരണം ഉൾപ്പെടെയുള്ള എല്ലാ മേഖലകളിലും ആറ് വർഷമായി രണ്ട് ഇടതുപക്ഷ സർക്കാരുകളുടെ കീഴിൽ അത്ഭുതപൂർവ്വമായ വികസനത്തിന് കേരളം സാക്ഷ്യം വഹിക്കുകയാണ്. നീതി ആയോഗ് സൂചികയിൽ കേരളത്തിന്റെ ആരോഗ്യ മേഖലയ്ക്ക് ഒന്നാം സ്ഥാനം, പൊതുഭരണ സൂചികയിൽ ഏറ്റവും മികച്ച സംസ്ഥാനം, ലൈഫിന് ഹഡ്കോയുടെ ദേശീയ അംഗീകാരം, ഭക്ഷ്യ സുരക്ഷാ സൂചികയിൽ ദേശീയതലത്തിൽ രണ്ടാംസ്ഥാനം, വിലക്കയറ്റം ഏറ്റവും കുറഞ്ഞ സംസ്ഥാനം, ഇന്ത്യാ ടുഡേ സർവ്വേയിൽ ഏറ്റവും സന്തുഷ്ടമായ സംസ്ഥാനം, എല്ലാവർക്കും വീടൊരുക്കാൻ ലൈഫ് പദ്ധതി, ഇത് ലോകത്തിനുതന്നെ ഒരു

മാതൃകയാണ്. രണ്ടാം പിണറായി സർക്കാരിന്റെ ഒന്നാം വാർഷികാഘോഷത്തിന്റെ ഭാഗമായി 28808 വീടുകളുടെ താക്കോലുകൾകൂടി മേയ് 17-ന് കൈമാറിയപ്പോൾ 295006 വീടുകളാണ് ലൈഫ് ഭവന പദ്ധതിയിൽ ഇപ്പോൾ പൂർത്തിയായത്. 34374 വീടുകളുടെയും 24 ഭവന സമുച്ചയങ്ങളുടെയും നിർമ്മാണം അന്തിമഘട്ടത്തിലാണ്. ലൈഫ് ഭവന പദ്ധതിയുടെ രണ്ടാംഘട്ടം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 501652 ഗുണഭോക്താക്കളുടെ കരട് പട്ടിക പ്രസിദ്ധീകരിച്ചുകഴിഞ്ഞു. മാത്രമല്ല, ഭൂമിയില്ലാത്തവർക്ക് ഭൂമി, ഒരു വർഷംകൊണ്ട് 52000 പേർക്ക് പട്ടയം ഇതൊക്കെ സർവ്വകാല റെക്കോർഡല്ലേ. സഹകരണ മേഖലയിൽ മാത്രം കെയർ ഹോം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 2090 വീടുകൾ കൊടുത്തു. ഇപ്പോൾ രണ്ടാം ഘട്ടത്തിൽ വീടും സ്ഥലവുമില്ലാത്തവർക്ക് ഭവനസമുച്ചയം അല്ലെങ്കിൽ വില്ലകൾ നിർമ്മിക്കുകയാണ്. പാലക്കാട് ഉൾപ്പെടെ ഏഴ് ജില്ലകളിൽ ഇപ്പോൾ ഭവനസമുച്ചയത്തിന്റെ പ്രവർത്തനം ത്വരിതഗതിയിൽ നടക്കുകയാണ്, അതിലൊന്ന് എന്റെ മണ്ഡലത്തിലാണ്. സഹകരണ മേഖലയെ സംബന്ധിച്ച് പറയുമ്പോൾ, അത് തകർക്കാൻ കേന്ദ്ര ഗവൺമെന്റ് നിയമം പാസ്സാക്കിയതിനുപുറമെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയെ

ഉപയോഗപ്പെടുത്തിക്കൊണ്ട് കാർഷിക മേഖലയിൽ ആധിപത്യം ചെലുത്താൻ ശ്രമിക്കുകയാണ്. ലോൺ വേണോ എന്ന് അന്വേഷിച്ചുകൊണ്ട് അതിന്റെ ഏജന്റുമാർ ഇപ്പോൾ വന്നുകൊണ്ടിരിക്കുകയാണ്. കാർഷിക മേഖലയെ തകർക്കുക എന്നുള്ളത് തന്നെയാണ് അതിന്റെ ഉദ്ദേശ്യം. അതുകൊണ്ട് അക്കാര്യംകൂടി സഹകരണ വകുപ്പിന്റെ ശ്രദ്ധയിലുണ്ടാകണമെന്ന് ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. എല്ലാവരും സഹകരണ മേഖലയെക്കുറിച്ച് പറഞ്ഞു, അതിനാൽ ഞാൻ കൂടുതൽ കാര്യങ്ങൾ പറഞ്ഞ് ദീർഘിപ്പിക്കുന്നില്ല. അറുപത് കൊല്ലംകൊണ്ട് ചെയ്ത് തീർക്കേണ്ടത് ആറ് കൊല്ലംകൊണ്ട് ചെയ്തു എന്നതാണ് സഹകരണ മേഖലയിലെ മികവാർന്ന പ്രവർത്തനത്തിന്റെ നേട്ടം. അതിന് സഹകരണ വകുപ്പുമന്ത്രിയെയും വകുപ്പിനെയും അഭിനന്ദിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്.

വനം വകുപ്പാണ് എന്റെ പ്രധാന പ്രശ്നം. അത് എന്റെകൂടി ജീവിതപ്രശ്നമായി മാറിയിരിക്കുകയാണ്. വനം വകുപ്പിലൂടെ വനത്തെയും വന്യജീവികളെയും സംരക്ഷിക്കുന്ന കാര്യത്തിൽ മെച്ചപ്പെട്ട പ്രവർത്തനം കേരള സർക്കാർ നടത്തുന്നുണ്ട്. അത് പ്രശംസനീയാർഹമാണ്, ഞാൻ

മന്ത്രിയെയും അഭിനന്ദിക്കുന്നു. എന്നാൽ ജനവാസ കേന്ദ്രങ്ങളിലേയ്ക്കുള്ള വന്യമൃഗങ്ങളുടെ കടന്നുവരവും ജനങ്ങളുടെ നേരെയുള്ള കടന്നാക്രമണങ്ങളും നാൾക്കുനാൾ വർദ്ധിക്കുന്നത് തടയാൻ നമുക്ക് കാര്യമായി കഴിയുന്നില്ല. എന്റെ മണ്ഡലത്തിലെ ഒരു കാര്യം ഈ അവസരത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്. ഞാൻ പ്രതിനിധീകരിക്കുന്ന മലമ്പുഴ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന പാലക്കാട് ഫോറസ്റ്റ് ഡിവിഷനുകീഴിൽ വരുന്ന വാളയാർ റെയ്ഞ്ചിൽ മലമ്പുഴ ഒരു റെയ്ഞ്ച് ഓഫീസ് മാത്രമാണ് പ്രവർത്തിക്കുന്നത്. വാളയാർ മുതൽ കല്ലടിക്കോട് വരെ ഏകദേശം 50 കിലോമീറ്ററിലേറെ ദൂരത്തിൽ വ്യാപിച്ചുകിടക്കുന്നതാണ് ഈ മേഖല. 350 സ്ക്വയർ കിലോമീറ്ററിലേറെ സംരക്ഷിത വനപ്രദേശങ്ങളാണ് ഇവിടെയുള്ളത്. അതിൽ 195 സ്ക്വയർ കിലോമീറ്റർ ജനവാസകേന്ദ്രമാണ്. പരിമിതമായ വനപാലകർ മാത്രമുള്ള വാളയാർ ഫോറസ്റ്റ് റെയ്ഞ്ചിന്റെ കീഴിലാണ് ഇത് എന്നതാണ് പരിതാപകരം. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വന്യജീവി ആക്രമണങ്ങൾ, പ്രത്യേകിച്ച് കാട്ടാനകളുടെ ശല്യം കൂടുതലായി അനുഭവപ്പെടുന്നത് ഈ റെയ്ഞ്ചിലാണ്. ഇക്കഴിഞ്ഞ ജൂലൈ 8-നാണ് പ്രഭാതസവാരിക്ക് പോയ ശിവരാമൻ എന്ന വ്യക്തിയെ കാട്ടാന ചവിട്ടി

കൊലപ്പെടുത്തിയത്. അതുൾപ്പെടെ നിരവധി പേരുടെ മരണത്തിന് കാട്ടാനകളുടെ ആക്രമണം കാരണമായിട്ടുണ്ട്. കൂടാതെ ജനവാസ മേഖലയിലേയ്ക്കിറങ്ങുന്ന കാട്ടാനകൾ കൃഷിക്കും വസ്തുവിനും നാശം വരുത്തുന്ന നിരവധി സംഭവങ്ങൾ ഈ റെയ്ഞ്ചിൽ അനുദിനം നടന്നുകൊണ്ടിരിക്കുകയാണ്. ഏതാനും മാസങ്ങൾക്കുമുൻപാണ് അകത്തേത്തറ പഞ്ചായത്തിലെ ധോണിയിലെ ജനവാസ കേന്ദ്രത്തിൽ ആൾത്താമസമില്ലാത്ത വീട്ടിൽ ഒരു പുലി പ്രസവിച്ചത്, അതിൽ രണ്ട് കുഞ്ഞുങ്ങളുമുണ്ട്. അതിനുശേഷം പുലി അവിടെത്തന്നെയാണുള്ളത്, അതിനെ പിടിച്ചിട്ടില്ല. മറ്റൊരു ആൺപുലിയെ പിടിച്ച് പറമ്പിക്കുളത്ത് കൊണ്ടുപോയിവിട്ടു. ഇപ്പോൾ വേറൊരു പുലി വന്നിട്ടുണ്ട്. പന്നിക്കുട്ടങ്ങളെ കൊണ്ടുവന്ന് ആൾമറയില്ലാത്ത കിണറ്റിലേയ്ക്ക് പുലിയെ ചാടിച്ച് ഏണി വച്ച് പിടിക്കാൻ ശ്രമം നടത്തിയപ്പോൾ പുലി ഏണിയിൽക്കൂടി കയറി ഓടുകയാണ് ചെയ്തത്. പക്ഷെ അവിടംവിട്ട് പോയിട്ടില്ല. നിലവിൽ രണ്ട് പുലികൾ അവിടെത്തന്നെയുണ്ട്. ഇപ്പോൾ ആന, പുലി, കടുവ, കാട്ടുപന്നി തുടങ്ങിയവ അവിടെ തമ്പടിച്ചിരിക്കുകയാണ്. അവിടെ നിരവധി വളർത്തുമൃഗങ്ങൾ കൊല്ലപ്പെട്ടിട്ടുണ്ട്, ഇത് ഇപ്പോഴും തുടരുകയാണ്.

മി. ചെയർമാൻ: കുങ്കിയാന വന്നതല്ലേ?

ശ്രീ. എ. പ്രഭാകരൻ: സർ, കുങ്കിയാനയുടെ കാര്യം ഞാൻ പറയാൻ തുടങ്ങുന്നതേയുള്ളൂ. കോൺഗ്രസ്സിന്റെ വർത്തമാനം കേട്ട് 439 ഏക്കർ സ്ഥലം കോച്ച് ഫാക്ടറിക്കുവേണ്ടി എടുത്തുകൊടുത്തല്ലോ, ഇപ്പോൾ അവിടെ ആന പ്രസവിച്ചുകിടക്കുകയാണ്. എന്റെ സുഹൃത്ത് ശ്രീ. ഷാഫി പറമ്പിലിനൊന്നും അതിൽ പങ്കില്ല. നമുക്കൊരു കാര്യം ചെയ്യാം, നിങ്ങളുടെ നേതാക്കൾ പാലക്കാട്ടുകാരെ പറഞ്ഞുപറ്റിച്ചത് വിശ്വസിച്ച് ആ സ്ഥലം ഞങ്ങൾ റെയിൽവേയെ ഏൽപ്പിച്ചല്ലോ, അതിന്റെ പാപഭാരം തീർക്കാൻ ഞാനുംകൂടി ചേർന്ന് ആ ആനകളെ അവിടെനിന്നും ആട്ടിപ്പായിക്കാം. മലമ്പുഴ ഡാമിലെ ഗവർണ്ണേഴ്സ് സീറ്റിനുസമീപം ആനയും കുഞ്ഞുങ്ങളുമായി നിൽക്കുന്നത് പത്രത്തിൽ ശ്രീ. ഷാഫി പറമ്പിൽ കണ്ടിട്ടുണ്ടാകുമല്ലോ, നിങ്ങളുടെ നേതാക്കന്മാർ ചെയ്ത പാപത്തിന്റെയും ഞങ്ങളത് വിശ്വസിച്ചതിന്റെയും കറ തീർക്കാൻ നമുക്ക് രണ്ടാൾക്കുംകൂടി കുറച്ച് ആളുകളെയുംകൂട്ടി ആനയെ ഓടിക്കണമെന്നുള്ളത് ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. എന്തായാലും കൂടുതൽ അപകടങ്ങൾ ഉണ്ടാകാതിരിക്കാനുള്ള ജാഗ്രതയും മുൻകരുതലുകളും വനം വകുപ്പ് സ്വീകരിച്ചേ മതിയാകൂ. ഈ റെയ്ഞ്ച്

ഓഫീസിന്റെ കീഴിലാണ് 50 കിലോമീറ്റർ ദൂരം വരുന്നത്. മലമ്പുഴ കേന്ദ്രീകരിച്ചുകൊണ്ട് ഒരു മലമ്പുഴ ഫോറസ്റ്റ് സ്റ്റേഷനും വാളയാർ കേന്ദ്രീകരിച്ചുകൊണ്ട് വാളയാർ ഫോറസ്റ്റ് സ്റ്റേഷനും അനുവദിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. അതിന് തൊട്ടടുത്തുള്ള മണ്ണാർക്കാട് ഏഴ് ഫോറസ്റ്റ് സ്റ്റേഷനുകളുണ്ട്. എന്തുകൊണ്ടാണ് വനനിബിഡമായ മലമ്പുഴ പ്രദേശത്ത് ഒരു സ്റ്റേഷനും വരാത്തതെന്നത് ഞാൻ അത്ഭുതത്തോടുകൂടി നോക്കുകയാണ്. എന്തായാലും ഈ രണ്ട് ഫോറസ്റ്റ് സ്റ്റേഷനുകളും ഉടൻ ആരംഭിക്കണം. ആവശ്യമായ സ്റ്റാഫും വാഹനങ്ങളും അവർക്ക് നൽകണം. വെറുതെ വർത്തമാനം പറഞ്ഞിട്ട് കാര്യമില്ല, അതില്ലാതെ അവരെ ചീത്തപറഞ്ഞിട്ടും കാര്യമില്ല. അർദ്ധ രാത്രി രണ്ട് മണിക്കടക്കം ഞാൻ അവരെ വിളിച്ച് ബുദ്ധിമുട്ടിക്കുന്നുണ്ട്. ആനകളെ കാട്ടിലേയ്ക്ക് തിരിച്ചുകൊണ്ടുപോകാൻ കൊണ്ടുവന്ന കുങ്കിയാനകൾ.., അവർ പറയുന്നത് PT7 എന്നുപറയുന്നതാണ് ഏറ്റവും അക്രമകാരിയായ ആന എന്നാണ്. ആ ആന ഈ നാട് മുഴുവൻ കുഴപ്പങ്ങളുണ്ടാക്കിയതിനുശേഷം രാത്രി വന്ന് കുങ്കിയാനയെ കെട്ടിയിട്ട സ്ഥലത്താണ് നിൽക്കുന്നത്. അവർ തമ്മിൽ പ്രണയത്തിലായിരിക്കുകയാണ്. അതുകൊണ്ട് അതിന്

വേറെയെന്തെങ്കിലും മറുമരുന്ന് കാണുക എന്നതല്ലാതെ കുങ്കിയാനയെവിട്ട് ആനയെ ഉൾക്കാട്ടുകളിലേയ്ക്ക് കയറ്റിയയയ്ക്കാൻ കഴിയുമെന്ന് എനിക്ക് തോന്നുന്നില്ല. സമയക്കുറവുകൊണ്ട് ഞാൻ അത് ദീർഘിപ്പിക്കുന്നില്ല. ഇപ്പോൾ പതിനഞ്ച് കിലോമീറ്ററോളം ദൂരം സോളാർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്. ഇനി 35 കിലോമീറ്റർ ദൂരം ബാക്കിയുണ്ട്, പണമില്ല എന്നാണ് വനം വകുപ്പ് പറയുന്നത്. അതുകൊണ്ട് വനം വകുപ്പിന്റെ ധനാഭ്യർത്ഥനയെ സംബന്ധിച്ച് സംസാരിക്കുമ്പോൾ ഇപ്പോൾ നിങ്ങൾ ആവശ്യപ്പെട്ടതിലധികം പണം അവർക്ക് അനുവദിക്കണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്. മറ്റൊരു കാര്യം, ഇവിടെ നടന്ന ചർച്ചയുമായി ബന്ധപ്പെട്ട് സംസാരിക്കാനുള്ള ഒരവസരം ഞാൻ എടുക്കുകയാണ്. പ്രതിസന്ധികൾ നേരിടുന്നതിൽ പിണറായി സർക്കാർ നടത്തുന്ന ഇടപെടലുകൾ ലോകത്തുതന്നെ ചർച്ചയായതാണ്. അത് ആര് എന്തൊക്കെ ആരോപണങ്ങളും ദുരാരോപണങ്ങളും ഉന്നയിച്ചാലും മറച്ചുവയ്ക്കാൻ കഴിയില്ല. അത് അംഗീകരിക്കാനും സഹിക്കാനും പറ്റാത്ത മൂന്ന് കൂട്ടരാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. ഒന്ന് യു.ഡി.എഫ്., രണ്ട് ബി.ജെ.പി., മൂന്ന് ചില മാധ്യമങ്ങളാണ്. ഇവർ മൂന്നുപേരും കൂടി യോജിച്ച് സംസ്ഥാനത്ത്

കാട്ടിക്കൂട്ടുന്ന കോലാഹലങ്ങൾ സത്യത്തിൽ രാജ്യത്ത് നടക്കുന്ന സംഭവങ്ങളെക്കുറിച്ച് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന പ്രവർത്തനങ്ങളാണ്. ഇവിടെ സ്വർണ്ണക്കടത്ത് കേസിന്റെ കാര്യംതന്നെ പറയാം. സ്വർണ്ണക്കടത്ത് കേസിന്റെ നാൾവഴികളും ഇതുവരെ നടന്ന അന്വേഷണങ്ങളുമെല്ലാം വിശകലനം ചെയ്താൽ മാധ്യമങ്ങൾക്കുതന്നെ സത്യം മനസ്സിലാക്കി വാർത്ത നൽകാവുന്നതേയുള്ളൂ. അതിനുപകരം 'സ്വപ്നയുടെ വെളിപ്പെടുത്തൽ ഗുരുതരം', 'പി.സി. ജോർജ്ജ് തെളിവ് പുറത്തുവിടുന്നു', 'സ്വപ്ന പൊട്ടിത്തെറിച്ചു, തലകറങ്ങി വീണു, പൊട്ടിക്കരഞ്ഞു' തുടങ്ങിയ മട്ടിലുള്ള പ്രചരണം മാത്രമാണ് ഇപ്പോൾ മാധ്യമങ്ങൾ നടത്തുന്നത്. വെറുപ്പ് നിർമ്മിക്കുന്ന കേന്ദ്രങ്ങളായി വാർത്താ ചാനലുകൾ മാറിയിരിക്കുന്നുവെന്നാണ് ഇന്ത്യയിലെ പ്രമുഖ ജേർണലിസ്റ്റായ ശ്രീമതി ബർഖ ദത്ത് പറഞ്ഞത്. കേരളത്തിൽ അത് പൂർണമായും ശരിയാണെന്ന് തെളിഞ്ഞുകൊണ്ടിരിക്കുകയാണ്. സർക്കാരിനെ അസ്ഥിരപ്പെടുത്തുക എന്നത് മാത്രമാണ് ഭൂരിഭാഗം മാധ്യമങ്ങളുടെയും അജണ്ട. പക്ഷെ അത്തരം മാധ്യമങ്ങൾ ജനങ്ങൾക്കുമുന്നിൽ ആഡിറ്റ് ചെയ്യപ്പെടുന്നുണ്ടെന്ന് അവർ തിരിച്ചറിയുന്ന കാലം അധിവിദൂരമല്ല. അപ്പോഴാണ് പ്രതിപക്ഷവും അന്തംവിട്ട് നിൽക്കുക. ഞാൻ പറയട്ടെ,

കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിനുമുൻപ് ഒരു ബി.ജെ.പി. എം.പി.-യുടെ ഉടമസ്ഥതയിലുള്ള ചാനൽ തുടർഭരണത്തിന് എൽ.ഡി.എഫ്.-ന് സാധ്യതയുണ്ടെന്ന് പറഞ്ഞപ്പോൾ ഇവർ എന്തൊക്കെ പേക്കൂത്തുകൾ ഇവിടെ കാട്ടിക്കൂട്ടി. ഉണ്ടായ അനുഭവം എന്താണ്? മറിച്ചല്ലേ. അപ്പോൾ ഒന്നര വർഷക്കാലത്തിലേറെ കേന്ദ്ര ഏജൻസികൾ ഇവിടെ അരിപ്പ വച്ച് പെറുക്കി നോക്കിയിട്ടും ഒന്നും കണ്ടെത്തിയില്ല. ചുരുക്കത്തിൽ പ്രതിയായ സ്വപ്ന പുലമ്പുന്നത് ഏറ്റുപിടിച്ച് നിയമസഭയെപ്പോലും പ്രതിപക്ഷം അലങ്കോലപ്പെടുത്തുന്നു എന്നതിനെ സംബന്ധിച്ച് ഏവരും ഗൗരവമായി ചിന്തിക്കണം.

ഒറ്റ വാചകം പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ഒരിക്കൽ ഒരു രാജ്യത്ത് ഒരു വലിയ അശരീരിയുടെ ഭാഗമായി ജനങ്ങളാകെ പരിഭ്രാന്തരായി. വിഷയം എന്താണ്? അർദ്ധരാത്രിയിൽ സൂര്യൻ ഉദിച്ചു. അത് രാജാവിന്റെ ചെവിയിലെത്തിയപ്പോൾ മന്ത്രിയെയും സേനാനായകനെയും വിളിച്ച് അദ്ദേഹം ചോദിച്ചു, അർദ്ധരാത്രിയിൽ സൂര്യൻ ഉദിച്ചത് ആരാണ് കണ്ടത്, അതിൽ ആരൊക്കെയാണ് ബന്ധപ്പെട്ടവർ. അന്വേഷണം നടത്തി മൂന്നുപേരെ പിടിച്ചുകൊണ്ടുവന്നു. ആദ്യമായി അർദ്ധരാത്രിയിൽ സൂര്യൻ

ഉദിച്ചത് കണ്ടു എന്നുപറയുന്നവന് രണ്ട് കണ്ണുമില്ല, അയാൾ കുരുടനാണ്. ഈ വാർത്ത പരന്നത് ആദ്യമായി കേട്ടു എന്നുപറയുന്നവൻ ബധിരനാണ്, രണ്ടും കയ്യും നീട്ടി പിടിക്കാൻ പോയി എന്നുപറഞ്ഞവൻ രണ്ട് കയ്യുമില്ലാത്തവനാണ്. അതാണ് സ്വർണ്ണകടത്ത് കേസിൽ എത്താൻ പോകുന്നത്. അതുകൊണ്ട് വെറുതെ ആവശ്യമില്ലാതെ നിയമസഭയുടെ സമയം കളയരുത് എന്ന അഭ്യർത്ഥനയാണ് പ്രതിപക്ഷത്തോട് എനിക്ക് പറയാനുള്ളത്. ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. വർത്തമാനകാലഘട്ടത്തിൽ കേരളത്തിൽ ഏറ്റവും ക്രിയാത്മകമായി മുന്നോട്ടുപോകേണ്ടവയാണ് സഹകരണം, വനം എന്നീ വകുപ്പുകൾ. പക്ഷേ, നമ്മുടെ നാട് ആഗ്രഹിക്കുന്നതുപോലെ ഈ വകുപ്പുകൾ മുന്നോട്ടുപോകുന്നില്ലെന്ന വളരെ പരിതാപകരമായൊരു സാഹചര്യമാണ് ഇന്നുള്ളത്. ഇതിൽ വനം വകുപ്പ് കുറച്ചുകൂടി ആത്മാർത്ഥതയുള്ള സമീപനം സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. തികഞ്ഞ മെല്ലെപ്പോക്കിന്റെ പര്യായമായി വനം വകുപ്പ് മാറിയിരിക്കുകയാണ്. ഒരു

കാര്യവും നടക്കുന്നില്ല. കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും ദൈനംദിന ജീവിതത്തിന്റെ ഭാഗമാണ് സഹകരണ വകുപ്പ്. ആ സഹകരണ മേഖലയെ സംരക്ഷിക്കാനുള്ള നടപടി നമുക്ക് അനിവാര്യമാണ്. പക്ഷേ, രാഷ്ട്രീയ പ്രേരിതമായ നിലപാടുകൾ, നയങ്ങൾ, തീരുമാനങ്ങൾ സഹകരണ മേഖലയെ ഇന്ന് ഉലച്ചിരിക്കുകയാണ്, തകർക്കുകയാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ബഫർ സോൺ സംബന്ധിച്ച വിധി മലയോര മേഖലയിലാകെ ആശങ്കയുണ്ടാക്കിയിരിക്കുകയാണ്. ജനങ്ങൾ പരിഭ്രാന്തിയിലാണ്. ഇത് കേരള സർക്കാർ ക്ഷണിച്ചുവരുത്തിയ വിധിയാണ്. ഈ വിധി സർക്കാരിന്റെ സൃഷ്ടി മാത്രമാണെന്നാണ് എനിക്ക് ഇവിടെ സൂചിപ്പിക്കാനുള്ളത്. കാരണം ഇത് ബാധിക്കുന്നത് കേരളത്തിലെ സാധാരണക്കാരായ മലയോര കർഷകരെയാണ്. ആലപ്പുഴ ജില്ല ഒഴികെയുള്ള കേരളത്തിലെ എല്ലാ ജില്ലകളിലെയും കർഷകരെ ബാധിക്കുന്ന അവരുടെ ഒരു ജീവൽപ്രശ്നമാണിത്. നമ്മുടെ നാട് നല്ലതാക്കാൻ നട്ടും വളർത്തിയും വിള കൊയ്തും വിതച്ചും ജീവിക്കുന്നവർ നാടിന്റെ നീതിയാണ് പകരം പ്രതീക്ഷിക്കുന്നത്. പക്ഷേ, ഇപ്പോൾ കാട്ടുനീതിയുടെ വാളാണ് ഇവിടെ വീശുന്നത്. വിയർപ്പൊഴുക്കിയ മണ്ണിൽനിന്നും കുടിയിറക്കാനാണ്

സർക്കാർ സംവിധാനം പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഈ സമ്മേളനത്തിൽ ഏറെ ചർച്ച ചെയ്യപ്പെട്ട വിഷയമാണ് ബഫർ സോൺ. അനിവാര്യമായ നടപടികൾ സ്വീകരിക്കുമെന്ന് സർക്കാർ ആവർത്തിച്ചുപറയുന്നു. പക്ഷേ, സർക്കാരിന്റെ ആത്മാർത്ഥത ജനങ്ങൾക്ക് ബോധ്യപ്പെടുന്നില്ല, ഈ സഭയിലെ അംഗങ്ങൾക്ക് ബോധ്യപ്പെടുന്നില്ല. കാരണം സർക്കാർ ചെയ്യേണ്ട അനിവാര്യമായ കാര്യങ്ങൾ ഇവിടെ ചെയ്യുന്നില്ല എന്നതാണ്. പ്രമേയം പാസ്സാക്കിയതുകൊണ്ടോ, പ്രഖ്യാപനം നടത്തിയതുകൊണ്ടോ കേന്ദ്രസർക്കാരിനെയോ ബഹുമാനപ്പെട്ട സുപ്രീംകോടതിയെയോ നമുക്ക് ഇത് ബോധ്യപ്പെടുത്താൻ സാധിക്കുമോ? ഇത് ജനങ്ങളെ ആശ്വസിപ്പിക്കാനും കർഷകരുടെ സമരങ്ങളെ ശമിപ്പിക്കാനും നടത്താനുള്ള ഒരു അധരവ്യായാമം മാത്രമാണ് ഈ പ്രഖ്യാപനങ്ങളെന്നാണ് എനിക്ക് ഇവിടെ പറയാനുള്ളത്. അതുകൊണ്ട് നടപടികളാണ് നമുക്ക് ആവശ്യം. ഇപ്പോഴത്തെ വനാതിർത്തിയിലെ ബഫർ സോണിന്റെ അതിർത്തി പുനർനിർണ്ണയിച്ച് വനത്തിനുള്ളിലേയ്ക്ക് മാറ്റിസ്ഥാപിക്കണമെന്നതാണ് ഏറ്റവും കാതലായ ആവശ്യം. അതിലേയ്ക്കുള്ള നടപടികളാണ് ആവശ്യമായിട്ടുള്ളത്. ബഫർ സോൺ എത്രമാത്രം ജനങ്ങളെ

ബാധിക്കുന്നുവെന്നതിനെ സംബന്ധിച്ച വിശദമായ ഒരു റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് ഉമ്മൻ വി. ഉമ്മൻ അദ്ധ്യക്ഷനായ സമിതി പഠിച്ച് നൽകിയ റിപ്പോർട്ടുണ്ട്. ആ റിപ്പോർട്ട് ഉപയോഗപ്പെടുത്താൻ അല്ലെങ്കിൽ ഒരു പകരം റിപ്പോർട്ടുണ്ടാക്കാൻ, അത് കേന്ദ്രത്തെ, ബഹുമാനപ്പെട്ട സുപ്രീംകോടതിയെ ബോദ്ധ്യപ്പെടുത്താൻ നാളിതുവരെ ഒരു പരിശ്രമം, ബോധ്യപ്പെടുത്തുന്ന വിധത്തിൽ, ഇവിടെ നടന്നിട്ടില്ല, നമ്മൾ അറിഞ്ഞിട്ടുമില്ല, ഈ സഭയിൽപോലും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുമില്ല. ഈ പ്രത്യേക ഗുരുതര സാഹചര്യത്തിൽപോലും വനം വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ പോയി അന്വേഷണം നടത്തുകയാണ്. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. ഷംസുദ്ദീൻ ഇവിടെ സൂചിപ്പിച്ചു. ഇരിക്കൂർ നിയോജകമണ്ഡലത്തിലുമെത്തി. ഇതുവരെ ബഫർ സോണുമായി ബന്ധപ്പെട്ടോ, ഇ.എസ്.എൽ.-ലോ ഇ.എസ്.ഇസഡ്-ലോ ഇ.എഫ്.എൽ.-ലോ പെടാത്ത പ്രദേശങ്ങളിൽപോലും ഏതൊക്കെ പ്രദേശങ്ങൾ ഇതിലേയ്ക്ക് ഇനി കൂട്ടിച്ചേർക്കണമെന്നുള്ള അന്വേഷണത്തിലാണ് വനം വകുപ്പ്. അതിനുള്ള ഗവേഷണമാണ് വനം വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്.

അതിർത്തിയിൽ താമസിക്കുന്നവരുടെ പേരുവിവരം, അവിടെ വീടും സ്ഥലവുമുള്ളവരുടെ പേരുവിവരം എന്നിവയെല്ലാം ശേഖരിച്ചുകൊണ്ടിരിക്കുകയാണ്. മറ്റൊരു പ്രധാനപ്പെട്ട കാര്യം സൂചിപ്പിക്കാനുള്ളത്, ഇതിനെ പ്രതിരോധിക്കാനുള്ള സർവ്വശക്തിയും ഉപയോഗപ്പെടുത്താൻ, എല്ലാ നിയമവഴികളും ഉപയോഗപ്പെടുത്താൻ സർക്കാർ തയ്യാറാകണം. ഇവിടെ നിയമപരമായി ഇതിന് പ്രാബല്യമില്ലെന്നുള്ളതാണ് ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 243 G, ഷെഡ്യൂൾ 11 എന്നിവയ്ക്കും പഞ്ചായത്ത്‌രാജ് നിയമത്തിനും വിരുദ്ധമാണ് 23-10-2019-ലെ സംസ്ഥാന സർക്കാരിന്റെ മന്ത്രിസഭാ തീരുമാനം. അതുപോലെ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയും നമ്മുടെ ഭരണഘടനയ്ക്കെതിരാണെന്നാണ് ഞാൻ പറയാൻ ആഗ്രഹിക്കുന്നത്. കാരണം, ഭരണഘടനാപ്രകാരം ഒരു പഞ്ചായത്തിലെ ഭൂവിനിയോഗം, വികസന പ്രവർത്തനങ്ങൾ, വൈദ്യുതി വിതരണം, ഗ്രാമീണ ഭവനനിർമ്മാണം, റോഡുനിർമ്മാണം, സാമൂഹിക-സാംസ്കാരിക വികസന പ്രവർത്തനങ്ങൾ, ജനങ്ങളുടെ സാമ്പത്തികോന്നമനം തുടങ്ങിയവ

പഞ്ചായത്തുകളുടെ സ്വയംഭരണാധികാരത്തിനുകീഴിൽ വരുന്ന വിഷയങ്ങളാണ്. അങ്ങനെ വരുമ്പോൾ ഫെഡറൽ ഭരണ സംവിധാനത്തിൽ അധിഷ്ഠിതമായ രാജ്യത്ത് ഭരണഘടനാ ഭേദഗതി കൊണ്ടുവരാതെ പഞ്ചായത്തിന്റെ സ്വയംഭരണാവകാശങ്ങളിൽ കൈകടത്താൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കോ കോടതികൾക്കോ അവകാശമില്ല, അധികാരമില്ല എന്നാണ് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നത്. സംസ്ഥാന സർക്കാർ 2019 ഒക്ടോബർ മാസത്തിലെടുത്ത മന്ത്രിസഭാ തീരുമാനം ഭരണഘടനാവിരുദ്ധമാണ്. അതനുസരിക്കാൻ കേരളത്തിലെ പഞ്ചായത്തുകൾക്ക് ബാദ്ധ്യതയില്ല. കാരണം അത് നിയമവിരുദ്ധമാണ്, ഭരണഘടനാവിരുദ്ധമാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിപോലും നിലനിൽക്കുന്നതല്ല. അത്തരത്തിലുള്ള ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിപോലും 'Per incuriam' എന്നാണ് അറിയപ്പെടുന്നത്. കാരണം ഭരണസാധുതയില്ലാത്ത, ഭരണഘടനയുടെ പിന്തുണയില്ലാത്ത നിയമവിരുദ്ധ നിയമങ്ങൾ, തീരുമാനങ്ങൾ, വിധികൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയാണെങ്കിൽപ്പോലും മുന്നോട്ടുവയ്ക്കുമ്പോൾ ഭരണഘടനയനുസരിച്ച് അത് അസരിക്കാൻ ജനങ്ങൾക്ക് ബാധ്യതയില്ല.

2019 ഒക്ടോബറിലെ ഇ.എസ്.ഇസഡ്. തീരുമാനം ഭരണഘടനാ വിരുദ്ധമായതുകൊണ്ടുതന്നെ മാറ്റാനും പിൻവലിക്കാനും ഈ ഗവൺമെന്റ് തയ്യാറാകണം. ശാശ്വതമായി ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ നമ്മുടെ കേസ് വിജയിക്കാൻ ഈ തീരുമാനം പിൻവലിച്ചേ മതിയാകൂ. അതിനുള്ള യാതൊരു നടപടിയും നാളിതുവരെയായി ഗവൺമെന്റ് സ്വീകരിച്ചിട്ടില്ലെന്ന കാര്യം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഇല്ലാത്ത അധികാരമുപയോഗിച്ച്, ലഭിക്കാത്ത അധികാരമുപയോഗപ്പെടുത്തി ഒരു മന്ത്രിസഭാ തീരുമാനം, ജനങ്ങളുടെ അവകാശങ്ങളും ഭരണഘടനാ തത്വങ്ങളും പഞ്ചായത്തിന് ലഭ്യമായിട്ടുള്ള അധികാരങ്ങളും കവരുന്ന ഈ സമീപനം, അത് ഉപേക്ഷിക്കാൻ കഴിയണം. അതിന് തത്തുല്യമായ പുതിയ മന്ത്രിസഭാ തീരുമാനം ഇവിടെയുണ്ടാകണമെന്ന് ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്. അല്ലാതെ പ്രഖ്യാപനങ്ങൾകൊണ്ടുമാത്രം കാര്യമില്ല.

വന്യമൃഗശല്യത്തെ സംബന്ധിച്ച് ബഹുമാന്യനായ സണ്ണി ജോസഫ് ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. വന്യമൃഗശല്യം തടയാനുള്ള നടപടികൾ ഒച്ചിന്റെ വേഗതയിലാണ് നടക്കുന്നത്. ഇതിൽ അടിയന്തരമായ തീരുമാനമെടുക്കണം. കർഷകർക്ക് നഷ്ടപരിഹാരം തീരെ പര്യാപ്തമല്ല.

പ്രതിരോധ നടപടികൾക്കായി ഫണ്ട് ലഭ്യമല്ല. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെടണമെന്ന് ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

സഹകരണ മേഖല നമ്മുടെ നാടിന്റെ നട്ടെല്ലാണ്, നിത്യജീവിതത്തിന്റെ ഭാഗമാണ്. സഹകരണ സംഘങ്ങൾ നാടിന്റെ കൂട്ടായ്മയുടെ പര്യായം കൂടിയാണ്. ആ സംഘങ്ങളുടെ സ്വാതന്ത്ര്യത്തെയും അതിന്റെ ജനാധിപത്യ രീതിയിലുള്ള പ്രവർത്തനങ്ങളെയും അട്ടിമറിക്കുന്ന സമീപനം ഒരു ജനകീയ ഗവൺമെന്റിന്, ഒരു തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റിന് ഭൂഷണമല്ല. സംരക്ഷകരാകേണ്ടവർ സംഹാരകരായി മാറുന്ന അവസ്ഥയാണ് ഇന്ന് ഇവിടെ കാണുന്നത്. മിൽമയിലെയും സംസ്ഥാനത്തെ വിവിധ സംഘങ്ങളിലെയും ഈ അടുത്തനാളുകളിൽ പത്തനംതിട്ട ജില്ല ഉൾപ്പെടെയുള്ള നിരവധി ജില്ലകളിൽ വിവിധ സംഘങ്ങൾ അധികാരമുപയോഗപ്പെടുത്തി, വകുപ്പിനെ ഉപയോഗപ്പെടുത്തി പിടിച്ചെടുത്ത സമീപനം പ്രതിഷേധാർഹമാണ്. കള്ളവോട്ട് ചെയ്ത്, അക്രമം നടത്തി ഭരണം പിടിച്ചെടുക്കുന്ന ആ പഴയ കാടൻ ശൈലി, ആ മൃഗീയശൈലി

ഇനിയെങ്കിലും ഉപേക്ഷിക്കാൻ സി.പി.ഐ.(എം) തയ്യാറാകണമെന്നാണ് ഈ സന്ദർഭത്തിൽ എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

ഈ സഭയിൽ ബോംബ് എന്നോ അക്രമമെന്നോ കൊലപാതകമെന്നോ കള്ളവോട്ടെന്നോ പറയുമ്പോൾ ചിലയാളുകൾക്ക് ഹാലിളകുകയാണ്. അതുകൊണ്ട് ആ പേര് ഇവിടെ നിരോധിക്കാത്തിടത്തോളം കാലം, ഈ കള്ളവോട്ടിനെക്കുറിച്ചും ബോംബിനെക്കുറിച്ചും കൊലപാതകത്തെക്കുറിച്ചും.... കേരളത്തിലെ ജനങ്ങളുടെ വികാരമാണ്, ജനങ്ങളുടെ പ്രതിഷേധമാണ്, അത് കേൾക്കുമ്പോൾ അംഗീകരിക്കാതെ, ആ പ്രതിഷേധത്തെ കാണാതെ മുന്നോട്ടുപോകുന്ന നടപടി ശരിയല്ലെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് നിർത്തുന്നു.

ശ്രീ. കെ. ബാബു (നെന്മാറ): സർ, പോയിന്റ് ഓഫ് ഓർഡർ..

മി. ചെയർമാൻ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. കെ. ബാബു (നെന്മാറ): സർ, ജനാധിപത്യരീതിയിൽ തെരഞ്ഞെടുക്കപ്പെടുന്ന ഭരണസമിതിയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ അക്രമം കാണിച്ചും ഗുണ്ടാപ്രവർത്തനം നടത്തിയുമാണ് സി.പി.ഐ.(എം) സഹകരണ സ്ഥാപനങ്ങളിൽ അധികാരം പങ്കിട്ടെടുക്കുന്നത് എന്ന

രൂപത്തിലേയ്ക്കുള്ള അദ്ദേഹത്തിന്റെ പരാമർശം സഭാ രേഖകളിലുണ്ടാകാൻ പാടില്ല.

മി. ചെയർമാൻ: പരിശോധിക്കാം+.

ശ്രീ. എ. രാജ: സർ, സഹകരണം, വനം എന്നീ വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം കേന്ദ്ര സർക്കാരിന്റെ നോട്ട് നിരോധനം കോവിഡ് മഹാമാരി തുടങ്ങിയ സമയങ്ങളിൽ കേരളത്തിന്റെ സമ്പദ്ഘടനയെത്തന്നെ ശക്തിപ്പെടുത്തി നിർത്തിയതിൽ പ്രധാന പങ്ക് വഹിച്ചത് നമ്മുടെ സഹകരണ മേഖലയായിരുന്നു. സഹകരണ മേഖലയിൽ സംസ്ഥാന സർക്കാരിന്റെ നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി കൊച്ചിയിൽ വച്ച് സംഘടിപ്പിച്ച സഹകരണ ഫെസ്റ്റ് എക്സ്പോ 2022-ൽ വലിയ ശ്രദ്ധ നേടുകയുണ്ടായി. ഉൽപ്പന്നങ്ങൾ പരിചയപ്പെടുത്തുന്നതോടൊപ്പം വിപണിയിൽ സ്ഥാനമുറപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നനിർമ്മാണമെന്ന ലക്ഷ്യവും മുന്നിൽ വച്ചുകൊണ്ടായിരുന്നു മേള സംഘടിപ്പിച്ചത്. 340 സഹകരണ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ എക്സ്പോയിലുണ്ടായിരുന്നു. നമ്മുടെ നാട്ടിൽ

\+ ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫയൽ നം.12897/ഇ.ബി./2022/നി.സെ. തീയതി 19-07-2022) രേഖയിൽ നിലനിർത്താൻ തീരുമാനിച്ചു.

യുവസഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിനായി തീരുമാനിച്ചു. ആദ്യഘട്ടത്തിൽ 25 എണ്ണമാണ് ഉദ്ദേശിച്ചത് എന്നാൽ മുപ്പതോളം യുവസഹകരണ സംഘങ്ങൾ നമുക്ക് നേടിയെടുക്കാൻ സാധിച്ചു. യുവസഹകരണ സംഘങ്ങൾക്ക് തൊഴിലവസരങ്ങളുണ്ടാക്കി കൊടുക്കുന്നതിനും മികച്ച വരുമാനം ഉറപ്പുവരുത്തുന്നതിനുംവേണ്ടി രാജ്യത്തുതന്നെ ആദ്യമായാണ് ഇവ കേരളത്തിൽ യാഥാർത്ഥ്യമാക്കിയത്. ഇത് പുതിയൊരു അനുഭവമായി മാറിയിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളുടെ വികസനവും കാർഷിക മേഖലയുടെ ഉന്നമനവും ലക്ഷ്യമിട്ട് സഹകരണ വകുപ്പ് നിരവധി പദ്ധതികളാണ് നടപ്പിലാക്കികൊണ്ടിരിക്കുന്നത്. അതിന് സഹായമായി കാർഷിക ഗ്രാമ വികസന ബാങ്ക് പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം മികച്ച പ്രവർത്തനം നടത്തിയതിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്കിന് ദേശീയ പുരസ്കാരം ലഭിക്കുകയുണ്ടായി. ഗ്രാമീണ മേഖലയിൽ കർഷകരുടെ ഉൽപ്പന്നങ്ങൾ മാർക്കറ്റ് ചെയ്യുന്നതിനായി 14 ജില്ലകളിലും കോ-ഓപ്മാർട്ട് ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെ "മുറ്റത്തെ മുല്ല" പദ്ധതിവഴി കുടുംബശ്രീ പോലെയുള്ള സംഘടനകൾക്ക് 1400

കോടി രൂപ വായ്പ നൽകി നല്ല രീതിയിൽ മുന്നോട്ടുപോകുകയാണ്. ഇത് സഹകരണ മേഖലയിൽ പുതിയൊരു ചുവടുവയ്പ്പാണ്. കേരളത്തിന്റെ സമ്പദ്ഘടന ശക്തിപ്പെടുത്തുന്നതിൽ സഹകരണ മേഖല വഹിച്ചിട്ടുള്ള പങ്ക് പ്രധാനപ്പെട്ടതാണ്. സംസ്ഥാനത്തെ സഹകരണ മേഖല നിർണ്ണായക സാമ്പത്തിക ശക്തിയായി വളരുന്നതിൽ സഹകരണ നിക്ഷേപം വലിയ പങ്ക് വഹിച്ചു. അങ്ങനെയാണ് സഹകരണ മേഖല കേരളത്തിൽ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക മേഖലയിൽ കരുത്തുറ്റ ശക്തിയായി വളർന്നുകൊണ്ടിരിക്കുന്നത്. കേന്ദ്ര സർക്കാർ അവരുടെ രാഷ്ട്രീയ ലക്ഷ്യത്തിനായി കേരളത്തിലെ സഹകരണ മേഖലയെ ഉന്നംവയ്ക്കുകയാണ്. റിസർവ് ബാങ്കിന്റെ പരിഷ്കാരങ്ങൾ കേരളത്തെ ദോഷകരമായി ബാധിച്ചുകൊണ്ടിരിക്കുന്നു. കേരളത്തിൽ സഹകരണ പ്രസ്ഥാനത്തെ തകർക്കാൻ ആരെയും അനുവദിക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സഹകരണ മേഖലയിൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും അതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് വരുമാനമാർഗ്ഗമുണ്ടാകുന്നതിനും ഇപ്പോൾതന്നെ ഈ പദ്ധതികൾക്ക് വലിയ സ്വീകാര്യത ലഭിച്ചുകഴിഞ്ഞു. മൂന്നാർ അടക്കമുള്ള ടൂറിസം മേഖലയിൽ

ആരംഭിച്ചിട്ടുള്ള പദ്ധതികളെപ്പറ്റി രാവിലെ മന്ത്രി മറുപടിയിൽ പറഞ്ഞു. മൂന്നാർ, മറയൂർ, മാങ്കുളം അടക്കമുള്ള മേഖലയിൽ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. വലിയ രീതിയിലുള്ള സ്വീകാര്യത ലഭിക്കുന്ന പദ്ധതികളായി അവ മാറിയിട്ടുണ്ട്. അതുപോലെ, മൂന്നാർ കെ.എസ്.ഇ.ബി.-യുടെ കീഴിലുള്ള ഹൈഡൽ പാർക്കിന്റെ നേതൃത്വത്തിൽ ഒരു ക്വട്ടേഷൻ ക്ഷണിച്ചു. പാട്ടത്തിന് സ്ഥലം കൊടുക്കാൻ തീരുമാനിച്ചു. അങ്ങനെ മൂന്നാർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ആ സ്ഥലം പത്ത് വർഷത്തേയ്ക്ക് പാട്ടത്തിനെടുത്തു. അവിടെ ടൂറിസം ആക്ടിവിറ്റീസുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യുന്നതിനായി തീരുമാനിച്ചു. നമുക്കറിയാം, മൂന്നാർ അടക്കമുള്ള മേഖല നിർമ്മാണ നിരോധനമുള്ള പ്രദേശമാണ്. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ അവിടെ നിരോധനം നിലനിൽക്കുന്നുണ്ട്. എന്നാൽ താൽക്കാലികമായി അവിടെ എൻ.ഒ.സി. പോലും ലഭിക്കാത്ത അവസ്ഥയാണ്. അവർ ഫണ്ട് മാറ്റിവച്ചു. പത്ത് വർഷത്തേയ്ക്ക് പാട്ടത്തിനെടുത്ത ഭൂമിയിൽ ആക്ടിവിറ്റികൾ ചെയ്യാൻ കഴിയാത്ത ഒരവസ്ഥയാണ്. ഈ പദ്ധതി നടപ്പിലായിക്കഴിഞ്ഞാൽ മൂന്നാർ അടുക്കമുള്ള പ്രദേശങ്ങളിൽ കൂടുതൽ ആളുകൾക്ക് ജോലി കൊടുക്കാൻ കഴിയുന്നതാണ്.

ഇതിൽ സഹകരണ വകുപ്പ് ഇടപെടണമെന്നാണ് എനിക്ക് പറയാനുള്ളത്. പരിസ്ഥിതിയെയും ജനങ്ങളെയും ഒരുപോലെ സംരക്ഷിക്കണമെന്ന കാഴ്ചപ്പാടോടുകൂടിയാണ് ഈ സർക്കാർ മുന്നോട്ട് പോകുന്നത്. ബഫർ സോണുമായി ബന്ധപ്പെട്ട്, ഞാൻ പ്രതിനിധാനം ചെയ്യുന്ന ദേവികുളം മണ്ഡലത്തിലെ കൂടുതൽ പ്രദേശങ്ങളും വനമേഖലയോട് ചേർന്ന് കിടക്കുന്നതാണ്. പാമ്പാടും ചോല, ആനമുടി, മതികെട്ടാൻ ചോല, ഇരവികുളം എന്നീ നാല് നാഷണൽ പാർക്കുകളുണ്ട്. ചിന്നാർ, കുറിഞ്ഞിമല എന്നീ രണ്ട് വന്യജീവി സങ്കേതങ്ങളുമുണ്ട്. നാല് വൈൽഡ് ലൈഫ് ഡിവിഷനുകൾ ചേർന്നതാണ് എന്റെ മണ്ഡലം. 03-06-2022-ൽ സുപ്രീം കോടതി വിധി നടപ്പിലാക്കി കഴിഞ്ഞാൽ വനപ്രദേശങ്ങളോട് ചേർന്ന് കിടക്കുന്ന എന്റെ മണ്ഡലത്തിലെ ജനവാസ കേന്ദ്രങ്ങളെ ഇത് പ്രതികൂലമായി ബാധിക്കും. ജനവാസ മേഖലയെ പൂർണ്ണമായി ഇക്കോ സെൻസിറ്റീവ് ഏരിയയിൽനിന്നും ഒഴിവാക്കികൊണ്ടുള്ള സ്റ്റേറ്റ് ഗവൺമെന്റിന്റെ നിർദ്ദേശം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുള്ള സമയത്താണ് സുപ്രീം കോടതിയുടെ വിധിയുണ്ടായിട്ടുള്ളത്. നമുക്കറിയാം, ഇതിന് തുടക്കം കുറിച്ചത് 2002-ലാണ്. അന്ന് കേന്ദ്രത്തിൽ ബി.ജെ.പി. ഗവൺമെന്റ്

അധികാരത്തിലുള്ള സമയം, Environment Protection Rules-ലാണ് ബഫർ സോണിനെക്കുറിച്ച് പരാമർശം വന്നിട്ടുള്ളത്. പിന്നീട് 2011 ഫെബ്രുവരി 9-ാം തീയതി കേന്ദ്രം ഭരിച്ചുകൊണ്ടിരുന്ന കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള യു.പി.എ. ഗവൺമെന്റിന്റെ സമയത്താണ് അന്നത്തെ കേന്ദ്ര മന്ത്രിയായിരുന്ന ശ്രീ. ജയറാം രമേശിന്റെ കാലത്ത് വനം പരിസ്ഥിതി മന്ത്രാലയം റിപ്പോർട്ട് സമർപ്പിച്ചത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് 08-05-2013-ൽ മന്ത്രിസഭായോഗ തീരുമാനപ്രകാരം വനപ്രദേശത്തിന് ചുറ്റുമുള്ള ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കികൊണ്ട് സംരക്ഷിത മേഖലയ്ക്ക് ചുറ്റും 0 മുതൽ 12 കി.മീറ്റർ വരെ പരിസ്ഥിതി സംരക്ഷണ മേഖലയായി വിജ്ഞാപനം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. പക്ഷെ അതിന് തുടക്കം കുറിച്ചത് അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റാണ്. പിന്നീട് എൽ.ഡി.എഫ്.-ന്റെ കാലത്ത് 23-10-2019-ൽ മന്ത്രിസഭാ തീരുമാനം ഉത്തരവായി ഇറങ്ങിയ 31-10-2019-ൽ ജനവാസകേന്ദ്രങ്ങളെ പൂർണ്ണമായി ഇക്കോ സെൻസിറ്റീവ് സോണിൽനിന്നും ഒഴിവാക്കാൻ തീരുമാനിച്ചു. ജനവാസകേന്ദ്രങ്ങൾ, പൊതുയിടങ്ങൾ, കൃഷിയിടങ്ങൾ എന്നിവയെ പൂർണ്ണമായി ഒഴിവാക്കി ജനങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് കേരള നിയമസഭ പ്രമേയം

പാസ്സാക്കിയിട്ടുണ്ട്. വലിയ പ്രതീക്ഷയാണ് ഞങ്ങൾക്കുള്ളത്. ഇതു സംബന്ധിച്ചിടത്തോളം കേന്ദ്ര സർക്കാരിനെയും സുപ്രീം കോടതിയിലുമെല്ലാം നമ്മുടെ നിലപാടുകൾ അറിയിക്കേണ്ടതുണ്ട്. എന്റെ മണ്ഡലത്തിൽ 70 ശതമാനവും വനപ്രദേശമാണ്. വനമില്ലാതിരുന്ന ഒരു സ്ഥലം കുഞ്ചിത്തണ്ണി വില്ലേജാണ്. അതും നിർദിഷ്ട വനമേഖലയായി പ്രഖ്യാപിക്കാനുള്ള വിജ്ഞാപനം പുതിയതായി ഇറങ്ങിയിട്ടുണ്ട്. ഈ രീതിയിലാണ് കാര്യങ്ങൾ പോകുന്നത്. മറ്റൊരു കാര്യം എനിക്ക് സൂചിപ്പിക്കാനുള്ളത്, ആലുവ-മൂന്നാർ റോഡിന്റെ കാര്യമാണ്. 1924-ൽ വെള്ളപ്പൊക്കത്തിൽ സഞ്ചാരയോഗ്യമല്ലാതായി തീർന്ന ആലുവ-മൂന്നാർ രാജപാതയുടെ പുനർനിർമ്മാണം നാളിതുവരെയായിട്ടും സാധ്യമായില്ല. ഈ റോഡ് പുനർനിർമ്മിച്ചാൽ ദൂരക്കുറവിലും കുത്തനെയുള്ള കയറ്റവും ഇറക്കവുമില്ലാതെ മൂന്നാറിൽ എത്തിച്ചേരാൻ സാധിക്കുന്നതാണ്. പൂയംകുട്ടി മുതൽ പെരുമ്പൻകുത്ത് വരെയുള്ള റോഡ് വനം വകുപ്പിന്റെ കസ്റ്റഡിയിലാണ്. അവർ നിലവിൽ അടച്ചിട്ടിരിക്കുകയാണ്. ഒരു ജണ്ടപോലും ഇന്നേവരെ നിർമ്മിച്ചിട്ടില്ല. പി.ഡബ്ല്യു.ഡി. വനം വകുപ്പുമായി ചേർന്ന് ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുവേണ്ടി തീരുമാനിച്ചു. ഇത്

യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി വനം വകുപ്പുകൂടി കൂടുതൽ ഇടപെടൽ നടത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. എന്റെ മണ്ഡലവുമായി ബന്ധപ്പെട്ട മറ്റൊരു വിഷയം, നീലക്കുറിഞ്ഞി ദേശീയോദ്യാനമായി 2005-ൽ പ്രഖ്യാപിച്ചുയെന്നതാണ്. അതിനുശേഷം ആ പ്രദേശത്തെ വട്ടവട കൊട്ടാക്കാമ്പൂർ അടക്കമുള്ള ഏരിയയിൽ കാലങ്ങളായി താമസിച്ച് കൈവശം വച്ച് പട്ടയത്തിന് അപേക്ഷകൊടുത്ത് അത് ലഭിച്ച ആളുകൾക്ക് 2005-ന് ശേഷം ഇന്നേവരെ , കരമടയ്ക്കാനോ ,സ്ഥലം കൈമാറ്റം ചെയ്യാനോ, പോക്കുവരവ് ചെയ്യാനോ കഴിയാത്ത അവസ്ഥയാണ്. വനവുമായി ബന്ധപ്പെട്ടുള്ള അതിർത്തി തർക്കം നിലനിൽക്കുന്ന ഒരു പ്രദേശമാണ്. അത് തീരുമാനിക്കാൻ മന്ത്രിസഭാ യോഗംകൂടി ഒരു സ്പെഷ്യൽ ഓഫീസറെ അവിടെ നിയോഗിച്ചു. എന്നാൽ ഇന്നേവരെ ആ പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. അത് എത്രയും പെട്ടെന്ന് പരിഹരിക്കാനുള്ള ഇടപെടൽ വനം വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. അതോടൊപ്പം അവിടെ കർഷകർ നട്ടുവളർത്തിയ മരങ്ങൾ മുറിക്കുന്നതിനുപോലും കഴിയാത്ത അവസ്ഥയാണ്. ബ്ലോക്ക് നമ്പർ 58, 68, 62-ലും മരം മുറിക്കാൻ സാധിക്കുന്നില്ല. ബാക്കി സ്ഥലങ്ങളിലെല്ലാം മരങ്ങൾ മുറിക്കുന്നുണ്ട്.

കർഷകർ നട്ടുവളർത്തിയ മരങ്ങൾ മുറിക്കുന്നതിനുവേണ്ടി സർക്കാർ ഉത്തരവ് കൊടുത്തിട്ടുണ്ട്. നീലക്കുറിഞ്ഞി ദേശീയോദ്യാനമായി പ്രഖ്യാപനം വന്നതിനുശേഷമാണ് ഈ നിലയിൽ കാര്യങ്ങൾ പോകുന്നത്. അതിൽകൂടി ഇടപെടണമെന്നാണ് എനിക്ക് പറയാനുള്ളത്. എന്റെ മണ്ഡലത്തിൽ നിരവധിയായ മേഖലയിൽ വന്യജീവി ആക്രമണം കൂടിവരികയാണ്. ഒരു ഭാഗത്ത് കാട്ടാനയും മറുഭാഗത്ത് പുലിയും കടുവയും കാട്ടുപോത്തും കാട്ടുപന്നിയും തുടങ്ങി വന്യമൃഗ ആക്രമണം തുടർന്നുകൊണ്ടിരിക്കുന്നു. കഴിഞ്ഞ ഒരുവർഷത്തിനിടയിൽ മാത്രം പുലിയുടെയും കടുവയുടെയും ആക്രമണത്തിൽ 52 വളർത്തുപശുക്കളാണ് എന്റെ മണ്ഡലത്തിൽ ചത്തുപോയത്. തോട്ടമേഖലയിൽ പകൽ സമയങ്ങളിൽ തോട്ടം തൊഴിലാളികൾ ജോലി ചെയ്യുന്ന സമയത്തുപോലും പുലികൾ ഇറങ്ങി നടക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. ഇതിനെ കാട്ടിലേയ്ക്ക് കൊണ്ടുപോകുന്നതിന് കൂടുതൽ സംവിധാനങ്ങൾ വേണം. അതുപോലെ കൃഷി സ്ഥലങ്ങളിൽ വന്യമൃഗ ആക്രമണങ്ങൾ നിരവധി കൃഷിനാശങ്ങളുണ്ടാക്കികൊണ്ടിരിക്കുന്നു. മറയൂർ, ഇടമലക്കുടി പ്രദേശങ്ങളിൽ കഴിഞ്ഞ ആറ് മാസങ്ങളിൽ മാത്രം കാട്ടുപോത്തിന്റെ

ആക്രമണത്തിൽ നിരവധിയായ ജീവനുകളാണ് പൊലിഞ്ഞിട്ടുള്ളത്. കാട്ടുപന്നിയെ വെടിവച്ച് കൊല്ലുന്നതിന് തദ്ദേശഭരണ സ്ഥാപനത്തിന് അനുവാദം നൽകിയിട്ടുള്ളത് സ്വാഗതാർഹമാണ്. മറ്റൊന്ന് അവർക്ക് കൊടുക്കുന്ന നഷ്ടപരിഹാരമാണ്. കഴിഞ്ഞ സാമ്പത്തിക വർഷം അവർക്ക് 7 കോടി രൂപ നഷ്ടപരിഹാരം കൊടുക്കുന്നതിനായി തീരുമാനിച്ചു. കഴിഞ്ഞ ഒരു വർഷം 7 കോടി രൂപ തീരുമാനിച്ച് ആ 7 കോടി രൂപയും കൊടുത്തു. എന്നാൽ, 2019 വരെ വന്യമൃഗ ആക്രമണങ്ങളിൽ നഷ്ടപരിഹാര കുടിശ്ശിക തുക മാത്രമേ കൊടുക്കാൻ കഴിഞ്ഞിട്ടുള്ളൂ. ബാക്കിയുള്ളവർക്ക് കൊടുക്കാൻ കഴിയാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. മറ്റൊരു പ്രശ്നം, വനത്തെ സംരക്ഷിക്കുന്നതിനുവേണ്ടി നിരവധിയായ താൽക്കാലിക വാച്ചർമാർ ജോലി ചെയ്യുന്നുണ്ട്. മറയൂർ ചന്ദനക്കാടിലടക്കം രാത്രിയും പകലും അവർ ജോലി ചെയ്യുന്നു. എന്നാൽ അവർക്ക് മൂന്ന് മാസമായി ശമ്പളം കൊടുക്കാത്ത ഒരവസ്ഥ നിലനിൽക്കുന്നുണ്ട്. അത് പരിഗണിച്ച് അവർക്ക് ശമ്പളം കൊടുക്കുന്നതിന് വനം വകുപ്പ് നടപടി സ്വീകരിക്കണം. ഒറ്റ കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. പ്രിയപ്പെട്ട മണിയാശാനെക്കുറിച്ച് ഒരിടയ്ക്ക് ലീഗിന്റെ അംഗങ്ങളെല്ലാം അദ്ദേഹത്തിന്റെ

നിറം വരെ പറഞ്ഞുകൊണ്ട് ആക്ഷേപിക്കുന്ന നിലയുണ്ടായിട്ടുണ്ട്. ഇടമലക്കുടിയെന്നുപറഞ്ഞ ഒരു സ്ഥലമുണ്ട്. ആ സ്ഥലം കേരളത്തിലെ ഏക ഗോത്രവർഗ്ഗ പഞ്ചായത്താണ്. ആ പഞ്ചായത്തിൽ ഇന്നും കോൺഗ്രസ് തെരഞ്ഞെടുപ്പിനെ നേരിടുന്നത് നമ്മുടെ മുൻ പ്രധാനമന്ത്രിയുടെ ഫോട്ടോ വച്ചാണ്. അങ്ങനെയുള്ള ഒരു സ്ഥലത്ത് അവിടെ വൈദ്യുതി കൊടുക്കാൻ വേണ്ടി പ്രിയപ്പെട്ട മണിയാശാൻ വരേണ്ടിവന്നുവെന്നുള്ള കാര്യം ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. ഒറ്റകാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം, "മര്യാദൈക്കുരിയ മണിയാശാനെ പൊയ്‌വഴക്കുകൾ പോട്ട് ജയിലിൽ പോട്ട് ഇടുക്കി മാവട്ടത്തിലിരുന്ത് നാടുകടത്തി വിട്ടാർ. മണിയാശാൻ സെയ്തത് കോൺഗ്രസ്സ് കക്ഷിയൈ ഇടുക്കി മാവട്ടത്തിലിരുന്തേ നാടുകടത്തി വിട്ടാർ" എന്നുകൂടി പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഒന്നുകൂടി പിന്തുണയ്ക്കുകയാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, പോയിന്റ് ഓഫ് ഓർഡർ. അദ്ദേഹം ഇവിടെ സംസാരിച്ചപ്പോൾ ഇവിടെ ശ്രീ. എം. എം. മണിയെ സഭയിലുള്ളവർ നിറം പറഞ്ഞ് ആക്ഷേപിച്ചുവെന്ന് പറഞ്ഞു. ഒരാൾ പോലും ഇവിടെ അങ്ങനെ പറഞ്ഞിട്ടില്ല. അങ്ങനെയൊരു നിലപാട് സ്വീകരിച്ചിട്ടില്ല. സഭാ

രേഖകളിൽ അങ്ങനെയൊരു പരാമർശമുണ്ടാകരുത്. അത് സഭയിൽ ആരും......(....ബഹളം......) രാഷ്ട്രീയപരമായി പറഞ്ഞിട്ടുണ്ട് പക്ഷെ നിറം പറഞ്ഞ് ഒരാളും സഭയിൽ ആക്ഷേപിച്ചിട്ടില്ല. (....ബഹളം......)

മി. ചെയർമാൻ: പരിശോധിക്കാം.*

ശ്രീ. കെ. പി. മോഹനൻ: സർ, വനം, സഹകരണം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. ഇവിടെ എനിക്കുമുമ്പേ പ്രസംഗിച്ച ശ്രീ. എ. രാജ സഹകരണ പ്രസ്ഥാനത്തെ തകർക്കാൻ ആരെയും അനുവദിക്കരുതെന്ന് പറഞ്ഞു. ആര് വിചാരിച്ചാലും അതിന് സാധ്യമല്ല. കാരണം കേരളത്തിലെ ഇടതുപക്ഷത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് സഹകരണ പ്രസ്ഥാനം. ഇവിടത്തെ ജനങ്ങളുടെ ആശയവുമാണ്. ആര് വിചാരിച്ചാലും അതിനെ ഒരിക്കലും തകർക്കാൻ സാധ്യമല്ല. നിരവധി കാര്യങ്ങളുണ്ട്. സഹകരണ പ്രസ്ഥാനം ആരംഭിച്ചത് നാന്നൂറ് വർഷങ്ങൾക്കുമുമ്പ് ഇംഗ്ലണ്ടിലാണ്. അന്ന് കർഷകർക്കുവേണ്ടിയാണ് അത് ആരംഭിച്ചത്. കേരളത്തിലെ ഊരാളുങ്കൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. 1925-

---

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫ.നം. 12898/ഇ.ബി./2022/നി.സെ. തീയതി 19-7-22) സഭാരേഖകളിൽ നിലനിർത്താൻ തീരുമാനിച്ചു.

ൽ വാഗ്ഭടാനന്ദ ഗുരുദേവന്റെ അനുഗ്രഹത്താൽ പാലേരി ചന്തമ്മേനാണ്, 22 പേർ ഒരു രൂപ വച്ചുകൊണ്ട് ആരംഭിച്ചതാണ് ഊരാളുങ്കൽ കോർപ്പറേറ്റീവ് സൊസൈറ്റി. അതിന്ന് പടർന്നുപന്തലിച്ച് കേരളത്തിലെ ഏറ്റവും വലിയ സ്ഥാപനമായി മാറിയിരിക്കുന്നു. പലവിധത്തിലുള്ള പ്രവർത്തനങ്ങളാണ് അവിടെ നടക്കുന്നത്. നമ്മുടെ നാട്ടിലൊക്കെ ഒരുകാലത്ത് ബൈക്കുകളിൽ വന്ന് വീടുകൾതോറും കയറിയിറങ്ങി കൊള്ളപലിശ പിരിച്ചെടുക്കുന്ന സ്വദേശക്കാരും അന്യസംസ്ഥാനക്കാരുമുണ്ടായിരുന്നു. പിണറായി സർക്കാർ സഹകരണ വകുപ്പ് മുഖേന നടപ്പിലാക്കിയ 'മുറ്റത്തെ മുല്ല' പദ്ധതിയിലൂടെയും 'സ്നേഹതീരം' പദ്ധതിയിലൂടെയും കൊള്ളപലിശക്കാരെ നാട്ടിൽനിന്നും നീക്കം ചെയ്യാൻ സാധിച്ചു. കാർഷിക മേഖലയോട് സഹകരണ വകുപ്പ് കാണിക്കുന്ന സമീപനം സന്തോഷമുണ്ടാക്കുന്നു. എന്നാൽ കർഷകന്റെ വിത്തുമുതൽ വിപണി വരെയുള്ള കാര്യങ്ങളിൽ കൂടുതൽ സജീവമായ ഇടപെടൽ നടത്താൻ സഹകരണ പ്രസ്ഥാനത്തിന് സാധിക്കണം. ഗ്രാമങ്ങൾത്തോറുമുള്ള സഹകരണ സ്ഥാപനങ്ങൾ കർഷകരുടെ ക്ഷേമത്തിന് ഊന്നൽ നൽകുന്നതോടെ വലിയ മുന്നേറ്റമുണ്ടാക്കാൻ സാധിക്കും. പ്രാഥമിക മിസലേനിയസ് സംഘങ്ങൾക്ക് പുതിയ പ്രോജക്ടുകൾ ഉണ്ടാക്കി അത്

ഇംപ്ലിമെന്റ് ചെയ്യാൻ ആവശ്യമായ ഫണ്ടുകളുടെ അഭാവം പ്രധാനമായും കൈത്തറി, ആശുപത്രിപോലെയുള്ള അപ്പെക്സ് സംഘങ്ങൾ നേരിടുന്നുണ്ട്. അത് പരിഹരിക്കണം. സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ഏർപ്പെടുത്തിയ മെഡിസെപ് ഇൻഷ്വറൻസ് പദ്ധതിയിൽ സഹകരണ ജീവനക്കാരെയും പെൻഷൻക്കാരെയും ഉൾപ്പെടുത്തണം. വായ്പേതര സംഘമായ കൈത്തറി, കയർ സംഘങ്ങളിലെ ജീവനക്കാരുടെ അവസ്ഥ ഏറെ പരിതാപകരമാണ്. മാസങ്ങളായി ശമ്പളം ലഭിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്. ഇത്തരം സംഘങ്ങൾക്കായി പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണം. സഹകരണ സംഘങ്ങളിലെ പെൻഷൻക്കാർക്ക് മറ്റ് സർക്കാർ പെൻഷൻക്കാരെ അപേക്ഷിച്ച് വളരെ തുച്ഛമായ തുകയാണ് പെൻഷനായി ലഭിക്കുന്നത്. ഇരുപത്തഞ്ചും മുപ്പതും വർഷം സേവനം അനുഷ്ഠിച്ച് വിരമിക്കുന്ന ജീവനക്കാർക്ക് പരമാവധി 18,000 രൂപയോളം മാത്രമേ പെൻഷനായി ലഭിക്കുന്നുള്ളൂ. സഹകരണ സ്വാശ്രയ പെൻഷൻ പദ്ധതി കാലോചിതമായി പരിഷ്കരിക്കണം. അപ്രൈസർമാരെയും കളക്ഷൻ ഏജന്റുമാരെയും സ്ഥിരം ജീവനക്കാരായി പരിഗണിക്കുകയും അവരുടെ സേവന വേതന വ്യവസ്ഥകൾ

പരിഷ്കരിക്കുകയും ചെയ്യണം. അവർക്ക് വളരെ തുച്ഛമായ വേതനമാണ് ലഭിക്കുന്നത്. ഞാൻ പി. ആർ. കുറുപ്പ് സഹകരണ സംഘം ആശുപത്രിയുടെ പ്രസിഡന്റാണ്. അപ്പെക്സ് സംഘമായ ഹോസ്പിറ്റൽ ഫെഡറേഷനിൽനിന്ന് യാതൊരു സഹായവും പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ലഭിക്കുന്നില്ല. ഹോസ്പിറ്റൽ സഹകരണ സംഘങ്ങൾക്ക് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കണം. ജീവനക്കാരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് പറയാനുള്ള പ്രധാനപ്പെട്ട കാരണം 1969 ഏപ്രിൽ 19-നാണ് സഹകരണ നിയമം രൂപീകരിച്ചത്. സഹകരണ ജീവനക്കാർക്കുവേണ്ടിയുള്ളതാണ് നിയമം. ആ നിയമത്തിന്റെ ആനുകൂല്യം ഇന്നും സഹകരണ ജീവനക്കാർ നല്ല നിലയിൽ അനുഭവിക്കുകയാണ്. അതിനെ കൂടുതൽ ശക്തിപ്പെടുത്തണം. അന്ന് പി. ആർ. കുറുപ്പ് മന്ത്രിയായിരുന്ന സമയത്താണ് നിയമം നടപ്പിലാക്കിയത്. കേരള ബാങ്ക്, വനിത പലവക സംഘങ്ങളോട് നാമമാത്ര അംഗങ്ങൾ എന്നനിലയിൽ കുറച്ചുകൂടി നല്ല സമീപനങ്ങൾ ഉണ്ടാകണം. വനിതാ വെൽഫെയർ പലവക സംഘങ്ങൾക്ക് നാമമാത്ര അംഗങ്ങൾ എന്നനിലയിലുള്ള മാന്യമായ സമീപനം കേരള ബാങ്കിൽനിന്നും ഇപ്പോൾ ഉണ്ടാകുന്നില്ലായെന്ന പരാതി വന്നുകൊണ്ടിരിക്കുന്നു. മൾട്ടി സ്റ്റേറ്റ് ക്രെഡിറ്റ്

സഹകരണ സൊസൈറ്റികൾ കേരളത്തിൽ വ്യാപകമായി വളർന്നുവരുന്നതിനാൽ സഹകരണ വായ്പാമേഖല വലിയ പ്രതിസന്ധികൾ നേരിടുന്നു. വായ്പകൾക്കും നിക്ഷേപത്തിനും സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയ പലിശയിൽ കൂടുതൽ നൽകിയാണ് ഇത്തരം സംഘങ്ങൾ പ്രവർത്തിച്ചുവരുന്നത്. സഹകരണ വായ്പാ നിക്ഷേപ മേഖലയിലെ ഇത്തരം അന്തരങ്ങൾ നീക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽക്കൊണ്ടുവരാൻ നമുക്ക് സാധിക്കണം. അങ്ങ് നൽകിയ ഒരു ഉത്തരത്തിൽ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കായി അനുയോജ്യമായ ഒരു മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അത് പ്രായോഗികതലത്തിൽ വരുത്തണം. തൊഴിൽ മേഖലയിലും അതോടൊപ്പം കെയർ ഹോം മേഖലയിലും യുവജന സഹകരണ സംഘങ്ങൾ, വനിതാ സഹകരണ സംഘങ്ങൾ, കലാകാരൻമാരുടെ സഹകരണ സംഘങ്ങൾ, മുറ്റത്തെ മുല്ല, സ്നേഹത്തീരം പദ്ധതികൾ എന്നിവയൊക്കെ അഭിമാനകരമായ പദ്ധതികളാണ്. നാടിനും നാട്ടാർക്കും നിരവധി ഗുണങ്ങളുണ്ടാക്കികൊണ്ട് മുന്നോട്ടുപോകുമ്പോൾ

അതിനെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് സാധിക്കണം. പാലക്കാട് ഒഴികെയുള്ള ജില്ലകൾ പ്രവർത്തന പരിധിയായി, Kerala Paddy Procurement Processing and Advertising and marketing Co-operative Society രൂപീകരിച്ചിട്ടുണ്ട്. സംഘത്തിന്റെ അധീനതയിൽ കുട്ടനാട്ടും അപ്പർകുട്ടനാട്ടും പാലക്കാട് റൈസ് മിൽ മാതൃകയിൽ ആധുനിക റൈസ് മില്ലുകൾ സ്ഥാപിക്കാൻ തീരുമാനിച്ച് പ്രവർത്തനം നടന്നുവരുന്നു. കർഷകരിൽനിന്നും നെല്ല് സംഭരിച്ച് സംസ്കരിച്ച് കേരളത്തിനകത്തും പുറത്തും വിപണനം നടത്തുന്നു. ഇത് എല്ലാ സ്ഥലത്തും ബാധകമാക്കണം. നെല്ല് സംഭരണം നടത്തുന്ന രീതിയിൽ മറ്റുകാർഷിക ഉല്പന്നങ്ങളും സംഭരിച്ച് സംസ്കരിച്ച് വിപണിയിൽ എത്തിക്കാൻ 'കോ-ഓപ്മാർട്ട്' മോഡൽ സംഭരണശാലകൾ ഉണ്ടാകണം. ഇന്ത്യയിലെ ഏറ്റവും ശക്തമായ വായ്പ മേഖല കേരളത്തിലേതാണ്. രാജ്യത്തെ 60 ശതമാനം നിക്ഷേപവും കേരളത്തിലേതാണ്. ഇതിൽ വരുന്ന 85% നിക്ഷേപങ്ങളും പ്രാഥമിക സഹകരണ സംഘങ്ങളാണ്. നമുക്കറിയാവുന്നതുപോലെ, കഴിഞ്ഞ അഞ്ച് വർഷമായി കുടിശ്ശിക പിരിക്കാൻ കഴിയുന്നില്ല. അതിന് നോട്ട് നിരോധനം, മഹാപ്രളയം, കോവിഡ് ദുരന്തം തുടങ്ങിയ നിരവധി കാരണങ്ങളുണ്ട്.

ഇതിനൊരു സമാപനം ഉണ്ടാക്കാൻ നമുക്ക് സാധിക്കണം. സംസ്ഥാന സർക്കാരും കേരള ബാങ്കും അവസരത്തിനനുസരിച്ച് ഉയർന്നുപ്രവർത്തിക്കണം. നാഷണൽ പേയ്മെന്റ് കോർപ്പറേഷനെപോലെ കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയോടെ കേരള ബാങ്ക് പേയ്മെന്റ് സിസ്റ്റം ഏർപ്പെടുത്തണം. കേരളത്തിലെ എല്ലാ പ്രാഥമിക ബാങ്കുകളേയും ഒരു നെറ്റ് വർക്കിൻകീഴിൽ കൊണ്ടുവരാൻ ഒരു സോഫ്റ്റ്വെയർ വികസിപ്പിക്കണം. എല്ലാവിധ ആധുനിക ബാങ്കിംഗ് സൗകര്യവും ഓരോ പ്രാഥമിക ബാങ്കിൽ നൽകണം. പ്രാഥമിക ബാങ്കുകളാണ് ഇന്ന് സാധാരണക്കാരന്റെ ഏറ്റവും വലിയ ആശ്വാസം. ആ രൂപത്തിൽ കൊണ്ടുവരാൻ നമുക്ക് സാധിക്കണം. വാ**യ്പേ**തരവായ്പ സംഘങ്ങൾക്ക് ഒരേ പരിഗണന നൽകണം. ആഡിറ്റ് ഫീസ്, ആർബിട്രേഷൻ ഫീസ് വർദ്ധനവ് ഉപേക്ഷിക്കണം. പരമ്പരാഗത മേഖലയായ കയർ, കൈത്തറി, കശുവണ്ടി, മത്സ്യം തുടങ്ങിയ മേഖലകളിലെ പ്രതിസന്ധി പരിഹരിക്കാൻ സാധിക്കണം. സഹകരണ സ്ഥാപനങ്ങളുടെ വിവിധ പദ്ധതികൾക്കും വികസന പ്രവർത്തനങ്ങൾക്കും സ്ഥലം വാങ്ങുന്നതിനുള്ള തടസ്സം ലഘൂകരിക്കണം. ഫയൽ നീക്കം വേഗത്തിൽ ആക്കുക, ബൈലാ ഭേദഗതി അംഗീകരിക്കുക, പുതിയ സംരംഭങ്ങൾക്കുള്ള

പ്രോജക്ടുകൾക്കുള്ള അംഗീകാരം, ബ്രാഞ്ച് അനുവദിക്കുന്നതിനുള്ള അംഗീകാരം വേഗത്തിലാക്കുക ഓണറേറിയം, സിറ്റിംഗ് ഫീസ് ഇവയെ സംബന്ധിച്ചൊക്കെ ഇവിടെപറയുകയുണ്ടായി. അതെല്ലാം കൂടുതലാക്കാൻ സാധിക്കണം. വനം വകുപ്പ് ചെയ്യുന്ന നിരവധിയായ നല്ല പദ്ധതികളുണ്ട്. എന്നാൽ കാര്യങ്ങൾ എളുപ്പത്തിൽ സാധ്യമാക്കാൻ കഴിയണം. വഴിയോരങ്ങളിൽ മരങ്ങളുണ്ടെന്ന് നമുക്കറിയാം. പൊതുമരാമത്ത് വകുപ്പിന്റെ വർക്ക് നടക്കുമ്പോൾ മരം മുറിച്ചുമാറ്റാത്തതുകൊണ്ട് റോഡ് പണി ചെയ്യാൻ സാധിക്കാത്തതും പണികൾ നിന്നുപോകുന്നതുമായ പ്രശ്നങ്ങളൊക്കെയുണ്ട്. ഞാൻ എന്റെ നിയോജകമണ്ഡലത്തിൽ ഒരു പദ്ധതിക്ക് രൂപം കൊടുക്കുകയുണ്ടായി. പി. ആർ. കുറുപ്പിന്റെ പ്രൊട്ടക്ഷൻ സെന്റർ ആസ്ഥാനമാക്കികൊണ്ട് ഏറ്റവും നല്ല കാഴ്ചയുള്ള വാഴമല കുന്നിലേയ്ക്കുള്ള ഒരു പ്രോജക്ട്. ആ പ്രോജക്ടിന് എല്ലാവിധത്തിലുമുള്ള അംഗീകാരം നൽകി. ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാരും ആ പ്രദേശം പരിശോധിക്കേണ്ട ആളുകളുമൊക്കെ വന്ന് പരിശോധിക്കുകയും ചെയ്തു. അത് പരിശോധിച്ച് അംഗീകാരം നൽകിയതിനുശേഷം അവിടെ ആവാസവ്യവസ്ഥയ്ക്ക്

തകരാർ സംഭവിക്കുമെന്നുപറഞ്ഞുകൊണ്ട് അത് അനുവദിക്കാൻ സാധ്യമല്ലെന്നാണ് പറയുന്നത്.

മി. ചെയർമാൻ: പ്ലീസ്.... പ്ലീസ്..... അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു.

ശ്രീ. കെ. പി. മോഹനൻ: സർ, ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാരുൾപ്പെടെയുള്ളവർ ആദ്യം സമ്മതിച്ചതാണ്. പിന്നീട് അതിന് അനുവാദം നൽകിയില്ല. ഇത് വളരെ ഗൗരവമുള്ള ഒരു കാര്യമാണ്. അങ്ങനെ നൽകാത്തതിന്റെ കാരണമെന്താണെന്ന് മനസ്സിലായില്ല. ആവാസ വ്യവസ്ഥയ്ക്ക് തകരാർ ഉണ്ടാകുമെങ്കിൽ അവിടെ അതിനടുത്തായി നിരവധി ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്.

മി. ചെയർമാൻ: പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. കെ. പി. മോഹനൻ: സർ, ക്വാറികൾ കൊണ്ട് ആവാസ വ്യവസ്ഥയ്ക്ക് തകരാർ സംഭവിക്കുന്നില്ലെങ്കിൽ ഈ യാത്രകൊണ്ട് ഒരു തകരാറും സംഭവിക്കാൻ പോകുന്നില്ല. അപ്പോൾ ഇത്തരം വളരെ ലഘുവായ കാര്യങ്ങൾ നമ്മുടെ പ്രവർത്തനങ്ങൾക്ക് വിഘാതമായി നിൽക്കുന്നു. അതെല്ലാം

പരിഹരിക്കാൻ സാധിക്കണം. രണ്ട് ധനാഭ്യർത്ഥനകളെയും ഞാൻ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, ഈ ധനാഭ്യർത്ഥന സഹകരണം, വനം വകുപ്പുകളുടെ തുടർപ്രവർത്തനത്തിന് കരുത്തുപകരുമെന്ന് ഞാൻ വിശ്വസിക്കുന്നു. എനിക്ക് ആദ്യം സൂചിപ്പിക്കാനുള്ളത്, കഴിഞ്ഞ അഞ്ചുവർഷവും ഒരു നിയമസഭാ സാമാജികനെന്ന നിലയിൽ ഇവിടെ നടക്കുന്ന ചർച്ചകളെല്ലാം ശ്രദ്ധിച്ചിട്ടുള്ള ഒരാളാണ്. അന്ന് പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയായിരുന്നു. അദ്ദേഹം നിയമസഭയെ സാമാന്യം ശ്രദ്ധിക്കുകയും നിയന്ത്രിക്കുകയും ചെയ്തുപോരുമായിരുന്നു. ഇപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. വി. ഡി. സതീശൻ, ഇക്കാര്യങ്ങളിൽ ഒരു ശ്രദ്ധക്കുറവ് കാണിക്കുന്നോയെന്ന് എനിക്കൊരു സംശയമുണ്ട്. യാതൊരു കാര്യവുമില്ലാത്ത ആവശ്യങ്ങൾക്കുവേണ്ടി ബഹളം വയ്ക്കുക, നിയമസഭാ പ്രവർത്തനത്തെ സ്തംഭിപ്പിക്കുക, തുടങ്ങിയ കാര്യത്തിലൊരിടപെടൽ ഉണ്ടാകണമെന്ന അഭ്യർത്ഥനയാണ് അക്കാര്യത്തിൽ വയ്ക്കാനുള്ളത്. ഇവിടെ വ്യക്തിപരമായിട്ടുള്ള പരാമർശങ്ങൾ പല അംഗങ്ങളും നടത്തിയിട്ടുണ്ട്.

മി. ചെയർമാൻ: ചെയറിനെ നോക്കി സംസാരിക്കണം.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ബഹുമാനപ്പെട്ട വിൻസെന്റ് അംഗം ഒരു പ്രയോഗം നടത്തി, നിങ്ങൾതന്നെ അതിൽനിന്ന് പിന്നോട്ട് പോയത് ഞാൻ ശ്രദ്ധിച്ചതാണ്. ബഹുമാനപ്പെട്ട അംഗം പി. കെ. ബഷീർ ശ്രീ. എം. എം. മണി സഖാവിനെക്കുറിച്ച് പുറത്താണ് പറഞ്ഞതെങ്കിലും നമ്മൾ അത് ശ്രദ്ധിച്ചതാണ്. എന്നാൽ അദ്ദേഹംതന്നെ പറഞ്ഞ കാര്യങ്ങൾ പിശകാണെന്ന് കരുതി അപ്പോൾത്തന്നെ പിൻവലിച്ചു. ബഹുമാനപ്പെട്ട അംഗം എൻ. ഷംസുദ്ദീൻ ഒരു വക്കീൽ കൂടിയാണ്, അദ്ദേഹത്തിന് എന്ത് പറ്റി? നിയമസഭയിൽ നമുക്ക് വാതോരാതെ വിമർശനം പരസ്പരം വയ്ക്കാം. പക്ഷേ നിയമസഭയിൽ പുലർത്തേണ്ട കാര്യങ്ങൾ നമ്മൾ പുലർത്തിയേ മതിയാകൂ. എൽ.ഡി.എഫ്. കൺവീനർ ശ്രീ. ഇ. പി. ജയരാജന്റെ ഭാര്യയുടെ ചിത്രത്തിന്റെ മുഖംവെട്ടി സ്വപ്നയുടെ ചിത്രത്തിന്റെ മുഖംവച്ച് സോഷ്യൽമീഡിയവഴി നടത്തിക്കൊണ്ടിരുന്ന പ്രചരണം നമ്മൾ കണ്ടതല്ലേ; നമ്മുടെ സാംസ്കാരികമായ ബോധം അതാണ്. ആ നിലയിൽ എടുത്താൽമതിയാകുമെന്നാണ് ഞാൻ കരുതുന്നത്.

എല്ലാവിഭാഗം ജനങ്ങൾക്കും സഹകരണമേഖല സാമൂഹികസുരക്ഷ ഉറപ്പാക്കുന്നുണ്ട്, സാമ്പത്തികവളർച്ചയ്ക്ക് ഉപകരിക്കുന്നുമുണ്ട്. ഉൽപ്പാദനമേഖലകളിൽ ഉണർവ് ഉണ്ടാക്കുന്നുണ്ട്. വിജ്ഞാനത്തിലൂന്നിയ സമൂഹത്തെ രൂപപ്പെടുത്തുമെന്നാണ് നാം കരുതുന്നത്, അഥവാ രൂപപ്പെടുത്തിവരികയാണ്. ഇത്തരം വികസന പ്രവർത്തനത്തിന്റെ കാര്യക്ഷമതയ്ക്കുള്ള അംഗീകാരമാണ് 2021-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിന് 91 സീറ്റിൽ നിന്ന് 99 സീറ്റായി ഭൂരിപക്ഷം നൽകി കേരളീയ ജനസമൂഹം ഭരിക്കാനുള്ള അംഗീകാരം നൽകിയത് കേരളത്തിൽ ബഹുമാന്യനായ പിണറായി വിജയൻ മുഖ്യമന്ത്രിയായി വരുമ്പോഴാണ്. സാമൂഹികസുരക്ഷ, സുസ്ഥിരവികസനം ഇവയെ മുൻനിർത്തിയുള്ള പദ്ധതികൾ ഈ സർക്കാരിന്റെ മുഖമുദ്രയാണെന്ന് വ്യക്തമാക്കിക്കഴിഞ്ഞിരിക്കുന്നു. ലോകത്തിനുതന്നെ കേരളം മാതൃകയാണ്. സഹകരണ പ്രസ്ഥാനത്തിന്റെ അനന്തസാദ്ധ്യതകൾ പ്രയോജനപ്പെടുത്തി ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിതസൗകര്യം നൽകുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യം. ഞാൻ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരുന്ന ഒരു കാര്യം, നമുക്ക് ഈ ഗവൺമെന്റിന്റെ പ്രവർത്തനത്തെ അംഗീകരിക്കാൻ ബുദ്ധിമുട്ടാണ്. ഈ

അടുത്തിടെ ഫ്രഞ്ച്, ജപ്പാൻ ഫൗണ്ടേഷൻ സ്പോൺസർ ചെയ്യുന്ന, മൂന്ന് വർഷം നീണ്ടുനിൽക്കുന്ന ആരോഗ്യമേഖലയും കോവിഡാനന്തര നൂതനരീതികളും എന്ന പഠനത്തിന്റെ ആദ്യയോഗം ഈ മാസം പാരീസിൽ ചേർന്നു. പാരീസിലെ അഡ്വാൻസ്ഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിൽ 12 രാജ്യങ്ങളിലെ റിസർച്ച് സ്കോളേഴ്സ് സംബന്ധിച്ച് ഒരാഴ്ചനീണ്ടുനിന്ന ചർച്ചയിൽ കേരളത്തിന്റെ കോവിഡ് പ്രതിരോധത്തിൽ കമ്മ്യൂണിറ്റി ഹെൽത്ത് കെയർ മോഡൽ, അതുപോലെ ഔഷധ സസ്യ കോ-ഓപ്പറേറ്റീവ്സ് എന്നിവ പ്രത്യേക പഠന വിധേയമാക്കണമെന്ന നിർദ്ദേശവും തീരുമാനവും കൈക്കൊള്ളുകയുണ്ടായി. അതിൽ ജപ്പാൻ, ഫ്രാൻസ്, ഇന്ത്യ, കൊറിയ, ചൈന, കാനഡ തുടങ്ങി 12 രാജ്യങ്ങളിൽനിന്ന് ഒത്തുചേർന്നുവന്ന സ്കോളേഴ്സാണ് കേരള മോഡൽ പഠിക്കണമെന്ന് തീരുമാനിക്കുകയും അവരുടെ ഒരു ടീമിനെ ഇങ്ങോട്ടേയ്ക്ക് അയയ്ക്കണമെന്ന് തീരുമാനിക്കുകയും ചെയ്തത്. ഈ രാജ്യങ്ങളിൽനിന്ന് വന്ന സ്കോളേഴ്സൊന്നും മോശമല്ല. നമുക്ക് അംഗീകരിക്കാൻ വലിയ ബുദ്ധിമുട്ടാണ്. കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന് ഗ്രാമീണജനതയെക്കൊണ്ട് കൊള്ളപ്പലിശ....., ....(മൈക്ക് ഓഫ്).... ലോകത്ത് പല സംസ്ഥാനങ്ങളുമുണ്ട്, പലരാജ്യങ്ങളുമുണ്ട്.

ഇന്ത്യയെന്ന വിശാലമായ രാജ്യത്ത് ഒരു കൊച്ചുഭൂമികയിലേയ്ക്ക് വരണമെന്ന് ഈ സ്കോളേഴ്സ് തീരുമാനിക്കണമെങ്കിൽ കേരളത്തിന്റെ മോഡൽ ലോകത്തിന്റെ മുന്നിലേയ്ക്ക് ശ്രദ്ധപിടിച്ചു പറ്റിയെന്നല്ലേ; ഈ സ്കോളേഴ്സ് വെറുതെ വരില്ലല്ലോ; അതാണ് ഞാൻ സൂചിപ്പിച്ചത്. ഒരു ലക്ഷം കോടി രൂപയുടെ നിക്ഷേപവും അതിലേറെ വായ്പയുമുള്ള സഹകരണ ബാങ്കിംഗ് മേഖല ഇന്ന് കേരളത്തിൽ ശക്തമാണ്. കേന്ദ്രസർക്കാരിനെ നിയന്ത്രിക്കുന്ന ആർ.എസ്.എസ്. സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയെ തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുകയല്ലേ? മാംഗ്ലൂർ കേന്ദ്രീകരിച്ച് പ്രവർത്തിച്ച 'ഗണേശ് ബീഡി' എന്ന സ്വകാര്യ സ്ഥാപനത്തിന് സഹായം ചെയ്തവർ ആർ.എസ്.എസ്. പ്രവർത്തകരല്ലേ; എന്നാൽ അത് ഫലിച്ചോ; ഫലിച്ചില്ല. പരാജയപ്പെട്ടു. കാരണമെന്താണ്? ദിനേശ് ബീഡി, സഹകരണസ്ഥാപനം വന്നതോട്ടുകൂടി ഈ സ്വകാര്യസ്ഥാപനത്തിന് ഇടിവുപറ്റി. അതുകൊണ്ട് ആർ.എസ്.എസ്. നൽകിവന്ന പിന്തുണ പിൻവലിക്കേണ്ടിവന്നു. സഹകരണപ്രസ്ഥാനം നടത്തിയ പ്രവർത്തനത്തിന്റെ ഒരു ഗുണഫലമല്ലേ; സഹകരണ മേഖലയെ തകർത്താൽ ജനകീയ പ്രസ്ഥാനത്തെ തളർത്താമെന്നുള്ള ആർ.എസ്.എസ്.-ന്റെ

സങ്കുചിത രാഷ്ട്രീയത്തിന് ഇടം കണ്ടെത്താമെന്നുള്ള കെട്ടബുദ്ധി, പടുബുദ്ധിയല്ലേ ആർ.എസ്.എസ്.-നെ നിയന്ത്രിച്ചത്. സഹകരണവിരുദ്ധ നീക്കങ്ങൾക്കും കുപ്രചരണങ്ങൾക്കും ആധാരമായിട്ടുള്ളത് അവരുടെ കെട്ടബുദ്ധിയല്ലേ. ഇന്നത്തെ കാലത്തിന്റെ മാറ്റം ഉൾക്കൊണ്ട് വളർച്ച കൈവരിച്ച് പുത്തൻമേഖലകളിലേയ്ക്ക് നിക്ഷേപവുമായി ചേക്കേറുമ്പോഴും സാധാരണക്കാരുടെ ഒപ്പംനിൽക്കാൻ സംസ്ഥാന സഹകരണസംഘം മുന്നിലുണ്ടെന്നത് ആശ്വാസകരമല്ലേ; കോവിഡ് കാലം പുതിയ അനുഭവമല്ലേ നമുക്ക് നൽകിയത്. കോവിഡും അതിന്റെ പ്രതിസന്ധിയും. ആ കാലത്ത് സഹകരണമേഖല ജനങ്ങൾക്ക് നൽകിയ ആശ്വാസം ചെറുതാണോ? കെയർ ഹോം വഴി 2088 വീടുകൾ നിർമ്മിച്ച് കേരളത്തിലെ പാവപ്പെട്ടവർക്ക് നൽകി. ചെറിയ കാര്യമാണോ അത്; ഒരാശ്വാസമല്ലേ; ഒറ്റത്തവണ തീർപ്പാക്കൽവഴി എത്ര കോടി രൂപയാണ് സഹകരണ പ്രസ്ഥാനം കേരളത്തിലെ പാവപ്പെട്ടവർക്ക് നൽകിയത്. ഓൺലൈൻ ക്ലാസ്സുകൾക്ക് മൊബൈൽഫോണുകളും മറ്റ് ഡിവൈസുകളും നൽകി, എത്രകോടി രൂപയാണ് സഹായിച്ചത്; പലിശയില്ലാതെ വായ്പകൾ കൊടുത്തത്. 'മുറ്റത്തെ മുല്ല്' പദ്ധതിയിൽ കുറഞ്ഞ പലിശയ്ക്ക് വായ്പ വിതരണം ചെയ്യുന്ന

സംവിധാനം കേരളത്തിൽ സഹകരണപ്രസ്ഥാനം കൊണ്ടുവന്നതല്ലേ; അത് എത്രമാത്രം ആശ്വാസകരമായിരുന്നു. കോവിഡ് മഹാമാരിയുടെ കാലത്ത് കമ്മ്യൂണിറ്റി കിച്ചണുവേണ്ടി കേരളത്തിലെ സഹകരണ പ്രസ്ഥാനം നൽകിയ സഹായം ചെറുതാണോ, അത് നമ്മുടെ മുമ്പിലുണ്ട്. ആ നിലയിൽ നമ്മുടെ സംസ്ഥാനത്ത് സഹകരണ പ്രസ്ഥാനം നൽകിവരുന്ന സേവനത്തെ നമുക്ക് വിസ്മരിക്കാനാകുമോ? 1184 സ്ഥിരനിയമനം, 1000 പേർക്ക് പുതിയ നിയമനം കൊടുക്കാനുള്ള ശിപാർശ. 56000 പേർക്ക് തൊഴിൽ കൊടുക്കാനുള്ള അവസരം ഉണ്ടാകുമെന്ന പ്രതീക്ഷ, അതിനുള്ള നടപടികൾ നടന്നുവരുന്നു. ഇതെല്ലാം കേരളത്തിന്റെ സഹകരണ പ്രസ്ഥാനം നൽകിവരുന്ന സംഭാവനകളല്ലേ? ചെയ്യുന്ന ഗുണത്തെ നമുക്ക് ശ്രദ്ധാപൂർവ്വം വീക്ഷിക്കാനും പഠിക്കാനും കഴിയണ്ടേ? ഒരു വനമേഖലകൂടി ഉൾക്കൊള്ളുന്ന മണ്ഡലമാണ് എന്റെ മണ്ഡലം, അതുകൊണ്ട് വനത്തെ സംബന്ധിച്ച് എനിക്ക് ധാരാളം സംസാരിക്കാനുണ്ട്. ഞാൻ ദീർഘമായി സംസാരിക്കുന്നില്ല, സമയവുമില്ല. ഭൂവിസ്തൃതിയിൽ മുപ്പത് ശതമാനം വരുന്ന വനമേഖലയിൽ ജീവിക്കുന്നവരുടെ ജീവിതവുമായി ബന്ധപ്പെടുന്ന ഒട്ടനവധി വിഷയങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ഈ ഗവൺമെന്റ് അധികാരത്തിൽ

വന്നതിനുശേഷം പരിശ്രമിച്ചിട്ടില്ലേ; കുറവുകളുണ്ട്. ആ കുറവുകൾ പലപ്പോഴും സബ്മിഷനിലൂടെയും ശ്രദ്ധക്ഷണിക്കലിലൂടെയും ഞാൻ ഈ നിയമസഭയുടെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുണ്ട്. സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം, വൃക്ഷ സമൃദ്ധി പദ്ധതി, മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനുവേണ്ടിയുള്ള വിവിധ പദ്ധതികൾ, വന്യജീവി വകുപ്പിന്റെ നേതൃത്വത്തിൽ കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ടെന്നത് നമ്മുടെ മുമ്പിലുണ്ട്. വനശ്രീ, ഇക്കോഷോപ്പ് അതുപോലെ നോളേജ് സെന്റർ എന്നിവ ഉൾപ്പെടുത്തി 14 സംയോജിത ചെക്ക്പോസ്റ്റുകൾ, 15 ഫോറസ്റ്റ് സ്റ്റേഷൻ കെട്ടിടങ്ങൾ തുടങ്ങിയവയ്ക്ക് തുടക്കം കുറിച്ചത് സ്വാഗതാർഹമല്ലേ? കാട്ടുപന്നികളുടെ ആക്രമണത്തെ നേരിടാൻ ചില നടപടികൾ സ്വീകരിച്ചതും എന്റെ മണ്ഡലത്തിൽ ഇക്കോ ടൂറിസം പദ്ധതിയുടെ വിപുലീകരണവും അഭിനന്ദനാർഹമാണ്. ഞാൻ നിയമസഭാ സാമാജികരുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ശ്രമിക്കുകയാണ്, കോട്ടമൺപുറം, വെട്ടിമുറിച്ച കോൺ, ഭ്രതക, ആനനിരത്തി, കൊമ്പൈ തുടങ്ങിയ ക്യാമ്പുകളിലേയ്ക്ക് സ്വദേശ-വിദേശ ടൂറിസ്റ്റുകൾ പ്രവഹിക്കുകയാണ്. വലിയ മാറ്റമല്ലേ ഉണ്ടായിട്ടുള്ളത്? നെയ്യാർഡാം കേന്ദ്രീകരിച്ചുകൊണ്ട് വന ഡിപ്പാർട്ടുമെന്റ് കൊണ്ടുവന്ന റിസോർട്ടുകളാണ്. വലിയ മാറ്റമാണ്

വന്നുകൊണ്ടിരിക്കുന്നത്. ഏതാനും നാളുകൾ കഴിയുമ്പോൾ നെയ്യാർ വന്യജീവി സങ്കേതത്തിന്റെ ഭാഗമായി കോട്ടൂർ, കാപ്പുകാട് എന്ന സ്ഥലത്ത് 108 കോടി രൂപ കിഫ്ബിയുടെ സഹായത്തോടുകൂടി 50 ആനകളെ വളർത്താൻ കഴിയുന്ന ഒരു കേന്ദ്രം നിർമ്മിച്ച് നാടിനായി സമർപ്പിക്കുകയല്ലേ.

മി. ചെയർമാൻ: പറഞ്ഞ് അവസാനിപ്പിക്കണം. സമയം കഴിഞ്ഞു.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഞാൻ മറ്റുകാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. അതുകൊണ്ട് വനം-വന്യജീവി വകുപ്പും സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരിക വകുപ്പും ശക്തിപ്പെടുത്താൻവേണ്ടി അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. രാജ്യത്തിന്റെ സമ്പദ്ഘടന പുനരാവിഷ്കരിക്കുന്നതിനും സാമ്പത്തിക പുരോഗതിയിൽ മികച്ച നേട്ടം കൈവരിക്കുന്നതിനും നിർണ്ണായക പങ്കാണ് സഹകരണ മേഖല വഹിക്കുന്നത്. കക്ഷി രാഷ്ട്രീയത്തിനതീതമായി ജനങ്ങൾ ഒരുമിച്ച് ചേർന്നാണ് ഈ ജനകീയ പ്രസ്ഥാനത്തെ വളർത്തിയെടുത്തത്. ജനജീവിതവുമായി ബന്ധപ്പെട്ട് എല്ലാ തലങ്ങളിലേയ്ക്കും വളർന്നുപന്തലിച്ച് നിൽക്കുകയാണ് കേരളത്തിലെ

സഹകരണസ്ഥാപനങ്ങൾ. 1.26 ലക്ഷം കോടി രൂപ നിക്ഷേപമുള്ളതാണ് കേരളത്തിലെ സഹകരണ വായ്പാ രംഗം. അതിന്റെ മുക്കാൽ ഭാഗവും പ്രാഥമിക സംഘങ്ങളുടെ വിഹിതമാണ്. പ്രാഥമിക സംഘങ്ങൾക്കുണ്ടാകുന്ന ക്ഷീണം സഹകരണ ശൃംഖലയെ ദുർബലപ്പെടുത്തും. സഹകരണ മേഖലയെ തകർക്കുന്ന നടപടിയാണ് കേന്ദ്രഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. 5 ലക്ഷം മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ പുതിയതായി രൂപീകരിക്കാൻ കേന്ദ്രസർക്കാർ നടപടി തുടങ്ങിയെന്നാണ് അറിയുന്നത്. പ്രധാനമായും കാർഷിക മേഖലയിൽ കേന്ദ്രീകരിക്കുന്ന ഈ സംഘങ്ങൾ നമ്മുടെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ഗുരുതരമായി ബാധിക്കുമെന്ന കാര്യം തീർച്ചയാണ്. കേന്ദ്രത്തിന്റെ കാർഷിക വായ്പകളും സബ്സിഡികളും മൾട്ടി സംഘങ്ങളിലൂടെ നടപ്പാക്കാനാണ് നീക്കം. പ്രാഥമിക സഹകരണ ബാങ്കുകൾ നൽകുന്ന കാർഷിക വായ്പയ്ക്ക് സബ്സിഡി ലഭിക്കാതിരുന്നാൽ കർഷകർ ഉയർന്ന പലിശ നൽകേണ്ടിവരും. അർബൻ ബാങ്കുകളിൽ റിസർവ് ബാങ്ക് നടത്തിക്കൊണ്ടിരിക്കുന്ന ഇടപെടലുകൾ സഹകരണ മേഖലയിലെ ജനാധിപത്യ സ്വാഭാവംപോലും തകർക്കുന്ന തരത്തിലാണ്. അർബൻ ബാങ്ക് മാനേജിംഗ് ഡയറക്ടർക്കുടി

അർബൻബാങ്കിന്റെ ഭരണ സമിതിയുടെ ഭാഗമാകുകയും മാനേജിംഗ് ഡയറക്ടറുടെ നിയമനം റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിലുമായിരിക്കുകയാണ്. ഭരണസമിതിയുടെ തീരുമാനം അനുസരിക്കണമെന്ന നിർബന്ധംപോലും മാനേജിംഗ് ഡയറക്ടർക്ക് ഉണ്ടാകുന്നില്ല. ഭരണസമിതിയിലെ പകുതിയിലധികം അംഗങ്ങൾ പ്രൊഫഷണൽ യോഗ്യതയുള്ളവരായിരിക്കണമെന്നാണ് മറ്റൊരു വ്യവസ്ഥ. പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം കോർപ്പറേറ്റുകൾക്ക് കൈമാറുന്നതുപോലെ സാധാരണ ജനങ്ങളുടെ ഈ ജനകീയ കൂട്ടായ്മയെയും കോർപ്പറേറ്റ് കമ്പനി സ്വഭാവത്തിലേയ്ക്ക് മാറ്റുകയാണ് കേന്ദ്ര സർക്കാർ ഇതുവഴി ലക്ഷ്യമിടുന്നത്. സഹകരണ പ്രസ്ഥാനങ്ങളെ തകർക്കുന്ന കേന്ദ്ര സർക്കാരിന്റെ ഇത്തരം നീക്കങ്ങളെ ശക്തമായി പ്രതിരോധിക്കാൻ സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുവരുന്നില്ലെന്നത് ഖേദകരമാണ്. കേന്ദ്ര നയങ്ങൾക്ക് എതിരാണെന്ന് പറയുമ്പോഴും നിയമപരമായി ഇതിനെ ചോദ്യം ചെയ്യാൻ എൽ.ഡി.എഫ്. ഗവൺമെന്റ് ഇതുവരെയും മുന്നോട്ടുവന്നിട്ടില്ല. ബാങ്കിംഗ് നിയന്ത്രണ നിയമത്തിലെ വ്യവസ്ഥകളും റിസർവ് ബാങ്കിലെ നടപടികളും മറ്റുപല സംസ്ഥാനങ്ങളും ബഹുമാനപ്പെട്ട കോടതിയിൽ ചോദ്യം

ചെയ്തിട്ടുണ്ട്. നമ്മുടെ ഗവൺമെന്റ് അതിന് മുന്നോട്ടുവന്നിട്ടില്ല. ഇവിടെ കേരള ബാങ്ക് മാത്രം മതിയെന്ന സമീപനം സ്വീകരിച്ച് പ്രാഥമിക ബാങ്കുകളെയും അർബൻ ബാങ്കുകളെയും ക്ഷീണിപ്പിക്കുന്ന നയവും നിലപാടുകളുമാണ് ഈ സർക്കാർ തുടർന്നുകൊണ്ടിരിക്കുന്നത്. വളരെ സങ്കുചിതമായ രാഷ്ട്രീയ പകപോക്കൽ നയമാണ് എൽ.ഡി.എഫ്. സർക്കാർ സഹകരണ സ്ഥാപനങ്ങളോട് വച്ചുപുലർത്തുന്നത്. യു.ഡി.എഫ്. ഭരണ സമിതിയിലുള്ള ബാങ്കുകളുടെ നിസാര കാര്യങ്ങൾപോലും അതായത്, ഒരു ചെറിയ ബൈലോ ഭേദഗതിക്കുവേണ്ടി അപേക്ഷ നൽകിയാലോ സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിനുവേണ്ടിയോ നല്ല രീതിയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾക്ക് ഒരു പുതിയ ബ്രാഞ്ച് തുടങ്ങാനുള്ള അനുമതിക്കുവേണ്ടി അപേക്ഷിച്ചാലോ അതിന് അനുമതി നൽകാതെ ഓഫീസിൽ കെട്ടിവയ്ക്കുകയാണ്. ഭരണ സമിതിയുടെയും രാഷ്ട്രീയ നിറം നോക്കിയാണ് സഹകരണ ബാങ്കുകളിലെ ഇത്തരം ഫയലുകളിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം തീർപ്പുകൽപ്പിക്കുന്നത്. എല്ലാ കാര്യങ്ങളിലും ഇങ്ങനെ ഉടക്കുവച്ച് ഫയലുകൾ അനന്തമായി നീട്ടിക്കൊണ്ടുപോകുന്ന സമീപനമാണ് സ്വീകരിക്കുന്നത്. സഹകരണ സ്ഥാപനങ്ങളുടെ പ്രസിഡന്റുമാരുടെയും

ഡയറക്ടർമാരുടെയും ഓണറേറിയവും സിറ്റിംഗ് ഫീസും വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രിക്ക് നേരത്തെ ഞാനൊരു കത്ത് നൽകിയിരുന്നു. അവരെല്ലാം ഈ സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയിൽ വലിയ പങ്ക് വഹിക്കുന്നവരാണ്. അതിനനുസൃതമായ രീതിയിലുള്ളൊരു പ്രോത്സാഹനമെന്ന നിലയിൽ അവരുടെ ഓണറേറിയവും സിറ്റിംഗ് ഫീസും വർദ്ധിപ്പിക്കാൻ നടപടിയുണ്ടാകണം. സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയിൽ പ്രധാന പങ്ക് വഹിക്കുന്നത് അതിലെ ജീവനക്കാരാണ്. സാമ്പത്തിക സ്ഥാപനങ്ങളിലെ ജീവനക്കാർ സംതൃപ്തരായിരിക്കണം. അവരുടെ പെരുമാറ്റം, സമീപനം അതെല്ലാമാണ് ഇടപാടുകാരെ ആ സ്ഥാപനങ്ങളിലേയ്ക്ക് ആകർഷിക്കുന്നത്. ജീവനക്കാരുടെ ശമ്പള പരിഷ്കരണം, അവരുടെ ഡി.എ. തുടങ്ങിയ ആനുകൂല്യങ്ങളും അവർക്ക് അർഹമായ പ്രൊമോഷനുകളും സമയബന്ധിതമായി അനുവദിച്ചുകൊടുക്കാനുള്ള സംവിധാനമുണ്ടാകണം. സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ പെൻഷൻ വീടുകളിലെത്തിച്ച് കൊടുക്കുന്ന ജീവനക്കാർക്കുള്ള ഇൻസെന്റീവ് ആറ് മാസമായി കുടിശ്ശികയാണ്. ഒരുമാസത്തെ പെൻഷൻ

വീടുകളിൽ എത്തിച്ചുകൊടുത്താൽ അടുത്തമാസമെങ്കിലും അവർക്ക് ആവശ്യമായ ഇൻസെന്റീവ് നൽകാൻ നടപടിയുണ്ടാകണം. അർബൻ ബാങ്ക് ജീവനക്കാരുടെ ഹയർ ഗ്രേഡ് സ്കെയിൽ ഒരു വർഷം കഴിഞ്ഞിട്ടും ഇതുവരെയും അനുവദിച്ചിട്ടില്ല. അവരുടെ ശമ്പള പരിഷ്കരണ ഉത്തരവിന്റെ കൂടെ അനുവദിക്കേണ്ടതാണ് ഹയർഗ്രേഡ് സ്കെയിൽ, ഒരു വർഷമായിട്ടും ഇതുവരെയും അതിന് അനുവാദം നൽകിയിട്ടില്ല. മറ്റൊരു പ്രധാനപ്പെട്ട വിഷയമെന്നുപറയുന്നത്....

മി. ചെയർമാൻ: സമയം പോകുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, മലപ്പുറം ജില്ലാ ബാങ്ക് കേരളാ ബാങ്കിൽ ലയിച്ചില്ലെന്ന ഒറ്റകാരണം കൊണ്ട് മലപ്പുറം ജില്ലയിലെ സാധാരണക്കാർക്ക് നബാർഡിൽ നിന്നും ലഭിക്കേണ്ട ആനുകൂല്യങ്ങൾപോലും നിഷേധിക്കപ്പെടുന്നൊരു രീതിയുണ്ട്. അത് സംസ്ഥാന ബാങ്കുകളാണ് നൽകേണ്ടത്. നബാർഡ് തയ്യാറായിട്ടുപോലും സംസ്ഥാന ബാങ്ക് ഉടക്കുവയ്ക്കുകയാണ്. അതിനെക്കുറിച്ച് രാവിലെ സൂചിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി, മലപ്പുറം നന്നായാൽ മതിയെന്ന് വളരെ പരിഹാസ രൂപേണയാണ് മറുപടി നൽകിയത്. അതൊന്നും ശരിയല്ല, മാന്യമായുള്ള

മറുപടിയെങ്കിലും മന്ത്രിമാർ അനുസംബന്ധിച്ച് പറയണമെന്നാണ് എനിക്ക് പറയാനുള്ളത്. കാട്ടിലെ മരം തേവരുടെ ആന വലിയെടാ വലി, എന്ന പ്രയോഗത്തെ അന്വർത്ഥമാക്കുന്ന കാഴ്ചയാണ് വനം വകുപ്പിൽ നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. വയനാട് മുട്ടിൽ, തൃശ്ശൂർ, എറണാകുളം, ഇടുക്കി, കൊല്ലം, തിരുവനന്തപുരം ഉൾപ്പെടെ വിവിധ ജില്ലകളിൽ നിന്ന് 14.42 കോടി രൂപയുടെ മരം മുറിച്ചുകടത്തിയെന്നാണ് വനം വകുപ്പിന്റെ തന്നെ ഔദ്യോഗികമായ കണക്ക്. 1800 തടി കഷണങ്ങൾ മുറിച്ചുകടത്തിയതിൽ 22 കഷണം മാത്രമാണ് ഇതുവരെയും കണ്ടുകിട്ടിയിട്ടുള്ളത്. ബാക്കി കൂടി കണ്ടെത്താൻ നടപടിയുണ്ടാകണം. എന്താണ് സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സ്ഥിതി? മുമ്പ് വനിതാ മതിലുണ്ടാക്കിയവരാണ് ഭരണപക്ഷത്തിരിക്കുന്ന ആളുകൾ. വനിതാ മതിലുണ്ടാക്കിയവരിപ്പോൾ വനിതാ നിന്ദ പാർട്ടി പരിപാടിയാക്കി മാറ്റിയിരിക്കുകയാണ്. സി.പി.ഐ.(എം)-ന്റെ കൊലപാതക രാഷ്ട്രീയത്തിനെതിരെയുള്ള ജനങ്ങളുടെ വിധിയെഴുത്തായിരുന്നു വടകരയിൽ ശ്രീമതി കെ. കെ. രമയുടെ ഉജ്ജ്വലമായ വിജയം. നിങ്ങൾക്കിപ്പോഴും അത് ഉൾക്കൊള്ളാനായിട്ടില്ല. ജനങ്ങൾ വോട്ട് ചെയ്ത് തെരഞ്ഞെടുത്തയച്ച ആ വനിതാ ജനപ്രതിനിധിയെ നിയമസഭയിൽ

വച്ച് ക്രൂരമായ ഭാഷയിൽ അധിക്ഷേപിച്ചു. അതിനെതിരായി പ്രതികരിച്ച സി.പി.ഐ. നേതാവ് ശ്രീമതി ആനി രാജയെയും വെറുതെ വിട്ടില്ല. ശ്രീമതി ആനി രാജ ഡൽഹിയിലാണല്ലോ..... എന്നാണ് മറ്റൊരു പ്രതികരണം. തെമ്മാടി നിഖണ്ഡുവെന്നാണ് സി.പി.ഐ. ജില്ലാ സെക്രട്ടറി ശ്രീ. കെ. കെ. ശിവരാമൻ അതിനോട് പ്രതികരിച്ചത്. മുമ്പ് ഇടുക്കിയിലെ തോട്ടം തൊഴിലാളികൾക്ക് അവരുടെ അവകാശങ്ങൾ നിഷേധിക്കപ്പെട്ടപ്പോൾ അതിനെതിരായി വലിയ ജനകീയ പ്രക്ഷോഭം നയിച്ചു. ആ ജനകീയ പ്രക്ഷോഭത്തിന്റെ ഭാഗമായി 'പെമ്പിളൈ ഒരുമൈ' എന്ന വനിതാ കൂട്ടായ്മ രൂപപ്പെട്ടു. വലിയൊരു പ്രക്ഷോഭമായിരുന്നു അത്. ആയിരക്കണക്കിന് വനിതകളാണ് ആ സമരത്തിൽ പങ്കെടുത്തത്. ആ സമരത്തിൽ പങ്കെടുത്ത വനിതകളെ അധിക്ഷേപിച്ചുകൊണ്ടും അപമാനിച്ചുകൊണ്ടും ഈ മാന്യദേഹം ചോദിക്കുന്നത്, അവർക്ക് എന്താണ് രാത്രിയിൽ പണിയെന്നാണ്. ഇങ്ങനെ വനിതകളെ സ്ഥിരമായി അവഹേളിക്കാനും അധിക്ഷേപിക്കാനും ഒരു ഉത്തരവാദപ്പെട്ട പാർട്ടി നേതാവിനെ കയറൂരി വിടുന്ന സമീപനം സി.പി.ഐ.(എം)-ന്റെ നയമാണോ? എല്ലാ നെറികേടിനെയും വൃത്തികെട്ട എല്ലാ ഭാഷയെയും ന്യായീകരിക്കുകയും അനുകൂലിക്കുകയും ചെയ്യുന്ന

സമീപനമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പാർട്ടി സെക്രട്ടറിയും സ്വീകരിക്കുന്നതുകൊണ്ട് ഇത് പാർട്ടിയുടെ നയമായി അംഗീകരിച്ചുവെന്നാണ് ഞങ്ങൾ മനസ്സിലാക്കേണ്ടത്. അതുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. ജി. എസ്. ജയലാൽ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. സാമൂഹിക പ്രതിബദ്ധതയെ മുറുകെപിടിച്ചുകൊണ്ട് ജനങ്ങളുടെ വിശ്വാസമാർജ്ജിച്ചാണ് കേരളത്തിലെ സഹകരണമേഖല മുന്നോട്ടുപോകുന്നത്. നിശ്ചയദാർഢ്യവും ഉറച്ച നിലപാടും സഹകാരികളുടെ അകമഴിഞ്ഞ പിന്തുണകൊണ്ടും പുതിയ ഉയരങ്ങളിലേയ്ക്കുള്ള പ്രയാണത്തിലാണ് കേരളത്തിലെ സഹകരണമേഖല. ഇന്ത്യയിൽ ഏറ്റവും ശക്തവും വിശ്വാസ്യതയുള്ളതുമായ സഹകരണമേഖല കേരളത്തിലേതാണ്. രാജ്യത്താകെയുള്ള സഹകരണ നിക്ഷേപത്തിന്റെ അറുപത് ശതമാനത്തിലധികവും കേരളത്തിലാണുള്ളത്. ഈ നിക്ഷേപത്തിൽ കണ്ണുവച്ചുകൊണ്ടാണ് ബി.ജെ.പി. സർക്കാർ ഭരണഘടനാ വ്യവസ്ഥയും ഫെഡറൽ തത്വങ്ങളുമെല്ലാം കാറ്റിൽ പറത്തിക്കൊണ്ട് സഹകരണമന്ത്രാലയം രൂപീകരിച്ച് മുന്നോട്ടുപോകുന്നത്. പൊതുമേഖലാ

ബാങ്കുകളിലെ നിക്ഷേപങ്ങൾ ബി.ജെ.പി.-യുടെ സ്വന്തക്കാരായ വൻകിട കോർപ്പറേറ്റുകൾക്ക് വായ്പയായി ലഭിക്കുമ്പോൾ, ആകെ വിതരണം ചെയ്യുന്ന വായ്പയുടെ അറുപത് ശതമാനവും അത്തരക്കാർക്ക് ലഭിക്കുമ്പോൾ, അതിൽത്തന്നെ ഏതാണ്ട് 85 ശതമാനവും കിട്ടാകടമായി ബാങ്കിന്റെ നിഷ്ക്രിയ ആസ്തിയായി എഴുതിത്തള്ളുന്ന പശ്ചാത്തലത്തിൽ, ബി.ജെ.പി.-യുടെ രാഷ്ട്രീയ നയം നടപ്പാക്കുന്നതിന്റെ ഭാഗമായ കേന്ദ്ര നടപടികളെ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ കേരളം നോക്കിക്കാണേണ്ടതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. വർദ്ധിക്കുന്ന സാമ്പത്തിക അസമത്വത്തിന്റെ ഒരു പ്രായോഗിക ബദലാണ് സഹകരണമേഖലയെന്ന് ഐക്യരാഷ്ട്രസഭയും അന്താരാഷ്ട്ര തൊഴിൽ സംഘടനയും വിവക്ഷിക്കുന്നുണ്ട്. അതിനെ അന്വർത്ഥവും അർത്ഥവത്തുമാക്കിയ ഒരു പ്രദേശമാണ് കേരളമെന്നുള്ളത് ഏറ്റവും പ്രസക്തമാണ്. കേരളം സൃഷ്ടിച്ച ഈ ബദലിനെ തകർക്കാനാണ് ബി.ജെ.പി. സർക്കാർ ശ്രമിക്കുന്നത്. ഇത് ബി.ജെ.പി. മാത്രമായി ആരംഭിച്ചതാണെന്ന് പറയാൻ കഴിയില്ല. 1990-കളിലെ ആഗോളീകരണ നയങ്ങൾക്കുശേഷം സഹകരണമേഖലയിൽ പരിഷ്കാരങ്ങൾ നിർദ്ദേശിക്കാൻ വിവിധ കമ്മിറ്റികൾ രൂപീകരിച്ചു. Chaudhary Brahm Prakash Committee,

Jagdish Kapoor Committee, V. S. Vyas Committee, Vikhe Patil Committee, Bakshi Committee, Vaidyanathan Committee തുടങ്ങിയ കമ്മിറ്റികളെല്ലാം രൂപീകരിച്ച് നിർദ്ദേശങ്ങൾ രൂപപ്പെടുത്ത ഇത്തരം പരിഷ്കാരങ്ങൾക്ക് നേതൃത്വം കൊടുത്തതിൽ ബി.ജെ.പി.-ക്കും യു.പി.എ. ഗവൺമെന്റിനും പങ്കുണ്ട്. സഹകരണ പ്രസ്ഥാനത്തിന്റെ പിതാവായ Robert Owen-നും Charles Fourier-ഉം മുതൽ ഗാന്ധിജിയും നെഹ്റുവും വരെയുള്ള നേതാക്കന്മാർ സഹകരണമേഖലയെ വിവക്ഷിച്ചിട്ടുള്ളത് നമ്മൾ ശ്രദ്ധിക്കണം. 'ഒറ്റ തുള്ളിക്ക് മാഞ്ഞ് പോകാനെ കഴിയൂ, സഹകരിച്ച തുള്ളികൾക്കാകട്ടെ തന്റെ വിശാലമായ മടിത്തട്ടിൽ ഗ്രേഹൗണ്ട് കപ്പലിനെ വഹിച്ച സമുദ്രത്തെ സൃഷ്ടിക്കാനായെന്നാണ് ഗാന്ധിജി പറഞ്ഞിട്ടുള്ളത്. ഇതാണ് ഗാന്ധിജി സഹകരണ ശക്തിയെക്കുറിച്ച് നമ്മെ പഠിപ്പിച്ചത്. ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റു സഹകരണത്തിന്റെ പ്രവാചകനെന്നാണ് അറിയപ്പെട്ടിരുന്നത്. എന്നാൽ, നെഹ്റൂവിയൻ രാഷ്ട്രീയം ഊന്നൽകൊടുത്ത ഫെഡറലിസത്തെ തകർത്തുകൊണ്ട് ഇവിടെ പറയുന്ന നവലിബറൽ നയങ്ങളുടെ ഭാഗമായി വന്ന ഇത്തരം പരിഷ്കാരങ്ങൾ യു.പി.എ. ഗവൺമെന്റ് ആരംഭിച്ചു, ബി.ജെ.പി.

ഗവൺമെന്റ് അത് വളരെ തകൃതിയായി നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. ഭരണഘടനയുടെ 7-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ സ്റ്റേറ്റ് ലിസ്റ്റിലെ 32-ാമത് ഐറ്റമായ സഹകരണമേഖല കൺകറന്റ് ലിസ്റ്റ് പോലുമല്ല. അതാണ് ഇപ്പോൾ തകർത്തുകൊണ്ടിരിക്കുന്നത്. 2002-ൽ ബി.ജെ.പി. ഗവൺമെന്റ് മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റിവ് ആക്ട് പാസ്സാക്കി വന്നെങ്കിലും ഇന്ന് നമ്മൾ ചർച്ച ചെയ്യുന്ന 97-ാം ഭരണഘടനാ ഭേദഗതിയിലെ പാർട്ട് IX(B) എന്ന ഭേദഗതി ഭരണഘടനയിൽ എഴുതിച്ചേർത്തത് 2012 ഫെബ്രുവരി മാസത്തിൽ യു.പി.എ. ഗവൺമെന്റാണ്. ഇത് സഹകരണ മേഖലയെ തകർക്കുന്ന പരിശ്രമത്തിന്റെ ഭാഗമായി കടന്നുവന്നതാണ്. അതിനെ ഗുജറാത്ത് ഹൈക്കോടതി റദ്ദ് ചെയ്തെങ്കിലും കേന്ദ്രഗവൺമെന്റ് വീണ്ടും അപ്പീലിന് പോയി. മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സംഘങ്ങളുടെ അധികാരം കേന്ദ്ര ഗവൺമെന്റ് നിലനിർത്തികൊണ്ട് ഭാഗികമായി സ്റ്റേ ചെയ്താണ് ഇപ്പോൾ നിൽക്കുന്നത്. കേരളത്തിന്റെ സഹകരണ സംഘങ്ങളെ നിലയ്ക്കുനിർത്താൻ ആർ.ബി.ഐ.-യെ ഉപയോഗിച്ച് നടത്തുന്ന ശ്രമങ്ങൾ കേരളത്തിലെ ജനങ്ങളെ ആശങ്കയിലാക്കുകയാണ്. കേരളത്തിലെ ഗവൺമെന്റ് ഇതിനെ നിയമപരമായി നേരിടാതെ രാഷ്ട്രീയമായി മാത്രമാണ്

നേരിടുന്നതെന്ന് ഇവിടെ സൂചിപ്പിച്ചു. അതുസംബന്ധിച്ച കാര്യങ്ങൾ വിശദമായി ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമെന്നാണ് എന്റെ വിശ്വാസം. കേരളത്തിലെ സഹകരണമേഖലയെ നിലനിർത്താൻ രാഷ്ട്രീയമായും നിയമപരമായും നേരിടുന്ന പ്രവർത്തനങ്ങളാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. കർഷകർക്കും കാർഷികാനുബന്ധ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും സാമ്പത്തിക സഹായം ഉറപ്പാക്കുകയെന്നത് മാത്രമല്ല, സേവനവും ബാങ്കിംഗും ഒരുപോലെ നിർവ്വഹിക്കുകയെന്നത് കേരളത്തിലെ സഹകരണ സംഘങ്ങളുടെ പ്രത്യേകതയാണ്. സേവനമേഖലയിൽ ലാഭം മാത്രം മുൻനിർത്തി പ്രവർത്തിക്കുന്നതല്ല സഹകരണ സംഘങ്ങൾ. നാടിന്റെ സേവന വികസന കാര്യങ്ങളിലും സഹകരണസംഘങ്ങൾ ഇടപെടുകയാണ്. വിത്ത് മുതൽ വിപണി വരെയുള്ള എല്ലാ മേഖലയിലും ഇടപെടുന്നതോടൊപ്പം നീതിസ്റ്റോറുകൾ, കൺസ്യൂമർ സ്റ്റോറുകൾ, മെഡിക്കൽ സ്റ്റോറുകൾ, ആശുപത്രികൾ, ഹാളുകൾ, കല്യാണമണ്ഡപങ്ങൾ, അത്യാധുനിക കളിസ്ഥലങ്ങൾ തുടങ്ങി മനുഷ്യന്റെ ജീവിതവുമായി ബന്ധപ്പെട്ട എല്ലാ മേഖലയിലും ഇടപെടുന്നുണ്ട്. ബാങ്കിംഗ് മേഖല മാത്രമല്ല സേവനപരമായും

നാടിന്റെ വികസന പ്രവർത്തനങ്ങളിലും ശക്തമായ നേതൃത്വം കൊടുക്കുന്ന ഇന്ത്യയിൽത്തന്നെ ശക്തമായിട്ടുള്ള ഈ കേരള ബദലിനെ തകർക്കാനാണ് ബി.ജെ.പി. സർക്കാർ ശ്രമിക്കുന്നതെന്നുള്ളത് പ്രതിപക്ഷവും മനസ്സിലാക്കണം. ഇതിനെ ഒരുമിച്ച് നിന്ന് ചെറുത്തുതോൽപ്പിക്കേണ്ടതുണ്ട്. അതുപോലെ, ഇത്തരം പ്രതിസന്ധികളെയെല്ലാം മറികടന്നുകൊണ്ടാണ് പൊതുസമൂഹവുമായി ഇഴചേർന്ന് കേരളത്തിലെ സഹകരണമേഖല ഇപ്പോൾ കുതിപ്പ് തുടരുന്നത്. കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് പ്രതിപക്ഷമുണ്ടാക്കിയ വിവാദത്തെക്കുറിച്ച് നമുക്കറിയാം. എന്നാൽ, കേരളാ ബാങ്കിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്? ആദ്യത്തെ ഒരു വർഷം പൂർത്തിയായപ്പോൾത്തന്നെ മികച്ച ലാഭമാണ് നമുക്കുണ്ടായത്. 5,660 കോടി രൂപയുടെ വർദ്ധനവാണ് നിക്ഷേപത്തിലുണ്ടായത്. അതായത്, ഇടപാടുകാരിൽ 9.27 ശതമാനം വർദ്ധനവുണ്ടായി എന്നാണ്. കേരളത്തിന് ഏറ്റവും വലിയൊരു ആശ്വാസമായി കേരളാ ബാങ്ക് മാറുകയാണ്. ഈ പ്രതിസന്ധിയെല്ലാം വെല്ലുവിളിച്ചുകൊണ്ട് കേരളത്തിലെ സഹകരണമേഖല ജനങ്ങളുടെ വിശ്വാസമാർജ്ജിച്ച് മുന്നോട്ടുപോകുകയാണ്. ആഡിറ്റിലെ അപാകതകൾ പരിഹരിക്കുന്നതിനുവേണ്ടി പരിഷ്കാര നടപടികളുടെ

ഭാഗമായി കോ-ഓപ്പറേറ്റീവ് ആഡിറ്റ് മോണിറ്ററിംഗ് ആൻഡ് ഇൻഫർമേഷൻ എന്ന പുതിയ സിസ്റ്റം കൊണ്ടുവന്നു. ലോകത്ത് എവിടെയിരുന്ന് വേണമെങ്കിലും സഹകരണ മേഖലയുടെ ആഡിറ്റ് പരിശോധിക്കാൻ കഴിയുന്ന സിസ്റ്റമാണത്. ഇതെല്ലാം ജനകീയമാക്കുകയാണ് ചെയ്യുന്നത്. കോവിഡ് പ്രതിരോധ കാലത്ത് സേവന തലത്തിൽ ഓക്സിമീറ്ററിന്റെ വില 3,000 രൂപയ്ക്ക് കമ്പനികളിൽനിന്ന് മെഡിക്കൽ സ്റ്റോറുകളിൽ കൊടുത്തുകൊണ്ടിരുന്നപ്പോൾ, കൺസ്യൂമർഫെഡ് 750 രൂപയ്ക്ക് വാങ്ങി വിതരണം ചെയ്തപ്പോൾ അതിന്റെ വില 500 രൂപയായി കുറയ്ക്കാൻ കഴിഞ്ഞു. അത്തരത്തിൽ എല്ലാ മേഖലയിലും മാറ്റങ്ങൾ കൊണ്ടുവരാൻ സാധിച്ചു. ഓൺലൈൻ വിദ്യാഭ്യാസ മേഖലയിൽ 'വിദ്യാതരംഗിണി' പദ്ധതിയിലൂടെ ഏതാണ്ട് എൺപതിനായിരത്തിലധികം കുട്ടികൾക്കാണ് പലിശരഹിത വായ്പ കൊടുത്തത്. അതുപോലെ, കാർഷിക മേഖലയിലെ ഇടപെടലിലൂടെ 310 കോടി രൂപ മുതൽമുടക്കി Kerala Paddy Procurement, Processing and Marketing Co-operative Society (KAPCOS)-യുടെ ഭാഗമായി കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലും റൈസ് മില്ലുകൾ ആരംഭിക്കുവാൻ പോകുകയാണ്. അതുപോലെ, നിരാലംബർക്ക്

കൈത്താങ്ങായ 'കെയർഹോം' പദ്ധതിയിലൂടെ രണ്ടായിരത്തിലധികം വീടുകളാണ് അതുമായി ബന്ധപ്പെട്ട് കേരളത്തിലെ പാവപ്പെട്ടവർക്ക് ലഭ്യമായിട്ടുള്ളത്. ഏറ്റവും പ്രധാനമായി, കേരളത്തിലെ ഗ്രാമീണ മേഖലയിലെ സമ്പദ്ഘടനയെ സഹായിക്കാൻ, ബ്ലേഡ് പലിശക്കാരിൽ നിന്ന് പാവപ്പെട്ടവനെ സഹായിക്കാൻ കുടുംബശ്രീ വഴി നടപ്പിലാക്കുന്ന 'മുറ്റത്തെ മുല്ല' എന്ന പദ്ധതി വിപ്ലവകരമായ ഒരു പദ്ധതിയല്ലേ? ഇതുമായി ബന്ധപ്പെട്ട് ഏതാണ്ട് 1,500 കോടി രൂപയാണ് നമുക്ക് നാട്ടിൽ വിതരണം ചെയ്യാൻ കഴിഞ്ഞത്. സഹകരണ അംഗങ്ങളിൽ ഗുരുതര രോഗം ബാധിച്ചവർക്കുള്ള സഹകരണ സംഘം സമാശ്വാസ പദ്ധതി പ്രകാരം 45 കോടി രൂപയാണ് നൽകിയത്. ഇതാണ് കേരളത്തിലെ സഹകരണ മേഖലയുടെ മുഖം. ഈ മനുഷ്യമുഖത്തെ തകർക്കാനാണ് ഇങ്ങനെയുള്ള സാങ്കേതികമായ ഭരണഘടനാ വിരുദ്ധമായ നടപടികളുമായി കേന്ദ്ര ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നടപടികളെ ആക്രമിക്കാൻ മാത്രം വായതുറക്കുന്ന പ്രതിപക്ഷം ഇക്കാര്യങ്ങൾ മനസ്സിലാക്കേണ്ടതുണ്ടെന്നാണ് ഈ അവസരത്തിൽ അതുസംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്. കേരളത്തിലെ

സാധാരണക്കാരായ ജനങ്ങളും സഹകരണമേഖലയും തമ്മിൽ പൊക്കിൾക്കൊടി ബന്ധമാണുള്ളത്. അത് മായ്ക്കാൻ കഴിയാത്ത ബന്ധമാണ്. കാലത്തിനനുസരിച്ച് ഏറ്റവും വലിയ പരിഷ്കാര നടപടികളിലേയ്ക്ക് കേരളം പോകുകയാണ് ചെയ്യുന്നത്. ഇ-ബാങ്കിംഗ് സംവിധാനത്തെക്കുറിച്ച് നമുക്കറിയാം. പോസ്റ്റ് ഓഫീസ് വഴിപോലും ഇ-ബാങ്കിംഗ് സംവിധാനം വരികയാണ്. അതിനെയൊക്കെ അതിജീവിക്കാൻ കഴിയുന്ന സാങ്കേതിക മികവോടുകൂടി കേരളത്തിലെ സഹകരണ മേഖലയെ മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കുമ്പോൾ അതിനെ ഇത്തരത്തിൽ ആശങ്കാജനകമായ സ്ഥിതി സൃഷ്ടിച്ചുകൊണ്ട് ജനങ്ങളിൽ ആശങ്കയുണർത്തുന്ന പ്രവർത്തനങ്ങളുമായി പ്രതിപക്ഷം മുന്നോട്ടുപോകരുതെന്ന് മാത്രമാണ് എനിക്ക് അതുസംബന്ധിച്ച് അഭ്യർത്ഥിക്കാനുള്ളത്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നടത്തുന്ന പരിശ്രമങ്ങൾക്കൊപ്പംനിന്ന് ഈ സഹകരണമേഖലയെ സംരക്ഷിക്കാൻ എല്ലാവരും ഒരുമിച്ചുനിൽക്കണമെന്ന അഭ്യർത്ഥനയാണ് എനിക്കുള്ളത്. ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്താങ്ങുകയാണ്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. അന്താരാഷ്ട്ര സഹകരണ വാർഷിക ദിനാചരണത്തിന്റെ 100-ാം വാർഷികം ജൂലൈ 2-ന് ആയിരുന്നു. 'Co-operatives build a better World', സഹകരണ പ്രസ്ഥാനത്തിലൂടെ മെച്ചപ്പെട്ടൊരു ലോകം കെട്ടിപ്പടുക്കുകയെന്നതാണ്. 2018-ലും 2019-ലുമുണ്ടായ പ്രളയത്തിൽ അത് മാതൃകാപരമായി ഏറ്റെടുത്ത് പ്രവർത്തനം പൂർത്തീകരിച്ചത് ഈ കേരളത്തിലെ സഹകരണ പ്രസ്ഥാനമാണ്. കോവിഡ് കാലത്ത് ഭക്ഷ്യ കിറ്റുകളായും വിദ്യതരംഗിണിയെന്ന നിലയിൽ വിദ്യാർത്ഥികൾക്കുള്ള പഠനോപകരണമായും എത്തിച്ചേർന്നത് സഹകരണ പ്രസ്ഥാനമാണ്. അതിദരിദ്ര വിഭാഗങ്ങൾക്ക് സാമ്പത്തിക ഭദ്രതയും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിൽ ബദൽ തീർക്കുന്ന നയങ്ങളാണ് സഹകരണ പ്രസ്ഥാനത്തിനുള്ളതെന്നാണ് റിസർവ് ബാങ്കിന്റെ 2013-ലെ റിപ്പോർട്ടിൽ പറയുന്നത്. അത്തരം കോർപ്പറേറ്റുകളുടെയും വൻകിട ബാങ്കിംഗ് മേഖലയുടെയും ബദൽ തീർത്ത് സാധാരണക്കാരുടെ ആഗ്രഹങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്ന ഈ സഹകരണ പ്രസ്ഥാനത്തെ തകർക്കാൻ ഇപ്പോൾ കേന്ദ്ര ഗവൺമെന്റുതന്നെ നേരിട്ടിറങ്ങിയിരിക്കുന്ന

രാഷ്ട്രീയ കാലാവസ്ഥയാണ് ഇപ്പോഴുള്ളത്. 11,68,095 കോടി രൂപ കോർപ്പറേറ്റുകൾക്കുവേണ്ടി എഴുതിത്തള്ളിയപ്പോൾ ഈ മഹാപ്രസ്ഥാനത്തെ പടുത്തുയർത്താൻ ഒരു നയാപൈസപോലും തന്നില്ലെന്നുമാത്രമല്ല, കേരളത്തിന്റെ സമ്പന്നമായ സഹകരണ പ്രസ്ഥാനത്തെ ഒന്നിച്ചുവിഴുങ്ങാനാണ് ഇപ്പോൾ സഹകരണ മേഖലയിലേയ്ക്കുകൂടി അവർ വരുന്നത്. ഇവിടെ നിരവധി പേർ പറഞ്ഞകാര്യമാണത്. നെല്ല് ഉത്പാദനം കൂടുതലുണ്ടാകുമ്പോൾ അത് സംഭരിച്ച് സംസ്കരിച്ച് ബ്രാൻഡായി നൽകുന്ന 'PAPCOS', പാലക്കാടിന്റെ മാതൃകയാണ്. സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി സ്ത്രീകൾക്കുള്ള 'മുറ്റത്തെ മുല്ല' പാലക്കാടിന്റെ മാതൃകയാണ്. പലിശരഹിതമായ വായ്പ നൽകി കൃഷിക്കാരെ മുന്നോട്ടുകൊണ്ടുവരുന്നതും പാലക്കാടിന്റെ മാതൃകയാണ്. ചരിത്രമെടുത്തുനോക്കിയാൽ കൊടുവായൂരിൽനിന്നുമാണ് സഹകരണ സ്ഥാപനത്തിന്റെ ആദ്യ തുടക്കമെന്ന അത്ഭുതപ്പെടുത്തുന്ന രൂപത്തിലാണ് സഹകരണ മേഖലയിലേയ്ക്ക് പാലക്കാട് ജില്ല മുന്നോട്ടുവന്നത്. ആ മാതൃകയിലൂടെ കേരളത്തിലെമ്പാടുമുള്ള സഹകരണ പ്രസ്ഥാനത്തിലൂടെ അതിദരിദ്ര ജനവിഭാഗങ്ങൾക്കുള്ള ഏറ്റവും ഉപകാരപ്രദമായ നടപടികളുമായി മുന്നോട്ടുപോകുന്ന ഇടതുപക്ഷ

ജനാധിപത്യ മുന്നണി ഗവൺമെന്റിനെയും അതിന് നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയെയും ഞാൻ അഭിനന്ദിക്കുന്നു. പുതിയ ലോകത്തിലാണ് നാം. വൈജ്ഞാനികസമൂഹത്തെ ഉപയോഗപ്പെടുത്തി വ്യവസായം, കൃഷി, സഹകരണം തുടങ്ങിയ മേഖലയുമായി യോജിച്ച് സ്റ്റാർട്ട് അപ്പുകൾക്കും എം.എസ്.എം.ഇ. പദ്ധതികൾക്കും തുടക്കം കുറിക്കാൻ ആലോചിക്കുന്നതിനെ അഭിനന്ദിക്കുന്നു. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ 1712 സ്ഥിര നിയമനം ഉൾപ്പെടെ 45606 പേർക്ക് തൊഴിലവസരം സൃഷ്ടിച്ചതും ഏറ്റവും മെച്ചപ്പെട്ട നടപടിത്തന്നെയാണ്. ക്ഷീര മേഖലയിൽ പാൽ കറക്കുന്നതും പശുവിനെ പോറ്റുന്നതും സ്ത്രീകളാണെങ്കിൽ അവർക്ക് അതിനനുസരിച്ചുള്ള ഒരു പ്രാതിനിധ്യവുമില്ലെന്ന് മനസ്സിലാക്കി അതിനാവശ്യമായ രൂപത്തിലുള്ള നിയമപരമായ നടപടികളുമായി മുന്നോട്ടുപോകുന്നതിനെയും ഞാൻ അഭിനന്ദിക്കുന്നു. യുവജന രംഗത്ത് 25 സഹകരണസംഘങ്ങൾ സ്ഥാപിക്കാൻ തീരുമാനിച്ചപ്പോൾ 30 എണ്ണം സ്ഥാപിക്കുകയും അതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കുകയും ചെയ്തു. നമ്മുടെ കലാകാരൻമാർ, ഒരുപക്ഷെ ഇന്നുവരെ കാണാതിരുന്ന രൂപത്തിലേയ്ക്ക് ആ

കലാകാരൻമാർക്ക് നാടകം, സംഗീതം തുടങ്ങിയ പ്രകടന കലകൾ അവതരിപ്പിക്കാൻ ഒരു സ്ഥിരം വേദിയൊരുക്കാനും അതിലൂടെ പുതിയ കലാകാരൻമാരുടെ കലാ ട്രൂപ്പുകൾ രൂപീകരിക്കാനും നമുക്ക് സാധിക്കണം. അത് കലാരംഗത്ത് മാത്രമല്ല, കായിക രംഗമെടുത്താലും അത്തരത്തിൽ പുത്തൻ ഉണർവേകി ടർഫും ഇൻഡോർ ക്രിക്കറ്റ് ഗ്രൗണ്ടുകളും മറ്റും സ്ഥാപിക്കണം. കേരള ബ്ലാസ്റ്റേഴ്സിനെപ്പോലെ നല്ല സ്പോർട്സ്മാൻമാരെ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ടീമുകൾ സഹകരണ മേഖലയിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരാൻ നമുക്ക് സാധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. 'അക്ഷര മ്യൂസിയം' കേരളത്തിന്റെ മാതൃകയായി മാറാൻ പോകുകയാണ്. ലോകത്ത് എവിടെയിരുന്നാലും ഒറ്റവിരൽത്തുമ്പിൽത്തന്നെ സഹകരണ മേഖലയുടെ പൂർണ്ണവിവരങ്ങൾ അറിയാവുന്ന Co-operative Audit Monitoring & Information System, (CAMIS) ഏറ്റവും അത്ഭുതകരമായ മാറ്റമാണ് സഹകരണ മേഖലയിലുണ്ടാക്കിയത്. എങ്കിലും നിലനിൽക്കുന്ന അനഭിലഷണീയമായ ചില പ്രവണതകൾ തിരുത്താൻ പുതിയ നിയമം കൊണ്ടുവരുമെന്നതും ആശ്വാസകരം തന്നെയാണ്. ജനങ്ങൾക്ക് ഏറെ വിശ്വാസം നൽകുന്നതാണ്

കേരളാ ബാങ്ക്. 6,000 കോടി രൂപയുടെ നിക്ഷേപ സമാഹരണം പ്രഖ്യാപിച്ചപ്പോൾ 7,553 കോടി രൂപയാണ് നിക്ഷേപമായി ലഭിച്ചത്. ഇപ്പോഴും പാർശ്വവൽക്കരിക്കപ്പെട്ട രീതിയിൽ അകലം പാലിച്ച് നിൽക്കുകയാണ് മലപ്പുറം ജില്ലാ ബാങ്ക്. തീർച്ചയായും നമുക്ക് അവരെയുംകൂടി കൂട്ടിയോജിപ്പിച്ചുകൊണ്ടുപോകാൻ സാധിക്കണം.

മറ്റൊന്ന്, വനം മേഖലയാണ്. ലോക പരിസ്ഥിതി ദിനാചരണത്തിന്റെ 50 വർഷമാണ് ആചരിക്കുന്നത്. ഒരേയൊരു ഭൂമിയെന്നതാണ് ഇന്ന് ഉയർത്തിപ്പിടിക്കുന്ന മുദ്രവാക്യം. 50 വർഷങ്ങൾക്ക് മുമ്പ് ഉയർത്തിപ്പിടിച്ച അതേ മുദ്രാവാക്യംതന്നെയാണ് ഇപ്പോഴും ഉയർത്തുന്നത്. വിസ്മയകരമായ ഈ ജൈവമണ്ഡലവുമായി ഐക്യപ്പെട്ടുമാത്രമെ ജീവിക്കാനാകൂയെന്നത് പരിസ്ഥിതിയുമായി ബന്ധപ്പെട്ടതാണ്. നമ്മുടെ പൗരാണികമായ ചരിത്രമെടുത്തുനോക്കിയാൽ നിരവധി പർവ്വതങ്ങളെയും ജലസംഭരണികളെയും പൂജിച്ചിരുന്ന ഒരു കാലഘട്ടത്തെ നമുക്ക് കാണാൻ സാധിക്കും. 'മഹേന്ദ്രോ മലയ സഹ്യോ

ദേവാത്മാ ഹിമാലയ

ധ്യേയോ രൈവതകോ വിന്ധ്യോ

ഗിരിശ്ച ആരവല്ലി സഥ്ഥാ'.

നമ്മുടെ പശ്ചിമഘട്ടമുൾപ്പെടെയുള്ള മലനിരകളാണ് ജീവവായു. അതുപോലെതന്നെ ജലസമൃദ്ധിയുടെയും

'ഗംഗേ സിന്ധുശ്ച കാവേരി

യമുനേച സരസ്വതി

രേവാ മഹാനദി ഗോദാ

ബ്രഹ്മപുത്രാ പുനതുമാം'

നദികളെക്കുറിച്ചാണ് പ്രകീർത്തിക്കപ്പെടുന്നത്. തീർച്ചയായും കാടാണ് ജലം, ജലമാണ് ജീവൻ. ചെന്നൈ ഹൈക്കോടതിയുടെ മധുര ബെഞ്ചിന്റെ ഒരു സുപ്രധാനപ്പെട്ട വിധി അടുത്തകാലത്തുണ്ടായി. പ്രകൃതിമാതാവിന് ജീവനുള്ളതായും വ്യക്തിയെന്ന നിലയിൽ നിയമപരമായി ഭരണഘടന വിഭാവനം ചെയ്യുന്ന എല്ലാ അവകാശങ്ങൾക്കും ഈ പ്രകൃതിക്കും അംഗീകാരമുണ്ടെന്നാണ്. നമ്മുടെ കേരളം വിദ്യാവനം, നഗരവനം, തീരദേശവനം തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച്, ജൈവവൈവിദ്ധ്യങ്ങളുടെ കലവറയായ നമ്മുടെ കാവുകളുടെ സംരക്ഷണം, കണ്ടൽക്കാടുകളുടെ സംരക്ഷണമുൾപ്പെടെ കാർബൺന്യൂട്രലിലൂടെ വൃക്ഷ

സമൃദ്ധിയെന്ന നിലയിലേയ്ക്ക് മുന്നോട്ടുപോകുന്നതിൽ നമുക്ക് അഭിമാനിക്കാം. വനവും വനമേഖലയുമായി ബന്ധപ്പെട്ടിട്ടുള്ള നിരവധി പ്രശ്നങ്ങളും നിലനിൽക്കുകയാണ്. തീർച്ചയായും അത് പരിഹരിക്കപ്പെടുന്ന രൂപത്തിലേയ്ക്ക് പോകാൻ കഴിയണമെന്ന് ഞാൻ ഓർമ്മപ്പെടുത്തുകയാണ്.

ആശാൻ എന്ന് വിളിക്കുന്ന ശ്രീ. എം. എം. മണിയെ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും പ്രതിപക്ഷത്തിരിക്കുന്ന ആളുകൾ ആക്രമിക്കാൻ തുടങ്ങിയിട്ട് എത്രകാലമായി. ഇന്ന് നെൽസൺ മണ്ടേലയുടെ ജന്മദിനമാണ്. ഈ ദിനത്തിലാണ് കോൺഗ്രസിന്റെ മഹിളാസംഘത്തിന്റെ നേതൃത്വത്തിൽ ഒരു പ്രകടനം തിരുവനന്തപുരം നഗരത്തിൽ നടക്കുന്നത്. ചിമ്പാൻസിയുടെ രൂപവും മണിയാശാന്റെ തലയും വെട്ടിവച്ച ഒരു ചിത്രവുമായാണ് അവർ പ്രകടനം നടത്തുന്നത്. ആരോ ഇത് അവരുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അത് മാറ്റിയെങ്കിലും, കെ.പി.സി.സി.-യുടെ പ്രസിഡന്റിനോട് ഇക്കാര്യത്തെക്കുറിച്ച് അന്വേഷിച്ചപ്പോൾ അതിനെന്താ രണ്ടും ഒന്നല്ലേ, സമമല്ലേയെന്ന് ആക്ഷേപിക്കുകയാണ് ചെയ്തത്. ഇത്തരം വർണ്ണത്തിന്റെ പേരിൽ ആഷേപിക്കപ്പെടുന്നത് ഈ കേരളത്തിലല്ലേ; വ്യക്തിപരമായും കുടുംബപരമായും ആക്രമിക്കാനും കൊലപ്പെടുത്താനും തുടങ്ങിയിട്ട്

കാലമെത്രയായി. സ്വതസിദ്ധമായ ശൈലിയിൽ ഒന്ന്, രണ്ട്, മൂന്ന് പറഞ്ഞതിനല്ലേ അവർ നാടുകടത്തിയതും തുറങ്കിൽ അടച്ചതും. ആ എഫ്.ഐ.ആർ.-നെ കടലാസിന്റെ വിലപോലും കൽപ്പിക്കാതെ കോടതി പുറംതള്ളിയില്ലേ; മുൻപ്രതിപക്ഷ നേതാവിനെകുറിച്ച് പറയണമെന്ന് ആഗ്രഹിച്ചതല്ല, വിദ്യുച്ഛക്തി മന്ത്രിയായി കേരളത്തിലെ എൽ.ഡി.എഫ്.-ഉം സി.പി.ഐ.(എം)-ഉം ശ്രീ. എം. എം. മണിയെ തീരുമാനിച്ചപ്പോൾ വിദ്യുച്ഛക്തി എന്ന് എഴുതാൻ അറിയില്ലെന്നാക്ഷേപിച്ചില്ലേ? ഒരു മിനിട്ടുപോലും കറണ്ട് കട്ടില്ലാതെ ഈ കേരളത്തിനെ സമ്പൂർണ്ണ വൈദ്യുതവൽക്കരിക്കപ്പെട്ട സംസ്ഥാനമാക്കി മാറ്റിയത് സഖാവ് മണിയാശാന്റെ നേതൃത്വത്തിലായിരുന്നില്ലേ? ഞാൻ ഇത് ഒട്ടും പറയണമെന്ന് ആഗ്രഹിച്ചതല്ല. ശ്രീ. പി. കെ. ബഷീറിന്റെ ഒരു പ്രസംഗം ഞാൻ നവമാധ്യമത്തിലൂടെ കേൾക്കാനിടയായി. മുഖ്യമന്ത്രിക്ക് കുറുത്ത നിറം കാണുമ്പോൾ വലിയ വെറുപ്പാണെന്ന രൂപത്തിലാണ് അദ്ദേഹം പറഞ്ഞത്. അങ്ങനെയാണെങ്കിൽ മണിയാശാനെ കാണുമ്പോൾ എന്തായിരിക്കുമെന്നാണ് ചോദ്യം. വർണ്ണവെറിയല്ലേ അത് ഉയർത്തുന്നത്. ആശാന്റെ നിറം പറഞ്ഞ് വർണ്ണവെറിയുടെ അധിക്ഷേപമല്ലേ അവർ

ഉയർത്തിയത്. ഒരു കാര്യം നിങ്ങൾ മനസ്സിലാക്കണം, തോട്ടം തൊഴിലാളികളെയും വനാന്തരങ്ങളിൽ അധിവസിക്കുന്ന ആദിവാസി സമൂഹത്തിന്റെയും ഉന്നമനത്തിനുവേണ്ടി അവർക്കൊപ്പംനിന്ന് പൊരുതി മുന്നേറിയ, അവരുടെ മനസ്സിൽ ഇടംനേടിയിട്ടുള്ള ആശാനാണ് മണിയാശാനെന്ന് നിങ്ങൾ മറന്നുപോകരുത്. ആശാന്റെ നേർക്ക് ഉണ്ടയില്ലാത്ത വെടിപൊട്ടിച്ചൊന്നും ഈ കേരളത്തിലെ ആശാനെയില്ലാതാക്കാൻ ശ്രമിക്കാൻ നിങ്ങൾക്ക് സാധിക്കില്ല. പാലക്കാട്ടുകാർ പ്രസംഗത്തിൽ പറയുമെങ്കിലും ആശാന്റെ നെഞ്ചത്തുകയറി കുമ്മനമടിക്കേണ്ടതില്ല എന്നാണ് ഞങ്ങൾക്ക് ഓർമ്മപ്പെടുത്താനുള്ളത്. കോൺഗ്രസ് പാർട്ടി രാജ്യത്തിനുവേണ്ടി ഒരുപാട് സംഭാവന ചെയ്ത പാർട്ടിയാണ്. അത് നെഹ്റുവിന്റെ കാലത്തായിരുന്നു. ഇന്ന് ആ സംഭാവന ആർക്കുവേണ്ടിയാണ് അവർ ചെയ്യുന്നത്. ആ സംഭാവന ചെയ്യുന്നത് ആർ.എസ്.എസ്.-നും ബി.ജെ.പി.-ക്കും വേണ്ടിയല്ലേ? അഞ്ച് വർഷം കൊണ്ട് നിങ്ങളുടെ സംഭാവന എത്രയാണ്. 112 മുൻ എം.പി.-മാർ, നാല് മുഖ്യമന്ത്രിമാർ, 126 മുൻ എം.എൽ.എ.-മാർ, 80 എം.എൽ.എ.-മാർ.....

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, പോയിന്റ് ഓഫ് ഓർഡർ... ഇവിടെ ബഹുമാന്യനായ ശ്രീ. കെ. ബാബു (നെന്മാറ) പ്രസംഗിച്ചപ്പോൾ ഞങ്ങൾ ആർ.എസ്.എസ്.-നുവേണ്ടി നിൽക്കുന്നവരെന്നുള്ള നിലയിൽ പറഞ്ഞു. ഇന്ന് ഇവിടെ ഒരു തെരഞ്ഞെടുപ്പുനടന്നു, നമ്മൾ രണ്ടുകൂട്ടരും ആർക്കാണ് വോട്ട് ചെയ്തത്? അതുകൊണ്ട് ഞങ്ങൾ ആർ.എസ്.എസ്.-നുവേണ്ടി നിൽക്കുന്നവരെന്നുള്ളത് രേഖയിലുണ്ടാകാൻ പാടില്ല.

മി. ചെയർമാൻ: അത് പരിശോധിക്കാം...+ ശ്രീ. കെ. ബാബു നെന്മാറ തുടർന്നോളൂ.

ശ്രീ. കെ ബാബു (നെന്മാറ): സർ, ആ സമയംകൂടി എനിക്ക് അനുവദിക്കണം.

മി. ചെയർമാൻ: സമയം അനുവദിക്കും.

ശ്രീ. കെ ബാബു (നെന്മാറ): സർ, ഇവിടെ ആർ.എസ്.എസ്., ബി.ജെ.പി.-ലേയ്ക്ക് പോയിട്ടുള്ള കോൺഗ്രസ്സുകാരായ മുൻ എം.എൽ.എ.-മാരെയും മുൻ മന്ത്രിമാരെയും അതുപോലെതന്നെ ഇപ്പോൾ നിലവിൽ മന്ത്രിമാരായിട്ടുള്ളവരെയും കുറിച്ചാണ് ഞാൻ പറഞ്ഞത്. നാളെ ഇവരിലോ

---

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം.12899/ഇ.ബി./2022/നി.സെ. തീയതി 19-07-2022) സഭാരേഖയിൽ നിലനിർത്തി.

ഈ രാജ്യത്തെ ഇപ്പോൾ അവശേഷിക്കുന്ന കോൺഗ്രസ്സിലെ ആരൊക്കെപ്പോകുമെന്ന് പറയാൻ സാധിക്കില്ല. എന്റെ നാട്ടിൽ ഒരു വിരുതൻ 25 കോടി രൂപയുടെ ഒരു വിഷുബമ്പർ ടിക്കറ്റ് എടുത്തു, അയാളോട് ഞാൻ കാര്യം ചോദിച്ചപ്പോൾ വളരെ ലളിതമായി അയാൾ പറഞ്ഞത്, ആ ലോട്ടറിയടിച്ചാൽ കോൺഗ്രസ് എം.എൽ.എ.-മാരെ വിലയ്ക്കുവാങ്ങി ബി.ജെ.പി.-ക്ക് മറിച്ചുവിൽക്കുമെന്നാണ്. അങ്ങനെ വിൽക്കപ്പെടുന്ന ഒരു വിൽപ്പനച്ചരക്കായി കോൺഗ്രസ് അധഃപതിക്കരുതെന്നാണ് നിങ്ങളോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വനസംരക്ഷണം സംബന്ധിച്ച് പറയുകയാണെങ്കിൽ, എന്റെ മേഖല 53 കിലോമീറ്റർ ദൈർഘ്യമുള്ള പശ്ചിമഘട്ട മലനിരയുടെ ഭാഗമായി പത്ത് പഞ്ചായത്തുകളിലായി കിടക്കുന്ന മേഖലയാണ്.

മി. ചെയർമാൻ: അങ്ങ്, പറഞ്ഞ് അവസാനിപ്പിക്കുക.

ശ്രീ. കെ ബാബു (നെന്മാറ): സർ, നമുക്ക് ആവശ്യമായ രൂപത്തിലുള്ള ആർ.ആർ.ടി.-യും ഫോറസ്റ്റ് സ്റ്റേഷനും അനുവദിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്.

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ചിമ്പാൻസിയുടെ രൂപത്തിൽ ശ്രീ. എം. എം. മണിയുടെ രൂപം പ്രദർശിപ്പിച്ചുകൊണ്ട് തിരുവനന്തപുരം നഗരത്തിൽ മഹിളാ കോൺഗ്രസിന്റെ പ്രകടനം നടന്നുവെന്നും അദ്ദേഹത്തെ അപമാനിക്കാൻ ശ്രമിച്ചുവെന്നും ബഹുമാന്യനായ നെന്മാറ അംഗം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഈ വാർത്ത വന്നയുടൻ ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഇടപെട്ട് ആ രൂപം മാറ്റുകയും തിരുവനന്തപുരം ജില്ലാ മഹിളാ കോൺഗ്രസ് പ്രസിഡന്റിനെക്കൊണ്ട് ക്ഷമാപണം നടത്തിക്കുകയും ചെയ്തു. ഒരു തെറ്റോ പാളിച്ചയോ ഉണ്ടാകുമ്പോൾ അവിടെ ഇടപെട്ട് തിരുത്താനുള്ള നേതൃത്വം ഞങ്ങൾക്കുണ്ട്. ആ നേതൃത്വത്തിന്റെ ഫലമായി അവിടെ തിരുത്തി. എന്നാൽ ശ്രീ. എം. എം. മണി ഈ സഭയ്ക്കകത്ത് പ്രസംഗിച്ചപ്പോൾ ഒരു രക്തസാക്ഷിയുടെ വിധവയെ അപമാനിക്കുകയും നിന്ദിക്കുകയും ചെയ്തിട്ട് അതിന് പാലൂട്ടാനും തേൻ കൊടുക്കാനുമാണ് സി.പി.ഐ.(എം.)-ന്റെ ഭരണ നേതൃത്വം മുഴുവൻ ശ്രമിച്ചത്. ഈ രണ്ട് നേതൃത്വങ്ങളും തമ്മിലുള്ള വ്യത്യാസമാണ് ഏറ്റവും പ്രകടമായിട്ടുള്ളതെന്നത് സാന്ദർഭികമായി സൂചിപ്പിക്കുകയാണ്. ഇതുവരെ ഒരു ക്ഷമാപണംപോലും

നടത്താതെ അപമാനിക്കുന്ന പ്രവർത്തനം ഇന്നും ഇന്നലെയും മിനിഞ്ഞാന്നുമായി അഭംഗുരം തുടരുന്ന നിങ്ങളുടെ ശൈലി നാശത്തിന്റെ ആരംഭമായിരിക്കുമെന്ന കാര്യത്തിൽ ഒരു തർക്കവും വേണ്ട. അവസാനം എവിടെയെത്തി? ശ്രീ. ഇ. പി. ജയരാജന് മൂന്നാഴ്ചത്തെ വിലക്കാണ് ഇൻഡിഗോ എയർവേയ്സ് ഏർപ്പെടുത്തിയത്. വിമാനത്തിൽ കയറിയ കുട്ടികൾക്ക് രണ്ടാഴ്ചയാണ് വിലക്ക്. ശ്രീ. ഇ. പി. ജയരാജൻ ഒരു സ്റ്റേറ്റ്മെന്റ് നടത്തി- 'വഷളൻ കമ്പനിയായ ഇൻഡിഗോ എയർവെയ്സിൽ ഞാനിനി യാത്ര ചെയ്യില്ല' എന്നുള്ളതാണ്. അത് എൽ.ഡി.എഫ്.-ന്റെ പൊതുവായ തീരുമാനമാണോയെന്ന് അറിയാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ട്. അക്രമത്തിന്റെ ഉത്തരവാദി ശ്രീ. ഇ. പി. ജയരാജനാണെന്നുള്ള പ്രഖ്യാപനമാണ് ഇൻഡിഗോ കമ്പനി എടുത്തിട്ടുള്ള പ്രധാന തീരുമാനം. (......ബഹളം....) ഞാൻ വിഷയത്തിലേയ്ക്ക് വരാം.

<u>മി. ചെയർമാൻ</u>: പ്ലീസ്.....അദ്ദേഹം സംസാരിക്കട്ടെ.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, കാട്ടാനകളോടും കാട്ടുമൃഗങ്ങളോടും പകർച്ചവ്യാധികളോടും മലമ്പനിയോടുമൊക്കെ മല്ലടിച്ച് മണ്ണിൽ കൃഷി വിളയിച്ച കർഷകന്റെ തോരാത്ത കണ്ണീരിന്റെ ഉപ്പുരസം, വനം വകുപ്പിന്റെ

പ്രവർത്തനത്തിന്റെയും വന്യമൃഗ ആക്രമണത്തിന്റെയും ഫലമായി മലയോര മേഖലകളിലും മറ്റിടങ്ങളിലും ഇന്ന് സർവ്വവ്യാപിയായി മാറിയിരിക്കുകയാണ്. മനുഷ്യന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട ഭരണഘടനാപരമായ ബാധ്യത ഒരു സർക്കാരിന്റെ ബാധ്യതയാണ്. ആ ബാധ്യത നിർവ്വഹിക്കുന്നതിൽ സംസ്ഥാന സർക്കാരും വനം വകുപ്പും ദയനീയമായി പരാജയപ്പെട്ടുവെന്നുള്ളത് ഗൗരവതരമായി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ കുറച്ച് ദിവസങ്ങൾക്കകം എന്റെ നിയോജകമണ്ഡലമായ കല്പറ്റയിലുണ്ടായ അതിദാരുണമായ സാഹചര്യങ്ങൾ സഭയുടെയും ജില്ലയുടെ ചുമതലയുള്ള ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽ കൊണ്ടുവരികയാണ്. കഴിഞ്ഞ ജൂൺ 13-നാണ് സന്ധ്യ കഴിഞ്ഞ സമയത്ത് മേപ്പാടി ഗ്രാമപഞ്ചായത്തിലെ ആദിവാസി യുവാവായ മോഹൻ കാട്ടാന ആക്രമണത്തിൽ മൃഗീയമായി കൊല്ലപ്പെടുന്നത്. ഞാൻ ആ ശവസംസ്കാര ചടങ്ങിൽ പങ്കെടുത്തതാണ്. അദ്ദേഹത്തിന്റെ രണ്ട് കുട്ടികൾ ഇന്ന് അനാഥരാണ്. ഇതുപോലെയുള്ള നിരവധി ആക്രമണങ്ങൾ തുടർച്ചയായി നടക്കുകയാണ്. കഴിഞ്ഞ ശനിയും ഞായറുമായി രണ്ട് വീടുകളിൽ ഞാൻ പോയിരുന്നു. വൈത്തിരി

പഞ്ചായത്തിലെ തൈലക്കുന്നിൽ 85 വയസ്സുള്ള വയോവൃദ്ധനായ ശ്രീ. കുഞ്ഞിരാമന്റെ നാല് വാരിയെല്ല് പൊട്ടിയതിനാൽ വേദന കടിച്ചമർത്തി ഊർദ്ധ്വശ്വാസം വലിക്കുകയാണ്. അർദ്ധരാത്രി ഒരു മണിക്കാണ് കാട്ടാന വീടിനകത്തേയ്ക്ക് കയറിയത്. പൊഴുതന ഗ്രാമപഞ്ചായത്തിലെ സേട്ടുകുന്നിൽ താമസിക്കുന്ന ഷാജി മാത്യുവിന്റെ വീട്ടിൽ ഞാൻ പോയി. കാട്ടാന അടിച്ചപ്പോൾ അദ്ദേഹത്തിന്റെ ഷോൾഡർ എല്ല് തകർന്ന് പുറത്തേയ്ക്കെത്തി. അദ്ദേഹം ഇപ്പോഴും ചികിത്സയിലാണ്. മേപ്പാടി ഗ്രാമപഞ്ചായത്തിലെ കുന്നമ്പറ്റയിലെ സഹപ്രവർത്തകനായ സിദ്ദിഖ് പശുവിനെ തീറ്റാൻ പോയപ്പോൾ കാട്ടാനയുടെ ആക്രമണത്തിന് വിധേയനായി ഏഴ് വാരിയെല്ലും മൂത്രസഞ്ചിയും മൂത്രനാളിയും തകർന്ന് ഗുരുതരാവസ്ഥയിൽ കോഴിക്കോട് മിംസ് ആശുപത്രിയിലേയ്ക്ക് കൊണ്ടുപോയി. അദ്ദേഹത്തെ ചികിത്സിക്കാൻ ഞങ്ങൾ നേതൃത്വം കൊടുത്തു. അദ്ദേഹത്തിന്റെ ചികിത്സയുടെ പണം പൂർണ്ണമായും കൊടുക്കാൻ വനം വകുപ്പ് ഇതുവരെ തയ്യാറായിട്ടില്ല. ആളുകൾ എങ്ങോട്ടുപോകും? ഇന്നലെ തരിയോട് ഗ്രാമപഞ്ചായത്തിലെ മുഴുവൻ ആളുകളും ഫോറസ്റ്റ് ഓഫീസ് ഉപരോധിച്ചു. എന്താണ് പ്രശ്നം? അവിടത്തെ വിനോദ് മാത്യു എന്ന സഹപ്രവർത്തകന്റെ

വീട്ടിൽ കഴിഞ്ഞ ശനിയാഴ്ച ഞാൻ പോയിരുന്നു. രാത്രി ഒൻപതരയ്ക്കുവന്ന കാട്ടാന രാവിലെ 6.45-നാണ് തിരിച്ചുപോകുന്നത്. അവിടെയുണ്ടായിരുന്ന 20 തെങ്ങ് തകർത്ത് തരിപ്പണമാക്കി. അതിന്റെ കൂമ്പ് മുഴുവൻ ഭക്ഷിച്ച് അവിടെയുണ്ടായിരുന്ന എല്ലാ സംവിധാനങ്ങളും തകർത്തിട്ടാണ് കാട്ടാന തിരിച്ചുപോയത്. അവിടെയുള്ള മറ്റൊരു സഹപ്രവർത്തകനായ രാജുവിന്റെ അറുന്നൂറോളം വാഴകളാണ് കഴിഞ്ഞ ദിവസം കുരങ്ങന്മാരും വന്യമൃഗങ്ങളുമൊന്നിച്ച് തകർത്തത്. രക്ഷയില്ലാതെ അവർ ഫോറസ്റ്റ് ഓഫീസിലേയ്ക്ക് പോയി. ജനങ്ങൾ എന്തുചെയ്യും? വനത്തിന് തൊട്ടടുത്ത സ്ഥലമോ വനത്തിനോടുചേർന്നുള്ള സ്ഥലമോ അല്ല. വന്യമൃഗങ്ങൾ മുഴുവൻ നാട്ടിലേയ്ക്കിറങ്ങുകയാണ്. ജനങ്ങളുടെ പ്രധാനപ്പെട്ട പരാതി ബഹുമാന്യനായ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. വനം വകുപ്പിൽ ആവശ്യത്തിന് വാഹനമോ ജീവനക്കാരോ ഇല്ല. ഒരു സർക്കിളിൽ മുഴുവൻ ജീവനക്കാരില്ലാത്തതിന്റെ വിഷമം പങ്കുവയ്ക്കുമ്പോൾ കഴിഞ്ഞ ജൂൺ 9-ാം തീയതി ഒരു ഉത്തരവിറക്കിയിരിക്കുകയാണ്. വനം വകുപ്പ് ഇറക്കിയ ഉത്തരവ് അങ്ങ് പരിശോധിക്കണം. അതിൽ പറഞ്ഞിരിക്കുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. 'വനം വന്യജീവി വകുപ്പിന്റെ

കീഴിലുള്ള വിവിധ ഓഫീസുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കുന്ന 36 വയസ് പൂർത്തിയായ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവരോ മരണപ്പെട്ടവരുടെ ആശ്രിതരോ ഒഴികെയുള്ള മുഴുവൻ ജീവനക്കാരെയും പിരിച്ചുവിടണം'. എന്നിട്ട് അവസാനം ഒരു വാചകംകൂടിയുണ്ട്. 'സർക്കാരിനെ അറിയിക്കാതെ ദിവസ വേതനാടിസ്ഥാനത്തിൽ വനം വകുപ്പിന്റെ ഏതെങ്കിലും ഓഫീസുകളിൽ ഏതെങ്കിലും സ്കീമിൽ ആളുകളെ നേരിട്ട് നിയമിക്കുകയാണെങ്കിൽ അങ്ങനെ നിയമനം നടത്തുന്ന ആളിന്റെ ശമ്പളത്തിൽനിന്ന് പിടിക്കും' എന്നാണ് പറഞ്ഞിട്ടുള്ളത്. ആളുകളെ കാട്ടാന ആക്രമിക്കുമ്പോഴും കൃഷി നശിപ്പിക്കുമ്പോഴും ഏക്കർ കണക്കിനുള്ള അവന്റെ ജീവനോപാധി തകർക്കുമ്പോഴും അവന് സംരക്ഷണം കൊടുക്കേണ്ട വനം വകുപ്പ്, ജീവനക്കാർ വേണ്ടെന്ന നയം പ്രഖ്യാപിക്കുന്ന ഈ ഉത്തരവ് റദ്ദ് ചെയ്ത് മുന്നോട്ടുപോകണം. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കാൻ ഉത്തരവാദിത്തത്തോടെ നിലപാട് സ്വീകരിക്കേണ്ട വനം വകുപ്പ് ജനങ്ങൾക്കെതിരായിട്ടുള്ള ഓരോ നടപടിക്കും നേതൃത്വം കൊടുക്കുകയാണ്. വനം വകുപ്പിന്റെ 15-02-2018-ലെ 17/2018-ാം നമ്പർ ഉത്തരവിൽ

ജീവനോപാധിയും ആളപായവുമൊക്കെ സംഭവിക്കുന്ന സന്ദർഭത്തിൽ കൊടുക്കുന്ന കാര്യങ്ങളെക്കുറിച്ച് പറയുന്നുണ്ട്. സമയക്കുറവുകൊണ്ട് എല്ലാം ഞാൻ പറയുന്നില്ല. ഒരാൾ മരിച്ചാൽ പത്ത് ലക്ഷം രൂപ. സ്ഥായിയായ അംഗവൈകല്യം വന്നാൽ 75000 രൂപ. അത് രണ്ട് ലക്ഷം രൂപയായി ഇപ്പോൾ വർദ്ധിപ്പിച്ചു. ചികിത്സാ ചെലവ് പരിപൂർണ്ണമായും നിർവ്വഹിക്കേണ്ട ഉത്തരവാദിത്തം ആർക്കാണ്. ട്രൈബൽ മേഖലയിലുള്ള ആളുകളാണെങ്കിൽ അവർക്ക് കൊടുക്കും. എന്നാൽ മറ്റുള്ള സാധാരണക്കാർക്ക് കൊടുക്കില്ല. കാട്ടാന അല്ലെങ്കിൽ വന്യമൃഗങ്ങൾ ആക്രമിക്കുന്ന വിഷയത്തിൽ രണ്ട് വ്യത്യാസമുണ്ടോ? ട്രൈബൽ ആണോ നോൺ ട്രൈബൽ ആണോയെന്ന് നോക്കിയാണോ വന്യമൃഗങ്ങൾ ആക്രമിക്കുന്നത്. രണ്ടുതരം വിവേചനത്തിന്റെ ഉത്തരവാണ്. ഈ ഉത്തരവ് അവസാനിപ്പിച്ച് ജനങ്ങളുടെ മുഴുവൻ ചികിത്സാ ചെലവും ഏറ്റെടുക്കാനാവശ്യമായ നടപടികൾക്ക് നേതൃത്വം കൊടുക്കണം. ഗൗരവതരമായ ഈ സാഹചര്യത്തിൽ ഉത്തരവുകൾ പരിഷ്ക്കരിക്കാനും മുഴുവൻ ജനതയേയും സംരക്ഷിക്കാനും അവസാനത്തെ ഈ ഉത്തരവ് റദ്ദ് ചെയ്യാനുമുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഇവിടെ ചർച്ചയിൽ 16 ബഹുമാനപ്പെട്ട അംഗങ്ങൾ പങ്കെടുത്തതിൽ ഒട്ടേറെ ക്രിയാത്മക നിർദ്ദേശങ്ങളും ഒറ്റപ്പെട്ട വിമർശനങ്ങളുമുണ്ടായി. നല്ല നിർദ്ദേശങ്ങളും സൃഷ്ടിപരമായ വിമർശനങ്ങളും സ്വാഗതം ചെയ്യുന്നു. അതോടൊപ്പം ചില കാര്യങ്ങളിൽ സൂചിപ്പിക്കാനുള്ളത്, ബഹുമാന്യനായ സണ്ണി ജോസഫ് ജനാധിപത്യത്തിന്റെയും അഴിമതിയുടെയും കാര്യം പറയുകയുണ്ടായി. ഏറ്റവും അവസാനമായി അഴിമതി നടന്നത് അദ്ദേഹത്തിന്റെ മണ്ഡലത്തിലെ പൂളക്കുറ്റി ബാങ്കിലാണ് എന്ന് അങ്ങ് മറന്നുകൊണ്ടാണോ സംസാരിച്ചത്? അങ്ങ് തന്നെയാണ് എന്റെയരികിൽ ആളുകളേയും കൊണ്ടുവന്നത്. എൽ.ഡി.എഫ്.ഉം യു.ഡി.എഫ്.ഉം ഭരിക്കുന്ന ബാങ്കുകളിൽ ഇങ്ങനെയുള്ള സംഭവങ്ങൾ ഉണ്ടാകാറുണ്ട്. കരിവന്നൂരിലുണ്ടായ സംഭവം പരിഹരിക്കാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. പൂളക്കുറ്റിയിലുണ്ടായ വിഷയത്തിന്മേൽ നമ്മളൊരുമിച്ചിരുന്നാണ് പരിഹാര മാർഗങ്ങൾ ചർച്ചചെയ്തത്. ഇതിനുശേഷമാണ് ഈ മേഖലയിൽ ഇങ്ങനെയുള്ള സംഭവങ്ങൾ

നടക്കുന്നതിനെക്കുറിച്ച് അങ്ങ് വിമർശനമുന്നയിച്ചത്. ഇവിടെ വ്യാജകാർഡുകളുപയോഗിച്ചും ജനാധിപത്യപരമായ ഉള്ളടക്കങ്ങളില്ലാതെയുമുള്ള പ്രവർത്തനങ്ങൾ നടക്കുന്നു, സീറ്റുകൾ പിടിച്ചെടുക്കാൻ ശ്രമിക്കുന്നു. തൊടുപുഴയിൽ നിന്നാണ് അങ്ങനെയൊരു സംഭവം റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഒരു യു.ഡി.എഫ്. അംഗത്തിന്റെ വീട്ടിൽ നിന്ന് തെരെഞ്ഞെടുപ്പിനുവേണ്ടി നിർമ്മിച്ച 1200 വ്യാജ കാർഡുകൾ പോലീസ് പിടിച്ചെടുത്തു. ഇതാണ് തൊടുപുഴയിലെ സംഭവം. പോലീസ് കേസ് രജിസ്റ്റർ ചെയ്ത് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ പ്രസന്റ് ചെയ്തിട്ടുണ്ട്. അതല്ലാതെ ഇതുസംബന്ധിച്ച് മറ്റ് കേസുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. വേറെ അട്ടിമറി പ്രവർത്തനങ്ങളില്ലെന്ന് വിനയപൂർവ്വം അറിയിക്കുന്നു. പിന്നീട് ഈ രംഗത്തെ നടപടി ക്രമങ്ങളിലുണ്ടാകുന്ന ചില താമസങ്ങളെക്കുറിച്ച് ചില അംഗങ്ങളിവിടെ സൂചിപ്പിച്ചു. ഇ-ആഫീസായി മാറിക്കഴിഞ്ഞിരിക്കുന്നു എന്നതാണ് ഇതുസംബന്ധിച്ച് ഇപ്പോൾ ഞങ്ങൾ സൂചിപ്പിക്കുന്നത്. അതിന്റെ ഭാഗമായി ബൈലോ രജിസ്ട്രേഷൻ, ബൈലോ ഭേദഗതി, എന്നിവ സഹകരണ വകുപ്പ് സേവനാവകാശ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുള്ള 90 ദിവസത്തെ സമയപരിധിയാണ്

നിശ്ചയിച്ചിരിക്കുന്നത്. ഡിപ്പാർട്ട്മെന്റിന്റെ വെബ്സൈറ്റിലും സംസ്ഥാന സർക്കാരിന്റെ പോർട്ടലിലും ഡാഷ് ബോർഡുണ്ട്. അതിൽ അപേക്ഷ ഫയൽ തീയതി, തീർപ്പാക്കിയ തീയതി, എന്നിവ എല്ലാവർക്കും പരിശോധിക്കാം. കൃത്യമായി അതിന്റെ റിവ്യൂ നടക്കുന്നുണ്ട്. അതുകൊണ്ട് ആ പരാതി നിലനിൽക്കുന്നതല്ല. ഏതെങ്കിലും ഒറ്റപ്പെട്ട ഇത്തരം കേസുകളുണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ പരിഹരിക്കുകയും ചെയ്യാം. ആഡിറ്റ് ഫീസും ആർബിട്രേഷൻ ഫീസും ഉൾപ്പെടെയുള്ള കാര്യങ്ങളിലെ വർദ്ധനവ് ഒഴിവാക്കണമെന്നത് സംബന്ധിച്ച് പരിശോധിക്കാവുന്നതാണ്.

മൂന്നാർ ഹൈഡൽ പാർക്കിന്റെ പദ്ധതിയെ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇലക്ട്രിസിറ്റി ബോർഡിന്റെ സ്ഥലമേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടൊരു തർക്കം നിലനിൽക്കുന്നുണ്ട്. അത് പരിഹരിച്ചാൽ, ആ നിർദ്ദേശം നടപ്പിലാക്കി ടൂറിസം മേഖലയിലേയ്ക്കുള്ള സഹകരണപ്രസ്ഥാനത്തിന്റെ കടന്നുവരവ് ഭംഗിയാക്കാൻ സാധിക്കുമെന്ന കാര്യം സൂചിപ്പിക്കുകയാണ്.

ജപ്തി നടപടിയുമായി ബന്ധപ്പെട്ട് കുറച്ച് പ്രശ്നങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. 5 സെന്റിൽ താഴെയുള്ള ഒരു സ്ഥലത്തും ജപ്തി

നടത്തി ആളെ ഇറക്കി വിടരുതെന്നുള്ളത് നടപ്പാക്കിയിട്ടുണ്ട്. അതിന് അപവാദമായി ഒരു സംഭവം നടന്നതിൽ നടപടിയെടുത്ത് പരിഹരിച്ചിട്ടുണ്ട്. മറ്റൊരു ഷെൽറ്റർ കണ്ടുപിടിച്ചതിനുശേഷം മാത്രമേ ഇത്തരം കാര്യങ്ങൾ ചെയ്യാവൂ എന്ന് പറഞ്ഞിട്ടുണ്ട്. പക്ഷെ ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. എൻ. ഷംസുദ്ദീൻ നിർദ്ദേശിച്ച വിഷയം കുറെക്കൂടി ഉയർന്ന രൂപത്തിലേയ്ക്ക് മാറ്റാൻ കഴിയുമോ എന്ന് പരിശോധിക്കാം. മൊറോട്ടോറിയം പ്രഖ്യാപിച്ചിരുന്നു. അതുപോലെ 5 മാസക്കാലത്തോളമായി വൺ ടൈം സെറ്റിൽമെന്റും നിലനില്ക്കുന്നുണ്ട്. അതിന്റെയൊരു നല്ല റിസൾട്ട് വന്നുതുടങ്ങി. പിഴപ്പലിശയും പലിശയും ഒഴിവാക്കിക്കൊടുത്തതിന്റെ ഭാഗമായി കുടിശ്ശികയിനതിൽ ഏകദേശം 12,212 കോടി രൂപയോളം വൺ ടൈം സെറ്റിൽമെന്റിൽ പിരിച്ചെടുക്കാൻ കഴിഞ്ഞിരിക്കുന്നു. അത് നീട്ടണമെന്ന ആവശ്യം ഭരണപക്ഷത്തുനിന്നും പ്രതിപക്ഷത്തുനിന്നുമുണ്ടായി. അക്കാര്യം പരിഗണിക്കാവുന്നതാണ്. പിന്നെ ഒരു വർഷത്തേയ്ക്ക് ഇനിയും മോറട്ടോറിയം പ്രഖ്യാപിക്കുമ്പോഴുള്ള പ്രശ്നം, നമ്മുടെ സഹകരണ ബാങ്കുകൾ നിലനിൽക്കണമല്ലോ, നിക്ഷേപകർക്ക് അവരുടെ പണം മടക്കിക്കൊടുക്കണ്ടേ, അങ്ങനെയൊരു ചോദ്യം നിലവിലുണ്ട്. അതുകൊണ്ട്

PACS അസോസിയേഷനുമായി ഡിസ്കസ് ചെയ്യുമ്പോൾ അവർ ഈ വിഷയം ഉന്നയിക്കും. ആരും തിരിച്ചടയ്ക്കാതെ വന്നാൽ  നിക്ഷേപകർക്ക് എങ്ങനെ പൈസ മടക്കിക്കൊടുക്കും? അതുകൊണ്ട് പരമാവധി  വൺ ടൈം സെറ്റിൽമെന്റ് നടപ്പാക്കിയും സാവകാശം കൊടുത്തും ഇക്കാര്യത്തിൽ എല്ലാരംഗത്തും സഹകരണമേഖല ആശ്വാസത്തിന്റെ കിരണങ്ങൾ പകർന്നാണ് മുന്നോട്ടുവരുന്നത്.

ധനകാര്യ വകുപ്പുമായി ആലോചിച്ച് കുടിശ്ശിഖ നിൽക്കുന്നത് പെൻഷൻ കൊണ്ടുകൊടുക്കുന്നവരുടെ ഇൻസെന്റീവിലാണ്. അത് പരിഹരിക്കാം. അർബൻ ബാങ്കിന്റെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട അനോമലി പരിശോധിച്ച് തീർപ്പാക്കാൻവേണ്ടി ഇപ്പോൾ നിർദ്ദേശം കൊടുത്തിട്ടുണ്ട്. കേന്ദ്രസർക്കാരെടുക്കുന്ന നടപടികൾക്കെതിരെ കാര്യമായി നീങ്ങിയില്ലെന്ന ഒരു പരാമർശം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അത് തെറ്റാണ്. സഹകാരികളുടെ സംയുക്തയോഗം വിളിച്ച് അതിൽ എൽ.ഡി.എഫ്., യു.ഡി.എഫ്., ബി.ജെ.പി. എല്ലാരും ഉൾപ്പെടുന്ന എല്ലാ സഹകാരി സമൂഹവുമുണ്ടായിരുന്നു. ആർ.ബി.ഐ.യുടെയും എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും എല്ലാവരും യോജിച്ച് ഒരു പ്രക്ഷോഭം  നടത്തി.

ഇതുകൂടാതെ ആർ.ബി.ഐ.യുടെ ഗവർണർക്കും കേന്ദ്ര ധനകാര്യ മന്ത്രിക്കും കത്തയച്ചിട്ടുണ്ട്. ഇതിനുപുറമെ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സ്യൂട്ട് ഫയൽ ചെയ്ത് ഇപ്പോൾ കേസ് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ ഇടപെട്ടില്ലെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ വിമർശനം ശരിയല്ലെന്ന് ചൂണ്ടിക്കാണിക്കുന്നു. പിന്നീട് ഈ വിഷയത്തിൽ 97-ാം ഭരണഘടനാ ഭേദഗതിയുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ ഇവിടെ പരാമർശിക്കപ്പെട്ടതുപോലെയല്ല കാര്യങ്ങൾ. ആദ്യം ഗുജറാത്ത് ഹൈക്കോടതി ആ വിധി സ്റ്റേ ചെയ്തു. അതിന്മേലുള്ള അപ്പീലിലാണ് “ 'Cooperative Societies” is a State Subject in the 7th Schedule via entry 32 of the State List in the Constitution of India” എന്ന ഭരണഘടനാ ബഞ്ചിന്റെ വിധി വന്നത്. പ്രസ്തുത വിധിയിന്മേലാണ് ഇപ്പോൾ മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത്. 194 N-ന്റെ പേരിലുള്ള കേസ് ഇപ്പോൾ കോടതിയിൽ സമർപ്പിക്കുന്നതിന് Individual ആയി സ്റ്റേ തരുന്നുണ്ട്. അക്കാര്യത്തിൽ നല്ല ഇടപെടലാണ് സഹകരണ വകുപ്പുമായി ബന്ധപ്പെട്ടുണ്ടാകുന്നത്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):സർ, സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് എന്നെഴുതാൻ പാടില്ല, എന്ന് കേന്ദ്രസർക്കാരിന്റെ നിർദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ സംസ്ഥാന സർക്കാർ അക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇക്കാര്യം ഇന്ന് രാവിലെ ഉൾപ്പെടെ പലതവണ ഞാൻ സഭയിൽ പറഞ്ഞിട്ടുണ്ട്. അങ്ങ് ശ്രദ്ധിക്കാത്തതുകൊണ്ടാണ്. ആർ.ബി.ഐ.യുടെ ഒരു പരസ്യത്തിലാണ് ബാങ്ക്, ബാങ്കർ, ബാങ്കിംഗ് എന്നീ പദം ഉപയോഗിക്കാൻ പാടില്ലെന്ന് സൂചിപ്പിച്ചത്. അത് ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ ചൂണ്ടിക്കാണിക്കുന്നെന്ന് പറഞ്ഞാണ് കൊടുത്തിരുന്നത്. ഇക്കാര്യത്തിൽ ഫയൽ ചെയ്തിരിക്കുന്ന സ്യൂട്ടിനകത്തും ഇത് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. നമ്മുടേത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കാണ്. 'പൊതുജനങ്ങളിൽ നിന്ന് നിക്ഷേപം സ്വീകരിക്കുകയും പൊതുജനങ്ങൾക്ക് വായ്പ കൊടുക്കുകയും ചെയ്യുമെന്നാണ് ബാങ്ക് എന്ന പദത്തിന്റെ ഡെഫനിഷനായി ബാങ്കിംഗ് റഗുലേഷൻ ആക്ടിൽ കൊടുത്തിരിക്കുന്നത്. നമ്മൾ മെമ്പേഴ്സ് ഒൺലിയാണ്. മെമ്പർമാരിൽ നിന്ന് നിക്ഷേപം സ്വീകരിക്കുകയും മെമ്പർമാർക്ക് വായ്പ

കൊടുക്കുകയും ചെയ്യുന്നു. ഇക്കാര്യത്തിൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകളാണ്. ഇത് ചൂണ്ടിക്കാണിച്ചാണ് നമ്മൾ കൊടുത്തിട്ടുള്ളത്. അതുകൊണ്ട് ഇക്കാര്യത്തെക്കുറിച്ച് നേരത്തെ ഇവിടെ വിശദീകരണം നൽകിയതാണ്. അതുമായി ബന്ധപ്പെട്ട് നമ്മൾ കേസ് ഫയൽ ചെയ്തു കഴിഞ്ഞിരിക്കുന്നു.

സഹകരണ മേഖലയിലെ രണ്ട് സന്തോഷവാർത്തകൾ പ്രഖ്യാപിക്കുകയാണ്. കേരളാ ബാങ്കിന് സംസ്ഥാന സഹകരണ ബാങ്കിന്റെ ദേശീയ ഫെഡറേഷന്റെ ഏറ്റവും നല്ല ബാങ്കിനുള്ള അവാർഡ് ലഭിച്ചു. രണ്ടാമതായി അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് ബാങ്കിന്റെ നാഷണൽ ഫെഡറേഷൻ ഇപ്പോൾ ചേർന്ന് കേരളത്തിലെ കാർഷിക ഗ്രാമവികസന സഹകരണ ബാങ്കിനാണ് ഇത്തവണത്തെ ദേശീയ അവാർഡ് എന്ന വിവരം പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്നലെ പോയി വാങ്ങിയിട്ടുണ്ട്. ഈ വർഷം രണ്ട് ദേശീയ ബഹുമതികൾ കോ-ഓപ്പറേറ്റീവ് സെക്ടറിന് ലഭിച്ചിട്ടുണ്ട്. ഇതുകൂടാതെ ഈ കാലഘട്ടത്തിൽ നടപ്പാക്കിയ കാര്യങ്ങൾ പലതും പറഞ്ഞു. പ്രധാനമായും ഒട്ടനവധി നൂതനമായ ആശയങ്ങൾ മുൻനിർത്തിക്കൊണ്ടുതന്നെ ഭാവിയിൽ ചില കാര്യങ്ങൾ ഞങ്ങൾ

ആലോചിക്കുകയാണ്. ഇപ്പോൾ നിലവിൽ ഈ രംഗം ജനജീവിതത്തിന്റെ സമസ്ത മേഖലയിലും ഇടപെട്ട് നടപ്പാക്കിക്കൊണ്ടിരിക്കുന്ന വളരെയധികം കാര്യങ്ങളുണ്ട്. അക്കാര്യങ്ങൾ നല്ലരൂപത്തിൽ നടപ്പാക്കാൻ കഴിഞ്ഞിരിക്കുന്നു. 14-ാം പഞ്ചവത്സര പദ്ധതിയുടെ കാലത്തുതന്നെ ഞങ്ങൾ പ്രധാനമായും ഏറ്റെടുക്കുന്ന പ്രധാനകാര്യങ്ങൾ സൂചിപ്പിക്കാം.

1. ഹോസ്പിറ്റൽ സഹകരണ സംഘങ്ങളുടെ നവീകരണത്തിന് പദ്ധതികളാരംഭിക്കും.

2. സഹകരണ യൂണിയൻ, Co-operative Academy of Professional Education (CAPE) മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവ നടത്തുന്ന വിദ്യാഭ്യാസ സഹകരണ സ്ഥാപനങ്ങൾ നവീകരിച്ച് ഉന്നത നിലവാരത്തിലേയ്ക്ക് കൊണ്ടുവരാൻ ഞങ്ങൾ പദ്ധതിയിട്ടിരിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സഹകരണ രംഗം നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട ഭീഷണി ഇതിന്റെ ക്രെഡിബിലിറ്റി കുറഞ്ഞുവരുന്നുവെന്നതാണ്. ഞാനതിന്റെ രാഷ്ട്രീയ തർക്കത്തിലേയ്ക്കൊന്നും പോകുന്നില്ല. എൽ.ഡി.എഫ്.-ന്റെ ബാങ്കാണെങ്കിലും യു.ഡി.എഫ്.-ന്റെ ബാങ്കാണെങ്കിലും പല ബാങ്കുകളിലും

വലിയ ക്രമക്കേടുകളുണ്ട്. വലിയ തകർച്ച ഉണ്ടായിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ വ്യാപിച്ചാൽ ഇതിന്റെ വിശ്വാസ്യതയില്ലായ്മ, നിക്ഷേപങ്ങൾ ആളുകൾ പിൻവലിക്കുന്ന തലത്തിലേയ്ക്ക് കാര്യങ്ങൾ പോകും. അത്തരമൊരു ഘട്ടത്തിൽ ഈ മേഖല എത്തണമെന്ന് നമ്മളാരും ആഗ്രഹിക്കുന്നില്ല. കാരണം, സഹകരണ ബാങ്കുകൾ കേരളത്തിന്റെ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലാണ്. അതിനൊരു ഉറപ്പുണ്ടാകണം. നിക്ഷേപകന്റെ പണം ബാങ്കിലിട്ടാൽ ഒരു കാരണവശാലും നഷ്ടപ്പെടില്ലെന്നൊരു ഉറപ്പ് സർക്കാരിന് കൊടുക്കാൻ കഴിയണം. അക്കാര്യത്തെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ? കരിവന്നൂർ ബാങ്കുമായി ബന്ധപ്പെട്ട വിഷയത്തിൽ കൺസോർഷ്യമൊക്കെ രൂപീകരിച്ചിട്ടുണ്ട്. പക്ഷെ അത് കരിവന്നൂർ ബാങ്കിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഒരു വിഷയമല്ല. നിരവധി ബാങ്കുകളിൽ ഇതേ പ്രതിസന്ധി നിലനിൽക്കുന്നുണ്ട്. ദേശസാൽകൃത ബാങ്കുകളിലും ഷെഡ്യൂൾ ബാങ്കുകളിലും അത്തരമൊരു ഉറപ്പ് ഗവൺമെന്റ് ഓഫ് ഇന്ത്യ കൊടുക്കുന്നുണ്ട്. അതുപോലൊരു ഉറപ്പ് കേരള സർക്കാരും കൊടുത്തില്ലെങ്കിൽ അപകടകരമായ രീതിയിലേയ്ക്ക് കാര്യങ്ങൾ മാറും. അതിനെക്കുറിച്ച് സർക്കാർ ഗൗരവതരമായി ആലോചിക്കുന്നുണ്ടോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ഗൗരവമായി തന്നെ ആലോചിച്ചു. അങ്ങ് പറഞ്ഞതുപോലെ, കരിവന്നൂരിന്റെ പ്രശ്നം വന്നപ്പോൾ ഞങ്ങൾ ഒരു പാക്കേജുണ്ടാക്കി. ഇപ്പോൾ അവിടെ കണ്ട ഒരു ട്രെൻഡ്, ഒരു പൈസയും കിട്ടുകയില്ലെന്ന് പറഞ്ഞിടത്ത് ഏറ്റവും അവസാനമായി 44.78 കോടി രൂപ തിരിച്ചുകിട്ടി. നിക്ഷേപം മടക്കിക്കൊടുക്കാൻ ആ രംഗത്ത് ഒരു സമീപനം സ്വീകരിച്ചതുകൂടാതെതന്നെ നമ്മൾ രൂപീകരിച്ച കൺസോർഷ്യത്തിന് ആർ.ബി.ഐ. ചില നിബന്ധനകൾ മുന്നോട്ടുവച്ചതുകൊണ്ട് കേരള ബാങ്ക് മുൻകയ്യെടുത്ത് അവർക്ക് ഒരു സ്പെഷ്യൽ ഒ.ഡി. കൊടുത്ത് പ്രശ്നങ്ങൾ പരിഹരിക്കുന്ന രൂപത്തിലേയ്ക്ക് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുകയാണ്. കേരളത്തിൽ ഒറ്റപ്പെട്ട് ഉണ്ടാകുന്ന സംഭവങ്ങൾ ഓരോന്നും.......

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ പറഞ്ഞ കാര്യങ്ങൾ....സർ, (..... മൈക്ക് ഓഫ്....)

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ഞാൻ ബാക്കി പറഞ്ഞുവരികയാണ്. അതിനുശേഷം ഞങ്ങൾ നിക്ഷേപ ഗ്യാരന്റി ബോർഡ് കൂടി, ഭാവിയിൽ ഇങ്ങനെയുണ്ടാകുന്നതും ഇപ്പോൾ ഉണ്ടായിട്ടുള്ളതുമായ സംസ്ഥാനത്തെ ഇത്തരത്തിലുള്ള സംഭവങ്ങൾ പരിഹരിക്കാൻവേണ്ടി ഒരു ചർച്ച

സംഘടിപ്പിച്ച് നിക്ഷേപ ഗ്യാരന്റി ബോർഡിന്റെ കീഴിൽ തന്നെ ഫണ്ട് റെയ്സ് ചെയ്ത് അതിനുവേണ്ടി ഭാവിയിൽ ഒരു സംവിധാനമുണ്ടാക്കാനും ഓരോ ജില്ലയിലും ഉണ്ടാകുന്ന സംഭവങ്ങൾ അതിന്റെ സവിശേഷമായ സാഹചര്യമെന്താണെന്ന് പഠിച്ച് മനസ്സിലാക്കി അതിനെ സഹായിക്കാനുമുള്ള സംവിധാനമുണ്ടാക്കി. അത് ഞാൻ നേരത്തെ നിയമസഭയിൽ ബഹുമാനപ്പെട്ട സണ്ണി ജോസഫിന്റെ ചോദ്യത്തിന് മറുപടിയായി ഞാൻ അവതരിപ്പിച്ചിരുന്നു. ഞങ്ങൾ ചർച്ച ചെയ്ത് ഒരു തീരുമാനമെടുത്തു. അതിന്റെ പ്രോജക്ട് ആയിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അക്കാര്യം നടപ്പാക്കും.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേരളത്തിലെ സഹകരണമേഖല ഏറ്റവും വലിയ തകർച്ച നേരിട്ട ഘട്ടം അല്ലെങ്കിൽ തകരുമെന്ന ഒരു ഭീഷണി ഉയർന്ന ഘട്ടം നോട്ടുനിരോധന കാലത്തായിരുന്നു. സംസ്ഥാന സർക്കാർ പരസ്യമായി പ്രഖ്യാപിച്ചു; ആരും യാതൊരുവിധ ശങ്കയും വച്ചുപുലർത്തേണ്ടതില്ല; നിങ്ങളുടെ എല്ലാ നിക്ഷേപങ്ങളും ഇവിടെ ഭദ്രമായിരിക്കും. സംസ്ഥാനസർക്കാർ അതിനുള്ള മുഴുവൻ ഗ്യാരന്റിയും നൽകുകയാണ്. ഇക്കാര്യം അങ്ങ് ഓർക്കുന്നുണ്ടായിരിക്കും.

അതേസമീപനം തന്നെയാണ് കേരളത്തിലെ സഹകരണമേഖലയിൽ നമ്മൾ സ്വീകരിച്ചുപോകുന്നത്. അപൂർവ്വം പ്രശ്നങ്ങളാണ് കരിവന്നൂർ ബാങ്കുപോലുള്ള ബാങ്കുകളിൽ ഉണ്ടായിട്ടുള്ളത്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലുള്ള ഇടപെടൽ നടത്തി ഒരു തകർച്ചയുമില്ലാതെ മുന്നോട്ട് പോകാനാണ് നമ്മൾ ശ്രമിക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് പറഞ്ഞതിനെ ഞാൻ പൂർണ്ണമായി സ്വാഗതം ചെയ്യുന്നു. പക്ഷെ, ഇത് ഒറ്റപ്പെട്ട സംഭവമല്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാം. പല ജില്ലകളിലുമുള്ള നിരവധി ബാങ്കുകളിൽ ഈ ക്രൈസിസ് ഉണ്ട്. നിക്ഷേപകരുടെ വലിയ സമരങ്ങളൊക്കെ പലസ്ഥലത്തും നടക്കുകയാണ്; അതിൽ രാഷ്ട്രീയമൊന്നുമില്ല. രണ്ടുകൂട്ടരുടെയും ബാങ്കുകളിൽ ഈ പ്രശ്നമുണ്ടായിട്ടുണ്ട്. അതിന് പൊതുവായിട്ടുള്ള ഒരു സമീപനം, ഒരു അഷ്വറൻസ് ഏതെങ്കിലും തരത്തിൽ അത് പ്രൊട്ടക്റ്റ് ചെയ്യുമെന്നുള്ള ഒരു സംവിധാനം, പല ബാങ്കുകളിലും ഈ നിക്ഷേപം കിട്ടാതെ ആളുകൾ നിൽക്കുകയാണ്. വർഷങ്ങളായി നിക്ഷേപിച്ച തുക കിട്ടാതെ നിൽക്കുകയാണ്. രണ്ടും മൂന്നും അഞ്ചും വർഷമായിട്ടും നിക്ഷേപ തുക കിട്ടാതെയുള്ള പ്രശ്നങ്ങളുണ്ട്. അതിന്

ജനറലായിട്ടുള്ള ഒരു മെക്കാനിസം ഉണ്ടാക്കാൻ ഗവൺമെന്റ് എന്ത് ചെയ്യുമെന്നാണ് അറിയേണ്ടത്?

ശ്രീ. പിണറായി വിജയൻ: സർ, സഹകരണമേഖലയുടെ പ്രത്യേകത അതിന്റെ വിശ്വാസ്യത തന്നെയാണ്. അതിന് പ്രധാന കാരണം ദേശീയപ്രസ്ഥാനത്തിന്റെ കാലംതൊട്ട് വളർന്നുവന്ന അതിന്റേതായ ഒരു പാരമ്പര്യം, ഒരു വിശ്വാസ്യത പൊതുവിൽ സഹകരണമേഖലയ്ക്ക് ആർജ്ജിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. സമീപകാലത്ത് ചെറിയരീതിയിലുള്ള തെറ്റായ സ്വഭാവങ്ങൾ വന്നുവെന്നുള്ളത് ശരിയാണ്. ആ സ്വഭാവങ്ങൾ നിയന്ത്രിക്കാൻ, തെറ്റായ കാര്യങ്ങൾ നിയന്ത്രിക്കാൻ, ശക്തമായ നടപടികളിലേയ്ക്ക് ഇപ്പോൾ സഹകരണ വകുപ്പ് നീങ്ങിയിട്ടുണ്ട്. പല മാതൃകാപരമായ നടപടികളും ഇപ്പോൾ സ്വീകരിക്കുന്നുണ്ട്. അത് ബഹുമാനപ്പെട്ട മന്ത്രി തന്നെ പറയും. ഇത് അതിലൂടെ നിയന്ത്രിക്കാൻ നമുക്ക് കഴിയും. കർക്കശമായ മുഖം നോക്കാതെയുള്ള നടപടിയാണ് അത്തരം കാര്യങ്ങളിൽ സ്വീകരിക്കുന്നത്. ഏതെങ്കിലും തരത്തിൽ സഹകരണമേഖലയുടെ തകർച്ചയ്ക്ക് ഇടയാക്കുന്ന ഒരു സംഭവമുണ്ടായാൽ അത് അവിടെവച്ചുതന്നെ പരിഹരിക്കാനുള്ള ഇടപെടലുകളാണ് ഇപ്പോൾ

നടക്കുന്നത്. ഒരു ആശങ്കയുമുണ്ടാകേണ്ടതില്ല; ഫലപ്രദമായി തന്നെ സർക്കാർ അതിലിടപെടും.

ശ്രീ. പി. അബ്ദുൽ ഹമീദ്: ക്രമക്കേടുകളെക്കുറിച്ച് പറയുമ്പോൾ, നമ്മുടെ സംസ്ഥാനത്ത് സഹകരണബാങ്കുകളിൽ നൂതനമായ സാങ്കേതികവിദ്യയിലൂടെയാണ് ഈ ബാങ്കുകളെല്ലാം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. മറ്റ് കൊമേഴ്സ്യൽ ബാങ്കുകളെ വെല്ലുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് നമ്മൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഇതിന്റെ ആഡിറ്റും പരിശോധനയും നടത്തുന്നതിന് നിയുക്തരായ ഉദ്യോഗസ്ഥർക്ക് വേണ്ടതുപോലെ പരിശോധിച്ച് ക്രമക്കേടുകൾ കണ്ടെത്തുന്നതിനുള്ള വൈദഗ്ധ്യം വളരെ കുറവാണ്. അത് വളരെ ഗൗരവമായി ഡിപ്പാർട്ടുമെന്റ് ആലോചിക്കേണ്ട ഒരു വിഷയമാണ്. ഇതിന് നിയുക്തമാക്കപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് ഇതുമായി ബന്ധപ്പെട്ട് അവഗാഹമായ പാണ്ഡ്യത്യം തന്നെവേണം. എങ്കിൽ മാത്രമേ ക്രമക്കേടുകൾ സംബന്ധിച്ച് മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതുപോലെ, വിശ്വാസ്യത തന്നെയാണ് പ്രശ്നം. ആ വിശ്വാസ്യത തകർക്കുന്ന തരത്തിലുള്ള ഒരു നടപടിയും നമ്മുടെ

ഭാഗത്തുനിന്നുമുണ്ടാകാൻ പാടില്ല. അത് വളരെ ഗൗരവമായിതന്നെ ഡിപ്പാർട്ടുമെന്റും ഗവൺമെന്റും ആലോചിക്കണമെന്നാണ് ഇതുമായി ബന്ധപ്പെട്ട് കൂട്ടിച്ചേർത്ത് പറയാനുള്ളത്.

ശ്രീ. വി. എൻ. വാസവൻ: സർ, സഹകരണമേഖലയുടെ വിശ്വാസ്യത തകരുന്നുവെന്ന് പറയുന്ന വാദം ശരിയല്ല. ഇപ്രാവശ്യം 6000 കോടി രൂപയായിരുന്നു നിക്ഷേപത്തിന് ടാർജറ്റിട്ടത്. ഇപ്പോൾ ടാർജറ്റ് അച്ചീവ് ചെയ്തുവെന്നു മാത്രമല്ല, 9,967.43 കോടി രൂപയാണ് വന്നിട്ടുള്ളത്. വിശ്വാസ്യത തകർന്നെങ്കിൽ ഇതുപോലെ വരുമോ? നമ്മൾ നിശ്ചയിച്ച 6000 കോടി രൂപയ്ക്ക് 9,967.43 കോടി രൂപ വന്നിരിക്കുന്നു. നിക്ഷേപസമാഹരണം വെറുതെ വരില്ല. നിക്ഷേപം തരണമെങ്കിൽ അവർക്ക് വിശ്വാസ്യത വേണമല്ലോ; ആ വിശ്വാസ്യതയാണ് അവർ വീണ്ടും എടുത്തുകാണിക്കുന്നത്. അതുപോലെ ഇപ്പോൾ ഞങ്ങൾ ഒ.ടി.എസ്. നടപ്പാക്കി. 12,000 കോടി രൂപ ഇപ്പോൾ തിരിച്ചുവരുന്നു. അപ്പോൾ നല്ലരൂപത്തിൽ ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം വിശ്വാസ്യത നിലനിൽക്കുന്നു; അത് തകർന്നിട്ടില്ലായെന്ന് സൂചിപ്പിക്കുന്നതാണ് ഈ സംഭവങ്ങൾ. അതേസമയം ഇത് തടയണമെന്ന കാര്യത്തിൽ ആർക്കും ഒരു

തർക്കവുമില്ല. അതുകൊണ്ടുതന്നെ മുമ്പുണ്ടായ കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചിരുന്നു. അതിനെത്തുടർന്ന് ഞങ്ങൾ നേരത്തെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലിനോട് ഒരു ഡെപ്യൂട്ടി സെക്രട്ടറി റാങ്കിലുള്ള ഉദ്യോഗസ്ഥനെ നിയമിക്കണമെന്ന് ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കത്തെഴുതി. അതിൻപ്രകാരം ഞങ്ങൾക്ക് ആ ഉദ്യോഗസ്ഥയെ ലഭിക്കുകയും അവരുടെ നേതൃത്വത്തിൽ ഓഡിറ്റ് പുനഃസംഘടിപ്പിക്കുകയും ചെയ്തു. ഇപ്പോൾ ഒരു ടീം ഓഡിറ്റ് പുതുതായി ബാങ്കുകളിലേയ്ക്ക് പോയി തുടങ്ങി. മുമ്പത്തെ കൺകറന്റ് ഓഡിറ്റ് സംവിധാനങ്ങൾക്ക് ഒരു മാറ്റം വന്നിരിക്കുന്നു. അപ്പോൾ ടീം ഓഡിറ്റ് വന്നപ്പോൾ ആ കൂട്ടത്തിൽ ഏറ്റവും പ്രധാനമായി വന്നത് ഐ.ടി. ഇന്റഗ്രേഷനിലേയ്ക്കാണ്. നമുക്ക് ഇതിൽ ക്രമക്കേടുകൾ തടയാൻ ഏറ്റവും സഹായകരമായ മറ്റൊരു സംവിധാനമാണ്. ഇതിന്റെ ടെക്നിക്കൽ ബിഡ് ഓപ്പൺ ചെയ്തുകഴിഞ്ഞു. ബാക്കികാര്യങ്ങൾ ഉടൻതന്നെ ആരംഭിക്കുകയാണ്. അതുപോലെ കേരള ബാങ്കിൽ അതിന്റെ ഒന്നാംഘട്ടം പൂർത്തീകരിച്ച് കഴിയുകയും ചെയ്തു. അപ്പോൾ അതോടുകൂടി ഒരു മാറ്റം വരും. മറ്റൊന്ന് എപ്പോഴും ആർക്കും വിവരങ്ങൾ നൽകാൻ കഴിയുന്ന രൂപത്തിൽ കോ-ഓപ്പറേറ്റീവ് ഓഡിറ്റ് ആൻഡ് മോണിറ്ററിംഗ്

ഇൻഫർമേഷൻ സിസ്റ്റം സി-ഡിറ്റിന്റെ സഹായത്തോടുകൂടി നടപ്പാക്കിക്കഴിഞ്ഞു. അതും ആളുകൾക്ക് പെട്ടെന്ന് കാര്യങ്ങൾ അറിയാൻ സാധിക്കും. അപ്പോൾ നല്ലരൂപത്തിലുള്ള ഇടപെടലും പരിശോധനയും നടത്തുന്ന രൂപത്തിലേയ്ക്ക്... ഉദ്യോഗസ്ഥന്മാർക്ക് പരിശീലനം കൊടുക്കണമെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശം സ്വാഗതാർഹമാണ്. ആ പരിശീലനം പൂർത്തിയാകുന്ന സംവിധാനം ഇപ്പോൾ ഒരുക്കിക്കഴിഞ്ഞു. സമീപകാലഭാവിയിൽ ഉണ്ടാകുന്ന പ്രശ്നങ്ങളെ പരിഹരിക്കാൻ കാലേക്കൂട്ടി കണ്ടുകൊണ്ടാണ് ഞങ്ങൾ നിക്ഷേപ ഗ്യാരന്റി ഓഡിറ്റ് സ്കീം പുതിയതായി ആലോചിച്ച് ഈ സംഘടന പുനരുദ്ധരിക്കാൻവേണ്ടിയുള്ള പദ്ധതികൾക്ക് രൂപവും ഭാവവും നൽകുന്നത്. ഈ നിലയിൽ ഈ മേഖലയെ ശക്തിപ്പെടുത്തി മുന്നോട്ടുകൊണ്ടുപോകും.

മറ്റൊന്ന്, ഉല്പാദനമേഖലയിൽ കൂടുതൽ ഇടപെടലിനുവേണ്ടിയുള്ള നീക്കങ്ങൾ ആരംഭിച്ചു. പ്രത്യേകിച്ചും കാർഷിക മേഖലയിൽ, മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിച്ച് അത് മാർക്കറ്റ് ചെയ്യാൻവേണ്ടി സഹകരണ എക്സ്പോ നടക്കുമ്പോൾ ഏതാണ്ട് 344 ഇനങ്ങൾ സഹകരണമേഖലയിലെ ഉല്പന്നങ്ങൾ ഉല്പാദിപ്പിച്ച് ഞങ്ങൾക്ക് വിപണനവും പ്രദർശനവും നടത്താൻ

കഴിഞ്ഞു. ചിലതെല്ലാം എക്സ്പോർട്ട് ചെയ്തു. അത് ഈ മേഖലയുടെ വളർച്ചയാണ്. ഇതേത്തുടർന്ന് ശീതീകരിച്ച വാഹനങ്ങളിൽ ജില്ലാ ആസ്ഥാനങ്ങളുൾപ്പെടെ ഇത് കൊണ്ടുവരാനും അതോടൊപ്പം തന്നെ സഹകരണമേഖലയുടെ ഉല്പന്നങ്ങളെല്ലാം ഒരു കുടക്കീഴിൽ കൊണ്ടുവരാൻവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. 14 ജില്ലകളിലും കോ-ഓപ്പ് മാർട്ടുകൾ വന്നുകഴിഞ്ഞിരിക്കുന്നു. ഇപ്പോൾ രണ്ട് ജില്ലകളിൽ ശീതീകരിച്ച വാഹനമെടുത്ത് വിപണനം നടത്തുന്ന രൂപത്തിലേയ്ക്ക് എത്തിയിരിക്കുന്നു. കൂടുതൽ സ്ഥലങ്ങളിൽ എ.ഐ.എഫ്.-ന്റെ സഹായത്തോടുകൂടി ഗോഡൗണുകൾ സ്ഥാപിക്കാനും അതുപോലെതന്നെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കാനും വേണ്ടിയുള്ള നീക്കങ്ങൾ ആരംഭിക്കുകയാണ്. കൃഷിരംഗത്തെ ഇടപെടൽ കൂടുതൽ ഫലപ്രദമാക്കുന്നതിന് ഓൺലൈൻ ട്രേഡിംഗും ബാങ്കിംഗും കൃത്യമായി പൂർണ്ണതോതിൽ നടപ്പാക്കാൻ ശ്രമിക്കുകയാണ്. മറ്റൊന്ന് സഹകരണ ജീവനക്കാരുടെ പെൻഷൻ പരിഷ്കരണത്തിനായി ഒരു സമിതിയെ നിയമിക്കണമെന്ന നിർദ്ദേശം ഇവിടെവന്നു. അത് നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്. വനിതകളുടെ സംരംഭങ്ങൾ വർദ്ധിപ്പിക്കുന്നതിനും പുതിയ

മേഖലകളിലേയ്ക്ക് വിദ്യാസമ്പന്നരായ ആളുകളെ ആകർഷിക്കുന്നതിനും അതിലൂടെ വനിതാസഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു. വകുപ്പിന്റെ പുനഃസംഘടനയ്ക്കുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അതോടൊപ്പംതന്നെ പുരുഷ സ്വാശ്രയസംഘം രൂപീകരിച്ച് കാർഷികമേഖലയിൽ കൂടുതൽ ഉല്പാദനവും മൂല്യവർദ്ധിത ഉല്പന്നങ്ങളും ഉല്പാദിപ്പിക്കാൻവേണ്ടിയുള്ള പ്രോജക്ട് തയ്യാറായിട്ടുണ്ട്. മറ്റൊന്ന്, ഓൺലൈൻ പ്ലാറ്റ്ഫോം കോ-ഓപ്പറേറ്റീവ്സിനെ ഉയർത്തിക്കൊണ്ടുവരാൻ ആമസോണും യൂബറുമൊക്കെ പോലെതന്നെ കോ-ഓപ്പറേറ്റീവ് രംഗത്ത് ഇത്തരം സേവന സന്നദ്ധതയോടുകൂടി പ്രോഡക്ടുകൾ എത്തിക്കാനുമൊക്കെയുള്ള ഒരു ആശയം മുന്നോട്ടുവയ്ക്കുകയാണ്. അതോടൊപ്പം തന്നെ നമ്മുടെ സംസ്ഥാനത്ത് കേരള ബാങ്ക് രൂപീകരിച്ചതിനുശേഷം അതിന്റെ വിപുലവും വിശാലവുമായ പ്രവർത്തനങ്ങൾ ഈ കാലഘട്ടത്തിൽ ഉയർത്തിക്കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്രാവശ്യം അതിന്റെ ഓഡിറ്റ് കഴിഞ്ഞു. 77 കോടിരൂപ ലാഭമുണ്ടെന്നുള്ള കാര്യം അറിയിക്കുന്നു. കേരള ബാങ്കിന് കഴിഞ്ഞവർഷം 64 കോടിയോളം രൂപ ലാഭമുണ്ടായിരുന്നു. അത് ഈ വർഷം 77 കോടിയോളം

രൂപയായി വർദ്ധിച്ചിട്ടുണ്ട്. എൻ.പി.എ. (നോൺ പെർഫോമിംഗ് അസറ്റ്) പതിമൂന്ന് കോടിയോളം രൂപയായി കുറച്ചുകൊണ്ട് കേരള ബാങ്കിന് വലിയ രൂപത്തിൽ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇനിയുമത് കുറച്ചുകൊണ്ടുവരാനുള്ള നീക്കങ്ങൾ ആരംഭിക്കുകയാണ്. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കേരള ബാങ്ക് വ്യവസായ വകുപ്പുമായി ചേർന്ന് വായ്പാ സമ്പ്രദായങ്ങളൊരുക്കാൻ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. കാർഷിക മേഖലയ്ക്കും ചെറുകിട വ്യവസായ യൂണിറ്റുകൾക്കും പ്രത്യേക വായ്പാ പദ്ധതിയും പാക്കേജും തയ്യാറാക്കുന്നതിനുള്ള സംവിധാനങ്ങൾ ഇക്കാലയളവിൽ നടപ്പിലാക്കുകയുണ്ടായി.

വിദ്യാഭ്യാസ രംഗത്ത് പുതിയ ആശയങ്ങൾ മുൻനിർത്തി സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുവരുമ്പോൾ, CAPE (Co-operative Academy of Professional Education)-മായി ബന്ധപ്പെട്ട് ചില പരിഷ്കാരങ്ങൾ നടപ്പിലാക്കാനുള്ള ആശയങ്ങൾ സഹകരണ വകുപ്പ് ഏറ്റെടുത്തുകഴിഞ്ഞു. അതിന്റെയടിസ്ഥാനത്തിൽ ആലപ്പുഴയിൽ സ്കിൽ ആൻഡ് നോളഡ്ജ് ഡെവലപ്മെന്റ് സെന്റർ ആരംഭിച്ചു. അത്തരത്തിലുള്ള പ്രവർത്തനങ്ങളും പുതിയ കോഴ്സുകളും ആ മേഖലയിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ആതുരസേവന രംഗത്ത് സഹകരണ സംഘങ്ങളെ മുന്നോട്ടുകൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ട്. എസ്.സി./എസ്.ടി. സംഘങ്ങളെ പുനരുജ്ജീവിപ്പിക്കാൻ പദ്ധതി തയ്യാറാക്കി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. മെമ്പേഴ്സ് റിലീഫ് ഫണ്ട് നല്ല രൂപത്തിൽ നടപ്പിലാക്കി കഴിഞ്ഞു. ഇതിനോടകം 46 കോടി രൂപയിൽപ്പരം രൂപ വിതരണം ചെയ്തുകഴിഞ്ഞു. മൊബൈൽ ഫോണുമായി ബന്ധപ്പെട്ട് പലിശ രഹിത വായ്പ കൊടുത്തത് ഇവിടെ സൂചിപ്പിച്ചു. പ്രധാനമായും 'മുറ്റത്തെ മുല്ല' പദ്ധതി വളരെ ഭംഗിയായും ഫലപ്രദമായും നമുക്ക് നടപ്പിലാക്കാൻ കഴിഞ്ഞു. ടി പദ്ധതിയിലൂടെ 2112 കോടി രൂപ ഇതിനകം വിതരണം ചെയ്തുകഴിഞ്ഞു. ആ നിലയിലാണ് പുരുഷ സ്വാശ്രയ സംഘത്തിന്റെ പ്രവർത്തനം ഉയർത്തിക്കൊണ്ടുവരാൻ ശ്രമിക്കുന്നത്. ഇങ്ങനെ സഹകരണ മേഖലയിലെ സാധ്യതകൾ ഉയർത്തി മുന്നോട്ടുകൊണ്ടുവരാനുള്ള പദ്ധതികൾക്ക് രൂപവും ഭാവവും നൽകി വരുന്നു. പുതിയതായി കെയർ ഹോം പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനം ആരംഭിച്ചു. ആദ്യഘട്ടത്തിൽ 2074 വീടുകളാണ് നൽകിയത്. രണ്ടാം ഘട്ടത്തിൽ എല്ലാ ജില്ലകളിലും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ചിലയിടത്ത് ഫ്ലാറ്റാണ് നിർമ്മിക്കുന്നത്.

തൃശ്ശൂരിൽ 40 ഫ്ലാറ്റ് സമുച്ചയം സമർപ്പിച്ചുകഴിഞ്ഞു. സമീപകാല ഭാവിയിൽ കെയർ ഹോം പദ്ധതി പൂർണ്ണതയിലെത്തിക്കാൻ സാധിക്കുന്ന പ്രവർത്തനങ്ങൾ നടപ്പാക്കും.

ഭിന്നശേഷിക്കാർക്ക് പ്രത്യേക വായ്പാ സംവിധാനവും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്ന രൂപത്തിലേയ്ക്ക് വന്നു. ഈയൊരു വർഷം കൊണ്ട് 54620 പേർക്ക് തൊഴിലവസരങ്ങളുണ്ടാക്കാൻ സഹകരണ മേഖലയ്ക്ക് കഴിഞ്ഞിട്ടുണ്ടെന്ന കാര്യംകൂടി സൂചിപ്പിക്കുകയാണ്. കൂടാതെ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കിയ സ്നേഹതീരം പദ്ധതിക്ക് നല്ല നിലയിലുള്ള സ്വീകാര്യതയാണ് വന്നിട്ടുള്ളത്. 'മുറ്റത്തെ മുല്ല' പോലുള്ള വായ്പാ പദ്ധതി നടപ്പിലാക്കി ചെറിയ പലിശയ്ക്ക് വായ്പ നൽകി അവരെ സഹായിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളുമായാണ് മുന്നോട്ടു പോയികൊണ്ടിരിക്കുന്നത്. സഹകരണ മേഖല ഈ കാലഘട്ടത്തിൽ മുന്നോട്ടുവച്ച ആശയങ്ങളെല്ലാം നടപ്പിലാക്കാനും പുതിയ പദ്ധതികൾ ആവിഷ്കരിക്കാനും മുന്നോട്ടുവരികയാണ്.

ഇന്നത്തെ ചർച്ചയിൽ പ്രധാനമായും വന്ന ചില പരാമർശങ്ങളുണ്ട്. ആ പരാമർശങ്ങളിൽ ഒന്ന്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൾമുനയിൽ നിന്നുവെന്ന്

രാഷ്ട്രീയപരമായ ഒരു പരാമർശം അപ്പുറത്തുനിന്നും വന്നു. അത് എങ്ങനെയാണെന്ന് എത്ര ആലോചിച്ചിട്ടും ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. യഥാർത്ഥത്തിൽ മുൾമുനയിൽ നിൽക്കുന്ന ഒരു ലീഡർ ഇപ്പോൾ ഇന്ത്യയിലുള്ളത്, 51 മണിക്കൂർ വെള്ളം കുടിക്കാതെ വിയർത്തൊലിച്ച് മുൾമുനയിൽ നിന്നത് ശ്രീ. രാഹുൽ ഗാന്ധിയാണെന്ന് അങ്ങേയ്ക്കറിയാം. ഏതായാലും ഇവിടെ അങ്ങനെയൊരു ഗതികേടുണ്ടായിട്ടില്ല. നാല് ടീം ഇവിടെ വന്ന് ഇരുന്നും നിരങ്ങിയും കിടന്നും പരിശോധിച്ചല്ലോ; ആ പരിശോധനയിൽ ഒരു ടീമിനെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ എവിടെയെങ്കിലും വിളിച്ചു വരുത്താനോ മുൾമുനയിൽ നിർത്താനോ അവസരമുണ്ടായിട്ടില്ലെന്ന് മാത്രമല്ല, ഇനി ഉണ്ടാകുകയുമില്ല. അതുകൊണ്ട് തുടരെത്തുടരെ ആക്ഷേപിച്ച് പുകമറ സൃഷ്ടിക്കാൻ ശ്രമിക്കുന്നത് ശരിയല്ല. പിന്നെ ഇവിടെ പരാമർശിക്കപ്പെട്ട പ്രശ്നം, ബഹുമാനപ്പെട്ട മണിയാശാനെ പുറത്ത് സ്ത്രീകൾ ചിമ്പാൻസിയുടെ വേഷം കെട്ടിച്ച് അവതരിപ്പിച്ച് അദ്ദേഹത്തെ വല്ലാതെ പുലഭ്യം പറയുന്ന രൂപത്തിൽ എത്തി. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അത് വിലക്കിയെന്ന് ബഹുമാനപ്പെട്ട ടി. സിദ്ദിഖ് പറഞ്ഞു, അത്രയും നല്ലത്. പക്ഷെ ശ്രീ. വി. ഡി. സതീശന്റെയും ശ്രീ. ടി.

സിദ്ദിഖിന്റെയും നേതാവായ കെ.പി.സി.സി. പ്രസിഡന്റ് ഇതുസംബന്ധിച്ച് എന്താണ് പ്രതികരിച്ചത്; ഇക്കാര്യത്തിൽ സൃഷ്ടികർത്താവിന്റെ കുഴപ്പമാണ് എന്നാണ്. ആക്ഷേപിച്ചത് ശരിയാണെന്ന രൂപത്തിൽ സ്ഥിരീകരിക്കുകയാണ് അദ്ദേഹം ചെയ്തത്. ആ രൂപത്തിലാണ് കെ.പി.സി.സി. പ്രസിഡന്റ് വാർത്താ സമ്മേളനത്തിൽ പ്രതികരിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് തിരുത്താൻ പറഞ്ഞതിനെ സ്വാഗതം ചെയ്യുന്നു. എന്നാൽ രാഹുൽ ഗാന്ധിയുടെ ഓഫീസ് അക്രമവുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ കണ്ട കാര്യം പറയാം. അപ്പോൾത്തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് തള്ളിപ്പറയുകയും അവരുടെമേൽ നടപടി സ്വീകരിക്കുകയും എല്ലാവരെയും അറസ്റ്റ് ചെയ്ത് ലോക്കപ്പിലാക്കുകയും ചെയ്തു. അതേസമയം മുഖ്യമന്ത്രിയെ ആക്രമിക്കാൻ വിമാനത്തിൽ കയറിയ ആളുകളെ നിങ്ങൾ മാലയിട്ട് സ്വീകരിക്കുകയല്ലേ ചെയ്തത്; അപ്പോൾ ഇക്കാര്യത്തിൽ അങ്ങനെ പറഞ്ഞുപോകുന്ന ശൈലി ശരിയല്ല. മറ്റൊരു പ്രധാനപ്പെട്ട കാര്യം, പലരും പ്രസംഗിച്ചപ്പോൾ സ്ത്രീ വിരുദ്ധതയാണ് എൽ.ഡി.എഫ്-ന്റെ മുഖമുദ്രയെന്ന് പറയുകയുണ്ടായി. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഒരുപടി കടത്തി ഇതൊരു കൗരവ

സദസ്സാണെന്ന് പറഞ്ഞു. യഥാർത്ഥത്തിൽ കൗരവ സദസ്സാണെന്ന യോഗ്യത പ്രതിപക്ഷത്തിനാണ് ചേരുന്നതെന്നാണ് എനിക്ക് പറയാനുള്ളത്. കാരണം എന്താണ്; ഒരു ധർമ്മാധർമ്മ യുദ്ധം നടന്നു. ആ യുദ്ധം കുരുക്ഷേത്ര യുദ്ധം ആണല്ലോ; ധർമ്മവും അധർമ്മവും തമ്മിലുള്ള ഏറ്റുമുട്ടലായിരുന്നു. ആ ധർമ്മവും അധർമ്മവും ഏറ്റുമുട്ടിയപ്പോൾ ധർമ്മം വിജയിച്ചു. അതുകൊണ്ടാണ് ഞങ്ങൾ 99 സീറ്റുമായി ഇവിടെ വന്നിരിക്കുന്നത്. ഇതാണ് യഥാർത്ഥ ധർമ്മത്തിന്റെ പക്ഷം. അവിടെ അധർമ്മമാണ്. അവിടെയാണ് ദുര്യോധനനും ദുശാസനനുമുള്ളത്. നിഷേധിക്കാൻ സാധിക്കാത്തൊരു സംഭവം നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. നിങ്ങൾ മറന്നുപോയെങ്കിൽ ഞാൻ ഓർമ്മിപ്പിക്കുകയാണ്. മഹിളാ കോൺഗ്രസിന്റെ അദ്ധ്യക്ഷയായിരുന്ന ശ്രീമതി ലതികാ സുഭാഷ് കെ.പി.സി.സി.യുടെ ആസ്ഥാനത്ത് 'മുടി മുറിച്ച് കണ്ണീർ വാരിയെറിഞ്ഞുകൊണ്ട് രാഷ്ട്രീയ കേരളത്തോട് അവർ നടത്തിയ പ്രസംഗവും അവരുടെ വാവിട്ട നിലവിളിയുമുണ്ടായിരുന്നു. സാധാരണ ഹിന്ദുപുരാണ ആചാരമനുസരിച്ച് അന്ത്യകർമ്മം ചെയ്യാനാണ് മുടി മുറിച്ച് ഷൗരം ചെയ്യുന്നത്. അപ്പോൾ കെ.പി.സി.സി. ആസ്ഥാനത്ത് അന്ത്യകർമ്മം നടത്തിയത് മഹിളാ

കോൺഗ്രസ്സ് അദ്ധ്യക്ഷയാണെന്ന കാര്യം നിങ്ങൾ വിസ്മരിച്ചുപോയി. യഥാർത്ഥത്തിൽ ഞങ്ങളാണോ സ്ത്രീയെ ആക്ഷേപിച്ചത്; അതിന്റെ ഗുണം എന്താണ്; ആ ശപഥം എന്തായിരുന്നു; ദുര്യോധനനും ദുശാസനനും ചേർന്ന് ദ്രൗപദിയെ/പാഞ്ചാലിയെ സദസ്സിലേയ്ക്ക് ആനയിച്ചപ്പോൾ ദ്രൗപദി അന്ന് ചെയ്ത ശപഥം എന്താണ്; എന്റെ അഴിഞ്ഞ വാർമുടി ദുര്യോധനന്റെയും ദുശാസനന്റെയും മാറ് പിളർന്ന രക്തത്തിൽ കൈമുക്കികൊണ്ട് വരുന്ന ഭീമസേനനെക്കൊണ്ട് മാത്രമേ കെട്ടിക്കൂ എന്നാണ് അവർ ശപഥം ചെയ്തത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയാകുന്ന ഭീമസേനൻ ദ്രൗപദിയാകുന്ന ലതികാ സുഭാഷിന്റെ മുടികെട്ടി, അവർ ഇപ്പോൾ വനം വികസന കോർപ്പറേഷന്റെ ചെയർപേഴ്സണായി ഇടതുപക്ഷ ജനാധിപത്യമുന്നണിയിലുണ്ട്. അപ്പോൾ ഞങ്ങളാണോ നിങ്ങളാണോ സ്ത്രീയെ ആക്ഷേപിക്കുന്നത്; ആരാണ് സ്ത്രീകളെ ആക്ഷേപിക്കുന്നതെന്ന് നിങ്ങൾ ആലോചിച്ചു നോക്കൂ.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കൗരവ സഭയിൽ പാഞ്ചാലിയുടെ വസ്ത്രാക്ഷേപം ദുര്യോധനനും ദുശാസനനും നടത്തിയതുപോലെയാണ് ശ്രീമതി ലതികാ സുഭാഷിനെ ഞങ്ങൾ

അപമാനിച്ചതെന്ന് അങ്ങ് പറഞ്ഞു. ശ്രീമതി ലതികാ സുഭാഷിനെക്കുറിച്ച് വ്യക്തപരമായോ അല്ലാതെയോ ഒരാക്ഷേപവും ഒരാരോപണവും ഒരു കോൺഗ്രസ്സ് നേതാവും ഉന്നയിച്ചിട്ടില്ല. ആഗ്രഹിച്ച സീറ്റ് കിട്ടാത്തതിൽ പ്രതിഷേധിച്ചാണ് അവർ തലമുണ്ഡനം ചെയ്തത്. അങ്ങ് പറഞ്ഞുവരുമ്പോൾ ഞങ്ങൾ ആക്ഷേപിച്ചിട്ടാണ് അവർ തലമുണ്ഡനം ചെയ്തതെന്ന് വരും. ഇവിടെനിന്നും പോകുന്നവർക്ക് എല്ലാവർക്കും അവിടെ സ്ഥാനമുണ്ടല്ലോ. അവിടെയുള്ള പാവങ്ങളുടെ സ്ഥിതി വളരെ ദയനീയമാണല്ലോ; ഇവിടെനിന്നും പോകുന്നവർക്കാണല്ലോ അവിടെ സ്ഥാനമുള്ളത്; പാർട്ടിവിട്ട് പോയതിനുശേഷവും ഒരുവാക്കുകൊണ്ടുപോലും ഞങ്ങളാരും അവരെ നോവിച്ചിട്ടില്ല. അവരെ ആക്ഷേപിച്ചു, അധിക്ഷേപിച്ചു, പാഞ്ചാലിയെ വസ്ത്രാക്ഷേപം നടത്തിയതുപോലെ ചെയ്തുവെന്നൊക്കെ അങ്ങ് പറയുന്നതിൽ അടിസ്ഥാനപരമായി ഒരു കാരണവുമില്ല.

<u>ശ്രീ. വി. എൻ. വാസവൻ:</u> സർ, വസ്ത്രാക്ഷേപം ചെയ്തതുപോലെ എന്ന് അങ്ങാണ് ഇന്നുരാവിലെ സംസാരിച്ചത്. ദുര്യോധനനും ദുശാസനനും ഇവിടെയാണ് ഇരിക്കുന്നതെന്ന് അങ്ങ് പറഞ്ഞു. അതിന് സമാനമായൊരു പ്രവർത്തനം നടന്നത് കെ.പി.സി.സി. ആസ്ഥാനത്താണെന്ന കാര്യം

നിങ്ങൾ വിസ്മരിച്ചുപോയിയെന്നാണ് ഞങ്ങൾ പറഞ്ഞത്. ഒന്നുരണ്ട് കാര്യങ്ങൾകൂടി പറയട്ടെ, സ്ത്രീ വിരുദ്ധ നിലപാടുകൾ സ്വീകരിക്കുന്നത് ഞങ്ങളാണോ നിങ്ങളാണോയെന്ന കാര്യം ആലോചിക്കു. രാധയെ നിലമ്പൂർ ഓഫീസിൽ തല്ലിക്കൊന്ന് ചാക്കിൽ കെട്ടി ഒഴുക്കി വിട്ടത് മറന്നുപോയോ; ആരാണ് സ്ത്രീ വിരുദ്ധത നടത്തുന്നത്. വള്ളംകളിക്ക് ഒരു സിനിമാ നടിയെ വിളിച്ചുവരുത്തി അപമാനിച്ചുവിട്ടത് നിങ്ങളാണോ ഞങ്ങളാണോ; യൂത്ത് കോൺഗ്രസ്സിന്റെ അനിഷേധ്യ നേതാവായ സുശീൽ ശർമ്മയാണ് നൈന സാഹനിയെന്ന പെൺകുട്ടിയെ തന്തൂരി അടുപ്പിലിട്ട് ചുട്ടെടുത്ത് ഇറച്ചിപോലെ വീതം വച്ചത്. ആരാണ് സ്ത്രീ വിരുദ്ധരെന്ന് നിങ്ങൾ പറയൂ. അതുകൊണ്ട് അങ്ങനെ സംസാരിച്ച് പോകരുത്. ഞങ്ങൾ ഇക്കാര്യങ്ങൾ പറയാനിരുന്നതല്ല, പറയിപ്പിച്ചതാണ്. എന്തെല്ലാം രാഷ്ട്രീയ പ്രശ്നങ്ങൾ ഇവിടെ പറയാനുണ്ട്. ദേശീയതലത്തിൽ ഭരണാധികാരികൾ അമിതാധികാര ശക്തികളായി രൂപപ്പെട്ട് ഇന്ത്യൻ ഫെഡറൽ തത്വങ്ങളെ വെല്ലുവിളിച്ചും നമ്മുടെ രാജ്യത്തെ അഭിപ്രായ സ്വാതന്ത്ര്യത്തെ ഹനിച്ചും അഴിമതി എന്ന വാക്ക് പറയാൻ പാടില്ലെന്നും പാർലമെന്റ് പരിസരത്ത് പ്രതിഷേധമോ പ്രകടനമോ പാടില്ലെന്നും സംഘടിക്കാനും സംസാരിക്കാനും

സഞ്ചരിക്കാനുമുള്ള സ്വാതന്ത്ര്യംപോലും നിഷേധിക്കുന്ന രൂപത്തിലേയ്ക്ക് വരുന്ന കേന്ദ്ര ഗവൺമെന്റ് നടപടിയെ ഏതെങ്കിലും തരത്തിൽ പ്രതിഷേധിക്കാനോ ആക്ഷേപിക്കാനോ തയ്യാറാകുന്നുണ്ടോ; അതേസമയം ജനാധിപത്യത്തിനും മതനിരപേക്ഷതയ്ക്കും പേരുകേട്ട, ആഗോളതലത്തിൽ ശ്രദ്ധനേടിയിരിക്കുന്ന ഒരു ഗവൺമെന്റിനെ കരി തേയ്ച്ച് കാണിക്കാനും അതിന്റെ അമരക്കാരനെ നാഴികയ്ക്ക് നാൽപ്പതുവട്ടം ചീത്ത വിളിക്കാനും ശ്രമിക്കുന്ന നീക്കം അവസാനിപ്പിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഇല്ലെങ്കിൽ ആ സ്ത്രീയുടെ ശാപം നീണ്ടുനിൽക്കുന്നതാണ്. അവർ ശപിച്ചു. ആ ശാപം നീണ്ടുനിൽക്കും. സംശയം വേണ്ട, പലതും നമ്മൾ കണ്ടുകഴിഞ്ഞു. അതിന്റെ ഉള്ളടക്കങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

നിങ്ങൾ ഒരു കാര്യംകൂടി ചെയ്യുന്നത് നന്നായിരിക്കും. നമ്മൾ ഇപ്പോൾ ഇവിടെനിന്നും നോക്കിയാൽ, സെമിത്തേരിയിൽ കബറിന്റെ മുകളിൽ 'ആർ.ഐ.പി., ജനനം, മരണം' എന്ന ബോർഡ് വയ്ക്കുമല്ലോ..... അങ്ങനെ സംഭവിക്കാതിരിക്കാൻ ഈ പ്ലക്കാർഡുകൾ എടുത്തുമാറ്റുന്നത് നല്ലതാണ്. നിങ്ങൾക്ക് അങ്ങനെ വരാതിരിക്കട്ടെയെന്ന് പ്രാർത്ഥിക്കാം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഇന്നത്തെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ച എല്ലാ ബഹുമാനപ്പെട്ട അംഗങ്ങൾക്കും ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്. ചർച്ചകളെ ഓരോന്നായെടുത്ത് വിശദീകരിക്കാൻ ഞാൻ സമയമെടുക്കുന്നില്ല. ഇവിടെ സംസാരിച്ചതിന്റെ ആകെത്തുക രണ്ടുമൂന്നു പ്രധാന പ്രശ്നങ്ങളാണ്. ഒന്നാമത്തെ പ്രശ്നം, നമ്മുടെ മലയോര മേഖലയിലെ കർഷകർ വന്യജീവി ആക്രമണംമൂലം അനുഭവിക്കുന്ന ദുരിതങ്ങളാണ്. വന്യജീവികൾ നമ്മുടെ ജനവാസ മേഖലകളിൽ കയറി ജീവനും സ്വത്തിനും നാശമുണ്ടാക്കുന്നുണ്ടെന്ന വസ്തുത നിഷേധിച്ചതുകൊണ്ട് കാര്യമില്ലല്ലോ; അത് വസ്തുത തന്നെയാണ്. പക്ഷേ ഞാൻ പ്രതീക്ഷിച്ചത് ഇന്നത്തെ ചർച്ചയിൽ അത് പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾകൂടി ഉയർന്നുവരുമെന്നായിരുന്നു. ദൗർഭാഗ്യവശാൽ അങ്ങനെയൊരു ക്രിയാത്മക നിർദ്ദേശം ഉയർന്നുവന്നില്ലെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. അതുകൊണ്ട് എങ്ങനെയാണ് വന്യജീവി സംഘർഷം അവസാനിപ്പിക്കാൻ കഴിയുക. വനം വകുപ്പുമന്ത്രിയായ എന്റെ ഭരണഘടനാപരമായ ബാധ്യത വന്യജീവി സംരക്ഷണവും വനസംരക്ഷണവുമാണ്. എന്നാൽ ശ്രീ. ടി. സിദ്ദിഖ് പറഞ്ഞതുപോലെ

അതിലുപരി മനുഷ്യന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട ഭരണഘടനാപരമായ ബാധ്യതയും മന്ത്രിയെന്നുള്ള നിലയ്ക്ക് എനിക്കുണ്ട്. ഇതുരണ്ടും ചേർത്തുവച്ചുകൊണ്ട് എങ്ങനെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും. ഇതാണ് എന്റെ വഴി. ആ വഴിയിൽ ജനങ്ങളെ രക്ഷിക്കുകയെന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം. രണ്ടുമൂന്നു വർഷക്കാലമായി ഈ പ്രവണത തുടങ്ങിയിട്ട്. അത് അവസാനിപ്പിക്കണമെങ്കിൽ വകുപ്പ് നടത്തിയ പഠനങ്ങളിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞത് വന്യജീവികൾ കാട്ടിൽനിന്നും പുറത്തിറങ്ങാതിരിക്കാനാവശ്യമായ സാഹചര്യങ്ങൾ ഒരുക്കികൊടുക്കുക എന്നതാണ്. ഇന്നലെ ശ്രീ. പി. കെ. ബഷീർ ഒരു കാര്യം ഗൗരവത്തിലാണോ അല്ലയോ എന്നെനിക്കറിയില്ല സൂചിപ്പിച്ചിരുന്നു. സഭയിൽ പറഞ്ഞത് ഗൗരവത്തിലാണെന്ന് സമ്മതിക്കുന്നു. ആനയെപ്പോലുള്ള വന്യജീവികളെ ആകർഷിക്കുന്ന കൃഷി അതിർത്തി മേഖലകളിൽ നടത്താൻ പാടില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. അങ്ങനെയൊരു ഉത്തരവ് പുറപ്പെടുവിക്കാൻ ഏതെങ്കിലുമൊരു ഗവൺമെന്റിന് കഴിയുമോ; എനിക്ക് കഴിയില്ലെന്നത് പോകട്ടെ. അങ്ങനെ കഴിയില്ല. അപ്പോൾ എന്താണ് വേണ്ടത്. അവർക്കാവശ്യമായ ആവാസ

വ്യവസ്ഥ ശക്തിപ്പെടുത്തണം. അതിന് ചെലവുണ്ട്. ആ ചെലവ് അനുവദിക്കണമെന്നാണ് ഞാൻ ഈ സഭയോട് ആവശ്യപ്പെടുന്നത്. അതിനുള്ള പണം അനുവദിച്ചുതരണം. ഒന്നാമതായി, വനത്തിനകത്തുള്ള പ്രദേശങ്ങളിൽ സ്വാഭാവിക വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ച് വനമേഖലയെ സമ്പുഷ്ടമാക്കുക. രണ്ടാമത്തെ പദ്ധതി അവിടെ നീർച്ചാലുകൾ സംരക്ഷിച്ച് ബണ്ടുകൾ കെട്ടി കുടിവെള്ളം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക. ഇതാണ് ഈ സാമ്പത്തിക വർഷത്തിലെ വനംവകുപ്പിന്റെ പരിപാടിയായി ബഡ്ജറ്റിൽ അംഗീകരിച്ചിട്ടുള്ളത്. അതിന് ആവശ്യമായ പണം പോരായെന്ന് പറയാൻ പാടില്ലല്ലോ. അതിന് ആവശ്യമായ തുകപോലും അനുവദിക്കുകയില്ല. അതിനെ എതിർത്താൽ എന്താണ് ചെയ്യേണ്ടത്. അങ്ങനെയേ പരിഹരിക്കാനാവൂ. അതേസമയത്ത് മറ്റൊരു മാർഗ്ഗമെന്താണ്. ഇവിടെ സൂചിപ്പിച്ചതുപോലെ ആനമതിൽ, കിടങ്ങുകൾ, ട്രഞ്ചുകൾ, സോളാർ ഫെൻസിംഗ് തുടങ്ങിയവ ചെയ്യുകയെന്നതാണ്. എല്ലാ സ്ഥലത്തും സോളാർ ഫെൻസിംഗ്, കിടങ്ങുകൾ, ആനമതിൽ എന്നിവ പ്രായോഗികമല്ല. അതത് പ്രദേശങ്ങളിലെ സവിശേഷതകൾ പരിഗണിച്ചുകൊണ്ടുള്ള പ്രതിരോധ പ്രവർത്തനങ്ങളാണ് ഏർപ്പെടുത്തേണ്ടത്. ഇത്തവണ വനംവകുപ്പിന്

അനുവദിച്ച സംഖ്യയിൽ നല്ലൊരുപങ്ക് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടിയാണ്. മൂന്നാമത്തെകാര്യം, ഇത്തരം വന്യജീവി അക്രമങ്ങളുണ്ടാകുന്നത് മുൻകൂട്ടി മനസ്സിലാക്കി മുന്നറിയിപ്പ് നൽകാനുള്ള ആധുനിക സംവിധാനങ്ങളൊരുക്കുക എന്നതാണ്. അതിനാവശ്യമായ കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവർക്കാവശ്യമായ വാഹനങ്ങൾ കൊടുക്കുകയും ചെയ്യേണ്ടതുണ്ട്. ബഹുമാനപ്പെട്ട ടി. സിദ്ദിഖ് അതൊക്കെയാണ് പറഞ്ഞത്. അത് നല്ല നിർദ്ദേശം തന്നെയാണ്. നിർദ്ദേശമൊന്നും പറഞ്ഞില്ലെന്ന് ഞാൻ പറഞ്ഞത് പിൻവലിക്കുകയാണ്. അദ്ദേഹം ആ നിർദ്ദേശം പറഞ്ഞിട്ടുണ്ട്. ഈ സഭ ബഡ്ജറ്റിൽ തുക അനുവദിക്കില്ലെങ്കിൽ എന്താണ് ചെയ്യേണ്ടത്. അങ്ങനെയൊരു നെഗറ്റീവ് നിലപാട് സ്വീകരിക്കുകയല്ല. നമ്മൾ ഇതെല്ലാം ചെയ്യാനുദ്ദേശിക്കുന്നുണ്ട്. ഈ വർഷത്തെ ബഡ്ജറ്റിലൂടെ സർക്കാർ വനമേഖലയുമായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പരിപാടികളുടെ ചുരുക്കമാണ് ഞാനിവിടെ ചൂണ്ടിക്കാണിച്ചത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സമീപ വർഷങ്ങളിലായി ഗൗരവകരമായ വിഷയം ഉയർന്നുവരികയാണ്. ഈ

പ്രദേശങ്ങളിലുള്ള എം.എൽ.എ.-മാർക്ക് വേറെയെന്ത് ഓപ്ഷനാണുള്ളത്; അവർ നിയമസഭയിൽവന്ന് വനം വകുപ്പുമന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തും. അത്രമാത്രം സമ്മർദ്ദമാണ് അവർക്കുണ്ടാകുന്നത്. കേരളത്തിലെ വനാതിർത്തികളിൽ എല്ലായിടത്തും ഒരു കാലത്തും ഉണ്ടാകാത്ത രീതിയിൽ കഴിഞ്ഞ കുറച്ച് വർഷങ്ങളായി വ്യാപകമായ വന്യജീവി ആക്രമണം വന്നുകൊണ്ടിരിക്കുകയാണ്. നിങ്ങൾ അധികാരത്തിൽ ഇരിക്കുന്നതുകൊണ്ടല്ല പറയുന്നത്. ശ്രീ. സണ്ണി ജോസഫ് ഒരു നിർദ്ദേശം പറഞ്ഞു. മുഖ്യമന്ത്രി മുൻകയ്യെടുത്ത് വനം വകുപ്പുമന്ത്രിമാരുടെയും ബന്ധപ്പെട്ട എം.എൽ.എ.-മാരുടെയും യോഗം വിളിച്ച് എന്തെല്ലാം പരിഹാര നടപടികൾ ചെയ്യാൻ കഴിയുമെന്ന് ആലോചിക്കാമല്ലോയെന്ന്. അതൊരു നിർദ്ദേശമാണ്. എനിക്ക് ചോദിക്കാനുള്ളത് ഇതെങ്ങനെ പരിഹരിക്കാൻ സാധിക്കുമെന്നതാണ്. ഒരുപാട് നിർദ്ദേശങ്ങൾ പല രീതിയിലും വരുന്നുണ്ട്. അങ്ങ് പറഞ്ഞതുപോലെ കിടങ്ങ്, ഫെൻസിംഗ്, ആനമതിൽ അല്ലെങ്കിൽ വനാതിർത്തിക്കകത്ത് ഫ്രൂട്ട്സ് പ്ലാന്റ്സ് എന്നിങ്ങനെ ഒരുപാടു നിർദ്ദേശങ്ങളുണ്ട്. എന്തുകൊണ്ടാണ് വന്യമൃഗ ആക്രമണം

കൂടുതലായുണ്ടാകുന്നത്; ഇതെങ്ങനെ തടയാൻ സാധിക്കും എന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ഗൗരവകരമായ പഠനം നടത്തിയിട്ടുണ്ടോ? അതിന്റെ അടിസ്ഥാനത്തിലാണോ ഈ പദ്ധതികൾ രൂപവൽക്കരിക്കുന്നതെന്ന് അറിയാൻ ആഗ്രഹമുണ്ട്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അങ്ങ് പറഞ്ഞതുപോലെ കേരളത്തിലെ വനംവകുപ്പുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളും റിസർച്ച് സെന്ററുകളുമുണ്ട്. പറമ്പിക്കുളത്തെ പരീക്ഷണ കേന്ദ്രം, ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന മറ്റൊരു കേന്ദ്രം, ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന മറ്റൊരു കേന്ദ്രം തുടങ്ങിയ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ടപ്പോൾ അവർക്ക് നിർദ്ദേശിക്കാനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ഇതുതന്നെയാണ്. അങ്ങിവിടെ പറഞ്ഞതുപോലെ, 620 കോടി രൂപ മുതൽമുടക്കിൽ അഞ്ചുവർഷത്തേയ്ക്കുള്ള പദ്ധതിയാണ് ഇതിനായി വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതിപ്രകാരം പന്ത്രണ്ട് കിലോമീറ്റർ ആനപ്രതിരോധ കിടങ്ങുകൾ, 21.50 കിലോമീറ്റർ ആനപ്രതിരോധ മതിലുകൾ, 607.09 കിലോമീറ്റർ സൗരോർജ്ജ വേലികൾ, 470.33 കിലോമീറ്റർ സൗരോർജ്ജ തൂക്കുവേലികൾ, 17.50 കിലോമീറ്റർ ജൈവ വേലികൾ, 15.40 കിലോമീറ്റർ

കയ്യാലകൾ എന്നീ ആനപ്രതിരോധ നിർമ്മിതികൾ ഇനിയും വനമേഖലയിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇത്രയും നടപടികളാണ് ഇപ്പോൾ സ്വീകരിച്ചു വന്നിട്ടുള്ളത്. നമുക്ക് ഫോറസ്റ്റ് സ്റ്റേഷനുകൾ വേണമെന്ന് ഞാൻ ഇവിടെ പറഞ്ഞു. 20 ഫോറസ്റ്റ് സ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. വാഹനങ്ങൾ വേണമെന്നു പറഞ്ഞു. മുപ്പത് വാഹനങ്ങൾ വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. അത് വാങ്ങുകയും വിതരണം ചെയ്യുകയും ചെയ്തു. അക്കാര്യത്തിൽ ധനകാര്യ വകുപ്പുമന്ത്രി വളരെ ഉദാരമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. 2019 വരെയുള്ള നഷ്ടപരിഹാര കുടിശ്ശികകൾ മുഴുവൻ കൊടുത്തുതീർത്തു. പ്രത്യേകമായ പരിഗണന നൽകിക്കൊണ്ട് ഏഴുകോടി രൂപയോളം വനംവകുപ്പിന് നൽകിയതുകൊണ്ടാണ് കുടിശ്ശിക കൊടുത്തു തീർക്കാൻ കഴിഞ്ഞത്. 2020-21, 2021-2022-ലെ കുടിശ്ശിക കൊടുത്തു തീർക്കാൻ ബാക്കിയുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ധനസ്ഥിതിയുടെ സാഹചര്യം പരിശോധിച്ച് അക്കാര്യത്തിൽ നല്ല സമീപനം സ്വീകരിക്കുമെന്നുതന്നെയാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

പ്രതിപക്ഷനേതാവ് ആവശ്യപ്പെട്ടതുപോലെ ഒരു യോഗം കൂടാൻ കഴിയുമോയെന്ന കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ചുമാത്രമേ പറയാൻ സാധിക്കുകയുള്ളൂ. അതുപോലെ കേരളത്തിന്റെ മാത്രമല്ല, ലോക ശ്രദ്ധ ആകർഷിക്കുന്ന ഒരു സുവോളജിക്കൽ പാർക്ക്, തൃശ്ശൂർ ജില്ലയിലെ പുത്തൂരിൽ  ഈ വർഷം പൂർണ്ണതോതിൽ തുറന്നുപ്രവർത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ശ്രീ. സി. കെ. ഹരീന്ദ്രൻ  ഇവിടെ സൂചിപ്പിച്ച തിരുവനന്തപുരം ജില്ലയിലെ കോട്ടൂരിൽ സ്ഥിതിചെയ്യുന്ന ആന സംരക്ഷണ കേന്ദ്രത്തെ അമ്പതിലധികം ആനകളെ സംരക്ഷിക്കാൻ കഴിയുന്ന ഒരു വലിയ പാർക്കാക്കി മാറ്റും. ഈ രണ്ട് വലിയ പ്രോജക്ടുകളും നടപ്പ് സാമ്പത്തികവർഷംതന്നെ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

ഇവിടെ ശ്രദ്ധയിൽപ്പെടുത്തിയ മറ്റൊരു വിഷയം കുങ്കിയാനകളെക്കുറിച്ചാണ്. അത് ശരിയാണ്. കുങ്കിയാനകളുടെ എണ്ണം കുറവായതിനാൽ..... മലമ്പുഴ എം.എൽ.എ. സൂചിപ്പിച്ചതുപോലെ, കുങ്കിയാനയും കാട്ടാനയും തമ്മിൽ അത്രസ്നേഹത്തിലാണോയെന്ന് എനിക്കറിയില്ല,  അവ ഇപ്പോൾ വളരെ സ്നേഹത്തിലാണെന്നാണ് അദ്ദേഹം

പറഞ്ഞത്. ആനകളെ ഉൾക്കാട്ടിലേയ്ക്ക് കയറ്റിവിടുന്നതിന് കുങ്കിയാനകളെ ഉപയോഗിക്കുന്നത് ഒരു മാർഗ്ഗമാണ്. അതിനായി കൂടുതൽ കുങ്കിയാനകൾക്ക് പരിശീലനം നൽകാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്. ഏതായാലും കണ്ണടച്ച് തുറക്കുന്നതിനുമുമ്പ് പരിഹാരം കാണാൻ കഴിയുന്ന ഒരു കാര്യമല്ലായിതെന്ന് നമുക്കേവർക്കുമറിയാമെന്നാണ് ഞാൻ കരുതുന്നത്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, മൂന്ന് വകുപ്പുമന്ത്രിമാരുടെ നേതൃത്വത്തിൽ ആറളത്ത് വിളിച്ചുചേർത്ത യോഗതീരുമാനം നടപ്പിലാക്കാനുള്ള നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, അതിനെപ്പറ്റി വിശദമാക്കാം. ആറളത്തെ പ്രശ്നം പ്രത്യേകമായി ചൂണ്ടിക്കാണിക്കുകയുണ്ടായി. ആറളത്ത് പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിന്റെ സാമ്പത്തിക സഹായത്തോടുകൂടി നേരത്തെ ഒരു ആന മതിൽ നിർമ്മിക്കുകയും അത് ഫലപ്രദമാണെന്ന് അവിടെയുള്ള ജനങ്ങൾ വിശ്വസിക്കുകയും ചെയ്യുന്നു. അത് ഫലപ്രദമാണെന്ന് കണ്ടതിന്റെയടിസ്ഥാനത്തിൽ ഒരു ആന മതിൽകൂടി അവിടെ സ്ഥാപിക്കണമെന്നാണ് ആറളത്ത് ചേർന്ന യോഗത്തിലുണ്ടായ ഒരു നിർദ്ദേശം. ആ യോഗത്തിൽ പങ്കെടുത്ത ബഹുമാനപ്പെട്ട മന്ത്രിമാർ

ഇവിടെയുണ്ട്. ആ നിർദ്ദേശം ഞങ്ങൾ തത്വത്തിൽ അംഗീകരിച്ചതാണ്. അതിനാവശ്യമായ തുക പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. താങ്കൾ സൂചിപ്പിച്ചതുപോലെ, അതിനിടയിൽ ആരാണ് അതിന് തടസ്സമായി നിൽക്കുന്നതെന്നകാര്യം പ്രത്യേകിച്ച് പരിശോധിക്കേണ്ടതാണ്. അത് പരിശോധിച്ച് ഗവൺമെന്റ് നൽകിയ വാഗ്ദാനം പാലിക്കുന്ന കാര്യത്തിൽ ഒരിഞ്ചുപോലും പിന്നോട്ടുപോകാൻ ഉദ്ദേശിക്കുന്നില്ലെന്നതാണ് വനം വകുപ്പിന്റെ നിലപാട്.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, വളരെക്കാലമായി ഫോറസ്റ്റിനുള്ളിൽ താമസിക്കുന്ന ആളുകളുണ്ട്. അതുപോലെ ഫോറസ്റ്റിനോടുചേർന്ന് കൃഷി ചെയ്യുന്ന സ്ഥലങ്ങളുമുണ്ട്. ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് അത്തരം സ്ഥലങ്ങളെ വിലകൊടുത്ത് ഏറ്റെടുക്കുന്ന പദ്ധതിയുണ്ടോ; 800 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അനുവാദമുണ്ടോ; ഈ വർഷം 100 കോടി രൂപ ലഭിച്ച പ്രസ്തുത പദ്ധതി എവിടെയെങ്കിലും നടപ്പിലാക്കുന്നുണ്ടോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ഇടയ്ക്ക് ചോദ്യം വന്നാൽ ഉത്തരം അതിലേയ്ക്കായി പോകും. അതൊരു ബുദ്ധിമുട്ടാണ്..... ഏതായാലും സംരക്ഷിത വനമേഖലയ്ക്കുള്ളിൽ അക്കേഷ്യ, മാഞ്ചിയം തുടങ്ങിയ വൃക്ഷങ്ങൾ വെട്ടിമാറ്റി

പകരം പ്രസ്തുത സ്ഥലങ്ങളിൽ സ്വാഭാവിക മരങ്ങൾ വച്ചുപിടിപ്പിക്കുന്ന ഒരു പദ്ധതിയാണ് ഒന്നാമത്തേത്. രണ്ട്, അവിടങ്ങളിൽ താമസിക്കുന്നവർ സ്വമേധയാ താൽപ്പര്യപ്പെടുകയാണെങ്കിൽ.... ആദിവാസികളുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റ് ഒരു സ്കീം വയനാട് ജില്ലയിൽ നടപ്പിലാക്കുന്നുണ്ട്. അതനുസരിച്ച് പത്തുലക്ഷം രൂപയാണ് അവർക്ക് നഷ്ടപരിഹാരമായി കൊടുക്കുന്നത്. പക്ഷെ ഈ പത്തുലക്ഷം രൂപ ആകർഷകമല്ലാത്തതുകൊണ്ടാണോയെന്ന് അറിയില്ല ഈ പദ്ധതിക്ക് വലിയ പ്രതികരണമല്ല ലഭിക്കുന്നത്. നിർബന്ധിച്ച് നടപ്പിലാക്കേണ്ട ഒരു സ്കീമായി അതിനെ കാണുന്നില്ല. അതുകൊണ്ട് വകുപ്പിന്റെ ഭാഗത്തുനിന്നും അതിനുവേണ്ടിയൊരു ശ്രമം നടത്തുന്നില്ല. എന്നാൽ അവർ സ്വമേധയാ തയ്യാറായി വന്നാൽ അക്കാര്യം പരിശോധിക്കും എന്നുമാത്രമാണ് പറയാനുള്ളത്. ഇത്തരത്തിലുള്ള പരിപാടികൾ നടപ്പിലാക്കാനാണ് തൽക്കാലം ആലോചിച്ചിട്ടുള്ളത്.

മറ്റൊന്ന് വയനാട്ടിലുണ്ടായ ചില പ്രശ്നങ്ങളാണ്. വയനാട്ടിലും ഇതുതന്നെയാണ് സംഭവിച്ചിട്ടുള്ളത്. ജനവാസ മേഖലകളിലേയ്ക്ക് വന്യജീവികൾ കടന്നുചെല്ലുന്ന പ്രശ്നം അവിടെയുമുണ്ട്. കഴിഞ്ഞ നിയമസഭാ

സമ്മേളനകാലത്ത് ഏറ്റവും കൂടുതൽ ഉന്നയിക്കപ്പെട്ട പ്രശ്നം പന്നികളുടെ ആക്രമണത്തെക്കുറിച്ചാണ്. ഇത്തവണ പന്നികളെ വെടിവയ്ക്കാൻ പഞ്ചായത്ത് പ്രസിഡന്റുമാർക്ക് അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ അവ ഇറങ്ങുന്നില്ലെന്നാണ് തോന്നുന്നത്. അതിന്റെ ശല്യം കുറഞ്ഞിട്ടുണ്ട്. ചില സീസണുകളിലാണ് ചില വന്യമൃഗങ്ങൾ നാട്ടിലേയ്ക്ക് ഇറങ്ങുന്ന പ്രവണതയുള്ളതെന്നും ആ പ്രവണതയുടെ ഭാഗമായിട്ടാണ് ഇതുണ്ടാകുന്നതെന്നുമാണ് വിദഗ്ദ്ധർ ഇതുസംബന്ധിച്ച് പറയുന്നത്. അത് നമ്മൾ പരിഗണിക്കേണ്ടതാണ്. കുറച്ചുനാൾ കഴിയുമ്പോൾ ചിലപ്പോൾ ഇവയുടെ ശല്യം കുറയുമായിരിക്കും. എന്നാൽ കുറയുമായിരിക്കുമെന്ന മുൻവിധിയോടുകൂടി ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാതിരിക്കാൻ ഉദ്ദേശിക്കുന്നില്ല. ചെയ്യേണ്ട കാര്യങ്ങളെല്ലാം ചെയ്യും.

മറ്റൊരു വിഷയം, ബഫർ സോണുമായി ബന്ധപ്പെട്ടുള്ളതാണ്. ബഫർ സോണുമായി ബന്ധപ്പെട്ട വിഷയം ഈ സഭാസമ്മേളനം തുടങ്ങിയ അന്നുമുതൽ തുടർച്ചയായി ഉന്നയിക്കുന്നതാണ്. ഇനി നാളേയും ഉന്നയിക്കുമെന്നാണ് തോന്നുന്നത്. ആ വിഷയം വീണ്ടും ഉന്നയിച്ചത് ഉൾകണ്ടുകൊണ്ടായിരിക്കാം. അതിൽ ചെറിയൊരു ദുരുദ്ദേശ്യമുണ്ടെന്ന്

തോന്നുന്നു. മലയോര മേഖലയിലെ ജനങ്ങളെ ഗവൺമെന്റിൽ വിശ്വാസമില്ലാത്തവരാക്കി മാറ്റി ഗവൺമെന്റിനെതിരെ തിരിച്ചുവിടാൻ കഴിയുമോയെന്ന് ചില പ്രസംഗത്തിലെ സൂചനകളിൽനിന്നും എനിക്ക് തോന്നി. അത് ദൗർഭാഗ്യകരമാണ്, കാരണം ബഫർ സോൺ സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധി പുറത്തുവന്ന അന്നുമുതൽ ഈ ദിവസംവരെ ഒരു ഉദാസീനതയും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. എന്തെല്ലാം കാര്യങ്ങളാണോ ചെയ്യേണ്ടത്, അത് പടിപടിയായി ചെയ്യുന്നുണ്ടെന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. ഏറ്റവുമൊടുവിലായി, കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട കേന്ദ്ര വനം- പരിസ്ഥിതി വകുപ്പുമന്ത്രിയെ കാണുകയും കേരളാ നിയമസഭ പാസ്സാക്കിയ പ്രമേയത്തിന്റെ കോപ്പിയും കേരളം മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശങ്ങളും അദ്ദേഹത്തിന് സമർപ്പിക്കുകയുമുണ്ടായി. അങ്ങനെ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഒന്നുകൂടി പരിശോധിക്കുന്നതിനായി അഡ്വക്കേറ്റ് ജനറൽ, കേരളത്തിലെ വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവരുമായി ചേർന്ന് ഡൽഹിയിൽ ഒരു കൂടിയാലോചന യോഗം നടത്തിയിരുന്നു. ആ കൂടിയാലോചനയിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ

സമീപിക്കുന്നതാണ് നല്ലതെന്ന് തീരുമാനിച്ചിട്ടുണ്ട്. അതിലൊരു പുനർവിചിന്തനം വേണോയെന്ന് തോന്നാൻ കാരണം വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ മുഴുവൻ ബഹുമാനപ്പെട്ട സുപ്രീംകോടതിവിധിയിൽ അസ്വസ്ഥരാണ്. നമ്മുടെ മലയോര മേഖലപോലെയാണ് അവിടേയും ജനവാസ കേന്ദ്രമല്ലാത്ത ഒരു വനപ്രദേശവുമില്ല. അങ്ങനെയുള്ള പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഉൽകണ്ഠയുണ്ടെന്നും ആ സംസ്ഥാനങ്ങളുടെ താൽപര്യംകൂടി പരിശോധിച്ച് തീരുമാനമെടുക്കാമെന്ന് ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രി പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് ഒരു പുനരാലോചന വേണ്ടതുണ്ടോയെന്ന് ആലോചിച്ചത്. സംസ്ഥാനങ്ങൾ ചെയ്യാൻ കാത്തുനിൽക്കേണ്ടതില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഒരു ഹർജി ഫയൽ ചെയ്യുകയെന്നതാണ്. ശ്രീ. ടി. സിദ്ദിഖ് സൂചിപ്പിച്ചതുപോലെ, അതുകൊണ്ടുമാത്രം നിർത്താൻ ഉദ്ദേശിക്കുന്നില്ല. ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശിച്ചതുപോലെ, കേന്ദ്ര എക്സ്പെർട്ട് കമ്മിറ്റിയുടെ മുമ്പാകെ കേരളത്തിന്റെ ആവശ്യങ്ങൾ പുതുക്കിയ രൂപത്തിൽ സമർപ്പിക്കാനും ആയതിന് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിക്കാനും കേന്ദ്ര ഗവൺമെന്റ് മുഖാന്തരം ബഹുമാനപ്പെട്ട സുപ്രീംകോടതിയെ

സമീപിക്കാനുമുള്ള നടപടികളും സമാന്തരമായി സ്വീകരിക്കുന്നുണ്ട്. മലയോര മേഖലയിലെ ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്ന കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും സർക്കാർ കാണിക്കുകയില്ല. ഇക്കാര്യത്തിൽ ജനങ്ങളോടൊപ്പമാണ്, നമുക്ക് ഒരുമിച്ചാണ് അതിൽ പോരാടേണ്ടത്. അതിന് ഗവൺമെന്റിന് ആത്മാർത്ഥത കുറവ് എന്നെല്ലാം പറഞ്ഞ് ജനങ്ങൾക്കിടയിൽ സംശയത്തിന്റെ വിത്തുകൾ പാകി അനാവശ്യമായി പ്രകോപനമുണ്ടാക്കുന്ന ഒരു രീതിയിലേയ്ക്ക് അബദ്ധത്തിൽപ്പോലും മാറിപ്പോകരുതെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ഞാൻ നേരത്തെ സംസാരിച്ചപ്പോൾ സൂചിപ്പിച്ചു, 09-06-2022-ലെ 3936-ാം നമ്പർ ഉത്തരവ്... 24 മണിക്കൂറിലധികം ജോലി ചെയ്ത് തളർന്നുകിടക്കുന്ന ഒരു ഫോറസ്റ്ററെ ഞാൻ കഴിഞ്ഞ ദിവസം കണ്ടിരുന്നു. നിലവിലുള്ള ജീവനക്കാർ രാവുംപകലും ജോലി ചെയ്യുകയാണെന്നതിൽ തർക്കമില്ല. ഇവിടെ രണ്ട് പ്രശ്നങ്ങളാണുള്ളത്. ഒന്ന്, വാഹനമോ സ്റ്റാഫുകളോയില്ല, താൽക്കാലിക ജീവനക്കാരെ മുഴുവൻ പിരിച്ചുവിടുകയുമാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അങ്ങ് ഇരിക്കു, ഞാൻ അതിനെപ്പറ്റി വ്യക്തമാക്കാം. ശ്രീ. ടി. സിദ്ദിഖ് പറഞ്ഞ രണ്ട് കാര്യങ്ങളുടെ മറുപടി പറയാനുണ്ട്. 2019-ലെ കാബിനറ്റ് തീരുമാനം നിലനിൽക്കുന്നിടത്തോളം കാലം നമ്മൾ രക്ഷപ്പെടാനേ പോകുന്നില്ലെന്ന് ശ്രീ. സജീവ് ജോസഫ് പറഞ്ഞു. അദ്ദേഹത്തിനുള്ള ആത്മാർത്ഥതക്കൂടുതൽ കൊണ്ടായിരിക്കാം അങ്ങനെ പറഞ്ഞത്. പക്ഷെ ഞാൻ അക്കാര്യത്തെപ്പറ്റി കഴിഞ്ഞ ദിവസംതന്നെ സഭയിൽ വ്യക്തമാക്കിയിട്ടുണ്ടായിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ആ വിഷയം ഉന്നയിച്ചിരുന്നു. അക്കാര്യം വളരെ ഗൗരവത്തോടുകൂടിതന്നെ പരിശോധിക്കുന്നതാണെന്ന ഉറപ്പും നൽകിയിട്ടുണ്ട്. ആ ഉറപ്പ് ഒരിക്കൽക്കൂടി ആവർത്തിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ഈ ആശയം പങ്കുവച്ചപ്പോൾ, അദ്ദേഹവും വളരെ അനുകൂല നിലപാടാണ് സ്വീകരിച്ചത്. അതിന് പരിഹാരം കാണാൻ നമുക്ക് കഴിയും. വാച്ചർമാരില്ലാത്തതുകൊണ്ട് അവിടെ പ്രതിരോധ പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്നില്ല. അതിന് കാരണമായി അദ്ദേഹം ഇവിടെ രണ്ട് ഉത്തരവുകൾ ചൂണ്ടിക്കാണിച്ചു. ഇപ്പോഴവിടെ ഒരു തൊഴിലാളിക്ക് 10 ദിവസമാണ് തൊഴിൽ നൽകുന്നത്. എന്തുകൊണ്ടാണ് അങ്ങനെ

കൊടുക്കുന്നത്? രണ്ടുപേരെ അക്കൊമഡേറ്റ് ചെയ്യാനാണ്. അതാണല്ലോ പതിനഞ്ചും പതിനഞ്ചുമായി വിഭജിക്കുന്നത്. അതൊരു ശരിയായ പ്രവണതയല്ലെന്നാണ് ഞാൻ ഇപ്പോഴും വിശ്വസിക്കുന്നത്. ആളുകളെ കുട്ടിച്ചേർക്കാൻവേണ്ടി, ഒരാൾ 30 ദിവസം ചെയ്യേണ്ട ജോലി പതിനഞ്ചും പതിനഞ്ചുമായി പങ്കുവച്ച് പതിനഞ്ച് ദിവസത്തെ ശമ്പളം ഒരാൾക്കും പതിനഞ്ച് ദിവസത്തെ ശമ്പളം മറ്റൊരാൾക്കും നൽകുന്നു. അതൊരു അഡ്ജസ്റ്റ്മെന്റാണ്. അത് പറ്റില്ല എന്നതാണ് തീരുമാനം. മറ്റൊന്ന്, 36 വയസ്സല്ല. അത് തെറ്റിപ്പോയതായിരിക്കും. 56 വയസ്സ് കഴിഞ്ഞവരെയാണ്, ആദിവാസി ഗോത്രവർഗ്ഗത്തിൽപ്പെട്ടവർ ഒഴികെയുള്ളവരെ പിരിച്ചുവിടണമെന്നത് വനം വകുപ്പിന്റെ മാത്രം തീരുമാനമല്ല. എല്ലാ വകുപ്പുകൾക്കുമുള്ള പൊതു തീരുമാനമാണ്. പ്രസ്തുത തീരുമാനം നിർദ്ദേശമായി കൊടുത്തിട്ടുണ്ട്. പക്ഷേ, ഇവിടെ അടിയന്തര സ്വഭാവം വന്നതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട അംഗത്തിനുതന്നെ അറിയാവുന്നതാണ്, എം.എൽ.എ.-മാരുടെ യോഗത്തിനുശേഷം മിനിഞ്ഞാന്ന് വയനാട് ജില്ലയിലെ ഫോറസ്റ്റ് ഉദ്യോഗസ്ഥരെ വിളിച്ചുകൂട്ടിയിരുന്നു. പ്രസ്തുത യോഗത്തിൽവച്ച് അവരുടെ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ പറഞ്ഞിട്ടുണ്ട്.

സർക്കാർ അറിയാതെ ചെയ്യാൻ പാടില്ലെന്ന് പറഞ്ഞിട്ടുണ്ട്. സ്വന്തം ഇഷ്ടപ്രകാരം ചെയ്യാൻ പറ്റില്ലല്ലോ. ഏത് നിയമനവും സർക്കാർ അറിയണം. എന്നാലേ അവർക്ക് ശമ്പളം നൽകാൻ സാധിക്കുകയുള്ളൂ. അതിലൊന്നും യാതൊരു മാറ്റവും വരുത്താൻ ഉദ്ദേശിക്കുന്നില്ല. സർക്കാർ അറിഞ്ഞുകൊണ്ട് ആവശ്യാനുസരണം നിയമിക്കാം. 10 ആളുകൾക്ക് കൊടുക്കാനുള്ള ശമ്പളം 20 ആളുകൾക്ക് കൊടുത്ത്, താങ്കൾ ഇവിടെ പറഞ്ഞതുപോലെ വിയർപ്പൊഴുക്കി അധ്വാനിച്ച് പണിയെടുക്കുന്നവനെ ബുദ്ധിമുട്ടിക്കാനും സർക്കാർ ഉദ്ദേശിക്കുന്നില്ല.

ഡോ. മാത്യു കുഴൽനാടൻ: സർ, ഒരു വശം വനവും മറുവശം സാധാരണക്കാരനും താമസിക്കുന്ന പി.ഡബ്ല്യു.ഡി. റോഡിന്റെ പണിക്കുവേണ്ടി മെറ്റൽ കൊണ്ടുവന്ന് പാർക്ക് ചെയ്തതിന്റെ പേരിൽ ഫോറസ്റ്റർ വന്ന് ജെ.സി.ബി. പിടിച്ചുകൊണ്ടുപോയി. ഇപ്പോൾ പി.ഡബ്ല്യു.ഡി. റോഡ് പണിയണമെങ്കിൽ അപേക്ഷ നൽകണമെന്ന് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് പറഞ്ഞിരിക്കുകയാണ്. ചില ഫോറസ്റ്റ് ഉദ്യോഗസ്ഥർ ഇങ്ങനെയുള്ള നിഷേധാത്മക സമീപനങ്ങൾ സ്വീകരിക്കുന്നുണ്ട്. ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അങ്ങ് നടപടി

സ്വീകരിച്ച എന്നത് ഞാൻ വിസ്മരിക്കുന്നില്ല. ഞാൻ അങ്ങയെ അക്കാര്യത്തിൽ അഭിനന്ദിക്കുകയാണ്. പക്ഷേ, ഇതുപോലെ വനയോര മേഖലയിൽ താമസിക്കുന്ന ആളുകളോട് നിഷേധാത്മക സമീപനം സ്വീകരിക്കുന്ന ഫോറസ്റ്റ് ഉദ്യോഗസ്ഥർ... പി.ഡബ്ല്യു.ഡി.-യോട് സ്വീകരിച്ച കാര്യമാണ് ഞാൻ പറഞ്ഞത്. അങ്ങനെയൊരു നിയമം നിലവിലുണ്ടോ ഇല്ലയോ എന്ന് പറയാമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, അങ്ങ് പറഞ്ഞത് മനസ്സിലായി. ഞാൻ അവസാനിപ്പിക്കുകയാണ്. വനം വകുപ്പ് നേരത്തെ മുതൽ പ്രവർത്തനം ആരംഭിച്ചതിന് ഒരു പശ്ചാത്തലമുണ്ട്. ആദ്യമുള്ള സങ്കൽപ്പം തടി ആവശ്യങ്ങൾക്കുവേണ്ടി വനം വച്ചുപിടിപ്പിക്കുക എന്നുള്ളതാണ്. ആ ധാരണയിൽനിന്നും 2002-ഓടുകൂടിയാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ മാറുന്നത്. 2002-ന്റെ കാര്യം ആരോ ഇവിടെ പറഞ്ഞു. 2002-നുശേഷം പ്രകൃതി സംരക്ഷണം, അന്തരീക്ഷ താപനിലയെ തണുപ്പിക്കുന്നതിനുള്ള പരിപാടികൾ, ഭൂമിയെ സംരക്ഷിക്കുന്നതിനുള്ള പരിപാടികൾ എന്നിവയുടെ ഭാഗമായി പ്രകൃതിസംരക്ഷണവുമായി ബന്ധപ്പെട്ട പ്രശ്നം ഒരു വലിയ ആഗോള പ്രശ്നമായിത്തന്നെ വളർന്നുവന്നൊരു പശ്ചാത്തലത്തിലാണ് വനം വകുപ്പിന്റെ

പ്രവർത്തനത്തിൽ സമ്പൂർണ്ണമായ മാറ്റം വരുന്നത്. അത് വന്യജീവികളെയും മരങ്ങളെയും സംരക്ഷിച്ചുകൊണ്ടുള്ളതാകണം എന്നുള്ളതാണ്. അങ്ങനെ വരുമ്പോൾ, ഒരു പ്രാവശ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണെന്ന് തോന്നുന്നു പറഞ്ഞത്, മൃഗങ്ങളോടും മരങ്ങളോടും മാത്രം മല്ലടിച്ച് ശീലിച്ചിട്ടുള്ള ചില ഉദ്യോഗസ്ഥർക്ക് ജനകീയ പ്രശ്നങ്ങളോട് ചേർന്നുനിന്ന് പ്രവർത്തിക്കാനുള്ള വൈമുഖ്യം ഉണ്ടാകാറുണ്ട്. പ്രസ്തുത ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി ജനാഭിമുഖ്യമുള്ള ഒരു സേനയായി ഫോറസ്റ്റ് സേനയെ മാറ്റിയെടുക്കുന്നതിന് വേണ്ടിയാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. മാറ്റം പടിപടിയായേ ഉണ്ടാകുകയുള്ളൂ. ജനസൗഹൃദമായ നിലപാട് വനം വകുപ്പിലെ ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ടതാണ്. അവർ പലയിടത്തും നിഷേധാത്മക നിലപാട് സ്വീകരിക്കുന്നുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിലൊക്കെ യഥാസമയം ഇടപെട്ട് പരിഹാരം കാണാനാണ് ശ്രമിക്കുക. വനം വകുപ്പിനെ കുറിച്ചുള്ള ഈ ആശങ്കയെ ഞാൻ മറ്റൊരർത്ഥത്തിൽ കാണുന്നില്ല. ജനങ്ങളുടെ ആശങ്കയാണ്. ജനങ്ങളുടെ ആശങ്ക അവതരിപ്പിക്കാനുള്ളൊരു വേദിയാണിത്. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXVII- സഹകരണം

മി. ഡെപ്യൂട്ടി സ്പീക്കർ: സർവ്വശ്രീ എൽദോസ് പി. കുന്നപ്പിള്ളിൽ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, സജീവ് ജോസഫ്, ടി. സിദ്ദിഖ്, ഐ. സി. ബാലകൃഷ്ണൻ, കെ. ബാബു (തൃപ്പൂണിത്തുറ), സനീഷ്കുമാർ ജോസഫ്, പി. ഉബൈദുള്ള, പി. അബ്ദുൽ ഹമീദ്, യു. എ. ലത്തീഫ്, സണ്ണി ജോസഫ്, ടി. ജെ. വിനോദ്, നജീബ് കാന്തപുരം, കെ. പി. എ. മജീദ്, പി. കെ. ബഷീർ, എൻ. എ. നെല്ലിക്കുന്ന്, മഞ്ഞളാംകുഴി അലി, എൻ. ഷംസുദ്ദീൻ, ടി. വി. ഇബ്രാഹിം, എം. വിൻസെന്റ്, അനൂപ് ജേക്കബ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. എം. കെ. മുനീർ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ആരും പ്രസ്സ് ചെയ്തില്ല)

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXIV- വനം

മി. ഡെപ്യൂട്ടി സ്പീക്കർ: സർവ്വശ്രീ കെ. ബാബു (തൃപ്പൂണിത്തുറ), പി. അബ്ദുൽ ഹമീദ്, നജീബ് കാന്തപുരം, എ. കെ. എം. അഷ്റഫ്, കെ. പി. എ. മജീദ്, പി. കെ. ബഷീർ, എൻ. എ. നെല്ലിക്കുന്ന്, യു. എ. ലത്തീഫ്, അനൂപ് ജേക്കബ്, ടി. വി. ഇബ്രാഹിം, സനീഷ്കുമാർ ജോസഫ്, എൻ. ഷംസുദ്ദീൻ, സണ്ണി ജോസഫ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ,

സജീവ് ജോസഫ്, ടി. സിദ്ദിഖ്, മഞ്ഞളാംകുഴി അലി, പി. ഉബൈദുള്ള, ഐ. സി. ബാലകൃഷ്ണൻ, ടി. ജെ. വിനോദ്, എം. വിൻസെന്റ്, ഷാഫി പറമ്പിൽ, എൽദോസ് പി. കുന്നപ്പിള്ളിൽ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. എം. കെ. മുനീർ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ആരും പ്രസ്സ് ചെയ്തില്ല)

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ.... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2022 ജൂലൈ 19-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാത്രി 07.35-ന് പിരിഞ്ഞു)